# മലങ്കരസഭയുടെ മിഷൻരംഗം

# ദൈവികദയ ഒഴുകിയ ശ്രേഷ്ഠ വഴികൾ

## മാവേലിക്കര മുതൽ നേപ്പാൾ വരെ

(Malayalam)

**Malankara Sabhayude Mission Rangam**
Daivika Daya Ozhukiya Sreshta Vazhikal
Mavelikara to Neppal

**by K. V. Mammen**
Kottackal, Manganam, Kottayam - 18
Ph: 0481 2578936

| | | |
|---|---|---|
| First Published | : | 2016 February 16 |
| Publisher | : | Raju Markose, Detroit |
| Cover Design<br>Typesetting & Printing | : | Sophia Print House, Kottayam<br>Ph: 99471 20697 |

**Rs. 200/-**

# മലങ്കരസഭയുടെ മിഷൻരംഗം
# ദൈവികദയ ഒഴുകിയ ശ്രേഷ്ഠ വഴികൾ
## മാവേലിക്കര മുതൽ നേപ്പാൾ വരെ


എഡിറ്റർ

**കെ. വി. മാമ്മൻ കോട്ടയ്ക്കൽ**



പ്രസാധകൻ

**രാജു മർക്കോസ് ഡിട്രോയിറ്റ്**

വിതരണം

**കോട്ടയ്ക്കൽ പബ്ലിഷേഴ്സ്**

**പി. ബി. 10, മാങ്ങാനം, കോട്ടയം-18**

**ഫോൺ: 0481 - 2578936**



## കെ. വി. മാമ്മൻ

ജനനം 1929-ൽ പത്തനംതിട്ടയിൽ. പിതാവ് എം. വർഗീസ് കോട്ടയ്ക്കൽ, തുമ്പമൺ. മാതാവ് മറിയാമ്മ. ബിരുദ ബിരുദാനന്തര പഠനത്തിനു പുറമേ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് 1960-ൽ ജേർണലിസം ഡിപ്ലോമാ കരസ്ഥമാക്കി. മലയാള മനോരമയിൽ 40-ഉം ചർച്ച് വീക്കിലിയിൽ 50-ഉം വർഷം പത്രാധിപ സമിതി അംഗമായിരുന്നു. 'മലങ്കര സഭ' മാസികയുടെ മുൻ പത്രാധിപ സമിതി അംഗം. 45 വർഷം പുതുപ്പള്ളി നിലയ്ക്കൽ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു. മലങ്കരസഭയിലെ കാതോലിക്കാമാർ, ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ, റീത്തുപ്രസ്ഥാനം, സഭാകവി സി. പി. ചാണ്ടി, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പരിശുദ്ധ ഔഗേൻ ബാവാ, പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, ബിഷപ്പ് വാൽഷ്, 2000 വർഷം പിന്നിട്ട മലങ്കരസഭ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, പുത്തൻകാവ് കൊച്ചുതിരുമേനി, യാച്ചാരം, ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും, മലങ്കര വർഗീസും ആനപ്പാപ്പിയും മുതലായി സഭാ ചരിത്ര-ജീവചരിത്രപ്രധാനങ്ങളായ അമ്പതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവ്.

ഭാര്യ ലീലാമ്മ മാമ്മൻ മാങ്ങാനം മന്ദിരം ആശുപത്രിയിലെ ലേയാമ്മ മെമ്മോറിയൽ നഴ്സിംഗ് സ്കൂൾ മുൻ പ്രിൻസിപ്പൽ. മക്കൾ വറുഗീസ് മാമ്മൻ (ആനന്ദ് ട്രാൻസ്പോർട്ട്), അഡ്വ. നോട്ടറി മോഹൻ മാമ്മൻ, ഡോ. അനിത മേരി തോമസ് (അണുശക്തി വകുപ്പ്)

വിലാസം: കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം - 18 ഫോൺ: (0481) 2578936



പുസ്തകത്തിന്റെ രൂപകല്പനയും
അച്ചടിയും ഭംഗിയായി നിർവ്വഹിച്ച
സഭാചരിത്ര ഗവേഷകനും
മലങ്കര ഓർത്തഡോക്സ് ടി.വി. യുടെ
മാനേജിംഗ് എഡിറ്ററുമായ
ജോയ്സ് തോട്ടയ്ക്കാട്

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**Baselios Marthoma Paulose II**
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India


# അനുഗ്രഹസന്ദേശം

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്ന വലിയ മിഷൻ ദൗത്യം നൽകിയാണ് യേശുതമ്പുരാൻ തന്റെ ശിഷ്യ സമൂഹത്തെ ലോകത്തിലേക്ക് അയച്ചിരിക്കുന്നത്.

ദൈവരാജ്യത്തിന്റെ കെട്ടുപണി ലക്ഷ്യമാക്കി പരിശുദ്ധ സഭ ക്രിസ്തു സ്നേഹത്തിന്റെ ചാലകശക്തിയായി ചെയ്തുകൊണ്ടിരിക്കുന്ന മിഷൻ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു. മലങ്കര സഭയുടെ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ പ്രേഷിത പ്രവർത്തനത്തിന്റെ സമഗ്രചരിത്രം അനാവരണം ചെയ്യുന്ന ഗ്രന്ഥമാണ് **ദൈവികദയ ഒഴുകിയ ശ്രേഷ്ഠ വഴികൾ**. സഭയുടെ മിഷനറിമാരിൽ അഗ്രഗണ്യനായിരുന്ന സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ മലങ്കരസഭയുടെ മിഷൻ പ്രവർത്തനങ്ങളുടെയും ആതുരാലയങ്ങളുടെയും വിദ്യാഭ്യാസ - ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും സചിത്ര ചരിത്ര വിവരണവും ഉൾക്കൊള്ളിച്ചിരിക്കുന്നത് ഏറെ അനുഗ്രഹപ്രദമാണ്. മലങ്കരസഭയുടെ മിഷനറി പ്രവർത്തനത്തെ ഹൃദയത്തോടു ചേർത്ത് മനസ്സിലാക്കുവാൻ നമ്മുടെ വാത്സല്യവാൻ കെ. വി. മാമ്മൻ കോട്ടയ്ക്കലിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിന് സാധിക്കും എന്ന് നാം പ്രത്യാശിക്കുന്നു. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും എല്ലാ ആശംസകളും നേരുന്നു.



ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ**
**പൗലോസ് ദ്വിതീയൻ**

കാതോലിക്കേറ്റ് അരമന
ജനുവരി 27, 2016

## അവതാരിക

# മലങ്കരയുടെ വയൽകനികളും കിനാവുകളും

### ഫാ. ഡോ. ജേക്കബ് കുര്യൻ

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). "ഞാൻ അയയ്ക്കുന്നു" എന്നർത്ഥമുള്ള "മിസ്സിയോ" എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായതാണ് "മിഷൻ" എന്ന ഇംഗ്ലീഷ് പദം. ഒരു ദൗത്യത്തിനായി അയയ്ക്കുന്നു എന്ന സൂചനയാണ് ഈ പദങ്ങൾക്കുള്ളത്. സ്വർഗ്ഗീയ പിതാവ് ലോകരക്ഷക്കായി പുത്രനെ അയച്ചതാണ് ദൈവത്തിന്റെ 'മിഷൻ.' ദൈവിക രക്ഷയുടെ സന്ദേശം അറിയിപ്പാൻ ശിഷ്യരെ, പുത്രൻതമ്പുരാൻ അയച്ചതാണ് സഭയുടെ മിഷൻ. ഈ 'മിഷൻ' നിർവ്വഹിക്കുവാൻ അയയ്ക്കപ്പെട്ടവരെ വി. വേദപുസ്തകം "സാക്ഷികൾ" എന്നു വിശേഷിപ്പിക്കുന്നു (അപ്പോ. പ്ര. 1:8; 1:22).

സുവിശേഷദൗത്യത്തിന് പുതിയനിയമം ഉപയോഗിക്കുന്ന മനോഹര പദപ്രയോഗങ്ങളാണ്, 'സാക്ഷ്യം നൽകുക', 'സാക്ഷികൾ ആകുക' മുതലായവ (മത്താ. 24:14, യോഹ. 1:7, 3:11, അപ്പോ. പ്ര. 1:8, 2:32, 3:15, 4:33, 22:15). അതുകൊണ്ട്, ആദിമ സഭാപാരമ്പര്യത്തിലും, പൗരസ്ത്യ സഭകളിലെക്കാലവും, "സാക്ഷീകരണം" എന്ന ആശയമാണ് "സുവിശേഷീകരണ"ത്തിൽ ഉദ്ദേശിക്കുന്നത്.

മത്തായി 10:5-6, 15:24-26, അപ്പോ. പ്ര. 1:8 എന്നിവിടങ്ങളിൽ സാക്ഷീകരണത്തിന്റെ ഒരു പ്രധാന പ്രസരണക്രമം വ്യക്തമാക്കുന്നു. സ്വന്തം ജനങ്ങളുടെ ഇടയിലെ പ്രവർത്തനത്തിൽ കൂടി, കൂടുതൽ വിശാല മേഖലയിലേക്ക് പ്രവേശിക്കണം, എന്നതാണ് ഈ പ്രസരണക്രമം. യെരുശലേമും, യഹൂദ്യയും, ഇസ്രായേൽ കുലത്തിലെ കാണാതെപോയ ആടുകളും, ശമര്യക്കാരും, ലോകത്തിലെ സകല ജാതികളും, ഭൂമിയുടെ അറ്റത്തോളം ഈ സാക്ഷീകരണ ചക്രവാളമാണ് എന്നു പറയുമ്പോൾ, സ്വജാതികളിൽ തുടങ്ങി ലോകത്തിന്റെ അറ്റത്തോളം എത്തുന്ന ഒരു നിയോഗമായിട്ടെടുക്കണം.

ആദിമസഭയുടെ സാക്ഷീകരണത്തിന്റെ ഉള്ളടക്കം നാലു സംഗതികളായിരുന്നുവെന്ന് അപ്പോ. പ്ര. 2:42-46 വ്യക്തമാക്കുന്നു. 1. അപ്പോസ്തോലന്മാരുടെ ഉപദേശം (കെറുഗ്മ) കേട്ടു. 2. കൂട്ടായ്മ ആചരിച്ചു (കൊയ്നോണിയ). 3. അപ്പം നുറുക്കി, പ്രാർത്ഥന കഴിച്ചു (യഫ്ക്കാറസ്തിയ). 4. പരസ്പരം കരുതി (ഡയക്കോണിയ).

സാക്ഷീകരണത്തിന് നാല് സുഗന്ധങ്ങൾ ഉണ്ടെന്ന് പ. പൗലൂസ് ശ്ലീഹായുടെ വാക്കുകളിൽ നിന്നു മനസ്സിലാക്കാം. 1. ധൈര്യം (Courage), 2. നിർബ്ബന്ധം (Compulsion), 3. ഭാരപ്പെടൽ (Concern), 4. ആത്മ വിശ്വാസം (Confidence). നാലു കാര്യങ്ങളെയും വ്യക്തമാക്കുന്ന നാലു വാക്യങ്ങൾ ശ്രദ്ധിക്കാം.

1. റോമർ 1:16: "സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വ സിക്കുന്ന ഏവനും, ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷ യ്ക്കായി ദൈവശക്തിയാകുന്നുവല്ലോ."

ലജ്ജ തോന്നാത്ത ധൈര്യമാണിത്.

2. 1 കൊരി. 9:16: "നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു; ഞാൻ സുവി ശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം."

ഒരു ആന്തരിക നിർബ്ബന്ധം സുവിശേഷകനെ കർമ്മോൽസുകനാ ക്കുന്നു.

3. 2 കൊരി. 11:28: "എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്."

തന്റെ ഉത്തരവാദിത്വ പൂർത്തീകരണത്തിനായി ഒരു ഭാരപ്പെടൽ ആണ് ഈ വാക്കുകൾ.

4. ഫിലിപ്പിയർ 4:13: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു."

സാക്ഷീകരണത്തിന്, ഒരു ശുഭചിന്തയും ആത്മവിശ്വാസവും അനു പേക്ഷണീയമാണ്. അതുണ്ടാകുന്നത് ദൈവം സകലത്തിനും പ്രാപ്ത മാക്കുന്നു എന്ന വിശ്വാസം നിറയുമ്പോഴാണ്.

ഇനി "സാക്ഷീകരണ"ത്തിന്റെ അല്പം ചരിത്രത്തിലേക്ക് കടക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിപ്പോയിരുന്ന യഹൂദന്മാർ, ക്രിസ്തുസുവിശേഷത്തിന്റെ വാഹകരായി മാറുവാൻ പലയിടങ്ങളിലും ഇടയായി. അതിനായി ദൈവം അവരെ വിവിധ സ്ഥലങ്ങളിലേക്ക് അയച്ച വഴിയാണ്, യഹൂദന്മാരുടെ ചിതറിപ്പോക്ക് എന്ന് വ്യാഖ്യാനിക്കുന്നവരു മുണ്ട്. ആദിമ ക്രിസ്തുശിഷ്യർ ഓരോ സ്ഥലത്തും എത്തിയപ്പോൾ, യഹൂ ദന്മാരെ കണ്ടെത്തുവാനും, അവരുടെയിടയിൽ പാർക്കുവാനും അവരി ലൂടെ ഓരോ നാട്ടിലുമുള്ളവരുമായി ബന്ധപ്പെടുവാനും സാധിച്ചു. അന്യ ഭാഷാവരം ലഭിച്ചവർക്ക്, ആ വരം ഉപയോഗിക്കേണ്ടിവന്ന അത്യാവശ്യ സന്ദർഭങ്ങളിൽ അതു പ്രയോജനപ്പെട്ടുവെങ്കിലും, സ്വാഭാവികമായ ആശ യവിനിമയത്തിന്റെ മാർഗ്ഗത്തിൽ അവർ സ്വന്തം ഭാഷക്കാരെ കണ്ടെത്തി യെന്നത് ഒരു വസ്തുതയാണ്.

മാർത്തോമ്മാശ്ലീഹായും സാക്ഷീകരണത്തിന്റെ സുഗന്ധങ്ങളുമായി ഇന്ത്യയിലെത്തിയപ്പോൾ സ്വാഭാവികമായും ഇന്ത്യയിൽ അധിവാസമുറപ്പിച്ച യഹൂദ താവളങ്ങളിലേക്കാണ് ആദ്യം ചെന്നത്. ഇന്ത്യയിൽ സുവിശേഷം ആദ്യം അറിയിച്ചത് ഇവിടെയുണ്ടായിരുന്ന യഹൂദന്മാരോടാണ്. ഭാഷയിലും, സാംസ്കാരിക ഘടകങ്ങളിലും, ഐക്യം കണ്ടെത്തുക മാത്രമല്ല, അവരുടെ ആന്തരികാന്വേഷണത്തിന് ഒരു പൊതുവേദിയുണ്ടാകയും ചെയ്തു. ചിതറിപ്പോയ യഹൂദർ, തങ്ങൾ കാത്തിരുന്ന "മിശിഹാ"യുടെ ആഗമനം ഒരു പവിത്രസ്വപ്നമായി കണ്ടിരുന്നു. ആ 'മിശിഹാ' വന്നുവെന്നും, അവനെ കണ്ടുവെന്നും, അവൻ തന്നെ അയച്ചുവെന്നും, അവനിൽ ഒരു ആന്തരികവിപ്ലവം ആരംഭിച്ചിരിക്കുന്നുവെന്നും, കേട്ടത് സ്വാഭാവികമായും പരദേശി യഹൂദന്മാരിൽ യേശുവിനെക്കുറിച്ച് താൽപര്യം വർദ്ധിപ്പിച്ചു.

ഇന്ത്യയിൽ സുവിശേഷം പ്രചരിച്ച രീതിയും, പാശ്ചാത്യദേശങ്ങളിൽ പ്രചരിച്ച രീതിയും തമ്മിൽ ഒരു പ്രധാന വ്യത്യാസം ഉണ്ടായിരുന്നു. പാശ്ചാത്യദേശങ്ങളിൽ യഹൂദർക്കും ക്രൈസ്തവർക്കും വളരെ പീഡനങ്ങൾ നേരിടേണ്ടിവന്നുവെങ്കിൽ, ഇന്ത്യയിൽ നൂറ്റാണ്ടുകളായി നിലനിന്ന സഹിഷ്ണുതാമനോഭാവം രണ്ടിനെയും, ആവശ്യക്കാർക്ക് പിൻപറ്റാവുന്ന "മാർഗ്ഗ"ങ്ങളായി അംഗീകരിച്ചു. മാത്രവുമല്ല, ഭരണാധികാരികൾ അവർക്ക് പദവികളും അവകാശങ്ങളും കൊടുത്താദരിച്ചു.

ഇക്കാര്യത്തോട്, ഒന്നു കൂട്ടിച്ചേർത്തു പറയുവാനുമുണ്ട്. ഇന്ത്യയിൽ യഹൂദ, ക്രൈസ്തവ ചരിത്രങ്ങളിൽ രൂപപ്പെട്ട ആഭ്യന്തര കലഹങ്ങൾക്ക്, ഇന്ത്യയിലെ തദ്ദേശീയ ജനവിഭാഗങ്ങൾ ഒട്ടും ഉത്തരവാദികളും അല്ല. യാഥാസ്ഥിതിക യഹൂദർ, യഹൂദക്രൈസ്തവർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ തമ്മിൽ വൈരം വർദ്ധിച്ചതിന്റെ രക്തസാക്ഷിയായിട്ടായിരിക്കാം മാർത്തോമ്മാശ്ലീഹാ മരണപ്പെട്ടത്. ഭാരതക്രൈസ്തവരുടെ ഇടയിൽ ഉണ്ടായ പിൽക്കാല വിഭജനങ്ങളുടെയും മുഖ്യകാരണം, ഇവിടേയ്ക്കു വന്ന പാശ്ചാത്യ അധിനിവേശശക്തികളുടെ മതമാത്സര്യം ആയിരുന്നു.

ഇന്ത്യയിലെ മതസഹിഷ്ണുതാമനോഭാവം പശ്ചാത്തലമാക്കി വളർന്നു വന്ന ക്രൈസ്തവസമൂഹത്തിന് ഇവിടത്തെ സാംസ്കാരിക അടിസ്ഥാനങ്ങളെ ഉൾക്കൊള്ളുവാൻ കഴിഞ്ഞു. തികച്ചും തദ്ദേശീകൃതമായ ഒരു ക്രിസ്തീയത അങ്ങനെ രൂപപ്പെട്ടു. ഇതരസമൂഹങ്ങളുടെയിടയിൽ ക്രിസ്ത്യാനികൾക്ക് മതിപ്പും അംഗീകാരവും ഉണ്ടായി. വല്ലപ്പോഴും പേർഷ്യയിൽ നിന്നും മറ്റും വന്നുകൊണ്ടിരുന്ന ക്രിസ്ത്യാനികളും, ക്രിസ്തീയ മേലദ്ധ്യക്ഷന്മാരും ഇവിടത്തെ പ്രബലമായ ക്രൈസ്തവസമൂഹത്തിൽ സഹർഷം സ്വീകരിക്കപ്പെട്ടു.

"നസ്രാണികൾ" എന്ന പദം ദക്ഷിണേന്ത്യയിലെ പുരാതന ക്രിസ്ത്യാനികൾക്കു വന്നുചേർന്നതാണ്. "സുറാനി" എന്ന പദം സുറിയാനി (അരാമായ) സംസാരിച്ചിരുന്ന യഹൂദർക്ക് ഉപയോഗിച്ചിരുന്നതാണ്. അവരിൽ ക്രിസ്ത്യാനികളായവരെ "നാസ്" (നസ്രായന്റെ അനുഗാമി) എന്ന വിശേഷണവും ചേർത്ത് വിളിച്ചപ്പോൾ "നസുറാണി" അഥവാ "നസ്രാണി" ഉണ്ടായതാവാം. പുരാതന കച്ചവടപ്രമാണികളെ "മാപ്പിള"യെന്ന് വിളിച്ചിരുന്നു. മൂന്നുതരം മാപ്പിളമാർ മലങ്കരയിൽ ഉണ്ടായി. 1. സുറാണി മാപ്പിള 2. നസ്രാണി മാപ്പിള 3. ജോനക മാപ്പിള. സുറാണി മാപ്പിളമാർ യഹൂദരും, നസ്രാണി മാപ്പിളമാർ ക്രിസ്ത്യാനികളും, ജോനക മാപ്പിളമാർ അറബി പശ്ചാത്തലത്തിൽ നിന്നു വന്ന മുസ്ലീമുകളും ആയിരുന്നു. ഇതിൽ നസ്രാണി മാപ്പിളമാരിൽ തന്നെ "തെക്കുംഭാഗരും", "വടക്കും ഭാഗരും" ഉണ്ടായി. 'തെക്കുംഭാഗർ' പല കാലങ്ങളിലായി മലങ്കരയിൽ കുടിയേറിയ പേർഷ്യൻ യഹൂദ ക്രിസ്ത്യാനികളായിരുന്നു. അവർ പിന്നീട് "ക്നാനായക്കാർ" എന്ന് അറിയപ്പെട്ടു. "വടക്കുംഭാഗർ" തദ്ദേശീയരായിത്തീർന്ന യഹൂദരും, യഹൂദ സങ്കരവർഗ്ഗക്കാരും, തദ്ദേശീയ ആര്യ-ദ്രാവിഡ വർഗ്ഗക്കാരും, മറ്റ് തദ്ദേശീയ ജനവിഭാഗങ്ങളും ഒക്കെ ക്രിസ്തീയ മാർഗ്ഗം സ്വീകരിച്ചവരിലുണ്ടായിരുന്നു. തെക്കുംഭാഗരും, വടക്കുംഭാഗരും തമ്മിൽ വൈരമോ, മതപരമായ അന്തരമോ ഇല്ലാതിരുന്ന ഒരു പൂർവ്വ കാലം ഉണ്ടായിരുന്നു. എങ്കിലും പിൽക്കാലത്ത് തെക്കുംഭാഗർ സുറിയാനിക്കാരായി അറിയപ്പെടുവാനും, തങ്ങളുടെ വംശീയ സ്വത്വം പരിപാലിക്കാനും ശ്രദ്ധിച്ചു. അതുകൊണ്ട്, "നസ്രാണികൾ" എന്ന പദവും, "സുറിയാനിക്കാർ" എന്ന പദവും യഥാക്രമം വടക്കുംഭാഗർക്കും, തെക്കുംഭാഗർക്കുമായി സാങ്കേതികമായി പരിമിതപ്പെടുത്തണം എന്ന് താൽപര്യപ്പെടുന്ന ചരിത്രപഠിതാക്കൾ ഉണ്ട്. എന്തായാലും "നസ്രാണി"കളും "സുറിയാനി" ക്രിസ്ത്യാനികളും ഒരു സുവിശേഷദൗത്യം വഹിക്കുന്നവരായിരുന്നോ എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്.

മതംമാറ്റം ലക്ഷ്യമാക്കി, സഭയിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന ഒരു കർമ്മപരിപാടി അവർക്കില്ലായിരുന്നു എന്നു വ്യക്തം. എന്നാൽ, പല വിധത്തിലും പ്രകാശം ചൊരിയുന്ന ഒരു സമൂഹമായി, ഇതരസമൂഹങ്ങളോട് ചേർന്നു കഴിയുവാൻ അവർ ശ്രദ്ധിക്കയും ചെയ്തു. ഇത് ഒരു സാക്ഷീകരണശൈലി ആയിട്ടെടുക്കുകയെന്നതാണ്, മലങ്കരസഭയുടെ സാക്ഷീകരണ ചരിത്രത്തിന് അനുപേക്ഷണീയമായിരിക്കുന്നത്.

ഈ സാക്ഷീകരണശൈലിയുടെ രണ്ടു കാലഘട്ടത്തിലെ ചിത്രങ്ങളിലേക്ക് വളരെ വേഗത്തിൽ ഒന്ന് എത്തിനോക്കാം: ഒന്നാമത്തെ കാലഘട്ടം ഒന്നു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ; രണ്ടാമത്തെ കാലഘട്ടം, പത്തൊമ്പതാം നൂറ്റാണ്ടു മുതൽ.

ഒന്നാമത്തെ കാലഘട്ടത്തെത്തന്നെ, പതിനാറാം നൂറ്റാണ്ടുവരെയും അതിനുശേഷവുമായി കാണേണ്ടിയിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ പോർത്തുഗീസുകാർ ഉദയംപേരൂർ സുന്നഹദോസിലൂടെ മലങ്കരസഭയുടെ തദ്ദേശീയികൃതരൂപം തകർത്തു. അതുവരെ ഇവിടുത്തെ സാമൂഹ്യവ്യവസ്ഥിതിയോട് ഇഴുകിച്ചേർന്ന് കഴിഞ്ഞവരായിരുന്നു മലങ്കര ക്രിസ്ത്യാനികൾ. അവർക്ക്, അങ്ങാടിയിലും കോട്ടയ്ക്കകത്തും പ്രവേശിച്ച് ജോലി ചെയ്‌വാൻ അനുമതി ലഭിച്ചിരുന്നു. അവർ വിശ്വസ്തരും പൊതുവെ ശാന്തസ്വഭാവക്കാരും ആയിരുന്നു. അതുകൊണ്ട് അളവിന്റെയും തൂക്കത്തിന്റെയും ചുമതല അവർക്കായിരുന്നു. അവർ ധൈര്യശാലികളും രാജ്യസ്നേഹികളുമായ യോദ്ധാക്കളും ആയിരുന്നതിനാൽ, നാട്ടുരാജാക്കന്മാർ അവരെ തങ്ങളുടെ പടയിൽ ചേർത്തു. ഉത്സവങ്ങളും പെരുന്നാളുകളും, നടത്തപ്പെടുമ്പോൾ സമൂഹമൈത്രിയുടെ സൂചനകളായി പല പ്രാദേശികാചരണങ്ങളും നടപ്പിലിരുന്നു.

പള്ളികളുടെ ശില്പമാതൃക മൗലികമായും തദ്ദേശീയമായിരുന്നുവെങ്കിലും ക്രിസ്തീയമായ പ്രതീകങ്ങളെയും ആശയങ്ങളെയും അതിലുൾപ്പെടുത്തുവാൻ ശ്രദ്ധിച്ചിരുന്നു. പള്ളിയോട് ചേർന്ന് പള്ളിയോഗങ്ങളും, നാട്ടുകൂട്ടങ്ങളും, തറക്കൂട്ടങ്ങളും ഉണ്ടായിരുന്നു. നസ്രാണികളുടെ പ്രധാന സ്വയംഭരണ സംവിധാനമാണ് ഈ കൂട്ടങ്ങളിലൂടെ പ്രയോഗക്ഷമമായത്. പ്രാദേശിക സമൂഹത്തിന്റെ ആത്മീയ നേതാവ് 'ചാത്ത'നാളോ, 'കത്തനാരോ', 'കശ്ശീശ'യോ ആയി അറിയപ്പെട്ടു. അവർക്ക് പൊതുവിലുള്ള ഒരു നേതാവ് "ജാതിക്കുകർത്തവ്യൻ" ആയിരുന്നു.

മതപരമായ കർമ്മങ്ങളിൽ പ്രധാനം വി. കുർബാനയായിരുന്നു. കുർബാനയ്ക്ക് വളരെ പുരാതനകാലം തൊട്ടേ പൗരസ്ത്യ സുറിയാനിയിലുള്ള ഒരു ക്രമം ഉപയോഗത്തിലിരുന്നു. കുമ്പസാരത്തെ അനുസ്മരിപ്പിക്കുന്ന ഒരു കർമ്മവും, രോഗികളെ തൈലാഭിഷേകം നടത്തുന്ന ഒരു രീതിയും ഉണ്ടായിരുന്നു. പെസഹായുടെ അത്താഴത്തെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങും വീടുകളിൽ ഗൃഹനാഥന്റെ നേതൃത്വത്തിൽ നടക്കുമായിരുന്നു. വിവാഹത്തോട് ചേർന്ന് പല ചടങ്ങുകളും ഗൃഹാന്തരീക്ഷത്തിൽ നടന്നിരുന്നു.

വിശ്വാസപരമായി, ക്രിസ്തീയതയുടെ അടിസ്ഥാനസംഗതികൾ അവർക്കു പ്രധാനമായിരുന്നു. വിശുദ്ധ ത്രിത്വം, മനുഷ്യവതാര രഹസ്യം, വി. കുർബ്ബാന, കന്യകമറിയാമിന്റെ മദ്ധ്യസ്ഥത മുതലായ കാര്യങ്ങൾ ഗൗരവതരമായിട്ടെടുത്ത ഒരു സമൂഹമായിരുന്നു ഇതെന്ന് സാക്ഷ്യപ്പെടുത്തിയ അനേകം യാത്രാവിവരണങ്ങൾ ലഭ്യമായിട്ടുണ്ട്. കൂടാതെ, മയിലാഞ്ചിപ്പാട്ട്, വിളക്കുതൊടീൽപ്പാട്ട്, കന്നി ഉമ്മയുടെ പാട്ട്, മിശിഹായുടെ

പാട്ട് മുതലായ നസ്രാണി നാടൻപാട്ടുകൾ, നസ്രാണികളുടെ വിശ്വാസ സത്യങ്ങളെ സംഗ്രഹിച്ചിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള പാട്ടുകളും ആചാരങ്ങളും വിശ്വാസത്തിൽ ക്രൈസ്തവവും, സംസ്കാരത്തിൽ തദ്ദേശീയവുമായ ഒരു ജനവിഭാഗത്തെ വെളിപ്പെടുത്തി.

നസ്രാണികളുടെ പേരുകൾ വേദപുസ്തകനാമങ്ങൾ തന്നെ ആയിരുന്നുവെങ്കിലും ഈ പേരുകൾക്ക് തദ്ദേശീയമായ ദ്രാവിഡ രൂപങ്ങൾ നിലവിലിരുന്നു. ഉദാഹരണത്തിന് അബ്രഹാം, 'ഇട്ടി'യും, യൗസേഫ് 'ഔത'യും സാറ 'താണ്ട'യും ഒക്കെ ആയി രൂപപ്പെട്ടു.

16-ാം നൂറ്റാണ്ടിലെ ഉദയംപേരൂർ സുന്നഹദോസ്, നസ്രാണികളുടെ സാംസ്കാരികത്തനിമയെ നശിപ്പിച്ചുവെന്നു വേണം പറയുവാൻ. പിന്നീടു നടന്ന ലത്തിനീകരണത്തിലും, ആംഗ്ലിക്കൻ നവീകരണത്തിലും, പാശ്ചാത്യ സുറിയാനിവത്ക്കരണത്തിലും, മലങ്കര ക്രിസ്ത്യാനികളുടെ സ്വത്വബോധം തന്നെ നാശോന്മുഖമാക്കി. അല്പസ്വല്പം തദ്ദേശീയഭാവം നിലനിർത്തിക്കൊണ്ട്, പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്ന നസ്രാണികൾക്ക്, ഇംഗ്ലീഷുകാർ ഒരു "പ്യൂരിറ്റൻ" സഭാശൈലികൊണ്ടു വന്നപ്പോൾ തങ്ങളുടെ സാംസ്കാരികത്തനിമയെക്കുറിച്ച് ഒത്തിരി ചിന്താക്കുഴപ്പം വരുത്തിവച്ചു. അതുകൊണ്ട് "സാക്ഷീകരണ"ത്തെക്കാൾ, പിടിച്ചുനിൽക്കാനുള്ള തത്രപ്പാടിന് ബലമേറി.

19-ാം നൂറ്റാണ്ടായപ്പോൾ, മലങ്കരസഭയ്ക്ക് പ്രത്യേകമായും, സാക്ഷീകരണത്തിന്റെ ഒരു നവശൈലി രൂപപ്പെട്ടു. പഴയതും പുതിയതും സമന്വയിച്ച ഒരു ശൈലിയിലേക്കുള്ള മാറ്റം ഇവിടെ പ്രകടമാണ്. ഈ മാറ്റം, ഭാരതത്തിൽ മുഴുവനും ഉണ്ടായ ഒരു നവോത്ഥാന പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ, കൂടുതൽ ശ്രദ്ധേയമാകുന്നു. ഭാരതത്തിന്റെ നവോത്ഥാന നായകരായ രാജാറാം മോഹൻ റോയിയും, കെഷബ് ചന്ദ്ര സെന്നും, സ്വാമി ദയാനന്ദ സരസ്വതിയും, ശ്രീരാമകൃഷ്ണ പരമഹംസരും, സ്വാമി വിവേകാനന്ദനും ഒക്കെ ഹിന്ദുമതജീവിതത്തിൽ പഴയതും പുതിയതും സമന്വയിക്കാൻ സംഭാവനകൾ നൽകി. മലയാളക്കരയിൽ വാഗ്ഭടാനന്ദഗുരുവും, ചട്ടമ്പി സ്വാമികളും, ശ്രീനാരായണ ഗുരുവും, ശ്രീ അയ്യങ്കാളിയും ജനങ്ങളെ ചിന്തിപ്പിച്ചു. ക്രൈസ്തവസമൂഹത്തിൽനിന്ന് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമനും രണ്ടാമനും, ചാവറ കുറിയാക്കോസ് ഏലിയാസ് കത്തനാരും, പരുമല തിരുമേനിയും, ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗഭാഗിത്വം നിർവ്വഹിച്ചു. അധഃസ്ഥിതരുടെ ഉന്നമനവും വിദ്യാഭ്യാസ വിപ്ലവവും ആയിരുന്നു ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ മുഖമുദ്രകളായി തെളിഞ്ഞത്.

പരുമല തിരുമേനിയാണ് മലങ്കരസഭയുടെ നവോത്ഥാനശൈലിക്ക്,

പ്രത്യേക തിളക്കം വരുത്തിയത്. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമന്റെ വികസന സ്വപ്നങ്ങൾക്ക് വിശുദ്ധിയുടെ നറുമണമേകി പരുമല തിരുമേനി സഹകരിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. അധഃസ്ഥിതരുടെ ഉന്നമനത്തിനും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സഭ ശ്രദ്ധകൊടുക്കണം എന്ന് അദ്ദേഹം എഴുതുകയും, പറയുകയും, ചിലതൊക്കെ നടപ്പിലാക്കുകയും ചെയ്തു. അധഃസ്ഥിതരിൽനിന്ന് പൂർണ്ണമനസ്സോടെ സഭയിലേക്ക് കടന്നുവരുന്നവരെ സ്വീകരിക്കാനുള്ള ആഹ്വാനമായിരുന്നു അതിനോട് ചേർന്ന് നൽകിയത്. അതിന്റെ തുടർച്ചയായി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സാക്ഷീകരണത്തിന്റെ ഒരു കർമ്മപദ്ധതി ഏറ്റെടുത്തു. സ്ലീബാദാസ സമൂഹം സ്ഥാപിച്ച്, അധഃസ്ഥിതരുടെ കുടിലുകൾ സന്ദർശിച്ച് ദൈവസ്നേഹത്തെക്കുറിച്ചും, ശുചിത്വബോധത്തെക്കുറിച്ചും അവരെ പ്രബോധിപ്പിച്ചു. സ്വമേധയാ മലങ്കരസഭയിലേക്ക് ആയിരക്കണക്കിന് അധഃകൃതർ ചേർന്നു. അദ്ദേഹം തന്നെ സഭയിൽ ആഭ്യന്തര സുവിശേഷീകരണ യജ്ഞത്തിന്റെ ഒരു കാലഘട്ടവും ആരംഭിച്ചു. നാട്ടുഭാഷയിൽ ആരാധന നടന്നാലേ ആത്മീയമായി ഉണർവുണ്ടാകൂ എന്നദ്ദേഹം വിശ്വസിച്ചു. അങ്ങനെ, ആരാധനാക്രമങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ ഇടയായി.

ഇതേസമയത്ത്, മലങ്കരസഭാംഗങ്ങളായ വിദ്യാർത്ഥികളുടെയിടയിൽ ഒരു ആന്തരികചൈതന്യവിപ്ലവം ആരംഭിച്ചു. "മലങ്കര സുറിയാനി വിദ്യാർത്ഥി സംഘം" യുവജനങ്ങളിൽ പലരെയും, പ്രാർത്ഥന, വേദപഠനം, സാന്മാർഗ്ഗികത, സാക്ഷീകരണ പ്രവർത്തനങ്ങൾ, മുതലായവയിലേക്ക് ആകർഷിച്ചു. അതിന്റെ വാർഷികസമ്മേളനങ്ങൾ ഒരു പുത്തനുണർവ്വു നൽകുന്നവയായിരുന്നു.

ഇതിന്റെ തുടർച്ചയായി, ആത്മചൈതന്യമുള്ള പ്രബോധനങ്ങൾ കൺവൻഷൻ വേദികളിൽ നിന്നുമുയർന്നു. ഫാ. എം. വി. ജോർജ്, ഫാ. റ്റി. ജെ. ജോഷ്വ, വി. റ്റി. ചാക്കോ മാസ്റ്റർ മുതലായവരുടെ ഗാംഭീര്യമുള്ള വചനശുശ്രൂഷ സഭയിലുടനീളം നടന്നപ്പോൾ അവയിൽ നിന്ന് ഉത്തേജനം ഉൾക്കൊണ്ട ചിലരൊക്കെ സമർപ്പിത ജീവിതത്തിലേക്കും, വൈദികശുശ്രൂഷയിലേക്കും കടന്നുവന്നു. ഫാ. എം. വി. ജോർജിന്റെ ജീവിതം സുവിശേഷാഗ്നികൊണ്ട് ജ്വലിച്ചതായിരുന്നു. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്താ ആയിട്ടും ആ തീപിടിച്ച ജീവിതം ചൂടും വെളിച്ചവും അനേകർക്കു നൽകി. സുവിശേഷ പ്രസംഗകൻ, വൈദികരുടെ ഗുരു, വേദശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, സാമൂഹ്യസേവകൻ മുതലായ അനേകം നിയോഗങ്ങൾ അദ്ദേഹം ഭംഗിയായി നിറവേറ്റിക്കൊണ്ട് സാക്ഷീകരണത്തിന്റെ ഒരു പുതിയ അദ്ധ്യായം കുറിച്ചു. ഒരു വേദശാസ്ത്രചിന്തകൻ എന്ന നിലയിൽ പൗരസ്ത്യ

ക്രൈസ്തവ ആദ്ധ്യാത്മികതയും സാമൂഹ്യയാഥാർത്ഥ്യങ്ങളുമായുള്ള ബന്ധം അദ്ദേഹം ഗൗരവമായിട്ടെടുത്തു. ബഹുത്വാത്മകതയിലെ ക്രൈസ്തവരക്ഷാസന്ദേശം, ത്രിത്വവിശ്വാസത്തിന്റെ സാമൂഹ്യസന്ദേശം എന്നിവയ്ക്ക് അദ്ദേഹം പുതിയ അർത്ഥതലങ്ങൾ കണ്ടെത്തി. ഒരു കൂട്ടം സഹപ്രവർത്തകരെ തന്നോടൊപ്പം നിർത്തി, ആശ്രമം, കോൺവന്റ്, ബാലഭവനുകൾ, ബാലികാഭവനുകൾ, ബാലഗ്രാമം, വൃദ്ധഭവനങ്ങൾ മുതലായവ നട്ടുനനച്ചു വളർത്തി. മിഷൻ ട്രെയിനിംഗ് സെന്റർ, സുവിശേഷ പരിശീലന ക്ലാസ്സുകൾ, സുവിശേഷസംഘങ്ങൾ, മിഷൻ പഠനസംഘം, മുതലായവയിലൂടെ സുവിശേഷകേന്ദ്രിതമായ ഒരു തുടർപഠനപദ്ധതിയും ക്രമീകരിച്ചു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം എത്തിക്കുന്നതിന്, "മതംമാറ്റം" അജണ്ടയിലില്ലാത്ത, സാക്ഷീകരണ സംരംഭങ്ങൾ ആരംഭിച്ചു. ഒറീസയിലെ 'കലഹണ്ടി' മിഷൻ ഇതിനുദാഹരണമാണ്. ബാഹ്യകേരള ഭദ്രാസനങ്ങളുടെ പ്രവർത്തനവും മേൽപറഞ്ഞതരം മിഷൻ പ്രവർത്തനവും സമന്വയിപ്പിക്കുവാനുള്ള ഒരു ദർശനത്തോടെ, സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായും രംഗത്തുവന്നു. ഭിലായി സെന്റ് തോമസ് ആശ്രമത്തിന്റെയും മിഷൻകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ഉത്തരേന്ത്യയിൽ വ്യാപിച്ചു വളർന്ന ഒരു സേവനശൃംഖല രൂപപ്പെട്ടു. അങ്ങനെ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പ്രിയങ്കരനായ, തേവോദോസ്യോസ് മെത്രാപ്പോലീത്താ, ജനങ്ങൾക്ക് "ബഡാ ബാബാ" ആയിത്തീർന്നു. അദ്ദേഹത്തിന് ജനഹൃദയങ്ങളിൽ ലഭിച്ച സ്നേഹത്തിന്റെ നിസ്തുല സ്മാരകമാണ്, ഭിലായിൽ ഒരു റോഡിന് ദേശവാസികളും അധികാരികളും "സ്തേഫാനോസ് തേവോദോസ്യോസ് മാർഗ്" എന്ന് പേരിട്ടത്.

സാക്ഷീകരണത്തിന്റെ നവചൈതന്യം ഭാരതം മുഴുവൻ വ്യപിക്കുന്നതിന്റെ ഒരു ചിത്രമാണ് ഈ ഗ്രന്ഥം. കേരളത്തിനുള്ളിലും, ബാഹ്യകേരളത്തിലും വ്യാപിച്ചു വളരുന്ന മാർത്തോമ്മൻ ദീപശിഖയുടെ പ്രകാശവീചികൾ ഈ ഗ്രന്ഥത്തിന് തേജസ്സണിയിക്കുന്നു. എനിക്കു ഗുരുതുല്യനായ, സമാരാധ്യനായ, കെ. വി. മാമ്മൻ സഭയ്ക്കു നൽകുന്ന മറ്റൊരു സംഭാവനയാണീ ഗ്രന്ഥം. ഒരു ശതാഭിഷിക്തന്റെ അഭിഷേകാഗ്നിയെന്ന് ഈ ഗ്രന്ഥത്തെ വിശേഷിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കണ്ണുനീരോടെ വിതച്ചവർ ആർപ്പോടെ കൊയ്യുന്ന ചിത്രമാണിതിൽ ഉടനീളം. വിത്തു ചുമന്നും കാരുണ്യം വിതച്ചുംകൊണ്ടു നടന്നവർക്ക് പിന്നാലെ കറ്റ ചുമന്നും ആർത്തും കൊണ്ടുവരുന്ന ഒരു പുതുതലമുറയിലെ ചിലരെയും ഇവിടെ പരിചയപ്പെടാം.

ഭാരതത്തിൽ മാർത്തോമ്മാശ്ലീഹാ തെളിയിച്ച സുവിശേഷ ദീപത്തെ "മതപരിവർത്തന"ത്തിന്റെ കണ്ണാടിക്കൂടിൽ കെടാതെ സൂക്ഷിക്കുന്നവരു

ണ്ടാകാം. എന്നാൽ യാതൊരു കണ്ണാടിക്കൂടുമില്ലാതെ, ഭാരതത്തിന്റെ സംസ്കാരത്തിനിണങ്ങി, വൈവിധ്യങ്ങളുടെയിടയിലെ ഐക്യഭാവത്തിന്റെ എണ്ണ ഒഴിച്ചും, കാറ്റുകൾക്കെതിരെ സഹനത്തിന്റെയും സേവനത്തിന്റെയും സംരക്ഷണ കരങ്ങൾ ചേർത്തുവച്ചും, ശാന്തമായ കുളിർക്കാറ്റുകൾ ആസ്വദിച്ചും ആ ദീപത്തെ തുടർന്നും കത്തിക്കാൻ കഴിയുമെന്ന സത്യം ഈ ഗ്രന്ഥത്തിന്റെ സന്ദേശമാണ്. അതിനായി സമർപ്പിത സുവിശേഷസാക്ഷികളെ ഈ ഗ്രന്ഥം മാടിവിളിക്കുന്നു. അവർക്കായി ഈ "മലങ്കരയുടെ വയൽകനികളും കിനാവുകളും" സമർപ്പിക്കപ്പെടുന്നു. അതുതന്നെയാണല്ലോ, "മലങ്കരസഭയുടെ മിഷൻരംഗം: ദൈവിക ദയ ഒഴുകിയ ശ്രേഷ്ഠവഴികൾ."

കോട്ടയം<br>
വിത്തുകൾക്കുവേണ്ടി<br>
മാതാവിന്റെ മദ്ധ്യസ്ഥപെരുന്നാൾ, 2016.



# ആമുഖം

# ഒരു വാഗ്ദാന പാലനം

**നാ**ലു വർഷം കഴിഞ്ഞു. 2011 ജൂലൈ 26. പ്രായസഹജമായ ക്ഷീണം മൂലം മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്ററിലെ 'അരമനയല്ലാത്ത' തന്റെ ചെറിയ മുറിയിൽ വിശ്രമിച്ചുകൊണ്ടിരുന്ന 'മലങ്കരസഭാരത്നം' ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായോടൊപ്പമുള്ള ശെമ്മാശൻ എന്നെ ഫോണിൽ വിളിച്ചു. ''ഞാൻ ഉടനെ എം.റ്റി.സി. യിൽ വന്നു തിരുമേനിയെ ഒന്നു കാണണമെന്നും ചില അത്യാവശ്യ കാര്യങ്ങൾ എന്നോടു നേരിട്ടു തിരുമേനിക്കു പറയാനുണ്ടെന്നും" അറിയിച്ചു. എന്തിനാണു തിരുമേനി വിളിക്കുന്നതെന്ന്, അക്കാര്യം അറിഞ്ഞുകൂടാത്ത ചെറുപ്പക്കാരനായ ശെമ്മാശനോടു ചോദിക്കുന്നതു ശരിയല്ലെന്നു ധരിച്ചു "ഞാൻ നാളെത്തന്നെ എത്താം" എന്നു മറുപടി നൽകി.

പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിന്റെ പ്രിൻസിപ്പലും എന്റെ ഒരു സീനിയർ സുഹൃത്തുമായിരുന്നു കഴിഞ്ഞ വർഷം 94-ാം വയസ്സിൽ അന്തരിച്ച റവ. ഡോ. എൻ. ജെ. തോമസ് റമ്പാൻ എഴുതിയ "താബോർ ദയറാ: സമഗ്രവും ആധികാരികവുമായ ദയറാ ചരിത്രം" എന്ന ഗ്രന്ഥത്തിന്റെ എഡിറ്റിംഗിൽ മുഴുകിയിരുന്ന ഞാൻ പെട്ടെന്നു കടലാസുകൾ എല്ലാം ഫയലിൽ മാറ്റിവച്ച് മാർ ഒസ്താത്തിയോസ് തിരുമേനിയെ സന്ദർശിക്കുന്നതിനു തയ്യാറായി.

ജൂലൈ 27-നു രാവിലെ ഞാൻ മാവേലിക്കര എം.റ്റി.സി. യിൽ എത്തി. സമയം പത്തു മണി കഴിഞ്ഞിട്ടുണ്ട്. 'തിരുമേനി' എന്നു വിളിച്ചുകൊണ്ട് ആ വിമല കരം മുത്തി ഞാൻ ചെന്ന വിവരം അറിയിച്ചു. ശബ്ദം കേട്ടപ്പോൾ തന്നെ "മാമ്മച്ചനല്ലേ" എന്നു പറഞ്ഞു കട്ടിലിൽ കിടന്നുകൊണ്ട് എന്റെ കരം ഗ്രഹിച്ചു സമീപത്തെ പ്ലാസ്റ്റിക് കസേരയിൽ ഇരിക്കാനാവശ്യപ്പെട്ടു. 94-ന്റെ തിണ്ണയിൽ ശയിക്കുന്ന തിരുമേനിക്കു പ്രമേഹത്തിന്റെ ക്രൂരമായ പ്രഹരം മൂലം കാഴ്ചയ്ക്ക് മങ്ങലേറ്റിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ശക്തിയേറിയ മുഖക്കണ്ണാടിയും 150 വാട്സുള്ള വൈദ്യുതി ബൾബിന്റെ കണ്ണഞ്ചിക്കുന്ന വെട്ടവും ഉപയോഗിച്ചു കൊണ്ടായിരുന്നല്ലോ തിരുമേനി തക്സാ തഴകി വി. കുർബ്ബാന ചൊല്ലിവന്നത്. കാഴ്ച നൽകുക എന്ന ചുമതല ബാഹ്യനേത്രങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തി എങ്കിലും തിരുമേനിയുടെ ഉൾക്കാഴ്ച അനുദിനം വർദ്ധിച്ചു കൊണ്ടിരുന്നു. 94-കാരനു 49-കാരന്റെ അളക്കാനാവാത്ത സുശക്തമായ ഉൾക്കാഴ്ച! ആ മുഖത്തെ ദൈവദൂതസമാനമായ പ്രഭാതചൈതന്യവും പ്രഭാവലയവും പ്രസരിപ്പും ഒന്നു വേറെയായിരുന്നു. വാർദ്ധക്യകാല

പ്രയാസങ്ങളും ശാരീരികക്ലേശങ്ങളും തെല്ലുവിഷാദവും ഉണ്ടായിരുന്നെങ്കിൽ തന്നെ എന്നോടുള്ള ആറ് ദശാബ്ദക്കാലത്തെ സ്നേഹത്തിന്റെയും അടുപ്പത്തിന്റെയും പശ്ചാത്തലത്തിൽ ആയിരിക്കാം; അതെല്ലാം ഞാൻ കാണുമ്പോൾ പമ്പ കടന്നിരുന്നു.

ബാല്യകാലത്തു തന്നെ തന്റെ സ്രഷ്ടാവിനെ ഓർക്കുകയും ദൈവത്തിനു ഹൃദയം സമർപ്പിക്കുകയും ചെയ്ത തിരുമേനിയെ സംബന്ധിച്ചിടത്തോളം "അന്നു വീട്ടുകാവൽക്കാർ വിറയ്ക്കും; ബലവാന്മാർ കുനിയും; അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും; കിളിവാതിലുകളിൽ കൂടി നോക്കുന്നവർ അന്ധരാകും; തെരുവിലെ കതകുകൾ അടയും; അരയ്ക്കുന്ന ശബ്ദം മന്ദമാകും! പക്ഷികളുടെ ശബ്ദത്തിൽ ഉണർന്നുപോകും; പാട്ടുകാർ ഒക്കെയും തളരുകയും ചെയ്യും." എല്ലാം മായ മായ എന്നു പറയുന്ന സഭാപ്രസംഗിയുടെ ഈ അഭിപ്രായം തിരുമേനിയെ സംബന്ധിച്ചിടത്തോളം കുറെയൊക്കെ സാർത്ഥകമായിരിക്കുന്നു എന്ന ചിന്തയും എന്നെ ഭരിക്കാതിരുന്നില്ല.

എന്നാൽ പ്രസന്നവദനനായ തിരുമേനിയെ കണ്ടപ്പോൾ മറ്റൊരു ചിത്രമാണ് എന്റെ മനസ്സിൽ ഓടി എത്തിയത്. മഹാകവി കുമാരനാശാന്റെ പ്രസിദ്ധമായ 'നളിനി' എന്ന സുന്ദരമായ ഖണ്ഡകാവ്യത്തിലെ മുഖ്യകഥാപാത്രങ്ങളിൽ ഒന്നും യുവാവുമായ ദിവാകരയോഗിയെ കവികർമ്മകുശലതയുടെ കൊടുമുടിയിൽ നിന്നുകൊണ്ട് ആശാൻ അവതരിപ്പിക്കുന്ന രംഗം. നമ്മുടെ പ്രിയങ്കരനായ തിരുമേനിയെപ്പോലെ, വിവേകിയായ, അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ, സന്യാസിവര്യനാണല്ലോ ദിവാകരയോഗിയും.

നല്ല ഹൈമവത ഭൂവിലേറെയായ്-
കൊല്ലമന്നൊരു വിഭാതവേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനുൽ-
ഫുല്ലബാലരവിപോലെ കാന്തിമാൻ.

മലങ്കരസഭയാകുന്ന വിമലഭൂവിഭാഗത്തിൽ വളരെ കൊല്ലങ്ങൾക്കിടയിൽ ബാലാർക്കനെപ്പോലെ വന്നുദിച്ച സുന്ദര കളേബരനായ തിരുമേനി സ്വയം മറന്നു തന്റെ ആടുകൾക്കു പങ്കുവെയ്ക്കുന്ന സുവിശേഷത്തിന്റെ വെളിച്ചവും ചൂടും സ്നേഹവും നൽകിയെന്ന അവിസ്മരണീയ വസ്തുത ആർക്കാണ് അറിഞ്ഞുകൂടാത്തത്.

"സിംഹാസന"രഹിതമായ എം.റ്റി.സി. യിലെ മുറിയിൽ ഒരു കൊച്ചു താബോറിന്റെ അനുഭവപശ്ചാത്തലത്തിൽ ഞങ്ങൾ അര മണിക്കൂർ സംസാരിച്ചു; അല്ല ഹൃദയം പകർന്നു. "എന്റെ 94-ാം ജന്മദിനത്തോടനുബന്ധിച്ചു കോട്ടയത്തെ തിരുവാതുക്കലുള്ള സെന്റ് പോൾസ് ബാലഗ്രാം

ആരംഭിക്കാൻ പോകുകയാണ്. ഇത് പുതുപ്പാടി ബാലഗ്രാമിന്റെ കനക ജൂബിലി സ്മാരകമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രധാനമായും പുതുപ്പാടി ബാലഭവൻ, കോട്ടയം സെന്റ് പോൾസ് ബാലഭവനം എന്നിവയെപ്പറ്റി വിശദമായും മിഷൻ ബോർഡിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളെപ്പറ്റി ചുരുക്കമായും പ്രതിപാദിക്കുന്ന ഒരു പുസ്തകം തയ്യാറാക്കണം. അത് 2011 ഡിസംബർ 9-ന് ഇറക്കുകയും വേണം. പ. ദിദിമോസ് ബാവാ കോട്ടയം ബാലഗ്രാമിനു കല്ലിട്ടതിനാൽ അദ്ദേഹത്തിന്റെ പേരിൽ ആ സ്ഥാപനം അറിയപ്പെടണം എന്നാണെന്റെ ആഗ്രഹം. സഭയിലെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി വിശദമായ ഒരു ഗ്രന്ഥം മാമ്മച്ചൻ തയ്യാറാക്കണം. അതു പിന്നീടു മതി."

ഉച്ചനമസ്കാരവും ഊണും കഴിഞ്ഞേ തിരിച്ചു പോകാവൂ എന്നും തിരുമേനി കല്പിച്ചു. ഇതിനിടയിൽ അലമാരയിൽ നിന്നു 1000 രൂപയുടെ ഒരു പുതുപുത്തൻ നോട്ട് ശെമ്മാശനെക്കൊണ്ടു എടുപ്പിച്ചു "ഇതെന്റെ കൈമുത്തെന്നു" പറഞ്ഞു സ്നേഹപൂർവ്വം തിരുമേനി എനിക്കു നൽകി. കൈമുത്തു കൊടുക്കേണ്ട ചുമതലയുള്ള എനിക്കു ജീവിതത്തിൽ ആദ്യമായി ഒരുത്തമ മെത്രാപ്പോലീത്തായിൽ നിന്നു 1000 രൂപ കൈമുത്തായി ലഭിച്ചിരിക്കുന്നു! ആ നോട്ട് അപ്പോൾതന്നെ തിരിച്ചു കൊടുത്തു തിരുമേനിക്കു മനഃപ്രയാസമുണ്ടാക്കാൻ എന്റെ മനസ്സ് അനുവദിച്ചില്ല.

ഏതാനും മാസം ഞാൻ ഈ നോട്ടു ഭദ്രമായി സൂക്ഷിച്ചു വച്ചു. പണത്തിന് അത്യാവശ്യം വന്നപ്പോഴൊന്നും ഈ സ്നേഹപ്രതീകമായ നോട്ടേൽ നോട്ടമിട്ടില്ല. ഒരു താലന്തു കിട്ടിയ ഭോഷനെപ്പോലെ പണം സൂക്ഷിച്ചു വച്ചു. വൈകാതെ തിരുമേനിയുടെ വലിയ സ്വപ്നമായിരുന്ന ആൻഡമാൻസ് ബാലഗ്രാമിനുവേണ്ടി കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ പിരിവു നടത്തിയ വേളയിൽ ഈ 1000 രൂപ എന്റെ സംഭാവനയോടൊപ്പം റമ്പാച്ചനു നൽകിയപ്പോൾ വലിയ ആശ്വാസം തോന്നി.

ശതാഭിഷേകം കഴിഞ്ഞ എനിക്കു മിഷൻ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി എഴുതാനുള്ള ഊർജ്ജവും ഉത്സാഹവും കുറഞ്ഞെങ്കിലും തിരുമേനിയുടെ കല്പന നിരസിക്കാൻ കഴിയാതെ വന്നപ്പോൾ പുതിയ ഗ്രന്ഥരചനയിൽ എനിക്കു അല്പം താല്പര്യം വർദ്ധിച്ചു എന്നു പറയുന്നതാവും ശരി. അങ്ങനെ തിരുമേനിയുടെ നിർദ്ദേശവും ആഗ്രഹവും മുൻനിർത്തിയാണു ഈ പുസ്തകം വൈകിയാണെങ്കിലും തയ്യാറാക്കുന്നത്. പ്രായത്തിന്റെ പശ്ചാത്തലത്തിൽ സാഹസികമായ ഈ ഉദ്യമത്തിനു പ്രേരിപ്പിച്ചവരിൽ പ്രധാനി പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയറും 83 കഴിഞ്ഞ നിത്യസഞ്ചാരിയുമായ അല്ല, ഊടാടി നടക്കുന്ന കെ. ഐ. ഫിലിപ്പ് റമ്പാച്ചനാണ്. മിഷൻ പ്രവർത്തനത്തിനിടയിൽ രൂപംകൊണ്ട സ്നേഹ സങ്കേത സ്ഥാപനങ്ങളുടെ ചരിത്രം അതതു സ്ഥാപന മേധാ

വികളാണു സസന്തോഷം എഴുതി അയച്ചു തന്നിരിക്കുന്നത്. തന്നിമിത്തം വസ്തുതകൾ എല്ലാംതന്നെ ശരിയായിരിക്കുമെന്നും ഉറപ്പുണ്ട്. എങ്കിലും ഈ പുസ്തകത്തിന് ഔദ്യോഗിക പരിവേഷമില്ലെന്ന് അനുസ്മരിപ്പിക്കുവാനും ആഗ്രഹിക്കുന്നു. കാരണം വല്ല തെറ്റും രാത്രീഞ്ചരന്മാരായ ചോരന്മാരെപ്പോലെ പിൻവാതിലിലൂടെ കടന്നിട്ടുണ്ടെങ്കിൽ വാതിൽ അടയ്ക്കാതിരുന്നതിന്റെ ഉത്തരവാദിത്വം ഞാൻ തന്നെ ഏറ്റെടുക്കുന്നു.

മാർ ഒസ്താത്തിയോസ് തിരുമേനിയുമായി പല കാര്യങ്ങളിൽ 60 വർഷം അടുത്തിടപെട്ടിട്ടുള്ളതിനാൽ തിരുമേനിയുടെ ഒരു ജീവചരിത്രം തയ്യാറാക്കാനുള്ള വിഭവങ്ങൾ ഏറെക്കുറെ എന്റെ ആവനാഴിയിൽ ഉണ്ടാവും. ചില മാന്യസ്നേഹിതർ എന്നെ അതിനു പ്രേരിപ്പിച്ചിട്ടുമുണ്ട്. എന്നാൽ എന്നേക്കാൾ കഴിവും യോഗ്യതകളും ഉള്ള പ്രശസ്ത വ്യക്തികൾ തിരുമേനിയുടെ വിഭിന്ന ഗുണഗണങ്ങളും വീക്ഷണങ്ങളും എടുത്തുകാട്ടി കമനീയമായ ഗ്രന്ഥങ്ങൾ രചിച്ചിരിക്കേ മറ്റൊരു ജീവചരിത്രത്തിനു പ്രസക്തിയില്ല. എന്നാൽ അതേസമയം എനിക്കുള്ള ചില അനുഭവങ്ങൾ തികച്ചും അനന്യലഭ്യമാണെന്നു ഞാൻ കരുതുന്നു. തന്നിമിത്തം ഏതാനും കാര്യങ്ങൾ ഇവിടെ ചേർക്കുന്നത് അവ നഷ്ടപ്പെടാതിരിക്കാൻ മാത്രമാണ്.

ഞാൻ 1951-ൽ സി.എം.എസ്. കോളജിൽ ബി.എ. യ്ക്കു പഠിക്കാനും എം. വി. ജോർജ്ജ് ശെമ്മാശൻ 1952-ൽ കോട്ടയം എം.ഡി. സെമിനാരിയിലായിരുന്ന വൈദികസെമിനാരിയിൽ പഠിപ്പിക്കുവാനുമാണ് സഭാകേന്ദ്രമായ കോട്ടയത്തു കാലുകുത്തുന്നത്.

മലയാള മനോരമയിൽ 1953-ൽ ജോലിക്കു കയറിയ എനിക്കു കുറേനാൾ പകൽ ഡ്യൂട്ടി ആയിരുന്നു. രാത്രിയിൽ പ്രത്യേകിച്ചു ജോലി ഒന്നുമില്ല. കോട്ടയം വൈ.എം.സി.എ. യിലെ ചർച്ചുവീക്കിലി ഓഫീസിൽ താമസിച്ചിരുന്ന ഞാൻ രാത്രി 8.30-നും 10-നും മദ്ധ്യേ എം.ഡി. യിലുള്ള എം. വി. ജോർജ്ജ് ശെമ്മാശന്റെ മുറിയിൽ എത്തി അദ്ദേഹം പറഞ്ഞു തരുന്ന കുറിപ്പുകൾ എഴുതി തയ്യാറാക്കും. എനിക്കു ചർച്ചുവീക്കിലി പത്രാധിപസമിതിയിലും ജോലി ഉണ്ടായിരുന്നതിനാൽ മിക്ക ലേഖനങ്ങളും ചർച്ചുവീക്കിലിയിൽ പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. ഒടുവിൽ ഈ ലേഖനങ്ങൾ എല്ലാം എഡിറ്റു ചെയ്തു ചേർത്തു ഞാൻ പ്രസിദ്ധപ്പെടുത്തിയ "മൂന്നു വിശ്വാസ സത്യങ്ങൾ" എന്ന പുസ്തകമാണ് തിരുമേനിയുടെ പ്രഥമ ഗ്രന്ഥം. ഇതിന്റെ ഒന്നാം പതിപ്പ് പെട്ടെന്നു തീർന്നപ്പോൾ ഈ അടുത്ത കാലത്തു അന്തരിച്ച ഫാ. കെ. വി. ഗീവറുഗീസ് (ബേബി അച്ചൻ) നടത്തി വന്നിരുന്ന ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് അടുത്ത ഏതാനും പതിപ്പുകൾ പ്രസിദ്ധപ്പെടുത്തി. പിന്നീടും പല പതിപ്പുകൾ ഇറങ്ങി.

ദൈവശാസ്ത്ര പണ്ഡിതനായ അദ്ദേഹത്തിന്റെ ഈ പുസ്തകം ദൈവ ശാസ്ത്രം പഠിക്കാത്ത ഞാൻ പ്രസിദ്ധപ്പെടുത്തിയതും യാദൃച്ഛികം തന്നെ. ഫാ. പോൾ വറുഗീസിന്റെ (പിന്നീട് ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്) പ്രഥമ കൃതിയായ "പരിശുദ്ധ കന്യകമറിയാം" എന്ന പുസ്തകവും 1959-ൽ ഞാനാണു പ്രസിദ്ധീകരിച്ചത്. അന്ന് ഫാ. പോൾ വറുഗീസ് എത്യോപ്യയിൽ ആയിരുന്നു. ഫാ. കെ. കെ. മാത്യൂസിന്റെ (പിന്നീട് മാത്യൂസ് മാർ ബർന്നബാസ്) ആദ്യ പുസ്തകമായ "വി. കുർബാനയുടെ ധ്യാനപഠനം" പ്രസിദ്ധീകരിക്കാനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. 1960-ൽ ഫാ. എം. വി. ജോർജ്ജും ഞാനും മദ്ധ്യഭാരത സന്ദർശനവേളയിൽ ജബൽപൂരിൽ ചെല്ലുമ്പോൾ ഫാ. കെ. കെ. മാത്യൂസ് അവിടത്തെ നമ്മുടെ പള്ളിവികാരിയായിരുന്നു. സംസാരവേളയിൽ താനെഴുതിയ "വി. കുർബാനയുടെ ധ്യാനപഠനം" പ്രസിദ്ധപ്പെടുത്തി സഹായിക്കണമെന്ന് എന്നോടാവശ്യപ്പെടുകയും ഞാൻ സസന്തോഷം അതു നിർവഹിക്കുകയുമാണുണ്ടായത്.) പുസ്തകക്കാര്യം പറയുമ്പോൾ എനിക്ക് എന്തോ കൈപ്പുണ്യം ഉണ്ടെന്നു ഒസ്താത്തിയോസ് തിരുമേനി പലപ്പോഴും സൂചിപ്പിക്കുകയും എന്നെ പ്രശംസിക്കുകയും ചെയ്തിരുന്നു.

ഞാൻ 1959-60 കാലത്ത് നാഗ്പൂർ ഹിസ്ലപ്പ് കോളജിൽ ജേർണലിസം കോഴ്സിനു ചേർന്നു. പരീക്ഷ കഴിഞ്ഞു. നേരത്തെ പരിപാടിയിട്ടതനുസരിച്ച് 1960 ഏപ്രിലിൽ മധ്യപ്രദേശത്തും മറ്റുമുള്ള നമ്മുടെ ഇടവകകൾ ഫാ. എം. വി. ജോർജും ഒന്നിച്ച് സന്ദർശിക്കുവാൻ ഒരവസരം ലഭിച്ചു. പൊള്ളുന്ന വെയിൽ. ഞങ്ങൾ കഷ്ടാനുഭവ ആഴ്ചയിൽ ഭിലായിൽ ചെലവഴിച്ചു. നമ്മുടെ അവിടുത്തെ സഭാംഗങ്ങളുടെ സ്നേഹ ബഹുമാനസൽക്കാരങ്ങൾ അവിസ്മരണീയം.

താമസത്തിനിടയിൽ ഒരു ദിവസം ഞങ്ങൾ ഉരുക്കു ഫാക്ടറിക്കു വേണ്ട ഇരുമ്പയിരു കുഴിച്ചെടുക്കുന്ന രാജാറാ എന്ന സമീപ ഖനിപ്രദേശം കാണാൻ പോയി. കുന്നുകൾ നിറഞ്ഞ ഇടുക്കിയുടെ ഭൂപ്രകൃതി. ഒരു സ്ഥലത്തു ചെന്നപ്പോൾ ഒരു ചെറിയ കുടിലിൽ നിന്ന് പാലാക്കാരായ മൂന്നു നാലു ചെറുപ്പക്കാരികളായ കന്യാസ്ത്രീകൾ സസന്തോഷം വന്നു ഞങ്ങളെ സ്വീകരിച്ചു കുശലം പറഞ്ഞു. വിദൂരമായ ഗ്രാമപ്രദേശത്തു കടുത്ത ചൂടും തണുപ്പും സഹിച്ച് സഭയുടെ ദൗത്യം നിർവഹിക്കുന്ന അവരെ കണ്ടപ്പോൾ നമ്മുടെ പുരാതന സഭയുടെ ദൗത്യ പരാജയം ഞങ്ങളുടെ മനസ്സിൽ ആഴത്തിൽ പ്രതിഫലിച്ചു.

വെൺമേഘമേഖലകളും നിത്യപ്രകാശ സൗരയൂഥ-ചന്ദ്രമണ്ഡല പ്രദേശങ്ങളും കടന്നു സ്ഥിതിചെയ്യുന്ന സ്വർഗ്ഗത്തിൽ ദൈവം സ്നേഹിക്കുന്നവരുടെയും ദൈവത്തെ സ്നേഹിക്കുന്നവരുടെയും രണ്ടു നീണ്ട ലിസ്റ്റുകൾ ഉണ്ടെന്നാണു പ്രശസ്തനായ ആബുബെൻ ആദത്തിന്റെ കഥ

യിൽ പറയുന്നത്. എന്നാൽ മൂന്നാമതൊരു ലിസ്റ്റു കൂടി ഉണ്ടെന്നു പിന്നീടു കണ്ടെത്താൻ കഴിഞ്ഞു. ദൈവവും മനുഷ്യരും മാലാഖമാരും ഒരുപോലെ സ്നേഹിക്കുന്നവരുടെ ഒരു ചെറിയ ലിസ്റ്റ്. അതിൽ ആദ്യം കാണുന്ന പേരാണു നമ്മുടെ എല്ലാം സ്നേഹാദരങ്ങൾ ആർജ്ജിച്ച് 2012 ഫെബ്രുവരി 16-നു 94-ാം വയസ്സിൽ കടന്നുപോയ വലിയ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. ഈ ലിസ്റ്റിലെ ഒന്നാമനെപ്പറ്റി കൂടുതലായി ഒന്നും ഇനി ഉപന്യസിക്കേണ്ടതില്ല. ഇത്തരം ആബൂൻമാരുടെ എണ്ണം വർദ്ധിക്കട്ടെ എന്നു നമുക്കു നല്ലവണ്ണം പ്രാർത്ഥിക്കാം.

പതിനെട്ടു വർഷം മുമ്പ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 80-ാം ജന്മദിനം പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തിയ "അശീതി ജന്മദിന-മെത്രാൻ സ്ഥാനാരോഹണ രജതജൂബിലി സ്മരണിക"യിൽ ഞാൻ ഇങ്ങനെ എഴുതി: "തിരുമേനിയെ 'മലങ്കരസഭാരത്നം' എന്ന അത്യുന്നത ബഹുമതി നൽകി ആദരിക്കേണ്ടത് സഭാനേതൃത്വത്തിന്റെയും അദ്ദേഹത്തെ സ്നേഹിക്കുന്നവരുടേയും കർത്തവ്യം മാത്രമാണ്."

ഏതാനും വർഷങ്ങൾ കഴിഞ്ഞ് ഈ ബഹുമതി അർഹമായ ശിരസ്സിൽ അണിയിച്ചതിൽ എനിക്കും അദ്ദേഹത്തെ സ്നേഹിക്കുന്ന ലക്ഷങ്ങൾക്കും വളരെ സന്തോഷം ഉണ്ടായി.

മാവേലിക്കര സുവിശേഷാലയത്തിലെ മദ്ധ്യവേനൽ അവധി ക്ലാസ്സുകളുടെ ചില സമാപന യോഗങ്ങളിൽ ഞാൻ പ്രസംഗകനായിരുന്നിട്ടുണ്ട്. പ്രശംസിക്കുന്നവരേക്കാൾ അദ്ദേഹത്തിനു പ്രിയം എന്നെപ്പോലെ അല്പം വിമർശിക്കുന്നവരെയാണ്. കാരണം, അദ്ദേഹമായിരുന്നു സഭയിലെ ആത്മാർത്ഥത നിറഞ്ഞ ഏറ്റവും വലിയ വിമർശകനും ദാർശനികനും.

പുതുപ്പാടി ബാലഭവൻ, വിവാഹസഹായ ഫൗണ്ടേഷൻ, സിക്ക് എയ്ഡ് ഫൗണ്ടേഷൻ എന്നിവയുമായും ഞാൻ ബന്ധം പുലർത്തിയിരുന്നു. ഞാൻ മനോരമയിൽ നിന്നു പിരിയുന്നതുവരെയും തിരുമേനിയുടെ സേവനപ്രവർത്തനങ്ങൾക്കു വേണ്ട പ്രസിദ്ധീകരണം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുമുണ്ട്. നിർവ്വചിക്കാനാവാത്ത സ്നേഹവും എന്നെ സംബന്ധിച്ച കരുതലും കൊണ്ടാണ് 45 വർഷം മുമ്പ് മാങ്ങാനത്തു ഞാൻ നിർമ്മിച്ച ചെറിയ വീടിന് തറക്കല്ലിടാൻ ഫാ. എം. വി. ജോർജിനെ ക്ഷണിച്ചതും അദ്ദേഹം വന്നതും.

ഹൃദ്രോഗ സംബന്ധമായ അസുഖത്തെ തുടർന്ന് അമേരിക്കയിൽ പോയി ലക്ഷങ്ങൾ ചെലവഴിച്ച് ബൈപാസ് ശസ്ത്രക്രിയ നടത്തുന്നതു ക്രിസ്തീയ കാര്യവിചാരകാടിസ്ഥാനത്തിൽ ശരിയാണോ എന്നു തിരുമേനി ചിന്തിക്കുകയും അടുപ്പമുള്ള പലരോടും ഇക്കാര്യം ചർച്ച ചെയ്യുകയും ഉണ്ടായി. അമേരിക്കയിലെ ഡോക്ടർ പ്രസാദുമായി ഇക്കാര്യം

ഫോണിൽ സംസാരിക്കുമ്പോൾ ഞാനും യാദൃച്ഛികമായി മാവേലിക്കര സുവിശേഷാലയത്തിൽ തിരുമേനിയുടെ സമീപത്തുണ്ടായിരുന്നു. 'മലങ്കരസഭ മലബാറിൽ' എന്ന പുസ്തകത്തിന്റെ അവതാരിക എഴുതിക്കാനാണ് ഞാൻ ചെന്നത്. എന്റെ അഭിപ്രായവും ചോദിച്ചപ്പോൾ തിരുമേനിയുടെ ജീവൻ സഭയ്ക്കു വളരെ വിലയേറിയതാണെന്നും ഓപ്പറേഷൻ നടത്തണമെന്നും പണം വന്നും പോയും ഇരിക്കുമെന്നും ഞാൻ മറുപടി പറഞ്ഞു. സുഹൃത്തുക്കളുടെ അഭിപ്രായം അദ്ദേഹം സ്വീകരിച്ചു. പ്രതീക്ഷിച്ചതുപോലെയുള്ള പണച്ചെലവു കൂടാതെ എല്ലാം ഭംഗിയായി കലാശിച്ചു.

പല അവസരങ്ങളിലും ജോർജ് അച്ചനോടൊപ്പവും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊന്നിച്ചും കാറിൽ സഞ്ചരിക്കാൻ എനിക്കു സംഗതി ആയിട്ടുണ്ട്. അവയെല്ലാം സന്തോഷങ്ങളുടെ സായാഹ്നങ്ങളായിരുന്നു. എന്റെ അപക്വമായ ആശയങ്ങളും അഭിപ്രായങ്ങളും ആഗ്രഹങ്ങളും ഞാൻ മറയില്ലാതെ തിരുമേനിയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ അതെല്ലാം കേൾക്കും. തെറ്റുകൾ തിരുത്തും; ചിരിക്കും; ചിരിപ്പിക്കും. ഞാൻ തിരുമേനിയെ മുഖത്തു നോക്കി വിമർശിച്ചാലും ആ സ്നേഹവായ്പിനു തെല്ലും മാറ്റമില്ല. സംസ്കാര സമ്പന്നമായ സൽപെരുമാറ്റത്തിന്റെയും വിനയത്തിന്റെയും ക്രിസ്തീയ മൂല്യങ്ങളുടെയും സുവിശേഷപ്രവർത്തന ലഹരിയുടെയും ഒരു നിറകുടം തന്നെ. കാർ യാത്രാവേളകളിൽ തിരുമേനി എന്നോടു പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഞാൻ പ്രസിദ്ധപ്പെടുത്തിയ 'മലങ്കരസഭയിലെ കാതോലിക്കാമാർ' എന്ന പുസ്തകത്തിൽ ചേർത്തിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. അന്നുവരെയുള്ള എന്റെ ഏറ്റവും നല്ല പുസ്തകം അതാണെന്നും തിരുമേനി പറഞ്ഞു.

മലങ്കരസഭയുടെ "സന്തോഷവും കിരീടവുമായ" സ്ലീബാദാസ സമൂഹത്തിന്റെ വാർഷികയോഗങ്ങളിൽ ഫാ. എം. വി. ജോർജ്, ഡോ. ചാക്കോ ജോർജ് എന്നിവരും ഞാനും പല വർഷങ്ങളിൽ തുടർച്ചയായി സ്ഥിരം പ്രസംഗകരായിരുന്നിട്ടുണ്ട്. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയ്ക്കു ഞങ്ങളോടുള്ള സ്നേഹമായിരുന്നു ഇങ്ങനെ സംഭവിക്കാനിടയാക്കിയതെന്നു പലരും മനസ്സിലാക്കിയിരുന്നില്ല. ഫാ. എം. വി. ജോർജിന്റെ സുവിശേഷപരമായ ആഹ്വാനവും സമൂഹത്തെ സംബന്ധിച്ച തന്റെ വാഗ്ദാനങ്ങളും ഡോ. ചാക്കോ ജോർജിന്റെ അനുപമമായ അനുസ്മരണകളും ശ്രോതാക്കളെ തട്ടിയുണർത്തുകയോ ചിന്തിപ്പിക്കുകയോ ചെയ്തിട്ടുണ്ടാവും. തിരുമേനിയുടെ കാലശേഷം ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പിൻഗാമിയായി. "എന്റെ പിൻഗാമി ഫാ. എം. വി. ജോർജ് ആയിരിക്കുമെന്നു" വർഷങ്ങൾക്കു മുമ്പ് മൂക്കഞ്ചേരിൽ തിരുമേനി സമൂ

ഹത്തിന്റെ ഒരു റിപ്പോർട്ടിൽ എഴുതിയത് ഒരു പ്രവചനമായിത്തീർന്നു. മറ്റാരേക്കാളും പിൻഗാമി സ്ഥാനത്തിന് അദ്ദേഹം യോഗ്യനാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു. വൈദികസെമിനാരി പരിശീലനം ലഭിക്കാതിരുന്ന ഒരു സ്ലീബാദാസനു സഭാദ്ധ്യക്ഷൻ ചട്ടംപാലിക്കാതെ വൈദികപട്ടം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് സമൂഹാദ്ധ്യക്ഷ പദവി ഉപേക്ഷിച്ചപ്പോൾ അദ്ദേഹം അച്ചടക്കത്തിനും കൃത്യനിഷ്ഠയ്ക്കും നിയമങ്ങൾക്കും പരമപ്രാധാന്യം നൽകിയ മൂക്കഞ്ചേരിൽ തിരുമേനിയുടെ കാലടികളിൽ തന്നെയാണു ചരിച്ചതെന്നു എടുത്തു പറയേണ്ടതുണ്ട്.

പത്രോസ് മാർ ഒസ്താത്തിയോസിന്റെ പേരും ആത്മാക്കളെ നേടുന്നതിനുള്ള ആത്മികദാഹവും എരിവും ഉൾക്കൊണ്ട് കാലാനുസൃതമായ മാറ്റത്തോടെ അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്ന ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തന്റെ ആദർശപുരുഷനെപ്പോലെ കണക്കും റിപ്പോർട്ടും തെറ്റാതെ പ്രസിദ്ധപ്പെടുത്തി വന്നു. മൂക്കഞ്ചേരിൽ തിരുമേനിയുടെ സ്മാരകമായി കണ്ടനാട് കർമ്മേൽ ദയറായിൽ മാർ ഒസ്താത്തിയോസ് 'ശിമയോൻ ഭവനം' എന്ന വൃദ്ധമന്ദിരം നിർമ്മിച്ചു. കോണ്ടസയിൽ പലരും കറങ്ങുമ്പോൾ നമ്മുടെ കഥാപുരുഷൻ ഒരു സാദാ അംബാസഡറിലാണ് യാത്ര. ദൈവത്തിന്റെ ഒരു യഥാർത്ഥ അംബാസഡർക്ക് ഇതിൽ വലിയ കാറിന്റെ ആവശ്യമില്ലല്ലോ.

ആധുനിക മലങ്കരസഭയ്ക്ക് മിഷൻ രംഗത്ത് അന്ന് എടുത്തു പറയാനുള്ള നേട്ടങ്ങളിൽ പ്രധാനം പുതുപ്പാടി ബാലഭവനം, യാച്ചാരത്തെ സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, പൂനെയിലെ ബാലികാഗ്രാം, ഇറ്റാർസി, മക്കോഡിയ തുടങ്ങിയ സ്ഥലങ്ങളിലെ സേവനപ്രവർത്തനങ്ങൾ, പിന്നോക്ക പ്രദേശമായ കലഹണ്ടിയിലെ പുനരുദ്ധാരണ പ്രവർത്തനം, തുംകൂറിലെ ദയാ ഭവൻ മുതലായവയാണ്. ഇതെല്ലാം മലങ്കരസഭയുടെ ദീപസ്തംഭങ്ങളാണ്. ഈ പ്രവർത്തനങ്ങളുടെ റിമോട്ട് കൺട്രോൾ കൈവശമുള്ള മെത്രാപ്പോലീത്താ വിജയിക്കുന്നതിന്റെ മുഖ്യ കാരണം ഒരു പക്ഷേ അദ്ദേഹത്തെപ്പോലെ സമർപ്പണ ജീവിതം നയിക്കുന്ന കർമ്മധീരരായ ഒരു പറ്റം സഭാപ്രവർത്തകരാണ്. റമ്പാന്മാരായ കെ. ഐ. ഫീലിപ്പോസ്, പി. എം. തോമസ് മുതലായവരെപ്പോലെ ഏതാനുംപേരെ കിട്ടിയാൽ ഉത്തരേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മലങ്കരസഭയ്ക്കു, കേസുകൾക്കിടയിലും സേവനപ്രവർത്തനങ്ങൾ ആരംഭിക്കാനാവും. പ്രമേഹത്തിന്റെ ആക്രമണം മൂലം ശരീരത്തിനും കണ്ണിനും ക്ലേശങ്ങൾ ഉണ്ടായിരുന്നു എങ്കിലും തിരുമേനി എത്തേണ്ട സ്ഥലങ്ങളിൽ യഥാസമയം തീവണ്ടിയിലും വിമാനത്തിലും എത്തുമായിരുന്നു. 'എന്റെ കൃപ നിനക്കു മതി' എന്ന വാക്യമാണു തിരുമേനിയെ നയിച്ചത്.

തിരുമേനിയുടെ പ്രവർത്തനങ്ങൾക്കു ഡോളറും ദിനാറും ചെക്കും രൂപയും അക്ഷരാർത്ഥത്തിൽ പറന്നെത്തുന്നു. നാലും അഞ്ചും ആറും അക്കങ്ങളുള്ള തുകകൾ വായുവേഗത്തിൽ വന്നു. കൂടാതെ തിരുമേനിയുടെ ആവേശം നിറഞ്ഞ പ്രസംഗങ്ങൾ കേട്ട് സഭാസ്നേഹികളും, സൗമ്യതയാണു സൗന്ദര്യത്തിന്റെ പര്യായമെന്നു കരുതുന്നവരുമായ നാരീമണികളും തങ്ങളുടെ പണവും കണ്ഠാഭരണങ്ങളിൽ ചിലതും കൈവളകളും സുവിശേഷവേലയ്ക്കു വേണ്ടി തിരുമേനിക്കു നൽകിയിട്ടുണ്ടെന്ന കാര്യവും ഒരു രഹസ്യമല്ല.

മലയാള മനോരമയിൽ നിന്നു 1990-ൽ റിട്ടയർ ചെയ്തശേഷമാണു എനിക്കു മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങളുമായി കുറെയൊക്കെ അടുക്കുന്നതിനും യാച്ചാരം, പൂനെ ബാലികാഗ്രാം, തുംകൂറിലെ ദയാ ഭവൻ, ബാംഗ്ലൂരിലെ നാംസ് സ്നേഹസദൻ മുതലായ പ്രമുഖ മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അവയെപ്പറ്റി പുസ്തകങ്ങൾ രചിക്കുന്നതിനും സാധിച്ചത്. പുസ്തകങ്ങളെ തിരുമേനി സസന്തോഷം സ്വാഗതം ചെയ്തു. പല പുസ്തകങ്ങൾക്കും അദ്ദേഹം അവതാരികകൾ എഴുതിത്തന്നു. നാംസിന്റെ സമ്മേളനങ്ങളിലും എനിക്കു പങ്കെടുക്കാൻ സാധിച്ചതു തിരുമേനിയുടെ പ്രോത്സാഹനം കൊണ്ടു കൂടിയാണ്. പത്തു വർഷം മുമ്പ് ഗോവയിൽ നടന്ന നാംസ് സമ്മേളനത്തിൽ ഞാൻ തിരുമേനിയുടെ ഒരു പുതിയ പുസ്തകത്തിലെ അഭിപ്രായങ്ങളെ നഖശിഖാന്തം എതിർത്തു സംസാരിച്ചു. എന്നിരുന്നിട്ടും തിരുമേനിക്ക് ഈ ഇളയ സഹോദരനോടുള്ള അമിത സ്നേഹത്തിന് ഒട്ടും ഉലച്ചിൽ ഉണ്ടാക്കാൻ കഴിഞ്ഞില്ല. കാരണം, അദ്ദേഹം സ്നേഹനിധിയും സാഗരസമാന ഹൃദയമുള്ള സിദ്ധനുമായിരുന്നു. ചിന്തിച്ചാൽ ഞങ്ങൾ തമ്മിൽ ഒരു നീരുറവയും കടലും തമ്മിലുള്ള വ്യത്യാസം.

2011 ഡിസംബർ 9-നു തിരുമേനി രോഗക്കിടക്കയിൽ നിന്നു ഡോക്ടർമാർ വേണ്ടവിധം അറിയാതെ തിരുവാതുക്കൽ ബാലഭവനത്തിൽ ഓടി എത്തി സെന്റ് പോൾസ് ബാലഗ്രാം ഉദ്ഘാടനത്തിൽ പങ്കെടുത്തു. തന്റെ അവസാനത്തെ ജന്മദിന “കേക്കു മുറിച്ചു” മറ്റുള്ളവർക്കു നൽകി ആഘോഷിച്ചു. അന്ത്യ പ്രഭാഷണവും നടത്തി ഉടൻ സ്ഥലം വിട്ടു. ഇത് ഒരു വലിയ ദൈവനടത്തിപ്പും ദൈവനിയോഗവും അല്ലെങ്കിൽ പിന്നെന്താണ്? തിരുമേനി മരിച്ചിട്ടും ജീവിക്കുന്നു.

സഭയുടെ അതിരുകൾ വിശാലമാക്കുകയും ദരിദ്രർക്കു ഭൂരിപക്ഷമുള്ള ഭാരതത്തിൽ ഹംസരഥഘോഷ യാത്രയ്ക്കും, കോടികളുടെ അരമനകൾക്കും പള്ളികൾക്കും, കനകം പൂശിയ കൊടിമരങ്ങൾക്കും, വെടിക്കെട്ടിനും, കുടിക്കും, സ്വീകരണത്തിനും ആർഭാടം നിറഞ്ഞ ജീവിതത്തിനും സ്ഥാനമില്ലെന്നു തിരുമേനി ആത്മാർത്ഥമായി പഠിപ്പിച്ചു.

ഇവിടെ ആർക്കും നിലനില്ക്കുന്ന നഗരമില്ലെന്ന് ഊണിലും ഉറക്കത്തിലും ഉച്ചത്തിൽ പറയുന്ന തിരുമേനിക്കു "ജീവിച്ചാലും മരിച്ചാലും" എല്ലാം യേശുക്രിസ്തു മാത്രമായിരുന്നു.

തിരുമേനിയുടെ ദർശനം, ആദർശം, അദ്ദേഹം ആരംഭിച്ച അനാഥ-ബാല-വൃദ്ധജന ഭവനങ്ങൾ, ആതുരാലയങ്ങൾ, രോഗ-വിവാഹ-വിദ്യാഭ്യാസ സഹായ ഫൗണ്ടേഷനുകൾ മുതലായവകളെപ്പറ്റി ഏറെക്കുറെ പൂർണ്ണമായി ബന്ധപ്പെട്ടവരുടെ സഹകരണത്തോടെ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിക്കാൻ ആത്മാർത്ഥമായ ഒരു ശ്രമം നടത്തി എങ്കിലും പൂർണ്ണമായി വിജയിച്ചു എന്നു അവകാശപ്പെടുന്നില്ല. ഈ സംരംഭത്തിൽ പങ്കുചേർന്ന് ഇതിനെ വിജയിപ്പിച്ച ഒട്ടധികം സഭാസ്നേഹികളുടെ നല്ല സേവനങ്ങളെ ഞാൻ സസന്തോഷം വിലമതിക്കുന്നു, അഭിനന്ദിക്കുന്നു. ചിലർ പല തവണ ഓർപ്പിച്ചിട്ടും സഹകരിച്ചില്ല. ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ, ഫാ. തോമസുകുട്ടി കലഹണ്ടി, പ്രൊഫ. ഡി. മാത്യു, ജോസ് കുര്യൻ പുളിയേരിൽ, സിസ്റ്റർ എലിസബത്ത് പൂനെ, എൻ. എം. അച്ചൻകുഞ്ഞ് ബാംഗ്ലൂർ, പ്രൊഫ. ടി. എം. മാത്യു തൈക്കടവിൽ, കെ. ജി. മത്തായിക്കുട്ടി കൊട്ടാരക്കര, കെ. ഐ. ഫിലിപ്പ് റമ്പാൻ, ഫാ. ജിനേഷ് വർക്കി തുംകൂർ, ജോസ് പി. റ്റി. നല്ലില, രാജു മർക്കോസ് ഡിട്രോയിറ്റ്, ഫാ. സി. സി. തോമസ്, പ്രൊഫ. കെ. സി. മാണി, നാംസ് സെക്രട്ടറി പ്രൊഫ. പി. കെ. കുര്യൻ, മിസ്സിസ്സ് മേരിക്കുട്ടി കുര്യൻ, ജോർജ് തോമസ് നെല്ലിപ്പിള്ളിൽ പുത്തൂർ, കെ. സി. ഈപ്പൻ കണ്ടത്തിൽ, തൊമ്മി ചെറിയാൻ ഹൈദരബാദ്, കെ. ജി. അലക്സാണ്ടർ ചന്ദനപ്പള്ളി, ഫാ. ജോസ് മാത്യു, പ്രൊഫ. കെ. സി. ജോർജ് കോട്ടയം, പുസ്തകത്തിന്റെ സംവിധാനം, അച്ചടി എന്നിവ മനോഹരമായി ചെയ്ത സോഫിയാ പ്രിന്റ് ഹൗസ് ഉടമയായ ജോയ്സ് തോട്ടയ്ക്കാട് എന്നിവരോടുള്ള അകൈതവമായ നന്ദി അറിയിക്കുന്നു.

സഭയുടെ മിഷൻ രംഗത്തിന്റെ പരമപ്രാധാന്യം ഗ്രഹിച്ച് ഈ പുസ്തകത്തിനു സമുജ്ജ്വലമായ ഒരു അവതാരിക എഴുതി ഇതിനെ കനക ശിരോലങ്കാരമണിയിച്ച റവ. ഫാ. ഡോ. ജേക്കബ് കുര്യൻ വൈദികസെമിനാരിയിലെ മുൻ പ്രൊഫസറും പ്രിൻസിപ്പലും പ്രമുഖ ദൈവശാസ്ത്രജ്ഞനും, പ്രഭാഷണതിലകനും ആണ്. ഇദ്ദേഹം മലങ്കര സഭയെ ആഗോള ദൈവശാസ്ത്ര സമ്മേളനങ്ങളിൽ പ്രതിനിധാനം ചെയ്തുവന്ന ഒരു സമുന്നത വൈദികനാണ്. നമ്മുടെ ആരാധനകളെപ്പറ്റിയും അതിന്റെ മകുടമായ വി. കുർബാനയെപ്പറ്റിയും അതിനുപയോഗിക്കുന്ന വസ്തുക്കൾ പ്രതിനിധാനം ചെയ്യുന്ന അർത്ഥവിവക്ഷകളെപ്പറ്റിയും നല്ല അവഗാഹമുള്ള ഒരു പ്രമുഖ അച്ചനാണ്. ഒട്ടും എടുത്തുചാട്ടമില്ലാത്ത -

അറിവിനെ സംബന്ധിച്ചിടത്തോളം ആഴമേറിയ പസഫിക് സമുദ്രത്തിനു തുല്യനും ശാന്തനുമാണ്. ചില പ്രമുഖ സഭാപിതാക്കന്മാരുടെ ഒന്നാംകിട ജീവചരിത്രഗ്രന്ഥങ്ങളുടെ കർത്താവു കൂടിയായ ജേക്കബ് കുര്യനച്ചന്റെ ചരിത്രപരമായ വീക്ഷണങ്ങളും സൂക്ഷ്മമായ ഗവേഷണപഠനങ്ങളും അനുവാചകർക്കു നിഷ്പ്രയാസം ഈ അവതാരികയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

ഞാൻ 1966-ൽ രചിച്ച പാമ്പാടി തിരുമേനിയുടെ ജീവചരിത്രമായ 'താബോറിലെ താപസവര്യൻ' എന്ന പുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പിനു ഡോ. ജേക്കബ് കുര്യൻ അച്ചൻ "സുതാര്യതയുടെ സൂര്യതേജസ്സ്" എന്ന ശീർഷകത്തിൽ എഴുതിയ അവതാരിക അതിഗഹനവും തിരുമേനിയുടെ ഗുണവിശേഷങ്ങൾ അത്യന്തം മനോഹരമായി അനാവരണം ചെയ്യുന്നതുമാണ്. സ്മര്യപുരുഷനെ അടുത്തുനിന്നു ആഴത്തിൽ കണ്ടറിഞ്ഞു മനസ്സിലാക്കിയിട്ടുള്ള ഒരുന്നത വ്യക്തിക്കു മാത്രമേ ഇങ്ങനെ എഴുതാൻ സാധിക്കുകയുള്ളു. ഇതിനേക്കാൾ മെച്ചപ്പെട്ട ഒരവതാരിക ആ ജീവചരിത്രത്തിനു എഴുതാൻ കഴിവുള്ള ഒരു വ്യക്തി ഇനിയും ജനിക്കേണ്ടിയിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. ഫാ. ഡോ. ജേക്കബ് കുര്യനോടുള്ള സ്നേഹനിർഭരമായ, അനുപമമായ, കടപ്പാടിവിടെ കുറിക്കട്ടെ.

സർവ്വോപരി ഈ പുസ്തകത്തിനു ആശംസകൾ നൽകി അനുഗ്രഹിച്ച മലങ്കരസഭയുടെ പരമാധ്യക്ഷനായ പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടും മിഷൻബോർഡിനു കാര്യക്ഷമമായ നേതൃത്വം നൽകുന്ന പ്രസിഡന്റും നിരണം ഭദ്രാസനാധിപനുമായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായോടുമുള്ള ഭക്ത്യാദരങ്ങൾ സവിനയം അറിയിക്കുന്നു.

ശരിക്കു വായിച്ചശേഷം ഈ പുസ്തകത്തിന്റെ കുറവുകൾ രചനാത്മക വിമർശനത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് അനുവാചകർ ചൂണ്ടിക്കാട്ടുന്നപക്ഷം അവയെ സ്വാഗതം ചെയ്യാനും വിലമതിക്കാനും പുതിയ പതിപ്പു വേണ്ടിവന്നാൽ മടികൂടാതെ തിരുത്താനും ഒരുക്കമാണെന്ന് ആത്മാർത്ഥതയോടുകൂടി തുറന്നു പറയുന്നതിൽ സന്തോഷമുണ്ട്. ജീവിതത്തിന്റെ സന്ധ്യാവേളയിൽ "ദൈവിക ദയ ഒഴുകിയ ശ്രേഷ്ഠവഴികൾ" കണ്ടെത്താനായതും ഒരു ദൈവനിയോഗം മാത്രം.

**എഡിറ്റർ**

മാങ്ങാനം
2-2-2016

# മഹാമേരുവിന്റെ ചുവട്ടിൽ

## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

വിളഭൂമിയിൽ പൈപ്പിലൂടെ വരുന്ന ജലം ആവശ്യാനുസരണം മാറ്റി മാറ്റി ഒഴുക്കി തിരിച്ചുവിടുന്നതുപോലെ എന്നിലെ ദൈവവിളിയെ കണ്ടെത്തി തക്കസമയങ്ങളിൽ യഥോചിതം വഴിതിരിച്ചുവിട്ടതിനു ദൈവം ഉപയോഗിച്ച മഹാത്മാവായിരുന്നു ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. 1976-ലെ മാവേലിക്കര സെന്റ് പോൾസ് എം.റ്റി.സി. യിലെ (അന്ന് സെന്റ് പോൾസ് സുവിശേഷാലയം) രണ്ടാഴ്ചത്തെ അവധിക്കാല വേദപഠനക്ലാസ്സിൽ ആരംഭിച്ച ഗുരു-ശിഷ്യ ബന്ധമാണ് എന്നെ ഈ നിലയിലെത്തിച്ചത്. അദ്ധ്യാപകനാകാൻ ആഗ്രഹിച്ച എന്നെ അച്ചനാക്കിയതും ഒരെളിയ മിഷൻ പ്രവർത്തകനാക്കിയതുമെല്ലാം തീർച്ചയായും ദൈവികപദ്ധതി. അതിനു മുഖാന്തരമായതു ഈ ധന്യജീവിതവും. 1977-81 കാലത്ത് വൈദികസെമിനാരി പഠനം. അവധിക്കാലത്തെല്ലാം മാവേലിക്കരയിൽ താമസിച്ചുകൊണ്ടുള്ള എളിയ പ്രവർത്തനങ്ങളും. മാവേലിക്കര സുവിശേഷാലയം (1953) പുതുപ്പാടി ആശ്രമം (1958) പുതുപ്പാടി കോൺവെന്റ് (1979) എന്നിവയ്ക്കു ശേഷമാണ് (1980) നാലാമത്തെ സ്ഥാപനമായി പനയമ്പാല കരുണഗിരി എം.ജി.ഡി. ആശ്രമവും ബാലഭവനവും ആരംഭിക്കുന്നത്.

സെമിനാരിപഠനം 1981-ൽ പൂർത്തിയാക്കിയ അന്നു സഹപാഠിയായിരുന്ന ഡീക്കൻ ജേക്കബ് വറുഗീസിനൊപ്പം നേരെ പോയതു പനയമ്പാലയ്ക്കായിരുന്നു. 1987 വരെ അവിടെ തുടർന്നു. തിരുവനന്തപുരം കാരുണ്യാ ഗൈഡൻസ് സെന്ററിന്റെ നിർമ്മാണപ്രവർത്തനം തുടങ്ങുവാൻ 1987 ആരംഭത്തോടെ അവിടേക്കു പോയി. ആ കാലഘട്ടത്തിൽ രണ്ടു സ്ഥാപനങ്ങളുടേയും ചുമതല ഒരുപോലെ വഹിക്കേണ്ടി വന്നു. പിന്നീട് തിരുവനന്തപുരത്തു തന്നെ തുടർന്നു. അത് 2005-ൽ മെത്രാനായി നിരണം ഭദ്രാസനത്തിൽ വലിയ തിരുമേനിയുടെ (മാർ ഒസ്താത്തിയോസ്) അസിസ്റ്റന്റായി നിയമിതനാകുന്നതുവരെ തുടർന്നു (ഏകദേശം 20 വർഷക്കാലം). ബഹു. ജി. ജോണച്ചൻ ഉപരിപഠനത്തിനു പോയപ്പോൾ മിഷൻ ബോർഡിന്റെ സെക്രട്ടറിയായും പ്രവർത്തിച്ചു. അഭിവന്ദ്യ തിരുമേനിയാൽ സ്ഥാപിതമായ എല്ലാ പ്രസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും ഞാൻ കൂടി ഒരു പങ്കാളിയായി ഉണ്ടാകണമെന്ന ആ വലിയ മനസ്സിന്റെ ആഗ്രഹപ്രകാരം മിഷൻ ബോർഡിന്റെ കോ-ഓർഡിനേറ്ററായി (പ്രത്യേക നിയമന കല്പനപ്രകാരം) ചെറിയതോതിൽ സഹകരിക്കുവാൻ ദൈവം അവസരം തന്നു. പിന്നീട് മാർ ഒസ്താത്തിയോസ്

തിരുമേനി കാലം ചെയ്യുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ശുപാർശപ്രകാരം പ. സുന്നഹദോസ് മിഷൻ ബോർഡിന്റെ പ്രസിഡന്റായി എന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. അയോഗ്യനായ എനിക്ക് ഒരു വലിയ ദൈവകൃപയാൽ മിഷൻ ബോർഡു രംഗത്തു ആ പിതാവിന്റെ പിൻഗാമിയാകുവാനുള്ള ഭാഗ്യമുണ്ടായി.

കഴിഞ്ഞ 40 വർഷത്തെ ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ധാരാളം അനുഭവങ്ങൾ എടുത്തുപറയുവാനുണ്ട്. ബ. ഡോ. കെ. എം. ജോർജ് അച്ചൻ, "തേജസ്സുറ്റ മുഖത്തു മൂടുപടമിട്ട മോശയെ" കുറിച്ച് വിശദീകരിക്കുമ്പോൾ പറയുന്നു; "ആരും ഒരിക്കലും അറിയാത്ത ഏതാനും നന്മകളെങ്കിലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു? ഒരിക്കലും അവ അറിയപ്പെടാതിരിക്കണം. നമ്മുടെ മരണത്തോടെ എന്നെന്നേക്കുമായി അതു വിസ്മരിക്കപ്പെടണം" (അനുഗൃഹീതമായ കണ്ണുനീർ: പേജ് 29). ഗുരു-ശിഷ്യ ബന്ധത്തിൽ എന്തെങ്കിലും ചെറിയ നന്മകൾ ഉണ്ടെങ്കിൽ സ്തുതി ദൈവത്തിനും ക്രെഡിറ്റ് ഗുരുവിനുമായിരിക്കട്ടെ.

എമിൽ ബ്രൂണറുടെ മിഷനെക്കുറിച്ചുള്ള ദർശനം "The church exists by mission just as fire exists by burning" (കത്തുന്നതിലൂടെ തീ നിലനിൽക്കുന്നതുപോലെ, പ്രേഷിത പ്രവർത്തനത്തിലൂടെയാണ് സഭ നിലനിൽക്കുന്നത്) എന്ന പ്രമാണം തന്റെ ജീവിതത്തിൽ മുറുകെപ്പിടിച്ച പിതാവായിരുന്നു മാർ ഒസ്താത്തിയോസ്. ഊണിലും ഉറക്കത്തിലും മിഷനെക്കുറിച്ചു മാത്രമേ തിരുമേനിക്കു പറയുവാനുണ്ടായിരുന്നുള്ളു. 'ദരിദ്രരെ ഓർത്തുകൊള്ളണം" (ഗലാത്യർ 2:10) എന്ന വേദഭാഗം തന്റെ അന്ത്യകല്പനയിലും ചേർക്കുവാൻ വിട്ടുപോകാതിരുന്നത്, ആ സമൂഹത്തോടുള്ള തന്റെ കരുതലിന്റെ ഭാഗമായിരുന്നു. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" (അപ്പോ. പ്ര. 20:35) എന്ന കർത്തൃവചനം അക്ഷരാർത്ഥത്തിൽ പാലിച്ച പിതാവായിരുന്നു തിരുമേനി.

ദൈവതിരുനാമമഹത്വത്തിനും സമൂഹത്തിൽ കഷ്ടപ്പെടുന്നവരുടേയും ദുരിതമനുഭവിക്കുന്നവരുടേയും ഉയർച്ചയ്ക്കും വിടുതലിനും വേണ്ടി ചെയ്യുന്നതെല്ലാം 'മിഷൻ' ആണെന്നു തിരുമേനി വിശ്വസിച്ചിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങൾ എല്ലാം ഈ ആത്മാവിന്റേതുമായിരുന്നു. പ്രധാനമായ മിഷൻ വീക്ഷണങ്ങൾ എന്നു പറയുന്നത്:-

1. ദൈവീകരണത്തിലൂടെയുള്ള മിഷൻ.

2. കാരുണ്യ പ്രസ്ഥാനപ്രവർത്തനങ്ങളിലൂടെ ദൈവത്തിന്റെ കരുതലും സ്നേഹവും പങ്കിടുക.

3. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളും, തിന്മകളുടെ വ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്ന - മനുഷ്യാവകാശങ്ങൾക്കും പരിസ്ഥിതിസന്തുലിതാവസ്ഥയ്ക്കും - വേണ്ടിയുള്ള പ്രവർത്തനങ്ങളും.

4. ആളാംപ്രതിയുള്ള സുവിശേഷീകരണം.

തിരുമേനിയുടെ മിഷൻവീക്ഷണത്തിലെ പരിഗണനാക്രമങ്ങളും ഇതു തന്നെയായിരുന്നു എന്നു പൂർണ്ണമായി വിശ്വസിക്കുന്നു. "ഭൂവിലശേഷം - ക്രിസ്തീയ മിഷൻ ഒരു സമകാലിക സമീപനം" എന്ന ഗ്രന്ഥത്തിൽ ഇതു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സോഷ്യൽ ആക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിന്നു പോരാടിയില്ലെങ്കിലും W.C.C, NCCI, K.C.C. പോലുള്ള പ്രസ്ഥാനങ്ങളോടു ചേർന്നു നിന്നുകൊണ്ട് എഴുത്തിലൂടെയും പ്രഭാഷണത്തിലൂടെയും ശ്രദ്ധേയമായ നേതൃത്വം മാർ ഒസ്താത്തിയോസ് നൽകിയിട്ടുണ്ട്. ആളുകൂട്ടാൻ വേണ്ടിയുള്ള മതപരിവർത്തനത്തെ ഒരിക്കലും അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടില്ല. എന്നാൽ സത്യം, ധർമ്മം, നീതി, കരുണ, വിശുദ്ധി എന്നിവയിലേക്കുള്ള മനഃപരിവർത്തനത്തിന് ഊന്നൽ കൊടുത്തിരുന്നു. ഇന്നു മുൻഗണനന നൽകേണ്ട മിഷൻ ഉപാധികളെക്കുറിച്ച് ടി പുസ്തകത്തിൽ പറയുന്നുണ്ട് (pp. 96-118). ചിലതു മാത്രം എടുത്തെഴുതട്ടെ.

1. വി. കുർബ്ബാന ഏറ്റവും വലിയ മിഷൻ അനുഭവമായി കാണുന്നു. തിരുശരീരരക്തങ്ങളിൽ പങ്കാളികളായി ലോകത്തിലേക്കു പോകുന്ന സഭ ക്രിസ്തുസാന്നിദ്ധ്യമായി ലോകത്തിൽ ആകുന്നതു തന്നെ വലിയ മിഷൻ.

2. മിഷൻ പരിശീലനകേന്ദ്രത്തിലൂടെയുള്ള പ്രവർത്തനത്തെ മുൻകണ്ടുകൊണ്ടാണ് മാവേലിക്കര സെന്റ് പോൾസിൽ അത്മായ മിഷൻ പരിശീലനം ആരംഭിച്ചത്. ഏതായാലും തിരുമേനിയുടെ കാലത്ത് അതു മുടങ്ങാതെ നടന്നു. സെറാമ്പൂർ യൂണിവേഴ്സിറ്റി മിഷൻ പഠനത്തിനു ഡിഗ്രി നൽകുവാൻ ( B.Miss) അംഗീകാരം നൽകിയെങ്കിലും ഇന്നു പഠിക്കുവാൻ വിദ്യാർത്ഥികളില്ല.

3. ക്രിസ്തീയ കാര്യവിചാരകത്വം മിഷനായി തിരുമേനി കാണുന്നു. താലന്തുകളുടെ ഉചിതമായ വിനിയോഗം.

4. സ്ഥാപനങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ. സഭ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും (വിദ്യാഭ്യാസം, ആശുപത്രി ഉൾപ്പെടെ) ദൈവസ്നേഹത്തിന്റെയും കരുതലിന്റേയും സ്ഥാപനങ്ങൾ ആയിരിക്കണം എന്നദ്ദേഹം ആഗ്രഹിച്ചു.

5. ഗ്രാമങ്ങളുടേയും ചേരികളുടേയും വിമോചനം. ഒറീസായിലെ കലഹണ്ടി മിഷൻ പോലുള്ള പ്രവർത്തനം ഈ ആഗ്രഹത്തിൽ തുടങ്ങിയവയാണ്.

6. സന്യാസപ്രസ്ഥാനങ്ങൾ മിഷൻവേദികളാകണം. തിരുമേനി തുടങ്ങിയ പുതുപ്പാടി, പനയമ്പാല മുതലായ ആശ്രമങ്ങളിലേയും മഠങ്ങളിലേയും അംഗങ്ങളാണ് ഇന്ന് മിഷൻബോർഡിന്റെ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നത്. സമർപ്പിതരായ പ്രവർത്തകരുടെ അഭാവം, പുതുതായി പലതും തുടങ്ങുവാൻ തടസ്സം സൃഷ്ടിക്കുന്നു.

7. കൺവൻഷൻ പന്തലുകൾ:- ഏറ്റവും വലിയ കൺവൻഷൻ പ്രസംഗകനായിരുന്ന തിരുമേനി ഈ വേദിയും മിഷനു പ്രയോജനപ്പെടണമെന്നാഗ്രഹിക്കുന്നു.

അഭിവന്ദ്യനായ വലിയ തിരുമേനിയുടെ മിഷൻ ദർശനങ്ങളെക്കുറിച്ച് വളരെ കാര്യങ്ങൾ എഴുതുവാൻ മനസ്സ് വെമ്പൽകൊള്ളുന്നെങ്കിലും വിസ്തരഭയത്താൽ ചുരുക്കുന്നു. ഒരായുസ്സു മുഴുവനും തേടിയതു മലങ്കരസഭയ്ക്കും മിഷൻ പ്രവർത്തനങ്ങൾക്കും പാവങ്ങൾക്കും പ്രയോജനപ്പെടുവാൻ വേണ്ടി മാത്രം.

സഭാചരിത്രം, സഭാപിതാക്കന്മാരുടെ ജീവചരിത്രം മുതലായവ ഒരു സൂക്ഷ്മദൃക്കിന്റെ ഭാവത്തോടെ, കാലികപ്രസക്തമായ കാഴ്ചപ്പാടോടെ അവതരിപ്പിക്കുവാൻ ഈ പ്രായത്തിലും അഹോരാത്രം അദ്ധ്വാനിക്കുന്ന കെ. വി. മാമ്മന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. മൂന്നരപ്പതിറ്റാണ്ടിനപ്പുറമുള്ള ഒരാത്മബന്ധം അദ്ദേഹവുമായിട്ടുണ്ട്. എന്നും അദ്ദേഹം എന്റെ ഒരു അഭ്യുദയകാംക്ഷിയുമാണ്. പ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു നവചൈതന്യം പകർന്ന 'സഭാരത്നം' ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മിഷൻ ദർശനങ്ങളേയും പ്രവർത്തനങ്ങളേയും കേന്ദ്രീകരിച്ചുള്ള പുസ്തകമാണ് 'ദൈവിക ദയ ഒഴുകിയ ശ്രേഷ്ഠ വഴികൾ' എന്നത്. സഭാ മിഷൻ പ്രവർത്തനങ്ങളെ മൊത്തത്തിൽ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുന്നില്ല. പല ലേഖനങ്ങളും വ്യക്തികൾ എഴുതിയിരിക്കുന്നതിനാൽ അതിന്റേതായ 'പ്രത്യേകത'യുമുണ്ട്. മിഷൻ ബോർഡിന്റെ ചരിത്രം, സ്ഥാപനങ്ങളുടെ തുടക്കക്രമം എന്നിവയും ഒരളവുവരെ ഇവയിൽ പരിഗണിച്ചിട്ടുണ്ട്. അമേരിക്കയിലെ, ഡിട്രോയിറ്റിലുള്ള രാജു മർക്കോസിന്റെ പ്രത്യേക താൽപര്യമാണ് ഈ ഗ്രന്ഥനിർമ്മിതിക്കു മുഖാന്തരം. അദ്ദേഹം അഭിനന്ദനീയമായ കൃതജ്ഞത അർഹിക്കുന്നു. അദ്ദേഹത്തെയും കെ. വി. മാമ്മനേയും ദൈവം കൂടുതൽ ഉപയോഗിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ആത്മസന്തോഷപൂർവ്വം സമർപ്പിക്കുന്നു



സ്ലീബാദാസസമൂഹം 1924-ൽ സ്ഥാപിച്ച് ദളിത് വിഭാഗങ്ങളെ ശ്രീയേശു ക്രിസ്തുവിന്റെ നിർമ്മല സുവിശേഷത്തിന്റെ വഴികളിൽ എത്തിക്കാൻ ജീവിതം സമർപ്പിച്ച മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും “മലങ്കരസഭയുടെ പൗലൂസ് അപ്പോസ്തോലനുമായ” മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ “ദൈവിക ദയ ഒഴുകിയ ശ്രേഷ്ഠ വഴികളെ” ആദരത്തോടും അതിലുപരി ആത്മസന്തോഷത്തോടും സമർപ്പിച്ചു കൊള്ളുന്നു.

**- എഡിറ്റർ**

# മിഷൻ ബോർഡ് സാരഥികൾ



ഡോ. യൂഹാനോൻ മാർ
ക്രിസോസ്റ്റമോസ്



ഡോ. യൂഹാനോൻ മാർ
തേവോദോറോസ്



കെ. ഐ. ഫിലിപ്പ് റമ്പാൻ

# ഉള്ളടക്കം

അനുഗ്രഹാശംസ
- പ. കാതോലിക്കാ ബാവാ 5
അവതാരിക
- ഫാ. ഡോ. ജേക്കബ് കുര്യൻ 6
ആമുഖം 15
മഹാമേരുവിന്റെ ചുവട്ടിൽ
- ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് 26
മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രേഷിത പ്രവർത്തനം 34
മലങ്കര ഓർത്തഡോക്സ് സഭയുടെ ദൗത്യം 52
സുവിശേഷ പ്രവർത്തനത്തിന്റെ സവിശേഷ പ്രസക്തി 59
മിഷൻ എന്ത്? എന്തിന്? 62
സഭാ മിഷൻ ബോർഡിന്റെ വായും തൂണും മല്പാനും 72
ദൈവികസ്നേഹത്തിന്റെ പ്രഘോഷകനും പ്രചാരകനും
- ജോസ് കുര്യൻ, പുളിയേരിൽ 82
സർവ്വേശ്വരൻ നടത്തിയ ശസ്ത്രക്രിയ
- കെ. ഐ. ഫിലിപ്പ് റമ്പാൻ 96
പറയാതെ പഠിപ്പിക്കുന്ന ശ്രേഷ്ഠാചാര്യൻ 101
ആഗോള ദർശനമുള്ള സഭാനേതാവ്
- മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ 102
സവിശേഷതകളുടെ നിറകുടമായ സുവിശേഷാലയം 104
മിഷൻ അവബോധം അനുരണനം ചെയ്യുന്ന സൽഗ്രന്ഥ സമുച്ചയം
- റവ. ഡോ. കെ. എൽ. മാത്യു വൈദ്യൻ 115
പുതുപ്പാടി ബാലഭവൻ യൗവ്വനത്തിൽ
- ജോർജ്ജ് മോഡിയിൽ റമ്പാൻ കോർഎപ്പിസ്കോപ്പാ 126
പൊന്നിനേക്കാൾ മിന്നുന്ന തങ്കസ്മരണകൾ
- അനിയൻ പൊന്നോല 128
എന്നും പ്രവർത്തനനിരതമായ പുതുപ്പാടി കോൺവെന്റ് 134
രോഗ-വിവാഹ-കിഡ്നി-ഹൃദയ സഹായ ഫൗണ്ടേഷനുകൾ
- ഫാ. ഡോ. ടി. ജെ. അലക്സാണ്ടർ 141
നല്ലില: എം. വി. ജോർജ്ജ് അച്ചന്റെ സെന്റ് പോൾസ് ഗ്രാമം
- ജോസ് പി. റ്റി. നല്ലില 158
യാച്ചാരം: വരണ്ട മരുഭൂമിയിൽ പച്ചവിരിച്ച ഒരു സുവിശേഷവയൽ
- ഫാ. തോമസ് വറുഗീസ് 164
തല ചായിക്കാൻ ഇടം കിട്ടാഞ്ഞ സന്യാസി
- തൊമ്മി ചെറിയാൻ, സെക്കണ്ടറബാദ് 169

ആന്ധ്രയിലേക്കുള്ള ആഹ്വാനം
- കെ. സി. ഈപ്പൻ, കണ്ടത്തിൽ 172
ദുരന്തനിവാരണ പ്രവർത്തനം സഭയുടെ നല്ല നീക്കം
- പ്രൊഫ. കെ. സി. ജോർജ്, കാക്കരോത്ത് 175
ഒറീസ്സയിലെ കലഹണ്ടി 177
തുംകൂറിലെ ദയാ ഭവൻ 187
കാരുണ്യ ആശ്രമവും ബാലഭവനവും
- ഫാ. ജോബ് മാത്യു 194
സെന്റ് ജോർജ്ജ് ബാലികാഗ്രാം
- സിസ്റ്റർ എലിസബത്ത് 196
നാംസ് സ്നേഹസദൻ
- എൻ. എം. അച്ചൻകുഞ്ഞ് 200
ജീവിതസായാഹ്ന സംരക്ഷണകേന്ദ്രം 207
ആലപ്പുഴയിൽ ഒരു കാരുണ്യതീരം 209
ആൻഡമാൻ ബാലഭവനത്തിന്റെ ആഹ്വാനം
- ഫാ. സി. സി. തോമസ് 212
ലോകത്തിന്റെ മേൽപുരയായ നേപ്പാളിലും ഭവനനിർമ്മാണം
- കെ. ജി. മത്തായിക്കുട്ടി 218
മൗണ്ട് ഒലിവറ്റ് മോസിം സെന്റർ
- പ്രൊഫ. ടി. എം. മാത്യു തൈക്കടവിൽ 221
സ്തേഫാനോസ് മാർ തേവോദോസിയോസിന്റെ ദർശനവും ദൗത്യവും
- പ്രൊഫ. കെ. സി. മാണി 227
കെ. ഐ. ഫിലിപ്പ് റമ്പാൻ: മലങ്കരസഭയുടെ ആധുനിക നഥനിയേൽ
- കെ. ജി. അലക്സാണ്ടർ, ചന്ദനപ്പള്ളി 236
നാംസ് പ്രസ്ഥാനത്തിന്റെ ഉദയവും ഉയർച്ചയും
- പ്രൊഫ. ഡി. മാത്യു 249
ഐ നാംസ് സുവിശേഷത്തിന്റെ സഹബദ്ധർ
- പ്രൊഫ. പി. കെ. കുര്യൻ 253
ഐ നാംസിലെ സ്ത്രീ സാന്നിധ്യം
- പ്രൊഫ. മേരി കുര്യൻ 285
ഇമ്പം പകർന്നു നൽകുന്ന അൻപ് കൂട്ടായ്മ
- സാബു ഉതിക്കൽ വാകത്താനം 295
നാംസ് പുത്തൂർ യൂണിറ്റു വീടു നൽകി
- ജോർജ്ജ് തോമസ് നെല്ലിപ്പിള്ളിൽ 297
ആത്മീയജീവിതത്തിന്റെ പ്രചോദനമായി മാറിയ പ്രവാചകശബ്ദം
- രാജു മർക്കോസ്, ഡിട്രോയിറ്റ് 299
"അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ" മാർ ഒസ്താത്തിയോസ്
- പ്രൊഫ. പി. സി. വർഗീസ് 302

# മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രേഷിത പ്രവർത്തനം: ഒരവലോകനം

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പ്രിയ ശിഷ്യനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52-ൽ 'മലങ്കര' എന്ന സ്ഥലമുൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ ഏഴരപ്പള്ളികൾ സ്ഥാപിച്ച് ഇന്ത്യയിലെ പ്രഥമ ക്രൈസ്തവ സഭയ്ക്ക് അടിസ്ഥാനമിട്ടുവെന്നും പ്രസ്തുത സഭ കാലക്രമേണ മലങ്കരസഭയെന്ന് അറിയപ്പെട്ടുവെന്നതും ഒരു ചരിത്രസത്യവും, തലമുറതലമുറകളായി കൃത്യതയോടെ കൈമാറി വന്നിട്ടുള്ളതുമായ പാരമ്പര്യ വിശ്വാസവും ആണ്. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് പൗരോഹിത്യ നൽവരവും ആരാധനാക്രമങ്ങളും സ്വായത്തമാക്കിയ ആദിമസഭാംഗങ്ങൾ തങ്ങൾക്ക് ലഭിച്ച വിശ്വാസവും, ആചാരരീതികളും കലർപ്പ് കൂടാതെ കാത്തുപാലിക്കുന്നതിൽ സദാ ശ്രദ്ധാലുക്കളുമായിരുന്നുവെന്ന് ആർക്കും സധൈര്യം പ്രസ്താവിക്കുവാനാവും. ആദിമസഭ സുവിശേഷീകരണത്തിന് അമിതപ്രാധാന്യം നൽകി പോന്നിരുന്നില്ലെങ്കിലും അല്പാല്പമായി തങ്ങളാലാവത് ഓരോ കാലഘട്ടത്തിലെയും പരിശുദ്ധ പിതാക്കന്മാർ ചെയ്തുപോന്നിരുന്നു.

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച പൈതൃകവും വിശ്വാസരീതികളും നിലനിർത്തേണ്ടതിന് അഭിവാജ്യഘടകമായ അപ്പോസ്തോലിക പൗരോഹിത്യത്തിന്റെ പിൻതുടർച്ച അഭംഗം നിലനിർത്തുവാൻ തദ്ദേശത്ത് അസാദ്ധ്യതകൾ നിലനിന്ന പല അവസരങ്ങളിലും പല വിദേശ മേലദ്ധ്യക്ഷന്മാരെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. ഇക്കാര്യത്തിനായി പ്രധാനമായും ആശ്രയിച്ചിട്ടുള്ളതും ലഭ്യമായിട്ടുള്ളതും പേർഷ്യൻ ഓർത്തഡോക്സ് സഭകളിൽ നിന്നുമാണ്. പേർഷ്യൻ സഭയിലെ മെത്രാപ്പോലീത്താമാർ പല കാലങ്ങളിൽ മലങ്കരസഭ സന്ദർശിച്ചതിന്റെ രേഖകളും ലഭ്യമാണ്.

1498-ൽ വ്യാപാരാർത്ഥം കേരളത്തിലെത്തിച്ചേർന്ന പോർട്ടുഗീസുകാർ ഒന്നാമതായി ലക്ഷ്യമിട്ടത് അവരുടെ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുക എന്നതും രണ്ടാമതായി റോമൻ കത്തോലിക്കാ വിശ്വാസം മലങ്കര നസ്രാണികളായവരിൽ അടിച്ചേൽപ്പിക്കുക എന്നതുമായിരുന്നു. സഹോദരന്മാരായും, അഭ്യുദയകാംക്ഷികളായും പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും, കാലക്രമേണ അവരുടെ ഉള്ളിലിരുപ്പ് വ്യക്തമാക്കിത്തുടങ്ങി. മലങ്കരയിലെ സകല വിശ്വാസികളെയും റോമൻ സഭയുടെ ആധിപത്യ

ത്തിൻകീഴിലും റോമൻ സഭയുടെ പാരമ്പര്യങ്ങളുടെ അനുയായികളായും രൂപാന്തരപ്പെടുത്തുക എന്നത് മാത്രമായി അവരുടെ ലക്ഷ്യം. അന്നുവരെ സസ്യഭുക്കുകളായിരുന്ന മലങ്കരസഭാമക്കളെ മാംസഭുക്കുകളാക്കുവാൻ പ്രേരിപ്പിച്ചെന്ന് മാത്രമല്ല നികൃഷ്ടവും നിർദാക്ഷിണ്യവുമായ പീഡിത മാർഗ്ഗങ്ങളിലൂടെ നിർബന്ധിക്കുകയുമുണ്ടായി. ധിക്കാരപരമായ അധികാര ദുർവിനിയോഗത്തിലൂടെ മലങ്കരസഭാ നേതൃത്വത്തെ അവർക്കു ഉദ്ദേശി ച്ചതുപോലെ സ്വാധീനിക്കുവാൻ കഴിയാതെ വന്നപ്പോഴാണ് ദുർവാശി യോടും നിർബന്ധബുദ്ധിയോടുംകൂടി അവരുടെ മത്സരമാരംഭിച്ചത്. അതിന്റെ പരണിതഫലമായി സാമാന്യ മര്യാദകൾക്കും തത്വങ്ങൾക്കും എതിരായി പോർട്ടുഗീസ് കൈയടക്കലിൽ വ്യഥയും പ്രതിഷേധവും പൂണ്ട മലങ്കരസഭാ വിശ്വാസികൾ 1653-ൽ കൂൻകുരിശ് സത്യം പ്രഖ്യാപിച്ച് ജന്മസിദ്ധമായ സ്വാതന്ത്ര്യവും മാനവും അഖണ്ഡതയും വീണ്ടെടുത്തു. അതുവരെ മലങ്കരസഭയെ മേയിച്ച് ഭരിച്ചുവന്ന അർക്കദിയാക്കോന്മാരുടെ സ്ഥാനത്ത് മാർത്തോമ്മാ ഒന്നാമൻ എന്ന് തുടങ്ങിയ നാട്ടുമെത്രാന്മാരുടെ ചുമതലയിലും മേൽനോട്ടത്തിലും പുരാതന രീതിയിൽ സഭാകാര്യങ്ങൾ കൃത്യമായും കണിശമായും നടത്തപ്പെടുവാൻ ഇടയായി. മാർത്തോമ്മാ ആറാമൻ എന്ന വലിയ മാർ ദീവന്നാസ്യോസ് സഭാഭരണം നടത്തിവ രവേ കത്തോലിക്കാ സഭയുമായി പുനരൈക്യമെന്ന ചിന്ത സജീവമാ ക്കുവാൻ കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് പോന്നവരും സത്യത്തിൽ മലങ്കരസഭാ പൈതൃകം നഷ്ടപ്പെട്ടു പോകരുതെന്ന് ആഗ്രഹിച്ചവരുമായ ഏതാനുംപേരുടെ ഉത്സാഹത്തിൽ ശ്രമങ്ങൾ ഉണ്ടായി എങ്കിലും അത് സംബന്ധമായ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു.

മാർത്തോമ്മാ ആറാമൻ മെത്രാപ്പോലീത്തായുടെ കാലത്ത് തന്നെ യാണ് ലണ്ടൻ മിഷനറി സൊസൈറ്റ് (LMS) യും, മറ്റ് ചില യൂറോപ്യൻ മിഷനറി സമൂഹങ്ങളും കേരളത്തിലെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചത്.

19-ാം ശതകത്തിന്റെ ആദ്യ ദശാബ്ദങ്ങളിൽ തന്നെ ബ്രിട്ടീഷ് ഭരണ കൂടം കേരളത്തിൽ സ്ഥാനം പിടിച്ചുപറ്റിയിരുന്നു. സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും പുരോഹിതവർഗ്ഗത്തെ ഉന്നത വിദ്യാഭ്യാസമുള്ളവരാക്ക ണമെന്ന കാര്യം നിഷ്കർഷിച്ചത് ബ്രിട്ടീഷ് മിഷനറിമാരായിരുന്നു. റസി ഡണ്ട് പദവി അലങ്കരിച്ചിരുന്ന കേണൽ മൺട്രോയെ പോലെയുള്ള ഉന്നത സ്ഥാനീയരുടെ കാഴ്ചപ്പാടും താത്പര്യവും ഇക്കാര്യം സാധിത മാകുന്നതിൽ ഏറെ സഹായിച്ചു. തത്ഫലമായി കോട്ടയത്ത് സ്ഥാപിത മായ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയ്ക്ക് ബ്രിട്ടണിലെ ചർച്ച് മിഷനറി സൊസൈറ്റി (LMS) യുടെ സേവനങ്ങൾ ലഭ്യമാക്കാ നുള്ള ക്രമീകരണങ്ങളായി. അങ്ങനെ കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെ ആദ്യമായി വ്യവസ്ഥാപിതമായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ

ഈറ്റില്ലമായി പഴയസെമിനാരിയെ വികസിപ്പിക്കാനായത് മലങ്കരസഭയുടെതന്നെ ഒരു ഭാഗ്യമാണ്.

മലങ്കരസഭയെ സഹായിക്കാനെത്തിയവരെന്ന രൂപത്തിലും ഭാവത്തിലും പ്രവർത്തനമാരംഭിച്ച മിഷനറിമാരും അവരുടെ മേൽസ്ഥാനികളും മലങ്കരസഭയെ ഒരു നവീകരണസഭയായി രൂപാന്തരപ്പെടുത്തുവാൻ കച്ചകെട്ടിയവരാണെന്ന ബോദ്ധ്യം മലങ്കരസഭാ മക്കൾക്ക് തോന്നിത്തുടങ്ങിയപ്പോൾ മേലിൽ മിഷനറിമാരുമായി സഹകരിച്ച് മുന്നോട്ട് പോകാനാവില്ല എന്ന തിരിച്ചറിവിലെത്തി. അത്രമാത്രം വിശ്വാസാചാരങ്ങളിൽ മാറ്റം വരുത്തണമെന്ന നിർബന്ധബുദ്ധി അവരും പ്രയോഗിച്ചിരുന്നു. മാവേലിക്കര പടിയോല എന്ന അതിപ്രശസ്ത രേഖ രൂപപ്പെടുത്തിയതിന് ശേഷമാണ് സി.എം.എസ്. മിഷനറിമാരുമായുണ്ടായിരുന്ന സൗഹാർദ്ദവും സഖ്യവും ഇല്ലാതായത്. എന്നിരുന്നാലും മലങ്കരസഭയുടെ മത-സാമൂഹ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ സി.എം.എസ്. മിഷനറിമാരുമായുള്ള സഖ്യവും സ്നേഹബന്ധവും ഏറെ ഉപകരിച്ചുവെന്നത് ഒരിക്കലും വിസ്മരിക്കാനാവില്ല.

സി.എം.എസ്. മിഷനറിമാർ മലങ്കരസഭയിലൂടെ നിറവേറ്റാൻ ആഗ്രഹിച്ച "വിജാതീയ മിഷൻ" എന്ന ബൃഹത്തായ പദ്ധതിയിൽ പല മലങ്കരസഭാ പിതാക്കന്മാർക്കും അവരവരുടേതായ ചില ശൈലികളിൽ അല്പമായും അധികമായും പ്രവർത്തിക്കാനായി എന്നത് ഏറെ ശ്രേഷ്ഠമായ ഒരു സംഗതിയാണ്. 1848 ജൂൺ 15-ന് ഭൂജാതനായ, മലങ്കരസഭയുടെ മഹാഭാഗ്യം പരിശുദ്ധ പരുമല തിരുമേനി എന്നപേരിൽ വിശ്വപ്രസിദ്ധനായ പുണ്യവാൻ, മെത്രാപ്പോലീത്തായായിരിക്കെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ അത്രേ അറിയപ്പെട്ടിരുന്നത്. പരിശുദ്ധൻ ബാല്യം മുതലേ നോമ്പും നിഷ്ഠയും ചിട്ടയുമുള്ള നമസ്കാരങ്ങളും കൊണ്ട് ജീവിച്ചിരിക്കെ തന്നെ അനേകായിരങ്ങൾക്ക് രോഗസൗഖ്യവും മനസ്സിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്ത ഒരു പുണ്യാത്മാവായിരുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ പ്രധാന ശക്തി പ്രാർത്ഥനയായിരുന്നു. പ്രാർത്ഥനകളുടെ ഗുണമേന്മയെപ്പറ്റി വളരെ വിസ്തൃതമായിട്ടായിരുന്നു പരിശുദ്ധൻ പറഞ്ഞുകൊണ്ടിരുന്നത്. പരിശുദ്ധ പരുമല തിരുമേനി ഓരോ യാമത്തിന്റെയും കൃത്യസമയത്തുതന്നെ പ്രാർത്ഥിക്കുമായിരുന്നു. കൃത്യസമയത്തെ പ്രാർത്ഥന ഏറെ പ്രയോജനപ്പെടുമെന്നതിന് തർക്കമില്ല. അന്നും ഇന്നുമുള്ള വിശ്വാസികൾ പ്രാർത്ഥിക്കുന്നത് ഒരു കർമ്മം കഴിക്കൽപോലെ ആയിപോകുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധ പരുമല തിരുമേനിയെപ്പോലെയുള്ള പുണ്യപിതാ

ക്കന്മാർ പ്രാർത്ഥന ഒരു ഹരമായി കൈക്കൊണ്ട് ദൈവസാന്നിദ്ധ്യം രുചിച്ചറിഞ്ഞ് ദൈവത്തോട് സംസാരിക്കുന്നുവെന്ന ബോദ്ധ്യത്തിൽ തികഞ്ഞ വിശ്വാസത്തോടും ഭയഭക്തിയോടും കൂടി പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുമായിരുന്നു. ആയതിനാലാണ് അദ്ദേഹം പരിശുദ്ധനായത് എന്ന് പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പരുമല തിരുമേനി കൊല്ലം, തുമ്പമൺ, നിരണം ഭദ്രാസനങ്ങളുടെ അധിപനായിരിക്കെയാണ് പരുമലയിൽ വൈദികവിദ്യാഭ്യാസത്തിനും സ്വന്ത ഉപവാസത്തിനും നിരന്തരമായ പ്രാർത്ഥനയ്ക്കും സ്വയമായി പ്രാവീണ്യവും മറ്റുള്ളവർക്ക് വളരെ ഹൃദ്യവും അനുകരണീയവും അഭിലഷണീയവുമായ മാർഗ്ഗദർശനമായി തീരാൻ സാധ്യമായത്. ഒരു കാലത്ത് പൈശാചികതയുടെ ശക്തികേന്ദ്രമായിരുന്ന പരുമലയിൽ സെമിനാരി സ്ഥാപിച്ചു. അവിടെനിന്നും നിരന്തര പ്രാർത്ഥനകളും ദൈവികസ്തുതികളും ആരാധനയും ഉയർന്ന് തുടങ്ങിയ നാളുകൾ മുതൽ സ്ഥിതിഗതികൾ മാറി. പരുമലയിലേക്ക് ഭക്തജനങ്ങളുടെയും ശിഷ്യസമ്പത്തിന്റെയും ഒഴുക്കും ധൃതഗതിയിലുള്ള സന്ദർശനങ്ങളും താമസവും ചിരപ്രതിഷ്ഠ നേടി. വൈദിക സ്ഥാനമാഗ്രഹിച്ച് വി. വേദവും വിശ്വാസവും പഠിക്കുവാനും മനസ്സിലാക്കുവാനും ഒട്ടേറെ അവൈദികരും പരുമലയിലേക്ക് ദിനംപ്രതി എത്തിച്ചേരുമായിരുന്നു. പരിശുദ്ധനാകട്ടെ തന്നെ ഭരമേൽപിച്ചിരുന്ന ഭദ്രാസനങ്ങളിലെ ആത്മീയ പരിപുഷ്ടിക്കായി കഠിനാദ്ധ്വാനം ചെയ്യേണ്ടിയുമിരുന്നു. ഇതു കൂടാതെ പ. സഭയെ നേരിട്ട് മത്സരഭാവേന എതിരിട്ടുകൊണ്ടിരുന്ന നവീകരണ പ്രസ്ഥാനക്കാരേയും ചെറിയതെങ്കിലും നിരന്തരമായി പ. സഭയുടെ ആത്മീയ പുരോഗതിക്കും കെട്ടുറപ്പിനും വിഘ്നാതങ്ങൾ സൃഷ്ടിപ്പാൻ പര്യാപ്തമായ ചെറു സംഘങ്ങളുടെയും ഏതാനും വിരുദ്ധശക്തിക്കാരുടെ വ്യക്തിഗത ആക്രമണങ്ങളെയും ഫലപ്രദമായി ചെറുത്തുനിന്നു. മലങ്കരസഭാമക്കളെ ഒന്നായി കണ്ട് അവരുടെ ആത്മീയ പരിപുഷ്ടിക്കായി സജീവവും സധൈര്യവുമായ നേതൃത്വം പ്രദാനം ചെയ്യുകയെന്നത് ഒരു കാരണവശാലും ഒരു ദിവസവും മാറ്റിവെയ്ക്കാനാവാത്ത ഒരു കർത്തവ്യമായി.

ഇതിനിടയിലും 'വിജാതീയ മിഷൻ' എന്ന ചിന്താഗതി പരിശുദ്ധനെ വളരെ ശക്തമായി സ്വാധീനിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ജാതിവ്യവസ്ഥയിലെ നിർദ്ധനരും നിരാലംബികളുമായവരെ ഉയർന്ന ജാതിക്കാരുടെ ചൂഷണത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെയും സ്നേഹവായ്പിന്റെയും ആശ്വാസത്തിനും സ്നേഹതലോടലിനും അർഹരാക്കാൻ പരിശുദ്ധന്റെ സ്ഥിരോത്സാഹ ഫലമായി സാദ്ധ്യമായി. തീണ്ടലും തൊടീലും നിലനിൽക്കെ അതിന്റെ കരാളഹസ്തം മുഖേന ദലിത് എന്നോ അവശരെന്നോ മേൽജാതിക്കാർ നിന്ദിക്കുകയും

പീഡിപ്പിക്കുകയും ചെയ്തിരുന്ന അനേക ദളിത് വംശജരുടെ പുനരുത്ഥാനത്തിനും സവർണ്ണ ജാതിക്കാരെപ്പോലെയായില്ലെങ്കിലും അവരും സ്വാതന്ത്ര്യവും സമാധാനവും അനുഭവിപ്പാനും യോഗ്യരായിരിക്കെ അവരുടെ സ്വപ്നസാധ്യത്തിനായി വളരെയേറെ പ്രവർത്തിക്കുവാൻ പരിശുദ്ധന് കഴിഞ്ഞു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവരുടെ സാമൂഹ്യ ഉന്നമനം കൈവരിക്കുവാൻ സാധിക്കൂ എന്ന് ബോധ്യപ്പെട്ട പരിശുദ്ധൻ സവർണ്ണ ചിന്താഗതിക്കാരുടെ എതിർപ്പിനെ അവഗണിച്ച് സ്കൂളുകൾ സ്ഥാപിച്ച് നൽകി. ക്രിസ്തുമതം സ്വമനസ്സാലെ സ്വീകരിച്ചവർക്ക് മാമോദീസാ നൽകി സഭയോട് ചേർത്തു എന്ന് പറഞ്ഞ് നിർത്താതെ അങ്ങനെയുള്ളവരുടെ സാമൂഹ്യനവോത്ഥാനവും ഉന്നമനവും കൈവരിക്കുവാൻ വേണ്ടി അക്ഷീണപരിശ്രമം നടത്താൻ പരിശുദ്ധന് സാധിച്ചു. പുതുതായി ക്രിസ്ത്യാനികളായവർക്കുവേണ്ടി പല ദേവാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുകയും ചെയ്തു.

കേരളചരിത്രത്തിൽ തന്നെ അധികമാരും അറിഞ്ഞിട്ടില്ലെങ്കിലും വളരെ ഹൃദ്യവും അനുകരണീയവും ആവശ്യവുമായ പ്രവർത്തനങ്ങളാണ് പരിശുദ്ധൻ കേരളത്തിന്റെ തന്നെ ഉത്തമമായ സാമൂഹ്യ പരിഷ്കരണത്തിനായി തിരികൊളുത്തി മാർഗ്ഗദർശനം നൽകിയത്. ദളിതർക്കെതിരെയുള്ള ചൂഷണത്തിൽനിന്ന് പിന്മാറണമെന്ന് ശക്തമായി പ്രസംഗിക്കുകയും എഴുത്തുകളിലൂടെ ആഹ്വാനം ചെയ്യുകയും ചെയ്തുപോന്നു. എല്ലാവർക്കും ഒരേപോലെ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാകണമെന്ന കാര്യത്തിൽ പരിശുദ്ധൻ ശക്തമായ നിലപാട് തന്നെ കൈക്കൊണ്ടുപോന്നു. അതിൽകൂടി മാത്രമേ ദളിത് വിഭാഗക്കാരുടെ നവോത്ഥാനം സാദ്ധ്യമാകൂ എന്ന് പരിശുദ്ധൻ വിശ്വസിച്ചിരുന്നു. അവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനോ അനുഗ്രഹം തേടിയവരുടെ തലകളിൽ കൈവെച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുന്നതിനോ യാതൊരു മടിയും കാട്ടാത്ത ഒരു പ്രത്യേക വ്യക്തിത്വമായിരുന്നു പരിശുദ്ധന്റേത്.

ദീർഘായുഷ്മാനായിരുന്നില്ലെങ്കിലും പരിശുദ്ധ പരുമല തിരുമേനിക്ക് താൻ സ്നേഹിച്ചവരും തന്നെ സ്നേഹിച്ചവരുമായ നാനാജാതിമതസ്ഥർക്ക് ആത്മീയ ഉണർവ്വിൽ രോഗസൗഖ്യവും, വിശുദ്ധ വേദപഠനവും, മാനസികമായ സന്തോഷവും സമാധാനവും നൽകാനായി. പ്രാർത്ഥനയുടെ ശ്രേഷ്ഠതയും മഹത്വവും സ്വജീവിതത്തിലൂടെ വ്യക്തമാക്കി പഠിപ്പിക്കാനായി. ഒരു നല്ല മാതൃകാജീവിതം കൈവരിച്ച് അനേകായിരങ്ങളുടെ ജീവിതശൈലിക്ക് മാർഗ്ഗദർശനമായി തീരാനായി. അതിലെല്ലാമുപരിയായി സഭയുടെ പൊതു ഉത്തരവാദിത്വത്തിലും വ്യക്തിതലത്തിലും എങ്ങനെ ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുകയും കരുതുകയും ചെയ്യണമെന്ന അവിഭാജ്യപാഠം ഉറപ്പിച്ചും തറപ്പിച്ചും പഠിപ്പി

ക്കാനായി. ഈ ലോകത്തിൽ നിന്നുമുള്ള വേർപാടിന് ശേഷവും അനേകായിരങ്ങൾ പരുമലയിലേക്ക് ദിനംപ്രതി ആകർഷിക്കപ്പെടുന്നതിന്റെ പിന്നിലെ സത്യവും പരിശുദ്ധന്റെ മദ്ധ്യസ്ഥതയുടെ സവിശേഷത തന്നെയാണ്.

### താബോർ ദയറ

പത്തനാപുരം മൗണ്ട് താബോറിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്യാസി-സന്യാസിനി മഠങ്ങൾ എന്നിവയുടെയും ഏതാനും ദൈവാലയങ്ങളുടെയും സ്ഥാപകൻ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി (1887–1972) ആണ്. ഒരു ശെമ്മാശനായിരിക്കെയായിരുന്നു അദ്ദേഹം തന്റെ പൊതുജനസേവന പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചത്. അദ്ദേഹം അധഃകൃതരുടെ ആത്മീയ ഉന്നമനത്തിനായി സമീപ പ്രദേശങ്ങളിലെ വിജാതീയ മിഷൻ കേന്ദ്രങ്ങളിലേക്ക് ദയറാ അംഗങ്ങളെ നിയോഗിച്ചു. പ്രാരംഭത്തിൽ മാവിൻ കീഴിലും മറ്റ് മരച്ചുവടുകളിലും മറ്റുമായിട്ടായിരുന്നു മിഷന്റെ പ്രവർത്തകർ താമസിച്ച് പ്രവർത്തിച്ചത്. പിൽക്കാലത്ത് ഈ സ്ഥലങ്ങളിൽ താബോർ ദയറായുടെ ശാഖകൾ ഉയർന്നു. പള്ളികളും സ്കൂളുകളും ഉണ്ടായി. കൂടുതൽ കൂടുതലായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വരുത്തുന്നതിനും അവയൊക്കെയും കാലോചിതമായി പരിഷ്കരിച്ച് മുന്നോട്ട് നയിക്കുന്നതിലും ദയറാ അംഗങ്ങൾ കൂടുതൽ ബദ്ധശ്രദ്ധരായപ്പോൾ സുവിശേഷപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനായില്ലായെന്ന സത്യം ഇന്നും നിലനിൽക്കുന്നു. സജീവമായി സഭാപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കേ പുണ്യശ്ലോകനായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി പല ആവർത്തി മലങ്കര സഭാമക്കളോട് ആഹ്വാനം ചെയ്ത "നിങ്ങൾ ഓരോ കുടുംബത്തിൽ നിന്നും ഓരോ മകനെ ദൈവികസേവനത്തിനായി സമർപ്പിക്കണം" എന്നത് അതേപോലെ കൈക്കൊള്ളാനായില്ലായെന്ന സത്യം വിസ്മരിക്കാതെ തന്നെ ഇന്നും പ്രാധാന്യമേറിയ ആഹ്വാനമായി മുഴങ്ങി നിലനിൽക്കുന്നു.

### പത്രോസ് മാർ ഒസ്താത്തിയോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷവേലയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ഒരു പരിശുദ്ധ പിതാവാണ് ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി (1886–1968). എം. പി. പീറ്റർ എന്ന പേരിൽ യൗവ്വനഘട്ടത്തിൽ സാമൂഹ്യ പരിഷ്കരണ സമിതികളിലും അധഃകൃതരുടെ ഉന്നമനത്തിനായുള്ള സമിതികളിലും ശക്തമായി നേതൃത്വം വഹിച്ചു. മദ്ധ്യവയസ്സിൽ സ്ലീബാദാസ സമൂഹാദ്ധ്യക്ഷനെന്ന നിലയിൽ സ്ലീബായുടെ ദാസന്മാരുമായി കേരളത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ കാൽനടയായും മറ്റും സഞ്ചരിച്ച് പ്രവർത്തിച്ചു. ഇന്ത്യൻ

പര്യടനവും നടത്തി. ജീവിതസായാഹ്നത്തിൽ അക്കാലത്ത് എല്ലാ തരത്തിലുമുള്ള വളർച്ചയിൽ പിന്നോക്കം നിന്നിരുന്ന മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമായി കഠിനാദ്ധ്വാനം ചെയ്തു. ജാതിക്കോമരങ്ങൾ കേരളത്തിൽ തീണ്ടലിന്റെയും തൊടീലിന്റെയും പേരിൽ കാട്ടിക്കൂട്ടിയ വിവേകശൂന്യവും തികച്ചും ലജ്ജാഭരിതവുമായ കാര്യങ്ങൾ ബഹുജനശ്രദ്ധ ആകർഷിക്കുംവിധം പത്രമാസികകളിൽ വിശദമായി റിപ്പോർട്ടുകൾ/ലേഖനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഒരു അവൈദികനായി പ്രാരംഭത്തിലും പിന്നീട് ഒരു ശെമ്മാശനായിരിക്കുമ്പോഴും അഭി. തിരുമേനി പ്രവർത്തിച്ചു. ചെറുകിട നാടുവാഴികളുടെയും കുടുംബത്തലവന്മാരുടെയും അധികാരത്തിൻകീഴിൽ അടിമകളെക്കാളും കഷ്ടമായി വിധേയത്വത്തോടും അസ്വാതന്ത്ര്യത്തോടും വീർപ്പ് മുട്ടിക്കഴിഞ്ഞിരുന്ന കീഴ്ജാതിക്കാരുടെ സ്വാതന്ത്ര്യം അനുവദിക്കാതെ പരദേശ സർക്കാരിൽ നിന്നും എപ്രകാരം രാജ്യത്തിന് സ്വാതന്ത്ര്യം നേടാനാവുമെന്ന ചോദ്യം എം. പി. പീറ്റർ ശെമ്മാശന്റെ തൂലികയിൽ നിന്നും പുറത്തുവന്നപ്പോൾ ശക്തമായ വാൾമുനയുടെ മൂർച്ചയും കുന്തമുനയുടെ കൂർപ്പുമുണ്ടായിരുന്നു. രാജ്യ സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ഒരു ഭാഗമായി കീഴ്ജാതികളുടെ സ്വാതന്ത്ര്യത്തിനായുള്ള അഭിവാഞ്ഛയും പ്രവർത്തനങ്ങളും. അധഃകൃതരുടെ അഭിവൃദ്ധിക്കും സ്വാതന്ത്ര്യത്തിവും വേണ്ടി എന്ത് ത്യാഗവും ചെയ്യുവാനും എത്രമാത്രം എതിർപ്പുകൾ ഉണ്ടായാലും അവയെ ശക്തമായി നേരിടുവാനും തയ്യാറുള്ള ഒരു വ്യക്തിത്വമായിരുന്നു എം. പി. പീറ്റർ ശെമ്മാശന്റേത്. ഇത്തരം പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ തന്നെ സ്വസമുദായത്തിന്റെ സ്വാതന്ത്ര്യത്തിനും കെട്ടുറപ്പിനും തന്നാലാവത് പ്രവർത്തിക്കുവാൻ എം. പി. പീറ്റർ ശെമ്മാശൻ സദാ സന്നദ്ധനായിരുന്നു. അഭി. തിരുമേനിയുടെ വാദഗതിയിൽ അന്ന് നിലനിന്നിരുന്ന തീണ്ടലും തൊടീലും ആത്മീയമായും രാഷ്ട്രീയമായും അടിസ്ഥാനരഹിതവും ആപൽക്കരവുമാണ്. മതവുമായി യഥാർത്ഥത്തിൽ ഇതിന് ബന്ധമില്ലായെന്നും പൈശാചികത വിശുദ്ധ വേദങ്ങളെ വ്യാഖ്യാനിക്കുന്നതിൽ കബളിപ്പിച്ചതിന്റെ ഫലമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ വാദവും സിദ്ധാന്തവും. കേരളത്തിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി രൂപംകൊണ്ട ബഹുജനപ്രസ്ഥാനത്തിന്റെ ഒരു മുന്നണിപ്പോരാളിയായിരുന്നു പീറ്റർ ശെമ്മാശൻ. 1953-ൽ മെത്രാപ്പോലീത്താ സ്ഥാനമേറ്റ അദ്ദേഹം സഭയുടെ മിഷനറി ബിഷപ്പായി അറിയപ്പെടുകയുണ്ടായി. സ്ലീബാദാസസമൂഹം രൂപംകൊണ്ടതിനുശേഷം നടത്തിയ അഖില ഭാരത പര്യടനവേളകളിൽ തന്റെ ഉന്നതാശയങ്ങൾ വിവിധ കേന്ദ്രങ്ങളിൽ പ്രചരിപ്പിക്കുവാനിടയായി. ആലംബഹീനരും അവശരും അർഹതയുള്ളവരുമായവരെ തേടി കണ്ടെത്തി അവർക്ക് സഹായവും കൈത്താങ്ങലും ശുശ്രൂഷകളും എത്തിക്കുക എന്നതായിരുന്നു സ്ലീബാദാസസമൂഹ

ത്തിന്റെ ലക്ഷ്യം. 1924-ലാണ് ഈ സമൂഹം രൂപമെടുത്തത്. ക്രിസ്തുമതം സ്വമനസ്സാലെ സ്വീകരിക്കുന്നവരെ യഥായോഗ്യം സ്വീകരിക്കുവാൻ സ്വസമുദായത്തിലെ തന്നെ ഉന്നതജാതി ചിന്തക്കാരെ മാനസിക പരിവർത്തനത്തിന് വിധേയരാക്കി. പുതുക്രിസ്ത്യാനികളെ കൂടി നിരുപാധികം സഭയിൽ ചേർക്കുവാൻ തക്കവിധം ഏവരെയും ഒരുക്കുക എന്നത് ഏറെ ക്ലേശകരമായ ഒരു കാര്യമായിരുന്നു. ലാളിത്യം പ്രവർത്തനശൈലിയിലും ഉൾപ്പെടുത്തിയ തിരുമേനിയുടെ ശ്രമങ്ങൾ ഒട്ടൊക്കെ വിജയിച്ചു. ക്രിസ്തുമതത്തെ സ്വീകരിച്ചിരുന്നവരുടെ ഭവനങ്ങൾ കുടിലുകളായാൽപ്പോലും അവ സന്ദർശിക്കുന്നതിനും അവരുടെ ആതിഥ്യം സ്വീകരിക്കുന്നതിനും തിരുമേനി മടികാണിച്ചിരുന്നില്ല. ഓരോ ഇടവകയിലും എത്തിയാൽ അവിടെ 'ഉള്ള സൗകര്യങ്ങളിൽ' ക്യാമ്പ് ചെയ്ത് സമീപപ്രദേശങ്ങളിൽ ദിവ്യദൂതും ശുശ്രൂഷകളും ചെയ്യുക എന്നതായിരുന്നു ഈ സമൂഹത്തിന്റെ പരിപാടി. തന്മൂലം അവരുടെയിടയിൽ അറിഞ്ഞും അറിയാതെയും നിലനിന്നിരുന്ന പല ദൂഷ്യങ്ങളും കാലക്രമേണ ഉപേക്ഷിച്ച് നല്ല പൗരന്മാരായി ജീവിക്കുവാൻ അവരൊക്കെയും പ്രേരിതരായി. തിരുമേനിയുടെ ഭദ്രാസന ചുമതലകൾ വർദ്ധിച്ചതോടെ കൂടുതൽ സമയവും അക്കാര്യങ്ങൾക്കായി മാറ്റിവെയ്ക്കേണ്ടതായി വന്നുവെന്നത് സ്ലീബാദാസ സമൂഹത്തിന്റെ ചിട്ടയായുള്ള വളർച്ചയ്ക്കല്ല പ്രത്യുത തളർച്ചയ്ക്കാണ് കാരണമായതെന്ന സത്യം അവശേഷിക്കുന്നു.

മേൽപറഞ്ഞ പരിശുദ്ധ പിതാക്കന്മാരുടെ മുമ്പും പിമ്പും ഒട്ടുമിക്ക പിതാക്കന്മാരും സുവിശേഷീകരണത്തിന് പ്രാമുഖ്യം നൽകി തങ്ങളാൽ ആവുംവിധം അദ്ധ്വാനിച്ചിട്ടുമുണ്ടെന്ന സത്യം വിസ്മരിക്കുന്നില്ല.

## സമൂല പരിവർത്തനം

20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആത്മീയ ദർശനത്തിന് ഒരു സമൂല പരിവർത്തനം പ്രദാനം ചെയ്ത് നവജീവന്റെ തുടിപ്പ് പ്രത്യക്ഷപ്പെടാൻ കാരണമായ പ്രേരകശക്തി 1918 ഡിസംബർ 9-നു മാവേലിക്കര ചെറുകോൽ മുണ്ടുവേൽ കൊച്ചിട്ടി-മറിയാമ്മ ദമ്പതികളുടെ മകനായി പിറന്ന് ബാല്യത്തിൽ എം. വി. ജോർജ്ജ് എന്നും വൈദിക പദവിയുടെ ഉന്നതസ്ഥാനമായ മെത്രാപ്പോലീത്തായായി അവരോഹണം ചെയ്തപ്പോൾ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി എന്നും അറിയപ്പെട്ടിരുന്ന പരിശുദ്ധ പിതാവ് മലങ്കരസഭയുടെ തന്നെ ഒരു വരദാനമാണ്. സുവിശേഷീകരണത്തിന് ബൃഹത്തായ പദ്ധതികൾ ഓരോന്നോരോന്നായി ആവിഷ്ക്കരിച്ചപ്പോഴും സത്യവിശ്വാസവും സുവിശേഷത്തിന്റെ പൊരുളും വ്യക്തവും സുതാര്യവുമാക്കി പഠിപ്പിച്ച് അനേകരെ സത്യവിശ്വാസികളും ദൈവിക

രുമായി രൂപാന്തരപ്പെടുത്തുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ പ. സഭയുടെ അമൂല്യരത്നം അഥവാ സഭാരത്നം എന്ന ബഹുമതിനാമം കൈവരിച്ച പുണ്യശ്ലോകനാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി.

1950-കളിൽ മലങ്കരസഭയിൽ അതുവരെയില്ലാതിരുന്ന സുസംഘടിതമായ കൺവൻഷൻ യോഗങ്ങൾ അങ്ങോളമിങ്ങോളം ആരംഭിക്കുകയും തന്മൂലം അനേകായിരങ്ങളുടെ വിശ്വാസതീക്ഷ്ണത കെട്ടുപോകാതെയും ഇല്ലാതാകാതെയും അതിന് പകരം ആളിക്കത്തിക്കുവാൻ പര്യാപ്തമായ ക്ലാസ്സുകളും പ്രസംഗപരമ്പരകളും തുടങ്ങി. വളരെയേറെ ഖ്യാതിയും അതിലേറെ പ്രശംസകളും ആകർഷകത്വങ്ങളും കൈവശമാക്കിയ രണ്ട് പണ്ഡിതരാണ് കോട്ടയം ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകരായി സേവനം ചെയ്തുവന്നിരുന്ന ബഹു. എം. വി. ജോർജ്ജ് ശെമ്മാശനും ബഹു. ടി. ജെ. ജോഷ്വാ ശെമ്മാശനും. വിവിധ കേന്ദ്രങ്ങളിലായി ഉയർന്ന കൺവൻഷൻ പന്തലുകൾ നിറഞ്ഞ് കവിഞ്ഞ് വിശ്വാസികളുടെ ആത്മീയ ആവേശവും ശുഷ്കാന്തിയും മുപ്പതും, അറുപതും, നൂറും മേനികളായി വർദ്ധിപ്പിക്കുവാൻ ഉതകുന്ന പ്രസംഗങ്ങളായിരുന്നു ഇവരിൽ നിന്നും ദിനം പ്രതി മുഴങ്ങിക്കൊണ്ടിരുന്നത്. താമസംവിനാ ഇരു ശെമ്മാശന്മാരും വൈദികരായി.

പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന അവസരത്തിൽ വായിച്ചു കേൾക്കുന്ന പ്രുമിയോൻ-സെദ്റായിൽ യിരമ്യാവിനെപ്പോലെയും ശമുവേലിനെപ്പോലെയും മാതാവിന്റെ ഉദരത്തിൽ നിന്നുതന്നെ ദൈവം അതത് പരിശുദ്ധനെയും വേർതിരിച്ചതായി വായിക്കാറുണ്ടല്ലോ. ഈ പ്രാർത്ഥന മലങ്കരസഭയുടെ എന്നുമെന്നത്തേയും അഭിമാനവും അനുഗ്രഹവുമായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ സംബന്ധിച്ച് അക്ഷരംപ്രതി ശരിയാണ്. ബാല്യം മുതൽ അദ്ദേഹത്തിൽ വളരെ സ്പഷ്ടമായി കാണുന്ന ഒരു സത്യവും, മഹത്വവും വിളങ്ങി ശോഭിച്ചുകൊണ്ടിരുന്ന ആഴമായ വിശ്വാസവും സമർപ്പണബോധവുമാണ്. ബാല്യത്തിൽ ജോർജ്ജുകുട്ടിയെന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന എം. വി. ജോർജ്ജ് ജനിച്ചുവളർന്നത് ഒരു സാധാരണ കർഷക കുടുംബത്തിലായിരുന്നതുകൊണ്ട് അന്നുണ്ടായിരുന്ന ഇല്ലായ്മകളിലും വല്ലായ്മകളിലും നിരാശനാകാതെ "മോനെ നീ ദൈവത്തോട് അപേക്ഷിക്ക്. അവിടുന്ന് പരിഹാരം നൽകും" എന്ന തന്റെ മാതാവിന്റെ നിരന്തര ഉപദേശം അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ട് പ്രത്യാശയോടെയും നിറഞ്ഞ വിശ്വാസത്തോടെയും പ്രാർത്ഥിക്കുകയും ദൈവത്തിൽ ശരണപ്പെടുകയും ചെയ്യുമായിരുന്നു. ദീർഘനേരം കതകടച്ചിരുന്ന് പ്രാർത്ഥിക്കുന്ന സ്വന്തം അമ്മയിൽ നിന്നും കണ്ടുപഠിച്ച് കൈമുതലാക്കിയ വിശ്വാ

സഭരിതമായ പ്രാർത്ഥനാശീലം ജീവിതാന്ത്യം വരെയും അദ്ദേഹത്തിന് ധന്യമായ മുതൽക്കൂട്ട് തന്നെയായിരുന്നു. ജീവിത സന്ധാരണത്തിന് ദൈവാശ്രയത്തോടൊപ്പം കഠിനാദ്ധ്വാനവും ആവശ്യമാണെന്ന കാര്യം നന്നേ ചെറുപ്പത്തിൽ തന്നെ ജോർജ്ജുകുട്ടി ഹൃദിസ്ഥമാക്കി. സ്വപിതാവിനെ കൃഷികാര്യങ്ങളിൽ സഹായിക്കുവാൻ പാടത്തും പുരയിടത്തിലും വെയിലിലും മഴയിലും അദ്ധ്വാനിക്കുക വഴി ചെറുപ്പത്തിൽ തന്നെ പ്രായോഗിക ജീവിതത്തിന്റെ പ്രഥമപാഠം ഹൃദിസ്ഥമായി. ഇക്കാര്യം പിൽക്കാലത്ത് തിരുമേനിയെ എത്രമാത്രം സഹായിച്ചുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ജോർജ്ജുകുട്ടിയെന്ന ബാലനെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച മണപ്പുറത്ത് ചാക്കോ ആശാന്റെ, തിരുമേനിയെപ്പറ്റിയുള്ള ധാരണയും ചിന്തയും പ്രവാചകശബ്ദത്തിന് തുല്യമായി പിൽക്കാല സംഭവങ്ങൾ ഒന്നൊന്നായി പരിശോധിക്കുമ്പോൾ വ്യക്തമാകുന്നുണ്ട്. അന്ന് ചാക്കോ ആശാൻ പറയുമായിരുന്നു: “ജോർജ്ജുകുട്ടി എന്ത് തന്നെ ദൈവത്തോട് ചോദിച്ചാലും ദൈവം അത് സാധിപ്പിച്ചു തരും” എന്ന്. യൗവ്വനത്തിന്റെ പടികൾ ഒന്നൊന്നായി ചവുട്ടിക്കയറിക്കൊണ്ടിരിക്കെ എം. വി. ജോർജ്ജിന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നത് സമൂഹത്തിൽ വേദനയും വിഷമവും ഇല്ലായ്മയും വല്ലായ്മയും കടിച്ചമർത്തി നേരം വൈകിക്കുന്ന ആശയറ്റ് കഴിയുന്ന ജനസമൂഹങ്ങളുടെ ഉദ്ധാരണവും അതിനുള്ള വഴികൾ തേടലുമായിരുന്നു. കൂടുതൽ യാത്രകൾ ചെയ്യവേ സംരക്ഷണവും സഹായവും ആവശ്യമായവരുടെ സംഖ്യ ഏറിഏറി വരുന്ന സത്യം മനസ്സിലാക്കി നിത്യേന വിങ്ങുകയും വിഷമിക്കുകയും അതോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു മനസ്സിന്റെ ഉടമയായിരുന്നു എം. വി. ജോർജ്ജ്. ജനിച്ചു വളർന്ന ഭവനത്തിൽ സാമ്പത്തിക ഭദ്രത ഇല്ലാതിരുന്നിട്ടു കൂടി ചുറ്റും അധിവസിക്കുന്ന പട്ടിണിപ്പാവങ്ങളെ തങ്ങളാൽ ആവുംവിധം സഹായിക്കാനുള്ള താത്പര്യവും ശുഷ്കാന്തിയും ജോർജ്ജുകുട്ടിയുടെ പ്രിയ മാതാവ് പ്രകടിപ്പിച്ചതിൽ നിന്നും മറ്റുള്ളവരെ കരുതുവാനും ഉള്ളത് പങ്കുവെയ്ക്കുവാനും ഉള്ള അടിസ്ഥാനപ്രമാണം ശക്തമായി കുറിക്കുവാൻ ജോർജ്ജുകുട്ടിയുടെ ബാലമനസ്സിന് സാധിച്ചിരുന്നു. അയൽപക്കങ്ങളിൽ കഴിഞ്ഞിരുന്ന പട്ടിണിപ്പാവങ്ങൾക്ക് തങ്ങളുടെ ആഹാരത്തിൽ നിന്നും ഒരു പങ്ക് മാറ്റിവെച്ച് നൽകുവാൻ മാതാവ് തത്രപ്പെടുന്നതു കണ്ട് വളർന്ന ബാലനായ ജോർജ്ജുകുട്ടി പലപ്പോഴും വീട്ടിൽനിന്നും നൽകുന്ന അരിയും മറ്റ് ഭക്ഷണസാധനങ്ങളും അമ്മ നിർദ്ദേശിക്കുന്ന വീടുകളിലെത്തിച്ചുകൊണ്ടിരുന്നു. ഇതേ കാരണങ്ങൾ മനസ്സിന്റെ അടിത്തട്ടിൽ പളുങ്കു പോലെ മിന്നിമിന്നി പ്രകാശിച്ചുകൊണ്ടിരിക്കുന്നതിനാലാണ് പിൽക്കാലത്ത് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് പങ്കിടുന്ന ദൈവവും പങ്കിടുന്ന ലോകവും

(Sharing God and sharing World) എന്ന പ്രശസ്ത ഗ്രന്ഥം വായനക്കാരുടെ ചിന്തയ്ക്കും പഠനത്തിനുമായി സമ്മാനിക്കാനായത്.

ബാല്യകാലത്ത് ഒരിക്കൽ കൂട്ടുകാരുമായി പന്ത് കളിക്കുമ്പോൾ ജോർജ്ജുകുട്ടി അടിച്ച പന്ത് സമീപവാസിയായ ഒരു അക്രൈസ്തവന്റെ ദേഹത്ത് തട്ടി. കുപിതനായ അദ്ദേഹം ക്ഷണകോപത്തിൽ അസഭ്യം പറഞ്ഞ് അരിശമൊതുക്കാൻ ശ്രമിച്ചു. തദവസരത്തിൽ 10 വയസ്സ് പ്രായമായ ജോർജ്ജുകുട്ടി ഇപ്രകാരം പ്രതികരിച്ചു: “ശരിയാണ്. ഞാൻ കഴുവിന്മേൽ കയറി മരിച്ച യേശുഅപ്പച്ചന്റെ മകനാണ്. അങ്ങ് എന്നെ അങ്ങനെ വിളിച്ചതിൽ എനിക്ക് സന്തോഷമേയുള്ളു.” വേറെ ഒന്നും പറഞ്ഞില്ലായെങ്കിലും കേട്ടവരിൽ ആഴമായ ചിന്ത ഉണർത്തുവാൻ ഇതു സംഗതിയായി.

മൂന്നാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ സഹപാഠികളിൽ ചിലരെ ഉച്ചയൂണ് കഴിയുന്ന സമയത്ത് സ്കൂളിന്റെ അടുത്ത് ആൾത്താമസമില്ലാത്ത ഒരു വീട്ടിൽ കൊണ്ടുപോയി പ്രാർത്ഥിക്കുന്ന പതിവുണ്ടാക്കി. എന്നാൽ തിരിച്ച് ക്ലാസ്സിൽ എത്തുമ്പോൾ അൽപം വൈകുമായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട മത്തായി സാർ (ബഹു. സി. എം. സ്റ്റീഫൻ എന്ന മുൻ കേന്ദ്രമന്ത്രിയുടെ പിതാവ്) കുട്ടികളെ ചോദ്യം ചെയ്തപ്പോൾ എം. വി. ജോർജ്ജ് ഒഴിച്ചുള്ള മറ്റുള്ളവർ പറഞ്ഞു: “സാർ ഇവനാണ് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയത്.” സാർ ഗൗരവം വിടാതെ എം. വി. ജോർജ്ജിനെ ചോദ്യം ചെയ്തപ്പോൾ മടിയോ ഭയമോ ഇല്ലാതെ മറുപടിയുണ്ടായി: “സാർ ഞങ്ങൾ അല്പസമയം പ്രാർത്ഥിക്കുവാനാണ് അവിടെ പോയത്” എന്ന്.

മേലുദ്ധരിച്ച അനുഭവസാക്ഷ്യങ്ങൾ സഭാരത്നം മാർ ഒസ്താത്തിയോസിന്റെ അഖിലഭാരത സുവിശേഷീകരണത്തിനായുള്ള അടങ്ങാത്ത അഭിവാഞ്ഛയെ ത്വരിതപ്പെടുത്തിക്കൊണ്ടിരുന്ന നിർമ്മലഹൃദയ സ്പന്ദനങ്ങളായിരുന്നുവെന്ന് വേണം മനസ്സിലാക്കാൻ. ആഴമായ ദൈവവിശ്വാസവും പ്രത്യാശയും ശരണവുംകൊണ്ട് പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കി മുന്നേറാൻ അദ്ദേഹത്തിന് സാധിച്ചു. മലയാളം മീഡിയത്തിലെ ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം വരെ ജോർജ്ജുകുട്ടി എങ്ങനെയൊക്കെയോ പഠിച്ച് കയറി. മുന്നോട്ടുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തികസ്ഥിതി സ്വഭവനത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ പഠനം തുടരാനാവാതെയായി. അന്ന് ജോർജ്ജുകുട്ടി ചിന്തിച്ചതും പറഞ്ഞിരുന്നതും ആയത് ദൈവഹിതമാണെന്നായിരുന്നു. ദൈവവേലയിൽ ഏർപ്പെട്ട് പ്രാവീണ്യം നേടാനാണ് ജോർജ്ജുകുട്ടിയുടെ ബാലമനസ്സ് തീരുമാനിച്ചത്. 1930-കളിൽ കേരളത്തിൽ പല ഭാഗങ്ങളിലായി ശ്രീമതി ഏലിയാമ്മ

ഉമ്മൻ എന്നൊരു വനിതാ സുവിശേഷക ഉണർവ്വ് പ്രസംഗയോഗങ്ങൾ സംഘടിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ജോർജ്ജുകുട്ടി പ്രസ്തുത സുവിശേഷകയോടു ചേർന്ന് കുറെനാൾ പ്രവർത്തിച്ചു. ജോർജ്ജുകുട്ടിയുടെ പ്രസംഗങ്ങൾ പ്രായത്തിൽ കവിഞ്ഞ ജ്ഞാനവും, വിവേകവും, പക്വതയും നിറഞ്ഞതായിരുന്നുവെന്ന് കേട്ടവരൊക്കെ സാക്ഷിച്ചിട്ടുണ്ട്. പാപത്തിന്റെ അടിമാവസ്ഥയിൽ കിടന്ന് ദൈവിക ചൈതന്യവും ദൈവിക സാമീപ്യവും നഷ്ടപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രേഷ്ഠമായ ഒരു ദൂതായിരുന്നു 14 വയസ്സുകാരനായ ജോർജ്ജുകുട്ടിയിൽ നിന്നും ശ്രവിക്കാനായത്. പ്രസംഗപര്യടനവേളയിൽ പരിചയപ്പെട്ട ഒരു യുവ വൈദികന്റെ സമയോചിത ഇടപെടലിൽ എം. വി. ജോർജ്ജിന് മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഫീസ് സമ്മാനമായി ലഭിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള തുക എം. വി. ജോർജ്ജിന് സ്കോളർഷിപ്പായി ലഭിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ എം. വി. ജോർജ്ജ് ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ ചേർന്നു പഠിച്ചു. എം. വി. ജോർജ്ജിന് ഏറ്റവും ഇഷ്ടമായ വിഷയത്തിന് ഇടപരീക്ഷകളിൽ സ്കൂളിൽ ഒന്നാമനാകാൻ സാധിച്ചെങ്കിലും ഫൈനൽ പരീക്ഷയിൽ അതേ വിഷയത്തിന് മാത്രമായി പരാജിതനായി. അഥവാ ജയിച്ചിരുന്നെങ്കിൽ ഏതെങ്കിലും സ്കൂളിലെ ഒരു സാധാരണ അദ്ധ്യാപകനായി ജീവിക്കേണ്ടി വന്നേനെ.

അങ്ങനെയിരിക്കെയാണ് ജബൽപൂരിലുള്ള ലിയോനാർഡ് തിയോളജിക്കൽ കോളജിൽ ചേർന്ന് ബി.ഡി. ക്കു പഠിക്കാനുള്ള അവസരം ലഭ്യമായത്. ജീവിതത്തിലെ ഓരോ അനുഗ്രഹത്തിന്റെയും പിന്നിൽ ദൈവ നടത്തിപ്പും ദൈവികഹിതവും വേർതിരിച്ചറിയാനുള്ള ദിവ്യമായ കഴിവ് ചെറുപ്പം മുതൽ അദ്ദേഹം ആർജ്ജിച്ചിരുന്നുവെന്ന് പറയുന്നതാവും ശരി. ജബൽപൂരിൽ വേദശാസ്ത്രപഠനം നടത്തിവരവേ മാവേലിക്കരയിൽ ഒരു ചെറിയ വാടകക്കെട്ടിടത്തിൽ FACF (Far Away Christian Friends) എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് തുടക്കമിട്ടു. നാട്ടിലുള്ളപ്പോൾ മീറ്റിംഗുകളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുന്ന പതിവും ആരംഭിച്ചു. അതിന് ശേഷമാണ് അമേരിക്കയിൽ ഉപരിപഠനത്തിനായി പുറപ്പെട്ടത്. യാത്ര തിരിക്കുന്നതിന് 3 ദിവസം മുമ്പ് ‘കോറൂയോ’ എന്ന ശെമ്മാശുപട്ടം സ്വീകരിച്ചു. അമേരിക്കയിലെ ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും എം.എ. ബിരുദങ്ങൾ കരസ്ഥമാക്കി. അമേരിക്കയിലെ പഠനവേളയിലും പല സ്ഥലങ്ങളിലും പോയി സുവിശേഷ പ്രസംഗങ്ങൾ നിർവഹിക്കുവാൻ അവസരം കണ്ടെത്തിയ ഡീക്കൻ എം. വി. ജോർജ്ജ് തദവസരങ്ങളിൽ കിട്ടിയ പണത്തിൽ നിന്നും യാത്രച്ചെലവ് കഴിഞ്ഞുള്ള തുകകൾ സംഭരിച്ച് 1000 ഡോളർ ഉപയോഗിച്ചാണ് മാവേ

ലിക്കര സുവിശേഷാലയത്തിന് സ്വന്തമായി സ്ഥലം വാങ്ങിയത്. 1951-ൽ അമേരിക്കയിൽ നിന്നും തിരിച്ചെത്തി. 1952-ൽ സെമിനാരി അദ്ധ്യാപകനായി. ഇതിനിടയിൽ അദ്ദേഹത്തിന് സഹായികളായി ഉത്തമരായ രണ്ട് ചെറുപ്പക്കാരെ ലഭിച്ചു. അവർ കോട്ടയം അമയന്നൂർ സ്വദേശി പി. എം. തോമസും വയലത്തല സ്വദേശി കെ. ഐ. ഫിലിപ്പ് (ജോയിക്കുട്ടി) ആയിരുന്നു. അവരാണ് പിൽക്കാലത്ത് സഭാരത്നത്തിന്റെ ഇടത് കൈയും വലതുകൈയുമായി പ്രവർത്തിച്ച വന്ദ്യരായ പി. എം. തോമസ് റമ്പാച്ചനും കെ. ഐ. ഫിലിപ്പ് റമ്പാച്ചനും. അവർ മൂവരും ഏകോദര സഹോദരങ്ങളെപ്പോലെ പരസ്പരധാരണയിലും പരസ്പര ആദരവിലും സമയം ചെലവിട്ടതിന്റെ ഫലമായാണ് പ. സഭയിൽ സഭയുടെ രത്നം തൊട്ടതെല്ലാം സ്വർണ്ണമാക്കാൻ കഴിഞ്ഞത്. സെന്റ് പോൾസ് സുവിശേഷാലയം (St. Paul's Gospel Centre) എന്ന് നാമകരണം ചെയ്യപ്പെട്ട കേന്ദ്രത്തിൽ വിശ്വാസം പഠിപ്പിക്കുവാൻ ഹ്രസ്വവും സുദീർഘവുമായ പലതരം കോഴ്സുകൾ ആണ്ടുതോറും നടത്തുന്ന ഏർപ്പാടുണ്ടായി. 1954-ൽ ബഹു. എം. വി. ജോർജ്ജ് ശെമ്മാശൻ വൈദികനായി. അക്കാലങ്ങളിൽ ബഹു. എം. വി. ജോർജ്ജ് അച്ചൻ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വിവിധ കേന്ദ്രങ്ങളിലായി മുഴക്കിയ ദൈവശബ്ദം തികച്ചും പ്രവാചക വചനങ്ങൾക്ക് തുല്യവും കേൾവിക്കാർക്ക് മാനസിക പരിവർത്തനത്തിന് ഏറെ സഹായകവുമായിരുന്നു.

1958 നവംബർ 16-നാണ് പുതുപ്പാടി ബാലഭവന് തറക്കല്ലിട്ടത്. 1964-ൽ ബഹു. എം. വി. ജോർജ്ജ് അച്ചൻ ആൻഡമാൻസിൽ സന്ദർശനം നടത്തി. രണ്ടാം ലോകമഹായുദ്ധകാലത്ത് അവിടേക്ക് നാടുകടത്തപ്പെട്ടവരും പിന്നീട് ജീവിതമാർഗ്ഗങ്ങൾ തേടി ചെന്നവരുമായ മലയാളികളെ വിശ്വാസത്തിന്റെ ചരടിൽ ബന്ധിച്ചു. ഒരു കോൺഗ്രിഗേഷനും ആരംഭിച്ചു. 1967-ൽ റഷ്യ സന്ദർശിച്ച ഡലിഗേഷനിൽ ഫാ. എം. വി. ജോർജ്ജും അംഗമായിരുന്നു. ബ. അച്ചനെ സംബന്ധിച്ചിടത്തോളം അത് തന്റെ പ്രഥമ മിഷനറിയാത്രയായിരുന്നു. 1969-ൽ ഗുജറാത്തിലേക്കുള്ള യാത്രയും സഭയ്ക്കും വിശ്വാസികൾക്കും ഏറെ പ്രയോജനകരമായി. 1971-ൽ വിയന്നാ സന്ദർശിച്ചു. 1972-ലെ കഷ്ടാനുഭവ ആഴ്ച ബൊക്കാറോയിൽ ചിലവഴിച്ചു. 1972-ൽ പൂനാ സന്ദർശിച്ച് അവിടെ നടന്ന ഭാരത ക്രൈസ്തവരുടെ ആദ്യത്തെ അഖിലേന്ത്യാ സമ്മേളനത്തിന് മറ്റ് ഓർത്തഡോക്സ് സഭാ പ്രതിനിധികളോടൊപ്പം നേതൃത്വം നൽകി. 1973-ൽ കോട്ടയത്ത് നടന്ന മിഷൻ സെമിനാറിലൂടെ പ. സഭയുടെ മിഷനറി പ്രവർത്തന രംഗത്തേക്കുള്ള പുനഃപ്രവേശനത്തിന് വഴിതെളിച്ചു. പ. ഓർത്തഡോക്സ് സഭയുടെ മേൽനോട്ടത്തിൽ മിഷൻ പരിശീലനകേന്ദ്രം ആരംഭിക്കണമെന്നായിരുന്നു യോഗതീരുമാനം. 1974-ൽ ബുക്കാറസ്റ്റിൽ സമ്മേളിച്ച ലോക

വേദശാസ്ത്ര പണ്ഡിതരുടെ സമ്മേളനത്തിൽ ബ. അച്ചൻ സംബന്ധിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. 1974-ൽ മദ്രാസ് മുതൽ കോൺപൂർ വരെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു. അതുപോലെ ഉത്തർ പ്രദേശിലെ ലക്നൗവിലും ചണ്ഡിഗഡിലും. 1975-ലാണ് അദ്ദേഹം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടത്. അഭിവന്ദ്യ തിരുമേനിയെ ഏറെ ആകർഷിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. അദ്ദേഹത്തോട് സഭാരത്നം തിരുമേനിക്കുണ്ടായിരുന്ന ആത്മബന്ധം മൂലമായിരിക്കണം മെത്രാപ്പോലീത്തായായപ്പോൾ സ്ഥാനനാമമായി "ഒസ്താത്തിയോസ്" എന്ന പേര് സ്വീകരിച്ചത്. പിന്നീട് 10 വർഷക്കാലം സ്ലീബാദാസ സമൂഹത്തിന്റെ അദ്ധ്യക്ഷപദം ഏറ്റവും ഉചിതമായി അലങ്കരിക്കാനുള്ള സൗഭാഗ്യം അഭി. തിരുമേനിക്ക് ലഭിച്ചു.

മെത്രാപ്പോലീത്തായായി കഴിഞ്ഞപ്പോഴേക്കും ജാതി-മത-വർണ്ണ-വർഗ്ഗ ഭേദമില്ലാതെ അനേകായിരങ്ങളുടെ ശ്രദ്ധയും താത്പര്യവും അദ്ദേഹത്തിലായി. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു പുരോഗമനവാദി എന്ന നിലയിൽ ശ്രേയസ്സും ഓജസ്സും ആവോളം നേടി. ദിനംതോറും ജനസമൂഹം അദ്ദേഹത്തെ ഒരു ഉന്നതനായ സാമൂഹ്യ നവോത്ഥാന നേതാവായി അംഗീകരിച്ച് ആദരിക്കുവാൻ തുടങ്ങി. അഭിവന്ദ്യ തിരുമേനിയുടെ പ്രസംഗങ്ങൾ പോലെതന്നെ എഴുതിയ ഈടുറ്റ ഗ്രന്ഥങ്ങളും അതിശ്രേഷ്ഠമായ ലേഖനങ്ങളും ക്രിസ്ത്യാനികൾ മാത്രമല്ല, ഇതര മതസ്ഥരും ഏറ്റവും സംതൃപ്തിയോടെ സ്വീകരിച്ചു. മാർ ഒസ്താത്തിയോസ് തിരുമേനി ഓർത്തഡോക്സ് വിശ്വാസത്തിന്റെയും സാമൂഹികചിന്തകളുടെയും സമന്വയത്തിനാണ് കാംക്ഷിച്ചിരുന്നത്. ആയതിനായിരുന്നു യത്നിച്ചിരുന്നതും. സ്നേഹം, നീതി, സമാധാനം എന്നിവയുടെ യോജിപ്പാണ് വിശുദ്ധ ത്രിത്വത്തിലൂടെ അദ്ദേഹം വേർതിരിച്ചു കാണിച്ചത്. ദൈവത്തിന്റെ അളവറ്റ കരുണയാൽ ബഹുമുഖമായ സിദ്ധിവിശേഷങ്ങൾ കൊണ്ട് അനുഗൃഹീതനായിരുന്നു മാർ ഒസ്താത്തിയോസ്. തന്മൂലം ലോകപ്രസിദ്ധനായ സുവിശേഷകനായും ആധുനിക ക്രിസ്തീയ വേദശാസ്ത്രജ്ഞന്മാരിൽ മുൻപന്തിയിൽ ഉള്ള സ്ഥാനവും അംഗീകാരവും ലഭിച്ചു. ശ്രോതാക്കളെ ഏതാനും നിമിഷങ്ങൾ തന്നിൽ നിന്നും ഉതിരുന്ന വചനങ്ങൾ കേട്ട് മനസ്സുരുകി ധ്യാനിപ്പാൻ തക്കവണ്ണമുള്ള വാക്ചാതുര്യവും ഏറെ വിജയങ്ങൾ കൊയ്യാനിടയാക്കി. ആതുര ശുശ്രൂഷയിൽ ദീർഘവീക്ഷണമുള്ള കർമ്മയോഗിയാകാനും സംഗതിയായി. ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ മനുഷ്യസ്നേഹത്തിന്റെ അപ്പോസ്തോലനായി ശോഭിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. തിരുമേനിയുടെ ഓരോ ഗ്രന്ഥത്തിനും അതിന്റേതായ സവിശേഷതയുണ്ട്. ദൈവം ദാനമായി നൽകിയ എല്ലാ

കഴിവുകളും സ്വന്ത കാര്യസാദ്ധ്യത്തിനായി മാത്രം ഉപയോഗിക്കാതെ സമൂഹനന്മയ്ക്കായി സമർപ്പിച്ച മഹാമാനസ്സനാണ് തിരുമേനി. മലങ്കര സഭയ്ക്കും സഭ നിലനിൽക്കുന്ന സമൂഹത്തിനും പുതിയ പ്രതിച്ഛായ നൽകാൻ ദൈവം വിനിയോഗിച്ച അത്യപൂർവ്വ നിധിയായിരുന്നു അദ്ദേഹം.

## സുവിശേഷകേന്ദ്രങ്ങൾ

ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും മലങ്കര ഓർത്തഡോക്സ് സഭയുടെതായ സുവിശേഷ കേന്ദ്രങ്ങൾ ഉണ്ടാകണമെന്ന് സ്വപ്നം കാണുകയും ഏറെ ആഗ്രഹിക്കുകയും ചെയ്ത ഒരാളാണ് അഭി. തിരുമേനി. മരണത്തെ ഒരു അളവിലും ഭയപ്പെടാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. കാലം ചെയ്യുന്നതിന് ഒരു വർഷം മുമ്പ് ഡയാലിസിസ് ആവശ്യമാണെന്ന് ഡോക്ടറന്മാർ നിർദ്ദേശിച്ചപ്പോൾ മരുന്നുകൾ കൊണ്ട് ജീവിക്കുന്നിടത്തോളം മതി. ഡയാലിസിന് ചിലവാകുന്ന പണം അനേക പാവങ്ങൾക്ക് ഉപകരിക്കുമെന്ന കാര്യം വ്യക്തമാക്കി തിരുമേനി. പിതൃ-പുത്ര-പരിശുദ്ധാത്മാവാകുന്ന ത്രിയേക ദൈവത്തിൽ അതായത് പ. ത്രിത്വത്തിൽ ഏകത്വം നിലകൊള്ളുന്നപോലെയാണ് പല ജാതിയായും പല രൂപത്തിലും പല ശ്രേണികളുമായ മനുഷ്യരും ഇതേ അളവിലുള്ള സ്നേഹത്തിന്റെ പങ്കിടുന്ന ഏകത്വത്തിന്റെ അംശികളും അർഹതയുള്ളവരുമാണെന്നുള്ള സിദ്ധാന്തത്തെ പരിശുദ്ധ പിതാവ് ഉയർത്തിക്കാട്ടിയതും. മനുഷ്യനെ ധനികനെന്നോ ദരിദ്രനെന്നോ വേർതിരിക്കുന്നത് തന്നെ വലിയ പാപം എന്ന് ഉറക്കെ പ്രഖ്യാപിച്ച മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത വർഗ്ഗരഹിത സമൂഹത്തിന്റെ പ്രഖ്യാപനമാണെന്ന് സധൈര്യം ഉദ്ഘോഷിച്ച പുണ്യവാനാണ് അദ്ദേഹം. എന്റെ വിയോഗവേളയിൽ ശോശപ്പായും പുഷ്പങ്ങളും കൊണ്ടുവരരുത്. അതിനു വേണ്ടിവരുന്ന പണം, വസ്ത്രമായോ പണമായോ സംഭാവന ചെയ്താൽ അർഹിക്കുന്ന പാവപ്പെട്ടവർക്ക് ഉപകരിക്കുമെന്ന് കാലം ചെയ്യും മുമ്പേതന്നെ സ്നേഹിച്ചവരെ ഉപദേശിച്ച ദൈവസ്നേഹിയായിരുന്നു മാർ ഒസ്താത്തിയോസ്.

## ഇടവകയുടെ ദൗത്യം

മാർ ഒസ്താത്തിയോസിന്റെ ദർശനത്തിൽ ഓരോ ഇടവകയ്ക്കും ഉള്ള ദൗത്യങ്ങൾ താഴെപ്പറയുംപ്രകാരമായിരുന്നു.

1. മിഷനറി പ്രവർത്തനത്തിന് പ്രവർത്തകരെ അയച്ചും സാമ്പത്തിക സഹായം നൽകിയും സഹായിക്കുകയും പ്രോത്സാഹനം നൽകുകയും വേണം.

2. സ്വന്തമായി കിടപ്പാടമോ ഭവനമോ ഇല്ലാത്തവരെ ഉചിതമായി സഹായിക്കണം.

3. സാധുപെൺകുട്ടികളുടെ (യാതൊരു വിഭാഗീയതയും കൂടാതെ) വിവാഹങ്ങൾ നടത്തി കൊടുക്കണം.

4. പഠിക്കുവാൻ താത്പര്യവും ആഗ്രഹവുമുണ്ടെങ്കിലും സാമ്പത്തിക പരാധീനതകൾ കൊണ്ട് സാധിക്കാത്തവരെ ഉചിതമായി സഹായിക്കണം.

5. ആശുപത്രികൾ ആരംഭിക്കുമ്പോൾ സാധുജനങ്ങൾക്ക് സൗജന്യ ചികിത്സയും സൗജന്യ മരുന്നും ഉറപ്പാക്കണം.

6. തൊഴിൽരഹിതരെ യുക്തമായ ജോലികൾ കണ്ടുപിടിക്കാനും, കര സ്ഥമാക്കാനും സഹായിക്കണം.

7. ബാലികാ ബാലന്മാർക്കും യുവതീയുവാക്കൾക്കും നേതൃത്വ പരിശീലനം നൽകണം.

8. കൃഷിക്കും മറ്റ് തൊഴിലുകൾക്കും വേണ്ട സാമ്പത്തിക സഹായം കഴിയുമെങ്കിൽ സഹായമായോ അല്ലെങ്കിൽ കടമായോ നൽകണം.

9. നിർദ്ധനർക്ക് താമസിച്ച് പഠിക്കുവാൻ പര്യാപ്തമായ ഹോസ്റ്റലു കൾ ക്രമീകരിക്കുകയോ അതിന് സാദ്ധ്യതയില്ലെങ്കിൽ വ്യക്തിഗത സഹായം എത്തിക്കുകയോ ചെയ്യണം.

10. ഇടവകകളുടെ സമ്പത്തും ധനവും ധൂർത്തായി ചിലവഴിക്കാതിരി ക്കാൻ ശ്രദ്ധിച്ച് സാധുജനസംരക്ഷണ പദ്ധതികൾ ക്രമീകരിക്കണം.

ചികിത്സയും മരുന്നും വിദ്യാഭ്യാസവും എല്ലാ പൗരന്മാർക്കും അവ കാശപ്പെട്ടതാണെന്നും അർഹിക്കുന്ന നിർദ്ധനർക്ക് സൗജന്യമായി ലഭി ക്കണമെന്നും പലപ്പോഴും അഭി. തിരുമേനി ആഹ്വാനം ചെയ്തിട്ടുണ്ട്. ആഡംബര വസ്തുക്കളുടെ ഉൽപാദനത്തിനും വിനിയോഗത്തിനും കൊടു ക്കുന്ന പ്രാധാധ്യവും പ്രസക്തിയും ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, മുതലായ അടിസ്ഥാന ആവശ്യങ്ങൾക്കാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. എല്ലാവർക്കും തൊഴിൽ, ഭക്ഷണം മറ്റ് അടിസ്ഥാന ആവശ്യങ്ങ ളായ വീട്, ജലം എന്നിവയും ലഭ്യമാക്കാനാവണം എന്നായിരുന്നു തിരു മേനിയുടെ മുന്നറിയിപ്പ്. സാമൂഹ്യ ഉന്നമനമെന്നാൽ ഏതാനും പേരുടെ മാത്രം ഉന്നമനമല്ല, പ്രത്യുത പൊതുവിന്റെ അഭിവൃദ്ധിയായിരിക്കണമെ ന്നായിരുന്നു അദ്ദേഹം നിഷ്കർഷിച്ച് പോന്നത്. ആരായാലും ധാർമ്മിക മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തരുതെന്ന് ശഠിക്കുന്ന സ്വഭാ വക്കാരനായിരുന്നു അഭി. തിരുമേനി. അറിവും കഴിവും കൂടുമ്പോൾ ചില രെങ്കിലും ദുരുപയോഗത്തിന് ശ്രമിക്കുന്നതായി അറിഞ്ഞാൽ അവരെ ശാസിക്കാനും നേർവഴി നയിക്കാനും ശ്രദ്ധിച്ചിരുന്നു തിരുമേനി.

## അദ്വൈത ദൈവശാസ്ത്രം

മാർ ഒസ്താത്തിയോസ് 2005-ൽ പ്രസിദ്ധീകരിച്ച ഒരു ഈടുറ്റ ഗ്രന്ഥമാണ് "അദ്വൈത ദൈവശാസ്ത്രവും സ്നേഹത്തിന്റെ ഏക മതവും." സ്നേഹത്തിന്റെ സത്തയായിട്ടാണ് ദൈവത്തെപ്പറ്റി അദ്ദേഹം പറയുന്നത്. കൂടാതെ ത്രിത്വസിദ്ധാന്തത്തിന്റെ മൗലിക പ്രമാണമായ ഏകത്വത്തിലേക്കും പങ്കിടീലിലേക്കും വായനക്കാരുടെ ശ്രദ്ധ തിരിപ്പിക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ. പരമ്പരാഗതമായ നമ്മുടെ ത്രിത്വവിശ്വാസത്തെ ആഴമായും വിശദമായും വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണിത്. മാർ ഒസ്താത്തിയോസ് അദ്വൈതം എന്ന സംസ്കൃതപദം ഉപയോഗിക്കുമ്പോൾ ഏകത്വത്തിനും, ദൈവത്വത്തിനും, ദ്വൈതത്തിനും അപ്പുറത്തുള്ളതും നാളിതുവരെ വേദശാസ്ത്ര പണ്ഡിതർ ശ്രദ്ധിച്ചിട്ടില്ലാത്തതുമായ ഒരു സത്യ സിദ്ധാന്തം പഠിതാക്കളുടെ വിചിന്തനത്തിനും നിരന്തരമായ ധ്യാനത്തിനും വേണ്ടി വേർതിരിക്കുകയാണ്.

തിരുമേനിയുടെ 57-ാമത്തെ ഗ്രന്ഥമെന്ന് അദ്ദേഹം തന്നെ പരിചയപ്പെടുത്തുന്ന "സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം" എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം ലോകത്തിന് നൽകുന്ന ദൂതും സന്ദേശവും ഇതാണ്. 'ദുഷ്ടന്മാരുടെമേലും നീതിമാന്മാരുടെ മേലും മഴ പെയ്യിക്കുന്ന എല്ലാവരുടെയും ദൈവം" എന്ന ചിന്ത അദ്ദേഹത്തിന് ലഭ്യമായത് മതാതീതമായ സ്നേഹത്തിന്റെ ദർശനം ആണ്. സമ്പന്നലോകം ദരിദ്രലോകത്തിന് തുണയും സഹായവും നൽകണമെന്നാണ് തിരുമേനിയുടെ ഭാഷ്യം.

## കവർ പിരിവ്

സെമിനാരി ദിനമായി ഒരു ഞായറാഴ്ച ആചരിക്കുവാനും അന്ന് കവർ പിരിവ് നടത്തുവാനുമുള്ള നിർദ്ദേശം ആദ്യമായി സമർപ്പിച്ചത് എം. വി. ജോർജ്ജ് അച്ചനായിരുന്നു. സെമിനാരിയുടെ പുരോഗതിയിൽ നാളിതുവരെ വളരെയേറെ ഉപകരിച്ച ഒരു സംഗതിയാണത്. സെമിനാരി ദിനാഘോഷവും, അന്നത്തെ കവർ പിരിവും, സെമിനാരിയിൽ വൈദിക അദ്ധ്യാപകനായിരിക്കെ നിർദ്ദേശിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയാണ് സ്റ്റുവേർഡ്ഷിപ്പ് ഫണ്ട്. വിദ്യാർത്ഥികളും അദ്ധ്യാപകരും അവരുടെ വരുമാനത്തിൽനിന്ന് ഒരംശം മാറ്റി സംഭാവന ചെയ്യുന്നതാണ് ഇത്. ഓരോ വർഷവും അതിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

ആയിരത്തിലധികം വൈദികരെയും, അതിൽതന്നെ മുപ്പതിൽ അധികം മേൽപട്ടക്കാരെയും പഠിപ്പിക്കുവാനുള്ള ഭാഗ്യം ലഭിച്ച ഒരു പുണ്യവാനാണ് മാർ ഒസ്താത്തിയോസ്. അദ്ദേഹത്തിന്റെ എപ്പോഴുമുണ്ടായിരുന്ന ചിന്ത

മനുഷ്യസമൂഹം ഒന്നാകെ ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ദൈവത്തിങ്കലേക്ക് വളരണം എന്നതായിരുന്നു. എല്ലാവരും ദൈവികരായിരിക്കണം. മനുഷ്യരെല്ലാവരും പരസ്പരം സ്നേഹിക്കണം. വിഭവങ്ങളും കഴിവുകളും പങ്കിടണം. എല്ലാവരും സാമൂഹിക ഉത്തരവാദിത്തങ്ങൾ യുക്തിക്കനുസരണമായല്ല പ്രത്യുത നീതിക്ക് അനുസരണമായി നിർവഹിക്കണം. പ. പിതാവ് സ്വയം പരിചയപ്പെടുത്തുന്ന പ്രസംഗത്തിലായാലും, എഴുത്തുകളിലായാലും ഏതാണ്ടിപ്രകാരം പറയുമായിരുന്നു.

1. അമ്മയാണ് എന്നെ ദൈവസ്നേഹവും പങ്കുവെയ്ക്കലും ആദ്യം പഠിപ്പിച്ച വലിയ ഗുരു.

2. വൈദിക സെമിനാരിയിൽ പഠിച്ചില്ലായിരുന്നുവെങ്കിൽ ഞാനൊരു വേദശാസ്ത്രജ്ഞൻ ആകുകയില്ലായിരുന്നു.

3. ഞാൻ ഒരു സമ്പന്നനായി ജനിച്ചതല്ല. മരിക്കുമ്പോഴും സമ്പന്നനായിരിപ്പാൻ ആഗ്രഹിക്കുന്നില്ല.

4. എന്റെ പ്രസംഗത്തിൽ പറയുന്ന എല്ലാ കാര്യങ്ങളും എന്റെ ജീവിതത്തിൽ പാലിക്കുവാൻ സാധിച്ചിട്ടില്ല. പ്രാർത്ഥനയോടെ പരിശ്രമിക്കുന്നു.

5. ദരിദ്രരോടുള്ള എന്റെ കടപ്പാട് അവശേഷിക്കുന്നു. പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുന്നു.

6. സ്വാർത്ഥത പൈശാചികമാണ്. സ്നേഹത്തിന്റെ വേദശാസ്ത്രം വളർന്ന് പന്തലിക്കുവാൻ പ്രാർത്ഥിക്കുന്നു.

7. ദൈവം സ്നേഹമാകയാൽ ലോകത്തിൽ സ്നേഹത്തിന്റെ നവോത്ഥാനം സംഭവിക്കണം.

8. മതമൗലിക വാദവും സിദ്ധാന്തവും പാടേ അസ്തമിക്കണം.

**കടപ്പാട്**


1. *മലങ്കരസഭാ പിതാക്കന്മാർ*, ഡോ. സാമുവൽ ചന്ദനപ്പള്ളി.

2. *അത് കർത്താവാകുന്നു*, തോമസ് നീലാർമഠം.

3. *ആർദ്രമാനസനായ കാര്യവിചാരകൻ*, തോമസ് നീലാർമഠം.

4. *മാർ ഒസ്താത്തിയോസ് അഞ്ചാമത്തെ സുവിശേഷം*, ഫാ. ഡോ. ടി. പി. ഏലിയാസ്.


**ജെ. കെ. പി.**

# മലങ്കര ഓർത്തഡോക്സ് സഭയുടെ ദൗത്യം

വിശുദ്ധ പൗലോസ് ശ്ലീഹായുടെ നിർവചനം 'എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ സഭ' എന്നാണ്. സഭ ദൈവത്തിന്റെ ഹിതം നിർവ്വഹിക്കേണ്ട ക്രിസ്തുവിന്റെ ശരീരവും, മശിഹായെ മാത്രം മണവാളനായി അംഗീകരിച്ച് തന്നാൽ തെരഞ്ഞെടുക്കപ്പെട്ട മണവാട്ടിയും, യേശുക്രിസ്തു എന്ന ഏക ഇടയന്റെ ആടുകൾ ഉൾപ്പെടുന്ന ആലയും, മശിഹായാകുന്ന മുന്തിരിവള്ളിയോട് ഒട്ടിച്ചുചേർത്തിരിക്കുന്ന ഫലം കായിക്കുന്ന മുന്തിരിവള്ളികളും, ദൈവത്തിന്റെ ജനവും, വി. കൂദാശയുടെ കലവറക്കാരിയും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന രക്ഷിതഗണവും, വി. ത്രിത്വത്തിലെ നിത്യസ്നേഹം ചരിത്രത്തിൽ കൊണ്ടുവന്ന മനുഷ്യാവതാരത്തിന്റെ തുടർച്ചയും ലോകരക്ഷയ്ക്കായി പ്രവർത്തിക്കുന്ന അച്ചടക്കമുള്ള വീണ്ടെടുക്കപ്പെട്ട സൈന്യവും, വി. മാമോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ട വിശ്വാസികളുടെ സമൂഹവും, ദൈവരാജ്യത്തിന്റെ ആദ്യഫലവും യേശുക്രിസ്തുവിന്റെ അതേ മനസ്സുള്ളവരുമാകുന്നു. ഈ നിർവ്വചനങ്ങൾ അനുസരിച്ച് ജീവിക്കാത്തവർ സഭയിലെ കളകളും, മീൻവലയിൽ വീണ പാമ്പുകളും, ആട്ടിൻകൂട്ടത്തിലെ ചെന്നായ്ക്കളും സഭയുടെ സത്തയ്ക്കെതിരായി സഭയ്ക്കുള്ളിൽ തന്നെ പോരാടുന്ന പൈശാചിക ശക്തിക്കടിമകളുമത്രെ! സഭാംഗങ്ങൾ തന്നെ സഭയുടെ സത്തയ്ക്കെതിരായ ശക്തിക്കധീനർ ആയിട്ടത്രെ പലപ്പോഴും ജീവിക്കുന്നത്. പരിശുദ്ധാത്മഫലം സഭാംഗങ്ങളിൽ വർദ്ധിക്കുവാൻ വചനവും വിശുദ്ധ കൂദാശകളും സഹായകമാകേണ്ടതാണ്. സഭയുടെ അംഗങ്ങൾ ലോകരെപ്പോലെ ജീവിച്ചാൽ സഭയുടെ മേന്മ ലോകം കാണുകയില്ല. ആദിമ ക്രിസ്ത്യാനികളുടെ ജീവിതവിശുദ്ധിയും സ്നേഹവായ്പും ആകർഷണീയമായ ധൈര്യവും അനേകരെ ക്രിസ്തുസഭയിലേക്ക് ആകർഷിച്ചു. ഇന്നും സഭ സഭയാകാമെങ്കിൽ സഭയുടെ ദൗത്യം വിജയിക്കും.

യേശുമശിഹായുടെ ജീവിതവും പഠിപ്പിക്കലും കുരിശിനെ ചുറ്റിപ്പറ്റിയും കിരീടത്തെ ഉപേക്ഷിച്ചും ആയിരുന്നു. തന്നെ രാജാവാക്കാൻ ശ്രമിച്ചവരിൽ നിന്നും താൻ ഒഴിഞ്ഞുമാറി. തന്നെ അറസ്റ്റു ചെയ്യുവാൻ വന്നവരോട് 'നിങ്ങൾ ആരെ അന്വേഷിക്കുന്നു. നസ്രായനായ യേശുവിനെയോ? അതു ഞാനാകുന്നു. ഇവർ പൊയ്ക്കൊള്ളട്ടെ' എന്നാണ് താൻ കല്പിച്ചത്. അതുപോലെ തന്നെ 'തന്റെ കുരിശെടുത്തുകൊണ്ട് എന്നെ പിൻപറ്റാത്തവൻ എനിക്ക് യോഗ്യനല്ല' എന്നും താൻ പഠിപ്പിച്ചു. ആധുനിക സഭയും ആദ്യസഭയും തമ്മിലുള്ള വ്യത്യാസം ആദിമസഭ കുരിശിനു

വേണ്ടി കിരീടം ഉപേക്ഷിച്ചപ്പോൾ ഇന്നത്തെ സഭ കിരീടത്തിനുവേണ്ടി കുരിശിനെ ഉപേക്ഷിക്കുന്നു എന്നതാണ്. സ്വർഗ്ഗീയ സിംഹാസനം വിട്ട് ഭൂമിയിലും പാതാളത്തിലും കഷ്ടപ്പെട്ട നസ്രേനായ യേശുവിന്റെ മാതൃക പിൻപറ്റുന്ന ഒരു സഭയാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം. സമ്പന്നനായ ദൈവം ദരിദ്രനായ മശിഹായാകുകയും ദരിദ്രന്മാരോട് നിങ്ങൾ സുവിശേഷം അറിയിക്കുകയും ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ എന്ന് ശിഷ്യന്മാരോട് കല്പിക്കുകയും, ദരിദ്രനായി മരിക്കുകയും ചെയ്തപ്പോൾ ഇന്ന് നാം സമ്പന്നരായി മരിക്കാനാഗ്രഹിക്കുകയും തന്മൂലം ദരിദ്രന്മാരായി ഉയിർക്കുമെന്ന കാര്യം മറക്കുകയും ചെയ്യുന്നു.

ലോകക്കാർ സ്വാർത്ഥരും, സുഖലോലുപത്വം ആഗ്രഹിക്കുന്നവരും കിരീടത്തിനും, സ്വർണ്ണത്തിനും കൊട്ടാരത്തിനും ഉന്നതശമ്പളത്തിനും ആഗ്രഹിക്കുന്നവരും ആയിരിക്കുന്നത് അവർ കുരിശിന്റെ മഹിമ അറിയാത്തതിനാലാണ്. സമൂഹത്തിന്റെയും അന്യരുടെയും ചൂഷണത്താൽ ദരിദ്രരാകുന്നവർ ആകട്ടെ സ്വന്ത മടിയാലും, മദ്യപാനത്താലും ദരിദ്രരാകുന്നവർ ആകട്ടെ, മറ്റുള്ളവർക്കുവേണ്ടി സ്വയം ദരിദ്രരാകുന്നവരുടെ ആനന്ദം അനുഭവിക്കുന്നില്ല. ഈ മൂന്നാമത്തെ ദാരിദ്ര്യമാണ് കുരിശു കാണിച്ചിരിക്കുന്ന മാതൃക (2 കൊരി. 8:9). യേശുക്രിസ്തുവിന്റെ മനസ്സു ലഭിച്ചവർക്ക് ഈ സ്വയം വെറുമയാക്കൽ (ഫിലി. 2:5-11) ഇല്ലാതിരിക്കാൻ സാദ്ധ്യമല്ല.

## പരിത്യാഗമനോഭാവം

സഭയുടെ സത്ത നമുക്കുണ്ടോ എന്നറിവാൻ ക്രിസ്തുവിന്റെ കരുണയും, വിശുദ്ധിയും, ത്യാഗവും നമുക്കുണ്ടോ എന്ന് സ്വയം ചോദിക്കണം. തന്റെ മാതാവ്, യേശു ജനിച്ചപ്പോൾ ലഭിച്ച പൊന്ന് എന്ത് ചെയ്തു എന്ന് ആൽബർട്ട് ഷൈറ്റ്സർ സണ്ടേസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് അദ്ധ്യാപകനോട് ചോദിച്ചതായി കേട്ടിട്ടുണ്ട്. മാതാവ് അതു സ്വായത്തമാക്കിയിരുന്നെങ്കിൽ മകനു കരം കൊടുക്കാൻ പോലും കാശില്ലാത്ത കാലം ഉണ്ടാകുകയില്ലായിരുന്നു. സകല പരിശുദ്ധന്മാരെയും ശുദ്ധിമതികളെയും പോലെ സ്വർണ്ണം വേണ്ടാ. അത് ദരിദ്രർക്കു കൊടുക്കണം എന്നാശിച്ചവളായിരുന്നു കർത്താവിന്റെ അമ്മയും. വി. പത്രോസ് ശ്ലീഹാ പൊതുവിൽ ക്രിസ്തീയ ഭാര്യമാരോട് കല്പിച്ചതു കേൾക്ക: 'നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ശുദ്ധമനുഷ്യൻ തന്നെ ആയിരിക്കണം' (1 പത്രോസ് 3:3-4). ധാരാളം ആഭരണങ്ങൾ അണിഞ്ഞ മണവാട്ടിമാരുടെ വിവാഹങ്ങൾ മെത്രാപ്പോലീത്തന്മാരായ ഞങ്ങൾ നട

ത്തുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ ക്രിസ്തുവിന്റെ ദൗത്യം കുരിശല്ല കിരീടമാണെന്ന് മറ്റുള്ളവർ അനുമാനിക്കുന്നത് തെറ്റാണോ?

വ്യക്തിയുടെ വിശുദ്ധീകരണവും ദൈവീകരണവും സഭാംഗങ്ങളിൽ ഇന്നു കാണുന്ന ഭൗതികവാദവും, നിരീശ്വരതവും, മദ്യപാനവും, സ്വജനപക്ഷപാതവും, ദുർവാശികളും, ദുരഭിമാനവും, വിരോധങ്ങളും, അശുദ്ധിയും, സ്വാർത്ഥപ്രതിപത്തിയും മാറ്റി തൽസ്ഥാനത്ത് ആദ്ധ്യാത്മീകരണവും, അടിയുറച്ച ദൈവവിശ്വാസവും, പരിശുദ്ധാത്മശക്തിയും, പരോപകാര പ്രതിപത്തിയും, ക്ഷമയും, താഴ്മയും, സ്നേഹവും, വിശുദ്ധിയും, നിസ്വാർത്ഥതയും വളർത്തുവാൻ സഭയ്ക്കും പൗരോഹിത്യത്തിനും ക്രിസ്തീയ വിദ്യാഭ്യാസത്തിനും കടമയുണ്ട്. സത്യകുമ്പസാരവും വി. കുർബ്ബാനാനുഭവവും ഓരോ ഇടവകയിലും കൂടുതൽ വ്യാപകവും അന്വർത്ഥവുമാകണം. 'വി. കുർബ്ബാന അനുഭവിച്ചീടുന്നോർക്കായി അർപ്പിക്കുന്നു' എന്നത് സത്യമാകണം.

## ക്രിസ്തീയ കുടുംബം

സഭയുടെ ദൗത്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ട വിഷയമാണ് കുടുംബങ്ങളുടെ ക്രൈസ്തവീകരണം. രാവിലെയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥന നഷ്ടപ്പെട്ടാൽ കുടുംബം അനാത്മികവും കുടുംബാംഗങ്ങൾ യോജിപ്പില്ലാത്തവരും ആകും. നമ്മുടെ ചില കുടുംബങ്ങളിൽ സഹോദരന്മാർ പരസ്പരം നടത്തുന്ന കേസുകളും, ഭിന്നതകളും അവസാനിപ്പിക്കണം. സാമ്പത്തിക കഴിവുള്ള ചില സഹോദരങ്ങൾ അവരുടെ തൊഴിലില്ലാത്ത സഹോദരന്മാരെ സഹായിക്കുവാൻ പ്രേരണ നൽകണം. തലമുറകൾ തമ്മിലുള്ള വിടവു കുറയ്ക്കുവാൻ സഭയ്ക്കും ഉത്തരവാദിത്വമുണ്ട്. കുഞ്ഞുങ്ങളുടെ പല സംശയങ്ങളും മാതാപിതാക്കന്മാർ തീർത്തുകൊടുക്കുന്നില്ല. മാതാപിതാക്കന്മാരുടെ മാതൃകാരാഹിത്യം കുഞ്ഞുങ്ങളെ ചീത്തയാക്കുന്നു. ക്രിസ്തീയ ഭവനപ്രസ്ഥാനങ്ങളും കുടുംബമാസികകളും നമ്മുടെ ഭവനങ്ങളിൽ എത്തിക്കാനും സഭയ്ക്കു കടമയുണ്ട്. സഭയാകമാനം ക്രിസ്തീയ കുടുംബവാരം ആചരിക്കുന്നത് നല്ലതായിരിക്കും.

## മാതൃകാ ഇടവകകൾ

ചില ഇടവകകളിലെ പൊതുയോഗങ്ങളിൽ മദ്യപന്മാർ കമ്മറ്റികളിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതായും മദ്യവില്പന രഹസ്യമായി പ്രേരിപ്പിക്കപ്പെടുന്നതായും കേൾവിയുണ്ട്. അതു കിംവദന്തിയാണെങ്കിൽ സന്തോഷം. പള്ളിപ്പെരുന്നാളുകൾക്കു ഒരു രൂപഭേദം കൊടുക്കുവാൻ പ. സുന്നഹദോസ് മാത്രം വിചാരിച്ചാൽ പോരാ. ജനങ്ങളെ ബോധവാ

ന്മാരാക്കണം. ഭക്തിപരമായ പെരുനാളുകൾ സാധിക്കുമെന്നു കാണിക്കുന്ന ചില ഇടവകകൾ അവിടെവിടെയായി വിരളമായെങ്കിലും ഉണ്ട്. ഇടവകയുടെ വരുമാനങ്ങൾ ഇടവകയ്ക്കു മാത്രമാണെന്ന ചിന്താഗതിയും മാറ്റപ്പെടേണ്ടതത്രെ. യെരുശലേമിലെ ഇടവകയ്ക്കു ക്ഷാമമുണ്ടായപ്പോൾ അന്ത്യോഖ്യൻ ഇടവക സഹായം എത്തിച്ചതുപോലെ കഴിവുള്ള ഇടവകകൾ കഴിവില്ലാത്ത ഇടവകകൾക്കായി വരുമാനത്തിന്റെ ഒരു ഭാഗം മാറ്റി വയ്ക്കണം. ഒരു ഇടവകയുടെയും ഉള്ളിലോ സമീപത്തോ മരുന്നില്ലാതെ മരിക്കുന്ന രോഗികൾ ഉണ്ടാകാതിരിപ്പാൻ Sick Aid Foundation, പണമില്ലാത്തതിനാൽ മാത്രം വിവാഹം ചെയ്യാതെ നിൽക്കുന്ന സാധുപെൺകുട്ടികൾക്കായി Marriage Assistant Foundation, ദരിദ്രകുട്ടികളുടെ വിദ്യാഭ്യാസത്തിനായി Education Loan Fund എന്നിവ ഉണ്ടാകണം. തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിവുള്ള ഇടവകകൾ അതും ചെയ്യണം.

ഇടവകയുടെ സ്ഥാപനങ്ങൾ ദരിദ്രരായ കുട്ടികൾക്കു പഠനാവസരം നൽകേണ്ടതാണ്. പ്രൈവറ്റ് ഐ.റ്റി.ഐ. യിലും സർക്കാർ ഐ.റ്റി.ഐ. യിലും കുട്ടികളെ പഠിപ്പിക്കുവാൻ നിവൃത്തിയില്ലാത്ത മാതാപിതാക്കന്മാരുടെ കുട്ടികൾക്കുവേണ്ടി നമ്മുടെ ഐ.റ്റി.ഐ. കളിലും മറ്റും കൂടുതൽ സ്കോളർഷിപ്പുകൾ നൽകണം. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കായിരിക്കണം പ്രധാന പരിഗണന. അവരെ ഉയർത്തുവാൻ ആരും ഇല്ലാത്ത രാജ്യമാണ് ഭാരതം. ഭാരതത്തിൽ ദരിദ്രരുടെ എണ്ണം പ്രതിവർഷം കൂടിക്കൊണ്ടിരിക്കുകയാണ്. ഇതിനു പരിഹാരം കണ്ടുപിടിക്കേണ്ടതു സഭയുടെ തന്നെ നിലനിൽപിന് അത്യാവശ്യമാണ്.

**മിഷൻ പ്രവർത്തനം**

ക്രിസ്ത്യാനികൾ 21 ശതമാനമുള്ള കേരളത്തിൽ ക്രിസ്തേതരർ തിങ്ങിപ്പാർക്കുന്ന അനേക പ്രദേശങ്ങൾ ഉണ്ട്. അവിടെയെല്ലാം മിഷൻ കേന്ദ്രങ്ങൾ തുടങ്ങുവാൻ സഭയ്ക്കു പരിപാടിയുണ്ടോ? ഇതിനും അതാതു ഭദ്രാസനത്തോടു സഹകരിച്ച് മിഷൻ ബോർഡ് പ്രവർത്തിക്കണം. ബാഹ്യമിഷൻ, തടാകം ആശ്രമം, പാലവിള മിഷൻ, ഭിലായ് മിഷൻ, തൃശ്ശിനാപ്പള്ളിയിലെ പൊന്നയ്യാ ഹൈസ്കൂൾ മുതലായ ബാഹ്യമിഷൻ നമുക്കുണ്ട്. ഇവിടെയെല്ലാം പ്രവർത്തകരെ ആവശ്യമുണ്ട്. അവിടെയെല്ലാം പോയി ഗ്രാമ പുനർ നിർമ്മാണവും മാതൃകാ കൃഷിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽകേന്ദ്രങ്ങളും ഡിസ്പെൻസറികളും മറ്റും നടത്തിക്കൊണ്ടു വേണം സഭയുടെ ദൗത്യം നിറവേറ്റാൻ.

കാര്യവിചാരകത്വബോധം, ധനം, സമയം, കഴിവുകൾ മുതലായവ സ്വന്തമെന്ന് ആരും വിചാരിക്കാതിരിപ്പാൻ കാര്യവിചാരകത്വത്തെക്കുറിച്ചു സഭയിൽ ഏവരെയും പഠിപ്പിക്കണം. ദൈവദത്തമായ സകലവും ദൈവ

ഹിതം പോലെ മാത്രമേ ഉപയോഗിക്കാവൂ. നമ്മുടെ അത്യാവശ്യത്തിൽ കവിഞ്ഞു നാം വച്ചുകൊണ്ടിരിക്കുന്നതെല്ലാം സഹോദരന്റേതു നാം പിടിച്ചുപറിച്ചതാണ്. എല്ലാവരുടെയും അദ്ധ്വാനഫലം എല്ലാവർക്കും പ്രയോജനപ്പെടണം. അതാണ് ദൈവഹിതം. നമ്മുടെ പലരുടെയും വിചാരം അവരവരുടെ അദ്ധ്വാനഫലം അവരവർക്കും അവരവരുടെ കുട്ടികൾക്കും ന്യായമായി അവകാശപ്പെടാമെന്നാണ്. ഇതു തെറ്റായ ഒരു ധാരണയത്രെ. 'ധനവും മാനവും നിങ്കൽ നിന്നു വരുന്നു. നിന്റെ പക്കൽ നിന്നു ഞങ്ങൾ വാങ്ങി നിനക്കു തന്നതേയുള്ളു' (1 ദിനവൃത്താന്തം 29:14). ദൈവദത്തമായ പണവും കഴിവുകളും മാത്രമേ ഏവർക്കും ഉള്ളു. അതു സ്വന്തമെന്നു വിചാരിക്കുന്നതു തന്നെ ദൈവത്തിന്റെ ഉടമസ്ഥാവകാശത്തെ (സങ്കീർത്തനം 24:1) ചോദ്യം ചെയ്യുകയാണ്. ഉത്തരവാദിത്വബോധമാണ് കാര്യവിചാരകത്വ ചിന്ത ഉളവാക്കേണ്ടത്. വലിയ മാർ ബസ്സേലിയോസിന്റെ ചില വാചകങ്ങൾ ഉദ്ധരിക്കാം. 'എന്റേതു ഞാൻ അനുഭവിക്കുന്നതിൽ എന്താണു തെറ്റെന്ന് നീ ചോദിക്കുന്നു. നിന്റേതു എന്താണെന്ന് എന്നോടു പറയുക. ആരാണ് നിന്റെ ആയുസ്സിനെ നിനക്ക് തന്നത്? ജീവിതത്തിൽ ആവശ്യമായത് വ്യത്യസ്തമായി കൊടുക്കുവാൻ ദൈവം അനീതി ചെയ്യുന്നവനാണോ? ... നിന്റെ ലുബ്ധുകൊണ്ടു ജീവിച്ച് എല്ലാം നെല്ലിപ്പലകയില്ലാത്ത കിണറ്റിൽ സൂക്ഷിക്കുന്നതിനാൽ (Pack all your belongings to the bottomless sack of your miserableness) നീ ആർക്കും ഒരു ദോഷവും ചെയ്യുന്നില്ല എന്ന് വിചാരിക്കുന്നെങ്കിലും നീ നിന്റെ സഹോദരന്മാരിൽ പലരുടേതും പിടിച്ചു പറിക്കയാണ് ചെയ്യുന്നത് (Robbing many of your fellowmen).

'ഒരു ലുബ്ധൻ ആരാണ്? അത്യാവശ്യം കൊണ്ടു തൃപ്തിപ്പെടാത്തവൻ. ചൂഷകൻ ആര്? മറ്റൊരുവന്റെ സ്വത്ത് എടുക്കുന്നവൻ. മറ്റുള്ളവർക്കു വേണ്ടി ചെലവഴിപ്പാൻ നിന്നെ ഏല്പിച്ചിരിക്കുന്നത് നിന്റെ സ്വന്ത ഗുണത്തിന് നീ ഉപയോഗിക്കുമ്പോൾ നീ ഒരു ലുബ്ധനും കൊള്ളക്കാരനും (Plunderer) അല്ലയോ....? നിനക്ക് ആവശ്യമില്ലാതെ നീ സൂക്ഷിക്കുന്ന ഭക്ഷണം വിശക്കുന്നവന്റെ വകയാണ്. നിന്റെ പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്ന വസ്ത്രങ്ങൾ കീറിയവസ്ത്രം ധരിച്ചു നടക്കുന്നവരുടെ വകയാണ്. നീ വൃഥാ വച്ചിരിക്കുന്ന ചെരുപ്പുകൾ ചെരുപ്പില്ലാത്തവർ ധരിക്കേണ്ടതാണ്. അതുപോലെ തന്നെ നീ കുഴിച്ചിട്ടിരിക്കുന്ന പണവും ആവശ്യക്കാരനു കൊടുക്കണം. എത്ര പേർക്കു കൊടുക്കാതിരിക്കുന്നുവോ, അത്രയും അനീതികൾ നീ ചെയ്യുന്നു (Quoted from St. Basil Homilies, Vol. 7 in Good News for the Poor, p. 68).

സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ പ്രസംഗങ്ങളും ഇതേ ആശയങ്ങൾ ഉൾക്കൊള്ളുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും

മൂലമാണെന്ന പൗലോസ് ശ്ലീഹായുടെ വാക്യം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിച്ചതിങ്ങനെയാണ്. 'ധനസമൃദ്ധിയെക്കുറിച്ച് എന്നോട് പറയരുത്. അതു സ്നേഹിച്ച് സ്വർഗ്ഗം നഷ്ടപ്പെടുത്തി സ്വയം നശിച്ചവരെക്കുറിച്ച് ചിന്തിക്കുക. കൊട്ടാരത്തിലെ വലിയ പദവി നഷ്ടപ്പെട്ടിട്ട് ധാരാളം ചാണകം ഉണ്ടെന്നു അഭിമാനിക്കുന്നവനെപ്പോലെയാണ് ധനവാൻ. യഥാർത്ഥത്തിൽ ചാണകം പണത്തേക്കാൾ പ്രയോജനമുള്ളതാണ്. നിലം ഫലപുഷ്ടമാക്കുവാനും തീ കത്തിക്കുവാനും മറ്റും ചാണകം ഉതകുന്നു. കുഴിച്ചിടപ്പെട്ടിരിക്കുന്ന സ്വർണ്ണത്തിന് ഇതൊന്നും ചെയ്യാൻ കഴിവില്ല. പിന്നെയോ അത് സ്വായത്തമാക്കുന്നവന് അത് വളരെ ദോഷം ചെയ്യുന്നു. അവനെതിരായി അഗ്നികുണ്ഡങ്ങൾ കത്തിക്കുന്നു. അത് ഉപയോഗിക്കേണ്ടവിധം ഉപയോഗിക്കാത്തവന് തന്മൂലം സീമാതീതമായ ദോഷം ഉണ്ടാകുന്നു. അതിനാലാണ് സാധാരണ ഈ ലോക എഴുത്തുകാർ ദ്രവ്യാഗ്രഹത്തെ സ്വയരക്ഷയ്ക്കുള്ള കോട്ടയായും അനുഗൃഹീതനായ പൗലോസ് ദ്രവ്യാഗ്രഹത്തെ സകല ദോഷത്തിനും മൂലകാരണമായും പറയുന്നത്' (Ibid. p. 78).

സ്വാർത്ഥതയ്ക്കായി ഉപയോഗിക്കുന്ന സമയവും കഴിവുകളും ഇതുപോലെ വർജ്ജ്യമാണെന്നു നാം ജനങ്ങളെ പഠിപ്പിക്കണം. ദൈവദത്തമായ എല്ലാ കഴിവുകളും ദൈവത്തിന്റെ മഹത്വത്തിനും ദൈവജനത്തിന്റെ പ്രയോജനത്തിനും വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ?' എന്ന് ചോദിക്കുന്ന കായീൻമാർ കാര്യവിചാരകത്വബോധമില്ലാത്തവരാണ്. നമ്മുടെ പരിജ്ഞാനം അജ്ഞാനികൾക്ക് ജ്ഞാനത്തിനു കാരണമാകണം. നമ്മുടെ മുഴുവൻ സമയവും താലന്തുകളും സ്വത്തുക്കളും നമ്മുടെ സഹോദരവർഗ്ഗത്തിന്റെ വളർച്ചയ്ക്കായുപയോഗിക്കണം. അല്ലാത്തപക്ഷം നാം നാനാവിധമാക്കിയ എല്ലാറ്റിനെക്കുറിച്ചും ദൈവമുമ്പാകെ കണക്കു കൊടുക്കേണ്ടി വരുമ്പോൾ കേൾക്കുന്ന വാചകം ഭീകരമായിരിക്കും. 'നിന്നെക്കുറിച്ചു ഈ കേൾക്കുന്നതെന്ത്? നിന്റെ കാര്യവിചാരകനായിപ്പാൻ പാടില്ല.' നമ്മോടു ദൈവം കണക്കു ചോദിക്കുന്നത് ഇന്നോ നാളെയോ ആകാം.

സ്നേഹത്തിലൂടെ സാമൂഹ്യനീതി നടത്തുകയാണ് മറ്റൊരു ദൗത്യം. കടന്നാക്രമണം നടത്തിയും കൊള്ളയും കൊലയും നടത്തിയും ഭീകരരംഗം സൃഷ്ടിച്ചും കോടീശ്വരന്മാരെയും പ്രധാനമന്ത്രിമാരെയും തട്ടിക്കൊണ്ടുപോയി കൊന്ന് സമൂഹത്തെ അരാജകത്വത്തിലാക്കിയും സാമൂഹ്യനീതി നടപ്പിലാക്കുവാൻ ഭീകരഗ്രൂപ്പുകളും ഗ്രേറ്റ് മാർച്ചിൽ കൂടിയും ഒളിയുദ്ധത്തിൽ കൂടിയും സാമൂഹ്യനീതി നടത്തുവാൻ മാവോമാരും, ഭരണഘടനകൾ മാറ്റാവുന്ന അന്തരീക്ഷം ആഭ്യന്തരയുദ്ധത്താൽ ഉണ്ടാക്കി പ്രോളിട്ടേറിയൻ ഭരണം കൈവരുത്തി ഉച്ചനീചത്വം അവസാനിപ്പിപ്പാൻ

ലെനിനിസ്റ്റുകളും ശ്രമിക്കുമ്പോൾ സഭ സ്നേഹപ്രവർത്തനത്താൽ സാമൂഹ്യനീതി വരുത്തുവാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങുവാൻ ഇനി വൈകരുത്. വ്യക്തിയുടെ സ്വത്തവകാശത്തിന്മേൽ കൈ കടത്തുന്ന ഗവണ്മെന്റുകളെ എതിർക്കുന്ന പഴഞ്ചൻ ആശയം സഭാംഗങ്ങൾ ഇനി വച്ചു പുലർത്തരുത്. ഗവണ്മെന്റ് എല്ലാം ദേശീകരിച്ചാൽ സകല പ്രശ്നവും തീരുമെന്ന അലസമനോഭാവം കൈവെടിയണം. സ്വത്തും, പണവും, കഴിവും മുഴുവനും ഇവ ഒന്നും ഇല്ലാത്തവർക്ക് ജോലി കൊടുപ്പാൻ ദൈവം ഏല്പിച്ചിരിക്കുന്ന ട്രസ്റ്റാണെന്ന വിശ്വാസം സണ്ടേസ്കൂൾ ക്ലാസ്സു മുതൽ തീയറിയിലൂടെയും പ്രവർത്തന രൂപേണയും പഠിപ്പിക്കേണ്ടതാണ്.

# സുവിശേഷ പ്രവർത്തനത്തിന്റെ സവിശേഷ പ്രസക്തി

സുവിശേഷ വേലയ്ക്കോ ക്രിസ്തീയ സേവനത്തിനോ മറ്റേതു ശുശ്രൂഷയ്ക്കോ ദൈവം എന്നെ വിളിച്ചാൽ ഞാൻ തയ്യാറാണ് എന്നു പറയുന്ന പല യുവതീയുവാക്കന്മാർ നമ്മുടെ സഭയിലുണ്ട്. അവരുടെ വലിയ ഒരു പ്രശ്നം ദൈവം അവരെ വിളിക്കുന്നുവോ എന്നറിഞ്ഞു കൂടാ എന്നുള്ള തത്രെ. അബ്രഹാമേ, അബ്രഹാമേ (ഉല്പ. 22:11), മോശേ, മോശേ (പുറ. 3:4), ശമുവേലേ, ശമുവേലേ (1 ശമു. 3:10), മാർത്തയേ, മാർത്തയേ (ലൂക്കോ. 10:41), ശീമോനെ, ശീമോനെ (ലൂക്കോസ് 23:31), ശൗലേ, ശൗലേ (അപ്പോ. പ്രവൃ. 9:4) എന്നിങ്ങനെ പഴയനിയമകാലത്തും പുതിയനിയമ കാലത്തും ദൈവം പലരെയും വിളിച്ചതുപോലെ ഇക്കാലത്തും സാധാരണരീതിയിലോ നേരിട്ടോ അവരവരുടെ പേരു പറഞ്ഞു ദൈവം അവരെ വിളിക്കുമെന്നു പ്രതീക്ഷിക്കുന്നവരും ഉണ്ടെന്നു തോന്നുന്നു.

ഏതു പ്രായത്തിലും സ്ഥലത്തും വിവിധ ഉദ്ദേശ്യത്തോടുകൂടെയും ദൈവം ചിലരെ വിളിച്ചിട്ടുണ്ട്. വിളിക്കുകയും ചെയ്യും എന്ന സത്യം തിരുവചനത്തിൽ കാണാവുന്നതാണ്. 'തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ച് പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയൊക്കെയും പുറത്തുകൊണ്ടുപോയശേഷം അവൻ അവയ്ക്ക് മുമ്പാകെ നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു. അന്യന്മാരുടെ ശബ്ദം അറിയായ്കകൊണ്ട് അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും' (യോഹ. 10:3-6). നല്ല ഇടയനും ആടുകളുടെ വലിയ ഇടയനും, ശ്രേഷ്ഠ ഇടയനുമായ യേശുമശിഹ ആടുകളെ പേർചൊല്ലി വിളിക്കുക മാത്രമല്ല, തന്റെ സ്ഥാനാപതികളായി ശുശ്രൂഷിപ്പാൻ ഇടയന്മാരെയും വിളിക്കുന്നുണ്ട്. 'യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ' എന്ന ചോദ്യത്തിന് മൂന്ന് പ്രാവശ്യവും അനുകൂല മറുപടി നൽകിയ പത്രോസിനോട് 'എന്റെ കുഞ്ഞാടുകളെ മേയ്ക്ക', 'എന്റെ ആടുകളെ പാലിക്ക', 'എന്റെ ആടുകളെ മേയ്ക്ക' എന്നിങ്ങനെയത്രെ മശിഹാതമ്പുരാൻ ജോലി കല്പിച്ചു നൽകിയത്. ഇങ്ങനെ പൊതുവിൽ നോക്കുമ്പോൾ ദൈവവിളിയെക്കുറിച്ച് താഴെ കാണുന്ന കാര്യങ്ങൾ പറയാം.

ദൈവം തന്റെ ആടുകളെ ഓരോരുത്തരെയും പേർചൊല്ലി വിളിക്കുന്നുണ്ട്.

ഏതു പ്രായത്തിലുമുള്ള ആടുകളെ മേയ്ക്കുവാൻ താൻ ഇടയന്മാരെയും വിളിക്കുന്നു.

തന്നെ സ്നേഹിക്കുന്നവരും തന്റെ വിളിക്കായി ശ്രമിക്കുന്നവരുമേ വിളി കേൾക്കൂ.

വിളി കേട്ടവർ അന്യന്മാരെ പിൻപറ്റുകയോ അന്യകളത്തിൽ കാലാ പെറുക്കുവാൻ പോകുകയും ചെയ്യരുത്.

ദൈവവിളി കേട്ടവർക്ക് പ്രത്യേക കൂലിയും വേലക്കാരന്റെ കൂലിയും ദൈവം കരുതിയിട്ടുണ്ട്.

ദൈവവിളി ഒരേ രീതിയിൽ എല്ലാവർക്കും ഉണ്ടാകുന്നില്ല. മോശയെ മുൾപ്പടർപ്പിൽ കൂടെയെങ്കിൽ, ശമുവേലിനെ സ്വപ്നത്തിൽ കൂടിയും, ശൗലിനെ ദമസ്കോസിന്റെ പടിവാതുക്കൽവച്ച് അസാധാരണ രീതിയി ലൂടെയും അത്രെ ദൈവം വിളിച്ചത്. ഇവരൊക്കെയും തന്നെ ദൈവം വിളിച്ച് അവരെ ഏല്പിച്ച കാര്യങ്ങളെക്കുറിച്ച് നേരത്തെ തന്നെ ചിന്തി ച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നുള്ളത് വിസ്മരിച്ചുകൂടാ. ഉസ്സിയാ രാജാവ് മരിച്ചയാണ്ടിൽ യഹൂദയുടെയും വിഷമിക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു യെശയ്യാവ്. അവന്റെ ദർശനത്തിൽ അവൻ യഹോ വയുടെ മഹത്വവും അവന്റെയും യിസ്രായേൽ ജനത്തിന്റെയും പാപ കാഠിന്യവും കണ്ടശേഷമത്രെ 'ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ നമുക്കു വേണ്ടി പോകും എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം' കേട്ടത് (യെശയ്യാവ് 6:1–8). 'അടിയനിതാ, അടിയനെ അയയ്ക്കേണമേ' എന്നു യെശയ്യാവിനെപ്പോലെ മറുപടി പറയുവാൻ സന്നദ്ധതയുള്ളവർ ധന്യന്മാരത്രെ.

യിരമ്യാവിനുണ്ടായ ദൈവവിളി (യിരമ്യാവ് 1) പരിശോധിക്കുമ്പോഴും ബാലനായ യിരമ്യാവിന്റെ മനസ്സിൽ നടന്ന വാദപ്രതിവാദങ്ങൾ ഗ്രഹി ക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. 'നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭപാത്രത്തിൽ നിന്നും പുറത്തു വന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജാതികൾക്കു പ്രവാച കനായി നിയമിച്ചിരിക്കുന്നു' എന്ന വിളി അവന്റെ മനസ്സാക്ഷിയിൽ പല പ്പോഴും പൊങ്ങിയിരിക്കണം. അതിനൊക്കെയും മറുപടി കൊടുത്തു കൊണ്ടിരുന്നത് 'അയ്യോ, യഹോവയായ കർത്താവേ, എനിക്കു സംസാ രിപ്പാൻ അറിഞ്ഞുകൂടാ, ഞാൻ ബാലനല്ലേ' എന്നുള്ളതായിരുന്നു. തന്റെ അപ്രാപ്തിയെക്കുറിച്ച് ഈദൃശ്യബോധം ദൈവവിളി കേട്ടിട്ടുള്ള എല്ലാ വർക്കും ഉണ്ടായിട്ടുണ്ട്. അതിനും മറുപടി യിരമ്യാവിനു ലഭിച്ചു. 'ഞാൻ ബാലനെന്നു നീ പറയരുത്. നിന്നെ അയയ്ക്കുന്ന ഏവരുടെയും അടു ക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാ രിക്കുകയും വേണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടുകൂടെയുണ്ടെന്നു യഹോവയുടെ അരുളപ്പാട്.' ഈ ഉറപ്പ്

ലഭിക്കുന്നതുവരെ യാതൊരുവനും ദൈവവേലയ്ക്ക് ഇറങ്ങരുത്. സ്വന്ത ശക്തിയിൽ ആശ്രയിച്ച് സ്വന്തവിവേകത്തിൽ ഊന്നിയോ ഇറങ്ങുന്ന ഏവർക്കും പരാജയം നിശ്ചയമത്രെ. ദൈവശക്തിയിൽ ആശ്രയിക്കുന്ന ഒരുവൻ അവന്റെ അപ്രാപ്തിയിൽ നിരാശപ്പെടുകയില്ല. ഇല്ലായ്മയിൽ നിന്ന് എല്ലാം സൃഷ്ടിച്ച ദൈവത്തിന് അവന്റെ പ്രകൃത്യായുള്ള വിക്കിനെ മാറ്റുവാനോ ആ ജോലിക്ക് സഹായക്കാരനെ കൊടുക്കുവാനോ ഒരു പ്രയാസവുമില്ലായെന്നു വിശ്വസിക്കുന്ന മോശമാരെയാണ് നമ്മുടെ സഭ യുടെ ഈ പ്രതിസന്ധിഘട്ടത്തിൽ ദൈവത്തിന് ആവശ്യം ആവശ്യമാ യിരിക്കുന്നത്.

പട്ടത്വസ്ഥാനത്തുകൂടെയോ അല്ലാതെയോ സുവിശേഷ പ്രഘോഷ ണാർത്ഥം ദൈവത്താൽ വിളിക്കപ്പെടുന്ന ഒരാൾ പിന്നീട് കണക്കുകൂട്ടി കൊണ്ടിരിക്കുന്നത് അവിശ്വാസത്തിന്റെ ലക്ഷണമാണ്. ജാതികളോടു സുവിശേഷം അറിയിക്കുന്ന ഒരു വലിയ അത്യാവശ്യബോധം എല്ലാ ക്രിസ്ത്യാനികൾക്കും ഉണ്ടായിരിക്കേണ്ടതത്രെ. ഈ വലിയ ചുമതല നിർവ്വഹിപ്പാനാണ് ദൈവം നിന്നെ സൃഷ്ടിച്ചിരിക്കുന്നത്. എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്താൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചിക്കുകയോ എനിക്കു മുമ്പേ അപ്പോ സ്തോലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്ക് പോകയോ ചെയ്യാതെ നേരെ അറബിയിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു (ഗലാ. 1:15–17) എന്നത്രെ മിഷനറി വീരനായ പൗലോസ് ശ്ലീഹാ സ്വാനുഭവത്തെ ക്കുറിച്ച് പറയുന്നത്. വേണ്ടിവന്നാൽ ജഡരക്തങ്ങളായ മാതാപിതാക്ക ന്മാരെപ്പോലും മറന്നു മശിഹായുടെ പിന്നാലെ ക്രൂശുവാഹികളായി പോകുവാൻ സന്നദ്ധരായ ഒരു വൃന്ദത്തെയത്രെ ഇന്ന് സഭയ്ക്ക് ആവ ശ്യമായിരിക്കുന്നത്.

വില്യം കേറി ഇന്ത്യയിൽ സുവിശേഷവേലയ്ക്കായി വരുവാൻ ആഗ്രഹിച്ചപ്പോൾ ആ ചെരുപ്പുകുത്തിയെ എല്ലാവരും കളിയാക്കി. സുവി ശേഷകന്മാരിൽ നിന്നുപോലും ഒരു ഉത്തേജനവും ലഭിക്കാതിരുന്ന കേറി, തന്നെ ഇന്ത്യയിലേക്ക് അയയ്ക്കുവാൻ ഒരു മിഷൻ ബോർഡ് പോലും ഉണ്ടാക്കേണ്ടി വന്നു. അദ്ദേഹം ഉത്തരേന്ത്യയിൽ പലയിടത്തും ബംഗാ ളിൽ പ്രത്യേകിച്ചും കത്തിച്ചു സൂക്ഷിച്ച വിശ്വാസദീപം വർഷങ്ങളോള മായിട്ടും കെടാതെയിന്നും ശോഭയോടെ ജ്വലിച്ചുകൊണ്ടിരിക്കുന്നതോർ ക്കുമ്പോൾ ദർശനം ലഭിച്ച ഒരു വ്യക്തിയുടെ കഴിവുകളെക്കുറിച്ച് അല്പ മായ ജ്ഞാനം നമുക്ക് ലഭിക്കും. ഏലിയാവിന്റെ ദൈവം ജീവിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നാമും മുന്നോട്ടു പോകണം.

# മിഷൻ എന്ത്? എന്തിന്?

മിഷൻ പഠനത്തിനുവേണ്ടി ആരംഭിച്ച അഖിലേന്ത്യാ കൂട്ടായ്മയുടെ (നാംസ്) രജതജൂബിലി സമ്മേളനം, നാംസ് 1984–ൽ രൂപംകൊണ്ട കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യാശ്രമത്തിൽ 2009–ൽ നടത്തി. അതോടനുബന്ധിച്ചു നാംസിന്റെ ചരിത്രവും ഉദ്ദേശ്യലക്ഷ്യങ്ങളും ബ്രഹ്മവാർ മിഷന്റെ ചരിത്രവും മറ്റും സംബന്ധിച്ചുള്ള ലേഖനങ്ങളും ചേർത്ത് കെ. വി. മാമ്മൻ രചിച്ച "നാംസ് രജതജൂബിലിയുടെ സന്തോഷസരോവരത്തിൽ" എന്ന പുസ്തകത്തിന് അഭിവന്ദ്യനായ ഫാ. ഡോ. നഥനയേൽ റമ്പാൻ (ഇപ്പോൾ ഡോ. യൂഹാനോൻ മാർ ദേവോദോറോസ് – പുനലൂർ ഭദ്രാസനം) എഴുതിയ അതിശ്രദ്ധേയമായ അവതാരികയാണ് ചുവടെ ചേർക്കുന്നത്. നാംസ് മുഖേന ഇന്നു സഭയിൽ ഉണ്ടാകേണ്ട ആദ്ധ്യാത്മികവും ഭൗതികവുമായ പരിവർത്തനങ്ങളെപ്പറ്റി ഇതിൽ കൂലങ്കഷമായി പ്രതിപാദിച്ചിരിക്കുന്നു:

നാംസും ബ്രഹ്മവാർ മിഷനും, മിഷന്റെ രണ്ട് കൈവഴികളെ പ്രതിനിധാനം ചെയ്യുന്നു. ആദ്യത്തേത് മിഷനെപ്പറ്റിയുള്ള സമഗ്രമായ പഠനം നടത്തുമ്പോൾ രണ്ടാമത്തേത് ദൗത്യരംഗത്തെ പ്രായോഗികമാക്കുന്നു. മിഷൻ പഠനവും മിഷൻ പ്രവർത്തനവും ഒരുപോലെ പ്രാധാന്യമുള്ളതാണ്. കാരണം മിഷനെക്കുറിച്ചുള്ള തെറ്റായ ധാരണകളെ അകറ്റി സഭാവിശ്വാസികളിൽ മിഷനെപ്പറ്റിയുള്ള അവബോധം സൃഷ്ടിച്ചെങ്കിലേ ദൗത്യരംഗം സജീവമാകുകയുള്ളു. ഇവയെ രണ്ടും കോർത്തിണക്കുന്നതും ചൈതന്യവത്താക്കുന്നതും പ്രാർത്ഥനയും ആരാധനയും കൗദാശിക ജീവിതവുമാണ്. ഇത് നമ്മെ രൂപാന്തരത്തിലേക്ക് നയിക്കുന്നു. ആകയാൽ പ്രാർത്ഥന, പഠനം, സേവനം ഇവ മൂന്നും സഭാജീവിതത്തിലെ ആദ്ധ്യാത്മികശക്തിയുടെ വർദ്ധനയ്ക്കും ദൗത്യനിർവ്വഹണത്തിനും അനിവാര്യമാണെന്നു കാണാം. ഈ മൂന്നിന്റേയും അടിസ്ഥാനത്തിൽ മിഷൻ എന്താണ്? എന്തിനാണ് എന്നത്രെ ഇവിടെ ചിന്തിക്കുന്നത്.

## I. മിഷനും പ്രാർത്ഥനയും (ആരാധന)

പ്രാർത്ഥന ആത്മാവിന്റെ പ്രാണവായുവാണ്. ശരീരത്തിന്റെ ജീവനും പരിപോഷണത്തിനും പ്രകൃതിയിലെ പ്രാണവായു അത്യാവശ്യമാണെന്നതുപോലെ ആത്മാവിന്റെ ചൈതന്യത്തിനും തേജസ്സിനും പ്രാർത്ഥന അനിവാര്യമാണ്. ദൈവ സംസർഗ്ഗമാണ് പ്രാർത്ഥന. ഇത് ഉളവാകുന്നത് മൗനത്തിൽ നിന്നുമാണ്. മദർ തെരേസ ഒരിക്കൽ പറഞ്ഞു "മൗനത്തിൽ നിന്ന് പ്രാർത്ഥനയും പ്രാർത്ഥനയിൽ നിന്നു വിശ്വാസവും വിശ്വാസത്തിൽ നിന്ന് സ്നേഹവും സ്നേഹത്തിൽ നിന്ന് സേവനവും സേവനത്തിൽ

നിന്ന് സമാധാനവും ഉണ്ടാകുന്നു" എന്ന്. വിശുദ്ധ ആംബ്രോസ് പറഞ്ഞു, "പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് പറക്കാനുള്ള ചിറകും ധ്യാനം ദൈവത്തെ കാണാനുള്ള കണ്ണുമാണ്." "ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോട് ചേർക്കുന്ന പൊന്നിൻചങ്ങലയാണ് പ്രാർത്ഥന." ഈ പ്രാർത്ഥനയിലെ ദൈവാഭിമുഖ്യം ആരാധനയിലും തിളങ്ങി നിൽക്കുന്നു. പരിശുദ്ധാത്മ ചൈതന്യത്തിൽ യേശുക്രിസ്തുവിൽ കൂടി പിതാവാം ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് ആരാധന. ക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നീ പ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുകയും പ്രകാശിപ്പിക്കുകയും ദൈവരാജ്യാഗമനത്തിന്റെ സജീവ പ്രതീക്ഷ ആരാധനയിലൂടെ നൽകുകയും ചെയ്യുന്നു. സഭയുടെ മിഷൻ എല്ലാ ദേശത്തും എല്ലാ കാലഘട്ടത്തിലുമുള്ള ജനങ്ങളെ മുഴുവൻ തീർത്ഥാടകരായി കൂട്ടിവരുത്തുന്നതാണെങ്കിൽ ആരാധന യേശുവിനോട് ചേർത്ത് അവനോടു കൂടെ യാത്ര ചെയ്യുവാനുള്ള ക്ഷണമാണ്. അപ്പോൾ മിഷനും ആരാധനയും അവിഭാജ്യമാണെന്നു കാണാം. അങ്ങിനെയെങ്കിൽ ദൈവവുമായുള്ള ബന്ധത്തിൽ (ആരാധനാ ജീവിതത്തിൽ) മിഷനെ എങ്ങനെയെല്ലാം മനസ്സിലാക്കാം?

### 1. മിഷന്റെ ആരംഭം വിശുദ്ധ ത്രിത്വത്തിലാണ്

മിഷൻ എന്ന വാക്ക് 'mitto' എന്ന ലാറ്റിൻ വാക്കിൽ നിന്ന് ഉണ്ടായതാണ്. അർത്ഥം 'അയയ്ക്കുക' (to send) എന്നാണ്. ഗ്രീക്കിൽ അപ്പോസ്തോലോസ് (Appostellos) എന്ന വാക്കിന്റെ അർത്ഥവും 'അയയ്ക്കുക' എന്നു തന്നെയാണ്. Missio Dei എന്ന വാക്ക് അർത്ഥമാക്കുന്നത് പരിശുദ്ധ ദൈവിക ത്രിത്വത്തിൽ തന്നെയുള്ള പ്രവർത്തനങ്ങളെയാണ്. കർത്താവ് പറയുന്നു, "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" (യോഹ. 20:21). പിതാവ് ഏതെല്ലാം അധികാരത്തോടും ദൗത്യത്തോടും കൂടി പുത്രനെ അയച്ചുവോ, അതേ അധികാരത്തോടും ദൗത്യത്തോടും കൂടി ശിഷ്യന്മാരെയും അയയ്ക്കുന്നു. സഭയെ അയക്കുന്നു. മിഷൻ ആരംഭിച്ചത് പിതാവ് മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി പുത്രനെ അയച്ചുകൊണ്ടായിരുന്നു. അവൻ പരിശുദ്ധാത്മാവിലൂടെ സഭയിൽ ലോകാന്ത്യത്തോളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ മിഷൻ വിശുദ്ധ ത്രിത്വദൈവത്തിന്റെ തന്നെ ജീവദായകമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പുത്രന്റെ ദൗത്യത്തിൽ പങ്കുചേരാത്തിടത്തോളം സഭയ്ക്ക് ദൈവത്തിന്റെ സഭയായി തീരാൻ കഴിയുകയില്ല. മറ്റൊരുരീതിയിൽ സഭയുടെ ഒരു പ്രവർത്തനമായിട്ടല്ല മിഷനെ കാണേണ്ടത്. അത് ക്രിസ്തുശരീരമായ സഭയുടെ സ്വഭാവത്തിന്റെ ചരിത്രത്തിലെ അവിഷ്കാരമാണ്. സഭയുടെ സത്താശാസ്ത്ര

പരമായ (ontological) വീക്ഷണത്തിൽ സഭയുടെ ചരിത്രവും സ്വഭാവവും തമ്മിൽ വേർതിരിക്കാൻ കഴിയുകയില്ല. ക്രിസ്തുവിലുള്ള ജീവിതത്തി ലൂടെ സഭയുടെ ജീവിതം ക്രിസ്തുവിന്റെ സാന്നിദ്ധ്യമായിത്തീരുന്നത് മിഷന്റെ ഭാഗമാണ്. ആയതിന് ആദ്ധ്യാത്മിക ശിക്ഷണത്തോടു കൂടി യുള്ള ആരാധനാ ജീവിതം അനിവാര്യമാണ്.

## 2. മിഷൻ ദൈവിക അറിവിലേക്ക് നയിക്കപ്പെടുന്നതാണ്

ആദ്ധ്യാത്മിക ശിക്ഷണവും പ്രാർത്ഥനാ ജീവിതവും വഴി ഒരു വ്യക്തി വിശുദ്ധിയിലൂടെ ദൈവിക അറിവിലേക്ക് ഉയരുകയും മറ്റുള്ളവരെ ആ മാർഗ്ഗത്തിലേക്ക് തിരിപ്പിക്കുകയും ചെയ്യുന്നത് മിഷന്റെ ഭാഗമാണ്. നാം സത്യത്തെക്കുറിച്ച് പൂർണ്ണ അറിവ് പ്രാപിക്കണമെന്നാണ് ദൈവം ആഗ്ര ഹിക്കുന്നത് (യോഹ. 17.3, 1. തിമോ. 2.4). നിത്യജീവൻ എന്നു പറയു ന്നത് സത്യദൈവത്തെയും അവിടുത്തെ പുത്രനായ യേശുക്രിസ്തുവി നെയും അറിയുന്നതത്രെ എന്ന് വി. യോഹന്നാൻ വിവരിക്കുന്നുണ്ട്. ഇത് കേവലം ബൗദ്ധിക അറിവല്ല. എല്ലാറ്റിലും മേലായി ദൈവത്തെ പൂർണ്ണ മായി സ്നേഹിച്ച് ദൈവഭക്തിയിൽ അനുസ്യൂതം വളരുന്ന വ്യക്തി ഒരള വുവരെ ദൈവിക താദാത്മ്യതയിലേക്കുയരുമ്പോഴുണ്ടാകുന്ന ആത്മിക അനുഭവമാണ് ദൈവിക അറിവ് (1 യോഹ. 1.3). ദൈവത്തിന്റെ വെളി പാടും പരിശുദ്ധാത്മ പ്രവർത്തനവും കൂടാതെ ഈ ആഴമേറിയ അനു ഭവം ആർക്കും ലഭ്യമല്ല. പ്രാർത്ഥനാ മനുഷ്യൻ ജീവിതംകൊണ്ടും പ്രവൃ ത്തികൊണ്ടും യഥാർത്ഥ മിഷണറിയാണ്. അത്തരക്കാർ അനേകരെ ദൈവിക അറിവിലേക്ക് നയിക്കുന്നവരാണ്.

## 3. മിഷൻ ദൈവികരണത്തിന്

മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമാണ് രക്ഷ. അതിനെ പിതാക്കന്മാർ ദൈവീകരണം (Theosis) എന്നു പറയുന്നു. ഇത് ദൈവമായിത്തീരലല്ല, ദൈവത്തെപ്പോലെ ആയിത്തീരുന്ന പ്രക്രിയയാണ്. ദൈവികരണം പത്രോസ് ശ്ലീഹാ പറയുന്നപ്രകാരം "... ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തോടു കൂട്ടാളികളാകുവാൻ ഇടവരു ന്നു" (2 പത്രോ. 1:4). വിശുദ്ധ യോഹന്നാൻ ശ്ലീഹാ പറയുന്നു, "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെതന്നെ കാണു ന്നതാകകൊണ്ട് അവനോട് സദൃശന്മാർ ആകും" (1 യോഹ. 3:2). കർ ത്താവ് ഓർപ്പിക്കുന്നു, "നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണ നായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" (മത്തായി 5:48). പച്ചിരുമ്പ് ഉലയിൽ ഇട്ട് ഊതുമ്പോൾ അത് അഗ്നിയുടെ നിറവും ചൂടും എല്ലാം സ്വീകരിച്ച് അഗ്നിപോലെ ആകുന്നു. അതുപോലെ നമ്മൾക്കും ദൈവത്തെപ്പോലെ ആയിത്തീരാൻ കഴിയണം. നമ്മിലൂടെ

നാം ഉൾക്കൊള്ളുന്ന സമൂഹവും ആത്യന്തികമായി സമസ്ത മനുഷ്യ വർഗ്ഗവും അതിലൂടെ പ്രപഞ്ചവും ദൈവീകരിക്കപ്പെടണമെന്നതാണ് ദൈവേഷ്ടം. ഇത് മിഷന്റെ ഏറ്റവും പരമമായ ലക്ഷ്യമാണ് എന്നത് വിസ്മരിക്കാൻ ഇടയാകരുത്. വിശുദ്ധനായ ദൈവത്തിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുവാൻ നാം വിശുദ്ധരാകണം (യോഹ. 17:19). യേശുനാമ ജപത്തിലൂടെയും കണ്ണീരോടുകൂടെയുള്ള പ്രാർത്ഥനയിലൂടെയും കൗദാശിക ജീവിതത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും നിസ്വാർത്ഥ സേവനത്തിലൂടെയും മറ്റ് ആദ്ധ്യാത്മിക സാധനകളുടെ അനുഷ്ഠാനത്തിലൂടെയും നാം  ദൈവീകരിക്കപ്പെടേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കണം.

### 4. മിഷൻ യുഗാന്ത്യപരമായ ആവശ്യമാണ്

നമ്മൾ അനുദിനം വിശ്വാസപ്രമാണത്തിൽ പ്രാർത്ഥിക്കുന്നു, "വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവിതത്തിനായി ഞങ്ങൾ നോക്കിപാർക്കുന്നു" എന്ന്. ഇത് സഭയുടെ നിരന്തര പ്രാർത്ഥനയും പ്രതീക്ഷയുമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഈ ലോകത്തെ ഒരുക്കണം (മർക്കോസ് 13:10). 'സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും സകലതും ക്രിസ്തുയേശുവിൽ ഒന്നായിത്തീരുക എന്ന കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ' (എഫേ. 1:9, 10) യുടെ സഫലീകരണത്തിനായുള്ള പരിശ്രമത്തിൽ സഭയുടെ ഇന്നത്തെ പങ്കിലാണ് മിഷന്റെ പ്രസക്തി നിലകൊള്ളുന്നത്. മിഷൻ പ്രവർത്തനം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് വിശ്വാസികൾക്കുള്ള പ്രത്യാശയുടെ സജീവവും സൃഷ്ടിപരവുമായ  പ്രകാശനമാണ്. വി. കുർബ്ബാനയിൽ കർത്താവിന്റെ രക്ഷണ്യ വ്യാപാരം മുഴുവനിലും ഇന്ന് പങ്കാളികളാകുന്നതോടൊപ്പം രണ്ടാമത്തെ വരവിന്റെ മുന്നാസ്വാദനം അനുഭവിക്ക കൂടി ചെയ്യുന്നുണ്ട്. ആരാധനയിലൂടെയും മിഷൻ പ്രവർത്തനങ്ങളിലൂടെയും എല്ലാ മനുഷ്യരേയും ക്രിസ്തുവിശ്വാസത്തിലേക്കാനയിച്ചുകൊണ്ട് യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുകയാണ് സഭയുടെ ദൗത്യം. "സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ മടങ്ങുകയും എല്ലാ നാവും 'യേശു കർത്താവ്' എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും (ഫിലി. 2:10–11) ചെയ്യുമ്പോഴാണ് ഈ മഹത്വീകരണവും ഔന്നത്യവത്കരണവും അത്യുച്ചാവസ്ഥയിലെത്തുന്നത്.

## II. മിഷനും പഠനവും

മിഷന് പ്രാർത്ഥന അനിവാര്യമെന്നപോലെ പഠനവും അവിഭാജ്യമാണ്. പരിശുദ്ധ പരുമല തിരുമേനി പറയുന്നു, "ജനങ്ങളുടെ ഇടയിൽ

സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തെ സഹായിക്കുന്നതത്രെ പ്രാർത്ഥന." ആകയാൽ പ്രാർത്ഥനയും പഠനവും ഒരുപോലെ മിഷന് ആവശ്യമാണ്. നാംസ് സംഘടന പ്രാഥമികമായി വിഭാവനം ചെയ്യുന്നത് ഈ പഠനമാണ്. വിശുദ്ധ വേദപുസ്തകാടിസ്ഥാനത്തിലും സഭാചരിത്രം, സഭയുടെ സത്യവിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലും ആനുകാലിക സംഭവങ്ങളുടെയും വ്യവസ്ഥിതികളുടെയും അടിസ്ഥാനത്തിലുമുള്ള സഭാദൗത്യപഠനം മനുഷ്യമനസ്സുകളെ പ്രബുദ്ധമാക്കുവാനും പ്രചോദിപ്പിക്കുവാനും കർമ്മോത്സുകരാക്കുവാനും ആവശ്യമാണ്. ആശയപരമായ ആദർശങ്ങളുടെ പ്രചോദനമാണ് സൃഷ്ടിപരമായ കർമ്മങ്ങളെ അന്വർത്ഥമാക്കുന്നത്.

### 1. മിഷനും വേദപുസ്തകാടിസ്ഥാനവും

വിശുദ്ധ വേദപുസ്തക അടിസ്ഥാനത്തിൽ മിഷന്റെ ഉൾക്കാഴ്ചകളെ തിരിച്ചറിയാനും അവയെ ആനുകാലികമായി വ്യാഖ്യാനിച്ച് പഠിച്ച് മറ്റുള്ളവരിലും സുവിശേഷത്തിന്റെ സ്വാധീനം സ്വാർത്ഥകമാക്കാനും പ്രായോഗികമാക്കാനും സാധിക്കുക എന്നത് നാംസിന്റെ ലക്ഷ്യത്തിൽ പെടുന്നു. ലോകത്തെ സ്നേഹിച്ച് പുത്രനെ ലോകരക്ഷയ്ക്കായി തന്ന പിതാവാംദൈവത്തിന്റെ നിസ്തുല സ്നേഹത്തിന്റെ അന്തർധാരയാണ് വേദപുസ്തകത്തിന്റെ ഇതിവൃത്തം. ആ സ്നേഹധാരയുടെ കവിഞ്ഞൊഴുക്ക് ക്രൂശുമരണത്തിലൂടെ വെളിപ്പെടുത്തി ഇന്നും ചരിത്രത്തിലൂടെ അതിന്റെ അനുസ്യൂത പ്രവാഹം സമസ്ത മാനവ ജനതയിലേക്കും സമസ്തലോകത്തിലേക്കും അർത്ഥപൂർണ്ണമായി ഒഴുക്കിക്കൊടുക്കാനുള്ള ദൗത്യമാണ് സഭയ്ക്കുള്ളത്. അതിലൂടെ സകലരേയും ക്രിസ്തുവിൽ ഒന്നാക്കാൻ കഴിയണം. ദൈവവചനമാണ് പിതാക്കന്മാരെയും പ്രവാചകന്മാരേയും ദൗത്യബോധമുള്ളവരും കർമ്മനിരതരുമാക്കിയത് എന്നത് ചരിത്ര സത്യം. ഇന്നും സത്യവചനം മനുഷ്യരെ രൂപാന്തരത്തിലേക്കും സത്യഅറിവിലേക്കും കർമ്മമണ്ഡലങ്ങളിലേക്കും ദൈവമഹത്വത്തിനായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഈ സ്വാധീനശക്തിയെ മനുഷ്യ ഹൃദയങ്ങളിലെ ചാലകശക്തിയാക്കാൻ നമുക്ക് കടപ്പാടുണ്ട്.

### 2. മിഷനും സന്മാർഗ്ഗ ജീവിതവും

തിരുവെഴുത്തിന്റെ ധ്യാനവും പഠനവും നമ്മെ സന്മാർഗ്ഗനിഷ്ഠയുള്ളവരാക്കാൻ പര്യാപ്തമാണ്. കാരണം ദൈവവചനം ശക്തിയുള്ളതും രൂപാന്തരം വരുത്തുവാൻ പ്രാപ്തവുമാണ്. നാംസ് വിഭാവനം ചെയ്യുന്ന ദർശനവും ഇതുതന്നെയാണ്. സന്മാർഗ്ഗജീവിതം തന്നെ മിഷനാണ്. ഏതെല്ലാം വിധത്തിൽ? ദൈവത്തെ മാത്രം സ്നേഹിച്ചാൽ മതി എന്ന ചിന്ത തിരുത്തി

ഒപ്പം കർത്താവു പറയുംപോലെ “നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം'' (ലൂക്കോസ് 10:27). സമൂഹം പുറംതള്ളിയവരും കഷ്ടത, വേദന, മർദ്ദനം, ചൂഷണം എന്നിവയ്ക്ക് വിധേയരായി കഴിയുന്നവരും കരുതലും സ്നേഹവും അർഹിക്കുന്നു. അവർക്കായി പങ്കിടുവാനും സാധിക്കണം. നമുക്കുള്ളതെല്ലാം സൗജന്യമായി ലഭിച്ചു എന്ന ബോധത്തോടെ സൗജന്യമായി കൊടുക്കണം (മത്തായി 10:8). തിന്മയുടെ വഴി നിലനിൽക്കുന്ന ഈ ലോകത്തോട് അനുരൂപപ്പെടാതെ.... മനസ്സു പുതുക്കി രൂപാന്തരപ്പെട്ടു ജീവിതത്തിലേക്ക് (റോമ 12:2) മനഃപൂർവ്വമായി നടന്നടുക്കണം. “കണ്ണീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും” (സങ്കീ. 126:5) എന്ന സത്യം നാം വിട്ടുകളയരുത്. കർത്താവിന്റെ ഗിരിപ്രഭാഷണം (മത്തായി 5, 6, 7 അദ്ധ്യായങ്ങൾ) ജീവിതത്തിൽ ധ്യാനവിഷയവും വിളക്കുമാകണം. അങ്ങിനെ തിരുവെഴുത്തിന്റെ ധ്യാനാത്മകമായ പഠനം ആത്മാവിൽ നമ്മെ സന്മാർഗ നിഷ്ഠയുള്ളവരും കർത്താവിന്റെ വേലയിൽ ഉത്സാഹമുള്ളവരും ആക്കും.

### 3. മിഷനും സാംസ്കാരിക അനുരൂപണവും

ദൈവം യേശുക്രിസ്തുവിൽ മർത്തീകരണം ചെയ്തത് സാംസ്കാരിക അനുരൂപണത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനമാണ്. ‘വചനം’ (ലോഗോസ്) എന്ന ഗ്രീക്ക് തത്വചിന്താസംജ്ഞ വി. യോഹന്നാൻ, സുവിശേഷത്തിൽ ഉപയോഗിച്ച് ക്രിസ്തുശാസ്ത്രത്തെ പ്രദീപ്തമാക്കി ഗ്രീക്ക് തത്വജ്ഞാനികൾക്ക് മനസ്സിലാക്കിക്കൊടുത്തത് സാംസ്കാരികാനുരൂപണത്തിന്റെ കാതലാണ്. ക്രിസ്തീയ വിശ്വാസവും ദേശീയ സംസ്കാരവും തമ്മിലുള്ള ബന്ധം ഓർത്തഡോക്സിയുടെ ഒരു പ്രത്യേകതയാണ്. ദേശീയ സംസ്കാരവുമായുള്ള സമന്വയം കേവലം മിഷനു വേണ്ടിയുള്ള ഒരായുധമല്ല, പിന്നെയോ സുവിശേഷ വെളിച്ചത്തിൽ ചരിത്രത്തിന്റേയും സംസ്കാരത്തിന്റേയും രൂപാന്തരീകരണമാണ്. പല രാജ്യങ്ങളിലും സഭ രാഷ്ട്രത്തിന്റെ ചരിത്രത്തോട് പൂർണ്ണമായി താദാത്മ്യപ്പെടുകയും രാഷ്ട്ര സംസ്കാരത്തെ രൂപാന്തരപ്പെടുത്തുവാൻ ഉത്തരവാദിത്വപൂർവ്വം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ നാം ജീവിക്കുന്ന ഭാരതത്തിന്റെ തനതായ സംസ്കാരത്തെപ്പറ്റിയും ഇവിടെയുള്ള മറ്റു മതപ്രത്യയശാസ്ത്രങ്ങളെപ്പറ്റിയും ആഴമാർന്ന പഠനം തുടർന്നും നടത്തേണ്ടതായിട്ടുണ്ട്. ഉൾക്കൊള്ളേണ്ടതിനെ ഉൾക്കൊണ്ട് സഭയുടെ വിശ്വാസപരവും ആദ്ധ്യാത്മികവും ദാർശനികവും ജീവിതശൈലീപരവുമായ കാര്യങ്ങളിൽ കൂടുതൽ പരിപുഷ്ടിയും പുതുശക്തിയും നേടാൻ കഴിയണം. ഭാരതീയ ആദ്ധ്യാത്മിക സംസ്കാരത്തിന്റെ വളക്കൂറുള്ള ഈ മണ്ണിൽ വേരുറച്ചു വളരുന്നെങ്കിൽ മാത്രമേ ക്രിസ്തീയ സഭയ്ക്കതിന്റെ അർത്ഥപൂർണ്ണമായ സാക്ഷ്യം നിർവഹിക്കാൻ കഴിയൂ. നാംസിന്റെ പഠനം ഈ മണ്ഡലത്തിൽ ഗൗരവമായി നടത്തേണ്ടിയിരിക്കുന്നു.

## III. മിഷനും സേവനവും

നാംസിന്റെയും ബ്രഹ്മവാർ മിഷന്റെയും പൊതുവായ താല്പര്യമാണ് ആവശ്യത്തിലിരിക്കുന്നവർക്ക് നന്മ ചെയ്യുക എന്നത്. ബാംഗ്ലൂർ നാംസ് സ്നേഹസദൻ ബാലഗ്രാം, വൃദ്ധഭവനം മറ്റു യൂണിറ്റുകൾ നടത്തുന്ന സേവന പ്രവൃത്തികളും ബ്രഹ്മവാർ മിഷൻ വിദ്യാഭ്യാസ മണ്ഡലത്തിലും അല്ലാതെയും നടത്തുന്ന പ്രവർത്തനങ്ങളും ഉദാഹരണങ്ങളാണ്.

### 1. മിഷൻ ദൈവികസ്നേഹം പ്രവൃത്തിപഥത്തിൽ വരുന്നതാണ്

ക്രിസ്തുവിന്റെ മിഷന് രണ്ട് മൗലിക ഉദ്ദേശ്യങ്ങളാണ് ഉള്ളത്. ഒന്നാമത് രക്ഷിക്കുക, രണ്ടാമത് ശുശ്രൂഷിക്കുക (ലൂക്കോ. 19:10, 1 തിമോത്തി. 1:15, യോഹ. 13:14, ലൂക്കോ. 22:25-27). കർത്താവ് വന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിപ്പാനും തന്റെ ജീവനെ അനേകർക്കുവേണ്ടി മറുവിലയായി നൽകുവാനുമാണ് (മർക്കോസ് 10:45). തന്റെ രക്ഷാകര പ്രവർത്തനവും ശുശ്രൂഷയും എല്ലാം സൃഷ്ടികർമ്മത്തിലെന്നപോലെ നിസ്വാർത്ഥ ദൈവികസ്നേഹത്തിന്റെ പ്രവൃത്തികളായിരുന്നു. വിശുദ്ധ ത്രിത്വത്തിലെ പങ്കിടുന്ന ദൈവികസ്നേഹത്തിന്റെ ദർശനമാണ് സഭയുടെ ദൗത്യനിർവ്വഹണത്തിലും പ്രകടമാകേണ്ടത്. ദൈവം വസിക്കുന്ന ആലയമാണ് മനുഷ്യനെന്നും മനുഷ്യരെല്ലാവരും ഒരേ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവരാണെന്നും ഈലോക ജീവിതം താല്ക്കാലികമാണെന്നും ഇതിനപ്പുറത്ത് അനശ്വരമായ ഒരു ജീവിതം ഉണ്ടെന്നും ആ ജീവിതത്തിനുള്ള ഒരുക്കസ്ഥലവും സമയവുമാണ് ഈ ലോക ജീവിതമെന്നുമുള്ള ഉൾക്കാഴ്ചയിൽ ജീവിക്കുന്ന വ്യക്തി മറ്റുള്ളവരിൽ ക്രിസ്തുവിനെ ദർശിച്ച് അവർക്കായ് ത്യാഗപൂർവ്വം ശുശ്രൂഷ നടത്തുക തന്നെ ചെയ്യും. ഒരിക്കൽ വിവേകാനന്ദൻ പറഞ്ഞു, "അനാഥന്റെ വായിൽ ഒരു കഷണം റൊട്ടി വച്ച് കൊടുക്കാത്ത, വിധവയുടെ കണ്ണീരൊപ്പാത്ത മതം മതമല്ല. മതം മനുഷ്യസേവനമാണ്" എന്ന്. പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ച് ദൈവികസ്വഭാവത്തിൽ വളരുന്നതോടൊപ്പം നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നത് ആത്മിക ജീവിതത്തിന്റെ പൂർണ്ണതയ്ക്ക് അനിവാര്യമാണ്.

### 2. മിഷനും വിമോചനവും

മിഷൻ വിമോചനത്തിനാണ്. ബന്ധിതർക്ക് വിമോചനവും കുരുടർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും (ലൂക്കോ. 4) പ്രഖ്യാപിക്കുവാനായിട്ടാണ് താൻ അയയ്ക്കപ്പെട്ടത് എന്ന് യേശുവിനറിയാമായിരുന്നു. സ്വാതന്ത്ര്യമായിരുന്നു യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റേയും കേന്ദ്രബിന്ദു. ക്രിസ്തീയ സന്ദേശം കേവലം

പാപത്തിൽ നിന്നുള്ള വിമോചനം മാത്രമല്ല, പാപത്തിൽ നിന്ന് ഉത്ഭൂത മാകുന്ന സകല ബന്ധനങ്ങളിൽ നിന്നുമുള്ള പൂർണ്ണ വിമോചനമാണ്. ക്രിസ്ത്യാനിയെ സംബന്ധിച്ച് മതമെന്നത് ഒരു ബന്ധനമല്ല. മറിച്ച് വിമോ ചിപ്പിക്കുന്ന, വിടുതൽ നൽകുന്ന ഒരു ശക്തികേന്ദ്രമാണ്.

യേശുക്രിസ്തു വഴിയായുള്ള രക്ഷയുടെ സന്ദേശം അർത്ഥമാക്കുന്നത്, മനുഷ്യനെ ഞെരുക്കുകയും അയാളുടെ സത്യനിഷ്ഠയേയും ദൈവ പുത്രൻ എന്ന നിലയിലുള്ള അന്തസ്സിനെയും ഹനിക്കുകയും ചെയ്യുന്ന പ്രവണതകളിൽ നിന്നുള്ള സമഗ്ര വിമോചനമാണ്. യേശുക്രിസ്തുവിൽ മിഷനിൽ പങ്കാളിയാവുക എന്നതിൽ 'വാഴ്ചകൾക്കും അധികാരങ്ങ ൾക്കും' എതിരായി സമരം ചെയ്യുക, നമ്മിലും സമൂഹത്തിലുമുള്ള തിന്മ യുടെ ശക്തികൾക്കെതിരായി പോരാടുക, ദൈവേഷ്ടം എല്ലാ കാലത്തും നടപ്പാക്കുക, നീതി, സമത്വം, സമാധാനം, സ്വാതന്ത്ര്യം എന്നിവ പുലർ ത്തുന്ന ദൈവരാജ്യത്തിന്റെ സൃഷ്ടിക്കായി ത്യാഗപൂർവ്വം പരിശ്രമിക്കുക, സകല ജാതികളേയും ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കാനയിക്കുക മുതലായവയെല്ലാം ഉൾപ്പെടും.

### 3. മിഷൻ – ലോകത്തിൽ ഐക്യവും നീതിയും സമാധാനവും

കാലസമ്പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലതും ക്രിസ്തുവിൽ ഒന്നായിത്തീരുക (എഫേ. 1:9-10) എന്നത് ദൈവിക പദ്ധ തിയാണ്. ഇതിനായി കർത്താവ് പ്രാർത്ഥിച്ചു (യോഹ. 17:11). മനുഷ്യ വംശം ദൈവത്തിന്റെ മുമ്പാകെ ഒരു സമൂഹമാണെന്ന് യേശുക്രിസ്തു വിൽ വെളിപ്പെടുത്തപ്പെട്ടു. അതായത്, ദൈവപുത്രന്റെ മനുഷ്യാവതാര ത്തിലൂടെ മാനവത്വം ദൈവത്വത്തിൽ ഏകീഭവിച്ചു, ക്രിസ്തുവിൽ ചരി ത്രത്തിന്റെ ഐക്യം വെളിപ്പെടുത്തപ്പെട്ടു. ദൈവത്തിന്റെ പിതൃത്വം അംഗീ കരിച്ച് സമസ്ത ജനതയുടെയും ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പുത്ര ന്മാരും പുത്രിമാരും പരസ്പരം സഹോദരീസഹോദരങ്ങളും പിതാവാം ദൈവത്തിന്റെ ഏക കുടുംബത്തിലെ അംഗങ്ങളുമാണെന്ന കാഴ്ചപ്പാ ടോടെ സ്നേഹത്തിൽ പങ്കിടുന്ന കൂട്ടായ്മ അനുഭവമാക്കി മനുഷ്യസമൂ ഹത്തെ രൂപപ്പെടുത്തി എടുക്കുക എന്നത് സഭയുടെ ദൗത്യമാണ്. ക്രിസ്തുവിൽ അധിഷ്ഠിതമായ ദൈവമക്കളുടെ കുടുംബ ഐക്യത്തി ലാണ് മനുഷ്യ കുടുംബത്തിന്റെ ഐക്യം വളരെയധികം ശക്തിപ്പെടു ന്നതും പൂർത്തിയാകുന്നതും. ജനതകൾക്കിടയിൽ ഐക്യം സ്ഥാപിക്കു ന്നതിന് മിഷൻ ഒരു നിർണ്ണായക ഘടകമാണ്. അതുപോലെ ലോക ത്തിൽ നീതിയും സമാധാനവും കൈവരുത്തുന്നതിനും, ആത്യന്തികമായ നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടി യുള്ള പോരാട്ടം ദൈവികസ്നേഹ ശുശ്രൂഷയുടെ ഭാഗമാണെന്നു നാം

തിരിച്ചറിയണം. നല്ല ശമര്യാക്കാരന്റെ സ്നേഹ പ്രവൃത്തിയിൽ മാത്രം ഊന്നൽ നൽകുന്നതല്ല മിഷൻ. അർദ്ധപ്രാണനായി മുറിവേറ്റു കിടക്കുന്ന മനുഷ്യനെ ആ സ്ഥിതിയിൽ ആക്കിത്തീർത്ത കള്ളന്മാർ (തെറ്റായതും തിന്മയുള്ളതുമായ സാമൂഹ്യഘടനകളും വ്യവസ്ഥിതികളും) ക്കെതിരെ പോരാടി തിന്മയെ ഇല്ലായ്മ ചെയ്യാനും കഴിയണം. സാമൂഹ്യ വ്യവ സ്ഥിതി സത്യത്തിൽ അധിഷ്ഠിതവും നീതിയിൽ കെട്ടിപ്പടുത്തതും സ്നേഹത്തിൽ ഉത്തേജിതവുമാകണം. നാംസിന് ഈ മണ്ഡലത്തിൽ ചിലതെല്ലാം ചെയ്യാൻ കഴിയും.

### 4. മിഷനും, ദരിദ്രരുമായുള്ള ഐക്യവും

സഭ ദരിദ്രരുടെ സഭയാകണമെന്നു പറയാറുണ്ട്. എന്താണ് ദരിദ്രരുടെ സഭ? ഒസ്താത്തിയോസ് തിരുമേനിയുടെ ഭാഷയിൽ “ദരിദ്രരുടെ സഭ യെന്നു പറഞ്ഞാൽ യേശുക്രിസ്തുവിന്റെ മാതൃക പിൻപറ്റുന്നതും (ഫിലി. 2:5-8, 2 കൊരി. 8:9) പരിശുദ്ധാത്മ ചൈതന്യം നിറഞ്ഞതും, ആദിമ നൂറ്റാണ്ടിൽ പെന്തിക്കോസ്തിന്റെ ചൈതന്യം കുറയുന്നതുവരെ നില നിന്നതും, പിന്നീട് സഭാചരിത്രത്തിൽ ഭൗതികവാദം ഉയർന്നപ്പോഴൊ ക്കെയും ശക്തിപ്രാപിച്ച ചെറു സമൂഹങ്ങൾ നിലനിറുത്തിയതും, മുട്ടു ള്ളവരാരും ഇല്ലാത്തതും, ആരും ഒന്നും സ്വന്തമെന്നു പറയാത്തതും, എല്ലാം പൊതുവക എന്ന് എണ്ണി എല്ലാവർക്കും വേണ്ടി ഓരോരുത്തരും, ഓരോരുത്തർക്കുവേണ്ടി എല്ലാവരും ജീവിച്ച് ദൈവരാജ്യത്തിന്റെ മോഡ ലിൽ പ്രാർത്ഥിക്കുന്നതും വിശുദ്ധ കുർബ്ബാന അപ്പം പോലെ എല്ലാം പങ്കിടുന്നതും ത്രിത്വത്തിന്റെ സ്നേഹവായ്പ് ദൃശ്യമാകുന്നതുമായ യഥാ ർത്ഥ സഭയാണ്” (അപ്പോ. പ്ര. 2:42-44). സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകലപ്പെട്ടവരും അകറ്റപ്പെട്ടവരുമായ ദരിദ്രരും ദളിതരും മർദ്ദിതരും ചൂഷിതരുമായ ബഹുഭൂരിപക്ഷത്തിന്, മുകളിൽ നിന്ന് ഔദാര്യത്തിന്റെ പിച്ചക്കാശ് എറിഞ്ഞുകൊടുക്കുന്ന ഔദാര്യ പ്രവർത്തനങ്ങൾ ആഘോ ഷമാക്കിത്തീർത്ത് അവരെ അടിമകളാക്കുകയല്ല ആവശ്യം (ഔദാര്യ പ്രവ ർത്തനങ്ങൾ മോശമാണ് എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്, അതിന്റെ പിന്നിലെ തെറ്റായ മനോഭാവമാണ്). നമ്മളിൽ ഒരു വ്യക്തിയായി ദൈവ ത്തിന്റെ മക്കളായി അവരെ ആദരിച്ച് അംഗീകരിച്ച് അവരുടെ വേദനക ളിലും യാതനകളിലും ഇല്ലായ്മകളിലും ദൈവിക സ്നേഹത്തിന്റെ വികാരവായ്പിൽ അവരുമായി ഐക്യദാർഢ്യപ്പെടുകയാണ് ആവശ്യം. അവിടെയാണ് യഥാർത്ഥ ക്രിസ്തീയ ധാർമ്മികത നാം മനസ്സിലാക്കേ ണ്ടത്. സ്നേഹത്തിലും കൂട്ടായ്മയിലും കടമയുടെയും കടപ്പാടിന്റെയും ചുമതലാബോധത്തിന്റെയും അടിസ്ഥാനത്തിൽ ദരിദ്രരുമായി ഭൗതിക വസ്തുക്കൾ നീതിപൂർവ്വമായി പങ്കിടണം; ഔദാര്യഭാവത്തിലല്ല, അവ രത് അർഹിക്കുന്നു എന്ന ഭാവത്തിൽ തന്നെ.

## 5. മിഷനും നിത്യസ്നേഹ കൂടാരവും

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഏറ്റവും ഒടുവിൽ എഴുതിയ പുസ്തകമാണ് "നിത്യസ്നേഹ കൂടാരം. ഇളകാത്ത കുറ്റിയും പൊട്ടാത്ത കയറും." നാംസിന്റെ ജൂബിലി കോൺഫ്രൻസിന്റെ പഠന ഗ്രന്ഥവും ഇതു തന്നെയാണ്. കൊടികുത്തിവാഴുന്ന സ്വാർത്ഥ സ്നേഹത്തിന്റെ ചരിത്രപരവും ഘടനാപരവുമായ സകല വ്യവസ്ഥിതികളേയും ജീവിതശൈലികളേയും ശക്തമായി വിമർശനവിധേയമാക്കിക്കൊണ്ട് ആത്യന്തികമായി ഉണ്ടാകാനിരിക്കുന്ന ദൈവഇഷ്ടം പൂർണ്ണമായി നിറവേറപ്പെടുന്ന ദൈവരാജ്യത്തിന്റെ മഹത്വപൂർണ്ണമായ ദർശനത്തെ സമകാലിക കാഴ്ചപ്പാടിൽ വിചിന്തനം ചെയ്യുക മാത്രമല്ല എല്ലാ തലങ്ങളിലും വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി ഉറക്കെ ചിന്തിക്കുകയും ചെയ്യുന്നു. ദൈവികസ്നേഹത്തിന്റെ ഒരു ഹരിത വിപ്ലവം മനുഷ്യഹൃദയങ്ങളിൽ ഉണ്ടാകണം. അതുണ്ടാകണമെങ്കിൽ മനുഷ്യ ഹൃദയങ്ങൾ വിനയത്തിന്റേയും വിശുദ്ധിയുടെയും വിളനിലങ്ങളാകണം. പാപത്തിന്റെ പറക്കാരകളും മുള്ളുകളും മുൾച്ചെടികളും ആദ്ധ്യാത്മിക സാധനകളുടെ അനുഷ്ഠാനങ്ങളാൽ ഉഴുതു മറിച്ച് പെറുക്കി എറിയപ്പെടണം. അങ്ങനെ വിശുദ്ധിയുടെ വിളനിലത്തിൽ വിശ്വാസത്തിന്റെ വിത്ത് ശക്തമായി മുളച്ചുവരും. അത് പുഷ്ക്കലമായ ചെടിയായി വളർന്ന് സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കും. അങ്ങനെ രൂപപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്ന ഹൃദയങ്ങളുടെ സംഗമം നിസ്വാർത്ഥ സ്നേഹത്തിന്റെ കൂട്ടായ്മയായി പരിണമിക്കും. അവിടെ പരിശുദ്ധാത്മ നിറവും നിയന്ത്രണവും മൂലം മനുഷ്യൻ മറ്റുള്ളവർക്കായി ത്യാഗപൂർവ്വം പങ്കിട്ടും ശുശ്രൂഷിച്ചും ജീവിക്കും. ആദ്ധ്യാത്മിക സർഗ്ഗചേതനയുടെ പര്യായങ്ങളായി പരിണമിക്കുന്ന അതുപോലെയുള്ള വിശുദ്ധ സംഘങ്ങൾ സമൂഹത്തെ പുളിപ്പിക്കുന്ന വസ്തുവായി, അന്ധകാരത്തെ മാറ്റുന്ന പ്രകാശമായി പരിണമിക്കും. ഈ രൂപാന്തരത്തിലേക്ക് സഭയിലെ ജനങ്ങളേയും മറ്റു സമൂഹങ്ങളേയും വഴിനടത്തുകയും ആത്യന്തികമായി സകലരും ദൈവസന്നിധിയിൽ അദൃശ്യഗണങ്ങളോടൊപ്പം നിന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്ന നിത്യസ്നേഹ കൂടാരത്തെ ലക്ഷ്യമാക്കി ചരിക്കുകയും ചെയ്യുക എന്നതാണ് ചരിത്രത്തിൽ സഭയുടെ ദൗത്യം. ഈ ദൗത്യത്തിൽ അർത്ഥപൂർണ്ണമായി ജീവിതം കൊണ്ടും കർമ്മം കൊണ്ടും പങ്കാളികളാകാൻ നാംസിന്റെ പ്രവർത്തകർക്കും അവരുടെ പ്രവർത്തനങ്ങൾക്കും അതുപോലെ ബ്രഹ്മവാർ തുടങ്ങിയുള്ള മിഷൻ പ്രവർത്തനങ്ങൾക്കും ഇടയാകാൻ ദൈവം സംഗതിയാക്കട്ടെ.

# സഭാ മിഷൻ ബോർഡിന്റെ വായും തൂണും മല്പാനും

സഭ, സാഹിത്യം, രാഷ്ട്രീയം, രാജ്യഭരണം തുടങ്ങിയ പല മേഖലകളിൽ ഒട്ടധികം പ്രശസ്ത വ്യക്തികൾക്കു ജന്മം നൽകിയ മാവേലിക്കരയ്ക്കു സമീപത്തുള്ള പത്തിച്ചിറ പള്ളിയുടെ ഈഴക്കടവു വാർഡിലെ ഈഴക്കടവു വീട്ടിൽ ജനിച്ച എം. വി. ജോർജ് മലങ്കരസഭയുടെ മിഷനറി വീരനായി ഉയർന്ന് സത്യസുവിശേഷ പ്രചരണത്തിലൂടെ ശതക്കണക്കിനു ജനങ്ങളെ നേർവഴിയിൽ നടത്തുകയും അനേകസഹസ്രം അനാഥരുടെ അത്താണിയായി മാറുകയും ചെയ്യുമെന്ന് മാതാപിതാക്കളോ ബന്ധുക്കളോ നാട്ടുകാരോ ഒരു നൂറ്റാണ്ടു മുമ്പ് ഭാവനയിൽ പോലും ചിന്തിച്ചിരിക്കില്ല. ദൈവത്തിന്റെ വഴികൾ ലോകാലോചനകൾക്കു കാണാനാവുന്നില്ലെന്നുള്ളതിന്റെ മറ്റൊരു ഉദാഹരണം കൂടിയാണു സ്മര്യപുരുഷന്റെ സുദീർഘവും ധന്യവും ഫലപ്രദവും ആത്മീയവുമായ ജീവിതപാതകൾ.

എം. വി. ജോർജിന്റെ പിതാവായ കൊച്ചിട്ടി കൊച്ചിട്ടി റാന്നിയിൽ നിന്നു മാവേലിക്കരയിൽ എത്തി ഈഴക്കടവിൽ മറിയാമ്മയെ വിവാഹം ചെയ്തു അവിടെ താമസിച്ചപ്പോൾ ഒരുത്തമ ക്രിസ്തീയ കുടുംബത്തിനു അടിസ്ഥാനമിടുകയായിരുന്നു. ഈ ദമ്പതികൾക്കു മാത്തുക്കുട്ടി, ജോർജുകുട്ടി, ജോഷാക്കുട്ടി, കുഞ്ഞമ്മ എന്നീ നാലു സന്താനങ്ങൾക്കു ജന്മം നൽകാൻ കഴിഞ്ഞു. മാത്തുക്കുട്ടി സൈനികസേവനത്തിൽ പ്രവേശിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്തു ജപ്പാനുമായുണ്ടായ യുദ്ധത്തിനിടയിൽ വളരെ പീഡകൾ സഹിച്ചു. മകൻ വീരമൃത്യു അടഞ്ഞു എന്നുപോലും മാതാപിതാക്കൾ സംശയിച്ചു എങ്കിലും ദൈവകൃപയാൽ അദ്ദേഹം തിരിച്ചെത്തി ഹോമിയോ ഡോക്ടറായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ മക്കൾ എല്ലാവരും ഇന്നു അമേരിക്കയിലും മറ്റുമായി നല്ല നിലയിൽ ജീവിക്കുന്നു.

ജോർജുകുട്ടി പഠിച്ച് അദ്ധ്യാപകവൃത്തിയിൽ പ്രവേശിക്കാൻ ആഗ്രഹിച്ചു എങ്കിലും ദൈവം അദ്ദേഹത്തെ ലോകപ്രസിദ്ധനായ ദൈവശാസ്ത്രജ്ഞനും സ്നേഹത്തിന്റെ അപ്പോസ്തോലനും സുവിശേഷരംഗത്തെ മുന്നണിപ്പോരാളിയും ആക്കി വഴിതിരിച്ചു വിട്ടു. ഉന്നത പദവികൾ ഒന്നും ആഗ്രഹിക്കാതിരുന്ന അദ്ദേഹത്തെ ഉപരിപഠനം കഴിഞ്ഞു വൈദികനായും തുടർന്നു സെമിനാരി അദ്ധ്യാപകനായും മെത്രാനായും തെരഞ്ഞെടുത്തു. ഒട്ടധികം സമുന്നത വൈദികരും മേല്പട്ടക്കാരും ഫാ. എം. വി. ജോർജിന്റെയും തുടർന്നു ഒസ്താത്തിയോസ് മെത്രാച്ചന്റെയും ശിഷ്യഗണങ്ങളിൽപെടുന്നു.

ഇളയ സഹോദരനായ ജോഷ്വാക്കുട്ടി ബോംബെയിൽ റയിൽവേ ഉദ്യോഗസ്ഥനായി സേവനം അനുഷ്ഠിച്ചു. അദ്ദേഹം നേരത്തെ മരിച്ചു പോയി. ജോഷ്വാക്കുട്ടിയുടെ മക്കൾ ബോംബെയിലും അമേരിക്കയിലും നല്ല നിലയിൽ ക്രിസ്തീയ കുടുംബജീവിതം നയിക്കുന്നു. ഏകസഹോദരി കുഞ്ഞമ്മയെ റാന്നിയിൽ വിവാഹം ചെയ്തയച്ചു. അടുത്ത കാലത്തു കുഞ്ഞമ്മയും അന്തരിച്ചു. മക്കൾ അമേരിക്കയിലും മറ്റുമായി ഉന്നതനിലയിൽ കഴിയുന്നു.

ഇവരുടെ കുട്ടിക്കാലത്തു കുടുംബത്തിൽ സാമ്പത്തികമായി ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു എങ്കിലും ദൈവം ആ കുടുംബത്തെ തൃക്കൈകളിലേന്തി പരിപാലിച്ചു എന്നു പറയുന്നതാവും ഏറെ ശരി. പള്ളിആരാധനയിൽ വളരെ താൽപര്യമെടുത്തിരുന്ന ജോർജുകുട്ടി സണ്ടേസ്കൂളിൽ എന്നും ഒന്നാം സമ്മാനാർഹനായിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ പാഠ്യവിഷയങ്ങളേക്കാൾ കൂടുതൽ ആത്മീയദർശനത്തിനു സ്ഥാനം നൽകി വന്നു.

ഇന്ത്യൻ രാഷ്ട്രീയത്തിൽ മന്ത്രി, പ്രതിപക്ഷനേതാവ് മുതലായ നിലകളിൽ സിംഹതുല്യമായ സ്ഥാനം വഹിച്ച സി. എം. സ്റ്റീഫന്റെ സഭാഭക്തനായ പിതാവ് മാവേലിക്കര ചെറുകോൽ ചെമ്പകശ്ശേരിൽ മത്തായി സാർ ഒരിക്കൽ കുറിച്ചി ബാവായെ സന്ദർശിക്കവേ താൻ സി. എം. സ്റ്റീഫന്റെ പിതാവാണെന്നു പറഞ്ഞു പരിചയപ്പെടുത്തി. ഇതു കേട്ട ബാവാ, 'എടോ സി. എം. സ്റ്റീഫൻ തന്റെ പുത്രനാണെന്നല്ലേ പറയേണ്ടതെന്നു' അനുസ്മരിപ്പിച്ചു. ഈ മത്തായി സാർ നമ്മുടെ കഥാപുരുഷനെ യു.പി. സ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്. ഉച്ചഭക്ഷണം കഴിച്ചശേഷം പലപ്പോഴും വൈകിയായിരുന്നു എം. വി. ജോർജും ചില കൂട്ടുകാരും ക്ലാസ്സിൽ എത്തിക്കൊണ്ടിരുന്നത്. ഒരു ദിവസം വൈകിവന്ന കൂട്ടുകാരിൽ ഒരുവനെ സാർ കൈയോടെ പിടിച്ചു കാര്യങ്ങൾ തിരക്കിയപ്പോൾ തന്നെ തല്ലരുതെന്നും താൻ നിരപരാധിയാണെന്നും എം. വി. ജോർജ് തങ്ങളെ വിളിച്ചുകൊണ്ടുപോയി ആളില്ലാത്ത ഒരു വീട്ടിൽ ചെന്നു പ്രാർത്ഥിക്കുക പതിവായിരുന്നെന്നും "പ്രതി" പ്രസ്താവിച്ചു. കാര്യം കേട്ടപ്പോൾ സാർ നിശ്ശബ്ദനായി. ശിക്ഷ നൽകിയില്ല. പിന്നീടു ജോർജുകുട്ടിയോടും സാർ വിവരം ചോദിച്ചു കാര്യങ്ങൾ മനസ്സിലാക്കി. ബാല്യത്തിൽതന്നെ പ്രാർത്ഥനാജീവിതത്തിൽ ജോർജുകുട്ടി എത്തി എന്നതിന് ഇതിൽപരം എന്തു തെളിവു വേണം? സ്കൂൾപഠനം കഴിഞ്ഞു സഹപാഠികളിൽ പലരെപ്പോലെ അദ്ധ്യാപകവൃത്തി സ്വീകരിക്കാൻ ആഗ്രഹിച്ചു. അതിനായി ടി.ടി. സി. കോഴ്സിൽ ചേർന്നെങ്കിലും ഒരു വിഷയത്തിൽ തോറ്റുപോയി. തന്നിമിത്തം വഴിമാറേണ്ടിവന്നു. കുറച്ചുനാൾ മാവേലിക്കര ബി.എച്ച്. സ്കൂളിലെ താഴ്ന്ന ക്ലാസ്സുകളിൽ പഠിപ്പിച്ചശേഷം ദൈവശാസ്ത്ര പഠ

നാർത്ഥം ജബൽപൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ ചേർന്നപ്പോൾ അത് ജോർജുകുട്ടിയുടെ ജീവിതത്തിലെ ഒരു സുപ്രധാന വഴിത്തിരിവായി.

ജബൽപൂരിലെ പഠനം പൂർത്തിയാക്കി അമേരിക്കയിൽ സ്കോളർഷിപ്പോടുകൂടി പഠനം നടത്താൻ സൗകര്യം ലഭിച്ചു. അതു സംബന്ധിച്ചു സഹായം അനിവാര്യമായിരുന്നു. അമേരിക്കയ്ക്കു പോകുന്നതിനു മുമ്പ് സ്നേഹനിധിയായ പത്തിച്ചിറ പള്ളിവികാരി മാമ്മൂട്ടിൽ ഫാ. അലക്സാണ്ടർ വളരെ ഉത്സാഹിച്ചു ജോർജുകുട്ടിയെയും കൂട്ടി ദേവലോകത്തു ചെന്നു പ. ഗീവറുഗീസ് രണ്ടാമൻ ബാവായെ സന്ദർശിച്ചു വിദേശപഠന കാര്യം അറിയിച്ചു. വൈകാതെ ബാവാ തിരുമേനി എം. വി. ജോർജിനു കോറൂയോപട്ടം നൽകി അനുഗ്രഹിച്ചു. ഏതാനും ദിവസം കഴിഞ്ഞു ശെമ്മാശൻ അമേരിക്കയ്ക്കു കപ്പലിൽ യാത്രതിരിച്ചു. സഹായിച്ചവരിൽ പ്രധാനി ഡോ. ക്യാപ്റ്റൻ ഉമ്മൻ മേനാംപടവിലാണെന്നു വെളിപ്പെടുത്തട്ടെ.

## സുവിശേഷാലയ സ്ഥാപനം

ചെറുപ്രായത്തിൽതന്നെ എം. വി. ജോർജിൽ ഉണ്ടായിരുന്ന സുവിശേഷ പ്രവർത്തന താല്പര്യം പല പ്രാർത്ഥനായോഗങ്ങളിലും അദ്ദേഹം പ്രകടമാക്കി. മാതൃഇടവകയായ പത്തിച്ചിറ സെന്റ് ജോൺസ് പള്ളിയിൽ ഞായറാഴ്ചകളിൽ പ്രസംഗിക്കാനുള്ള അവസരം വികാരി ഫാ. അലക്സാണ്ടർ നൽകിയത് ഒരു വലിയ പ്രോത്സാഹനമായിരുന്നു.

സുവിശേഷവേലയ്ക്ക് ഒരു സ്ഥിരം ഓഫീസും സംവിധാനവും വേണമെന്നു എം. വി. ജോർജ് വളരെയധികം ആഗ്രഹിച്ചിരുന്നു. നടക്കാവിൽ നൈനാച്ചൻ എന്ന ആളിന്റെ ഒരു മുറി വാടകയ്ക്ക് എടുത്തു സുവിശേഷാലയം തുടങ്ങി. വളരെ പ്രയാസപ്പെട്ടാണു മാസംതോറും വാടക നൽകി വന്നത്. അമേരിക്കയിൽ പഠിക്കുമ്പോൾ പല പള്ളികളിലും പോയി പ്രസംഗിച്ചു വന്നു. പള്ളികളിൽ നിന്നു ലഭിക്കുന്ന പണത്തിൽ നിന്നു ഒരു അംശം ചെലവിനായി വിനിയോഗിച്ചു. ബാക്കി പണം സൂക്ഷിച്ചു വച്ചു വന്നു. അമേരിക്കയിൽ പഠിച്ചു എം.എ., ബി.ഡി., എസ്.ടി.എം. ബിരുദങ്ങൾ കരസ്ഥമാക്കി. 1952-ൽ ഡീക്കൻ എം. വി. ജോർജ് നാട്ടിൽ തിരിച്ചെത്തി. അമേരിക്കയിലെ യാത്രാവേളകളിൽ പലർ നൽകിയ പണം കൊണ്ട് നാട്ടിൽ ഒരു സുവിശേഷാലയം പണിയണമെന്നു കരുതി അമേരിക്കയിലുള്ള വിശ്വസ്തരായ രണ്ടുപേരുടെ പേരിൽ കിട്ടിയ പണം അവിടെത്തന്നെ നിക്ഷേപിച്ചു. അമേരിക്കയിലെ വയോമിംഗ് എന്ന സ്ഥലത്തെ ദൈവമക്കളാണ് സംഭാവന നൽകിയവരിൽ ഭൂരിപക്ഷവും. അതുകൊണ്ട് സുവിശേഷാലയത്തിന്റെ ആദ്യകെട്ടിടത്തിനു "സെന്റ് പോൾസ്

വയോമിംഗ് സുവിശേഷാലയം" എന്ന പേരാണിട്ടത്. ഫാ. എം. വി. ജോർജ് തിരിച്ചു വന്നശേഷമാണു മാവേലിക്കര പുളിമൂട്ടിൽ 20 സെന്റ് സ്ഥലം വാങ്ങി സുവിശേഷാലയം നിർമ്മിച്ചത്. പിന്നീടാണു ബാക്കി സ്ഥാപനങ്ങളും മിഷൻ ട്രെയിനിംഗ് സെന്ററും മറ്റു പല പ്രസ്ഥാനങ്ങളും രൂപം കൊണ്ടത്.

അക്കാലത്തു ഡീക്കൻ എം. വി. ജോർജിന്റെ ആത്മീയ ഉണർവുള്ള തീപ്പൊരി പ്രസംഗങ്ങൾ കേൾക്കാൻ പന്തലുകളിൽ തടിച്ചുകൂടിയവരിൽ ആത്മീയാഗ്നി ആളിക്കത്തി എന്നു പറയുന്നതിൽ തെറ്റില്ല. ഇന്നു സീനിയർ വൈദികനായിരിക്കുന്ന ടി. ജെ. ജോഷ്വാ ശെമ്മാശനും, 90 കഴിഞ്ഞ വി. റ്റി. ചാക്കോ മാസ്റ്ററും അന്തരിച്ച മഠത്തിൽ എം. ഐ. ജോർജ് സാറും മറ്റും അന്നത്തെ പ്രമുഖ കൺവൻഷൻ പ്രസംഗകരായിരുന്നു. ഇവർ ചെയ്ത അതുല്യ ആത്മീയ സേവനങ്ങൾ സഭയ്ക്കു ഒരിക്കലും മറക്കാൻ സാധ്യമല്ല. അവരുടെ ആത്മീയപ്രധാനമായ പ്രഭാഷണങ്ങളുടെ അനുരണനങ്ങൾ ഇന്നും അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ട്. സുവിശേഷ മേഖലയിലെ ഓണവാരപ്രസംഗങ്ങളും മദ്ധ്യവേനൽ അവധിക്കാലത്തെ ക്ലാസ്സുകളും മാവേലിക്കരയിലും ചുറ്റുപാടുമുള്ള സ്ഥലങ്ങളിലും വലിയ ആത്മീയ നവോത്ഥാനത്തിന്റെ പുത്തൻ ഉണർവ്വ് ഉളവാക്കി. കുണ്ടറ ഭാഗത്തെ ആത്മീയാവേശം ആളക്കാനാവാത്തവിധം നാടിനെ പ്രകമ്പനം കൊള്ളിച്ചു.

ഓണവാര പ്രവർത്തനങ്ങളുടെ പ്രധാന വശം പരസ്യയോഗങ്ങളായിരുന്നു. ആരാധനയോടൊപ്പം കൺവൻഷൻ, ഭവനസന്ദർശനം, വ്യക്തിഗത ഉപദേശങ്ങൾ എന്നിവ അന്യൂനം തുടർന്നു. പല പള്ളികളിലും ശെമ്മാശൻ പ്രസംഗത്തിനായി വീണ്ടും വീണ്ടും ക്ഷണിക്കപ്പെട്ടു. എം. വി. ജോർജിന്റെ ഇത്തരം പ്രവർത്തനങ്ങളും സെമിനാരി ക്ലാസ്സുകളും കൺവൻഷനുകളും ക്ലാസ്സുകളിലെ ചോദ്യോത്തര പംക്തികളും മറ്റും സഭയിൽ അതിശ്രേഷ്ഠമായ നിലവാരം പുലർത്തിയിരുന്നു. 1950 മുതൽ വൈദിക സെമിനാരി സ്റ്റാഫിൽ ചേർന്ന എം. വി. ജോർജിന്റെ ആദ്യകാല പ്രമുഖ ശിഷ്യന്മാരിൽ ഒരാളായിരുന്നു അമയന്നൂർ ആലയ്ക്കപറമ്പിൽ പി. എം. തോമസ് ശെമ്മാശൻ (അടുത്ത കാലത്തു അന്തരിച്ച പി. എം. തോമസ് റമ്പാൻ). തോമസ് ശെമ്മാശൻ 1916 മാർച്ചിൽ സുവിശേഷാലയത്തിൽ എത്തി സെക്രട്ടറിയായി ചാർജെടുത്തു. തന്റെ ശിഷ്യൻ വിശ്വസ്തനും ഉത്സാഹിയും സുവിശേഷവേലയിൽ തൽപ്പരനും ആണെന്നു ജോർജ് ശെമ്മാശനു നിശ്ചയമുണ്ടായിരുന്നു. പി. എം. തോമസ് ശെമ്മാശൻ എത്തിയശേഷമാണ് എം. വി. ജോർജ് ശെമ്മാശൻ വൈദികനാകുന്നത്.

മാവേലിക്കരയിൽ ആ വലിയ അവധിക്കാലത്തു നടത്തിയ ക്ലാസ്സുകളിൽ വയലത്തല നിന്ന് ആനക്കുഴിക്കൽ തങ്കച്ചൻ, മാമ്മൂട്ടിൽ ബേബി, കരിമ്പിനേത്തു ജോയിക്കുട്ടി എന്നിവരും സംബന്ധിച്ചിരുന്നു. ക്ലാസ്സുകൾ കഴിഞ്ഞു ഭവനങ്ങളിൽ തിരിച്ചുപോയവരിൽ വയലത്തല കരിമ്പിനേത്തു വീട്ടിൽ ഐപ്പിന്റെ മകൻ ജോയിക്കുട്ടി (കെ. ഐ. ഫിലിപ്പ്) ജൂലൈ 2-നു സുവിശേഷാലയത്തിൽ എത്തി പി. എം. തോമസ് ശെമ്മാശനോടൊപ്പം താമസം തുടങ്ങി. അങ്ങനെ മഹാഗുരുവായ എം. വി. ജോർജച്ചന് രണ്ടു പ്രമുഖ ശിഷ്യന്മാരെ ലഭിച്ചു. മാർ ഒസ്താത്തിയോസിന്റെ മരണം വരെയും രണ്ടു ശിഷ്യന്മാരും അദ്ദേഹത്തോടൊപ്പം ഇരുകരങ്ങളായി നിലനിന്നു. അതിനിടയിൽ ഒരു അനാഥാലയവും ആശ്രമവും ഉണ്ടാക്കണമെന്നു തിരുമേനിക്കു വലിയ ആഗ്രഹം ജനിച്ചു.

### പുതുപ്പാടി ആശ്രമം

ഇങ്ങനെയിരിക്കേ കൺവൻഷൻ പ്രസംഗങ്ങൾക്കായി താരതമ്യേന അവികസിത പ്രദേശമായിരുന്ന മലബാറിൽ സഞ്ചരിക്കുമ്പോൾ അതിദാരുണമായ ഒരു കാഴ്ച ആർദ്രമാനസനായ ഫാ. എം. വി. ജോർജിന്റെ രോഗരഹിതവിമല ഹൃദയത്തെ പിടിച്ചുലയ്ക്കുകയും വേദനിപ്പിക്കുകയും ചെയ്തു. കുറ്റിക്കാട്ടിൽ ഉപേക്ഷിക്കപ്പെട്ട ഒരു നവജാതശിശുവിനെ സാത്താന്റെ നിറമുള്ള ഒരു കാക്ക കൊത്തിപ്പറിച്ചു തിന്നുന്നു. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുക' എന്നു കല്പിച്ച ശ്രീയേശുക്രിസ്തുവിന്റെ തിരുവചനം മനസ്സിൽ നിറഞ്ഞുനിന്ന ആ വൈദികന്റെ കണ്ണുകൾ സജലങ്ങളായി എന്നതാണു സത്യം.

ഈ പശ്ചാത്തലത്തിൽ മലബാറിൽ ഒരു അനാഥബാലഭവനം തുടങ്ങുവാൻ വേണ്ടി തികഞ്ഞ സഭാസ്നേഹികളും വൻകിട തോട്ടംഉടമകളുമായ മണമേൽ എം. പി. ചെറിയാൻ, സഹോദരൻ എം. സി. പോത്തൻ എന്നിവരെ സമീപിച്ചു 50 ഏക്കർ സ്ഥലം ആവശ്യപ്പെട്ടു. അവർ ഫാ. എം. വി. ജോർജിന്റെ അഭ്യർത്ഥന സസന്തോഷം സ്വീകരിക്കുകയും ആദ്യഗഡുവായി 25 ഏക്കർ സ്ഥലം സംഭാവന ചെയ്യുകയുമാണുണ്ടായത്. ഇങ്ങനെ ലോകാരംഭം മുതൽ ഗ്രാമഭംഗി തൊഴുതുനിൽക്കുന്ന പുതുപ്പാടിയിൽ സ്ഥലം ലഭിച്ചതോടെ സെന്റ് പോൾസ് ആശ്രമവും ബാലഭവനവും ആരംഭിക്കാൻ സാധിച്ചു. വൈദികരോ മെത്രാന്മാരോ സമ്പാദിക്കുന്ന സ്ഥലം കാതോലിക്കേറ്റിന്റെ വകയായിരിക്കണമെന്നു നിർബന്ധമുള്ള ഫാ. എം. വി. ജോർജ് പുതുപ്പാടിയിലെ കാനനഭംഗി നിറഞ്ഞ ഭൂമിയും കാതോലിക്കേറ്റിന്റെ പേരിലാണു രജിസ്റ്റർ ചെയ്ത് ഏറ്റെടുത്തത്. പിന്നീട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ബാലഭവനുകളും മറ്റും സ്ഥാപിക്കാൻ വേണ്ടി വാങ്ങിയ സകല സ്ഥാവരസ്വത്തുക്കളും കാതോലിക്കേറ്റിന്റെ പേരി

ലാണെന്നു ഓർക്കണം. ഫാ. എം. വി. ജോർജ് (പിന്നീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) സഭയ്ക്കുവേണ്ടി നേടിയ മുന്നൂറിൽപരം ഏക്കർ സ്ഥലത്തിനും കെട്ടിടങ്ങൾക്കും ഇന്നത്തെ വില വച്ചുനോക്കിയാൽ ആയിരം കോടിയിൽപരം രൂപ കിട്ടും. മെത്രാപ്പോലീത്തായ്ക്കു ലഭിച്ച കുടുംബസ്വത്തുപോലും സഭയ്ക്കു സംഭാവന ചെയ്തു. കുട്ടിക്കാലം മുതൽ ദൈവം മാത്രം സ്വന്തമെന്നു കരുതി ജീവിച്ച ആ മേൽപട്ടക്കാരന്റെ ചിന്തയും പ്രവർത്തനങ്ങളും എത്രയോ ഉന്നതവും മാതൃകാപരവും!

## പുതുപ്പാടിയിലേക്കുള്ള യാത്ര

പുതുപ്പാടി ആശ്രമം 1958-ൽ പ്രവർത്തനം ആരംഭിച്ചപ്പോൾ പി. എം. തോമസച്ചനെയാണു ചുമതല ഏൽപിച്ചത്. യാത്ര ആരംഭിക്കുന്നതിനു മുമ്പ് എം. വി. ജോർജ് അച്ചനും പി. എം. തോമസച്ചനും ദേവലോകത്തു ചെന്നു പ. ഗീവറുഗീസ് രണ്ടാമൻ ബാവായെ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ നേടി. ബാവാതിരുമേനി ഈ സൽസംരംഭത്തിനു തൃക്കരം കൊണ്ട് 100 രൂപ സംഭാവന നൽകി (ബാവായുടെ കൈയിൽ 10 രൂപ പോലും എടുക്കാനില്ലാത്ത കഷ്ടകാലം. ബുദ്ധിമാനായ ഫാ. എം. വി. ജോർജ് "ഒരു വിശുദ്ധ തന്ത്രം" പ്രയോഗിച്ചു. ബാവായുടെ സെക്രട്ടറിയായിരുന്ന ഫാ. ടി. ജി. സഖറിയായെ നേരത്തെ ജോർജ് അച്ചൻ കൈയിലെടുത്തു 100 രൂപ ഏൽപിച്ചു. സഖറിയാ അച്ചൻ അതു ബാവായ്ക്കു നൽകുകയും ബാവാ തിരുമേനി ആ തുക എം. വി. ജോർജിനു സസന്തോഷം കൊടുത്തനുഗ്രഹിക്കുകയുമായിരുന്നു എന്ന സത്യം ഇന്നും പലർക്കും അജ്ഞാതമാണ്). ആ 100 രൂപ ഇന്നു 1000 മേനിയായി വർദ്ധിച്ചപ്പോൾ ആ വിശുദ്ധ കരംനൽകിയ ആ സംഭാവനയിലൂടെ ഒഴുകിയ കൃപാവരത്തിന്റെ വളർച്ച വിസ്മയകരമെന്നല്ലാതെ എന്തു പറയാൻ!

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ അന്നത്തെ ഡയറിക്കുറിപ്പിൽ ഈ സംഭവം ഇങ്ങനെ വിവരിച്ചിരിക്കുന്നു: "1958 ജൂലൈ 25 വെള്ളി. ... സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് എം. വി. ജോർജ്ജ് കത്തനാരും അമയന്നൂർക്കാരൻ തോമ്മസു കത്തനാരും നമ്മെ വന്നു കണ്ടു. തോമസു കത്തനാർ ഇന്നു മുതൽ മലബാറിൽ പോയി വി. കുർബാന ചൊല്ലുന്നതിനുള്ള അനുവാദം വാങ്ങിച്ചു കൊണ്ടുപോയി. നാം അനുഗ്രഹം കൊടുത്തു വിട്ടു" (തിരുസന്നിധിയിൽ, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, സോഫിയാ ബുക്സ്, 2016, പേജ് 103).

പി. എം. തോമസച്ചൻ പുതുപ്പാടിയിലേക്കു പുറപ്പെട്ടപ്പോൾ മാവേലിക്കര സുവിശേഷാലയത്തിലെ അന്തേവാസികളും അദ്ദേഹത്തോട് അടുത്തു ബന്ധപ്പെട്ട ശതക്കണക്കിനു സഭാവിശ്വാസികളും വളരെയധികം ദുഃഖിച്ചു. എല്ലാവരിലും കൂടുതൽ സങ്കടം പ്രകടിപ്പിച്ചത്

അദ്ദേഹത്തെ കൂടുതൽ ആത്മീയമായി കരുതി സ്നേഹിച്ച പടിഞ്ഞാറേ തലയ്ക്കൽ ഡോ. പി. സി. അലക്സാണ്ടറുടെ അമ്മ മറിയാമ്മയാണ്. തോമസ് അച്ചൻ പോകാറായപ്പോൾ ആ മാതാവ് രോഗക്കിടക്കയിലായി രുന്നു. ഒരാഴ്ച കഴിഞ്ഞു തോമസ് അച്ചൻ തിരിച്ചു വന്നു ആ മാതാ വിനെ കണ്ടു പ്രാർത്ഥിക്കുകയും കുശലം പറയുകയും ചെയ്തു. അടു ത്തദിവസം അവർ പരലോകപ്രാപ്തയായി. വന്ദ്യ ഗുരുവായ എം. വി. ജോർജച്ചന്റെ അന്നത്തെ ചെറിയ ശിഷ്യനായിരുന്ന തോമസച്ചനോടു ബന്ധപ്പെട്ടവർക്കെല്ലാം എത്രമാത്രം താൽപര്യവും മതിപ്പും ഉണ്ടായിരുന്നു എന്നല്ലേ ഈ സംഭവങ്ങൾ വിളിച്ചു പറയുന്നത്. തോമസ് അച്ചന്റെ മാതൃ കാവൈദിക ജീവിതം സഭയ്ക്കും ഒരു മുതൽക്കൂട്ടായി ഭവിച്ചു എന്നു പറയുന്നതിൽ ഒരാനന്ദമുണ്ട്.

പുതുപ്പാടിയിൽ എത്തിയശേഷം പി. എം. തോമസ് അച്ചൻ ഒരുത്തമ സന്യാസിവര്യനെപ്പോലെ പുതുപ്പാടി സെന്റ് ജോർജ് പള്ളിവികാരിയായി പള്ളിയോടു ചേർന്നു നിർമ്മിച്ച ഒരു പുല്ലുഷെഡ്ഡിൽ താമസമാരംഭിച്ചതു കൊണ്ടാണു ബാലഭവനുവേണ്ടി ലഭിച്ച ഭൂമിയിലെ കുറ്റിക്കാടും വാറ്റു പുല്ലുമെല്ലാം വെട്ടിയും ഉഴുതുമറിച്ചും കിളച്ചൊരുക്കിയും വിളഭൂമിയാക്കാ നുള്ള ശ്രമം ആരംഭിച്ചത്. ഈ കഠിന പ്രവർത്തനങ്ങളിൽ ഈയിടെ അന്ത രിച്ച മാവേലിക്കര മറ്റം സ്വദേശി ജോർജ് പൊന്നോല (അനിയൻ) എന്ന ചെറുപ്പക്കാരനും കൂട്ടുവേലക്കാരനായി സേവനം ചെയ്തു എന്ന വസ്തുത നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ബാലഭവന ഭൂമിയിൽ കൃഷിയിറക്കുക മുതലായവയ്ക്കു പുറമേ പള്ളിക്കാര്യത്തിലും കൂടുതൽ ശ്രദ്ധപതിപ്പിച്ചു. പുതുപ്പാടിയിലെ കുടിയേറ്റക്കാർക്കു മണമേൽ കുടുംബം റോഡുസൈ ഡിലെ ഒരു ചെറുകുന്നിൽ നൽകിയ രണ്ടേകാൽ ഏക്കർ സ്ഥലത്തു സെന്റ് ജോർജ് പള്ളി ഉയർന്നപ്പോൾ അന്നുവരെ ഇടയനില്ലാതെ കഴി ഞ്ഞുവന്ന നമ്മുടെ സഭാംഗങ്ങൾക്കു ആത്മീയനേതൃത്വവും കൗദാശിക ജീവിതവും നൽകാൻ തോമസച്ചനു കഴിഞ്ഞു. നാട്ടുകാരുടെ ആവശ്യ ങ്ങൾ വീടുതോറും കയറിഇറങ്ങി അറിഞ്ഞു നിറവേറ്റാനും വികാരിയ ച്ചനു സാധിച്ചു. ഇതെല്ലാം ഗുരുവിന്റെ ആഗ്രഹനിവർത്തിക്കതീതമായി രുന്നു എന്നു എടുത്തു പറയേണ്ടതുണ്ട്. കുറഞ്ഞ സമയംകൊണ്ട് ബാല ഭവനസ്ഥലം ഒരു ചെറിയ ഏദൻതോട്ടത്തിന്റെ പ്രതീതി ജനിപ്പിക്കത്ത ക്കവിധത്തിലാക്കി. സെന്റ് ജോർജ് ഇടവക കുറഞ്ഞ സമയംകൊണ്ട് മറ്റിടവകകൾക്കു മാതൃകയായിത്തീർന്നു. കൂടാതെ നാട്ടിലുള്ള വിവിധ മതവിഭാഗക്കാരുടെ ആവശ്യങ്ങളും അറിഞ്ഞു നിറവേറ്റാൻ ഈ യുവ വൈദികനു സാധിച്ചു. അദ്ദേഹം എല്ലാവരുടെയും വിശ്വാസവും സൽ പേരും ആർജ്ജിച്ചു.

ഗുരുവിന്റെ ഇച്ഛാനുസരണം പ്രവർത്തിച്ച കർഷകസ്നേഹിയായ ഈ

വൈദികൻ ബാലഭവനത്തിനും ആശ്രമത്തിനുംവേണ്ടി 36 ഏക്കർ സ്ഥലം കൂടി ഇതിനിടയിൽ വാങ്ങി വിളഭൂമിയാക്കുകയും പുതുപ്പാടി ആശ്രമത്തിന്റെയും സഭയുടെയും അതിരുകൾ വിശാലമാക്കുകയും ചെയ്തു. സ്ഥാപനങ്ങൾ വളർന്നതോടെ ഗുരുവര്യന്റെ കൂടുതൽ ശിഷ്യന്മാർ വന്നു ചേർന്നുകൊണ്ടിരുന്നു. മാവേലിക്കര മറ്റം സ്വദേശി ജിജോയി, കൊട്ടാരക്കര ചെറുവക്കൽ ഡി. രാജൻ എന്നിവരാണു പിന്നീടു വന്നത്. ജിജോയി കോളജിലും വൈദികസെമിനാരിയിലും പഠിച്ചു വലിയ കൺവൻഷൻ പ്രസംഗകനും സുവിശേഷവേലയിൽ പ്രമുഖനും ആയി ഉയർന്നു. ജിജോയി (എം. ജി. പോൾ) തന്റെ ഗുരുവിനെപ്പോലെ കൺവൻഷൻ വേദികളിൽ നിറഞ്ഞു നിന്നു. അദ്ദേഹം വടക്കേ ഇന്ത്യയിലേക്കു സുവിശേഷപ്രവർത്തന യാത്രാവേളയിൽ ഭോപ്പാലിൽ വച്ചു 29-10-1984 ൽ ഉണ്ടായ ഒരു ദാരുണ റോഡപകടത്തിൽ അകാലമരണമടയുകയാണുണ്ടായത്. സഭയ്ക്കും ആശ്രമത്തിനും നികത്താനാവാത്ത ഒരു വൻ നഷ്ടം എന്നല്ലാതെ എന്തു പറയാൻ. അദ്ദേഹത്തിന്റെ മൃതദേഹം പുതുപ്പാടി ആശ്രമം ചാപ്പൽ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഡി. രാജൻ സെമിനാരി പഠനത്തിനുശേഷം സുവിശേഷാലയത്തിന്റെ ചുമതല ഏറ്റു. ഇംഗ്ലണ്ടിലും മറ്റും ഉപരിപഠനം നടത്തി. സുവിശേഷാലയത്തിൽ താമസിച്ചുകൊണ്ടു എം.റ്റി.സി. യിലെ ക്ലാസ്സുകൾക്കു നേതൃത്വം നൽകുമെന്നും വിലപ്പെട്ട സുവിശേഷപ്രവർത്തനങ്ങൾ നോക്കുമെന്നും ഗുരു കരുതി എങ്കിലും അദ്ദേഹം ആശ്രമം വിടുകയും തുടർന്ന് വിവാഹിതനാകുകയും ചെയ്തു. ചെറുവക്കൽ സ്വദേശി ബേബിക്കുട്ടി ആശ്രമാംഗമായി ചേർന്നു തെയോഫാൻ റമ്പാനായി ആശ്രമത്തിൽ താമസിക്കുന്നു. മാവേലിക്കര തഴക്കര തോപ്പിൽ ജോർജിന്റെ പുത്രൻ ജി. ജോൺ ആശ്രമത്തിൽ ചേരുകയും തുടർന്നു സെമിനാരി പഠനം കഴിഞ്ഞു എം.റ്റി.സി. യുടെ ചുമതല വഹിക്കുകയും പിന്നീട് തിയോളജിയിൽ ഉന്നതപഠനം പൂർത്തിയാക്കുകയും നഥനിയേൽ എന്ന പേരിൽ റമ്പാൻ സ്ഥാനം ലഭിക്കുകയും ചെയ്തു. നല്ല വാഗ്മിയും ചിന്തകനും എഴുത്തുകാരനുമായ അദ്ദേഹം വീണ്ടും എം.റ്റി.സി. യുടെ ചുമതല വഹിച്ചു. ശാസ്താംകോട്ട വച്ചു നടന്ന മലങ്കര അസോസിയേഷൻ നഥനിയേൽ റമ്പാനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. തേവോദോറോസ് എന്ന പേരിൽ മെത്രാനായ ശേഷം ഇപ്പോൾ കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്നു. ഒസ്താത്തിയോസ് തിരുമേനിയുടെ പ്രമുഖ ശിഷ്യരിൽ മേൽപട്ടസ്ഥാനം ലഭിച്ചത് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നിവർക്കാണ്. ഭാഗ്യസ്മരണാർഹനായ മാർ ഒസ്താത്തിയോസ്, ഇരുവരെയും തന്റെ പിൻഗാമികളായിട്ടാണു കണ്ടിരുന്നത്. മാർ ക്രിസോസ്റ്റ

മോസ് നിരണം ഭദ്രാസനാധിപനും ഒപ്പം മിഷൻബോർഡ് പ്രസിഡന്റു മാണ്. മാർ തേവോദോറോസ് എം.റ്റി.സി. യുടെ ചുമതലയ്ക്കു പുറമേ പുതുപ്പാടി ആശ്രമം വിസിറ്റർ ബിഷപ്പുമാണ്. താരതമ്യേന ചെറുപ്പക്കാ രായ ഈ രണ്ടു തിരുമേനിമാരുടെയും നേതൃത്വം മിഷൻ ബോർഡിനു വളരെ വിലപ്പെട്ടതാണ്.

ഒസ്താത്തിയോസ് തിരുമേനിയുടെ ഏതാനും ശിഷ്യന്മാർ ആശ്രമ ജീവിതം ആഗ്രഹിച്ചു പുതുപ്പാടി ആശ്രമത്തിൽ അന്തേവാസികളായി എത്തി എങ്കിലും ചിലർ തങ്ങൾ ലക്ഷ്യമാക്കിയ കാര്യങ്ങൾ നേടിയശേഷം ആശ്രമം വിട്ടുപോയിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും പിന്മാറാതെ ആശ്ര മാംഗങ്ങളായി തുടർന്നു നല്ല സേവനം ചെയ്യുന്നവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ.
2. കെ. ഐ. ഫിലിപ്പ് റമ്പാൻ.
3. തെയോഫാൻ റമ്പാൻ.
4. മോഡിയിൽ ജോർജ് കോർഎപ്പിസ്കോപ്പാ റമ്പാൻ.
5. സിൽവാനോസ് റമ്പാൻ.
6. ഫാ. ടി. എം. യോഹന്നാൻ.
7. ഫാ. ജോൺസൺ.
8. ഫാ. ജേക്കബ് മാത്യു.
9. ഡീക്കൻ മാത്യു ഉതുപ്പ്.
10. ഫാ. എ. ഡി. വറുഗീസ്.
11. ഫാ. ജി. തോമസുകുട്ടി.
12. ഫാ. തോമസ് വറുഗീസ്.
13. ഫാ. വറുഗീസ് ഏബ്രഹാം.
14. ഫാ. ഡാന്റോ സ്കറിയാ.
15. ഫാ. ജോൺ തോമ്മാ.
16. ഫാ. ജോസഫ്.
17. ഡീക്കൻ ജോൺ ഡേവിഡ്.

ഇവരിൽ ഡീക്കൻ ജോൺ ഡേവിഡ് സെമിനാരിയിൽ പഠിക്കുന്നു. ബാക്കിയുള്ള എല്ലാവരും വിവിധ സ്ഥാപനങ്ങളുടെ ചുമതല കാര്യക്ഷമ മായും സ്തുത്യർഹമായും നിറവേറ്റികൊണ്ടിരിക്കുകയാണ്.

### മെത്രാൻ തെരഞ്ഞെടുപ്പും പട്ടാഭിഷേകവും

1965-ൽ ചേർന്ന മലങ്കര അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്കു സമുന്നതരായ അഞ്ചു വൈദികരെ തെരഞ്ഞെടുത്തു. ഫാ. കെ. പീലി പ്പോസ്, എൻ. എ. യോഹന്നാൻ മല്പാൻ, തോമസ് റമ്പാൻ പത്തനാ

പുരം, ഫാ. എം. വി. ജോർജ്, ഫാ. പോൾ വറുഗീസ്. ഇവരിൽ ആദ്യം പറഞ്ഞ മൂന്നു പേർക്കു അടുത്ത വർഷം പ. ഔഗേൻ ബാവാ കോലഞ്ചേരിയിൽ വച്ചു മേല്പട്ടസ്ഥാനം നൽകി. ഫാ. എം. വി. ജോർജിന്റെ അത്യാധുനിക ചിന്താധാരകളും ഇല്ലാത്ത പ്രോട്ടസ്റ്റന്റു വിശ്വാസസ്പർശവും പോൾ വറുഗീസിന്റെ മനശാസ്ത്രരീത്യാ അടിസ്ഥാനരഹിതമായ കുടുംബപശ്ചാത്തലവും മൂന്നു പേരോടൊപ്പം പട്ടാഭിഷേകത്തിനു തടസ്സമാണെന്ന നിഗമനത്തിൽ സുന്നഹദോസ് എത്തിച്ചേർന്നു. പിന്നീട് പത്തു വർഷം കഴിഞ്ഞപ്പോൾ പുനർചിന്തനത്തിൽ സുന്നഹദോസ് നടപടിക്ക് അടിസ്ഥാനമില്ലെന്നു കണ്ടു 1975 ഫെബ്രുവരി 16-നു ഫാ. കെ. കെ. പുന്നൂസ് വാകത്താനം, ഫാ. പി. വി. ജോസഫ് പിറവം, ഫാ. കെ. സി. തോമസ് അയിരൂർ എന്നിവരോടൊപ്പം നിരണം പള്ളിയിൽ വച്ചു പ. ഔഗേൻ പ്രഥമൻ ബാവാ മെത്രാൻ സ്ഥാനം നല്കി. ഔഗേൻ ബാവാ ജീവിതസായാഹ്നത്തിൽ നടത്തിയ വൻകാര്യമായിരുന്നു മെത്രാഭിഷേകം. പുത്തൻകാവു പള്ളിയിൽ വച്ചു 1975 ഫെബ്രുവരി 15-നു തുമ്പമൺ ഇടവകയുടെ ഡാനിയേൽ മാർ പീലക്സിനോസായിരുന്നു ഇവർക്കു റമ്പാൻ സ്ഥാനം നൽകിയത്.

മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുകയും പത്തു വർഷം നിയുക്ത മെത്രാന്മാർ എന്ന പദവിയിലിരിക്കുകയും ചെയ്ത കാലയളവിൽ ഫാ. എം. വി. ജോർജിനും, ഫാ. പോൾ വറുഗീസിനും മിഷൻ പ്രവർത്തന രംഗത്തും ആഗോള ദൈവശാസ്ത്ര പഠന-സമ്മേളന രംഗങ്ങളിലും, വൈദിക സെമിനാരിയിലും സഭയ്ക്കുവേണ്ടി വൻനേട്ടങ്ങൾ കൊയ്യാൻ കഴിഞ്ഞു എന്നത് “ദൈവം അന്യത്ര ചിന്തയേൽ” എന്നു പറഞ്ഞാൽ മതി. സ്ലീബാദാസ സമൂഹാദ്ധ്യക്ഷനെ മേൽപട്ടസ്ഥാനത്തേക്കു പ. വട്ടശ്ശേരിൽ തിരുമേനി നേരത്തെ ക്ഷണിച്ചപ്പോൾ “മെത്രാൻസ്ഥാനം തന്റെ സുവിശേഷവേലയ്ക്കു തടസ്സമാണെന്നു” മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് പറഞ്ഞതുപോലെ ഫാ. എം. വി. ജോർജും, ഫാ. പോൾ വറുഗീസും ഉന്നതമായ മേൽപട്ടസ്ഥാനം ഒരുതരം കൈവിലങ്ങാണെന്നും സഞ്ചാര പ്രവർത്തന സ്വാതന്ത്ര്യങ്ങളെ ഒരളവിൽ നിയന്ത്രിക്കുന്നതാണെന്നും ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. അവരുടെ പ്രാർത്ഥനയ്ക്കുത്തരം എന്നപോലെ പത്തു വർഷം ചങ്ങലയില്ലാതെ ലോകത്തിന്റെ വിശാല വിതാനങ്ങളിലും പരന്ന ഭൂമിയിലും തങ്ങളുടെ ഫലപ്രദമായ പ്രവർത്തനം നടത്താനായി എന്നതാണു എടുത്തുപറയേണ്ട ചരിത്രം. ഇവിടെയും ദൈവത്തിന്റെ വഴികൾ മനുഷ്യന് അഗോചരം എന്നു കൂടുതൽ വ്യക്തം.

**- കെ. വി. എം.**

# ദൈവികസ്നേഹത്തിന്റെ പ്രഘോഷകനും പ്രചാരകനും

മാർ ഒസ്താത്തിയോസ് എന്ന നാമശ്രവണനിമിഷത്തിൽ വിശ്വാസികളുടെ, പ്രത്യേകിച്ച് ഇന്നത്തെ മുതിർന്ന തലമുറക്കാരുടെ സ്മൃതിപഥത്തിൽ ആദ്യം പതിയുന്നത് പരിശുദ്ധ പരുമല തിരുമേനിയുടെ മിഷനറി പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് പരിശുദ്ധ സഭയിൽ സ്ലീബാദാസ സമൂഹമെന്ന പ്രസ്ഥാനത്തിന് രൂപംനൽകിയ പത്രോസ് മാർ ഒസ്താത്തിയോസിന്റെ നാമമാണ്. മഴയും വെയിലും വകവെയ്ക്കാതെ കേരളത്തിൽ അങ്ങോളമിങ്ങോളം ഓടിനടന്ന് ലോകരക്ഷകനായ യേശുതമ്പുരാന്റെ ദിവ്യവും മഹത്തരവുമായ സ്നേഹത്തിൽ സമൂഹത്തിലെ ഉന്നതരേയും താഴ്ന്നവരേയും എല്ലാം ഒരുപോലെ പങ്കാളികളാക്കിയ ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഒളിമങ്ങാത്ത ദിവ്യചിത്രമായിരിക്കും എന്നതിന് സംശയമൊന്നുമില്ല. പ. പിതാവ് ദൈവസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ട് കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കു ശേഷം പ. സഭയിൽ ആത്മീയ നവോത്ഥാനത്തിന്റെ മാറ്റൊലി സൃഷ്ടിച്ച് അനുഗ്രഹകരമായ ആത്മീയ വളർച്ച നേടിത്തന്ന് ഭാഗ്യസ്മരണാർഹനായിത്തീർന്നിരിക്കുന്ന ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്ഥാനമായിരുന്നു മാർ ഒസ്താത്തിയോസ് എന്നത്. അത്രമാത്രം ഈ സ്ഥാനനാമവും, അതിന്റെ മുൻ നാമധാരിയും അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. ദൈവവചന ഘോഷണത്തിലൂടെ, നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള ആത്മാക്കളെ രക്ഷകനായ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുക എന്ന വിശിഷ്ട ഉദ്ദേശ്യത്തോടെയാണ് മെത്രാപ്പോലീത്താ ആകുംമുമ്പ് ഡീക്കൻ എം. വി. ജോർജ്ജ് ആയും ഫാ. എം. വി. ജോർജ്ജ് ആയും അറിയപ്പെട്ടിരുന്ന മലങ്കരസഭയുടെ മഹാഭാഗ്യമായി ജീവിച്ച് ദൈവസന്നിധിയിലേക്ക് വിളിച്ച് ചേർക്കപ്പെട്ട പുണ്യശ്ലോകനായ പ. പിതാവ്.

1967-ൽ അഖില മലങ്കര യുവജനപ്രസ്ഥാനത്തിന്റെ വാർഷിക ക്യാമ്പ് പിറവം വലിയ പള്ളിയിൽ സമ്മേളിച്ചു. ക്യാമ്പിൽ പങ്കെടുക്കുവാൻ ചെങ്ങന്നൂർ പുത്തൻകാവ് എന്നിവിടങ്ങളിൽനിന്നും ഒരു വൻ സംഘം അന്ന് ബാബുച്ചായൻ എന്നറിയപ്പെട്ടിരുന്നതും പിന്നീട് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി മഹാഭാഗ്യത്തോടെ വാണരുളുന്നതുമായ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിലും, കോട്ടയത്തുനിന്നും എന്റെ ഇളയ സഹോദരൻ ജോർജ്ജുകുട്ടി (ഇന്ന് മുംബൈ ഭദ്രാസനാധിപനായിരിക്കുന്ന അഭി.

ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി) ഉൾപ്പെടെ ഏതാനും പേരും മുൻനിശ്ചയപ്രകാരം ഒരേ ട്രെയിനിൽ യാത്ര ചെയ്ത് മുളന്തുരുത്തി സ്റ്റേഷനിൽ എത്തി. അവിടെ എത്തിയപ്പോൾ തോന്നിയ ചിന്തയും ആശയവുമാണ് ക്ഷീണാവലംബിയായി കർമ്മേൽ ദയറായിൽ വിശ്രമജീവിതം നയിച്ചുവന്ന അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ കണ്ട് അനുഗ്രഹം തേടിയ ശേഷം മാത്രം മതി പിറവത്തേക്കുള്ള യാത്ര എന്നത്. ഞങ്ങൾ എല്ലാവരുംകൂടി പ. പിതാവിന്റെ സവിധമണഞ്ഞ് തൃക്കരം മുത്താൻ അക്ഷരാർത്ഥത്തിൽ ആവേശം കാട്ടിയാണ് കർമ്മേൽ ദയറായുടെ സ്വീകരണമുറിയുടെ പടി ചവിട്ടിയത്. ഞങ്ങളെ കണ്ട ഉടനെ തിരുമനസ്സുകൊണ്ട് നിങ്ങൾ പള്ളിയിൽ കയറി ദൈവംതമ്പുരാനെ കണ്ടിട്ട് എന്നെ കാണാൻ വന്നാൽ മതിയെന്ന് അരുളിച്ചെയ്തു. ഞങ്ങൾ അപ്രകാരം തന്നെ ചെയ്തു. തിരുമേനി ഞങ്ങളുടെ അനുസരണത്തിൽ സംപ്രീതനായി ഞങ്ങളേവരേയും അനുഗ്രഹിച്ച് യാത്രയാക്കുകയും ചെയ്തു. അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ആത്മീയ ദർശനം ചൂണ്ടിക്കാണിക്കുന്നതിനാണ് ഇക്കാര്യം ഇവിടെ പരാമർശിക്കുന്നത്.

1950-കളിൽ കേവലം ഒരു കൊച്ചു ശെമ്മാശനായിരിക്കെ തന്നെ പ. സഭയിൽ അങ്ങോളമിങ്ങോളമുള്ള പള്ളികളിൽ ലഭ്യമായ കൺവൻഷൻ വേദികളിലൂടെ ഒരു നല്ല പങ്ക് മലങ്കര നസ്രാണികളുടെ മനസ്സുകളിലേക്ക് അമ്പുകൾ തുളച്ചുകയറുംപോലെ വി. വേദപ്രമാണത്തിന് നിത്യസത്യങ്ങളെ കടത്തിവിട്ട് ജനഹൃദയങ്ങളിൽ ഇടംനേടിയ ഒരു വ്യക്തിത്വമായിരുന്നു ഡീക്കൻ എം. വി. ജോർജ്ജിന്റേത്. അദ്ദേഹം കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ചാണ് വൈദികപട്ടം സ്വീകരിച്ചത്. പട്ടാഭിഷേകച്ചടങ്ങുകളിൽ ഒരു വിദ്യാർത്ഥിയായി പങ്കെടുത്തതിന്റെ മധുരസ്മരണകൾ ഇന്നും അയവിറക്കുകയാണ്. ഫാ. എം. വി. ജോർജ്ജായി ഞങ്ങളുടെ മാതൃദേവാലയ അങ്കണത്തിൽ നടന്ന ഒരു കൺവൻഷൻ യോഗത്തിൽ അദ്ദേഹത്തിന്റെ പ്രസംഗവിഷയം യെശയ്യാ പ്രവചനത്തിൽ ദൈവത്തെപ്പറ്റി പ്രതിപാദിക്കുന്ന വി. വേദഭാഗം ഉദ്ധരിച്ചായിരുന്നു. പ്രസംഗം അവസാനിക്കാറായപ്പോൾ പ്രസംഗത്തിൽ പ്രതിപാദിച്ച നാല് തരം മനസ്സുകൾ ഏതൊക്കെയാണെന്ന് പറയാൻ സാധിക്കുന്നവർ എഴുന്നേറ്റ് പറയാൻ ആവശ്യപ്പെട്ടു. തത്സമയം തന്നെ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ എഴുന്നേറ്റ് ശരിയായ ഉത്തരം നൽകി. എന്നെ സ്റ്റേജിലേക്ക് വിളിച്ച് അനുമോദിക്കുകയും ഒന്ന് രണ്ട് പുസ്തകങ്ങൾ സമ്മാനമായി തന്ന് ആശീർവദിക്കുകയും ചെയ്തു. അന്നു മുതലുള്ള ഗുരുഭക്തിയും പ. പിതാവിന് എന്നോട് തോന്നിയ വാത്സല്യവും പ. പിതാവ് ഇഹലോകവാസം വെടിയുംവരെ അഭംഗം തുടർന്നുവെന്നതിലുപരിയായി ഓരോ

നാളിലും പതിന്മടങ്ങ് വർദ്ധിക്കുക കൂടിയായിരുന്നു. ഇതൊക്കെയും ദൈവ കൃപ എന്ന് മനസ്സിലാക്കി തിരുനാമത്തിന് നന്ദി കരേറ്റുന്നു.

ഞാൻ ഡിഗ്രിക്ക് ചങ്ങനാശ്ശേരി എസ്.ബി. കോളജിലായിരുന്നു പഠിച്ചത്. അക്കാലയളവിലാണ് ചങ്ങനാശ്ശേരിയിൽ മലങ്കരസഭയ്ക്ക് സ്വന്തമായി ഒരു ദൈവാലയം ഉണ്ടായത്. തത്സമയം ചങ്ങനാശ്ശേരി ഇടവകയെ നയിച്ചിരുന്നതും ദേവാലയ നിർമ്മിതികാര്യങ്ങൾ നിയന്ത്രിച്ചിരുന്നതും ബഹു. എം. വി. ജോർജ്ജ് അച്ചനും ബഹു. റ്റി. ജെ. ജോഷ്വാ അച്ചനും ചേർന്നായിരുന്നു. ബ. വൈദിക ശ്രേഷ്ഠരുടെ ദൈവാശ്രയവും, പ്രാർത്ഥനാജീവിതവും, ചിട്ടയോടെയും നിഷ്ഠയോടെയുമുള്ള ശ്രേഷ്ഠ നേതൃത്വവും പള്ളി നിർമ്മാണത്തെ എത്രമാത്രം സ്വാധീനിച്ചിരുന്നുവെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ശനിയാഴ്ച വൈകുന്നേരങ്ങളിൽ ചങ്ങനാശ്ശേരിയിൽ ബഹു. അച്ചന്മാർ എത്തിക്കഴിഞ്ഞാൽ കോളജ് വിദ്യാർത്ഥികളുമായി ഏറെസമയം ആത്മീയ വിജ്ഞാനം പങ്കുവയ്ക്കുന്നതിനോടൊപ്പം തന്നെ പ. സഭയും സമൂഹവും നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളെപ്പറ്റിയും വെല്ലുവിളികളെപ്പറ്റിയും സജീവ ചർച്ച നയിക്കുകയും നല്ല ആശയങ്ങൾ ക്രോഡീകരിച്ച് ചർച്ചയിൽ പങ്കെടുക്കുന്ന ഏവർക്കും വിഷയത്തിൽ ശുഷ്കാന്തിയും താത്പര്യവും ഉണ്ടാകുവാൻ പര്യാപ്തമാകും വിധം പ്രവർത്തിക്കുകയും ചെയ്കയെന്നത് പതിവായിരുന്നു. അക്കാലത്ത് ചങ്ങനാശ്ശേരിയിൽ സ്ഥിരതാമസക്കാരായ ഓർത്തഡോക്സ് കുടുംബങ്ങൾ അംഗുലീപരിമിതമായിരുന്നു. അവരിൽ പ്രധാനിയായിരുന്ന പഴയപുരയ്ക്കൽ സാമുവേൽ സാറിന്റേയും കുടുംബത്തിന്റേയും ആത്മാർത്ഥതയും ഉത്സാഹഭരിതവുമായ സേവനങ്ങളും ത്യാഗങ്ങളും ഒരിക്കലും വിസ്മരിക്കാനാവുകയില്ല. ദൈവാലയ നിർമ്മിതി സംബന്ധിച്ചുള്ള കാര്യങ്ങൾക്കായാലും, ഇടവകയുടെ ദൈനംദിന നടത്തിപ്പ് കാര്യങ്ങൾക്കായാലും, സാമുവേൽ സാറും കുടുംബവും കാട്ടിയിട്ടുള്ള സന്മനസ്സും വിലമതിക്കാനാവാത്തതുമാണ്. ബഹു. വൈദികശ്രേഷ്ഠരുടെയും, പഴയപുരയ്ക്കൽ സാമുവേൽ സാർ തുടങ്ങിയ മുതിർന്ന അത്മായ പ്രമുഖരുടെയും നേതൃത്വത്തിൽ നടന്ന ഫണ്ട് സമാഹരണത്തോടൊപ്പം തന്നെ വിദ്യാർത്ഥികളും തങ്ങളാലാവത് ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ പിന്നിൽ പ്രേരകശക്തിയായി പ്രവർത്തിച്ചത് ബഹു. എം. വി. ജോർജ്ജ് അച്ചന്റേയും ബഹു. റ്റി. ജെ. ജോഷ്വാ അച്ചന്റേയും സുശക്തവും സുഗ്രാഹ്യവുമായ നേതൃത്വമായിരുന്നു. വിദ്യാർത്ഥികളുടെ നേതൃത്വത്തിലും ഉത്സാഹത്തിലും ഒരു ബനിഫിറ്റ് ഷോ നടത്തിയ കാര്യം സ്മൃതിപഥത്തിൽ ഓടിയെത്തുന്നു.

## ഉറച്ചബന്ധം

ബഹു. എം. വി. ജോർജ്ജ് അച്ചനെ ഒരിക്കൽ പരിചയപ്പെട്ട് കഴിഞ്ഞാൽ അതിലൂടെ രൂപപ്പെടുന്ന സ്നേഹബന്ധം തകർക്കാൻ ആരാലും സാദ്ധ്യമല്ലാത്തവിധം ഇരുവശങ്ങളിലേക്കും പടർന്നുപിടിച്ച് സുശക്തമായി തീരുക പതിവത്രേ. എന്റെ കോളജ് അദ്ധ്യയനകാലത്ത് ഞാൻ സീനിയർ ഡിവിഷൻ എൻ.സി.സി. യുടെ കാര്യങ്ങളിൽ വളരെ താത്പര്യമെടുത്തിരുന്നു. കേന്ദ്രപ്രതിരോധവകുപ്പ് വിതരണം ചെയ്യുന്ന ബിയും സിയും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ ഞാൻ ഒരു സീനിയർ അണ്ടർ ഓഫീസർ ആയി കഴിയവെ കോളജിൽ തന്നെ ഉണ്ടായിരുന്ന 8 എൻ.സി.സി. കമ്പനികളിൽ എന്റെ കമ്പനി ഓഫീസറുടെ ഔദ്യോഗിക ചുമതലകളിൽ സഹായിക്കേണ്ടിയുമിരുന്നു. ഒരിക്കലൊരു സെറിമോണിയൽ പരേഡ് കഴിഞ്ഞപ്പോൾ ബറ്റാലിയൻ കമാണ്ടർ ഓഫീസിലേക്ക് ഓരോ പാക്കറ്റ് 555 സിഗരറ്റും സമ്മാനിച്ച കൂട്ടത്തിൽ എനിക്കും കിട്ടി ഒരു പാക്കറ്റ്. ഞാനത് എന്റെ നൈലോൺ ഷർട്ടിന്റെ പോക്കറ്റിലിട്ട് വിദ്യാർത്ഥി സുഹൃത്തുക്കളുടെ ഇടയിൽ ബസ് കാത്ത് സ്റ്റാൻഡിൽ നിൽക്കുമ്പോൾ ഒരു ഫാസ്റ്റ് പാസഞ്ചർ ഞങ്ങളുടെ അടുത്തു നിർത്തി. പ്രസ്തുത ബസ്സിൽ ഫാ. എം. വി. ജോർജ്ജുമുണ്ടായിരുന്നു. എന്നെ കണ്ടമാത്രയിൽ പേരുവിളിച്ച് ഞാൻ അതേ ബസ്സിൽ കയറാൻ ആവശ്യപ്പെട്ടു. ബ. അച്ചനെ കണ്ടപ്പോൾ മുതൽ എന്റെ ഹൃദയമിടിപ്പ് ക്രമാതീതമാകുകയും ചെയ്തു. എനിക്ക് സീസൺ ടിക്കറ്റായതിനാൽ ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ യാത്ര ചെയ്യാനാവില്ല എന്ന് എങ്ങനെയോ പറഞ്ഞ് ഒപ്പിച്ചെങ്കിലും അച്ചൻ ഉണ്ടോ വിടുന്നു. ഒടുവിൽ ബഹു. അച്ചന്റെ നിർബന്ധത്തിന് വഴങ്ങി ബസ്സിൽ കയറിക്കൂടിയ ഞാൻ പോക്കറ്റിൽ കിടന്ന് പല്ലിളിക്കുന്ന സിഗരറ്റ് പാക്കറ്റ് ഒളിപ്പിക്കാനാവാതെ ജാള്യത്തോടെ പിന്നിലൊരു സീറ്റിൽ ഇരിക്കാൻ തുടങ്ങവേ ബഹു. അച്ചന്റെ തൊട്ടടുത്ത സീറ്റിലിരുന്നയാളോട് അഭ്യർത്ഥിച്ച് മറ്റൊരു സീറ്റിലേക്ക് മാറ്റിയിരുത്തിയിട്ട് എന്നെ വിളിച്ച് അടുത്തിരുത്തി. എന്റെ ജാള്യം പതിന്മടങ്ങായി. ബഹു. അച്ചൻ ഇപ്പോൾ എന്നെ ചോദ്യം ചെയ്യും എന്ന് എന്റെ മനസ്സ് പറഞ്ഞുകൊണ്ടിരുന്നു. ഞാൻ എന്തുത്തരം നൽകുമെന്ന് സ്വയം ഭയന്നിരുന്നുവെങ്കിലും യാത്ര അവസാനിക്കും വരെ പല കാര്യങ്ങൾ വാചാലമായി പറഞ്ഞുകൊണ്ടിരുന്ന ബഹു. അച്ചൻ എന്നോട് പോക്കറ്റിൽ കിടന്ന സിഗരറ്റിനെപ്പറ്റി ഒരക്ഷരം ചോദിക്കുകയോ അന്വേഷിക്കുകയോ ചെയ്തില്ല. ഇത് എന്റെ ചിന്താഗതിയെ മാറ്റിമറിക്കാൻ സഹായിച്ച ഒരു വലിയ സംഭവമാണ്. ഞാൻ ഒരിക്കലും ഒരു ദുഃസ്വഭാവത്തിനും അടിമ ആകുകയില്ലെന്നുള്ള ചിന്തയും വിശ്വാസവുമായിരിക്കുമല്ലോ ഇക്കാര്യത്തിൽ അദ്ദേഹത്തെ നിശബ്ദനാക്കിയതെന്ന ചിന്ത എന്നെ എന്നുമെന്നും വേട്ടയാടിക്കൊണ്ടിരുന്നു. എനിക്ക് എന്നെ

ത്തന്നെ നിയന്ത്രിക്കുവാൻ ഏറെ സഹായിച്ച ഒരു സമീപനമായിരുന്നു ബഹു. അച്ചൻ അന്ന് അറിഞ്ഞോ അറിയാതെയോ കൈക്കൊണ്ടത്.

ഞാൻ ഡിഗ്രി പരീക്ഷ പാസ്സായി എന്നറിഞ്ഞ ബഹു. എം. വി. ജോർജ്ജ് അച്ചൻ അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുവാൻ തയ്യാറാണോ എന്ന് എന്നോട് ചോദിച്ചു. എന്റെ സന്തോഷം മനസ്സിലാക്കി ബഹു. അച്ചൻ തന്നെ പിന്നീട് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന വിളിപ്പേരിൽ അറിയപ്പെടാനിടയായ അഭി. അത്താനാസിയോസ് തിരുമേനിയോട് എന്റെ കാര്യം പറഞ്ഞപ്പോൾ അവിടുത്തെ പ്രതികരണം ഇപ്രകാരമായിരുന്നു. കാര്യം എനിക്ക് അവനെ വ്യക്തിപരമായി ഇഷ്ടമാണെങ്കിലും, അവൻ സുറിയാനി പഠിച്ചിട്ടില്ലാത്തതിനാൽ തൽക്കാലം വേണ്ട. എനിക്ക് സെക്രട്ടറിയായി വേണ്ടത് ഒരു ശെമ്മാശനെയോ ഒരു വൈദികനെയോ ആണ്.

## ഗൾഫിൽ

ഞാൻ ഗൾഫിൽ പോയിക്കഴിഞ്ഞ് പല പ്രാവശ്യം വൈദികനായും മെത്രാപ്പോലീത്തായായും ബഹു. എം. വി. ജോർജ്ജ് അച്ചൻ കടന്നു വന്നിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും എനിക്ക് അദ്ദേഹത്തോടൊപ്പം സമയം ചിലവഴിക്കാൻ സാദ്ധ്യമായത് എല്ലാം തന്നെ മഹാഭാഗ്യമായും ദൈവേഷ്ടമായും കണക്കാക്കി ദൈവത്തെ സ്തുതിക്കുന്നു. എല്ലായ്പ്പോഴും പ. പിതാവിൽ ദർശിച്ചിട്ടുള്ള ശ്രേഷ്ഠഭാവം സമൂഹത്തിലെ അശരണരോടും ആലംബഹീനരോടുമുള്ള കരുണയും സൗമ്യതയുമാർന്ന കടാക്ഷവും, നിസ്തുലവും, അവർണ്ണനീയവുമായ സ്നേഹവുമാണ്. അദ്ദേഹത്തിന്റെ എന്നുമെന്നുമുള്ള ചിന്തകളും പ്രവൃത്തികളും വാക്കുകളും അതേ സരണിയിലുള്ളതായിരുന്നു. പ്രസംഗിക്കാനും ഉപദേശിക്കാനും ആർക്കും എപ്പോഴും കഴിയുമെങ്കിലും അവയൊക്കെയും പ്രവൃത്തിപഥത്തിലെത്തിക്കാൻ എല്ലാവരെക്കൊണ്ടും സാദ്ധ്യമല്ലായെന്ന് വ്യക്തമായ ബോദ്ധ്യമുള്ളയാളായിരുന്നു പ. പിതാവ്. അദ്ദേഹത്തിന്റെ വിശ്വാസമനുസരിച്ച്, ഉറ്റവരും ഉടയവരുമില്ലാത്തവരും തുണയും സഹായവും ഇല്ലാത്തവരും ആർത്തരും അവശരുമായി കഷ്ടപ്പെടുന്നവരും, മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടാത്തവരും ദയയും ദാക്ഷിണ്യവും അർഹിക്കുന്നവരുമായ പട്ടിണിപ്പാവങ്ങളായ കുഞ്ഞുങ്ങളെ എടുത്തു വളർത്തി തൊഴിലിലും സാമാന്യ വിദ്യാഭ്യാസത്തിലും പരിശീലനം നൽകി ദൈവത്തിനും സമൂഹത്തിനും കൊള്ളാവുന്നവരാക്കി തീർക്കണമെന്നുള്ള അഭിവാഞ്ഛ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നതിന്റെ ഫലമായാണ് പുതുപ്പാടിയിൽ ബാലഭവനവും സെന്റ് പോൾസ് ആശ്രമവും സ്ഥാപിക്കാനിടയായത്.

ബാലഭവനവും ആശ്രമവും മലബാറിലെ പുതുപ്പാടിയിൽ സ്ഥാപിത മായ നാൾ മുതൽ തന്നോടൊപ്പം ചുറുചുറുക്കോടെ വിവിധ മണ്ഡലങ്ങ ളിൽ വ്യക്തിമുദ്ര പതിക്കുവാൻ പ്രാപ്തരായ ഏതാനുംപേരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിൽ അദ്ദേഹം വിജയശ്രീലാളിതനായതോടെ അദ്ദേ ഹത്തിന്റെ സ്വപ്നങ്ങൾ ഒന്നൊന്നായി പൂവണിയുവാൻ സംഗതിയായി. അദ്ദേഹത്തിന്റെ പ്രിയ ശിഷ്യരിൽ പ്രധാനികളായി പ്രവർത്തിച്ചത് അന്ത രിച്ച വന്ദ്യ പി. എം. തോമസ് റമ്പാച്ചനും, ഇപ്പോഴും വിശ്രമമെന്യേ പ്രവർ ത്തിച്ചു വരുന്ന വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചനുമാണ്. ശിഷ്യരിൽ തന്നെ രണ്ടു പേർ പ. സഭയുടെ മെത്രാപ്പോലീത്താ സ്ഥാനം അലങ്ക രിച്ചു വരുന്നു. നിരണം ഭദ്രാസനാധിപനായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയും, കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധി പനായ ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേമിയുമാണ വർ. അതുപോലെ തന്നെ അതിശ്രേഷ്ഠരും അത്യുത്സാഹികളുമായ ഒരു പറ്റം വൈദികരും ചേർന്നതാണ് സെന്റ് പോൾസ് ആശ്രമ കുടുംബം.

20-ാം നൂറ്റാണ്ട് മലങ്കര ഓർത്തഡോക്സ് സഭയുടെ വളർച്ചയുടെയും ഉയർച്ചയുടെയും സുവർണ്ണ കാലഘട്ടമായി കരുതേണ്ടിയിരിക്കുന്നു. 1912-ൽ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനം മലങ്കരസഭയിൽ നട ന്നുവെന്നത് സഭാചരിത്രത്തിൽ ദിവ്യതേജസ്സോടെ നിരന്തരമായി ശോഭി ച്ചുകൊണ്ടിരിക്കുന്ന ഒരു നാഴികക്കല്ലാണ്. പ. പിതാക്കന്മാർ വർഷങ്ങ ളായി പ്രാർത്ഥനാപൂർവ്വം കഠിനാദ്ധ്വാനം ചെയ്തും ദൈവകരുണയിൽ പ്രത്യാശിച്ചും കാത്തിരുന്നതിന്റെ പൂർത്തീകരണമാണ് 1912 സെപ്തം ബർ 15-ന് നിരണം വലിയപള്ളിയിൽ അരങ്ങേറിയ കാതോലിക്കാ സ്ഥാനാ രോഹണവും കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യവും എല്ലാ ശ്രേഷ്ഠഭാവ ങ്ങളോടും കൂടിയ സ്ഥാപനവും. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപി ക്കുന്നതിന് അക്ഷീണം പരിശ്രമിക്കുകയും സുദീർഘനാൾ പ്രാർത്ഥിക്കു കയും ചെയ്ത പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് പിതാവി ന്റെയും സ്ഥാപന-സ്ഥാനാരോഹണ ശുശ്രൂകൾക്ക് നേതൃത്വവും പ്രധാന കാർമ്മികത്വവും വഹിച്ച അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തി യോസ് അബ്ദേദ് മിശിഹാ, പാത്രിയർക്കീസ് ബാവായും മലങ്കരസഭാ ചരിത്രത്തിൽ സഭാ ഭാസുരനായും സഭാ തേജസ്സായും ഇന്നും ശോഭി ക്കുന്നു.

അനാഥക്കുഞ്ഞുങ്ങൾക്കായി ഒരു ബാലഭവനം ഉണ്ടാകണം, ഉണ്ടാ ക്കണമെന്ന ചിന്ത ബഹു. എം. വി. ജോർജ്ജ് അച്ചനിൽ രൂഢമൂലമായ സന്ദർഭം മുതൽ അത് സ്ഥാപിക്കപ്പെടുന്ന അവസരം വരെയും അദ്ദേഹം അസ്വസ്ഥനായിരുന്നു. മലബാറിൽ സ്ഥലം സൗജന്യമായി ലഭിച്ചപ്പോൾ കുട്ടികൾക്കും, പ്രവർത്തകർക്കും, താമസ സൗകര്യങ്ങളും കെട്ടിടങ്ങളും

സൗകര്യങ്ങളും ഉണ്ടാക്കേണ്ടിവന്ന സന്ദർഭത്തിൽ കിട്ടിയ കൺവെൻഷൻ പന്തലുകളിലെല്ലാം ഈ ആവശ്യങ്ങൾ ഉച്ചൈസ്തരം പ്രസ്താവിച്ചു. അന്നും പിന്നീടും അദ്ദേഹത്തിന് പണമൊരു പ്രശ്നമായിട്ടില്ല. ധനസഹായം ചോദിക്കാത്ത താമസം മാത്രം-പ്രതീക്ഷിച്ചതിലേറെയായി ലഭിച്ചിട്ടുള്ള ഒരു ചരിത്രമാണ് അദ്ദേഹത്തിന്റെ ജീവിതം. വരവ് ചെലവുകളിൽ കാട്ടിയ സുതാര്യത, വിശ്വസ്തത, കൃത്യനിഷ്ഠ എന്നിവ മൂലം മാത്രമാണ് എന്നും വിജയിക്കുവാൻ അദ്ദേഹത്തിനായത് എന്നത് തർക്കമറ്റ സത്യമാണ്. പുതുപ്പാടി ബാലഭവനവും ആശ്രമവും സ്ഥാപിക്കപ്പെട്ട ഉടനെ തന്നെ ലഭ്യമായ ഭൂമിയിൽ നിറയെ കൃഷി ഇറക്കി വിളവെടുക്കാനായി. കൃഷി മാത്രമല്ല നാടിന്റെ നാനാവിധമായ ഉയർച്ചയ്ക്കായി പ്രവർത്തിക്കാനായതാണ് പുതുപ്പാടി പ്രവർത്തനങ്ങളുടെ വിജയം. ഉത്സാഹികളായ പ്രവർത്തകരുടെ നേതൃത്വത്തിൽ വൈ. എം.സി.എ. സ്ഥാപിതമായി. സ്കൂളും ആശുപത്രിയും പണിത് ജനസേവന രംഗത്ത് വിജയം നേടാൻ അധികനാൾ വേണ്ടിവന്നില്ല.

## വ്യാപിപ്പിക്കുന്നു

പുതുപ്പാടിയിലെ പ്രവർത്തനങ്ങൾ നൂറ് ശതമാനം വിജയം കണ്ടതോടെ പ്രവർത്തന മേഖലകൾ മറ്റ് പ്രദേശങ്ങളിലേക്ക് ആക്കിത്തീർക്കുവാൻ ഇടയായി. യാച്ചാരത്തെ ബാലഗ്രാം, ഒറീസ്സയിലെ കലഹണ്ടി ബാലഭവൻ, ബാംഗ്ലൂരിലെ ദയാ ഭവൻ, അവിടെത്തന്നെ സ്നേഹഭവൻ, പനയമ്പാലയിലെ ബാലഭവൻ, ഇറ്റാർസിയിലെ ബാലഗ്രാം, പൂനെയിലെ സെന്റ് ജോർജ്ജ് ബാലികാഗ്രാം, കോട്ടയത്തെ സെന്റ് പോൾസ് ബാലഭവൻ, നെയ്യാറ്റിൻകരയിലെ ബാലഭവൻ, പുതുപ്പാടി ബാലികാഭവൻ എന്നീ സ്ഥാപനങ്ങൾ അതിൽപ്പെടുന്നു. കേരളത്തിന് അകത്തും പുറത്തും അനാഥർക്കും, കുഷ്ഠരോഗികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും വേണ്ടി ആരംഭിച്ചതും അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടതുമായ എല്ലാ പ്രസ്ഥാനങ്ങളും വൻ വിജയമാക്കിത്തീർക്കുവാനായത് വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ നിശ്ചയദാർഢ്യവും സമർപ്പണബോധവും, എന്ത് ത്യാഗവും കഷ്ടപ്പാടും അനുഷ്ഠിക്കാനുള്ള സന്മനസ്സും, ദൈവാശ്രയവുമാണെന്ന് പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ അനിതരസാധാരണമായ നേതൃത്വപാടവവും, എളിമയും വിനയവും, ജീവിത വിശുദ്ധിയും, പണമിടപാടുകളിൽ കാണിക്കുന്ന സൂക്ഷ്മതയും സുതാര്യതയും തൊടുന്നതെല്ലാം വൻ വിജയമാക്കുവാൻ അദ്ദേഹത്തെ സഹായിക്കുന്നുവെന്നതാണ് പ്രത്യേകത. അഭി. തിരുമേനിയോടുള്ള ഗുരുഭക്തിയും വിധേയത്വവും, കൂറും അദ്ദേഹത്തെ തന്നെ ശ്രേഷ്ഠനാക്കുന്നുവെന്ന് ഏവർക്കും ബോദ്ധ്യമാകുന്നു. ഏത് പ്രതികൂല സാഹചര്യത്തിലും കാലാവസ്ഥകളിലും ദൈവതിരുനാമ മഹത്വ

ത്തിനായി പ്രവർത്തിപ്പാൻ സദാ ജാഗരൂകരായ വൈദികരുടെയും ബ്രദേഴ്സിന്റെയും സേവനങ്ങൾ പ്രസ്ഥാനങ്ങളെ വൻ വിജയത്തിലെത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ ഓരോ സംസ്ഥാനത്തും ഓരോ ജീവകാരുണ്യപ്രവർത്തനം ഉണ്ടായിരിക്കണമെന്ന പ. പിതാവിന്റെ നിസ്വാർത്ഥമായ ആഗ്രഹം അതേപടി നടപ്പിലാക്കിയില്ലെങ്കിൽപ്പോലും അധികം വൈകാതെ തന്നെ അക്കാര്യം സാധിതമാകുമെന്ന് പ്രതീക്ഷിക്കുവാൻ വക നൽകുംവിധമാണ് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ. ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കി അഭി. ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ച് ഇന്ന് സഭാവകയായി നടത്തപ്പെടുന്ന മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ, സുവിശേഷപ്രവർത്തകരെ സജ്ജരാക്കിക്കൊണ്ടിരിക്കുന്നു. അഭിവന്ദ്യ തിരുമേനി ഒരു ബാലനായിരിക്കുമ്പോൾ ഒരു അനാഥ പൈതലിനെ കാക്ക കൊത്തി തിന്നുന്ന ദയനീയ കാഴ്ച കണ്ട് ഒരു ഉറച്ച തീരുമാനമെടുത്തതിന്റെ ഫലമായാണ് അനാഥരേയും ആർക്കുമാർക്കും വേണ്ടാത്തവരേയും തേടിപ്പിടിച്ച് മഴയും വെയിലും കൊള്ളാതെയും ശരാശരി ഭക്ഷണം ആവശ്യത്തിന് നൽകിയും സംരക്ഷിക്കാനുള്ള വൻ പദ്ധതികൾ രൂപീകരിക്കാനായത്. ദൈവസ്നേഹം ഏവർക്കും ഉള്ളതാണ്. ദൈവത്തിന്റെ സ്നേഹവും കരുതലും ഒരുത്തരിൽ നിന്നും മാറ്റിക്കളയുവാനിടയാക്കരുതെന്ന അദ്ദേഹത്തിന്റെ പ്രമാണം ഇന്നും നടപ്പിലാക്കുവാൻ അദ്ദേഹത്തിന്റെ അരുമശിഷ്യർ അനുദിനം അക്ഷീണം പരിശ്രമിക്കുന്നതു കണ്ട് സ്വർഗ്ഗസ്ഥപിതാവിന്റെ ഭവനത്തിൽ വസിച്ച് പുണ്യവാനായ പിതാവ് ആനന്ദബാഷ്പങ്ങൾ പൊഴിക്കുന്നുണ്ട് എന്ന് സംശയലേശമെന്യേ വിശ്വസിക്കേണ്ടിയിരിക്കുന്നു. പ. പിതാവിന്റെ ദേഹവിയോഗാനന്തരം വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഭാരതത്തിന് പുറത്തേക്കും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ആൻഡമാനിലും സൗത്ത് ആഫ്രിക്കയിലും ഓരോ സ്ഥാപനം ആരംഭിച്ച് ക്രിസ്തുസ്നേഹം പകരാനുള്ള തത്രപ്പാടിലാണ് ഇപ്പോൾ വന്ദ്യ റമ്പാച്ചൻ.

### സ്വത്തിന്റെ അവകാശം

ലോകത്തിലെ സകല സ്വത്തും പിതാവാം ദൈവത്തിന്റെ വകയാണ്. അത് തുല്യമായിട്ടല്ലെങ്കിലും അല്പമായിട്ടായാൽപോലും അനാഥർക്കും അവകാശപ്പെട്ടതാണെന്ന് നിരന്തരമായി പ്രസംഗിച്ചും പഠിപ്പിച്ചും പോന്ന പ. പിതാവിന്റെ അനുയായികൾ ഇന്ന് നല്ല ദർശനത്തോടെ അനാഥരെ പോറ്റിപ്പുലർത്താൻ ഉള്ളവരിൽ നിന്നും സഹായം സമാഹരിച്ചുകൊണ്ടിരിക്കുന്നു. ഹൈദരാബാദിൽ കുഷ്ഠരോഗികളായിരുന്നവരിൽ പലരും ചികിത്സ നേടി രോഗമുക്തി നേടിയെങ്കിലും അവരെ സമൂഹം അകറ്റു

കയും തള്ളിനീക്കുകയുമാണ്. ഈ ദുഃസ്ഥിതി മനസ്സിലാക്കി അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുവാനുള്ള ശ്രമം വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ ആരംഭിച്ചു കഴിഞ്ഞു. റമ്പാച്ചൻ അപ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും വിജയം കണ്ടേ പിന്മാറുകയുള്ളുവെന്ന് മുൻകാല ചരിത്രം സാക്ഷിക്കുന്നു.

അഭിവന്ദ്യ തിരുമേനിയാൽ വിരചിതമായതും വിശ്വപ്രശസ്തിയും ആഗോള അംഗീകാരവും വിവിധ ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ ഒട്ടനവധി ഈടുറ്റ ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും അവയിൽ വളരെയേറെ ശ്രദ്ധ ആകർഷിക്കപ്പെട്ട ഒന്നാണ് 'The Sin of being rich in poor country' എന്നുള്ളത്. അദ്ദേഹം എഴുതിയിട്ടുള്ള ആയിരക്കണക്കിന് ലേഖനങ്ങളെക്കാളും വളരെ വിഭിന്നമായ ഒരു ആശയമാണിതിൽ നിഴലിക്കുന്നത്. പ. പിതാവിന്റെ സാമ്പത്തികശാസ്ത്രം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ശ്രേഷ്ഠ ഗ്രന്ഥമാണിത്. ദരിദ്രരാജ്യത്ത് ധനികനായിരിക്കുക എന്നത് അദ്ദേഹത്തിന്റെ മനോഭാവത്തിലും ദർശനത്തിലും, വിശ്വാസത്തിലും വലിയ പാപമാണ്. പാപം എന്നത് മനുഷ്യനെ ദൈവത്തിൽ നിന്നും ദൈവത്തിന്റെ അവാച്യമായ സ്നേഹത്തിൽ നിന്നും പിടിച്ച് മാറ്റുന്ന ഒന്നാണല്ലോ. ഇന്ന് ലോകം മുഴുവൻ നിലനിൽക്കുന്ന സാമ്പത്തിക ശാസ്ത്രവ്യവസ്ഥയിലും "richer gets richer and poor gets poorer" എന്ന സ്ഥിതി (ധനികർ അധിക ധനികരും ദരിദ്രർ അധിക ദരിദ്രരും) ആകുന്ന അവസ്ഥയാണല്ലോ നിലനിൽക്കുന്നത്. ധനികനും ദരിദ്രനും തമ്മിലുള്ള അകൽച്ച കുറയുവാനുള്ള ശ്രമം ഉണ്ടാകേണ്ടതിനു പകരം സമൂഹത്തിൽ കാണുന്നത് മറിച്ചുള്ള അനുഭവമാണല്ലോ. ഈ സത്യത്തിൽ വളരെയേറെ മാനസികവ്യഥ അനുഭവിച്ച് കണ്ണുനീരോടെ എഴുതിയതാണ് ഈ ഗ്രന്ഥം എന്നുള്ളതിന് സംശയമൊന്നുമില്ല. പ. പിതാവിന്റെ ചിന്തകൾ താഴെപ്പറയുംവിധമാണ്.

സാമ്പത്തികമായി മദ്ധ്യനിരയിൽ കഴിയുന്ന നാമും, നമ്മേക്കാൾ ഉന്നതാവസ്ഥയിൽ കഴിയുന്ന ധനികരും, നാമൊക്കെയും ദരിദ്രരെന്നോ പാവപ്പെട്ടവരെന്നോ സംബോധന ചെയ്യുന്നവരുമായവരും ചൂഷണത്തിനും അടിമത്തത്തിനും വിധേയരായവരും, ജോലിയും കൂലിയും ഇല്ലാത്തവരും, ഏവരാലും നിരാകരിക്കപ്പെട്ടവരും, തിരസ്ക്കരിക്കപ്പെട്ടവരും, അനാഥരും, അഭയാർത്ഥികളും, നക്സലൈറ്റുകൾ പോലുമായ താഴേക്കിടയിലുള്ളവരോട് ദിനംപ്രതി മറ്റുള്ളവർ പാപംചെയ്ത് കൂട്ടുന്നുവെന്ന് മാത്രമല്ല അവരുടെ പാപങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാൻ പ്രേരകശക്തിയായി വർത്തിക്കുകയും ചെയ്യുന്നു. പാപത്തിന്റെ ആഗോളസ്വഭാവവും, ആഴവും പൗലോസ് ശ്ലീഹാ ശക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു

(റോമർ. 3:22). പ. പൗലോസ് ശ്ലീഹായുടെ പഠിപ്പിക്കലുകളിൽ ചെറിയ പാപം എന്നോ വലിയ പാപം എന്നോ വേർതിരിവില്ല. മറ്റുള്ളവരെ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നതും സ്വാധീനിക്കുന്നതുമാണ് സത്യത്തിൽ വലിയ പാപങ്ങൾ. പ. പിതാവിന്റെ അഭിപ്രായത്തിൽ ഓരോ ക്രിസ്ത്യാനിയും ദൈവികവാദിയെന്നതുപോലെ സഹോദരവാദിയും കൂടി ആയിരിക്കണം. കാരണം മനുഷ്യത്വ പരിഗണനന കൂടാതെയുള്ള മാനുഷിക പരിഗണനകൾ പ്രകാശരഹിതമാണ്. ക്രിസ്ത്യൻ വിശ്വാസത്തിലെ ഒരു പ്രത്യേകത ഏക ദൈവത്തിൽ ഉള്ള പ. ത്രിത്വദർശനമാണ്. ദൈവം പരിപൂർണ്ണ സ്വാതന്ത്ര്യവും സ്നേഹവും അത്രേ. ധൂർത്തും ആർഭാടവും പാപമാണെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞുവെന്നതാണ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ശ്രേഷ്ഠനും ശ്രദ്ധേയനുമാക്കുന്നത്.

ഒരിക്കൽ ഒരു വിവാഹ കൂദാശ ആശീർവ്വദിക്കുന്നതിനെത്തിയ പ. പിതാവ് ശ്രദ്ധിച്ചപ്പോൾ മണവാട്ടി അണിഞ്ഞിരുന്ന സ്വർണ്ണാഭരണങ്ങൾ ആവശ്യത്തേക്കാൾ വളരെയേറെയാണെന്ന് മനസ്സിലാക്കി ശാന്തമായി പറഞ്ഞു. “മോളേ! ഇത്രയും ആഭരണങ്ങൾ അണിഞ്ഞെങ്കിലേ നിനക്ക് സൗന്ദര്യമുണ്ടാവുകയുള്ളുവെന്ന് ചിന്തിച്ചാൽ തെറ്റി. ഇത്രയും ആഭരണം നിനക്കാവശ്യമില്ല. നിന്റെ കൈയിൽനിന്നു ഒരു വള ഊരിതന്നാൽ എനിക്ക് ഒരു പാവപ്പെട്ട പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കാനാകും.” കേട്ട മാത്രയിൽ പെൺകുട്ടി ഒരു വള ഊരിയെടുത്ത് അഭിവന്ദ്യ പിതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിച്ചു. വീണ്ടും വളകൾ ഊരാനും സമർപ്പിക്കാനും തയ്യാറായ മണവാട്ടിയുടെ സന്മനസ്സിന് നന്ദി പറഞ്ഞുകൊണ്ട് പ. പിതാവ് സംതൃപ്തി രേഖപ്പെടുത്തി. വിവാഹ കൂദാശയുടെ ശുശ്രൂഷകൾ ആരംഭിച്ച് ആശീർവ്വദിക്കുകയും ചെയ്തു. സർവ്വശക്തനായ ദൈവം എല്ലാവരുടേയും സ്വർഗ്ഗീയ പിതാവ് ആകയാൽ പിതാവിന്റെ സ്വത്തിന് വലിപ്പച്ചെറുപ്പമോ നിറഭേദമോ കൂടാതെ തന്നെ എല്ലാവരും അവകാശികളാണെന്ന് ഉറച്ച് വിശ്വസിക്കുകയും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്ന മനുഷ്യസ്നേഹിയായിരുന്നു മാർ ഒസ്താത്തിയോസ് പിതാവ്. സ്വാതന്ത്ര്യവും നീതിയും സ്നേഹവും ദൈവികമെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും അനുവർത്തിക്കുകയും ചെയ്ത ശ്രേഷ്ഠ ഗുരുനാഥനാണ് അദ്ദേഹം. ഓരോ ക്രിസ്ത്യാനിയുടേയും മുഖമുദ്ര നിസ്വാർത്ഥ സ്നേഹം (കൊയ്നോണിയ) അത്രേ എന്ന് എല്ലായ്പ്പോഴും പ്രസംഗിക്കുകയും അടിയുറച്ച് വിശ്വസിക്കുകയും ചെയ്ത പുണ്യവ്യക്തിയാണ് മാർ ഒസ്താത്തിയോസ് തിരുമേനി. ഇത് മാത്രമാണ് സമൂഹത്തിലും സഭയിലും നിലനിൽക്കുന്ന അസന്തുലിതാവസ്ഥകൾക്ക് പരിഹാരമെന്ന് അദ്ദേഹം വീറോടെ വാദിക്കുകയും അതിന്റെ നിലനിൽപി

നായി ശക്തമായി പ്രവർത്തിക്കുകയും ചെയ്തുപോന്നു. ഇക്കാലത്ത് എല്ലാവരും അവരവരുടെ നിലനിൽപ്പിനാവശ്യമായ കാര്യങ്ങൾ ഒരുക്കുവാനാണ് വെമ്പൽ കൊള്ളുന്നത്. ഒരുവന്റെ കുടുംബത്തിന്റെ ഭദ്രത മാത്രമായിരിക്കരുത് ഓരോ തൊഴിലാളിയുടേയും ലക്ഷ്യമെന്ന് അദ്ദേഹം ശക്തമായി എഴുതുകയും പറയുകയും ചെയ്യുമായിരുന്നു. സമൂഹനന്മയും സമൂഹത്തിന്റെ ശ്രേയസ്സും ജാതിമതവർഗ്ഗവർണ്ണ ചിന്തകൾക്കതീതമായി എല്ലാ മനുഷ്യരും വർത്തിക്കണമെന്ന് പ്രഘോഷിച്ച സ്നേഹത്തിന്റെയും നന്മയുടേയും അപ്പോസ്തോലനായിരുന്നു അദ്ദേഹം.

1972 നവംബറിൽ ഞാൻ അവധിക്ക് നാട്ടിലെത്തിയപ്പോൾ എന്റെ ബന്ധുമിത്രാദികൾ പലരും എനിക്കായി വിവാഹാലോചനകൾ അവരുടെ മനസ്സിൽ ആലോചിച്ചു വന്നിരുന്നത് പുറത്തറിയിക്കുവാൻ വെമ്പൽ കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അപ്രാവശ്യത്തെ അവധിക്ക് ഞാൻ വിവാഹത്തിൽ പ്രവേശിപ്പാൻ ആഗ്രഹിക്കുന്നില്ലെന്ന് ദൃഢമായി പറഞ്ഞപ്പോൾ പലരും നിരാശരായിരിക്കാം. എന്നാൽ നവംബർ 24, 25 തീയതികളിൽ അഭി. മാത്യൂസ് മാർ കൂറിലോസ് (പിന്നീട് ഭാഗ്യസ്മരണാർഹനായിത്തീർന്ന പ. മാത്യൂസ് ദ്വിതീയൻ ബാവാ) കോട്ടയം പഴയസെമിനാരി ചാപ്പലിൽ വി. ബലി അർപ്പിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ എനിക്ക് അതിൽ സംബന്ധിക്കണമെന്ന് ആവേശം തോന്നി. ആദ്യ ദിവസം ഞാൻ തനിയെ പോയി. വി. കുർബ്ബാനാനന്തരം അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനിയെ കണ്ടിട്ട് വരുമ്പോൾ എന്റെ അടുത്ത് വരണം എന്ന് ഒസ്താത്തിയോസ് തിരുമേനി എന്നോട് പറഞ്ഞു. സെമിനാരിയിലെ പ്രൊഫസറന്മാരായ ബഹു. എം. വി. ജോർജ്ജ് അച്ചൻ, ബഹു. കെ. എം. അലക്സാണ്ടർ അച്ചൻ, ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ, മാനേജർ ബഹു. റ്റി. വി. വർഗീസ് അച്ചൻ എന്നിവർ ചേർന്ന് എനിക്കായി ഒരു ആലോചന രൂപപ്പെടുത്തിയത് വെളിപ്പെടുത്താനാണ് ബഹു. എം. വി. ജോർജ്ജ് അച്ചനെ കാണണമെന്ന് പറഞ്ഞതെന്ന് പിന്നീടാണ് എനിക്കു മനസ്സിലായത്. ഞാൻ എം. വി. ജോർജ്ജ് അച്ചന്റെ സമീപത്തെത്തിയപ്പോൾ അദ്ദേഹം സ്വകാര്യമായി എന്നോട് ഒരു ഗ്രാജ്വേറ്റ് പെൺകുട്ടിക്ക് അബുദാബിയിൽ ജോലി കിട്ടുമോ എന്ന് ചോദിച്ചു. ഉത്തരമായി പെൺകുട്ടി എങ്ങനെയാണ് അവിടെത്തുക. അവിടെ വരുന്നവർ ഒന്നുകിൽ പിതാവിന്റെയോ ഭർത്താവിന്റെയോ സ്പോൺസർഷിപ്പിൽ ആയിരിക്കും എത്തുക എന്ന് പറഞ്ഞു. ഉടനെ എനിക്ക് കല്യാണാലോചന ഒന്നുമില്ലേ? എന്നായി അദ്ദേഹം. ഞാൻ എന്റെ നിലപാട് അറിയിച്ചപ്പോൾ അദ്ദേഹം മാതാപിതാക്കൾ നിർബന്ധിക്കുന്നില്ലേ എന്നായി. മാതാപിതാക്കൾ എന്റെ നിലപാടിന് എതിരായി ഒന്നും പറഞ്ഞിട്ടില്ല എന്നറിയിച്ചപ്പോൾ ഒരു നല്ല കുടുംബത്തിലെ ഒരു പെൺകുട്ടിയെ നിർദ്ദേശിക്കാനാണ് ഇത്രയും പറഞ്ഞത്

എന്നു പറഞ്ഞു. അദ്ദേഹം തുടർന്ന് വിവാഹസമയം നിശ്ചയിക്കുന്നതും മറ്റ് കാര്യങ്ങൾ തീരുമാനിക്കുന്നതും ദൈവഹിതപ്രകാരമായിരിക്കണം, ദൈവഹിതത്തിനായി പ്രാർത്ഥിക്കണം എന്നൊക്കെ ഗുണദോഷിച്ച ശേഷം അദ്ദേഹത്തിന്റെ മുറിയിൽ കയറി ഏതാനും നിമിഷങ്ങൾ അദ്ദേഹം പ്രാർത്ഥിച്ചു. തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് കഴിഞ്ഞിട്ട് ദൈവം തന്റെ ഹിതം വെളിപ്പെടുത്തിത്തരട്ടെ എന്ന് ആശംസിച്ചു. അനുഗ്രഹിച്ചു. ആലോചനയുടെ കാര്യം എന്റെ ഇളയ സഹോദരൻ ബഹു. ജോർജ്ജ് കുര്യൻ ശെമ്മാശൻ (ഇപ്പോഴത്തെ അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ) മുഖേന വീട്ടിൽ എത്തിക്കാനായിരുന്നു മറ്റ് ബഹു. വൈദികർ ഇച്ഛിച്ചിരുന്നത്. അതിനടുത്ത ദിവസം ബഹു. ശെമ്മാശനും ആരാധനയിൽ സംബന്ധിച്ചു. ആരാധനാനന്തരം മേൽപ്പറഞ്ഞ വൈദികശ്രേഷ്ഠർ അവരുടെ ഹിതം ശെമ്മാശനോട് വെളിപ്പെടുത്തി. അപ്പോൾ ഞാനിതൊന്നും അറിഞ്ഞില്ല. പിന്നീട് വീട്ടിലെത്തി എന്റെ അസാന്നിധ്യത്തിൽ മാതാപിതാക്കളെ അറിയിച്ചു. മാർഗ്ഗമദ്ധ്യേ എന്നോട് പറഞ്ഞാൽ ഞാൻ തട്ടിക്കളഞ്ഞെങ്കിലോ എന്നോർത്ത് ബഹു. ശെമ്മാശനും ഒന്നും ഇതേപ്പറ്റി പറഞ്ഞുവിട്ടില്ല. എന്റെ മാതാപിതാക്കൾ എന്നോട് സംസാരിച്ചപ്പോൾ ഇത് തന്നെ ദൈവഇഷ്ടം എന്ന് വിശ്വസിച്ച് ദൈവഹിതത്തിന് വിധേയനാകുവാൻ പ്രേരണയും പ്രചോദനവും നൽകിയത് ബഹു. എം. വി. ജോർജ്ജ് അച്ചനും അദ്ദേഹത്തിന്റെ ജീവനും ദൈവിക ചൈതന്യവുമുള്ള വചസ്സുകളായിരുന്നുവെന്നതിന് സംശയമൊന്നുമില്ല. അങ്ങനെ അന്ന് ബഹു. കെ. ജി. ജോർജ്ജ് ശെമ്മാശനായിരുന്ന ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരി എന്റെ ജീവിതസഖിയായി.

ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി അബുദാബി സന്ദർശിച്ചിട്ടുള്ള പിന്നീടുള്ള എല്ലാ സന്ദർഭങ്ങളിലും സാധിക്കുന്ന അത്രയും സമയം പ. പിതാവിന്റെ സന്നിധിയിൽ ചിലവഴിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. 1995 മാർച്ചിൽ അവിചാരിതമായിട്ടാണ് തിരുമേനി അബുദാബിയിലേക്ക് കടന്നുവന്നത്. തിരുമേനിയുടെ സന്ദർശനത്തിന് മുമ്പ് തന്നെ മാവേലിക്കര സുവിശേഷാലയത്തിന്റെ (M.T.C.) സുവർണ്ണ ജൂബിലി സ്മാരകമായി ഞാൻ എഴുതിയ Lost sheep and the sheperd എന്ന ചെറു ധ്യാനഗ്രന്ഥം മാവേലിക്കര MTC പ്രസിദ്ധീകരിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തിരുന്നു. ഏതാനും കോപ്പികൾ അബുദാബിയിലും ലഭിച്ചിരിക്കെയാണ് അഭി. തിരുമേനി എത്തിച്ചേർന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ ഡോ. സാമുവൽ ചന്ദനപ്പള്ളി പ്രസിദ്ധീകരിച്ച മലങ്കര സഭാപിതാക്കന്മാർ എന്ന ബൃഹത് ഗ്രന്ഥത്തിൽ നിന്നും പ. പിതാവിന്റെ ജീവിതരേഖയുടെ ഭാഗം ഇംഗ്ലീഷിലാക്കി ചേർത്തിരുന്നു. ഈ ഗ്രന്ഥത്തിൽ

ആശീർവ്വാദ സന്ദേശത്തിൽ "Jose Kurian could write such a Biblical meditation due to the spirituality he could inherit from his mother who is beyond the veil and his father who is a deeply spiritual person of our church. No wonder his brother, on my beloved student in the seminary is now a Bishop of our church who outshined any of us, his colleagues" എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്റെ ചെറു ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി ബഹു. ജി. ജോൺ അച്ചൻ (ഇന്നത്തെ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനി) വായിച്ച് കേൾപ്പിച്ചപ്പോഴൊക്കെ കേട്ട് ആസ്വദിച്ചശേഷമാണ് പ്രസിദ്ധീകരണാനുമതി നൽകിയത്. ഇക്കാര്യം പ. പിതാവ് തന്നെ അബുദാബി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന പ്രകാശനവേളയിൽ പ്രസ്താവിച്ചു. പുസ്തകം വിറ്റ് അബുദാബിയിലെ വിവിധ ദേവാലയങ്ങളിൽ നിന്നും സമാഹരിച്ച പണം മുഴുവനും മാവേലിക്കര സുവിശേഷാലയത്തിനായി സംഭാവന ചെയ്യുകയായിരുന്നു. അപ്രതീക്ഷിതമായി അഭി. തിരുമേനിക്ക് അബുദാബിയിലേക്ക് കടന്നുവരാനിടയായപ്പോൾ MTC യുടെ സുവർണ്ണ ജൂബിലി സ്മാരകമായി ഒരു ചെറുഗ്രന്ഥമെങ്കിലും പ്രസിദ്ധീകരിക്കാനായതിൽ അതീവ സന്തുഷ്ടനായിരുന്ന പ. പിതാവ് വാചാലനായി ഞാൻ അർഹിക്കുന്നതിലും പതിന്മടങ്ങ് ആശീർവ്വാദങ്ങളും അഭിനന്ദനങ്ങളും വാരിച്ചൊരിഞ്ഞു.

പ. പിതാവിന്റെ ഓരോ സന്ദർശനവേളയിലും ആയിടയ്ക്ക് എഴുതി രൂപപ്പെടുത്തിയതോ പ്രസിദ്ധീകരിച്ചതോ ആയ ഗീതങ്ങളും ലേഖനങ്ങളും എന്നെ കേൾപ്പിക്കുകയും വ്യാഖ്യാനരൂപേണ വിശദീകരിക്കുകയും പതിവായിരുന്നു. ഒരു വട്ടപ്പൂജ്യമായ എനിക്ക് ശ്രേഷ്ഠതയുണ്ടെന്ന് അവകാശപ്പെടാനല്ല ഞാനിത് എഴുതുന്നത്. പ്രത്യുത ദൈവവിജ്ഞാനത്തിന്റെയും ആത്മീയ സ്രോതസ്സിന്റെയും മഹാമേരുവായ പ. പിതാവിന് ഉള്ള മഹാമനസ്കതയും വിശാലചിന്താഗതിയും ഏഴകളായവരോടുള്ള ആഴമായ സ്നേഹവും വ്യക്തമാക്കുവാൻ മാത്രമാണ്. 'ത്രിയേക ദൈവം എല്ലാവർക്കും ദൈവം' എന്ന ഗീതം ചിട്ടപ്പെടുത്തിയത് അബുദാബി സന്ദർശനവേളയിലായിരുന്നു. അത് ബലഹീനനായ എന്നെ പാടിക്കേൾപ്പിച്ച ഉടനെ, അതിന്റെ കുറെ പകർപ്പുകൾ കിട്ടിയിരുന്നെങ്കിൽ പള്ളിയിൽ വൈകുന്നേരത്തെ ധ്യാനപ്രസംഗത്തിനിടെ വരുന്നവരെക്കൂടി ഗീതം അഭ്യസിപ്പിക്കാമായിരുന്നെന്നായി പ. പിതാവ്. അന്ന് ഫോട്ടോകോപ്പികൾ വ്യാപകമായിരുന്നില്ല. എങ്കിലും ധൃതഗതിയിൽ സൈക്ലോസ്റ്റൈൽ കോപ്പികൾ തരപ്പെടുത്താനായി. പിന്നീടൊരിക്കൽ ഓഡിയോ കാസറ്റിൽ റെക്കോർഡ് ചെയ്ത ഗാനങ്ങളുമായാണ് എത്തിയത്. വേറൊരു അവസരത്തിൽ ദീർഘസമയം പ. പിതാവിന്റെ സന്നിധിയിൽ ചിലവഴിച്ച് യാത്ര പറയാനൊരുമ്പെടുമ്പോൾ പ. പിതാവ് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. ഉടനെ കല്പി

ക്കുകയാണ്, ഇനി ജോസ് കൂടി പ്രാർത്ഥിക്ക് എന്ന്. അതുകേട്ട മാത്രയിൽ ഞാൻ അക്ഷരാർത്ഥത്തിൽ നിശ്ചലനായെങ്കിലും പ്രാർത്ഥിപ്പാൻ ദൈവം എന്നെ തുണച്ചു. ഓർക്കുമ്പോൾ ഇന്നുമെനിക്ക് ആശ്ചര്യവും അതിശയവും തോന്നും. പ്രാർത്ഥനയുടെയും വേദവിജ്ഞാനത്തിന്റെയും മൂർത്തീഭാവത്തിന് മുമ്പിലും സാന്നിദ്ധ്യത്തിലും പ്രാർത്ഥിക്കുക എന്നത് ഇന്നും ചിന്തനീയമല്ല. എങ്കിലും പ. പിതാവിന്റെ കല്പന പാലിക്കുവാൻ തുണച്ചത് ദൈവിക ശക്തിയായി കരുതി ദൈവത്തെ നിരന്തരമായി സ്തുതിക്കുന്നു. ഇക്കാര്യവും എഴുതുന്നത് സ്വകാര്യമായി ശ്രേഷ്ഠത അവകാശപ്പെടുവാനല്ല. പ്രത്യുത അതിശ്രേഷ്ഠനും വിശുദ്ധനും നിർമ്മലമാനസനുമായ പ. പിതാവിന്റെ വ്യക്തിത്വ മാഹാത്മ്യം തുറന്നു കാട്ടുവാൻ മാത്രമാണ്. അഭി. തിരുമേനി എന്നോട് കല്പിച്ചതും ഞാൻ പാലിച്ചതും പ. സഭയ്ക്കുവേണ്ടിയും പ. പിതാവിന്റെ മിഷനറി പ്രവർത്തനങ്ങൾക്കും വേണ്ടിയായിരുന്നുവെന്ന് ഇന്നും കൃത്യമായി സ്മരിക്കുന്നു.

പാവങ്ങളെയും സമൂഹത്തിലെ താഴെക്കിടയിലുള്ളവരെയും ഇത്രമാത്രം കരുതുകയും സ്നേഹിക്കുകയും ഓരോരുത്തരുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്ത പ. പിതാവിന്റെ ജീവിതം വ്യക്തമാക്കുന്നത് ഏത് മനുഷ്യനും ശ്രമിച്ചാൽ ഇതൊക്കെ നിഷ്പ്രയാസം സാധിക്കും എന്ന ഉറപ്പാണ്. പുണ്യജീവിതം കാഴ്ചവെച്ച് ദൈവിക ഹിതത്തിന് പ്രാധാന്യം നൽകി മൺമറഞ്ഞ അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി മലങ്കരസഭയ്ക്ക് മാത്രമല്ല മലയാള കരയ്ക്കു തന്നെ തികച്ചും അഭിമാനിക്കുവാനും പുളകം കൊള്ളുവാനും ഉതകുന്ന ഏറ്റവും ശ്രേഷ്ഠ സംഭാവനകൾ സമർപ്പിച്ച പുണ്യവാനാണ്. പ. പിതാവിന്റെ മദ്ധ്യസ്ഥതയും നിരന്തരമായ പ്രാർത്ഥനയും ഏവർക്കും അനുഭവവേദ്യമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

**- ജോസ് കുര്യൻ, പുളിയേരിൽ**

*(2014-ൽ തോമസ് നീലാർമഠം പ്രസിദ്ധീകരിച്ച ആർദ്രമാനസനായ കാര്യവിചാരകൻ എന്ന പുസ്തകത്തിൽ നിന്നും:)*



# “പിശുക്കനായ ബിഷപ്പിന്റെ മേൽ സർവ്വേശ്വരൻ നടത്തിയ ശസ്ത്രക്രിയ”

“എന്റെ ഹൃദയം ബാല്യത്തിലേ ഞാൻ എന്റെ ദൈവത്തിനു സമർപ്പിച്ചതാണ്. അത് ഓപ്പറേറ്റു ചെയ്യണമെങ്കിൽ ചെയ്തുകൊള്ളട്ടെ.”

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്കു 1990-കളിൽ ഹൃദയവേദനയും തൽസംബന്ധമായ ചെറിയ അസ്വസ്ഥതകളും അനുഭവപ്പെട്ടു. ദൈവഭക്തനും സഭാസ്നേഹിയും ഹൃദ്രോഗ വിദഗ്ദ്ധനുമായ ഡോ. പത്രോസ് മത്തായി കോട്ടയത്തെ കാരിത്താസ് ആശുപത്രിയിൽ വച്ചും മറ്റും വേണ്ട ശുശ്രൂഷകളും ചികിത്സകളും നൽകിയിരുന്നു. ഓപ്പറേഷനു വിധേയനാകേണ്ടതിന്റെ ആവശ്യകത പലരും തിരുമേനിയെ അനുസ്മരിപ്പിച്ചു. എന്നാൽ വലിയ പണച്ചെലവു വേണ്ടിവരുമെന്നു പറഞ്ഞുകൊണ്ട് മരുന്നു കഴിച്ചും തീവ്രവേദന സഹിച്ചും ഒരു പിശുക്കനെപ്പോലെ തിരുമേനി ദിവസങ്ങൾ നീട്ടിക്കൊണ്ടുപോയി.

അമേരിക്കയിലെ സെന്റ് ലൂയിലെ ഒരാശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർ പ്രസാദ് ഏബ്രഹാം നാട്ടിൽ വരുമ്പോഴെല്ലാം തിരുമേനിയെ സന്ദർശിച്ചു അനുഗ്രഹം തേടുമായിരുന്നു. ഒരിക്കൽ നാട്ടിൽ വരുന്ന കാര്യവും കാണാൻ സൗകര്യം ഉണ്ടാക്കണമെന്ന ആവശ്യവും ഡോക്ടർ എഴുതി. തിരുമേനി മറുപടി നൽകി, “മകനെ എനിക്കു നല്ല സുഖമില്ല. മാവേലിക്കരയിൽ വന്നാൽ കൊള്ളാം.”

ഡോ. പ്രസാദ് ഭാര്യ ജസ്സിയും മക്കളും ഒന്നിച്ചു മാവേലിക്കരയിൽ വന്നു തിരുമേനിയെ കണ്ടു സംസാരിക്കുകയും പരിശോധന കഴിഞ്ഞു തിരുമേനി വിദഗ്ദ്ധ ചികിത്സയ്ക്കു വിധേയനാകണമെന്നു നിർബന്ധിക്കുകയും ചെയ്തു. “വളരെ ചെലവുള്ള ചികിത്സ നടത്തുന്നതു ദൈവഹിതം അല്ലെന്നും ഞാൻ അമേരിക്കയിലേക്കു വരുന്നില്ല എന്നും” തിരുമേനി അറിയിച്ചു.

ഇതിനിടയിൽ സെന്റ് ലൂയിലെ മറ്റു പ്രധാന ഡോക്ടർമാരുമായി ഡോ. പ്രസാദ് ഏബ്രഹാം ബന്ധപ്പെടുകയും ഓപ്പറേഷനുവേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. വലിയ ചെലവുള്ള ഓപ്പറേഷൻ നടത്താൻ ലുബ്ധനായ തിരുമേനി മനസ്സുവെച്ചില്ല. ഇങ്ങനെയിരിക്കെ പെട്ടെന്നു നെഞ്ചുവേദന വന്നപ്പോൾ മാവേലിക്കരയിലെ ഡോ. ഫിലിപ്പിന്റെ ആശുപത്രിയിൽ തിരുമേനിയെ പ്രവേശിപ്പിച്ചു. പുതുപ്പാടിയിൽ നിന്നു ഫാ.

പി. എം. തോമസും ഞാനും ആശുപത്രിയിൽ പാഞ്ഞെത്തി. തിരുമേനിയെ അമേരിക്കയിൽ കൊണ്ടുപോകാൻ ഞങ്ങൾ നിർബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ, പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, തിരുമേനിയെ കാണാൻ എത്തി. അമേരിക്കയ്ക്ക് ഉടൻ പോകാൻ പ. ബാവാ തിരുമേനി നിർബന്ധിക്കുകയും എന്നോടു കൂടെപ്പോകാൻ ആവശ്യപ്പെടുകയും ആണുണ്ടായത്. രണ്ടുപേർക്കുള്ള യാത്രക്കൂലി ദേവലോകത്തു നിന്ന് ഏർപ്പാടാക്കുകയും വിസയും മറ്റും 48 മണിക്കൂറിനുള്ളിൽ ശരിയാക്കുകയുമാണുണ്ടായത്. ഒരാഴ്ചയ്ക്കുള്ളിൽ അമേരിക്കയിലേക്കു പറന്നു.

ന്യൂയോർക്ക് വിമാനത്താവളത്തിൽവെച്ചു മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയും അനേകം വൈദികരും വിശ്വാസികളും ഞങ്ങളെ ഹാർദ്ദമായി സ്വീകരിച്ചു. വിമാനത്താവളത്തിലുള്ള പ്രാർത്ഥനാമുറിയിൽ വച്ചാണു സ്വീകരണം നടന്നത്. ക്ഷീണിതനെങ്കിലും മാർ ഒസ്താത്തിയോസ് ഇരുന്നുകൊണ്ടു വിശ്വാസികളെ അനുഗ്രഹിച്ചു പ്രസംഗിച്ചു. ന്യൂയോർക്ക് വിമാനത്താവളത്തിനു സമീപത്തെ ഒരു ചെറുവിമാനത്താവളമായ ലഗാസിയ്ക്കടുത്തുള്ള ഒരു ഹോട്ടലിൽ ഒസ്താത്തിയോസ് തിരുമേനിയും ഞാനും രാപാർത്തു. രാവിലെ സെന്റ് ലൂയിലേക്കുള്ള വിമാനത്തിൽ കയറി. 11 മണിയോടെ സെന്റ് ലൂയിയിൽ എത്തി. അവിടെ വികാരി പള്ളിപ്പാട്ടു സ്വദേശി ഫാ. എം. ഐ. വറുഗീസും ഡോ. പ്രസാദും ഭാര്യ ജസിയും മാവേലിക്കര മുട്ടം സ്വദേശി യോഹന്നാൻ സാറും കുടുംബവും സ്വീകരിച്ച് പ്രസാദിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി.

അടുത്തദിവസം ഡോ. പ്രസാദ് ജോലിചെയ്യുന്ന എലിസബത്ത് ഹോസ്പിറ്റലിൽ വേണ്ട പരിശോധന നടത്തുകയും ഓപ്പറേഷൻ നിശ്ചയിക്കുകയും ചെയ്തു.

സെന്റ് ലൂയി ശാന്തമായ ഒരു ഗ്രാമപ്രദേശമാണ്. ഒരു ചെറുദേവാലയവും ഉണ്ട്. ഏതാണ്ട് 100–ൽ താഴെ കുടുംബങ്ങളുള്ള ഒരു ഇടവകയും എം. ഐ. വറുഗീസച്ചൻ പഠനത്തോടൊപ്പമാണ് അവിടെ വികാരിയായിരിക്കുന്നത്.

ഓപ്പറേഷനു മുമ്പ് വന്ദ്യ തിരുമേനിയും ഫാ. എം. ഐ. വറുഗീസും ഞാനും വി. കുർബ്ബാന ചൊല്ലി തൈലാഭിഷേക ശുശ്രൂഷ നടത്തി. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള വൈദികരും വിശ്വാസികളും തിരുമേനിയെ സന്ദർശിച്ചിരുന്നു. ഓപ്പറേഷനു മുമ്പ് മാർ മക്കാറിയോസും, മാർ ബർന്നബാസും രോഗിയെ സന്ദർശിച്ചു പ്രാർത്ഥിച്ചു. ഓപ്പറേഷന്റെ തലേദിവസം അമ്പി അച്ചനും തിരുമേനിയുടെ സഹോദരപുത്രന്മാരായ സോളമൻ, ജയിംസ് കുട്ടി, ജോൺസൺ, ബിജോയി എന്നിവരും സകുടുംബം എത്തിയിരുന്നു.

ഓപ്പറേഷൻ ദിവസം തീയേറ്ററിൽ കയറ്റുംമുമ്പ് ബർന്നബാസ് തിരുമേനിയും ഞാനും പ്രാർത്ഥനകൾ നടത്തി.

ഹോസ്പിറ്റലിൽ തന്നെയുള്ള ഒരു ചെറിയ പ്രാർത്ഥനാമുറിയിൽ മാർ ബർന്നബാസും ഞാനും തിരുമേനിയുടെ കുടുംബാംഗങ്ങളും പ്രാർത്ഥനയിൽ മുഴുകിയിരുന്നു. ഉച്ചകഴിഞ്ഞ് ഓപ്പറേഷൻ വിജയകരമായിരുന്നു എന്നു പ്രധാന ഡോക്ടർ വന്നു പറയുംവരെ ഞങ്ങളുടെ അഖണ്ഡ പ്രാർത്ഥന തുടർന്നു. ഓപ്പറേഷനുശേഷം രണ്ടാം ദിവസം തിരുമേനിയെ നടത്തിച്ചു. ഒരാഴ്ച കഴിഞ്ഞു ആശുപത്രി വിട്ട മാർ ഒസ്താത്തിയോസ്, ഡോ. പ്രസാദിന്റെ വീട്ടിലാണ് വിശ്രമിച്ചത്. ആ അവസരത്തിൽ ഡോ. പ്രസാദും, ജസിയും മക്കളും ചെയ്ത സേവനങ്ങൾ പ. സഭയ്ക്ക് ഒരിക്കലും മറക്കാനാവില്ല. ബർന്നബാസ് തിരുമേനിയേയും എന്നെയും മാത്രമല്ല, ആ ദിവസങ്ങളിൽ ഒസ്താത്തിയോസ് തിരുമേനിയെ കാണാൻ വന്ന സകല ബന്ധുമിത്രാദികളെയും സഭാംഗങ്ങളെയും എല്ലാം സ്വന്തം കുടുംബാംഗങ്ങളെന്നപോലെ സ്വീകരിച്ചും സൽക്കരിച്ചും പ്രസാദിന്റെ കുടുംബം ആതിഥ്യമര്യാദയുടെ ഔന്നത്യം വ്യക്തമാക്കി. ഡോക്ടറുടെ കുടുംബത്തിൽ ഒരു മാസം താമസിച്ചശേഷം തിരുമേനിയുടെ സഹോദരനായ മാത്തുക്കുട്ടിച്ചായന്റെ മകൻ സോളമന്റെ വസതിയിലേക്കു പോയി.

എല്ലാദിവസവും രാവിലെ എന്റെ സഹായത്തോടെ തിരുമേനി നടക്കുമായിരുന്നു. ഓരോദിവസം കഴിയുന്തോറും നടക്കുന്നതിനുള്ള ദൂരം കൂടിക്കൊണ്ടിരുന്നു. നടപ്പിനിടയിൽ സഭയെപ്പറ്റിയും മിഷനെപ്പറ്റിയും മറ്റും തിരുമേനി പല കാര്യങ്ങളും സംസാരിച്ചു വന്നു. മിഷനെപ്പറ്റി വളരെ ആഴത്തിൽ എപ്പോഴും അദ്ദേഹം ചിന്തിച്ചിരുന്നു എന്നാണു സംസാരം വ്യക്തമാക്കിയത്. ഓർത്തഡോക്സ് സഭ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരണമെന്നും ഇന്ത്യയിലെ ഗ്രാമങ്ങളെ ഉദ്ധരിക്കണമെന്നും അങ്ങനെ സഭയ്ക്കു തന്നെ ഒരു നവോത്ഥാനം കൈവരണമെന്നും ഇതിനുവേണ്ടി മിഷനെ ശക്തിപ്പെടുത്തുകയല്ലാതെ മാർഗ്ഗമില്ലെന്നും ആയിരുന്നു തിരുമേനിയുടെ സുചിന്തമായ അഭിപ്രായം.

ആശുപത്രിയിൽ കിടന്നവേളയിൽ ഉണ്ടായ ഒരു യന്ത്രത്തകരാർ പരാമർശിക്കാതെ വിടുന്നതു ശരിയല്ലെന്നു തോന്നുന്നു. ഓപ്പറേഷന്റെ നാലാം ദിവസം തിരുമേനിയോടൊപ്പം മറ്റൊരു രോഗിയും രോഗിയുടെ ബന്ധുക്കളും ഞാനും കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള പരിശോധനമുറിയിലേക്കു പോകാനായി ലിഫ്റ്റിൽ കയറി. ചെല്ലേണ്ട നിലയുടെ വാതിൽക്കൽ ചെന്നപ്പോൾ ലിഫ്റ്റ് പണിമുടക്കി. കൂടെ ഉണ്ടായിരുന്ന മെക്കാനിക്ക് എത്ര ശ്രമിച്ചിട്ടും ലിഫ്റ്റിന്റെ വാതിൽ തുറക്കാനായില്ല. ഞങ്ങൾ ലിഫ്റ്റിൽ കുടുങ്ങി നിൽക്കുകയാണ്. വിവരം ആശുപത്രി ഓഫീസിലും

മറ്റും ഉടൻ അറിയിച്ചു. ഒന്നര മണിക്കൂർ ലിഫ്റ്റിൽ തന്നെ നിന്നു. ചില ജോലിക്കാർ പുറത്തുനിന്ന് ആയുധങ്ങൾ ഉപയോഗിച്ചു ചെറിയ ഒരു 'സൂചിക്കുഴ' സൃഷ്ടിച്ചു. അതിലൂടെ ഓരോരുത്തരും ധനവാൻ സ്വർഗ്ഗത്തിലേക്കു കടക്കുന്നതുപോലെ ഞങ്ങൾ ഓരോരുത്തർ പുറത്തുവന്നു. ഈ സംഭവം അമേരിക്കയെപ്പോലെയുള്ള ഒരു വികസിത രാജ്യത്തു നടക്കുന്നത് ഏറെ വിസ്മയകരമാണെന്നു പറയാതെ വയ്യ.

സോളമന്റെ വീട്ടിലും അമ്പി അച്ചന്റെ ഭവനത്തിലും മറ്റും ഒരാഴ്ച താമസിച്ചശേഷം, ബാൾട്ടിമോറിലുള്ള തിരുമേനിയുടെ ഇളയസഹോദരൻ ജോഷ്വാ കുട്ടിച്ചായന്റെ മകൻ ബിജോയിയുടെ വസതിയിലേക്കു പോയി രണ്ടാഴ്ച അവിടെ ചെലവഴിച്ചു. തുടർന്ന് ന്യൂയോർക്കു വഴി നാട്ടിലേക്കു തിരിച്ചുപോകാനുള്ള പരിപാടി ആസൂത്രണം ചെയ്തു. എന്നാൽ ബാൾട്ടിമോറിൽ എത്തി രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ തിരുമേനിക്കു കലശലായ പനി ബാധിച്ചു. ഇതിനിടയിൽ ഞാൻ ബ്രോങ്ക്സ് പള്ളിയിലേക്കു പോയിരുന്നു. വിവരം അറിഞ്ഞു ഉടൻതന്നെ ഞാനും ഡോ. പ്രസാദും ബാൾട്ടിമോറിൽ എത്തി. വിജയപ്രദമായ ശസ്ത്രക്രിയയ്ക്കു ശേഷം ആരോഗ്യവാനായ തിരുമേനിക്കു അസുഖം ബാധിച്ചതിനാൽ, ജീവനോടെ തിരുമേനിക്കു നാട്ടിൽ എത്താൻ സാധിക്കുമോ എന്നു കൂടെയുള്ളവർ ആശങ്കപ്പെട്ടിരുന്നു. ഉയരത്തിലെ ദൈവത്തിന്റെ പിടിവിടാത്ത നീണ്ട ബലിഷ്ഠകരങ്ങൾ താങ്ങിയതിനാൽ നിശ്ചിത തീയതിക്കുതന്നെ നാട്ടിൽ മടങ്ങി എത്താൻ സാധിച്ചു. ശസ്ത്രക്രിയ സംബന്ധിച്ചു വേണ്ടിവന്ന 20 ലക്ഷത്തിൽപരം രൂപ ആശുപത്രി അധികൃതർ സസന്തോഷം എഴുതിത്തള്ളി.

ബോംബെയിൽ എത്തിയപ്പോൾ സഹോദരപുത്രന്മാരും ഒട്ടധികം വൈദികരും വിശ്വാസികളും തിരുമേനിയെ സസന്തോഷം സ്വീകരിച്ചു. അന്നുതന്നെ തിരുവനന്തപുരത്ത് എത്തി കാരുണ്യാ ഗൈഡൻസ് സെന്ററിൽ അൽപനേരം വിശ്രമിച്ചശേഷം മാവേലിക്കരയിൽ സസുഖം എത്തിച്ചേർന്നു. ഞാൻ തുടർന്ന് പുതുപ്പാടിയിലേക്കും പോയി. ആരോഗ്യത്തോടെ മടങ്ങി എത്തിയ തിരുമേനിയെ തിരുവല്ല ബഥനി അരമനയിൽ സംഘടിപ്പിച്ച വൈദികരുടെയും വിശ്വാസികളുടെയും യോഗം സ്തോത്രപ്രാർത്ഥനയോടും സന്തോഷാശ്രുക്കളോടും സ്വീകരിച്ചു ദൈവത്തിനു നന്ദി പറഞ്ഞു. ശസ്ത്രക്രിയ മൂലം ലഭിച്ച രോഗശമനാനന്തരം തിരുമേനി പലപ്പോഴും പറയുകയും എഴുതുകയും ചെയ്യുന്ന ചില കാര്യങ്ങൾ ഒരു ചെറുകഥാരൂപത്തിൽ കുറിക്കുന്നതിൽ സന്തോഷമുണ്ട്.

"ഓപ്പറേഷൻ കഴിഞ്ഞ് ആശുപത്രിയിൽ ഏതാണ്ട് അബോധാവസ്ഥയിൽ കിടക്കുമ്പോൾ ഞാൻ അഞ്ചാം സ്വർഗ്ഗത്തിന്റെ വാതിൽവരെ ചെന്ന

ഉടനെ ദൈവം ചോദിച്ചു. “നിനക്ക് ഇവിടെ ഇപ്പോൾ വരാനെന്താണു യോഗ്യത. ഭാരതം മുഴുവൻ സുവിശേഷം അറിയിക്കാനല്ലേ നിന്നെ ഭൂമിയിലേക്കു ഞാൻ വിട്ടത്. അക്കാര്യത്തിൽ നീ എന്തു ചെയ്തു?” “പല സ്ഥലങ്ങളിലും കൺവൻഷൻ പന്തലുകളിൽ ഞാൻ പ്രസംഗിച്ചു. ശെമ്മാശന്മാരെ പഠിപ്പിച്ചു. മിഷൻബോർഡുണ്ടാക്കി.” ദൈവം ചോദിച്ചു, “ഇതുകൊണ്ടു നിന്റെ ദൗത്യം പൂർത്തിയായോ? ഇനിയും പല കാര്യങ്ങൾ ചെയ്യാനുണ്ട്. അതിനുവേണ്ടി നിനക്ക് ഒരവസരം കൂടി തന്നു ഭൂമിയിലേക്കയച്ചാൽ എന്റെ ദൗത്യം പൂർത്തിയാക്കാമോ?” മറുപടി “തോമസച്ചനെയും ഫിലിപ്പച്ചനേയും പോലെയുള്ള ഏതാനും വിശ്വസ്തരായ സഹപ്രവർത്തകരെ തന്നാൽ ഞാൻ കഴിവതും പ്രവർത്തിച്ചുകൊള്ളാം.” “എന്നാൽ നീ ഉടനെ തിരിച്ചുപോയി എന്റെ വേല നിവർത്തിക്കുക.”

ഈ കഥ കേട്ടപ്പോൾ 2 രാജാക്കന്മാർ 20-ാം അദ്ധ്യായത്തിൽ പറയുന്ന നീതിമാനായ ഹിസ്കിയാ രാജാവിന്റെ രോഗവും യെശയ്യാ പ്രവാചകന്റെ സന്ദർശനവും ദൈവത്തോടുള്ള രാജാവിന്റെ അഭ്യർത്ഥനയും ദൈവത്തിന്റെ മറുപടിയും മരണശയ്യയിൽ കിടന്ന രാജാവിന് ആയുസ്സിന്റെ കൂടെ 15 വർഷം കൂട്ടിക്കൊടുത്തതുമായ വേദഭാഗവും എന്റെ മനസ്സിൽ ഓടിഎത്തി.

ശസ്ത്രക്രിയയ്ക്കുശേഷം തിരുമേനിക്കു ദൈവം കൃപയോടെ നീട്ടിക്കൊടുത്ത 25 വർഷത്തിനിടയിലാണു പൂനെ ബാലികാഗ്രാം, ഇറ്റാർസി ബാലഗ്രാം, കലഹണ്ടി മിഷൻ, നാംസ് സ്നേഹസദൻ, നെയ്യാറ്റിൻകര മിഷൻ, കുനിഗൽ ദയാ ഭവൻ, ഒറീസാ സൈക്ലോൺ റിലീഫ് പ്രൊജക്ട്, ഗുജറാത്ത് ഭൂകമ്പ പുനരധിവാസം, ഉത്തരകാശി ഭൂകമ്പ റിലീഫ് വർക്ക്, തമിഴ്നാട് സുനാമി ദുരിതാശ്വാസപ്രവർത്തനം എന്നിവയ്ക്കു നേതൃത്വം നൽകി വൻ സേവനം ചെയ്തത്.

ഊണിലും ഉറക്കത്തിലും പാവപ്പെട്ടവരെ ഉദ്ധരിക്കുക എന്ന മിഷനായിരുന്നു ‘ദൈവം തന്നെ നടത്തിയ’ ഹൃദയശസ്ത്രക്രിയയ്ക്കു വിധേയനായപ്പോഴും അദ്ദേഹത്തിന്റെ വിമല ഹൃദയത്തിൽ നിലകൊണ്ടിരുന്നത്.

**- കെ. ഐ. ഫിലിപ്പ് റമ്പാൻ**



# പറയാതെ പഠിപ്പിക്കുന്ന ശ്രേഷ്ഠാചാര്യൻ

കോട്ടയം വൈദികസെമിനാരിയിൽ മാത്യൂസ് എം. ഡാനിയേലും എം. ജി. പോളും വിദ്യാർത്ഥികളായിരിക്കുന്ന കാലം. എം. ജി. പോളിനു പുതുപ്പാടിയിൽ നിന്നു ഫാ. കെ. ഐ. ഫിലിപ്പ് ഇങ്ങനെ എഴുതി: "പ്രിയ ജോയിക്കുട്ടി, നാം ആശ്രമാംഗങ്ങളാണ്. ഏറ്റവും വിനയം ഉള്ളവരായിരിക്കണം. നമ്മുടെ വേഷധാരണവും സംസാരവും എളിമയുടെ സാക്ഷ്യമാകണം. നമ്മിൽ ചിലരുടെ വിലപിടിപ്പുള്ള വസ്ത്രധാരണ ഭ്രമവും മറ്റും കാണുമ്പോൾ വേദന ഉണ്ട്. പുതിയ, എളിമയുള്ള ഒരാശ്രമത്തെപ്പറ്റി ചിന്തിച്ചു പോകുന്നു."

എന്റെ ഈ കത്ത് എം. ജി. പോൾ, ഗുരുവായ ഫാ. എം. വി. ജോർജിനെ കാണിച്ചു. ഉടൻതന്നെ ഫാ. എം. വി. ജോർജ് എനിക്ക് എഴുതി, "പ്രിയ ഫിലിപ്പച്ചാ, ജോയിക്കുട്ടിക്ക് അയച്ച കത്തു കണ്ടു. വിലയേറിയ വസ്ത്രം ധരിക്കുന്നത് ഞാനാണ്. വല്ലവരും തരുന്നതാണെങ്കിലും കുറ്റബോധം ഉണ്ട്. അച്ചൻ ഒരിക്കലും മറ്റെങ്ങും പോകരുത്."

കത്തു കിട്ടിയ ദിവസം തന്നെ ആ നല്ല ഗുരു പുതുപ്പാടിയിൽ എത്തി. "അച്ചന്റെ കത്തു കണ്ടതുകൊണ്ട് ഞാൻ ഒരു ദിവസത്തെ അവധിയെടുത്തു വന്നതാണ്. വിനയവും വിശുദ്ധിയുമുള്ള ഒരു സമൂഹമായിരിക്കണം നമ്മുടേത്." ഇതേപ്പറ്റി ദീർഘനേരം ഒന്നിച്ചു സംസാരിക്കാനും പ്രാർത്ഥിക്കുവാനും സാധിച്ചു. ഒരു വ്യക്തിയും അകന്നുപോകാതിരിക്കാൻ ആ പിതാവു കാട്ടിയ സ്നേഹം എത്രയോ ശ്രേഷ്ഠം എന്നു ചിന്തിക്കുകയാണ്. ജീവിതാന്ത്യം വരെയും തിരുമേനി ആത്മീയ മധു നിറഞ്ഞ ആ സ്വഭാവം അന്യൂനം കാക്കുകയും ചെയ്തു.

# ആഗോള ദർശനമുള്ള സഭാനേതാവ്

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സഭയെ ദൈവം സൃഷ്ടിച്ച ലോകത്തിന്റെ വിശാലമായ പശ്ചാത്തലത്തിൽ കാണുന്ന വിശിഷ്ട വ്യക്തിയും ലോകത്തിന്റെ ഏതു പ്രശ്നവും സഭയുടെ ദൗത്യഭാഗമായി കണക്കാക്കി നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യവസ്ഥയ്ക്കുവേണ്ടി നിലകൊള്ളുന്ന ദാർശനികനുമാണെന്നു മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്തായായ പീലിപ്പോസ് മാർ ക്രിസോസ്റ്റം വിശേഷിപ്പിച്ചു. മാർ ഒസ്താത്തിയോസിന്റെ മെത്രാനഭിഷേക രജതജൂബിലിയും 81-ാം ജന്മദിന സ്മരണിക മുക്തിയും സംബന്ധിച്ചു തിരുവല്ല ബഥനി അരമന ഓഡിറ്റോറിയത്തിൽ 1999 ജൂലൈയിൽ ചേർന്ന സമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു മെത്രാപ്പോലീത്താ. യോഗത്തിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

ദൈവം സൃഷ്ടിച്ച വിശാലമായ ലോകത്തെ നാം സങ്കുചിത ചിന്തമൂലം ചുരുക്കിക്കൊണ്ടു വരികയാണെന്നു പറഞ്ഞുകൊണ്ടു മാർ ക്രിസോസ്റ്റം ഇങ്ങനെ തുടർന്നു. ഏത് ആഗോള സമ്മേളനത്തിൽ ചെന്നാലും ഒന്നാം നിരയിൽ ഇരിക്കാൻ യോഗ്യനാണ് മാർ ഒസ്താത്തിയോസ്. ഏതു വിഷയത്തെപ്പറ്റി സംസാരിക്കാനുള്ള കഴിവുമുണ്ട്. നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യവസ്ഥയാണ് ആവശ്യം. നീതി ഇല്ലെങ്കിൽ സ്നേഹവും ഇല്ല.

നീതി എന്നു പറഞ്ഞാൽ ഇന്നത്തെപ്പോലെയുള്ള പഞ്ചായത്തു നീതിയല്ല. ഒരുദാഹരണം പറയാം. റോഡിലൂടെ നടന്നുപോയ രണ്ടുപേരിൽ ഒരാൾ അപരന്റെ പോക്കറ്റിലുണ്ടായിരുന്ന നൂറു രൂപ ബലമായി തട്ടിയെടുത്തു. മറ്റാരും കണ്ടില്ല. ഇരുവരും തമ്മിൽ നടുറോഡിൽ തർക്കവും പിടിവലിയും തുടങ്ങി. മോഷ്ടിച്ചവന് ഒട്ടും കൂസലില്ല. ആളുകളും തടിച്ചുകൂടി. രൂപ തന്റേതാണെന്ന് യഥാർത്ഥ ഉടമസ്ഥൻ പറയുമ്പോൾ അതല്ല, പണം അവന്റേതാണെന്നു തട്ടിയെടുത്ത ആൾ പറയും. ഒടുവിൽ നാട്ടുകാർ പഞ്ചായത്തു പ്രസിഡന്റിന്റെ മദ്ധ്യസ്ഥത തേടി. പ്രസിഡന്റു വന്നു. ഇരുവരും തങ്ങളുടെ വാദമുഖങ്ങൾ നിരത്തി. സാക്ഷികൾ ഇല്ലല്ലോ. നീതിമാനായ പഞ്ചായത്തു പ്രസിഡന്റ് വിധി പ്രഖ്യാപിച്ചു. “രണ്ടുപേരും 50 രൂപ വീതം എടുത്തു പ്രശ്നം തീർക്കുക.” ഇതാണു പഞ്ചായത്തു നീതി എന്ന് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി. കാതലായതിനെ മുറുകെ പിടിക്കുകയും വിശ്വാസ സ്വാതന്ത്ര്യത്തെ നിലനിർത്താൻ

ശ്രമിക്കുകയും ചെയ്യുന്ന മേൽപട്ടക്കാരനാണ് ഒസ്താത്തിയോസ് മെത്രാപ്പോലീത്താ. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ ആഗ്രഹിക്കുമ്പോൾ ചിലർക്ക് അദ്ദേഹത്തോടു പിണക്കം ഉണ്ടാകാറുണ്ട്.

തിരുമേനി പ്രസംഗിക്കുന്ന യോഗത്തിൽ സ്ത്രീകൾ വളയും മാലയും ധരിച്ചു ചെന്നാൽ ഒടുവിൽ വളയും മറ്റും തിരുമേനിയുടെ കൈയിൽ ആകും. അതുകൊണ്ട് ഒരിക്കൽ ഒരു സ്ത്രീ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രസംഗം കേൾക്കാൻ പോകുന്നു എന്നറിഞ്ഞ ഭർത്താവു മാലയും വളയും ഒന്നും ധരിച്ചുകൊണ്ടു പോകരുതെന്നു താക്കീതു ചെയ്തിരുന്നു പോൽ. മനുഷ്യൻ അവന്റെ കഴിവും പണവും ആവശ്യമുള്ള സ്ഥലത്ത് കൊടുക്കണമെന്നാണു തിരുമേനി വിശ്വസിക്കുന്നത്. അതു പറയുക മാത്രമല്ല, മറ്റുള്ളവരെ പ്രേരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

വലിയ മനുഷ്യസ്നേഹിയായ മെത്രാപ്പോലീത്തായുടെ മാഹാത്മ്യം കാലശേഷമേ ആളുകൾ ശരിക്കു മനസ്സിലാക്കുകയുള്ളു. വലിയ ആളുകളുടെ മാഹാത്മ്യം അവരുടെ കാലശേഷമാണ് ആളുകൾ വായിച്ചു മനസ്സിലാക്കുന്നത്. ഈ സ്മരണിക മാഹാത്മ്യം വിളിച്ചറിയിക്കുന്ന ചരിത്രമായി മാറും. ചെറുപ്പം മുതലേ ആഴമായ ദൈവഭക്തിയിലും ആദ്ധ്യാത്മിക ജീവിതസരണിയിലും ആയിരുന്ന മാർ ഒസ്താത്തിയോസ് ലളിത ജീവിത പ്രേമിയാണ്. സമ്പന്നരായ വ്യക്തികൾ ആവശ്യങ്ങൾ കുറയ്ക്കുകയും ആവശ്യമുള്ളവരുടെ ആവശ്യം നിറവേറ്റുകയും വേണമെന്നു മെത്രാപ്പോലീത്താ ദൃഢമായി വിശ്വസിക്കുന്നു. തിരുമേനിക്കു അംഗീകാരം ഒന്നും ആവശ്യമില്ല; അത് ആഗ്രഹിക്കുന്നുമില്ല. സേവനപ്രവർത്തനമാണു തിരുമേനി ആഗ്രഹിക്കുന്ന അംഗീകാരം.

മഹത്തായ ദർശനത്തോടു കൂടി വില്യം കേറിയെപ്പോലെ മഹത്തായ കാര്യങ്ങൾ പ്രതീക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മാർ ഒസ്താത്തിയോസ് വലിയ ദാർശനികനാണെന്നു പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി പ്രസംഗത്തിൽ എടുത്തു പറഞ്ഞു. മിഷൻ പ്രവർത്തനമാണു മാർ ഒസ്താത്തിയോസിന്റെ യഥാർത്ഥ മുഖമുദ്രയെന്നും വചനുശ്രൂഷയെ സംബന്ധിച്ചിടത്തോളം പ്രസിദ്ധ മിഷനറിയായിരുന്ന സ്പർജനോടുപമിക്കാമെന്നും ബാവാ തിരുമേനി അനുസ്മരിച്ചു. പണസമ്പാദന വ്യഗ്രതയാണു ഇന്നു സഭാംഗങ്ങളെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ദുഷ്ട ശക്തിയെന്നും മദ്യപിക്കുന്ന സഭാംഗം കെട്ടക്രിസ്ത്യാനിയാണെന്നും ബാവാ ദുഃഖത്തോടെ പറഞ്ഞു.

**– മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ**

# സവിശേഷതകളുടെ നിറകുടമായ സുവിശേഷാലയം

മുണ്ടുവേൽ വി. ജോർജ്ജുകുട്ടിയെ ദൈവം വിളിച്ചു. വിശ്വാസം പ്രവൃത്തിയിലൂടെ തെളിയിക്കുവാൻ. യുവതലമുറയ്ക്ക് ഉന്നത ലക്ഷ്യബോധം നൽകുവാൻ. ഓർത്തഡോക്സി ഓർത്തോപ്രക്സിസ് ആക്കി മാറ്റുവാൻ. ആദിമ സഭാപിതാക്കന്മാരുടെ ജീവിത മാതൃക ഉൾക്കൊള്ളുവാൻ. പ്രവാചക സന്ദേശങ്ങൾ അർത്ഥവത്താക്കിത്തീർക്കുവാൻ.

### തിരിച്ചറിവ്

ആ യുവാവ് തിരിച്ചറിഞ്ഞു. കാരുണ്യമാണ് ശക്തി. പ്രാർത്ഥനയാണ് പ്രാണവായു. ജ്ഞാനം സ്നേഹമായിത്തീരണം. സേവനങ്ങളിലൂടെ. പങ്കിടൽ സ്വർഗ്ഗത്തിലേക്കുള്ള വാതായനമാണ്. സന്യാസ സമൂഹങ്ങൾ സഭയുടെ ഹൃദയമാണ്. സാമൂഹ്യധർമ്മം നിറവേറ്റാത്ത സഭയ്ക്ക് പ്രസക്തിയില്ല. സമൂഹത്തിന്റെ സമഗ്ര വികസനം നടക്കണം. വികസനത്തിന്റെ മുഖം മാനുഷികമായിരിക്കണം. സ്വാർത്ഥരഹിതരായ ത്യാഗിവര്യന്മാരെ കണ്ടെത്തണം.

### കഷ്ടപ്പാടുകൾ

യുവാവ് വളർന്നു. കഷ്ടപ്പാടുകൾ സഹിച്ചു. പരാജയങ്ങൾ വിജയമാക്കി. ചിലപ്പോഴൊക്കെ പട്ടിണി കിടന്നു. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അമ്മയായിരുന്നു വലിയ പ്രചോദനം. ജ്ഞാനസമ്പാദനത്തിന് വാതിലുകൾ തുറന്നു. വൈദികനായി. മെത്രാപ്പോലീത്താ ആയി. ദൈവശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ, മിഷനറി, പ്രവാചകൻ, ഉജ്ജ്വല പ്രഭാഷകൻ, സാമൂഹിക പരിഷ്കർത്താവ്, സഭാരത്നം എന്നൊക്കെ പിൽക്കാലത്ത് അറിയപ്പെട്ടു.

### പ്രഭവകേന്ദ്രം

അനേകം ജീവകാരുണ്യ പ്രസ്ഥാനങ്ങളുടെ പ്രഭവകേന്ദ്രമാണ് അദ്ദേഹം സ്ഥാപിച്ച മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം. സ്നേഹത്തിന്റെയും പങ്കിടലിന്റെയും സാമൂഹ്യനീതിയുടെയും പ്രവാചകനും അനാഥരുടെയും അശരണരുടെയും ആശാകേന്ദ്രവുമായിരുന്ന ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ (1918–2012) ഇന്നും അനേകായിരങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു.

### മിഷൻ അവബോധം

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മിഷൻ പരിശീലനകേന്ദ്ര മാണ് മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം. കേരളത്തിന് അകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിൽ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. സുവിശേഷ വേലയെക്കുറിച്ച് അഥവാ ക്രിസ്തീയ മിഷനെക്കുറിച്ച് ഒരു അവബോധം സമൂഹത്തിനു നൽകുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

### ദിവ്യമായ കൂട്ടായ്മ

സഭാംഗങ്ങൾ ഈ സ്ഥാപനത്തെ വളരെയധികം സ്നേഹിക്കുന്നുണ്ടെ ന്നതിന് തെളിവാണ് മിഷൻ സണ്ടേ കവർ പിരിവ് കാലാനുസൃതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നടക്കുന്ന അവധിക്കാല ബൈബിൾ ക്ലാസ്സുകൾ, ദൈവവിളി കോൺഫ്രൻസ്, വിവിധ സെമിനാറുകൾ, ആദ്ധ്യാ ത്മിക സംഘടനാ സമ്മേളനങ്ങൾ എന്നിവ അനേകർ പ്രയോജനപ്പെടു ത്തുന്നു. ദിവ്യമായ ഒരു കൂട്ടായ്മയുടെ അനുഭവമാണ് വിദ്യാർത്ഥികൾക്ക് കരഗതമാകുന്നത്.

### പ്രസിദ്ധീകരണരംഗത്ത്

ഇതര സഭാവിഭാഗങ്ങളുടെയും മതവിഭാഗങ്ങളുടെയും പ്രതിനിധികളെ കൂട്ടിയോജിപ്പിക്കുന്ന ഒരു കേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു. പ്രസിദ്ധീ കരണരംഗത്തും ഈ സ്ഥാപനം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ദൂതൻ മാസികയും ലഘുലേഖകളും ഗ്രന്ഥങ്ങളും ഇവിടെ നിന്ന് പ്രസി ദ്ധീകരിക്കുന്നു. സഭയിലെ സുവിശേഷ സംഘങ്ങൾ ശക്തിപ്പെടുന്നതിന് പ്രചോദനവും പ്രോത്സാഹനവും ലഭ്യമാക്കുന്നു. ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നടക്കുന്ന പാരിഷ് മിഷൻ പ്രവർ ത്തനങ്ങളും സ്നേഹസന്ദേശം സഞ്ചാരമിഷൻ പരിപാടികളും സഭയുടെ പ്രത്യേക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

### വേദപരിജ്ഞാനം

അവിവാഹിതരായി പൂർണ്ണ സമയം സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സന്യാസികളായ കുറെ പ്രവർത്തകരെ വാർത്തെടുക്കുന്നതിൽ സെന്റ് പോൾസ് സുവിശേഷാലയം വിജയിച്ചിരിക്കുന്നു. ദേശീയ-അന്തർദേശീയ രംഗങ്ങളിൽ മിഷൻ പ്രവർത്തനങ്ങളിൽ സഭയ്ക്ക് ഒരു ബന്ധം സ്ഥാപി ക്കുവാനും ഈ സ്ഥാപനം സഹായിച്ചിട്ടുണ്ട്. സെമിനാരി പ്രവേശനത്തിനു മുമ്പ് വേദപരിജ്ഞാനം ആർജ്ജിക്കുവാൻ അനേകം വൈദികർ ഈ സ്ഥാപനത്തെ ഉപയോഗിച്ചിട്ടുണ്ട്. ഇടവകതലത്തിൽ നേതൃത്വം കൊടു

ക്കുന്ന ഒരു നല്ല അത്മായനിരയെ വാർത്തെടുക്കുന്നതിലും പങ്കുവഹിച്ചു. 4000-ൽപരം പുസ്തകങ്ങളും 40-ൽപരം ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾപ്പെട്ട ഒരു നല്ല ലൈബ്രറി ഇവിടെയുണ്ട്.

### സുസജ്ജമായ പാഠ്യപദ്ധതി

അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ജോർജ്ജുകുട്ടി ആയിരിക്കുമ്പോൾ 1943-ൽ ചെറിയ തോതിൽ ആരംഭിച്ചതാണ് സുവിശേഷാലയം. അന്ന് അതിന്റെ പേര് "ഫാർ എവേ ക്രിസ്ത്യൻ ഫ്രണ്ട്സ് ഗോസ്പൽ ഹാൾ" എന്നായിരുന്നു. F.A.C.F Gospel Hall എന്ന ബോർഡ് എഴുതി കൈമൂട്ടിൽ നൈനാന്റെ കെട്ടിടത്തിന്റെ മുമ്പിൽ തൂക്കിയിട്ട് 1943-ൽ പ്രവർത്തനം തുടങ്ങി. 1947 വരെ എം. വി. ജോർജ്ജ് ജബൽപൂരിൽ ബി.ഡി. യ്ക്കു പഠിച്ച കാലത്ത് കൂലി കൊടുക്കുവാൻ മാർഗ്ഗമില്ലാതെ റവ. ഡോ. പി. കെ. ഗീവറുഗീസിന്റെ ഭവനത്തിൽ പ്രവർത്തനം തുടർന്നു വന്നു. 1948 മുതൽ 1951 വരെ ഡീക്കൻ എം. വി. ജോർജ്ജ് അമേരിക്കയിൽ പഠനത്തിലായിരുന്നു. 1953-ൽ സ്ഥലം വാങ്ങി സെന്റ് പോൾസ് വയോമിംഗ് ഗോസ്പൽ ഹാൾ എന്ന പേരിൽ കെട്ടിടം പണിത് പ്രവർത്തനം കൂടുതൽ വിപുലീകരിച്ചു. 1954-ൽ അവധിക്കാല ബൈബിൾ സ്കൂൾ തുടങ്ങി. അനേകം വ്യക്തികളെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ മുഖാന്തരമായി. സുസജ്ജമായ പാഠ്യപദ്ധതിയോടെ സഭയുടെ ത്രിവത്സര മിഷൻ പരിശീലന കോഴ്സ് ഇവിടെ ആരംഭിച്ചത് 1979-ൽ ആണ്.

### കേന്ദ്രഓഫീസുകൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ സൊസൈറ്റിയും മിഷൻ ബോർഡും സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററും ഔദ്യോഗികമായി 1979-ൽ ആരംഭിച്ചു. മിഷൻ ബോർഡ് പ്രസിഡണ്ടായി മാർ ഒസ്താത്തിയോസിനെ സുന്നഹദോസ് നിയമിച്ചു. നിരണം ഭദ്രാസനാധിപൻ കൂടിയായ അദ്ദേഹം കൂടുതൽ സമയവും സുവിശേഷാലയത്തിൽ തന്നെ താമസിച്ചു. സഭാ മിഷൻ സൊസൈറ്റി, മിഷൻ ബോർഡ്, ഭവന നിർമ്മാണ പദ്ധതി, സ്നേഹസന്ദേശം തുടങ്ങിയവയുടെ കേന്ദ്രഓഫീസുകൾ ഇവിടെ സ്ഥിതിചെയ്യുന്നു.

### പരിശീലന പദ്ധതി

എല്ലാ വർഷവും മദ്ധ്യവേനൽ അവധിക്കാലത്തു നടത്തുന്ന ബൈബിൾ ക്ലാസ്സിൽ നൂറിൽപരം വിദ്യാർത്ഥികൾ, സഭാചരിത്രം, വിശുദ്ധ കൂദാശകൾ, മനഃശാസ്ത്രം, മതങ്ങൾ, വിശ്വാസപാഠങ്ങൾ, പ്രഭാഷണകല തുടങ്ങിയ വിഷയങ്ങളിലെ പഠനം കൂടാതെ പ്രസംഗ പരിശീലനം,

ഭവനസന്ദർശനം, ഗ്രൂപ്പുചർച്ചകൾ, പരസ്യയോഗങ്ങൾ, ധ്യാനം, കുമ്പസാരം, സാമൂഹിക സേവനപ്രവർത്തനങ്ങൾ എന്നിവയും ഈ പരിശീലന പദ്ധതിയുടെ ഭാഗമായി നടക്കുന്നു. സംഗീത വിരുന്നോടു കൂടിയുള്ള സുവിശേഷയജ്ഞങ്ങളും, ജയിൽ സന്ദർശനം, കോളനി സന്ദർശനം ഇവയും നടക്കുന്നു. INAMS സമ്മേളനങ്ങളും ജൂണിയർ നാംസ് ക്യാമ്പുകളും പതിവായി നടക്കുന്നു. മിഷൻ സണ്ടേ ദിവസം സുവിശേഷ പ്രവർത്തകരെ വിവിധ പള്ളികളിൽ അയച്ച് വചനപ്രഘോഷണം നടത്തിവരുന്നു. ഗോസ്പൽ ബ്രോഡ്കാസ്റ്റിംഗ്, ഭക്തിഗാനങ്ങൾ കാസറ്റുകളിലാക്കി വിതരണം ചെയ്യുക എന്നീ പരിപാടികളും നടത്തുന്നു.

### അനുബന്ധ സ്ഥാപനങ്ങൾ

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ദർശനത്തിൽ നിന്നു രൂപംപ്രാപിച്ച പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും മാതൃസ്ഥാപനമായി പരിലസിക്കുന്നത് മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയമാണ്. സെന്റ് പോൾസ് ആശ്രമവും, ബാലഭവനവും പുതുപ്പാടി, സെന്റ് തോമസ് മിഷൻ സെന്ററും, ബാലഭവനവും ഹരിപ്പാട്, സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം യാച്ചാരം, സെന്റ് തോമസ് സെന്ററും ബാലഭവനവും നെയ്യാറ്റിൻകര, എം.ജി.ഡി.എം. ആശ്രമവും ബാലഭവനും കരുണഗിരി പനയമ്പാല, സെന്റ് ജോർജ് ബാലികാഗ്രാം ദേഹു റോഡ് പൂനാ, സെന്റ് തോമസ് കാരുണ്യാ വിശ്രാന്തി ഭവൻ തിരുവനന്തപുരം, മക്കോഡിയയിലെയും ഇറ്റാർസിയിലെയും മിഷൻ സെന്ററുകൾ, സെന്റ് തോമസ് കാരുണ്യാ ഗൈഡൻസ് സെന്റർ തിരുവനന്തപുരം, മാർ ബസേലിയോസ് ഗീവർഗീസ് ജൂബിലി സെന്റർ തിരുവല്ല, ദയാ ഭവൻ ബാംഗ്ലൂർ തുടങ്ങിയ സ്ഥാപനങ്ങളും INAMS അഥവാ ഇന്റർനാഷണൽ അസോസ്യേഷൻ ഫോർ മിഷൻ സ്റ്റഡീസ്, മാര്യേജ് അസിസ്റ്റന്റ്സ് ഫൗണ്ടേഷൻ, ശിശുക്ഷേമനിധി ബോർഡ്, സിക്ക് എയ്ഡ് ഫൗണ്ടേഷൻ, ഭവന നിർമ്മാണ സഹായനിധി, സെന്റ് പോൾസ് – സെന്റ് തോമസ് സുവിശേഷ സംഘങ്ങൾ, PEAK അഥവാ പ്രമോട്ടിംഗ് എഡ്യുക്കേഷൻ ഫോർ ഓൾ കിഡ്സ്, സ്നേഹസന്ദേശം, സഞ്ചാര സുവിശേഷ പദ്ധതി, സേവ് എ ഹാർട്ട് ഫൗണ്ടേഷൻ മുതലായ പ്രസ്ഥാനങ്ങളും ആരംഭിച്ച് ഈ സമൂഹത്തിന് ആദ്ധ്യാത്മിക ചൈതന്യം പകർന്ന തിരുമേനി തന്റെ പ്രഭാഷണങ്ങളിൽ കൂടിയും ഈടുറ്റ ഗ്രന്ഥങ്ങളിൽ കൂടിയും സഭയുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റി ഊഷ്മളമായി ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്നു.

### സേവന സരണി

1958-ൽ കോഴിക്കോട് പുതുപ്പാടി ഗ്രാമത്തിൽ മണമേൽ എം. സി.

പോത്തൻ സംഭാവന ചെയ്ത 25 ഏക്കർ സ്ഥലത്ത് മൂന്ന് അനാഥ കുട്ടികളെ ചേർത്ത് ആരംഭിച്ച ഒരു ബാലഭവനമാണ് സേവനരംഗത്തെ ആദ്യത്തെ കാൽവെയ്പ്. വന്ദ്യ ദിവ്യശ്രീമാന്മാരായ പി. എം. തോമസ് റമ്പാച്ചൻ, കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ എന്നീ സേവന സന്നദ്ധരായ സുവിശേഷ യോദ്ധാക്കളെ സഹപ്രവർത്തകരായി ലഭിച്ചു എന്നതാണ് ഈ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടായത്. അശരണരും സമൂഹത്തിന് തീരാശാപമായിത്തീരാൻ ഇടയുള്ളവരുമായിരുന്ന കുട്ടികളെ കണ്ടെത്തി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി രാജ്യത്തിന് മുതൽ കൂട്ടാക്കിത്തീർക്കുവാൻ ജാതിമത പരിഗണനകൾക്കതീതമായി ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നു. തിരുവനന്തപുരത്തും ആലപ്പുഴയിലും മെഡിക്കൽ കോളജിന് സമീപമായി പ്രവർത്തിക്കുന്ന ഗൈഡൻസ് സെന്ററുകളിൽ രോഗികൾക്ക് സൗജന്യഭക്ഷണവും താമസസ്ഥലവും നൽകിവരുന്നു. കാൻസർ ബാധിതരായ രോഗികൾക്ക് താമസസൗകര്യവും ഭക്ഷണവും നൽകുന്ന കാരുണ്യാ വിശ്രാന്തി ഭവൻ തലസ്ഥാന നഗരിയിൽ തലയെടുപ്പോടെ സേവന സന്നദ്ധമായി മുന്നേറുന്നു. ജാതിമതഭേദമെന്യേ ആയിരക്കണക്കിനു ബാലികാബാലന്മാർക്ക് അഭയം നൽകുന്നു. ശതക്കണക്കിനു നിർദ്ധന രോഗികൾക്ക് അഭയവും സഹായഹസ്തവും നൽകുന്നു. വിവാഹസഹായം നൽകി ശതക്കണക്കിനു യുവതികൾക്ക് പുതുജീവൻ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. തലചായ്ക്കാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന നൂറുകണക്കിനു വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായപദ്ധതിയുടെ കൈത്താങ്ങ് ലഭിച്ചിട്ടുണ്ട്.

### ദുരന്തമേഖലകളിൽ

പ്രകൃതിക്ഷോഭവും അപകടങ്ങളും മൂലം കഷ്ടപ്പെടുന്നവരെ അടിയന്തരമായി സഹായിക്കുന്നതിന് ശ്രദ്ധിക്കുന്ന സ്നേഹസന്ദേശം പദ്ധതി സാമൂഹിക സേവനത്തിലൂടെ സുവിശേഷീകരണം എന്ന ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നു. സുവിശേഷ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിശീലനത്തിലൂടെ വാർത്തെടുത്ത നൂറു കണക്കിനു പ്രവർത്തകരാണ് ഈ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നത്.

### പുനരധിവാസം

കർണ്ണാടകയിലെ നാംസ് സ്നേഹസദനം, മദ്രാസിലെ സെന്റ് തോമസ് കെയർഹോം എന്നീ സ്ഥാപനങ്ങൾ തെരുവിൽ അലയുന്ന പിഞ്ചുകുഞ്ഞുങ്ങളെ പുനരധിവസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. ഒറീസ്സാ, ബീഹാർ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ബാലവാടികൾ മികച്ച സേവനം കാഴ്ചവെച്ച് കുട്ടികളെ അക്ഷ

രത്തിന്റെ ലോകത്തിലേക്ക് ആനയിക്കുന്നു. ഒറീസ്സയിലെ പട്ടിണി മരണമുള്ള കലഹണ്ടി ഡിസ്ട്രിക്റ്റിൽ നടത്തുന്ന സുവിശേഷ സാമൂഹിക വൈദ്യസേവന പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പൂർണ്ണ പിന്തുണ ലഭിക്കുന്നു.

### സർക്കാർ അംഗീകാരം

ഉത്തരേന്ത്യയിൽ താമസിക്കുന്ന സേവനസന്നദ്ധരായ യുവാക്കൾക്ക് സാമൂഹിക സേവനരംഗത്ത് പ്രവർത്തിക്കുന്നതിന് പരിശീലനം നൽകുന്ന കേന്ദ്രവും ബാലഭവനും ഇറ്റാർസിയിൽ നല്ല സേവനം കാഴ്ച വെയ്ക്കുന്നു. എയ്ഡ്സ് രോഗികളുടെ മക്കളെയും എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരായ കുട്ടികളെയും പുനരധിവസിപ്പിക്കുന്ന ബാംഗ്ലൂർ കുനിഗൽ സെന്റ് ഗ്രീഗോറിയോസ് ദയാ ഭവന് കർണ്ണാടക സംസ്ഥാനത്തെ മികച്ച സാമൂഹിക ക്ഷേമപദ്ധതിയുടെ നടത്തിപ്പിനുള്ള എ ഗ്രേഡും കർണ്ണാടക സർക്കാരിന്റെ ഏറ്റവും മികച്ച സാമൂഹിക ക്ഷേമ പദ്ധതിയ്ക്കുള്ള അംഗീകാരവും അടുത്ത കാലത്ത് ലഭിക്കുകയുണ്ടായി.

### അതിരുകൾ വിശാലം

സഭാംഗങ്ങൾ ദശാംശം കൊടുക്കുന്ന രീതി വളർത്തിക്കൊണ്ടു വരുന്നതിൽ സെന്റ് പോൾസ് മിഷൻ സെന്റർ വഹിച്ച പങ്ക് വലുതാണ്. ഓർത്തഡോക്സ് സഭയെക്കുറിച്ച് ഉത്തരേന്ത്യയിൽ ക്രിസ്തേതരർക്കും മറ്റും സഭയുടെ കാര്യങ്ങൾ അറിവില്ലാത്ത ദുഃസ്ഥിതി മാറ്റുന്നതിന് സെന്റ് പോൾസ് പ്രസ്ഥാനങ്ങൾ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. ഹിന്ദിയിലും മറ്റും ക്രിസ്തീയ ലഘുലേഖകൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ സഹായവും ജൈവകൃഷി സമ്പ്രദായവും പ്രോത്സാഹിപ്പിക്കുന്നതിൽ നൽകിയ സ്വാധീനം ചെറുതല്ല. സഭയുടെ അതിരുകൾ വിശാലമാക്കുവാൻ പല പരിശ്രമങ്ങളും സെന്റ് പോൾസ് മിഷൻ സെന്റർ ചെയ്തിട്ടുണ്ട്.

### പ്രവർത്തകർക്ക് നിർദ്ദേശങ്ങൾ

സാമൂഹിക നീതിയ്ക്കായി പങ്കിടുന്ന മിഷൻ പ്രഘോഷിച്ച ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് സെന്റ് പോൾസ് മിഷൻ പ്രവർത്തകർ നടപ്പിൽ വരുത്തേണ്ട ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. സഭാജീവിതത്തിന് തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുക.

2. നാം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്നതുപോലെ സൃഷ്ടി മുഴുവനും ദൈവത്തിന്റേതാണ് എന്ന ഉത്തമബോധ്യം ഉണ്ടാകുക.

3. സഭാശുശ്രൂഷകർ ഏറ്റം ആവശ്യമായി ക്രിസ്തു ഇഹലോകജീവിതത്തിൽ കൂടി കാട്ടിത്തന്ന മഹത്തായ മാതൃക (ദാരിദ്ര്യം) ജീവിതപ്രമാണമായി സ്വീകരിക്കുക.

4. സ്ഥാപനങ്ങൾ വഴിയായുള്ള മിഷൻ പ്രവർത്തനങ്ങൾ ഏറ്റവും ദുർബല ജനവിഭാഗങ്ങൾക്കു ലഭിക്കത്തക്ക രീതിയിൽ നടത്തുക.

5. ഗ്രാമങ്ങളുടെയും ചേരിപ്രദേശങ്ങളുടെയും വിമോചനത്തിനായി സർവ്വവും ത്യജിച്ച് നാഥന്റെ പിന്നാലെ വരുന്ന ഒരു പറ്റം യുവാക്കൾ സഭയിൽ ഉണ്ടാകണം.

6. ദൈവസ്നേഹത്തിന്റെ സന്ദേശവുമായി കേരളത്തിൽ ഉള്ള സന്യാസപ്രസ്ഥാനങ്ങൾ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്കു കടന്നു ചെന്ന് ദുർബല ജനവിഭാഗങ്ങൾക്കു ചെറിയ തോതിലെങ്കിലും സഹായം എത്തിക്കുക.

7. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ശക്തമായ ദാഹം ജനങ്ങളുടെ ഹൃദയങ്ങളിൽ ജനിപ്പിക്കണം. ലഭ്യമായ എല്ലാ മാധ്യമങ്ങളും ഉപയോഗിച്ച് അനീതികൊണ്ടു ജീർണ്ണിച്ച സാമൂഹ്യഘടനകളുടെ പൊള്ളത്തരം സാധാരണജനങ്ങൾക്കു തുറന്നു കാട്ടണം.

8. സാമൂഹ്യനീതിക്കുവേണ്ടി പോരാടുന്ന മറ്റു പ്രത്യയശാസ്ത്രങ്ങളുമായി ഏതെല്ലാംവിധത്തിൽ സഹകരിക്കാമെന്നു പരിശോധിക്കയും വ്യാപകമായ തോതിൽ യോജിച്ചു സമരമുറകൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്യുക.

9. ഓരോ ക്രിസ്തീയ കുടുംബവും ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ മർമ്മം ഉൾക്കൊള്ളുക.

10. എല്ലാറ്റിലും കൂടി ദൈവനീതിയും സ്നേഹവും ലോകം മുഴുവൻ അനുഭവിച്ചറിയുവാൻ സംഗതിയാക്കുക.

11. സർവ്വോദയം തുടങ്ങിയ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുക.

12. പുതിയ സഹസ്രാബ്ദം നീതിയും സമാധാനവും സ്വാതന്ത്ര്യവും ഉള്ളതായിരിപ്പാൻ പ്രാർത്ഥനയോടെ ചെയ്യാവുന്നതെല്ലം വിശുദ്ധ ത്രിത്വ മഹത്വത്തിലും മാതൃകയിലും ചെയ്യുക.

**സഭ തന്നെ മിഷൻ**

സഭയ്ക്ക് മിഷൻ ഉണ്ടാകണം എന്നു മാത്രമല്ല സഭ തന്നെ മിഷൻ ആകണം എന്നാണ് സെന്റ് പോൾസ് പ്രസ്ഥാനത്തിന്റെ ദർശനം.

സമൂഹത്തെ സുബാധമുള്ളതാക്കി തീർക്കണം. ക്ഷേമ സാമ്പത്തിക ശാസ്ത്രം പിന്തുണയ്ക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം. വിഭാഗിക ചിന്താഗതികൾക്കതീതമായി പ്രവർത്തിക്കണം. സമൂഹത്തിലെ ഏറ്റവും പ്രയാസങ്ങളനുഭവിക്കുന്നവർക്ക് കൈത്താങ്ങൽ നൽകണം. അവഗണിക്കപ്പെട്ടവരുടെ ശബ്ദം കേൾക്കണം. - മാർ ഒസ്താത്തിയോസ് തന്റെ ശിഷ്യരെ നിരന്തരം പ്രബോധിപ്പിച്ചുകൊണ്ടിരുന്നു.

## പ്രിന്റിംഗ് പ്രസ്, ബുക്ക്ഡിപ്പോ

സെന്റ് പോൾസ് പ്രിന്റിംഗ് പ്രസും ബുക്കുഡിപ്പോയും ആരംഭിച്ചത് സാധാരണക്കാർക്ക് താങ്ങാവുന്ന നിരക്കിൽ പ്രിന്റിംഗ് ജോലികൾ നിറവേറ്റാനാണ്. കുറെപ്പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞു. വേദപുസ്തകം, പാട്ടുപുസ്തകം, സുവിശേഷഗാനങ്ങൾ, നമസ്കാരക്രമം, കുർബാനക്രമം, സണ്ടേസ്കൂൾ, ഒ.വി.ബി.എസ്., ദിവ്യബോധനം പുസ്തകങ്ങൾ, പള്ളി ഉപകരണങ്ങൾ ഇവ മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. ദൈവശാസ്ത്ര, സഭാശാസ്ത്ര ഗ്രന്ഥങ്ങളുടെ പ്രചരിപ്പിക്കലും ലക്ഷ്യമാക്കുന്നു.

## സഞ്ചാര മിഷൻ

സ്നേഹസന്ദേശം എന്ന പേരിൽ 1993-ൽ സഭാമിഷൻ ബോർഡിന്റെ കീഴിൽ ആരംഭിച്ച സഭയുടെ സഞ്ചാര സുവിശേഷ സംഗീത സാമൂഹിക ശുശ്രൂഷകൾ വിവിധ ഭദ്രാസനങ്ങളിലെ ദേവാലയങ്ങളിൽ നടത്തപ്പെടുന്നു. നേതൃത്വപരിശീലന ക്യാമ്പുകളും മിഷൻ സെമിനാറുകളും എക്യുമെനിക്കൻ മീറ്റിംഗുകളും ഡയലോഗുകളും നടത്തപ്പെടുന്നുണ്ട്. ആഡംബരങ്ങൾക്കെതിരെ, ഉപഭോഗശൈലികൾക്കെതിരെ, പരിസ്ഥിതി നശീകരണത്തിനെതിരെ അവധിക്കാല ബൈബിൾ ക്ലാസ്സുകളിലും ദൈവവിളി കോൺഫ്രൻസുകളിലും നാംസ്, ജൂണിയർ നാംസ് കൂടിവരവുകളിലും പ്രബോധനങ്ങൾ മുഴങ്ങിക്കേൾക്കാറുണ്ട്. പ്രസംഗപരിശീലനക്ലാസ്സുകളിൽ സംബന്ധിക്കുന്നവർക്ക് പരസ്യസുവിശേഷ യോഗങ്ങളിൽ പ്രസംഗിക്കുവാൻ അവസരമൊരുക്കാറുണ്ട്. സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ നടത്തുന്ന ത്രിവത്സര ഡിപ്ലോമാ കോഴ്സ് (Diploma in Mission Studies) പാസ്സായ നൂറോളം സുവിശേഷകർ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ മികച്ച സേവനങ്ങൾ തുടരുന്നു. ദേശീയോദ്ഗ്രഥനത്തെക്കുറിച്ചും മിഷൻ പ്രവർത്തനത്തിന്റെ പ്രായോഗികരീതിയെക്കുറിച്ചും മദ്യമയക്കുമരുന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും ഉൾക്കാഴ്ചകൾ നൽകാറുണ്ട്.

## വിദൂരത്ത് കൈത്താങ്ങൽ

അർമ്മീനിയായിൽ ഭൂകമ്പമുണ്ടായപ്പോഴും എത്യോപ്യയിൽ പ്രകൃതിക്ഷോഭങ്ങളുണ്ടായപ്പോഴും ആന്ധ്രായിൽ സൈക്ലോൺ ഉണ്ടായി വലിയ നാശനഷ്ടങ്ങൾ ഉണ്ടായപ്പോഴും ഉത്തരകാശിയിൽ ഭൂകമ്പമുണ്ടായപ്പോഴും മഹാരാഷ്ട്രയിലെ ലത്തൂരിൽ ഭൂകമ്പമുണ്ടായപ്പോഴും സഭാ മിഷൻ ബോർഡ് വിഭവശേഖരണം നടത്തി സാദ്ധ്യമായ രീതിയിൽ സഹായഹസ്തം നീട്ടി. കേരളം, തമിഴ്നാട്, ആന്ധ്രാ സംസ്ഥാനങ്ങൾ സുനാമിയിൽ വിറച്ചപ്പോഴും ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഉത്തരാഖണ്ഡിൽ പ്രളയമുണ്ടായപ്പോഴും സഹായഹസ്തം നീട്ടി. അങ്ങനെ പ്രകൃതിദുരന്തങ്ങൾ മൂലം വലയുന്നവർക്ക് ഗ്രാമങ്ങൾ പുനർ നിർമ്മിച്ച്, ഭവനങ്ങൾ പണിത്, ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും എത്തിച്ച് മിഷൻ ബോർഡ് പ്രതിനിധികൾ ദുരന്തഭൂമികയിൽ സേവന പ്രവർത്തനങ്ങൾ നിർവഹിച്ചു. പുനരധിവാസ യജ്ഞങ്ങളിൽ ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ് ചെയ്ത പ്രവർത്തനങ്ങളെ ഭരണാധികാരികൾ ശ്ലാഘിക്കുകയുണ്ടായി.

## അന്ത്യാഭിലാഷങ്ങൾ

മാർ ഒസ്താത്തിയോസിന്റെ അന്ത്യാഭിലാഷമായിരുന്ന ആൻഡമാൻസ് മിഷന്റെ ആദ്യഘട്ട കെട്ടിടത്തിന്റെ കൂദാശ 2014 ഒക്ടോബർ മാസത്തിൽ നടത്തപ്പെട്ടു. ധ്യാനമന്ദിരം, വൃദ്ധമന്ദിരം, ബാലഭവനം തുടങ്ങിയവയാണ് ഇതിനോടനുബന്ധിച്ച് നിർമ്മിക്കുന്ന സ്ഥാപനങ്ങൾ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മിഷൻ കേന്ദ്രങ്ങൾ സഭയുടേതായി ഉണ്ടാകണമെന്ന സ്വപ്നം സഫലീകരിക്കുവാൻ ആളും അർത്ഥവും മനസ്സും ഉണ്ടാകണം. മാർ ഒസ്താത്തിയോസിന്റെ മറ്റൊരാഗ്രഹമായിരുന്നു സെന്റ് പോൾസ് മിഷൻ സെന്റർ, സെറാമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് ഡിഗ്രികളും ഡിപ്ലോമായും നൽകുന്ന കേന്ദ്രമാകണമെന്നത്. ഭഗീരഥപ്രയത്നത്താൽ ബാച്ചിലർ ഓഫ് മിസ്സിയോളജി എന്ന ഡിഗ്രി കോഴ്സിന് സെറാമ്പൂരിൽ നിന്ന് അഫിലിയേഷൻ ലഭിച്ചു. ആദ്യഘട്ടത്തിൽ ആവശ്യമായ വിദ്യാർത്ഥികളെ ലഭിച്ചില്ലെങ്കിലും ഭാവിയിൽ മിഷൻ താല്പര്യമുള്ളവർ പഠനത്തിനായി കടന്നുവരുമെന്ന് പ്രത്യാശിക്കാം.

## ഭാവി പ്രവർത്തനശൈലി

സെന്റ് പോൾസ് മിഷൻ സെന്ററിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു വശത്ത് ഉൽക്കണ്ഠയും മറുവശത്ത് പ്രത്യാശയും ഉണ്ട്. ഒരു മിഷൻ അവബോധം സഭയിലും സമൂഹത്തിലും കൂടുതലായി സൃഷ്ടിക്കപ്പെടണം. സെന്റ് പോൾസ് ഒരു മിഷൻ അക്കാദമിയായി

വളരണം. മിഷൻ ദൈവശാസ്ത്രത്തിൽ ഗവേഷണം നടക്കണം. ഓർത്ത ഡോക്സ് മിഷൻ രീതിശാസ്ത്രം വികസിക്കണം. തദ്ദേശവൽക്കരണപാത യിൽ മുന്നേറണം. ക്രിസ്തുവിലുള്ള പൂർണ്ണതയിലേക്ക് സർവ്വപ്രപഞ്ച ത്തേയും രൂപാന്തരപ്പെടുത്തണം. ആരാധനയുടെ ശ്രേഷ്ഠസൗന്ദര്യം നില നിർത്തണം. വിവിധ സംസ്കാരങ്ങളെ അഭിമുഖീകരിക്കണം. ധാർമ്മിക ഉന്നമനത്തിനുവേണ്ടി പോരാടണം. നീതിയുക്തമായ സാമ്പത്തികക്രമ ത്തിനുവേണ്ടി അദ്ധ്വാനിക്കണം. മതങ്ങൾ തമ്മിലും തത്ത്വചിന്തകൾ തമ്മിലും അർത്ഥവത്തായ സംവാദം നടക്കണം. പരിസരങ്ങളെയും രൂപാ ന്തരപ്പെടുത്തുന്ന മിഷനാണ് പ്രസക്തം. ദേശീയ സംസ്കാരങ്ങളെ മിഷന്റെ ഉപകരണങ്ങളും വേദിയുമാക്കുന്നതിൽ വിജയിക്കണം. വ്യക്തി ബന്ധങ്ങൾ വിപുലപ്പെടുത്തുന്ന ശൈലി അവലംബിക്കണം. ശാസ്ത്ര സാങ്കേതികവിദ്യകൾ ജനനന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തലും അവ യുടെ ദുരുപയോഗം തടയലും മിഷൻ പ്രവർത്തനമാണ്.

## നേരിടേണ്ട വെല്ലുവിളികൾ

കാലികമായ വെല്ലുവിളികൾ നേരിടുവാൻ സഭയേയും സമൂഹ ത്തേയും സജ്ജരാക്കണം. സാമ്പത്തിക ചൂഷണത്തിനും ദാരിദ്ര്യത്തി നുമെതിരായി നിൽക്കുന്നതും സാമൂഹിക സാമ്പത്തിക നീതിക്കുവേണ്ടി പോരാടുന്നതും മിഷനാണ്. അഗതികൾ, രോഗികൾ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, വിധവമാർ, തൊഴിലില്ലാത്തവർ ഇവർക്ക് സഹായ ഹസ്തം നീട്ടുന്നതും മിഷനാണ്. ദൈവിക സ്നേഹവും പങ്കിടലും സഭാ ഐക്യത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും വർദ്ധിക്കണം. വെല്ലുവിളി കൾ ഇന്ന് അസംഖ്യമാണ്. വിശ്വാസ വ്യതിചലനങ്ങൾ, വേദവിപരീത ങ്ങൾ, സാത്താൻസേവ പോലുള്ള വൈകൃതങ്ങൾ, ധാർമ്മികാധഃപതനം, സാമ്പത്തികനേട്ടത്തിനുവേണ്ടിയുള്ള വളഞ്ഞമാർഗ്ഗങ്ങൾ, അഴിമതി, വേദ വചനങ്ങൾ വ്യക്തിപരമായി തെറ്റായി വ്യാഖ്യാനിച്ച് വ്യതിചലിക്കുന്നവർ, വൈകാരികാതിപ്രസരങ്ങളിൽ ആകൃഷ്ടരാകുന്നവർ, നിരീശ്വരത്വ പ്രച രണങ്ങൾ, തീവ്രവാദ ഗ്രൂപ്പുകൾ, ആഭ്യന്തര ഐക്യമില്ലായ്മയും വ്യവ ഹാരങ്ങളും, തലമുറകൾ തമ്മിലുള്ള വിടവ്, അവിശുദ്ധ കൂട്ടുകെട്ടുകൾ, ശാസ്ത്രസാങ്കേതിക വിദ്യകളുയർത്തുന്ന ധാർമ്മികപ്രശ്നങ്ങൾ, സാംസ്കാരിക ഐതര്യത്തിന്റെ പ്രശ്നങ്ങൾ, മിഷനറി താല്പര്യമി ല്ലായ്മ, വിഭവങ്ങൾ പങ്കിടാനുള്ള വൈമുഖ്യം, ആദ്ധ്യാത്മികസംഘടന കളുടെ മരവിപ്പ്, ഇതര മതസ്ഥരുടെ ആക്രമണങ്ങൾ, അച്ചടക്കമില്ലായ്മ, നാമധേയക്രിസ്ത്യാനിത്വം, പൊങ്ങച്ചപ്രകടനങ്ങൾ, ആഡംബരങ്ങൾ, പ്രസിദ്ധിക്കുള്ള അഭിവാഞ്ഛ, സഭയ്ക്കുള്ളിലെ അനീതികൾ, അലസത, ഇടയത്വ ശുശ്രൂഷയെ ഗൗരവമായി കാണാത്ത അവസ്ഥ, കർമ്മങ്ങളു ടെയും അനുഷ്ഠാനങ്ങളുടെയും യാന്ത്രികത്വം, വിമർശനങ്ങളോടുള്ള

അസഹിഷ്ണുത എന്നിങ്ങനെ നീണ്ടുപോകുന്നു വെല്ലുവിളികളുടെ എണ്ണം.

### തദ്ദേശവൽക്കരണപാതയിൽ

ദേശീയതയെ ഉൾക്കൊള്ളാത്ത മതങ്ങളാണ് വിദ്വേഷമുണ്ടാക്കുന്നത്. മതം ദേശീയ സംസ്കാരവുമായി അലിഞ്ഞുചേരണം. മതം സ്നേഹ മാർഗ്ഗമാകണം. നിരപ്പിന്റെയും രാജ്യസ്നേഹത്തിന്റെയും മാനുഷിക മുഖ മുള്ള വികസനത്തിന്റെയും മാർഗ്ഗമാകണം. കോൺക്രീറ്റ് സംസ്കാരവും ആർഭാടങ്ങളുടെ സംസ്കാരവും മിഷന്റെ മുഖം വികൃതമാക്കുന്നു. സമൂ ഹത്തിലെ ശക്തർ അശക്തരെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി പാടില്ല. സ്നേഹാധിഷ്ഠിതമായ സാമൂഹിക വിപ്ലവം ഉണ്ടാകണം. വർഗ്ഗരഹിത സമൂഹത്തിന്റെയും നിർമനുഷ്യത്വത്തിന്റെയും ആശയങ്ങളവതരിപ്പിച്ച് ഉത്തമ മനുഷ്യസേവനമാണ് മാർ ഒസ്താത്തിയോസ് നിർവഹിച്ചത്. ദൈവം സർവ്വത്തിന്റെയും സ്രഷ്ടാവ് എന്നു വിശ്വസിക്കുന്നവന് മതഭ്രാന്ത നാകാൻ ആവില്ല. പങ്കിടാതിരിക്കാനുമാവില്ല. ധാർമ്മിക മൂല്യങ്ങളാൽ സമൂഹം നയിക്കപ്പെടണം.

### ത്രിത്വാടിസ്ഥാനത്തിൽ ദൈവീകരണം

ഓർത്തഡോക്സ് ദൈവശാസ്ത്രവും ജീവിതശൈലിയും പ്രതിഫലി പ്പിക്കുന്ന ആദ്ധ്യാത്മികകേന്ദ്രവും പാഠശാലയും സുവിശേഷ പ്രവർത്തന കേന്ദ്രങ്ങളുടെ താക്കോലുമാകണം സെന്റ് പോൾസ് മിഷൻ സെന്റർ. കൂടുതൽ സുവിശേഷകരെ പ്രതിഷ്ഠിക്കുന്ന കേന്ദ്രമാകണം. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന പ്രക്രിയയാണ് മിഷൻ. വിശുദ്ധ ത്രിത്വത്തിന്റെ അടിസ്ഥാനത്തിലും മാതൃകയിലും ഉള്ള ദൈവീകരണം എന്നതാണ് മാർ ഒസ്താത്തിയോസിന്റെ ചിന്തയുടെ സത്ത്. സൈദ്ധാന്തികമായും പ്രായോ ഗികമായും സാമൂഹികനീതിക്കുവേണ്ടിയുള്ള ശക്തമായ പോരാട്ടത്തിന് സഭ പിന്തുണ കൊടുക്കണം.

**– ഡോ. കെ. എൽ. എം.**

# മിഷൻ അവബോധം സദാ അനുരണനം ചെയ്യുന്ന സൽഗ്രന്ഥ സമുച്ചയം

മലയാളത്തിലും ഇംഗ്ലീഷിലുമായി ചെറുതും വലുതുമായി 60 ഗ്രന്ഥ ങ്ങൾ മാർ ഒസ്താത്തിയോസ് രചിച്ചിട്ടുണ്ട്. അവയിൽ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട Theology of a classless society, Sharing God and a sharing World, Mafia Sofia Gloria, Sin of being rich in a poor world, Atraita Theology and one religion of Love എന്നീ ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. 2012 ഫെബ്രു വരി 16-ന് കാലം ചെയ്യുന്നതിന് രണ്ടാഴ്ച മുമ്പുവരെയും വായനയിലും പഠനത്തിലും എഴുത്തിലും മെത്രാപ്പോലീത്താ സജീവമായിരുന്നു. ലോകാ വസാനം വരെയും ജനഹൃദയങ്ങളിൽ പടർന്നു കത്തുന്ന വിപ്ലവാഗ്നി യാണ് അദ്ദേഹത്തിന്റെ ആദർശങ്ങൾ. സ്വാർത്ഥതയ്ക്കും നിർമനുഷ്യ ത്വത്തിനും നാമധേയ ക്രിസ്ത്യാനിത്വത്തിനുമെതിരെ തൊടുത്തുവിട്ട മിസൈലുകളായിരുന്നു ഓരോ വാക്കും. പ്രവാചകനും ദാർശനികനും വിപ്ലവകാരിയും കാലത്തിനു മുമ്പേ ഓടിയ ദൈവശാസ്ത്ര പണ്ഡിത നായ മനുഷ്യസ്നേഹിയുമായിരുന്നു മാർ ഒസ്താത്തിയോസ്. അക്ഷര ങ്ങളിലൂടെ മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെ അധിനിവേശം നട ത്തുന്ന, നീതിയുടെ കാഹളം മുഴക്കുന്ന അക്ഷരപ്രഭുവാണദ്ദേഹം.

ദൈവത്തെക്കുറിച്ചുള്ള ബൈബിളിലെ പ്രസ്താവനകൾ അദ്ദേഹം തന്റെ ചിന്താഗതിക്ക് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നു. ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവുമായ ദൈവത്തെ അദ്ദേഹം വരച്ചു കാട്ടി. വിശുദ്ധ ത്രിത്വത്തിലെ ആളത്വങ്ങളുടെ ഏകത്വം പോലെയുള്ള സാമൂഹിക ഏകത്വം മനുഷ്യർക്കും രാജ്യങ്ങൾക്കും തമ്മിലുണ്ടാകണ മെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. സ്നേഹം ദൈവത്തിന്റെ സാരാംശമായി അദ്ദേഹം വിലയിരുത്തുന്നു. ഊസിയ അഥവാ സത്ത തന്നെയാണ് സ്നേഹം. ദൈവം സ്നേഹമാകുന്നു എന്നാണ് ബൈബിൾ വാക്യം. ദൈവത്തിന് സ്നേഹമുണ്ട് എന്നല്ല ഇവിടെ പറയുന്നത്. 1 കൊരിന്ത്യർ 13:13 ആപ്തവാക്യമായി സ്വീകരിക്കുന്നു. "ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ." സ്നേഹത്തിന്റെ ഉറവിടമായ സ്വാർത്ഥത നീക്കുവാനും ദാരിദ്ര്യവും അജ്ഞതയും അകറ്റുവാനും കഴിയുമെന്ന് മാർ ഒസ്താത്തി യോസ് തന്റെ കൃതികളിലൂടെ പ്രഖ്യാപിക്കുന്നു.

"മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം" എന്ന

ഗ്രന്ഥത്തിൽ സർവ്വലോകത്തിനും സ്നേഹത്തിലൂടെ അനുരഞ്ജനം പ്രാപിപ്പാൻ കഴിയണം എന്ന് ഉദ്ബോധിപ്പിക്കുന്നു. സ്നേഹം ദൈവത്തിന്റെ നിത്യ ഉണ്മയാണ്. ക്രൂശിലെ പരമത്യാഗം മാനവരാശിക്കു മുഴുവനും വേണ്ടിയാണ്. ദൈവസാദൃശം എല്ലാവർക്കും ഉണ്ട്. കമ്മ്യൂണിസം ഭൗതികവാദത്തിലുള്ള വിശ്വാസമാകയാൽ അതും മതമാണ്. സ്നേഹത്താലുള്ള സാമൂഹ്യനീതി എന്നതാണ് ക്രൂശിന്റെ അർത്ഥം. സാമൂഹിക നീതിക്കുവേണ്ടി ഒരു ലോക ഫെഡറൽ ഗവണ്മെന്റ് വേണം. സ്നേഹം പങ്കിടാനുള്ള ഒരു ഐകമത്യ സംഘടന വേണം (United Religious Organization). ദൈവസ്നേഹത്തിന്റെ സ്വയം വെറുമയാക്കലാണ് ക്രൂശുമരണത്താലുള്ള സ്വയം ശൂന്യവൽക്കരണം. സ്വാർത്ഥതയ്ക്ക് അതീതമായി എല്ലാവരുടെയും മനുഷ്യാവകാശം ആഗ്രഹിക്കുന്ന ഉദാത്ത വിചാരം വേണം. അവനവന്റെ മതത്തോടുള്ള ദൃഢവിശ്വാസം എതിരാളികളുടെ മതവിശ്വാസത്തോടുള്ള ബഹുമാനം കുറയ്ക്കുവാൻ പാടില്ല. അമർത്യാസെന്നിന്റെ സ്നേഹാധിഷ്ഠിത സാമ്പത്തിക തത്ത്വശാസ്ത്രം ഇന്ന് പ്രസക്തമാണ്. സമ്പത്തിന്റെ രാഹിത്യമല്ല, ഹൃദയരാഹിത്യമാണ് ക്ഷാമത്തിന് കാരണമെന്ന് കൽക്കട്ടായിലെ അനുഭവത്തിലൂടെ അമർത്യാസെൻ ഉറപ്പാക്കി. ആവശ്യാനുസരണം വിഭവങ്ങൾ എല്ലാവർക്കും നൽകുന്ന തൊഴിലും ധന്യജീവിതവും ഉറപ്പുവരുത്തുന്ന ധാർമ്മിക ധനതത്ത്വശാസ്ത്രം ഇന്ന് സ്വീകരിക്കണം. മിക്സഡ് ഇക്കോണമി, ക്യാപിറ്റലിസം, കമ്മ്യൂണിസം, ആഗോളവൽക്കരണം ഇവയ്ക്കെല്ലാം ബദലാണിത്. ദൈവം നോക്കുന്നത് മാമോദീസാ ഏറ്റതാണോ എന്നതല്ല, ശിഷ്യത്വം ഉണ്ടോ എന്നതാണ്.

### രക്ഷ ക്രിസ്തുവിൽ മാത്രമോ?

ഈ ഗ്രന്ഥത്തിൽ യേശുക്രിസ്തു ദൈവമാണെന്നും ലോഗോസായ നിത്യവചനമാണെന്നും എവിടെ രക്ഷയുണ്ടോ അതെല്ലാം ലോഗോസിലൂടെയും ദൈവത്തിൽ നിന്നുമാകയാൽ ക്രിസ്തുവിൽ കൂടെ മാത്രം രക്ഷ എന്ന് ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിൽ കൂടിയും നിത്യവചനമായ ക്രിസ്തുവിൽ കൂടിയും ഉള്ള രക്ഷ ഒന്നു തന്നെ. മാമോദീസാ ഏല്ക്കാതെ മരിച്ചവർക്കും മരണാനന്തരം അനുതാപവും ശുദ്ധീകരണവും വളർച്ചയും സാദ്ധ്യമാണ്. നിത്യനരകവിശ്വാസം വേദപുസ്തകത്തിൽ ഇല്ലാത്തതും യുക്തിക്കു ചേരാത്തതുമാണ്. ദൈവം സ്നേഹമെന്ന് വിശ്വസിക്കുന്നവർ നിത്യനരകത്തിൽ വിശ്വസിക്കുകയില്ല. ത്രിയേക ദൈവം ഒരു നിത്യകുടുംബമാണ്. എല്ലാ മനുഷ്യരിലും പരിപൂർണ്ണതയിലേക്കുള്ള ദാഹം ഉണ്ട്. മാനവീകരണം ദൈവീകരണത്തിലേക്കുള്ള ഒരു പടിയാകയാൽ നിരീശ്വരന്മാർക്കും ഐക്യമത സംഘടനയിൽ ഒരു സ്ഥാനമുണ്ട്. എല്ലാറ്റിന്റെയും ഉറവയും

ലാക്കുമായ ത്രിയേക ദൈവത്തിലേക്ക് എല്ലാക്കാലത്തുമുള്ള എല്ലാവരേയും രഞ്ജിപ്പിക്കുക എന്നതാകണം നമ്മുടെ ആത്യന്തിക ലക്ഷ്യം. കെനോട്ടിക്, കോസ്മിക് ദൈവശാസ്ത്രങ്ങളുടെ ഒരു വിശകലനവും "രക്ഷ ഇന്ന്" എന്ന ബാങ്കോക്ക് സമ്മേളന പഠനത്തിന്റെ അവലോകനവും നടത്തിക്കൊണ്ട് മാർ ഒസ്താത്തിയോസ് നിരൂപിക്കുന്നു. "സൃഷ്ടിക്ക് ആരംഭവും (arche) അന്തിമലാക്കും (telos) നൽകിയത് വിശുദ്ധ ത്രിത്വമായ ദൈവമത്രേ. അതേ ദൈവം പരിപൂർണ്ണതയിലേക്ക് ഉയരുവാനുള്ള ശക്തിയും (dunamis) സൃഷ്ടിക്കു നൽകുന്നു. ദൈവസാദൃശ്യത്തിലുള്ള മനുഷ്യരാശിയുടെ വികസനത്തിനും സൃഷ്ടിയുടെ പൂർത്തിക്കും പരിപൂർണ്ണതയ്ക്കുമായി യത്നിക്കുന്ന എല്ലാ മതേതര പ്രസ്ഥാനങ്ങളോടും ഏകീഭവിച്ചു പ്രവർത്തിക്കേണ്ട ചുമതല സഭയ്ക്കുണ്ട്."

വിശുദ്ധ ത്രിത്വത്തെ മാതൃകയായി കണ്ടുകൊണ്ട് ലോകസാഹോദര്യത്തിന് ആഹ്വാനം ചെയ്യുന്ന ഗ്രന്ഥമാണ് "വർഗ്ഗരഹിത സമൂഹത്തിന്റെ ദൈവശാസ്ത്രം." ത്രിത്വത്തിലെ ആളത്വങ്ങളുടെ സമത്വം ഉണ്മയിൽ ഒന്ന്, വ്യക്തിത്വത്തിൽ മൂന്ന് എന്ന സഭാപിതാക്കന്മാരുടെ ദർശനം ഉൾക്കൊണ്ട് മാനവരാശിയുടെ ഐക്യം പിരമിഡിക്കൽ പൗരോഹിത്യശ്രേണി പോലെയോ ഏകാധിപത്യ ബൂർഷ്വാ ശൈലിപോലെയോ ആകരുതെന്ന് താക്കീതു നൽകുന്നു. സഹവർത്തിത്വം, ജനാധിപത്യം, ലാളിത്യത്തിന്റെയും പങ്കിടീലിന്റെയും ജീവിതശൈലി എന്നിവയാണ് സ്വീകരിക്കേണ്ടത്. ബൈബിൾ, കാലഘട്ടത്തിന്റെ പുതിയ വെളിച്ചത്തിൽ വായിക്കണം. സഭയുടെ അനുഭവങ്ങളിൽ നിന്നു പഠിക്കണം. യുക്തിസഹമായ എല്ലാ സിദ്ധാന്തങ്ങളിലും നിരീശ്വരവാദത്തിൽപോലും ക്രിസ്തു ഉണ്ട്. ദൃശ്യവും അദൃശ്യവുമായ സഭയെ ഉൾക്കൊള്ളുന്ന സഭാശാസ്ത്രമാണ് പിന്തുടരേണ്ടത്. ദൈവത്തെ പിതാവായി കണ്ട് ലോകസാഹോദര്യം അർത്ഥവത്താക്കണം. വ്യക്തിയും സമൂഹവും അവിഭാജ്യമായി കണ്ട് രാഷ്ട്രങ്ങളേയും ലോകത്തേയും ഒരു അണുകുടുംബമായി കരുതണം. നിത്യതയുടെ സൗഭാഗ്യവും ക്രിസ്തുവിൽ യാഥാർത്ഥ്യമാകേണ്ട ചരിത്രത്തിലെ സൗഭാഗ്യവും ഒരുപോലെ പ്രധാനപ്പെട്ടതായി കാണണം. പാപമാണ് വർഗ്ഗരൂപീകരണത്തിന് കാരണം. സാമൂഹ്യനീതി നടപ്പായില്ലെങ്കിൽ നശിക്കും. ഭയത്തിലും ഭീഷണിയിലുമല്ല സാഹോദര്യവും പങ്കിടലും നടപ്പാകേണ്ടത്. പൂർണ്ണ സമത്വം പ്രായോഗികമല്ല. ഒരു ശരീരത്തിൽ വിവിധ അവയവങ്ങൾക്ക് പ്രത്യേകം ദൗത്യം ഉള്ളതുപോലെ ക്രിസ്തുവിൽ ഐക്യപ്പെട്ട് തങ്ങളുടെ ധർമ്മം സ്നേഹത്തോടെ നിർവ്വഹിക്കണം. സഭാ കൗൺസിലുകൾ ജനാധിപത്യരീതിയിൽ സഭയെ നയിക്കണം. സഭയുടെ ഐക്യം നിലനിർത്തുന്നതിൽ Catholic substance, Protestant Principle ഇവയോടൊപ്പം Orthodox Ethos കൂടിച്ചേരണം.

കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയോടുള്ള വിയോജിപ്പ് ഈ ഗ്രന്ഥത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു. ഭൗതികവാദവും നിരീശ്വരത്വവും സ്വീകാര്യമല്ല. ദൈവത്തിന്റെ ഉടമസ്ഥത, ആത്മീയത, ദൈവപരിപാലനം ഇവ സ്വീകാര്യം. തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം സ്വീകരിക്കുന്നില്ല. പാർലമെന്ററി ജനാധിപത്യം, സോഷ്യലിസ്റ്റ് രീതിയിലെ പങ്കിടൽ ഇവയാണ് പ്രസക്തം. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും എന്ന ചിന്ത തെറ്റ്. മാർഗ്ഗവും ശുദ്ധമായിരിക്കണം. ലക്ഷ്യവും നിർമ്മലമാകണം. വർഗ്ഗസമരവും രക്തച്ചൊരിച്ചിലിനെ സാധൂകരിക്കുന്ന കമ്മ്യൂണിസ്റ്റ് രീതിയും സ്വീകാര്യമല്ല. നിയമവ്യവസ്ഥയും സ്നേഹാധിഷ്ഠിത പങ്കിടലും സാദ്ധ്യമാകണം. ആത്മീയ വിപ്ലവത്തിലൂടെ വർഗ്ഗരഹിത സമൂഹം സൃഷ്ടിക്കണം. ഒരു രാഷ്ട്രീയ പാർട്ടി മാത്രം അനുവദിക്കുന്ന വ്യവസ്ഥിതി അർത്ഥപൂർണ്ണമായ ജനാധിപത്യത്തിന് വഴിമാറണം. സ്വയപരിത്യാഗത്തിലും സ്നേഹത്തിലും ഊന്നണം. കയ്യൂക്കിന്റെ ശക്തിയും ആയുധത്തിലൂടെ അധികാരവും എന്ന പ്രമാണം തെറ്റ്. സാമൂഹികനീതി കൈവരിക്കേണ്ടത് സ്വയം വെറുമയാക്കലിലൂടെയും സ്നേഹത്തിലൂടെയുമാണ്. അതിൽ സന്തോഷമനുഭവിക്കണം.

ഭൂമിയുടെയും വിഭവങ്ങളുടെയും ദേശസാൽക്കരണത്തെ മാർ ഒസ്താത്തിയോസ് അനുകൂലിക്കുന്നു. ചികിത്സയും വിദ്യാഭ്യാസവും എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കണം. അവസരസമത്വം ഉണ്ടാകണം. ശമ്പളത്തിന്റെ വലിയ വ്യത്യാസം ഇല്ലാതാക്കണം. ആഡംബര വസ്തുക്കളുടെ ഉൽപാദനത്തിനല്ല പ്രാധാന്യം കൊടുക്കേണ്ടത്. വലിയ വീടുകൾ നിർമ്മിക്കുന്നത് തെറ്റ്. പദവിയല്ല, ആവശ്യകതയാണ് വിതരണസഹായത്തിന് പരിഗണിക്കേണ്ടത്. എല്ലാവർക്കും തൊഴിൽ ലക്ഷ്യമാക്കണം. നല്ലതുപോലെ അദ്ധ്വാനിക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുന്ന സംവിധാനവും വേണം. ഒരു സാംസ്കാരിക വിപ്ലവമാണ് വേണ്ടത്. ദേശനിർമ്മിതിയ്ക്ക് സാമൂഹിക അവബോധം ജനങ്ങളിൽ ഉണ്ടാക്കണം. ഏതാനും കുടുംബങ്ങളുടെ ഉയർച്ചയല്ല പൊതുവിന്റെ അഭിവൃദ്ധിയാകണം ലക്ഷ്യം. ധാർമ്മികമൂല്യങ്ങൾ സംരക്ഷിക്കണം. ശിക്ഷണക്രമം പാലിക്കുന്ന ജീവിതമാണ് സ്വീകാര്യം. ശാസ്ത്ര സാങ്കേതിക വിദ്യകൾ പരമാവധി മനുഷ്യനന്മയ്ക്ക് പ്രയോജനപ്പെടുത്തണം. അറിവിന്റേയും കഴിവിന്റേയും ദുരുപയോഗം തടയണം.

### മാഫിയ, സോഫിയ, ഗ്ലോറിയ

ഈ ഗ്രന്ഥത്തിൽ മിഷൻ മാതൃകകൾ ചർച്ച ചെയ്യുന്നു. ആദിമസഭ, കർത്താവ് ഉടനെ വരും എന്ന പ്രതീക്ഷയോടെ നിർവ്വഹിച്ച മിഷൻ മാതൃകയിൽ നിന്നും നല്ല വശങ്ങൾ സ്വീകരിക്കണം. ഗ്രീക്ക് സഭാപിതാക്കന്മാ

രുടെ കാലത്ത് ദൈവീകരണത്തിന്റെ മഹത്വമായി നിർവ്വഹിച്ച ദൗത്യത്തെയും നമുക്ക് മാതൃകയാക്കാനുണ്ട്. നവീകരണകാലത്തെ പ്രോട്ടസ്റ്റന്റ് മിഷനറി മാതൃകയാണ് പിന്നെ നാം കാണുന്നത്. വിജ്ഞാന വിപ്ലവത്തിനു (The Modern Enlightenment) ശേഷമുണ്ടായ ആധുനിക മിഷൻ മാതൃകകളും പഠനവിധേയമാക്കണം. ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന എക്യുമെനിക്കൽ മിഷൻ മാതൃകകളും നമ്മെ പ്രബുദ്ധരാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ, ലോകസഭാ കൗൺസിൽ, സെക്കുലർ സമീപനങ്ങൾ, മനുഷ്യകേന്ദ്രീകൃത മിഷൻ പ്രബോധനങ്ങൾ, ആഗോളവീക്ഷണത്തിന്റെ ധാരകൾ ഇവയാണ് തലമുറയുടെ സവിശേഷതകൾ. ഇവയോടൊപ്പം ഉണ്ടാകേണ്ടത് ത്രിയേക ദൈവത്തിന്റെ ഉണ്മയായ സ്നേഹത്തിൽ എല്ലാവരേയും ഐക്യപ്പെടുത്തുന്ന മിഷനാണ്. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ, ദൈവത്തിന്റെ സ്നേഹം, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ എന്ന ആശീർവാദവാക്യം ദൈവീകരണ പ്രക്രിയയ്ക്കുള്ള ഉപാധിയായി നാം സ്വീകരിക്കണം. ദൈവരാജ്യത്തിന്റെ മർമ്മങ്ങളിലേക്ക് നാം ഉപനയിക്കപ്പെടണം. കാലസമ്പൂർണ്ണതയിലെ ദൈവഹിതം തിരിച്ചറിഞ്ഞ് ദൈവയിഷ്ടത്തിനു വിധേയപ്പെടണം. ക്രിസ്തുവിന്റെ ഭാവമാണ് ഗ്ലോറിയ. അതിലേക്ക് നാം വളരണം.

### അത്രൈത ദൈവശാസ്ത്രവും സ്നേഹത്തിന്റെ ഏകമതവും

മാർ ഒസ്താത്തിയോസ് അവസാന നാളുകളിൽ രചിച്ച ഗ്രന്ഥങ്ങളിലൊന്നാണിത്. 2005 ജൂലൈ മാസത്തിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചികിത്സയിൽ കഴിഞ്ഞ നാളുകളിൽ മാർ ഒസ്താത്തിയോസിനുണ്ടായ ഒരു ദൈവിക വെളിപാടാണ് അത്രൈതം എന്ന സംസ്കൃത പദം. ഏകത്വത്തിനും ബഹുത്വത്തിനുമപ്പുറമുള്ള ഒരു പരമ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുവാൻ ശ്രീശങ്കരൻ അദ്വൈത സിദ്ധാന്തം ആവിഷ്ക്കരിച്ചുവെങ്കിൽ ഏകത്വത്തിനും ദ്വൈതത്തിനും ത്രൈതത്തിനും അപ്പുറമുള്ള ഒരു പരമയാഥാർത്ഥ്യത്തെ സൂചിപ്പിക്കുവാൻ അത്രൈതം എന്ന പദം മാർ ഒസ്താത്തിയോസ് ആവിഷ്ക്കരിച്ചു. സ്നേഹത്തിന്റെ സത്തയാണ് അത്രൈത ദൈവം. അത്രൈതം എന്നാൽ ദൈവം മൂന്ന് അഥവാ ത്രിത്വം എന്ന് പരിമിതപ്പെടുത്താനാവില്ല. പിന്നെയോ വിശുദ്ധ ത്രിത്വത്തിന്റെ മാനങ്ങളായ ഏകോപനത്തിലേക്കും പങ്കിടലിലേക്കും അത് വിരൽ ചൂണ്ടുന്നു. അതായത് ക്രിസ്തീയ സഭയുടെ ത്രിത്വവിശ്വാസത്തെ ആഴത്തിൽ വിശദീകരിക്കുന്നതാണ് അത്രൈത ദൈവശാസ്ത്രം. ദൈവവിജ്ഞാനീയത്തിന്റെ അജ്ഞേയതയിലേക്കും രഹസ്യാത്മകതയിലേക്കും വിശദീകരണങ്ങളുടെ ഭാഷാപരിമിതിയിലേക്കും പഠിതാക്കളെ ആനയിച്ചുകൊണ്ടുള്ള തത്ത്വചിന്താപരമായ വിശകലനമാണ് അത്രൈത ദൈവശാസ്ത്രം. ദൈവത്തിന്റെ ആളത്വവും സത്തയും പ്രവർത്തനങ്ങളിലൂടെ

യുള്ള വെളിപ്പെടുത്തലും ഒരുമിച്ച് വിശദീകരിക്കുവാൻ കഴിയുന്ന വാക്കാണ് പുരാതനവും മഹത്തരവുമായ സംസ്കൃതഭാഷയിലെ അത്രൈതം എന്ന പദമെന്ന് മാർ ഒസ്താത്തിയോസ് വിശദീകരിക്കുന്നു. അദ്വൈത ദർശനത്തെ അത്രൈത തത്ത്വ ചിന്തയിലൂടെ അദ്ദേഹം വികസിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു. "അദ്വൈതം തത്ത്വശാസ്ത്രമാണെങ്കിൽ അത്രൈതം ദൈവശാസ്ത്രമാണ്. ദ്വൈതം അന്യോന്യമുള്ള അഭിമുഖീകരണമാണെങ്കിൽ ത്രൈതം പങ്കിടലാണ്." ഇതാണ് മാർ ഒസ്താത്തിയോസിന്റെ ദർശനം. സംഖ്യയ്ക്കപ്പുറമായ നിത്യസ്നേഹമാണ് ദൈവം എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

അദ്വൈതം എന്നു പറയുന്നതിൽ അത്രൈതവും ഉൾപ്പെടുന്നു എന്ന വിമർശനത്തെ മാർ ഒസ്താത്തിയോസ് ഇങ്ങനെ നേരിടുന്നു. "ദൈവം നിത്യസ്നേഹമാണെങ്കിൽ ഏകൻ മാത്രം ആകാനാവില്ല. ഭാര്യയും ഭർത്താവും കുഞ്ഞും ചേരുമ്പോഴാണ് പങ്കിടുന്ന സ്നേഹത്തിന്റെ പൂർത്തീകരണമാകുന്നത്. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഏകോപനം പൂർണ്ണമാകുന്നില്ല. സ്നേഹത്തിന്റെ നിത്യമായ പങ്കിടൽ കൂടിചേരുന്നതാണ് പൂർണ്ണത. അതാണ് അത്രൈത ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. പങ്കിടാത്ത സ്നേഹം സ്നേഹമല്ല."

## സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം

തന്റെ 57-ാമത്തെ ഗ്രന്ഥമെന്ന് മാർ ഒസ്താത്തിയോസ് തന്നെ പ്രസ്താവിക്കുന്ന "സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം" ആരംഭിക്കുന്നത് തന്റെ ജീവിതത്തിൽ വന്ന രീതിശാസ്ത്രപരമായ വ്യതിയാനങ്ങളെ (Paradigm shifts) ക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ്. ബൈബിൾ മാത്രം എന്ന് ചിന്തിച്ചിരുന്ന ഒരു മൗലികവാദിയായിരുന്നു അദ്ദേഹം ആദ്യകാലത്ത്. ഭാരതീയ തത്ത്വചിന്തയും ക്രൈസ്തവ ദൈവശാസ്ത്രവും പഠിച്ച് ഒരു ദൈവശാസ്ത്രജ്ഞനായി മാറിയതാണ് അടുത്ത വ്യതിയാനം. സാമൂഹിക നീതിയെക്കുറിച്ച് ശക്തമായി പ്രസംഗിച്ച പ്രവാചകതുല്യ വീറിന്റെ ഉടമയായിട്ടാണ് അടുത്ത കാലഘട്ടത്തിലെത്തുന്നത്. അദ്ധ്യാപനത്തിലൂടെയും സംവാദത്തിലൂടെയും ഒരു ഗ്രന്ഥകർത്താവായിത്തീർന്ന ഘട്ടമാണ് അടുത്തത്. മതാതീതമായ സ്നേഹത്തിന്റെ ദൈവശാസ്ത്രം പ്രഘോഷിക്കുന്ന പാകത വന്ന ചിന്തകനായിത്തീർന്ന അവസാനഘട്ടത്തെക്കുറിച്ച് മാർ ഒസ്താത്തിയോസ് പറയുന്നു: "ദുഷ്ടന്മാരുടെ മേലും നീതിമാന്മാരുടെമേലും മഴ പെയ്യിക്കുന്ന എല്ലാവരുടെയും ദൈവം എന്ന ചിന്ത മതാതീതമായ സ്നേഹത്തിന്റെ ദർശനം എനിക്കു നൽകി."

ബിൽ ഗേറ്റ്സിനെപ്പോലെയുള്ള സമ്പന്നന്മാർ നരകത്തിൽ പോകും എന്ന് പണ്ടു പഠിപ്പിച്ചിരുന്ന താൻ ദരിദ്രലോകത്തിൽ ബിൽ ഗേറ്റ്സിനെ

പ്പോലെ സമ്പന്നന്മാർ ഒരു അനുഗ്രഹമാണ് എന്ന ചിന്തയിലേക്ക് ഇപ്പോൾ മാറിയതായി "സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം" എന്ന ഗ്രന്ഥത്തിലൂടെ പ്രഖ്യാപിക്കുന്നു.

ഗാന്ധിജിയെപ്പോലെ മാവോ സേതുങ്ങിനെയും ദൈവം തെരഞ്ഞെടുത്തതാണെന്ന നിർദ്ദേശത്തെ ബാങ്കോക്ക് CWME സമ്മേളനത്തിൽ താൻ അനുകൂലിച്ചു എന്ന് മാർ ഒസ്താത്തിയോസ് എഴുതുന്നു. ഗ്രാമീണ വികസനം സാദ്ധ്യമാക്കണം. രാസവളങ്ങളും കീടനാശിനികളും ഉപേക്ഷിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കണം. മതം മാറ്റുന്ന മിഷൻ മാറി മനം മാറ്റുന്ന പ്രവർത്തനങ്ങളാൽ സ്നേഹത്തിന്റെ ഏകലോകം നിർമ്മിക്കണം. മക്കൾക്ക് സമ്പത്ത് മുഴുവൻ നൽകുന്നതിൽ അർത്ഥമില്ല. അത് അവരുടെ ജീവിതം താറുമാറാക്കും. കോടീശ്വരന്മാർ പങ്കിടുന്നതിൽ സന്തോഷം കണ്ടെത്തണം. സ്വർണ്ണവില കൂടത്തക്കവണ്ണം ആഡംബരവും സ്വർണ്ണക്കൊതിയും കൂടുന്നത് ദൈവഹിതമല്ല. ക്രിസ്തീയ സോഷ്യലിസം സ്നേഹത്തിന്റെ പങ്കിടലാണ്. വിശ്വാസവും പ്രത്യാശയും വ്യക്തിപരമാണ്. സ്നേഹം സാമൂഹികമാണ്. യേശുക്രിസ്തു ലോകരക്ഷിതാവാണ്. ത്രിയേകദൈവം എല്ലാവർക്കും ദൈവമാണ്. യേശുക്രിസ്തു നിരീശ്വരന്മാരുടേയും ദൈവമാണ്. യേശു പാതാളത്തിൽ പോയി സുവിശേഷം അറിയിച്ചത് എല്ലാവരേയും രക്ഷിക്കുവാനാണ്. സഭയുടെ ഐക്യം മാത്രം പോരാ മാനവരാശിയുടെ ഐക്യം വേണം. അത്യാഗ്രഹം അടിസ്ഥാനമാക്കിയ സമൂഹം ആവശ്യകത അടിസ്ഥാനമാക്കിയ സമൂഹമാകണം. നിരീശ്വരന്മാരും വിശ്വാസികളും നല്ല സമൂഹസൃഷ്ടിക്ക് സഹകരിക്കണം. ഗവണ്മെന്റിന്റെ മുഖ്യ പരിഗണന ദരിദ്രരെ ഉയർത്തുക എന്നതാകണം. പ്രകൃതിയെ നിലനിർത്തുന്ന പാരിസ്ഥിതിക സന്തുലനം കാത്തുസൂക്ഷിക്കണം. ആണവ ഊർജ്ജം ആണവായുധങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. ആഗോളവൽക്കരണം ക്യാപ്പിറ്റലിസ്റ്റ് മുതലാളിത്തമാകാതെ സോഷ്യലിസ്റ്റിക് ആയ ആഗോളവൽക്കരണമാകണം. സോഷ്യൽ വികസനത്തിന് നാല് മുഖങ്ങൾ ഉണ്ടാകണം.

1. പണം ഉണ്ടാകുന്ന മാർഗ്ഗം ധാർമ്മികമായിരിക്കണം.

2. അവനവന്റെ ജീവിതനിലവാരം മറ്റുള്ളവരുടേതുപോലെ ആയിരിക്കണം. ധനവാന്മാരെ ധനവാന്മാർ ആക്കുന്നതായിരിക്കരുത്.

3. ജോലി ചെയ്ത് പണമുണ്ടാക്കുകയല്ലാതെ, മടിയന്മാരായിരുന്ന് ധനം ഉണ്ടാക്കരുത്.

4. വരുമാനത്തിന്റെ മിനിമവും മാക്സിമവും തീരുമാനിച്ച് സാമ്പത്തിക വിതരണം നടത്തണം. വേല ചെയ്യാത്തവൻ ഭക്ഷിക്കരുത് എന്ന വാക്യം

ഗൗരവമായി എടുക്കുകയാണെങ്കിൽ അമർത്യാ സെന്നിന്റെ വെൽഫെയർ ഇക്കണോമിക്സ് ലോകത്തിൽ നടപ്പാകും. പ്രോസ്പിരിറ്റി ഗോസ്പൽ കർത്തൃപ്രാർത്ഥനയ്ക്ക് എതിരാണ്. സർവ്വസംഗ്രാഹിയാണ് ദൈവം. നിത്യതയുടെ ഉണ്മയാണ് ദൈവം. എല്ലാ നന്മയുടെയും പൂർണ്ണതയാണ് ദൈവം.

പഴയനിയമത്തിലെ ദൈവത്തിന്റെ സവിശേഷതകളും പുതിയനിയമത്തിലെ സ്നേഹവാനായ ദൈവത്തിന്റെ പ്രത്യേകതകളും വെളിവാക്കുന്ന ഗ്രന്ഥമാണ് "നിത്യ സ്നേഹകൂടാരം." പ്രതികാരദാഹിയും ശത്രുസംഹാരകനും ഫറവോനെയും കൂട്ടരേയും ചെങ്കടലിൽ മുക്കിക്കൊല്ലുകയും ചെയ്തവനുമാണ് പഴയനിയമത്തിലെ ദൈവം. കനാൻനാട് പിടിച്ചടക്കുവാൻ അവിടുത്തെ ഏഴ് ജാതികളെ നശിപ്പിച്ചവനാണ്. ഹായ് പട്ടണം തീ വെച്ചു നശിപ്പിച്ചവനാണ്. എന്നാൽ പുതിയനിയമത്തിൽ തൊണ്ണൂറ്റി ഒമ്പതിനേയും വിട്ട് ഒന്നിനെ തേടിപ്പോകുന്ന നല്ല ഇടയനാണ് ദൈവം. പാപികളെ രക്ഷിപ്പാൻ വന്നവനാണ്. മുടിയൻപുത്രനെ സ്വീകരിക്കുന്നവനാണ്. യേശുക്രിസ്തു വെളിപ്പെടുത്തിയ സ്നേഹത്തിന്റെ പൂർണ്ണതയാണ് ത്രിയേകദൈവം. ആഗോള സാഹോദര്യം വരണമെങ്കിൽ എല്ലാവരുടെയും പിതാവ് ദൈവമെന്ന് സമ്മതിക്കണം.

## വിശ്വാസദീപ്തിയും ധർമ്മദീപ്തിയും

ഓർത്തഡോക്സ് വിശ്വാസ വിശകലനമാണ് ദിവ്യബോധനം ഗ്രന്ഥാവലിയിലെ "വിശ്വാസദീപ്തി" എന്ന ഗ്രന്ഥം. ക്രിസ്തുമതത്തിലെയും ഇതര മതങ്ങളിലെയും ധാർമ്മികതയെ കുറിച്ചുള്ള ഗ്രന്ഥമാണ് "ധർമ്മദീപ്തി." സമ്പൂർണ്ണ വികസനം ഭൗതികം മാത്രമല്ല ആത്മികവും കൂടിയാണ്. വ്യക്തിപരം മാത്രമല്ല സാമൂഹ്യവുമാണ്. ദേശീയം മാത്രമല്ല അന്തർദ്ദേശീയവുമാണ്. ചരിത്രപരം മാത്രമല്ല നിത്യപരവുമാണ്. മാനവീകരണമല്ല, ദൈവീകരണവുമാണ്. ഇക്കാര്യങ്ങൾ വിശദീകരിക്കുന്നു "ചിന്തകൾ, സ്വപ്നങ്ങൾ" എന്ന കൃതിയിൽ. ക്രിസ്തീയ മിഷന്റെ ഒരു സമകാലീന സമീപനമാണ് "ഭൂവിലശേഷം." മിഷൻ മതങ്ങളുടെ വികലത മാറ്റണം. ത്രിത്വാധിഷ്ഠിത മിഷൻ സന്മാർഗ്ഗ ജീവിതവും അതിലൂടെ സാമൂഹികനീതിയും ലക്ഷ്യമാക്കണം.

## ദരിദ്രലോകത്തിൽ സമ്പന്നനായിരിക്കുന്നത് പാപം

ഈ ഗ്രന്ഥത്തിൽ സമ്പത്ത് നീതിപൂർവ്വം പങ്കിടണം എന്ന ശക്തമായ സന്ദേശമാണുള്ളത്. സമ്പത്ത് പങ്കിടാതിരിക്കുന്നത് പാപമാണ്. ദൈവസ്നേഹമില്ലാത്തതുകൊണ്ടാണ് പങ്കിടാൻ വൈഷമ്യം. സമ്പത്ത് അധികമായി ഉണ്ടാകുന്നത് ദൈവകൽപനകളും പ്രമാണങ്ങളും അനുസരി

ക്കാത്തതുകൊണ്ടാണ്. സ്വാർത്ഥലാഭം ലക്ഷ്യമാക്കാതെ ദൈവം തന്ന വിഭവങ്ങൾ നീതിയ്ക്കായി പങ്കിടണം. ദരിദ്രലോകത്തിൽ സമ്പന്നരാകുവാൻ ആഗ്രഹിക്കുന്നതുതന്നെ പാപമാണ്. സുഖലോലുപജീവിതം ദൈവനിഷേധമാണ്. സ്വയപരിത്യാഗത്തിലൂടെയും ശൂന്യവൽക്കരണത്തിലൂടെയും ദരിദ്രരുമായി താദാത്മ്യപ്പെടണം. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമാകുന്ന വ്യവസ്ഥിതിക്ക് മാറ്റം വരണം. ശാസ്ത്രനേട്ടങ്ങൾ കുത്തകയാക്കുന്നത് സ്വാർത്ഥതയും പാപവുമാണ്.

ബൈബിൾ സന്ദേശങ്ങൾ അടിസ്ഥാനമാക്കി രചിച്ച ധ്യാനപ്രാർത്ഥനകളും ചിന്തകളുമാണ് ഇടവിടാതെ പ്രാർത്ഥിപ്പിൻ, 90 തിരുവചന പ്രാർത്ഥനകൾ, 91 തിരുവചന പ്രാർത്ഥനകൾ, 92 തിരുവചന പ്രാർത്ഥനകൾ ഇവയുടെ ഉള്ളടക്കം. എഫ്രയീം മറിച്ചിടാത്ത ദോശ, പ്രസംഗപീഠത്തിലെ സുവർണ്ണരേഖകൾ, വചനം തിരുവചനം, തൂക്കുകട്ട, സ്നേഹിക്ക വചനം പ്രസംഗിക്ക, അനുദിന മന്ന എന്നിവ പ്രസംഗക്കുറിപ്പുകളാണ്. ദൈവസ്നേഹം പ്രതികരണവും പ്രയോഗവും എന്ന ഗ്രന്ഥത്തിൽ സത്യത്രിയേക ദൈവത്തിന്റെ സാരാംശം ചർച്ച ചെയ്യുന്നു. വിശ്വാസപ്രമാണത്തിന്റെ വിശകലനമാണ് “ഞങ്ങൾ വിശ്വസിക്കുന്നു.” മൂന്നു വിശ്വാസസത്യങ്ങൾ, തുറന്ന കത്തിനു മറുപടി, ദൈവം ഉണ്ടെന്ന് തെളിയിക്കാമോ, ക്രിസ്തീയ കാര്യവിചാരകത്വം, നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, ദൈവവിളി, കാവൽക്കാരാ രാത്രി എന്തായി, നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശരത്വം, വിശ്വാസിയായിരിക്ക, സുവിശേഷവും സ്ഥിതി സമത്വവും, തെസ്സലോനിക്യ ലേഖനം ഒരു വ്യാഖ്യാനം, ഇതോ മനുഷ്യശേഷി വികസനം, മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, സഭാചിന്തകൾ, സ്നേഹ സ്മരണകൾ, സഭയും സാമൂഹ്യപ്രതിബദ്ധതയും, സുവർണ്ണ ജൂബിലി സ്മരണകൾ, ദൈവം സ്നേഹമാകുന്നു അഥവാ ത്രിയേക ദൈവം എല്ലാവർക്കും ദൈവം, കുരിശിലേക്കു തിരിയുക, സഭാജീവിതസാക്ഷ്യം ആധുനിക വെല്ലുവിളികൾ എന്നീ ഗ്രന്ഥങ്ങളിൽ തന്റെ മിഷൻ ദർശനങ്ങളും സഭാദർശനവും സാമൂഹ്യനീതിയും, ബൈബിൾ സന്ദേശങ്ങളും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

### നാല് ഭൂഖണ്ഡങ്ങളിലൂടെ 40 യാത്രകൾ

ഈ പുസ്തകത്തിൽ ആൻഡമാൻ, റഷ്യ, വിയന്നാ, കൊലാലമ്പൂർ, ബുക്കാറസ്റ്റ്, ആഫ്രിക്ക, അർമ്മീനിയ, നൈറോബി, സഗോർസ്ക്ക്, ലണ്ടൻ, സിംബാവേ, പാരീസ്, ജർമ്മനി, അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കണ്ടതും കേട്ടതും അനുഭവിച്ചതും സാമൂഹിക വിശകലനങ്ങളോടെ നാം വായിക്കുന്നു. ത്രിത്വദൈവത്തിന്റെ സ്നേഹമാണ് ഓരോ വരിയിലും തുടിച്ചുനിൽക്കുന്നത്. ക്രിസ്തുശാസ്ത്രത്തിന്റെ അടിസ്ഥാന

ചിന്തകൾ വിശദമാക്കുന്ന "My Lord and My God" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ദൈവശാസ്ത്രത്തിന്റെ തദ്ദേശവൽക്കരണത്തെ അനുകൂലിക്കുന്നതോടൊപ്പം അതിന്റെ പരിമിതികളും സംസ്കൃത പദാവലിയുടെ ശക്തിയും ബലഹീനതയും ചൂണ്ടിക്കാട്ടുന്നു. ക്രിസ്തീയ ദർശനങ്ങളുടെ സാർവ്വത്രികത അവഗണിക്കരുതെന്ന മുന്നറിയിപ്പും നൽകുന്നുണ്ട്.

ഈ ലേഖനത്തിന്റെ ആദ്യഖണ്ഡികയിൽ സൂചിപ്പിച്ച ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ കൂടാതെ മാർ ഒസ്താത്തിയോസ് രചിച്ച ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ ഇവയാണ്: Student's Companion, New life in an old church, Jesus Christ and the New Humanity, My Lord and my God, Talks to Modern Youth, Forty Questions Answered, Communim in the Body of Christ, Radiance of Faith, Daily Prayers, One Religion of Love, God of Agape Lead us to Social Justice and Peace.

ഇതല്ല, ഇതല്ല (neti, neti) എന്ന് ഉരുവിടുന്ന ഭാരതീയ ദർശനവും പൗരസ്ത്യ ക്രിസ്തീയ സഭയുടെ അപ്പോഫാറ്റിക് രീതിശാസ്ത്രവും ഉൾക്കൊണ്ടുതന്നെയാണ് മാർ ഒസ്താത്തിയോസ് തന്റെ ചിന്താധാരകൾ രൂപപ്പെടുത്തിയത്. ദൈവം എന്ന യാഥാർത്ഥ്യം രഹസ്യാത്മകമാണെന്ന് അദ്ദേഹം സമ്മതിക്കുന്നു. സ്നേഹിക്കാനുള്ള ശക്തി സൃഷ്ടികർമ്മത്തിലൂടെ നമ്മിൽ നട്ടിരിക്കുന്നു എന്നും സംഖ്യയ്ക്കപ്പുറമായ നിത്യസ്നേഹമാണ് ദൈവം എന്നും പ്രഖ്യാപിക്കുന്നു. എന്നാൽ അടിസ്ഥാനപ്രമാണങ്ങളിൽ വിട്ടുവീഴ്ച ഇല്ലാതെതന്നെ ദൈവശാസ്ത്രം കാലാനുസൃതവും ചലനാത്മകവുമാകണമെന്നു വിശ്വസിക്കുന്നു.

തിരുവചനങ്ങൾക്കും വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ ദർശനങ്ങൾക്കും വിരുദ്ധമല്ലാത്ത മാർ ഒസ്താത്തിയോസിന്റെ ദർശനങ്ങൾ നമുക്കും സ്വീകാര്യമാകേണ്ടതാണ്. നിർമ്മനുഷ്യത്വം, അദ്വൈതം തുടങ്ങിയ പദാവലികളിൽ അസഹിഷ്ണുത പ്രകടിപ്പിക്കേണ്ടതില്ലായെന്ന് മാർ ഒസ്താത്തിയോസിന്റെ ഹൃദയത്തിന്റെ ഭാഷ അറിയാവുന്നവർ സമ്മതിക്കും. സ്നേഹത്തിന്റെ ഉണ്മയായ ദൈവനാമത്തിലെ പങ്കിടലും മനുഷ്യസ്വാതന്ത്ര്യവും നീതിയും സമത്വവും അദ്ദേഹത്തിന്റെ ചിന്തകളുടെ അടിസ്ഥാനമാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാര സംഭവങ്ങളിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് ദൗത്യനിർവ്വഹണത്തിലൂടെയാണ് സഭ സഭയാകുന്നതെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നു.

സുവിശേഷപ്രചരണം, സ്നേഹം പ്രവൃത്തിപഥത്തിലാക്കുന്ന പ്രസ്ഥാനങ്ങൾ, സാമൂഹികനീതി, വർഗ്ഗരഹിത സമൂഹം, ത്രിത്വാധിഷ്ഠിത പങ്കിടൽ എന്നിവയിലൂടെ ക്രമാനുഗതമായ വികാസം പ്രാപിച്ച് മതാതീതമായ ആദ്ധ്യാത്മികതയിലേക്കും അദ്വൈത ദൈവശാസ്ത്രത്തിലേക്കും

സ്നേഹത്തിന്റെ ഏകമതത്തിലേക്കും ആ ചിന്താധാരകൾ എത്തിച്ചേരുന്നു. ജീവിതം തന്നെ ദർശനമാക്കി തീർത്തിരിക്കുന്നു ഈ പ്രവാചകൻ. തന്റെ ചിന്താധാരകളുടെ വേരുകൾ ക്രിസ്തുവും സഭയും ബൈബിളും പ്രവാചകന്മാരും സഭാപിതാക്കന്മാരും സ്വന്തം അനുഭവങ്ങളുമാണ്. വർഗ്ഗരഹിത മാനവികതയും സ്നേഹത്താലുള്ള ദൈവീകരണവും സ്വാർത്ഥരഹിത പങ്കിടലും ദരിദ്രന്മാർ ഇല്ലാത്ത ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയും ഹൃദയം പൂർണ്ണമായി ദൈവത്തിനു കൊടുത്തതിന്റെ ഭാരമില്ലായ്മയും നിത്യജീവന്റെ പ്രത്യാശയും കഷ്ടപ്പെടുന്നവരോട് പറ്റിച്ചേരുന്ന മനസ്സും ചേർന്ന ഏഴു നിറത്തിലുള്ള മഴവില്ലാണ് മാർ ഒസ്താത്തിയോസിന്റെ ചിന്താധാരകൾ. മാനവരാശിക്ക് പ്രത്യാശയുടെ കുളിർമ നൽകുന്ന പുണ്യമഴയും ഇടിമുഴക്കവുമാണ് മാർ ഒസ്താത്തിയോസിന്റെ അക്ഷരബോംബുകൾ. ആ ചിന്തകളുടെ മറുപുറമായ തന്റെ ജീവകാരുണ്യപ്രസ്ഥാനങ്ങൾ കൂരിരുട്ടിൽ വെളിച്ചം വിതറുന്ന മിന്നൽപ്രഭയുമാണ്.

**റവ. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ**



# പുതുപ്പാടി ബാലഭവൻ യൗവ്വനത്തിൽ

മലങ്കര സഭാമക്കളെ ദൈവാത്മ പ്രേരിതമായ വാക്ശരങ്ങൾ കൊണ്ട് പിടിച്ചുലച്ച് നന്മ പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിച്ച സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ ആദ്യ മിഷൻ സംരംഭമാണ് പുതുപ്പാടി ബാലഭവനവും ആശ്രമവും. സാഹചര്യങ്ങളെ തക്കത്തിൽ ഉപയോഗിച്ചതിന്റെ ഫലമാണ് ഈ സംരംഭം. മണമേൽ എസ്റ്റേറ്റിന്റെ ആന ക്കൊട്ടിലിൽ ഒരു ആനക്കുട്ടി ജനിച്ചതിന്റെ സന്തോഷത്തിൽ ഉടമ എം. പി. ചെറിയാൻ ഇരിക്കുമ്പോഴാണ്, പാവങ്ങളുടെ സ്നേഹിതനായ മെത്രാ ച്ചൻ അഗതികൾക്കായി ഒരു സ്ഥാപനം തുടങ്ങാൻ 50 ഏക്കർ സ്ഥലം ആവശ്യപ്പെടുന്നത്. തന്റെ വാക്ക് പിഴച്ചില്ല, ഉടനെ 25 ഏക്കർ സ്ഥലം നൽകി.

അനാഥാലയം തുടങ്ങാൻ എം. വി. ജോർജ്ജച്ചനെ പ്രേരിപ്പിച്ചത് ഉപേ ക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെ കാക്ക കൊത്തിപ്പറിച്ച സംഭവം കേട്ടതു കൊണ്ടാണ്. ഈ സ്ഥലത്ത് എം. വി. ജോർജ്ജച്ചന്റെ ശിഷ്യനായി മാവേ ലിക്കരയിൽ പ്രവർത്തിച്ചുവന്ന പി. എം. തോമസ് അച്ചനെ ചുമതല ഏൽപിച്ചു. അദ്ദേഹത്തിന്റെയും മറ്റും കഠിനാദ്ധ്വാനവും പരിചയസമ്പ ന്നതയും പുതുപ്പാടിയെ ലോകപ്രശസ്തമാക്കി.

1958-ൽ വസ്തു ലഭിച്ചതിനുശേഷം പെട്ടെന്ന് ഒരു സംവിധാനം ഉണ്ടാക്കി സൈമൺ, ജോർജ്ജ്, ജോർജ്ജുകുട്ടി എന്നിങ്ങനെ മൂന്ന് കുട്ടി കളെ താമസിപ്പിച്ചുകൊണ്ട് സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. മൺമറഞ്ഞു പോകുമായിരുന്ന അനേകം പൈതങ്ങളെ അദ്ദേഹം ശ്രേഷ്ഠ നിലയിലെത്തിച്ചു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വിദേശരാജ്യ ങ്ങളിലും ഇവിടെ നിന്ന് പഠിച്ചിറങ്ങിയ കുട്ടികൾ ജോലി ചെയ്ത് ജീവി ക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നു പഠനം പൂർത്തീകരിച്ച ഡോക്ടർ മാരുണ്ട്. രണ്ടു കുട്ടികൾ ഇപ്പോൾ എം.ബി.ബി.എസിന് പഠിക്കുന്നു.

ബാലഭവൻ ഇന്ന് യൗവ്വനത്തിൽ എത്തിയിരിക്കുന്നു. പി. എം. തോമസ് റമ്പാച്ചൻ സുപ്പീരിയറായും, കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ മാനേജരായും, അനേക വർഷം പ്രവർത്തിച്ചു. ഇപ്പോൾ ഫിലിപ്പ് റമ്പാച്ചൻ സുപ്പീരിയ റായും, 2015 മുതൽ ഞാൻ മാനേജരായും പ്രവർത്തിക്കുന്നതോടൊപ്പം സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ വികാ രിയായി ഞാൻ സേവനം ചെയ്യുന്നു. ഞാൻ 1968 മുതൽ മലബാർ ഭദ്രാ സനത്തിലെ വിവിധ ദേവാലയങ്ങളിൽ വൈദിക ശുശ്രൂഷകൾ നൽകി

യതിനുശേഷം 1999-ൽ ആണ് സ്ഥാപനത്തിന്റെ അംഗമായത്. പൂനയിലെ ദേഹു റോഡിലെ ബാലികാ ഭവനം, ആന്ധ്രയിലെ യാച്ചാരം ബാലഗ്രാം, പുതുപ്പാടിയിലെ വൃദ്ധസദനം എന്നിവിടങ്ങളിലെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. യൂഹാനോൻ മാർ തേവോദോറോസ് (കൊട്ടാരക്കര, പുനലൂർ ഭദ്രാസനം) വിസിറ്റർ ബിഷപ്പായി നേതൃത്വം നൽകുന്നു. ഈ സ്ഥാപനത്തിൽ ഇപ്പോൾ 4 റമ്പാന്മാരും, 11 വൈദികരും, 2 ശെമ്മാശന്മാരും ഉൾപ്പെടെ 18 പേർ ഉണ്ട്. അവർ ഇവിടെയും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മിഷൻ ബോർഡിന്റെ സ്ഥാപനങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ പുതുപ്പാടി ബാലഭവനത്തിൽ 30 കുട്ടികളും സായാഹ്നസദനത്തിൽ 15 അംഗങ്ങളും ഉണ്ട്. സ്ഥാപനത്തിന്റെ സ്നേഹിതരായ സഭാമക്കൾ ക്രമമായി നൽകുന്ന സംഭാവനയാണ് പ്രധാന വരുമാനമാർഗ്ഗം.

**– ജോർജ്ജ് മോഡിയിൽ റമ്പാൻ കോർഎപ്പിസ്കോപ്പാ**
(മാനേജർ)





**പി. എം. തോമസ് റമ്പാൻ (പുതുപ്പാടി ബാലഭവനെ നട്ടു നനച്ചു വളർത്തിയ പ്രമുഖ വൈദികൻ)**

# പൊന്നിനേക്കാൾ മിന്നുന്ന തങ്കസ്മരണകൾ

(പുതുപ്പാടി സെന്റ് പോൾസ് ബാലഭവനം വക മണ്ണിനെ പൊന്നാക്കി മാറ്റിയ പ്രാരംഭ പ്രവർത്തകരിൽ ഒരാളായ എം. ജോർജ് പൊന്നോല (അനിയൻ) 1958 മുതൽ നാലു വർഷം പി. എം. തോമസ് അച്ചനോടൊന്നിച്ചു അവിടെ പ്രവർത്തിച്ചു. പിന്നീട് നാട്ടിൽ എത്തിയശേഷം പ്രശസ്തമായ പത്തിച്ചിറ പള്ളിയുടെ ട്രസ്റ്റി, സെക്രട്ടറി മുതലായ നിലകളിലും മറ്റും സേവനം ചെയ്തുവരുന്ന ഒരു വലിയ സഭാസ്നേഹിയാണ് അനിയൻ. പത്തരമാറ്റുള്ള പൊന്നിനേക്കാൾ വിലപിടിപ്പുള്ളതാണ് പുതുപ്പാടിയെപ്പറ്റിയുള്ള അനിയൻ പൊന്നോലയുടെ മങ്ങാത്ത സ്മരണകൾ. 2015 ഡിസംബറിൽ അനിയൻ പൊന്നോല അന്തരിച്ചു.)

മലബാർ പ്രദേശത്തെ മനോഹരമായ കുന്നുകൾ തൊഴുതു നില്ക്കുന്ന – മലനാടിന്റെ മകുടമായി ശോഭിക്കുന്ന – പുതുപ്പാടിയുടെ അനുപമ ഉയർച്ചയ്ക്കു വേണ്ടി അഹോരാത്രം കഷ്ടപ്പെട്ട പി. എം. തോമസ് റമ്പാച്ചൻ നമ്മുടെ നിത്യസ്മരണയിൽ എന്നും ഉണ്ടായിരിക്കും സംശയമില്ല.

കോട്ടയം അമയന്നൂർ ആലയ്ക്കാപറമ്പിൽ  പി. എം. തോമസ് എന്ന ചെറുപ്പക്കാരൻ 1952-ൽ വൈദികസെമിനാരിയിൽ പഠിക്കുന്നു. എം. വി. ജോർജ്ജച്ചൻ സെമിനാരി പ്രൊഫസർ. അന്നു വൈദിക സെമിനാരിയിലെ അദ്ധ്യാപകനായ ടി. ജെ. ജോഷാച്ചനും എം. വി. ജോർജ്ജച്ചനും പങ്കെടുക്കാത്ത കൺവൻഷനുകൾ മലങ്കര ഓർത്തഡോക്സ് സഭയിൽ ഇല്ലായിരുന്നു. അന്നും, ഇന്നും, ഓർത്തഡോക്സ് സഭയിലെ ആയിരങ്ങൾ മാക്കാംകുന്ന്, കല്ലൂപ്പാറ, പുതുപ്പള്ളി നിലയ്ക്കൽ കൺവൻഷനുകളിൽ പങ്കെടുത്തു വരുന്നു. പന്തലുകളെപ്പോലും സുവിശേഷ പ്രസംഗകർ ഇളക്കി മറിച്ചു.

ഇങ്ങനെയുള്ള രണ്ടു വൈദികരുടെ ശിഷ്യനായി പഠിച്ച് സെമിനാരി പഠനം പൂർത്തീകരിച്ച പി. എം. തോമസ് ശെമ്മാശൻ ഒരു സന്യാസി ആകണമെന്ന് ദൃഢപ്രതിജ്ഞയെടുത്തു. ഈ ആഗ്രഹം എം. വി. ജോർജ്ജച്ചനെ അറിയിച്ചു. അങ്ങനെ പി. എം. തോമസ് ശെമ്മാശ്ശനെ എം. വി. ജോർജ്ജച്ചനാണ് അദ്ദേഹത്തിന്റെ എല്ലാമെല്ലാമായ മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയത്തിലേക്കു കൊണ്ടുവന്ന് അതിന്റെ പ്രവർത്തനച്ചുമതല ഏല്പിച്ചത്. അങ്ങനെ അവിടെ താമസിച്ചു സുവിശേഷാലയത്തിന്റെ ഉന്നതിക്കുവേണ്ടി പ്രയത്നിച്ചു. ആ കാലയളവിൽ താന്നിമൂട്ടിൽ എൻ. ഗീവർഗീസ് സാറും, തോമസ് ശെമ്മാശനും കൂടി സുവിശേഷ

സംഘത്തിന് തുടക്കം ഇട്ടു. അടുത്തുള്ള പല സ്ഥലത്തും സുവിശേഷ സംഘത്തിന്റെ ശാഖകൾ അവർ സംഘടിപ്പിച്ചു. എന്റെ ഓർമ്മയിൽ, പള്ളിപ്പാട്, കുണ്ടറ എന്നീ സ്ഥലങ്ങളിൽ ഇപ്പോഴും സുവിശേഷ സംഘം പ്രവർത്തിക്കുന്നുണ്ട്. തോമസ് ശെമ്മാശ്ശൻ വൈദികനായി. അങ്ങനെ തോമസ് അച്ചന്റെ കൂടെ പ്രവർത്തിക്കുവാൻ ഒരു ചെറുപ്പക്കാരനെക്കൂടി എം. വി. ജോർജ്ജച്ചൻ തരപ്പെടുത്തി. ആ ചെറുപ്പക്കാരനാണ് ജോർജ്ജച്ചന്റെ രണ്ടാമത്തെ ആത്മിക പുത്രനായ ഇന്നത്തെ വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ. കാലം ചെയ്ത മലങ്കര സഭാരത്നം ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് രണ്ട് ആത്മീയ മക്കളെ ലഭിച്ചു. മൂന്നാമത്തെ ആത്മീയ മകനായിരുന്നു അപകടത്തിൽ മൺമറഞ്ഞ എം. ജി. പോൾ അച്ചൻ.

അങ്ങനെ പി. എം. തോമസച്ചനും, കെ. ഐ. ഫിലിപ്പ് അച്ചനും കൂടി മാവേലിക്കരയിൽ സുവിശേഷാലയത്തിന്റെ ആഭിമുഖ്യത്തിൽ യുവജന പ്രസ്ഥാനം, സണ്ടേസ്കൂൾ, സ്ത്രീസമാജം, കൺവൻഷൻ മുതലായവ ആരംഭിച്ചു. ഇന്നും അവ വളരെ ഭംഗിയായി നടന്നുവരുന്നു.

തോമസച്ചൻ വൈദികനായി തീർന്നപ്പോൾ ആദ്യമായി ചെങ്ങന്നൂരിനടുത്ത് കൊഴുവല്ലൂർ എന്ന മലയുടെ മുകളിലുള്ള ഒരു ചാപ്പലിൽ കുർബ്ബാന അർപ്പിക്കാൻ വേണ്ടി പോയത് ഞാൻ ഓർത്തുപോകുന്നു. ആരാധനയ്ക്കുള്ള സകല സാധനങ്ങളും വെച്ചിട്ടുള്ള ഒരു പെട്ടിയുമായി മല കയറിപ്പോയ കാര്യങ്ങൾ ഓർത്താൽ പേടി വരും. അങ്ങനെ ആരംഭത്തിൽ തന്നെ മലകയറിയ ആ സന്യാസിക്ക് മലബാറിലെ മല കയറുന്നത് അത്ര പ്രയാസം ഉള്ള കാര്യം അല്ലായിരുന്നു.

എന്നാൽ പുതുപ്പാടി ബാലഭവനത്തിന്റെ പ്രവർത്തനത്തിനു വേണ്ടി ഞങ്ങൾ ചെല്ലുമ്പോൾ ആത്മീയമായ പ്രസ്ഥാനങ്ങൾ ഒന്നും തന്നെ അവിടെ ശരിയായി നടക്കുന്നില്ലായിരുന്നു. ആദ്യമായി ഞങ്ങൾ മണമേൽ പ്ലാന്റേഷൻ വക എൽ.പി. സ്കൂളിൽ വച്ചു സണ്ടേസ്കൂൾ ആരംഭിച്ചു. പുതുപ്പാടി സെന്റ് ജോർജ് പള്ളിയിൽ വി. ആരാധനയ്ക്കുശേഷം സണ്ടേസ്കൂൾ പഠനത്തിനു സമയം കണ്ടെത്തി. എൽ.പി. സ്കൂളിൽ അദ്ധ്യാപകരായിരുന്ന അമ്മിണി ടീച്ചർ, വർഗീസ് മാസ്റ്റർ, മുക്കാടു കാവുങ്കൽ കുഞ്ഞച്ചൻ, പ്ലാന്റേഷൻ ജോലിക്കാരനായ സർവ്വയർ ബാബു മുതലായവരെ അദ്ധ്യാപകരാക്കിക്കൊണ്ട് സണ്ടേസ്കൂൾ ആരംഭിക്കുകയും, രാത്രികളെ കലാപരിപാടികൾക്കായി തിരഞ്ഞെടുക്കുകയും മറ്റും ചെയ്തു. പള്ളിയിലെ ആരാധന കഴിഞ്ഞ് സണ്ടേസ്കൂൾ പഠിത്തത്തിനു വരുന്ന കുട്ടികൾക്ക് പി. എം. തോമസച്ചൻ എല്ലാ ഞായറാഴ്ചയും സ്വന്തം കീശയിൽ നിന്ന് പണം ചിലവാക്കി ലഘുഭക്ഷണം കൊടുക്കുമായിരുന്നു.

കഷ്ടപ്പെടുന്നവർക്ക് ആശ്വാസത്തിന്റെ വാക്കുകൾ മാത്രം കൊടുക്കാതെ സാമ്പത്തികമായി അവരെ അച്ചൻ സഹായിച്ചുവന്നു. ചിലപ്പോഴൊക്കെ എന്നോടും അനിഷ്ടം പ്രകടിപ്പിക്കുമായിരുന്നു. എന്നാലും സ്വന്തം സഹോദരനെപ്പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്തുവന്നു.

പുതുപ്പാടി ബാലഭവനത്തിന്റെ ഇന്നത്തെ ഉയർച്ചക്കു കാരണഭൂതൻ ഈ വന്ദ്യ പുരോഹിതനാണെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയും ഇല്ല. അദ്ദേഹത്തിന്റെ കാലടികൾ പിൻതുടരുന്ന പുതുപ്പാടിയിലെ സന്യാസസമൂഹം അതിന്റെ വരുംകാലത്തെ ഉയർച്ചക്കു വേണ്ടതു ചെയ്യും എന്ന് ഉറച്ചുവിശ്വസിക്കുന്നു. എന്റെ അനുഭവത്തിൽ എനിക്ക് എന്തെങ്കിലും ഉയർച്ച ഉണ്ടെങ്കിൽ അതിന്റെ ഉൽഭവം പുതുപ്പാടി ബാലഭവനത്തിലെ എന്റെ ആദ്യകാല ജീവിതമാണെന്ന് പറയുന്നതിൽ സന്തോഷം ഉണ്ട്. പള്ളിയുമായും, ആത്മിക പ്രസ്ഥാനങ്ങളുമായി കൂടുതൽ അടുക്കുവാൻ കാരണം എന്റെ എല്ലാം എല്ലാമായി ഞാൻ മനസ്സിൽ പ്രാർത്ഥിക്കുന്ന ഒസ്താത്തിയോസ് തിരുമേനിയും, പി. എം. തോമസ് റമ്പാച്ചനും, ജീവിച്ചിരിക്കുന്ന എന്റെ ഫിലിപ്പ് റമ്പാച്ചനും ആകുന്നു. അങ്ങനെ മലനാടിന്റെ മകുടമായി ശോഭിക്കുന്ന പുതുപ്പാടി ബാലഭവനത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഞങ്ങളുടെ തോമസ് റമ്പാച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളും കണ്ണീർത്തുള്ളികളും അർപ്പിച്ചുകൊണ്ട് ഇങ്ങനെ എന്റെ അനുഭവങ്ങൾ എഴുതുവാൻ എന്നെ പ്രേരിപ്പിച്ച, സഭാചരിത്രകാരനായ കെ. വി. മാമ്മൻ, വന്ദ്യ ഫിലിപ്പ് റമ്പാച്ചൻ എന്നിവരോടുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

1956-ൽ ഞാൻ എസ്.എസ്.എൽ.സി. ക്കു പഠിക്കുന്ന കാലം. വീട്ടിൽ മണ്ണെണ്ണ വിളക്കുകളിൽ നിന്നുള്ള വെളിച്ചം മാത്രം. ആ കാലയളവിൽ മാവേലിക്കര പുളിമൂട് സെന്റ് പോൾസ് സുവിശേഷാലയത്തിൽ യുവജനപ്രസ്ഥാന യോഗങ്ങളിൽ പങ്കെടുക്കുകയും സണ്ടേസ്കൂളിൽ അദ്ധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തു. അവിടെത്തന്നെ ഞായറാഴ്ച ദിവസങ്ങളിൽ വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയ്ക്കും സംബന്ധിക്കുമായിരുന്നു. അങ്ങനെ ഇരിക്കെ വൈദ്യുതി വെളിച്ചത്തിൽ ഇരുന്ന് പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ പങ്കെടുക്കാം എന്നുള്ള ആഗ്രഹത്തിൽ രാത്രി അവിടെ ഉറങ്ങാനുള്ള ആഗ്രഹം ഉണ്ടായി. ആ കാലത്താണു അവിടുത്തെ ശുശ്രൂഷവേലക്കായി താമസിച്ചുകൊണ്ടിരുന്ന പി. എം. തോമസച്ചനോടും, കെ. ഐ. ഫിലിപ്പ് എന്ന ജോയിക്കുട്ടിയോടും എന്റെ ആഗ്രഹം ഞാൻ അറിയിച്ചത്. അവർ സുവിശേഷാലയത്തിന്റെ എല്ലാം എല്ലാമായ എം. വി. ജോർജ്ജച്ചനോടു ചോദിച്ച് അനുവാദം വാങ്ങി. അങ്ങനെ എം. വി. ജോർജച്ചന്റെ ആദ്യ ആത്മീയ പുത്രനായ തോമസച്ചനും, രണ്ടാമത്തെ ആത്മീയപുത്രനായ ഇന്നത്തെ വന്ദ്യ ഫിലിപ്പ് റമ്പാച്ചനും എന്റെ

ആത്മസുഹൃത്തുക്കളായി. അവരുടെ കൂടെ സഹകരിച്ച് ജീവിച്ചതിനാൽ അല്പം ആത്മിക ചൈതന്യം എന്നിൽ ഉളവായി. ജോർജച്ചൻ കൺവൻഷൻ പ്രസംഗത്തിനു പോകുമ്പോൾ കിട്ടുന്ന ഏക വരുമാനമാണ് സുവിശേഷാലയത്തിന്റെ നിത്യച്ചെലവിനുപയോഗിച്ചത്. പി. എം. തോമസച്ചനെയും, ജോയിക്കുട്ടിയെയും സഹായിക്കാൻ കേൾവിയറ്റ പ്രായം ആയ ഒരു വല്യമ്മച്ചിയും ഉണ്ടായിരുന്നു. കഷ്ടിച്ച് അവർക്കുവേണ്ടി ഉണ്ടാക്കുന്ന ആഹാരം അവിടെ ആരു വന്നാലും പങ്കുവയ്ക്കുന്ന പ്രകൃതക്കാരായിരുന്നു തോമസച്ചനും, ജോയിക്കുട്ടിയും. അങ്ങനെ ആഹാരം വിശന്നു വരുന്നവർക്കു കൊടുത്തിട്ട് അവർ പലപ്പോഴും ഉപവസിക്കും.

1958-ൽ ഒരു ദിവസം വെളുപ്പിനു 5 മണിക്കുള്ള പ്രഭാത പ്രാർത്ഥന കഴിഞ്ഞപ്പോൾ എം. വി. ജോർജച്ചൻ എന്നോടു ചോദിച്ചു. അനിയാ! (എന്റെ വീട്ടിലെ ഓമനപ്പേര്) തോമസച്ചന്റെ കൂടെ മലബാറിൽ പുതുപ്പാടി എന്ന സ്ഥലത്തേക്കു പോകാമോ എന്ന്. പതിനാറുകാരനായ ഞാൻ ഒന്നും ആലോചിക്കാതെ, വീട്ടിൽ പോലും ചോദിക്കാതെ പോകാം എന്നു മറുപടി പറഞ്ഞു. അങ്ങനെ തൊട്ടടുത്ത ദിവസം 1958 നവംബർ മാസത്തിലെ ഒരു വെള്ളിയാഴ്ച മാവേലിക്കരയിൽ നിന്നു ട്രയിനിൽ കോഴിക്കോട്ടേക്കു പുറപ്പെട്ടു. കോഴിക്കോട്ടു നിന്നും സി.ഡബ്ലിയു. എം.എസ്. എന്ന ബസിൽ കയറി 24-ാം മൈൽ, ഈങ്ങാപ്പുഴയിൽ ഇറങ്ങി. ഇന്നത്തെപ്പോലെ കോഴിക്കോട്ടു നിന്നു വയനാട്ടിലേക്കു ട്രാൻസ്പോർട്ടു ബസുകൾ ഒന്നും ഇല്ലാത്ത കാലം. പിന്നെ ഉള്ളത് സി. സി. ട്രാൻസ്പോർട്ടുകാരുടെ ബസുകളും. സമയം സന്ധ്യയോടടുക്കുന്നു. ഈങ്ങാപ്പുഴ നിന്നു മണമേൽ പ്ലാന്റേഷൻ ആഫീസിൽ ചെന്ന് "ഞങ്ങൾ മാവേലിക്കര നിന്നു വരുന്നവരാണ്. എം. വി. ജോർച്ചന്റെ നിർദ്ദേശപ്രകാരം പുതുപ്പാടി ബാലഭവന്റെ പ്രവർത്തനം സംബന്ധിച്ചു വന്നവരാണ്" എന്നറിയിച്ചു. ആ ആഫീസിന്റെ കാഷ്യർ തിരുവല്ലാ മേപ്രാൽ സ്വദേശി വി. വി. വർഗീസ് എന്ന മാർത്തോമ്മാക്കാരൻ ആയിരുന്നു. 1958 കാലയളവിൽ പുതുപ്പാടിയിൽ മാർത്തോമാക്കാർക്കു പള്ളികൾ ഒന്നും ഇല്ലായിരുന്നു. എല്ലാവരും പുതുപ്പാടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലാണ് കൂടിനടന്നിരുന്നത്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ വി. വി. വർഗീസ് സാർ ആയിരുന്നു ആ പള്ളിയുടെ കൈക്കാരൻ. തൽക്കാലം ഞങ്ങൾക്കു താമസിക്കാൻ ഈങ്ങാപ്പുഴയിൽ ഒരു കടയുടെ മുകൾഭാഗം ഒരുക്കിത്തന്നു. അവിടെ ഞങ്ങൾ താമസിച്ച് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു വന്നു. ഒരാഴ്ചക്കുള്ളിൽ പുതുപ്പാടിപ്പള്ളിയുടെ മുറ്റത്ത് പന ഓല കൊണ്ട് മേഞ്ഞതും, മുള കൊണ്ട് മറച്ചതുമായ ഒരു ഷെഡ് മണമേൽ കുടുംബക്കാർ ഉണ്ടാക്കിത്തന്നു. ഈ സമയത്തു തന്നെ അന്നത്തെ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ പത്രോസ് മാർ ഒസ്താത്തിയോസ്

തിരുമേനി പി. എം. തോമസച്ചനെ പുതുപ്പാടി പള്ളിയുടെ വികാരിയായി നിയമിച്ചു കൊണ്ടുള്ള കല്പനയും നൽകി. അങ്ങനെ ഞങ്ങൾ രണ്ടു പേരും ആ ഷെഡിൽ താമസിച്ചുകൊണ്ട് ബാലഭവനത്തിന്റെ പണിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു. രാവിലെ കാപ്പികുടി കഴിഞ്ഞ് ഞങ്ങൾ ഇരുവരും ഉച്ചയ്ക്കുള്ള ഭക്ഷണവുമായി ബാലഭവനം പണി നടക്കുന്ന മലയിലേക്കു പോകും. മണമേൽ കുടുംബം ദാനമായി തന്ന 25 ഏക്കർ കുന്നിൽ പണി ആരംഭിച്ചു. ആ കുന്ന് ആദ്യമായി ഞാൻ കണ്ടപ്പോൾ തോമസച്ചനോടു ചോദിച്ചു, "അച്ചാ! റോഡില്ല, വെള്ളമില്ല, വെളിച്ചമില്ല, കാട്ടുപന്നിയുടെ ആവാസകേന്ദ്രമായ ഈ മലയിൽ, വാറ്റുപുല്ലു മാത്രം ഉള്ള ഈ തരിശു ഭൂമിയിൽ നാം എങ്ങനെ പണിയും." അപ്പോൾ തോമസച്ചൻ എന്നോടു പറഞ്ഞ ഒരു വാക്ക് ഞാൻ ഓർത്തു പോകുന്നു. "അനിയാ ഈ മല ഞാൻ പാലും തേനും ഒഴുകുന്ന കനാൽദേശം ആക്കും" എന്ന്. അതുപോലെ തന്നെ സംഭവിച്ചു. വർഷങ്ങൾ കാറ്റു പോലെ കടന്നുപോയി. തോമസ് റമ്പാച്ചന്റെ കബറടക്ക സമയത്തു ഞാൻ അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ വിസ്മയിപ്പിച്ചു; കോരിത്തരിപ്പിച്ചു. മലപോലെ കൂട്ടിയിട്ടിരിക്കുന്ന നാളികേരം, റബ്ബർതോട്ടം, സദാ പാൽ തരുന്ന ഒട്ടധികം കറവപ്പശുക്കൾ, നെൽകൃഷിയുള്ള പാടങ്ങൾ, സമീപത്ത് അനേകം കുടിയേറ്റക്കാർ, വൈദ്യുതി, റോഡ്, ബസ്സർവ്വീസ്, വെള്ളം കിട്ടാനുള്ള പൈപ്പ് ലൈൻ അങ്ങനെ സാക്ഷാൽ പട്ടണത്തിന്റെ പ്രതീതി. ഞാൻ ഓർത്തുപോയി എന്റെ തോമസച്ചനാണല്ലോ ഇതിന്റെ എല്ലാം ശില്പി എന്ന്. അസൽ കനാൻ ദേശം. ആ പുണ്യപുരുഷൻ അദ്ദേഹത്തിന്റെ ദേഹവും, ദേഹിയും അനാഥർക്കു വേണ്ടി മാത്രം ഉപയോഗിച്ചല്ലോ എന്നോർത്തു പോകുന്നു.

എനിക്കും തോമസച്ചനും ആവശ്യമുള്ള പല ക്രമീകരണങ്ങളും ആ കാലത്തു ചെയ്തുതന്നത് അന്നത്തെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ സഹോദരൻ പി. ഇ. ജോർജ്ജുകുട്ടി സാറും ഭാര്യ ചിന്നമ്മയും ആയിരുന്നു. അദ്ദേഹം മണമേൽ എസ്റ്റേറ്റിലെ സീനിയർ റൈട്ടറായിരുന്നു. അദ്ദേഹവും കുടുംബവും ബാലഭവനു സമീപമുള്ള "ആച്ചികുന്നി"ലായിരുന്നു താമസം. ആ കുടുംബം ഞങ്ങൾക്കു ചെയ്തു തന്ന ഉപകാരങ്ങൾ ഒരിക്കലും മറക്കുവാൻ സാധ്യമല്ല. ആഹാരം പാകം ചെയ്യുവാൻ അറിയാത്ത ഞങ്ങൾക്ക് മിക്കവാറും ആ വീട്ടിൽ നിന്നു നല്ല ആഹാരം കൊടുത്തയയ്ക്കുമായിരുന്നു.

1959-ൽ ബാലഭവനം ആരംഭിച്ചപ്പോൾ ജോയി, തോമസ്, സൈമൺ എന്നീ മൂന്ന് അനാഥ ബാലന്മാരെ എം. വി. ജോർജ്ജച്ചൻ തോമസച്ചനെ ഏൽപ്പിച്ചു. സൈമൺ ഇപ്പോഴും ബാലഭവനത്തിലെ ആത്മാർത്ഥതയുള്ള

ജീവനക്കാരനായി കഴിയുന്നു. തമിഴ്നാട്ടുകാരനാണ്. ബാലഭവനത്തിൽ തിരുമേനി കൊണ്ടുവരുമ്പോൾ ആ ബാലന്റെ ദേഹം മുഴുവൻ വ്രണമായിരുന്നു. സ്വന്തം മകനെ ശുശ്രൂഷിക്കുന്നതു പോലെ അവനെ കുളിപ്പിക്കുകയും അവന്റെ വ്രണങ്ങൾ കഴുകി വൃത്തിയാക്കുകയും ഒക്കെ ചെയ്യുന്നത് തോമസച്ചൻ ആയിരുന്നു. ആ സമയത്ത് ഈ ലേഖകനും അവിടെ ഉണ്ടായിരുന്നു. വന്ദ്യ തോമസ് റമ്പാച്ചന്റെ, ആത്മികവും ഭൗതികവുമായ കഴിവ് പുതുപ്പാടി ബാലഭവനത്തിനും, പുതുപ്പാടി പ്രദേശത്തിനും അനുഗ്രഹകരമായിരുന്നു. ആരും ഇല്ലാത്ത അനാഥക്കുഞ്ഞുങ്ങളുടെ അപ്പച്ചനും നാനാജാതി മതസ്ഥർക്ക് ആശ്വാസത്തിന്റെ ഉറവിടവുമായിരുന്നു തോമസ് റമ്പാച്ചൻ. പുതുപ്പാടി ബാലഭവനത്തിന്റെ ആരംഭകാലത്ത് ഏതാണ്ട് 4 വർഷക്കാലം മാത്രമേ ഞാൻ അവിടെ വന്ദ്യ റമ്പാച്ചനും ഒന്നിച്ച് താമസിച്ചിട്ടുള്ളു. എന്നെ സാക്ഷാൽ അനിയനെപ്പോലെ സ്നേഹിക്കുകയും, കരുതുകയും ചെയ്ത എന്റെ വന്ദ്യ തോമസ് റമ്പാച്ചന്റെ ആത്മാവിന് നിത്യ ശാന്തി നേർന്നുകൊണ്ടും അനാഥർക്ക് ആശ്വാസം നൽകിയ ആ പുണ്യ പുരുഷൻ ഇമ്പങ്ങളുടെ പറുദീസയിൽ വിശ്രമിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും നിർത്തുന്നു.

**- അനിയൻ പൊന്നോല**





**റവ. ഫാ. എം. ജി. പോൾ**

# എന്നും പ്രവർത്തനനിരതമായ പുതുപ്പാടി കോൺവെന്റ്

മലങ്കരസഭയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ച പുണ്യപിതാക്കന്മാരാൽ ധന്യമായ മാവേലിക്കരയിൽ ഇന്നും ഭാരത സുവിശേഷവല്ക്കരണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേന്ദ്രമാണ് മിഷൻ ട്രെയിനിംഗ് സെന്റർ. അവിടെ നിന്നു ലഭിച്ച ആത്മീയ കരുത്തും അമേരിക്കയിലെ ബോസ്റ്റൺ സെന്റ് മാർഗററ്റ് കോൺവെന്റിൽ രണ്ടു വർഷക്കാലം ലഭിച്ച സന്യാസജീവിത പരിശീലനവും പൂർത്തിയാക്കി മാവേലിക്കര മറ്റം പുത്തൻമഠത്തിൽ സിസ്റ്റർ സൂസന്ന, കൊട്ടാരക്കര സെന്റ് മേരീസ് ഹൗസിലെ സിസ്റ്റർ റിബേക്ക, തിരുവല്ല തിരുമൂലപുരം അമ്പഴത്തടത്തിൽ അച്ചാമ്മ മാത്തൻ (സിസ്റ്റർ തബിത) എന്നിവർ ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും ദിവ്യശ്രീമാന്മാരായ പി. എം. തോമസ്, കെ. ഐ. ഫിലിപ്പ് എന്നീ റമ്പാന്മാരുടെയും അനുഗ്രഹാശിസ്സുകളോടും സഹായസഹകരണങ്ങളോടും 1978 സെപ്റ്റംബർ 10-നു കോഴിക്കോട് ജില്ലയിലെ രമ്യഭൂവിഭാഗമായ - വയനാട്ടിലെ മലയോരഗ്രാമമായ - പുതുപ്പാടിയിലെ സെന്റ് പോൾസ് ആശ്രമം വക ചെറിയ ഒരു കെട്ടിടത്തിൽ സെന്റ് പോൾസ് കോൺവെന്റ് രൂപം കൊണ്ടു. ഈങ്ങാപ്പുഴ ടൗണിൽ നിന്നു അര കിലോമീറ്റർ മാറി ഒരു കുന്നിന്റെ മുകളിൽ സ്ഥിതിചെയ്യുന്ന സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയോടു ചേർന്നാണ് സെന്റ് പോൾസ് ആശ്രമം നിലകൊള്ളുന്നത്.

രണ്ടു വർഷത്തോളം പുതുപ്പാടിയിൽ താമസിച്ചുകൊണ്ട് സിസ്റ്റേഴ്സ് മലബാർ ഭദ്രാസനത്തിലെ വിവിധ പള്ളികൾ സന്ദർശിച്ചു. അതിന്റെ ഫലമായി പല സ്ഥലങ്ങളിൽ സ്ത്രീസമാജം രൂപവൽക്കരിക്കുകയും ഭവന സന്ദർശനങ്ങൾ നടത്തുകയും ചെയ്തു. ആ സന്ദർശനവേളയിൽ നിലമ്പൂർ മുടപൊയ്കയിൽ, പൊയ്കയിലെ ചാക്കോയുടെ മകൾ മറിയാമ്മയും (സിസ്റ്റർ മറിയം) പാലേമാട് മറുകുംമൂട്ടിൽ കുര്യന്റെ മകൾ ലില്ലിക്കുട്ടിയും (സിസ്റ്റർ എലിസബത്ത്) കോൺവെന്റിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ഈ സ്ഥാപനത്തിലെ ആദ്യകാല അംഗങ്ങളായി തീരുകയും ചെയ്തു.

പുതുപ്പാടിയിൽ മലങ്കരസഭ വകയായി നടത്തപ്പെട്ടിരുന്ന സെന്റ് ജോർജ് ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന സ്ത്രീജീവനക്കാരും കൊച്ചുകെട്ടിടത്തിൽ സിസ്റ്റേഴ്സിനൊപ്പം താമസിച്ചു വന്നു. ഏഴു പേർ പരിമിത സൗകര്യമുള്ള കൊച്ചുകെട്ടിടത്തിൽ രണ്ടു വർഷത്തോളം താമസിച്ചു എന്നു ഓർക്കുമ്പോൾ അത് വലിയ ഒരു അത്ഭുതമായി

തോന്നാറുണ്ട്. ഇപ്പോൾ കോൺവെന്റ് സ്ഥിതിചെയ്യുന്ന ഒന്നര ഏക്കർ സഭയുടെ പേരിൽ വിലയ്ക്കു വാങ്ങിയതും ഇവിടത്തെ മണമേൽ എസ്റ്റേറ്റിലെ തൊഴിലാളികൾ താമസിച്ചിരുന്ന രണ്ടു പഴയ കെട്ടിടങ്ങൾ (പാടി) ഉൾപ്പെട്ടതും ആയിരുന്നു. താൽക്കാലികമായി ഇവ നന്നാക്കി 1980 ജൂലൈ 3-നു കോൺവെന്റിന്റെ പ്രവർത്തനം അവിടേക്കു മാറ്റി.

ഈ കാലയളവിൽ മൺമറഞ്ഞ ആദരണീയനായ എം. ജി. പോളച്ചൻ ചെയ്തുതന്ന എല്ലാ സഹായസഹകരണങ്ങളും നന്ദിപൂർവ്വം ഓർക്കുന്നു. ആ മാസത്തിൽ തന്നെ അനാഥനായ ഒരു പിഞ്ച് ആൺകുഞ്ഞിനെ എടുത്തുകൊണ്ട് ഒരു ശിശുഭവനവും ആരംഭിച്ചു. 5 വയസ്സിനു താഴെയുള്ള ആൺകുട്ടികളെയും മൂന്നു മാസം മുതൽ മേലോട്ടു പ്രായമുള്ള അനാഥരായ പെൺകുട്ടികളെയും സ്വീകരിച്ച് ഈ ശിശുഭവനം പ്രവർത്തനം തുടർന്നു. കാലക്രമേണ ആൺകുട്ടികളെ ആശ്രമത്തോടു ചേർന്നുള്ള ബാലഭവനത്തിലേക്ക് മാറ്റി. തുടർന്ന് ഇത് അനേക അനാഥ കുട്ടികൾക്ക് അഭയഭവനമായി മാറി. തുടർന്നും ഒട്ടധികം ആൺകുഞ്ഞുങ്ങളെയും ഇവിടെ 5 വയസ്സുവരെ വളർത്തുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് പെൺകുഞ്ഞുങ്ങൾക്ക് മാത്രമായി ബാലികാഭവനം പ്രവർത്തനം നടത്തി.

ഇപ്പോൾ ഈ കോൺവെന്റിന് മലങ്കരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്ത 6 ഏക്കർ സ്ഥലമുണ്ട്. സിസ്റ്റേഴ്സിനും കുട്ടികൾക്കും താമസിക്കുവാൻ ആവശ്യമായ കെട്ടിടങ്ങളും, മാതാവിന്റെ നാമത്തിലുള്ള ഒരു ചാപ്പലും ഉണ്ട്. കൂടാതെ സഭ വകയായി പുതുപ്പാടിയിലുള്ള എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂളിലെ ടീച്ചേഴ്സിനും കോൺവെന്റിന്റെ ആരംഭകാലം മുതൽ താമസസൗകര്യവും നൽകി വരുന്നു. അതിഥികൾക്കായി ഗസ്റ്റ് ഹൗസും 150-ഓളം പേർക്ക് ഭക്ഷണം കഴിക്കുവാൻ സൗകര്യമുള്ള ഭോജനശാലയും കോൺവെന്റിനോട് ചേർന്നുണ്ട്. കോൺവെന്റിന്റെയും ബാലികാഭവനത്തിന്റെയും ആവശ്യത്തിനുവേണ്ട പാലിനായി 3 പശുക്കളുണ്ട്. പച്ചക്കറികളും ഫലവൃക്ഷങ്ങളും കൃഷി ചെയ്തുവരുന്നു. ഉപയോഗം കഴിഞ്ഞു കുറെ തേങ്ങ വിൽക്കുന്നതിനും സാധിക്കുന്നു. കുറെ സ്ഥലത്തു പുൽകൃഷി ചെയ്യുന്നുണ്ട്. ആത്മീയ ആവശ്യങ്ങൾ ആശ്രമത്തിലെ വൈദികരാണു നിറവേറ്റുന്നത്.

ഈ സ്ഥാപനത്തിന്റെ ആരംഭം മുതൽ നാലു വർഷം മുമ്പ് കാലം ചെയ്യുന്നതുവരെയും വിസിറ്റർ ബിഷപ്പായിരുന്നത് ഒസ്താത്തിയോസ് തിരുമേനി ആയിരുന്നു. തന്റെ മരണം വരെയും തോമസ് റമ്പാച്ചന്റെയും തുടർന്ന് ഇപ്പോൾ ഫിലിപ്പ് റമ്പാച്ചന്റെയും നിർദ്ദേശങ്ങളും സഹായവും സഹകരണങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. സിസ്റ്റേഴ്സ് ഓഫ്

മിഷനറിസ് ഓഫ് ക്രൈസ്റ്റ് (SMC) എന്ന പേരിൽ സ്ഥാപനം രജിസ്റ്റർ ചെയ്തിരിക്കുന്നു. അന്ത്യവിശ്രമം ചെയ്യുന്നതിനായി ചാപ്പലിനോട് ചേർന്ന് ഒരു സെല്ലാർ പണികഴിപ്പിച്ചിരിക്കുന്നു.

## സിസ്റ്റേഴ്സ്

1979 മുതൽ ഇന്നുവരെ കോൺവെന്റിൽ ഏകദേശം 30 പേർ അന്തേവാസികളായി വരികയും അവരിൽ പകുതിയോളം പേർ വിട്ടുപോകുകയും ചെയ്തു. ഇപ്പോഴത്തെ അംഗങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മലങ്കരസഭാ മിഷൻ ബോർഡിന്റെ ചുമതലയിലുള്ള സ്ഥാപനങ്ങളിൽ പ്രശസ്തമായ സേവനം അനുഷ്ഠിച്ചു വരുന്നു. മൂന്നു പേർ കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. ഇതിന്റെ സ്ഥാപക അംഗമായ സിസ്റ്റർ സൂസന്ന മറ്റം സെന്റ് ജോൺസ് സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചശേഷം കോൺവെന്റ് അംഗങ്ങൾക്ക് മാർഗ്ഗദർശിയായും കുഞ്ഞുങ്ങളുടെ സിസ്റ്ററമ്മച്ചിയായും മരണംവരെ 23 വർഷത്തോളം സ്ഥാപനത്തിന്റെ സുപ്പീരിയരായി പ്രശസ്ത സേവനം അനുഷ്ഠിച്ചു. 2001 ഡിസംബർ മൂന്നിനു ലാളിത്യത്തിന്റെയും സേവനത്തിന്റെയും വിശുദ്ധിയുടെയും നിറകുടമായിരുന്ന, മലങ്കരയിലെ ‘മദർ തേരേസ’യെന്നു വിശേഷിപ്പിക്കാൻ അർഹതയുള്ള ആ മഹതി പെട്ടെന്നു അന്തരിച്ചു.

അച്ചാമ്മ മാത്തൻ (സിസ്റ്റർ തബിത) തിരുമൂലപുരം ബാലികാമഠത്തിലെ അദ്ധ്യാപികയായിരുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നിശബ്ദമായി സേവനം അനുഷ്ഠിച്ചു. സിസ്റ്റർ തബിത 2001 മെയ് 13-നു കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കോൺവെന്റിലെ പ്രവർത്തനങ്ങൾക്കൊപ്പം അവർ സണ്ടേസ്കൂൾ കാര്യങ്ങളിൽ അതീവ തൽപ്പരയായിരുന്നു. കാക്കവയൽ സെന്റ് ഗ്രീഗോറിയോസ് പള്ളി ഉണ്ടാകുന്നതിനു മുമ്പ് ഓലകെട്ടി നിർമ്മിച്ച സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ സണ്ടേസ്കൂൾ ആരംഭിക്കുകയും ഏതാനും വർഷം ആ സണ്ടേസ്കൂളിന് നല്ല നേതൃത്വം നൽകുകയും ചെയ്തുവന്നു.

സിസ്റ്റർ ഹെലൻ 1983-ൽ പുതുപ്പാടി എം.ജി.എം. ഹൈസ്കൂൾ ടീച്ചറായി സേവനം അനുഷ്ഠിച്ചു. തുടർന്ന് 1984 ജൂൺ മുതൽ കോൺവെന്റ് അംഗമായി പ്രവർത്തിച്ചു വന്നു. ദീർഘകാലം സണ്ടേസ്കൂൾ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയും സ്ത്രീസമാജം മുതലായ ആത്മീയ സംഘടനകളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. 2005 ജൂൺ മൂന്നിന് ഒരു വാഹനാപകടത്തിൽ സിസ്റ്റർ അകാല നിര്യാണം പ്രാപിച്ചു.

ഇപ്പോഴത്തെ അംഗങ്ങൾ കേരളത്തിന് അകത്തും പുറത്തുമായി സേവനം അനുഷ്ഠിച്ചു വരുന്നു. സ്ഥാപകരിൽ ഒരാളായിരുന്ന സിസ്റ്റർ

റിബേക്കാ സ്ഥാപനത്തിന്റെ മുൻ സുപ്പീരിയറാണ്. കൂടാതെ, അവർ മലബാർ ഭദ്രാസനത്തിലെ സ്ത്രീസമാജത്തിന് നേതൃത്വം നൽകുകയും ദീർഘകാലം ഭദ്രാസന സെക്രട്ടറിയായിരിക്കുകയും ചെയ്തു. സിസ്റ്റർ എം.ജി.എം. സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയും വിശ്രമജീവിതം നയിക്കുകയും ചെയ്തുവരുന്നു.

സിസ്റ്റർ എലിസബേത്ത് 1979 മുതൽ അംഗവും കോൺവെന്റ് സുപ്പീരിയറും എം.ജി.എം. എച്ച്.എസ്. അദ്ധ്യാപികയും പൂനാ ദേഹു റോഡിൽ സെന്റ് ജോർജ് ബാലികാമഠത്തിന്റെ മാനേജരും ആയിരുന്നു സ്തുത്യർഹമായ സേവനം ചെയ്യുന്നു. സിസ്റ്റർ മറിയം 1979 മുതൽ കോൺവെന്റംഗവും എം.ജി.എം. എച്ച്.എസ്. റിട്ടയർ ടീച്ചറും മുൻ സുപ്പീരിയറും ആണ്. സിസ്റ്റർ ഇപ്പോൾ കോൺവെന്റിലെ പ്രവർത്തനങ്ങളിലും കുട്ടികളുടെ കാര്യങ്ങളിലും ശ്രദ്ധചെലുത്തി വരുന്നു.

സിസ്റ്റർ ക്രിസ്റ്റീന 1981 മുതൽ സ്ഥാപനത്തിന്റെ അംഗമാണ്. പരുമല നേഴ്സിംഗ് സ്കൂളിൽ നിന്നു നേഴ്സിംഗ് പാസ്സായതിനുശേഷം കാര്യമ്പാടി കണ്ണാശുപത്രി, യാച്ചാരം കണ്ണാശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. അതിനുശേഷം 2011 മുതൽ പൂനാ ബാലികാഗ്രാമിൽ സേവനം ചെയ്യുന്നു. സിസ്റ്റർ ഫേബാ 1985 മുതൽ സ്ഥാപനത്തിലെ അംഗമാണ്. കാര്യമ്പാടിയിലും പുതുപ്പാടിയിലുമുള്ള കണ്ണാശുപത്രിയിൽ പ്രവർത്തിച്ചതിനുശേഷം ഇപ്പോൾ കോൺവെന്റിന്റെയും പുതുപ്പാടി സെന്റ് ജോർജ് സണ്ടേസ്കൂളിന്റെയും സെക്രട്ടറിയായി തുടരുന്നു. സിസ്റ്റർ പ്രിസ്കില 1987 മുതൽ കോൺവെന്റ് അംഗമാണ്. 1994 മുതൽ ബത്തേരി സെന്റ് മേരീസ് കോളജിലെ ഗേൾസ് ഹോസ്റ്റലിന്റെ വാർഡനാണ്. സിസ്റ്റർ ഷേബാ 1996-ൽ ഇവിടുത്തെ അംഗമായി. ആദ്യകാലങ്ങളിൽ കോൺവെന്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടശേഷം ഇപ്പോൾ യാച്ചാരം കണ്ണാശുപത്രിയിൽ ജോലി ചെയ്യുന്നു.

1997-ൽ അംഗമായി ചേർന്ന സിസ്റ്റർ റേച്ചൽ കാര്യമ്പാടി കണ്ണാശുപത്രിയിൽ പ്രവർത്തിച്ചു. തുടർന്ന് യാച്ചാരം കണ്ണാശുപത്രി അഡ്മിനിസ്ട്രേറ്റർ, പൂനാ ബാലികാഗ്രാമിനോടു ചേർന്നുള്ള സെന്റ് ജോർജ് സ്കൂൾ ടീച്ചർ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുകയും ഇപ്പോൾ പുതുപ്പാടി ഡയാലിസിസ് സെന്ററിൽ സേവനം തുടരുകയും ചെയ്യുന്നു.

സിസ്റ്റർ സോഫിയാ ആദ്യകാലം മുതൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പോന്നിരുന്നു. പത്തനാപുരം സെന്റ് ബ്രോക്കാഡ് സ്കൂളിൽനിന്നും റിട്ടയർ ചെയ്തശേഷം പൂനെ ബാലികാമഠത്തിൽ പ്രവർത്തിച്ചു വന്നു. സിസ്റ്റർ സൂസന്നയുടെ മരണശേഷം 2004

മുതൽ 2012 വരെ കോൺവെന്റിന്റെ സുപ്പീരിയർ സ്ഥാനം വഹിച്ചു. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

സിസ്റ്റർ എൽസ 2000-ൽ കോൺവെന്റ് അംഗമായി. ബത്തേരി, ബാംഗ്ലൂർ (തുംകൂർ) ദയാ ഭവൻ എന്നിവിടങ്ങളിലെ പ്രവർത്തനത്തിനു ശേഷം 2011 മുതൽ പൂനാ ദേഹു റോഡ് ബാലികാഗ്രാമിൽ കുട്ടികളുടെ വാർഡനും സ്ഥാപനത്തിന്റെ അക്കൗണ്ടന്റുമായി സേവനം തുടരുന്നു.

സിസ്റ്റർ ലുദിയാ 1985-ൽ അംഗമായി. ബാംഗ്ലൂർ ദയാ ഭവനിലെ സേവനത്തിനു ശേഷം ഇപ്പോൾ പുതുപ്പാടി വൃദ്ധമന്ദിരത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതയാണ്.

## കുന്നംകുളം ഡേവിഡ്സൺ മെമ്മോറിയൽ ഹോസ്പിറ്റൽ

കുന്നംകുളം കോട്ടപ്പടിയിൽ 1986-ൽ ചെമ്മണ്ണൂർ ഇയ്യാക്ക്, അകാലത്തിൽ പൊലിഞ്ഞ തന്റെ മകന്റെ സ്മരണ നിലനിർത്തുവാൻ ചെമ്മണ്ണൂർ ഡേവിഡ്സൺ മെമ്മോറിയൽ ഹോസ്പിറ്റൽ (CDMH) പണിത് സെന്റ് പോൾസ് കോൺവെന്റിലെ സിസ്റ്റേഴ്സിനെ ഏല്പിച്ചു. അഞ്ചു വർഷത്തോളം കോൺവെന്റിന്റെ ചുമതലയിലും മൂന്നു സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലും പ്രവർത്തനം നടത്തി. തുടർന്നു സാമ്പത്തികക്ലേശം മൂലം ഇത് നടത്തിക്കൊണ്ടുപോകുവാൻ സാധിച്ചില്ല. പിന്നീട് ഹോസ്പിറ്റലിന്റെ ചുമതല പരിശുദ്ധ സഭയെ ഏല്പിക്കുകയും പ. ബാവാ തിരുമേനിയുടെ മേൽനോട്ടത്തിൽ അത് തുടർന്നു നടന്നു വരികയും ചെയ്യുന്നു.

## പൂനാ ബാലികാമഠം

1995-ൽ സെന്റ് ജോർജ് ബാലികാഗ്രാമിന്റെ തുടക്കം മുതൽ കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ ചുമതലയിലായിരുന്നു അതിന്റെ പ്രവർത്തനം. മാർ ഒസ്താത്തിയോസ് തിരുമേനി കാലം ചെയ്യുന്നതുവരെ അതിന്റെ പ്രസിഡണ്ടായിരുന്നു. വെരി റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ ഡയറക്ടറായി പ്രവർത്തിക്കുന്നു. 2011 മാർച്ച് വരെ സെന്റ് പോൾസ് ആശ്രമത്തിലെ വൈദികർ അതിന്റെ മാനേജർമാരായി പ്രവർത്തിച്ചു. 2011 ഏപ്രിൽ മുതൽ സ്ഥാപനത്തിന്റെ ചുമതല സെന്റ് പോൾസ് കോൺവെന്റിനെ ഏല്പിച്ചു. ഇപ്പോൾ അതിന്റെ മാനേജർ സ്ഥാനം വഹിക്കുന്നത് സിസ്റ്റർ എലിസബത്ത് ആണ്. സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളിലും കുട്ടികളുടെ മേൽനോട്ടകാര്യത്തിലും സിസ്റ്റർ ക്രിസ്റ്റീനയും സിസ്റ്റർ എൽസായും ചുമതല വഹിച്ചുവരുന്നു. ഇതേ സ്ഥാപനത്തിന്റെ തുടക്കം മുതൽ 2011 മാർച്ച് വരെ സിസ്റ്റർ മോണിക്കയും ഒപ്പം സിസ്റ്റർ സോഫിയയും സിസ്റ്റർ റേച്ചലും പ്രവർത്തിച്ചു. ബാലികാഭവനത്തിന്റെ ചുമതലയിൽ സെന്റ് ജോർജ് സ്കൂളും നടന്നുവരുന്നു.

1994 മുതൽ സിസ്റ്റർ ഫേബാ, സിസ്റ്റർ ക്രിസ്റ്റീന എന്നിവർ കാര്യമ്പാടി കണ്ണാശുപത്രിയിൽ ഏതാണ്ട് 9 വർഷക്കാലം പ്രവർത്തിച്ചിരുന്നു.

## പുതുപ്പാടി ബാലികാഭവൻ

1980 മുതൽ ഇന്നുവരെയും 201 കുട്ടികൾക്ക് സ്ഥാപനത്തിൽ അഡ്മിഷൻ കൊടുക്കുകയും ഇപ്പോൾ 21 കുട്ടികൾ പഠിക്കുകയും ചെയ്യുന്നു. 30 കുട്ടികളുടെ വിവാഹം സ്ഥാപനം നടത്തി. അതിൽ 12 കുട്ടികളുടെ വിവാഹം പലരുടെ സഹായത്തോടെയും ബഹറിൻ സ്ത്രീസമാജാംഗങ്ങൾ, വിദേശത്തുള്ള അനേകം സുമനസ്സുകളായ സുഹൃത്തുക്കൾ എന്നിവരുടെ സഹായത്താലും സ്ഥാപനത്തിന്റെ പൂർണ്ണ ചുമതലയിൽ നടത്തി. അതിൽ ഒരു കുട്ടിക്ക് സ്ഥലം വാങ്ങി വീടു വെക്കുകയും മറ്റു മൂന്നു പേർക്ക് വീടു വെച്ചു നൽകുകയും ഉണ്ടായി. വിവാഹിതരായവരും മറ്റു കുട്ടികളും വിവിധ മേഖലകളിൽ പഠനവും ജോലിയുമായി നല്ല നിലയിൽ ജീവിക്കുന്നു. എല്ലാം ദൈവകൃപ.

ഈ സ്ഥാപനത്തിൽ പഠിച്ച ജിനു എന്ന കുട്ടി എം.ബി.ബി.എസ്. കഴിഞ്ഞ് കോയമ്പത്തൂരിൽ ജോലി നോക്കുന്നു. നീതു ബെന്നി പോണ്ടിച്ചേരിയിൽ രണ്ടാം വർഷം മെഡിക്കൽ സ്റ്റുഡന്റ് ആണ്. ശ്രീജ നേഴ്സിംഗിനുശേഷം ബേബി മെമ്മോറിയൽ ആശുപത്രിയിൽ ജോലി ചെയ്യുന്നു. ബാക്കിയുള്ളവർ ഒന്നാം ക്ലാസ്സു മുതൽ പ്ലസ് ടു വരെ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്നു. പത്താം ക്ലാസ്സിനുശേഷവും അതിനു മുമ്പും ചില കുട്ടികൾ സ്ഥാപനം വിട്ടുപോയിട്ടുണ്ട്. രണ്ടു മാസം മുതൽ 3 വർഷം വരെ മാത്രം ഇവിടെ വളർന്നതിനുശേഷം തിരികെ ബന്ധുക്കളോടൊപ്പം പോയവരും ഉണ്ട്.

കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ ആത്മികവും ഭൗതികവും വിദ്യാഭ്യാസപരവും ആയ എല്ലാ കാര്യങ്ങളിലും സ്ഥാപനം വളരെയധികം ശ്രദ്ധിക്കുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം കലാകായിക രംഗങ്ങളിലും കുഞ്ഞുങ്ങൾ നല്ല രീതിയിൽ പങ്കെടുക്കുന്നു. പലരും സണ്ടേസ്കൂൾ പഠിക്കുന്നതിൽ തൽപരരും സഹപാഠ്യമത്സരങ്ങളിൽ പങ്കെടുക്കുന്നവരുമാണ്. പലപ്പോഴും നമ്മുടെ കുട്ടികൾ സോണൽ തലം വരെ എത്തുകയും സമ്മാനം നേടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കുട്ടികളുടെ ചുമതല സിസ്റ്റർ മറിയത്തിനും സിസ്റ്റർ റേച്ചലിനും ആണ്.

## വൃദ്ധസദനം

1980 മുതൽ ഏഴ് വർഷക്കാലം കോൺവെന്റിനോടും ബാലികാഭവനത്തോടും ചേർന്നു ഏതാനും വൃദ്ധരായ വനിതകൾക്ക് ഈ സ്ഥാപനം അഭയം നൽകി. കോട്ടയം, വയനാട്, പുതുപ്പാടിയുടെ സമീപ സ്ഥല

ങ്ങൾ എന്നിവിടങ്ങളിൽ നിന്നായി 5 വൃദ്ധരായ സ്ത്രീകൾ സ്ഥാപനത്തിന്റെ ചുമതലയിലും സംരക്ഷണത്തിലും കഴിഞ്ഞു. കുട്ടികളെയും വൃദ്ധരെയും ഒരുമിച്ചു കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഏഴു വർഷങ്ങൾക്കു ശേഷം സ്ഥാപനം നിർത്തേണ്ടി വന്നു. ഏതാനും അമ്മച്ചിമാരെ അവരുടെ മക്കളോടും ബന്ധുക്കളോടും ഒപ്പം അയച്ചു. ചിലരെ മറ്റു സ്ഥാപനത്തിലേക്കു മാറ്റേണ്ടി വന്നു.

## തയ്യൽ പരിശീലനം

1981-ൽ കുവൈറ്റിലെ IOMF എന്ന സംഘടന 10 തയ്യൽ മെഷീൻ നൽകി. അതുപയോഗിച്ച് 15 വർഷം കോൺവെന്റിന്റെ ചുമതലയിൽ തയ്യൽ പരിശീലനം നടത്തി. ആദ്യത്തെ 5 വർഷക്കാലം സിസ്റ്റർ എലിസബത്തിന്റെ മേൽനോട്ടത്തിലും പിന്നീടു സിസ്റ്റർ മോണിക്കയുടെ ചുമതലയിലും നടത്തി. 1995-ൽ പൂനാ ദേഹു റോഡ് ബാലികാഗ്രാമിന്റെ പ്രവർത്തനങ്ങൾക്കായി സിസ്റ്റർമാർ പോയതിനാൽ തയ്യൽക്ലാസ്സ് തുടരാനായില്ല.

ഇപ്പോൾ സ്ഥാപനത്തിന്റെ വിസിറ്റർ ബിഷപ്പായി ആശ്രമാംഗവും, കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപനുമായ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായും കോൺവെന്റിന്റെ ചാപ്ലയിനായി വന്ദ്യ ജോർജ് മോടിയിൽ റമ്പാൻ കോർഎപ്പിസ്കോപ്പായും പ്രവർത്തിക്കുന്നു. കോൺവെന്റിന്റെയും ബാലികാഭവനത്തിന്റെയും ആത്മികാവശ്യങ്ങളും സാമ്പത്തികസഹായവും ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് നിറവേറ്റി ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഒട്ടധികംപേരുടെ പ്രാർത്ഥനയും സഹായവും സഹകരണവും സന്ദർശനവും ഞങ്ങളുടെ സ്ഥാപനത്തിന്റെ ഉത്സാഹപൂർവ്വമായ പ്രവർത്തനത്തിനും വളർച്ചയ്ക്കും പിന്നിലുണ്ട്.

പരിശുദ്ധ കന്യകമറിയാമിന്റെയും പരിശുദ്ധ പിതാക്കന്മാരുടെയും പരിശുദ്ധ പരുമല തിരുമേനിയുടെയും ഗീവർഗ്ഗീസ് സഹദായുടെയും മദ്ധ്യസ്ഥതയും പ്രാർത്ഥനയും ഈ സ്ഥാപനത്തിന് എന്നും കോട്ടയും കൂട്ടും കാവലുമാണെന്നു ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.



**റവ. സിസ്റ്റർ സൂസന്ന**
**(പുതുപ്പാടി സെന്റ് പോൾസ് മഠത്തിന്റെ ആദ്യ സുപ്പീരിയർ)**

# രോഗ-വിവാഹ-കിഡ്നി-ഹൃദയ സഹായ ഫൗണ്ടേഷനുകൾ

ആറു ദശാബ്ദം മുമ്പ് ചില പ്രത്യേക അനുഭവങ്ങളുടെ പ്രചോദനത്തോടെ, ജീവിതത്തിൽ എന്റെ എല്ലാമായ മാർ ഒസ്താത്തിയോസ് തിരുമേനി തിരുവനന്തപുരത്തു ആരംഭം കുറിച്ച സഭയിലെ വിവാഹ (M.A.F.) രോഗ (S.A.F.) കിഡ്നി (S.K.F.) ഹൃദയ (S.H.F.) സഹായ ഫൗണ്ടേഷനുകളുടേയും കാരുണ്യാ ഗൈഡൻസ് പ്രസ്ഥാനങ്ങളുടേയും പ്രതീക്ഷാതീതമായ വൻ വളർച്ചയും സേവനങ്ങളും തിരിഞ്ഞുനോക്കുമ്പോൾ അവ ദൈവകൃപയുടെ സമൃദ്ധമായ ചാലുകളിലൂടെയാണു നീങ്ങിയതെന്നു സാക്ഷിക്കുന്നതിൽ ആത്മീയമായ ഒരാനന്ദമാണുള്ളത്. അതെല്ലാം ലിപികളിലാക്കി വേണ്ടവിധം അവതരിപ്പിക്കാൻ സാദ്ധ്യമല്ലെന്നാണു 80 ആയ എന്നോടു എന്റെ സന്തതസഹചാരിയായ തൂലിക മന്ത്രിക്കുന്നത്. എങ്കിലും ജീവിതത്തിന്റെ സുവർണ്ണകാലഘട്ടത്തിൽ എന്റെ സമയവും ആരോഗ്യവും ചെലവഴിച്ചു ചെയ്ത പ്രവർത്തനങ്ങൾ ഒന്നും പാഴായിപ്പോയില്ലെന്നു സാക്ഷിക്കുന്നതിൽ എന്റെ തൂലിക ഒട്ടും പിന്നിലുമല്ല. എന്നേക്കാൾ വളരെ കൂടുതൽ പ്രായവും തളരാത്ത ഉത്സാഹവുമുള്ള ഒരു പത്രപ്രവർത്തകനും സഭാരംഗത്തെ എന്റെ ദീർഘകാല സുഹൃത്തും ആയ ബഹു. കെ. വി. മാമ്മൻ നിർബന്ധിച്ചപ്പോൾ മറവിയുടെ കവാടത്തിലൂടെ കടന്നുകളയാനൊരുങ്ങിയ പൂർവ്വകാലാനുഭവങ്ങൾ മറവിയെ മറികടന്നു പുനർജീവിച്ചു എന്നു പറയുന്നതാവും ഏറെ ശരി.

ഫാ. എം. വി. ജോർജ് (പിന്നീട് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) ഞാൻ ഇന്റർമീഡിയറ്റിനു പഠിക്കുന്ന സമയം മുതൽ കോളജ് അവധിക്കാലത്തു അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗ യോഗങ്ങൾക്കെല്ലാം എന്നെയും കൊണ്ടുപോകുക പതിവായിരുന്നു. മൈക്കില്ലാത്ത സ്ഥലങ്ങളിൽ ഏറ്റുപറയണം; ചിലയിടങ്ങളിൽ തെല്ലു പ്രസംഗിക്കണം, പാടണം.

മാവേലിക്കരയിലെ സെന്റ് പോൾസ് (വയോമിംഗ്) സുവിശേഷാലയം തുടങ്ങിയപ്പോൾ സഭയിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പിന്തുണ മാത്രമേ ഈ ആലയത്തിനു ലഭിച്ചുള്ളു. മറ്റെല്ലാ തിരുമേനിമാരും മിക്ക വൈദികരും ഇതിനെ ഒരു പെന്തക്കോസ്തു ആലയം (ഫെയ്ത്ത് ഹോം) എന്നാണു വിശേഷിപ്പിച്ചത്. അതേസമയം 1953-ൽ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയാണു സുവിശേഷാലയം കൂദാശ ചെയ്തത്. പലതിലും ഒരളവുവരെ ഞാനായിരുന്നു ശുപാർശക്കാരന്റെ പങ്കു വഹിച്ചിരുന്നത്.

സുവിശേഷാലയത്തിൽ ആദ്യത്തെ സമ്മർ ക്ലാസ്സ് നടത്തിയത് 1953-ലാണ്. അന്നു മുതൽ മിക്കവാറും എല്ലാ വർഷവും പഠിക്കാനും പിന്നീട് ക്ലാസ്സ് എടുക്കാനും ഞാൻ ഉണ്ടായിരുന്നു. അക്കാലയളവിലാണ് ഫാ. എം. വി. ജോർജ് സെന്റ് പോൾസ് സുവിശേഷസംഘം രൂപവൽക്കരിച്ചത്.

## മാര്യേജ് അസിസ്റ്റൻസ് ഫൗണ്ടേഷൻ

സഭയുടെ എല്ലാ കാര്യങ്ങളിലും ഞാൻ സജീവമായിരുന്നു. അഖില മലങ്കര സണ്ടേസ്കൂൾ മത്സരപരീക്ഷയിൽ ഒന്നാം റാങ്ക് (കാലം ചെയ്ത പുത്തൻകാവ് ഫീലക്സിനോസ് തിരുമേനിയാണ് സമ്മാനം തന്നത്. അദ്ദേഹം പ്രസ്ഥാനം പ്രസിഡണ്ടും കെ. ഡേവിഡ് അച്ചൻ സെക്രട്ടറിയും ആയിരുന്നു.). സണ്ടേസ്കൂൾ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, സണ്ടേസ്കൂൾ ഇൻസ്പെക്ടർ, യുവജനപ്രസ്ഥാനം ഭദ്രാസന സെക്രട്ടറി, വിദ്യാർത്ഥിപ്രസ്ഥാനം മേഖലാ പ്രസിഡണ്ട് ഓർത്തഡോക്സ് മിഷനറി ഫെലോഷിപ്പ് സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചു.

എന്നെ വളരെയധികം വേദനിപ്പിക്കയും ചിന്തിപ്പിക്കയും ചെയ്ത ഒരു സംഭവം എന്റെ നാട്ടിൽ ഉണ്ടായി. കൊല്ലം, പെരിനാട് എന്റെ മാതൃഇടവകയാണ്. അവിടെ തെക്കേപ്ലാന്തോട്ടത്തിലെ (ആനയെചുട്ടമുക്ക്) ഒരു യുവതിയെ കെട്ടിക്കാൻ പള്ളിവരുമാനം കൊടുത്തശേഷം ഇടവക ദേശകുറി വാങ്ങിക്കാൻ അവർക്കു നിവർത്തി ഇല്ലാഞ്ഞ് ആ വീട്ടിലുണ്ടായിരുന്ന ഓട്ടുവിളക്ക്, മൊന്ത തുടങ്ങിയ സാധനങ്ങളെല്ലാം പെറുക്കിക്കൊടുത്തു ട്രസ്റ്റി അതെല്ലാം എടുത്തുകൊണ്ടുപോയി വിറ്റിട്ട് വിവാഹക്കുറി കൊടുത്തു. യുവതിയുടെ പിതാവിന് രണ്ട് കാലും ഇല്ല. കൈ കുത്തിയാണ് നടക്കുന്നത്. പാവങ്ങളോടുള്ള ഈ നടപടി, എന്നെ വല്ലാതെ വേദനിപ്പിച്ചു. കല്യാണവീട്ടിൽ പിന്നീടു മണ്ണെണ്ണപ്പാട്ട തിരിവിളക്കാണുണ്ടായിരുന്നത്.

ഞാൻ കൂടുതൽ ശ്രദ്ധിച്ചപ്പോൾ കയർപിരിക്കുന്ന, തൊണ്ടുതല്ലുന്ന പാവപ്പെട്ട കുടുംബങ്ങളിൽ കുഞ്ഞുങ്ങളിൽ പലരും മാമോദീസാ കൂദാശ ഏറ്റിട്ടില്ല. കാരണം, അമ്മമാർക്കു നല്ല വസ്ത്രം വാങ്ങി ധരിച്ചും, കുഞ്ഞുങ്ങളെ ധരിപ്പിച്ചും, പള്ളിക്കുടിശികകൾ എല്ലാം കൊടുത്തു തീർത്തിട്ടും അതു എളുപ്പമായിരുന്നില്ല. ഇത് ഇളവു ചെയ്യിക്കാൻ ഞാൻ ശ്രമിച്ചിട്ട് പല കാരണങ്ങളാൽ സാധിച്ചില്ല. ഞാൻ ചെറുപ്പമല്ലേ.

ഇടവകയിലെ സുവിശേഷസംഘാംഗങ്ങളെ കൂട്ടുപിടിച്ച് ഞാൻ ഒരു ട്രസ്റ്റ് 1965-ൽ ഉണ്ടാക്കി (മാർ കൂറിലോസ് ചാരിറ്റബിൾ ട്രസ്റ്റ്). ഇടവകാംഗമായ മാർ കൂറിലോസ് തിരുമേനിയുടെ നാമത്തിൽ സ്ഥാപിച്ചു. രണ്ട്

ചെറിയ കുരിശടികൾ സ്ഥാപിച്ചു ഒന്ന്, പെരിനാട് റെയിൽവേ സ്റ്റേഷന്റെ സമീപത്ത് തിരുമേനിയാണ് 16-9-69-ൽ കൂദാശ ചെയ്തത്. അവകളിൽനിന്ന് ലഭിക്കുന്ന തുകകളും മറ്റ് സംഭാവനകളും ചേർത്തു ഇടവകയിലെ കുഞ്ഞുങ്ങളെ എല്ലാം പള്ളിക്കുടിശിക കൊടുത്തിട്ടു മാമോദീസാ മുക്കിച്ചു. സാധുപെൺകുട്ടികളുടെ വിവാഹത്തിനു ചെറിയതോതിൽ സഹായിക്കാൻ തുടങ്ങി. പുരമേഞ്ഞുകൊടുക്കാനും, മരുന്നുവാങ്ങിക്കൊടുക്കാനും സാധിച്ചു. ഈ കാര്യങ്ങളെല്ലാം മാർ കൂറിലോസ് തിരുമേനിയുടേയും എം. വി. ജോർജ്ജ് അച്ചന്റേയും പ്രോത്സാഹനത്താലാണ് വിജയപ്രദമായി നടപ്പാക്കിയത്.

(പള്ളിയുടെ ഈ ട്രസ്റ്റിനു എക്സ് ഒഫീഷ്യോ മെമ്പർമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇടവക മെത്രാപ്പോലീത്ത, വികാരി, ട്രസ്റ്റി, സെക്രട്ടറി, സുവിശേഷസംഘം തുടങ്ങിയ ഇടവകയിലെ ആത്മീയ സംഘടനകളുടെ പ്രതിനിധികൾ. ഈ ട്രസ്റ്റിനു ഒരു എയിഡഡ് സ്കൂൾ ഉണ്ട്. ഏറ്റം പാവപ്പെട്ട അപേക്ഷകന് ആയിരിക്കും അദ്ധ്യാപകനായി നിയമനം.)

(1952-1953) എം. വി. ജോർജ് ശെമ്മാശ്ശൻ കോട്ടയത്തു വൈദികസെമിനാരിയിൽ അദ്ധ്യാപകനായി. മേൽപറഞ്ഞ സംഭവം അദ്ദേഹം സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കാൻ തുടങ്ങി. ആർഭാട വിവാഹങ്ങൾക്കെതിരെ ശക്തമായി സംസാരിച്ചു. "നാം ഈ ചെയ്യുന്നതു ശരിയല്ല....... ശിക്ഷ വരും" (2 രാജാ. 7:9).

നേരത്തെ പറഞ്ഞു തീരുമാനിച്ചപ്രകാരം ഞങ്ങൾ തമ്മിൽ ഒരു ദിവസം ഒത്തുകൂടി. അദ്ദേഹം കോട്ടയത്തുനിന്നും കൊട്ടാരക്കര വന്നു. ഞാനും കൊട്ടാരക്കര എത്തി. രണ്ടുപേരുംകൂടി പുലമൺ ജംഗ്ഷനടുത്തുള്ള കോട്ടപ്പുറം മാർ ഇഗ്നാത്തിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ മദ്ബഹായിൽ കയറി ഇരുന്നു പ്രാർത്ഥിച്ചു തുടങ്ങിയതാണ് വിവാഹസഹായനിധി അഥവാ എം.എ.എഫ്. അടുത്ത ആഴ്ചത്തെ മനോരമ ഞായർ സപ്ലിമെന്റിൽ അദ്ദേഹത്തിന്റെ ലേഖനം പ്രസിദ്ധീകരിച്ചു. M. A. F പ്രവർത്തനം തുടങ്ങി. നല്ല മനുഷ്യരുടെ പ്രോത്സാഹനവും ഉണ്ടായി. എന്നാൽ സഭാഭക്തന്മാർ ചിലർ ദോഷങ്ങൾ പറയാതെയും ഇരുന്നില്ല. കത്തോലിക്കാ സഭയിലെപ്പോലെ സേവനത്തിന് കന്യാസ്ത്രീമഠങ്ങളാണ് ധാരാളമായി സഭയിൽ ഉണ്ടാക്കേണ്ടത് എന്നായിരുന്നു പ്രധാന ആക്ഷേപം.

ബഹു. അച്ചനു ലഭിക്കുന്ന സംഭാവന എന്നെ ഏൽപ്പിക്കും. ഞാൻ രസീതു കൊടുക്കണം. അർഹിക്കുന്ന അപേക്ഷയ്ക്കു ബഹു. അച്ചൻ നിർദ്ദേശിക്കുന്ന സഹായം കൊടുക്കണം. ഇതായിരുന്നു ബഹു. അച്ചന്റെ

നിർദ്ദേശം. സാമ്പത്തിക ഇടപാട് സുതാര്യമായിരിക്കണമെന്നതു കൊണ്ടും രാജ്യം മുഴുവനും ഇങ്ങനൊരു പ്രസ്ഥാനം വ്യാപിക്കണമെന്നുള്ള ആഗ്രഹത്തോടും തിരുവനന്തപുരത്തു ഒരു യോഗം വിളിച്ചുകൂട്ടി. ഇത് ഒരു പ്രസ്ഥാനമായി എം.എ.എഫ്. ആരംഭിച്ചു. ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ നേടാനും എല്ലാ ഇടവകകളിലും, സ്ഥലത്തും യൂണിറ്റുകൾ സ്ഥാപിക്കാനും തീരുമാനിച്ചു. സഭയിലെ ചില മേലദ്ധ്യക്ഷന്മാരും നേതാക്കളും അച്ചന്റെ പല ആശയങ്ങളോടും അനുകൂലമല്ലാത്തതുകൊണ്ട് സഭയുടെ ബന്ധം സംഘത്തിന്റെ ഭരണഘടനയിൽ രേഖപ്പെടുത്തിയില്ല. മറ്റ് ആസ്ഥാനം ഇല്ലാത്തതുകൊണ്ട് എന്റെ മേൽവിലാസമാണ് ബാങ്കിലും എല്ലായിടത്തും രജിസ്റ്റേഡ് ഓഫീസായി കാണിച്ചതും. "എം.എ.എഫ്., എസ്.എ.എഫ്. സെന്റർ" എന്നാണ് 24-8-1986-ൽ കാരുണ്യാ ഗൈഡൻസ് സെന്ററിന്റെ അടിസ്ഥാനശിലയിൽ ഞാൻ രേഖപ്പെടുത്തി വെച്ചത് (കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനസമയത്താണ് കാരുണ്യാ എന്നുകൂടി പേര് പുതിയ കല്ലിൽ കൊത്തിയത്.).

മിക്കവാറും എല്ലാ സ്ഥലങ്ങളിലും എം.എ.എഫ്. യൂണിറ്റുകൾ സ്ഥാപിതമായി. ജില്ലാതലസ്ഥാനങ്ങളിൽ വെച്ച് വാർഷിക സമ്മേളനങ്ങളും പ്രത്യേക സമ്മേളനങ്ങളും നടത്തി. സർക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും നല്ല പ്രോത്സാഹനം ലഭിച്ചു. മൂന്നും നാലും മന്ത്രിമാർ വീതം സമ്മേളനങ്ങളിൽ വന്നു സംബന്ധിക്കുമായിരുന്നു.

എം. എ. എഫ്-ന്റെ പ്രേരണയാൽ വിധവമാരുടെ പെൺമക്കൾക്കും സർക്കാർ വിവാഹസഹായം നൽകാൻതുടങ്ങി. എം.എ.എഫിൽ ആദ്യമായി ആജീവനാന്ത മെമ്പറായതു കാലംചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ആയിരുന്നു. തിരുവനന്തപുരത്തെ പാറ്റൂർ മാർത്തോമ്മാ പള്ളി ഇടവക സന്ദർശിക്കാൻ വന്നപ്പോഴാണ് ഈ സംഭവം. പിന്നീടു മാർത്തോമ്മാ സഭയിലും അവരുടെ എം.എ.എഫ്. തുടങ്ങാൻ മെത്രാപ്പോലീത്താ കല്പന പുറപ്പെടുവിച്ചു.

ആദ്യമായി വിവാഹസഹായം നൽകി വിവാഹകൂദാശ നടത്തിയത് കലയപുരം മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽപെട്ട ഒരു യുവതിയുടേതായിരുന്നു. യുവതിക്കു രണ്ടു സഹോദരിമാർ ഉണ്ടായിരുന്നു. മാതാപിതാക്കൾ മരിച്ചശേഷം ഒരാളുടെ വിവാഹം നടന്നു. മറ്റേ കുട്ടി ഇപ്പോഴും അവിവാഹിതയാണ്.

## സിക്ക് എയ്ഡ് ഫൗണ്ടേഷൻ (S. A. F)

ഈ പ്രസ്ഥാനവും ഉണ്ടായത് താഴെപ്പറയുന്ന ഒരു ദൈവിക ഇടപെടലിലൂടെയാണ്. കൊല്ലം പെരിനാടു അഷ്ടമുടി മാറാന്തോടത്തു പാപ്പ

ച്ചൻ മാവേലിക്കര സുവിശേഷാലയത്തിലെ സുവിശേഷ സംഘത്തിന്റെ ഒരു പ്രവർത്തകനായിരുന്നു.

1974-ൽ ഞാൻ ഒരു ദിവസം നാട്ടിൽ ചെന്നപ്പോൾ ഒരു പ്രാർത്ഥനാ യോഗത്തിൽ വെച്ചു പാപ്പച്ചനെ കണ്ടു. അദ്ദേഹം പൊട്ടിക്കരഞ്ഞുകൊണ്ട് തന്റെ ഏക മകൾ രോഗിണിയാണെന്നും സ്കൂളിൽ പോകുന്നില്ലെന്നും ഹൃദയസംബന്ധമായ അസുഖമാണെന്നും മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊണ്ടുപോകാൻ പണമില്ലെന്നും എന്നോടു പറഞ്ഞു. ഞാൻ അദ്ദേഹത്തെ പറഞ്ഞു ആശ്വസിപ്പിച്ചശേഷം വൈകാതെ മകളെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അക്കാലത്തു ചില ഡോക്ടർമാർക്ക് ആശുപത്രിയിൽ അഡ്മിറ്റു ചെയ്യാൻ കൈക്കൂലി കൊടുക്കേണ്ടിയിരുന്നു. കൂടാതെ ചികിത്സയ്ക്കു മുമ്പ് വീട്ടിൽ ചെന്നു വേണ്ടപോലെ കാണുകയും ചെയ്യണമായിരുന്നു. ഡോക്ടർ പി. കെ. ആർ. വാര്യർ സാർ തുടങ്ങി സത്യസന്ധരായ അനേകം നല്ല ഡോക്ടേഴ്സും ഉണ്ടായിരുന്നു എന്ന സത്യവും മറക്കാൻ പാടില്ല. മൂന്നാം ദിവസം ഈ ബാലികയെ ഡിസ്ചാർജ് ചെയ്തു. രോഗിയോട് പറഞ്ഞത് സുഖക്കേട് ഭേദമുണ്ട്. രണ്ടാഴ്ച മരുന്ന് വാങ്ങി കഴിച്ചിട്ട് വന്നാൽ മതി. ഇവർ വൈകുന്നേരം വീട്ടിൽ വന്നപ്പോൾ, ഞാൻ ഡിസ്ചാർജ് കാർഡ് എടുത്തുനോക്കി. അതിൽ രേഖപ്പെടുത്തിയിരുന്നതു ഇപ്രകാരമായിരുന്നു, “The ward is over crowded. Hence the patient is discharged to report after using the medicines for a fortnight.” സുഖക്കേട് ആർക്കാണെന്നും, എന്താണെന്നും ഞാൻ മനസ്സിലാക്കി. മരുന്നു വാങ്ങിക്കൊടുക്കുന്നതിനു പകരം ഡോ. പി. കെ. ആർ. വാര്യർ സാറിനെ കാണിച്ച് വീണ്ടും അഡ്മിഷനു നടപടി എടുത്തു. ഒരാഴ്ച കഴിഞ്ഞ് ബ്ലഡ് കൊടുക്കണം. ഏതോ ഒരു ഓപ്പറേഷൻ വേണ്ടിവരുമെന്നു പാപ്പച്ചനോടു ഡോക്ടർ പറഞ്ഞു.

മകളെ സ്ത്രീകളുടെ വാർഡിൽ പ്രവേശിപ്പിച്ചപ്പോൾ പുരുഷന്മാർക്ക് നിൽക്കാനാവില്ലെന്നറിഞ്ഞു. പാപ്പച്ചൻ എന്തുചെയ്യണമെന്നറിയാതെ നിന്നു. ലോഡ്ജിൽ മുറിയെടുക്കാനുള്ള പണം അദ്ദേഹത്തിനില്ല. ഞാൻ അദ്ദേഹത്തെ നന്ദൻകോട്ടെ എന്റെ വീട്ടിലേക്കു കൊണ്ടുപോയി. ഇങ്ങനെയുള്ളവർക്കു താമസിക്കാൻ എന്റെ വീട്ടിൽ ഒരു പ്രത്യേക മുറി ക്രമീകരിച്ചിരുന്നു.

അന്നുരാത്രി ഉറക്കത്തിൽനിന്ന് ഞെട്ടിയുണർന്ന ഞാൻ കേട്ടത് തൊട്ടപ്പുറത്തെ മുറിയിൽനിന്ന് പാപ്പച്ചായന്റെ വിലാപമാണ്. “ഏലിയാ പ്രവാചകന് കെരീത്ത് തോട്ടിൽ വെള്ളവും കാക്കയുടെ കൈയിൽ അപ്പവും കൊടുത്തയച്ച കർത്താവേ, നിന്റെ വേലക്കാരനായ എന്റെ കുഞ്ഞിന്റെ ചികിത്സയ്ക്ക് ചെലവാക്കാൻ എന്റെ കൈയിൽ ഒന്നുമില്ല. നീ കാക്കയെ

അയച്ച് എന്നെ സഹായിക്കണമേ,(1 രാജാ. 17:4) ഹാഗാറിന്റെ നിലവിളി കേട്ട് അവളുടെ കുഞ്ഞിനെ രക്ഷിച്ചതുപോലെ എന്റെ കുഞ്ഞിനെ രക്ഷിക്കണമേ."(ഉല്പ. 21:15) ആ രാത്രി മുഴുവൻ പാപ്പച്ചായൻ ഏങ്ങിയേങ്ങി കരഞ്ഞ് പ്രാർത്ഥിക്കുന്നത് ഞാനും ഭാര്യ മറിയാമ്മയും കേട്ടു.

രാവിലെ ഞാൻ പാപ്പച്ചായനെ ആശ്വസിപ്പിക്കാൻ ചെന്നു. കുറെ ദൈവ വചനങ്ങൾ കേൾപ്പിച്ചു. ഒന്നും പേടിക്കേണ്ടതില്ലെന്നും ഞാൻ പുറകെ ആശുപത്രിയിലേക്കെത്തിക്കൊള്ളാമെന്നും പറഞ്ഞ് അദ്ദേഹത്തെ യാത്ര യാക്കി. ഓഫീസിൽ ചെന്ന് അത്യാവശ്യ ഫയലുകൾ നോക്കിയിട്ട് പെട്ടെന്നിറങ്ങണമെന്നു നിശ്ചയിച്ചാണ് ഞാൻ പോയത്. മേശപ്പുറത്തെ ഫയലുകളിലേക്ക് കൈ ചെല്ലുന്നതിനു മുമ്പേ ഒരു ഫോൺകോൾ. ഐരാണി മുട്ടം മേടമുക്കിൽ ഡബ്ല്യൂ. റ്റി. തോമസാണ് വിളിക്കുന്നത്. ആർ. എം. എസിലെ ഉദ്യോഗസ്ഥനായ അദ്ദേഹത്തിന്റെ വിധവയായ അമ്മയ്ക്ക് (മറിയാമ്മ) കുറച്ചുകാലമായി രാത്രി ഉറക്കമില്ല. ആശുപത്രിയിൽ കിടക്കുന്ന നിർധനരോഗികൾക്ക് എന്തെങ്കിലും സഹായം നൽകണമെന്ന് അവർ ആഗ്രഹിക്കുന്നു. പലവട്ടം അമ്മ ഇതേക്കുറിച്ച് പറഞ്ഞെങ്കിലും ജോലി ത്തിരക്കിനിടയിൽ മകൻ അത്ര ഗൗരവമായിട്ടെടുത്തില്ല. തലേന്നു രാത്രി അവർ കുപിതയായി. അതുകൊണ്ട് രോഗികൾക്കു കൊടുക്കാനായി ഉടൻതന്നെ ഒരു തുക അവർക്ക് എന്നെ ഏൽപിക്കണമത്രേ. ഈ ദൗത്യം എന്തുകൊണ്ടാണ് അവർ എന്നെ ഏൽപിച്ചതെന്ന ചോദ്യം ഉണ്ടാവാം. അതിനുള്ള പ്രധാന കാരണം ഞാൻ മുൻകൈയെടുത്തു നടത്തിവന്ന ചില ആതുരസേവനങ്ങളായിരുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ഡോക്ടർമാരുടെ സഹായത്തോടെ, ഉപയോഗിക്കാത്ത മരുന്നുകൾ പള്ളിയിൽ സമാഹരിച്ച് രോഗികൾക്ക് വിതരണം ചെയ്യുക, രോഗ നിവാരണത്തിനായി ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക തുടങ്ങിയവയായിരുന്നു പ്രവർത്തനങ്ങൾ. ആർക്കും സാമ്പത്തികബാധ്യത വരാത്ത രീതിയിലുള്ള സേവനം.

1965-66 കാലത്തു ദേവാലയത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സെന്റ് ജോർജ് അസോസിയേഷൻ നോൺസ്റ്റുഡന്റ് സെക്രട്ടറി ഞാൻ ആയിരുന്നു. 1965-66-ൽ ഈ അസോസിയോഷനെ ഞാൻ M. G. O. C. S. M-ന്റെ യൂണിറ്റായി രജിസ്റ്റർ ചെയ്തു മാറ്റി. അക്കൊല്ലം സഭയിലെ 'Best Unit' പ്രൈസ് നേടി. അന്നു മുതൽക്കാണ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു ശാഖ തിരുവനന്തപുരത്തു ആദ്യമായി പ്രവർത്തിക്കുന്നത്.

1977-78-ൽ തിരുവനന്തപുരത്തു പുതിയ കോളജുകൾ പ്രവർത്തിക്കുന്നതുകൊണ്ട് എന്നെ മേഖലാപ്രസിഡന്റാക്കി. 29-12-77-ൽ M. G. O. C. S. M-ന്റെ 69-ാമത്തെ ഇന്റർ നാഷണൽ ആന്വൽ കോൺഫ്രൻസും പുതി

യതായി പണിത സ്റ്റുഡൻസ് സെന്റർ ഉത്ഘാടനവും നടത്തി. ഞാൻ ആയിരുന്നു ജനറൽ കൺവീനറും ചടങ്ങിനു സ്വാഗതമരുളിയതും. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസ്തുത ആതുരസേവനം സജീവമാക്കാൻ സാധിച്ചു. ഞായറാഴ്ചകളിലെ മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നത് വട്ടപ്പാറ കേന്ദ്രീകരിച്ചായിരുന്നു. ഇന്നത്തെപ്പോലെ സ്വകാര്യ ആശുപത്രികളൊന്നും ഇല്ലാത്ത അന്ന് ധാരാളം സാധുക്കൾ ആ ക്യാമ്പിൽ വന്ന് ചികിത്സ തേടിയിരുന്നു. മെഡിക്കൽ കോളജിലെ പി. ജി. വിദ്യാർത്ഥികളും സഭാംഗങ്ങളായ ഡോക്ടർമാരുമാണ് ക്യാമ്പിലെത്തുന്ന രോഗികളെ പരിശോധിച്ചത്. മരുന്നുകളെല്ലാം സൗജന്യമായി നൽകിപ്പോന്നു. മനസ്സിൽ നന്മസൂക്ഷിക്കുന്ന കുറെ മനുഷ്യർ ഈ ക്യാമ്പിന്റെ നടത്തിപ്പിനായി കൊച്ചുകൊച്ചു സംഭാവനകൾ നൽകിവന്നു. തോമസിന്റെ അമ്മ (മറിയാമ്മ) മെഡിക്കൽ ക്യാമ്പിനെക്കുറിച്ച് മനസ്സിലാക്കിയിരിക്കണം. ഇടവകാംഗങ്ങൾക്കിടയിൽ ഈ പ്രവർത്തനങ്ങൾ ചർച്ചയായിട്ടുണ്ടായിരുന്നു.

തലേന്നു രാത്രി എന്റെ വീട്ടിൽ നടന്ന കാര്യം – പാപ്പച്ചായന്റെ കരച്ചിലും പ്രാർത്ഥനയും – ഞാൻ തോമസുമായി പങ്കുവെച്ചു. അതേ രാത്രിയിൽ തന്നെയാണല്ലോ തന്റെ അമ്മച്ചിക്ക് അങ്ങനെയൊരു ദർശനമുണ്ടായതെന്ന് തോമസും ഓർത്തു. ദൈവത്തിന്റെ ഇടപെടലാണിതെന്ന് ഞങ്ങൾക്കു രണ്ടുപേർക്കും ബോധ്യമായി. രണ്ടുപേരുടെ വിളികളും ഒരാളുടെ കാതിലെത്തിയത് അതിലേറെ വലിയ അത്ഭുതം. എനിക്ക് ഏറ്റവും കൂടുതൽ അടുപ്പമുണ്ടായിരുന്ന എം. വി. ജോർജ് അച്ചനോട് (ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ബിഷപ്പാവുന്നതിനു മുമ്പ്) ഈ വിവരം ഞാൻ അറിയിച്ചു. മാവേലിക്കരയിൽനിന്ന് അദ്ദേഹം ഉടൻതന്നെ തോമസിന്റെ വീട്ടിലെത്തി അമ്മച്ചിയെ കണ്ടു. "ഇത് ദൈവത്തിന്റെ ഇടപെടലാണ്. ദൈവം പാപ്പച്ചന്റെ നിലവിളി കേട്ടു എന്നതിന് തെളിവാണ് അമ്മച്ചിക്കുണ്ടായ ദർശനം." ജോർജച്ചൻ ഇതു പറയുമ്പോൾ തോമസിന്റെ അമ്മച്ചി കണ്ണുതുടയ്ക്കുന്നുണ്ടായിരുന്നു. അന്നു ആ വീട്ടിൽ രൂപംകൊണ്ടതാണ് 'ആതുരസഹായനിധി' (സിക്ക് എയ്ഡ് ഫൗണ്ടേഷൻ SAF). ഒസ്താത്തിയോസ് തിരുമേനി തിരുവനന്തപുരത്തു വരുമ്പോഴെല്ലാം ഈ അമ്മയെ കണ്ട് പ്രാർത്ഥിച്ചിട്ടേ മടങ്ങാറുള്ളായിരുന്നു. ഈ സംഭവം 1975-ൽ പ്രസിദ്ധീകരിച്ച എസ്.എ.എഫ്-ന്റെ വാർഷിക റിപ്പോർട്ടിൽ സെക്രട്ടറി ഡോ. എം. വി. ജോർജ്, പാപ്പച്ചന്റെയും മകൾ സാറാമ്മയുടേയും ഫോട്ടോസഹിതം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിനു ശേഷം ആ അമ്മച്ചിയുടെ മക്കൾക്കു ലഭിച്ച അനുഗ്രഹങ്ങൾ വർണ്ണനാതീതമാണ്.

തോമസിന്റെ അമ്മച്ചിയെപ്പോലെ കരുണയുള്ളവരുടെ സഹായങ്ങൾ

പാപ്പച്ചനെപ്പോലുള്ളവർക്ക് എത്തിച്ചുകൊടുക്കുക എന്ന നിയോഗം എങ്ങനെയോ എന്നിൽ അർപ്പിതമായി. ഇത്രയുംകാലം സാമൂഹ്യ-ആത്മീയ മേഖലകളിൽ ഞാൻ നടത്തിയിട്ടുള്ള കൊച്ചുകൊച്ചു സേവനങ്ങൾക്ക് കിട്ടിയ സമ്മാനമാണ് ആ നിയോഗമെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം തോമസിന്റെ അമ്മ മറിയാമ്മ രോഗികളെ സഹായിക്കാനായി പണം ഏൽപിച്ചത് ടി. ജെ. അലക്സാണ്ടർ എന്ന വ്യക്തിയെയാണ്. തന്നെ മറ്റുള്ളവർ കണ്ണടച്ചു വിശ്വസിക്കുന്നു എന്ന തിരിച്ചറിവ് നൽകുന്ന ആത്മസംതൃപ്തിയാണ് ഏറ്റവും വലിയ അംഗീകാരമെന്ന് ഞാൻ കരുതുന്നു. ഡബ്ല്യൂ. റ്റി. തോമസും അമ്മയും ഇന്ന് ജീവിച്ചിരിപ്പില്ല. തോമസിന്റെ മക്കളെല്ലാവരും ഉന്നത ഉദ്യോഗസ്ഥരാണ്. ഒരു മകൾ റോസമ്മ പി.ഡബ്ല്യൂ.ഡി. യിൽ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ ആണ്.

ഇതൊക്കെയാണെങ്കിലും പണം ഒരു വ്യക്തിയിലൂടെ വരുകയും പോവുകയും ചെയ്യുന്നതിനെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും ആരോപണമുന്നയിച്ചാൽ അത് വിനയാകുമെന്ന് എനിക്കു അറിയാമായിരുന്നു. വടി കൊടുത്ത് അടി വാങ്ങുക എന്ന അനുഭവം ഉണ്ടാകരുതല്ലോ. കോട്ടയത്തു ചെന്ന് എം. വി. ജോർജച്ചനുമായി ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. 1975-ൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 'സിക്ക് എയ്ഡ് ഫൗണ്ടേഷൻ' (SAF) രജിസ്റ്റർ ചെയ്തു. സംഭാവനകൾക്കും സഹായവിതരണത്തിനും ചാർട്ടേർഡ് അക്കൗണ്ടന്റ് നിർദ്ദേശിക്കുന്ന പ്രകാരം കൃത്യമായ കണക്കു വച്ചു. സഹായധനം ആരു നൽകിയാലും അതിനു രശീത് കൊടുക്കുന്നു. പൊതുയോഗം പാസ്സാക്കി ഓഡിറ്റ് ചെയ്ത കണക്കും വിവരങ്ങളും അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നു. കമ്മറ്റി ഒരാൾക്കും സഹായം നൽകാൻ തീരുമാനിച്ചാൽ പ്രസിഡന്റ് തിരുമേനിയെ കൂടാതെ സെക്രട്ടറിയോ ട്രഷററോ ഒപ്പിട്ട ചെക്കുവഴിയാണ് വിതരണം നടത്തുന്നത്. യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്താനായി ഡോക്ടർമാരുമായി കൈകോർത്തു. പ്രതിവർഷം പത്തുലക്ഷം രൂപയോളം സ്വരൂപിക്കാനും രോഗികൾക്ക് വിതരണം ചെയ്യാനും ഫൗണ്ടേഷനു കഴിയുന്നുണ്ട്.

നിർധനരായ എസ്.എ.എഫ്. രോഗികളെപ്പോലെ തന്നെ ഗൗരവമായി കാണേണ്ടതാണ് നിർധനരായ യുവതികളെയുമെന്ന് ദൈവം ഒരിക്കൽ എന്നെ ധരിപ്പിച്ചു. പെരിനാട്ടിലെ എന്റെ വീടിനടുത്ത്, രണ്ടു കാലുകളും നഷ്ടപ്പെട്ട ഒരു കുടുംബനാഥന്റെ കണ്ണീരാണ് 'വിവാഹസഹായനിധി' എന്ന പ്രസ്ഥാനത്തിന് പിന്നിലുള്ളത്. അദ്ദേഹത്തിന്റെ മകൾ വിവാഹപ്രായമെത്തിയപ്പോൾ, ഒരു അച്ഛന്റെ കടമ നിറവേറ്റാനാവാതെ നിസ്സഹായനായ ആ മനുഷ്യൻ കണ്ണീരൊഴുക്കുന്നതു ഞാൻ കണ്ടു. അന്ന് ഞാനൊരു വിദ്യാർത്ഥിയായിരുന്നു. എന്തെങ്കിലും ചെയ്യാനുള്ള സാമ്പത്തികശേഷി എനിക്കില്ല. എങ്കിലും അപ്പച്ചനെ കാര്യങ്ങൾ പറഞ്ഞു ധരി

പ്പിക്കാൻ എനിക്കായി. എന്നെ ഏറ്റവും കൂടുതൽ വേദനിപ്പിച്ചത് വിവാഹസമയത്ത് ആ പെൺകുട്ടിയോടു സഭ ചെയ്ത കടുംകൈയാണ്. അതേക്കുറിച്ച് ഓർക്കുമ്പോൾ ഇന്നുമെന്റെ സിരകളിൽ രക്തം തിളയ്ക്കും. പള്ളിക്കു വരുമാനം കൊടുക്കാതെ വിവാഹക്കുറി കൊടുക്കാൻ പള്ളി അധികൃതർക്ക് കഴികയില്ല അവർ വ്യക്തിപരമായി ചെയ്യുന്ന തെറ്റല്ല, സഭയുടെ പ്രവർത്തനശൈലിയാണ് കാരണം. വധുവിന്റെ പള്ളിയിൽ നിന്നും കുറി കിട്ടാതെ വരന്റെ ഇടവകയിൽ വിവാഹം നടത്താൻ സമ്മതിക്കുകയുമില്ല. കാശു തരാനില്ലെങ്കിൽ കൈയിൽ കിട്ടുന്നത്.... കപ്യാരും മറ്റും അവരുടെ വീട്ടിൽച്ചെന്ന് ഓട്ടുവിളക്കു മുതൽ ചീനച്ചട്ടിവരെ പെറുക്കിയെടുക്കുന്നവരുണ്ട്. ദൈവമേ! ഞാൻ അതറിഞ്ഞ് തരിച്ചുനിന്നുപോയി. ഈ ചെയ്യുന്നത് ദൈവനീതിയോ? ഇതു വെറും കാട്ടുനീതിയല്ലേ? ആ സംഭവം ഒരു കനലായി നിരന്തരം മനസ്സിൽ എരിഞ്ഞുകൊണ്ടിരുന്നു.

ക്രിസ്തീയസഭകളുടെ ഇന്നത്തെ ഈ പ്രവർത്തനശൈലിയിൽ മാറ്റം വരുത്തണമെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന പല സഭാപണ്ഡിതന്മാരും ഫ്രാൻസിസ് മാർപാപ്പ ഉൾപ്പെടെ അനേകം സഭാതലവന്മാരും ഇപ്പോൾ തുറന്നുപറയുന്നുണ്ട്. ദൈവിക ശുശ്രൂഷകൾക്കും പ്രതിഫലം വാങ്ങിയാൽ "രക്ഷ ദൈവത്തിന്റെ ദാനം അതു സൗജന്യമായി കൊടുക്കുവാനുള്ളതാണെന്ന കാതലായ ക്രിസ്തീയ അടിസ്ഥാന വിശ്വാസത്തിനു എതിരാണെന്നും അപ്പോൾ അതു കൂദാശ ഉൾപ്പെടെ എല്ലാം കച്ചവടച്ചരക്കായി മാറുമെന്നും" ഫ്രാൻസിസ് മാർപാപ്പ അടക്കമുള്ളവർ ഇന്നു പരസ്യമായി പ്രഖ്യാപിക്കുന്നു. പള്ളികളിൽ അതു സൗജന്യമായി കൊടുക്കാതെ കടകളിലെപ്പോലെ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ച് കൂദാശകൾക്ക് ഫീസ് ഈടാക്കുന്ന പള്ളിച്ചുമതലക്കാരെ അവർ പുരോഹിതരാണെങ്കിലും അയ്മേനികളാണെങ്കിലും മത്തായി 18:6-ൽ പറയുന്നതു പോലെ 'അവരുടെ കഴുത്തിൽ കല്ല് കെട്ടി അവരെ കടലിൽ താഴ്ത്തണമെന്നാണ്' അദ്ദേഹം പറഞ്ഞിരിക്കുന്നത്.

ഇങ്ങനെ എത്ര കുടുംബങ്ങൾ! പുര നിറഞ്ഞുനിൽക്കുന്ന എത്ര പെൺകുട്ടികൾ! അവർ അങ്ങനെ നിൽക്കേണ്ടിവരുന്നത് അവരുടെ കുറ്റംകൊണ്ടല്ല. വ്യവസ്ഥിതിയുടെ ഇരകളാണല്ലോ, ആര് ഈ വ്യവസ്ഥിതിക്കു അറുതി വരുത്തും? ഈ ചിന്ത എന്റെ ഉറക്കം കെടുത്തി. 'വിവാഹസഹായനിധി' (മാര്യേജ് എയ്ഡ് ഫൗണ്ടേഷൻ - MAF) കൂടി രൂപീകരിക്കണമെന്നുറപ്പിച്ചു (1975 ജൂൺ 1-ന് കൂറിലോസ് തിരുമേനി നൽകിയ ആദ്യത്തെ സംഭാവനയോടുകൂടി SAF ഫൗണ്ടേഷൻ ഔപചാരികമായി പ്രവർത്തനമാരംഭിച്ചിരുന്നു.) ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഇന്നുവരെ ആരുടെയും മുന്നിൽ ഞാൻ പണം ചോദിച്ചിട്ടില്ല. ദൈവം ഇടപെട്ട് പണം എന്റെ കൈകളിൽ എത്തിച്ചു തരുന്നതു പ്രസിഡന്റ് തിരുമേനിയും

കമ്മറ്റിയും അനുവദിക്കുന്നവർക്കു തിരുമേനി ഒപ്പിട്ട ബാങ്കുചെക്കുകൾവഴി വിനിയോഗിക്കുന്നു. കണക്ക് പ്രസിദ്ധീകരിക്കും. ഒരു കാര്യവും ഒറ്റയ്ക്കു ചെയ്കയില്ല. പൊതുയോഗവും പ്രസ്ഥാനവുമാണ് ചിലവാക്കുന്നത്. പ്രധാന വരുമാനം തിരുമേനിക്കു കിട്ടുന്ന കൈമുത്തു സംഖ്യയായിരുന്നു.

“ധനവാനേ ബലവാനേ, നീ ലാസറിനെ കൈവെടിയല്ലേ” എന്ന ആഹ്വാനം നമ്മുടെ ആളുകളുടെ ഹൃദയങ്ങളിൽ കൊണ്ടുകയറുന്നവിധത്തിൽ വ്യാഖ്യാനിക്കാൻ മാർ ഒസ്താത്തിയോസ് തിരുമേനിക്ക് സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രവർത്തനശൈലിയും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ദൈവം എല്ലാവർക്കും ഒരുപോലെയാണ് കഴിവുകൾ കൊടുത്തത്. എന്നാൽ ചിലർ തങ്ങളുടെ കഴിവുകൾ തിരിച്ചറിയുന്നില്ല. ധനത്തിന്റെ കാര്യത്തിലും മറിച്ചല്ല. ചിലർക്ക് അത് വേണ്ടപോലെ ഉപയോഗിക്കാനറിയില്ല. അവരുടെ തലമുറകൾ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കുകയും ചെയ്യും. അത് ആരുടെയും കുറ്റമല്ലല്ലോ. അതിനാൽ ദൈവം ഏറെ അനുഗ്രഹിച്ചവർ പാവപ്പെട്ടവന്റെ കണ്ണീരു കാണാൻ തയ്യാറാകണം. തിരുമേനി എപ്പോഴും ആവർത്തിക്കാറുള്ള വാക്കുകളാണിത്. ആർത്തിപിടിച്ച് വാരിക്കൂട്ടുന്നതൊന്നും ശാശ്വതമല്ലെന്ന് അദ്ദേഹം സദാ ഓർമ്മപ്പെടുത്തുകയും ചെയ്യുമായിരുന്നു.

രോഗം ആരെയും ആക്രമിക്കാം. മരുന്നുകൊണ്ട് എല്ലാ രോഗവും ഭേദപ്പെടുന്നില്ല. അതിനാൽ ആരോഗ്യത്തോടെ നടത്തുന്ന ദൈവത്തോട് നാം കടപ്പെട്ടിരിക്കുന്നു. ഏതെങ്കിലുമൊരു രോഗിക്ക് സഹായമെത്തിച്ചുകൊണ്ട് ആ കടപ്പാട് നാം പ്രകടിപ്പിക്കണം. പ്രാർത്ഥനായോഗങ്ങളിലും മറ്റും ഈ ദൈവവചനങ്ങൾ ഓർമ്മപ്പെടുത്താറുണ്ട്. ആളുകൾ അതുൾക്കൊള്ളുന്നുണ്ടെന്നതിന് തെളിവായിരുന്നു അവർ എത്തിച്ചുതരുന്ന കൊച്ചുകൊച്ചു സംഭാവനകൾ. ആയിരക്കണക്കിനു രോഗികൾക്ക് ആശ്വാസമേകാനും നിർധന യുവതികളുടെ വിവാഹം നടത്തിക്കൊടുക്കാനും ഈ പ്രസ്ഥാനങ്ങൾക്കു സാധിച്ചത് ഇത്തരം സംഭാവനകൾകൊണ്ടു മാത്രമാണ്.

SAF, MAF എന്നീ ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാ ജില്ലാകേന്ദ്രങ്ങളിലും സഭയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ദൈവം ചിലരുടെ കൈകളിൽ ഏൽപിച്ച സമ്പത്ത് മറ്റുള്ളവർക്കു കൊടുക്കാതെ കൈയടക്കിവെയ്ക്കുന്നത് പാപമാണെന്ന് സഭാജനങ്ങളെ ബോധവൽക്കരിച്ചു. സമ്പത്തിന്റെ ഈ വിതരണത്തെക്കുറിച്ചാണ് ക്രിസ്തുവും ബുദ്ധനും മാർക്സും നമ്മളോടു പറഞ്ഞിട്ടുള്ളത്. പറഞ്ഞ രീതികളിൽ മാത്രമേ വ്യത്യാസമുള്ളു. സോഷ്യലിസം അടിച്ചേൽപ്പിക്കാൻ പറ്റുന്ന ഒന്നല്ല, അതിന് മനുഷ്യന്റെ മാനവികതലം ഉണരണം. ആദിമസഭയിൽ സമത്വം ആയിരുന്നു പ്രവർത്ത

നശൈലി. മുട്ടുള്ളവർ ആരും സഭയിൽ ഉണ്ടായിരുന്നില്ല. അപ്പോ. പ്ര. 4:34, 2:44, സ്വർഗ്ഗം കൊടുത്തതുപോലെ സഭയിൽ സമത്വം വേണമെന്നാണ് സഭ പഠിപ്പിച്ചത് (വായിക്കുക. 2 കൊരി. 8:13, യാക്കോ. 1:27, 2:16-20). അതാണ് യഥാർത്ഥ ദൈവഭക്തിയെന്നും ശരിയായ സഭ (True religion) എന്നുമാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ഇതു സഭയുടെ ശൈലിയായിരുന്നു.

മന്ത്രിമാരെയും സാംസ്കാരികരംഗത്തെ പ്രമുഖരെയുമൊക്കെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ ബോധവൽക്കരണ പരിപാടികൾക്ക് നല്ല പ്രതികരണമുണ്ടാക്കാനായി. പള്ളിയുടെ വരുമാനം ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കണമെന്നുള്ള പൊതുബോധം സഭാസമൂഹത്തിൽ ഉണ്ടായത് അതിനുള്ള ഏറ്റവും വലിയ തെളിവാണ്.

ഈ പ്രസ്ഥാനങ്ങളുടെ ജനസമ്മിതി നാൾക്കുനാൾ വർദ്ധിച്ചുവന്നപ്പോൾ അതിനൊരു പൊതുഇടം ഉണ്ടാകേണ്ടത് അത്യാവശ്യമായി വന്നു. സഭയും സഭാംഗങ്ങളും ഇത്രയേറെ പിൻതുണ നൽകുന്ന ഒരു പ്രസ്ഥാനം സഭയുടെ കീഴിൽതന്നെ നിലകൊള്ളുന്നതാണ് നല്ലതെന്ന് സഭയ്ക്കു തോന്നി. സഭ SAF, MAF പ്രസ്ഥാനങ്ങൾ സ്വയമേ ഏറ്റെടുത്തുകല്പന പുറപ്പെടുവിച്ചു. അങ്ങനെ രോഗികൾക്കുവേണ്ടിയുള്ള ഒരു ഗൈഡൻസ് സെന്ററിന്റെ പ്രൊപ്പോസലുമായി ഞാൻ മാനേജിംഗ് കമ്മിറ്റിയെ സമീപിച്ചു. പക്ഷേ, സഭാമേലദ്ധ്യക്ഷന്മാർക്കും നേതാക്കൾക്കും ആദ്യമത് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. പിന്നീട് അന്നത്തെ ബാവാ തിരുമേനി മാത്യൂസ് പ്രഥമൻ എന്നെ പഴയസെമിനാരിയിലേക്ക് വിളിച്ചു. സുന്നഹദോസ് അവിടെയാണ് കൂടിയിരുന്നത്. ഞാൻ പ്രൊപ്പോസലുമായി ചെന്ന് അദ്ദേഹത്തെ കാര്യങ്ങൾ ധരിപ്പിച്ചു. ബാവാ തിരുമേനി ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്തു. എന്നെ സുന്നഹദോസിൽ വിളിച്ചുവരുത്തി. ജീവകാരുണ്യമേഖലയിലേക്ക് ചുവടുവെയ്ക്കാനുള്ള തീരുമാനവുമായാണ് ആ സുന്നഹദോസ് പിരിഞ്ഞത് (ഇതിനെക്കുറിച്ച് 10-10-86 -ൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ "മലങ്കരസഭ" എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്.).

**MAF- SAF ഗൈഡൻസ് സെന്റർ**

രോഗികൾക്കായി ഒരു ഗൈഡൻസ് സെന്റർ എന്ന പ്രൊപ്പോസൽ 1986-ൽ യാഥാർത്ഥ്യമായി. നൂറുകണക്കിനു രോഗികൾക്ക്, പ്രത്യേകിച്ച് കാൻസർ രോഗികൾക്ക് ഭക്ഷണവും താമസവും സൗജന്യമായി നൽകുന്ന ഉള്ളൂരിലെ 'കാരുണ്യ ഗൈഡൻസ് സെന്ററും' അഗതികൾക്കായി പണ്ടു സ്ഥാപിച്ച കട്ടേലയിലെ 'വിശ്രാന്തി ഭവനും' (1992-ൽ സ്ഥാപിതമായി) തുടങ്ങാനുള്ള അടിത്തറയൊരുക്കിയത് മുമ്പേ തുടങ്ങിയ ആ രണ്ട്

എളിയ പ്രസ്ഥാനങ്ങൾ (SAF, MAF) ആയിരുന്നു. ഇന്ന് ജീവകാരുണ്യ മേഖലയിൽ മലങ്കര ഓർത്തഡോക്സ് സഭ ഇത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുമ്പോൾ ആ വഴിക്ക് സഭയുടെ ശ്രദ്ധ കൊണ്ടുവരാൻ സാധിച്ചു എന്നതിൽ അഭിമാനമുണ്ട്. ഹൃദ്രോഗിയായ സാറാമ്മയുടെ പിതാവ് പാപ്പച്ചനും കാലുകളില്ലാത്ത ഒരു പിതാവിന്റെ മകൾ തങ്കമ്മയുമാണ് ഇതിന്റെയൊക്കെ പിന്നിലെ പ്രേരകശക്തി എന്നതും വിസ്മരിക്കാനാവില്ല.

ചികിത്സ കഴിഞ്ഞ് ആ യുവതി ഏറെക്കാലം ആരോഗ്യത്തോടെ ജീവിച്ചു. നൊന്തു വിളിച്ചാൽ ദൈവം ഉടനെ തന്നെ ഉത്തരമരുളുമെന്ന് ഒരിക്കൽക്കൂടി ഞാൻ മനസ്സിലാക്കിയത് പാപ്പച്ചായനിൽ നിന്നാണ്. ഹൃദയം പിളരുന്ന വേദനയുമായി കൗൺസിലിങ്ങിന് എന്റെ മുന്നിലെത്തുന്ന അനേകർക്ക് ആശ്വാസമേകാനാകുന്നത് ദൈവം എന്നെക്കൊണ്ട് പറയിപ്പിക്കുന്ന വചനങ്ങളും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുമാണ്. അവരെ അലട്ടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകാൻ ബൈബിൾ അവതരിപ്പിക്കുന്ന വചനം മാത്രം പഠിച്ചാൽ മതി. വചനം അയച്ചാണ് ദൈവം പലപ്പോഴും സൗഖ്യം നൽകുന്നത്. സങ്കീ. 107:20, 105:37. ആ തത്വങ്ങളുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാവണമെങ്കിൽ ദൈവത്തിങ്കലേക്ക് നാം അത്രമേൽ അടുക്കേണ്ടിയിരിക്കുന്നു. നിസ്വാർത്ഥമായ മനസ്സും ഏകാഗ്രതയും അതിനാവശ്യമാണ്. ധ്യാനമാണ് ഏകാഗ്രതയ്ക്കുള്ള മാർഗ്ഗം. ഓരോ ധ്യാനവും പുതിയ ദർശനങ്ങൾ നൽകുന്നു. തപസ്സിലൂടെയാണല്ലോ മുനിമാർക്ക് ദർശനങ്ങൾ ലഭിച്ചത്. വെല്ലൂർ മെഡിക്കൽ കോളജിലെ പഠനവും ഇതിനു സഹായിക്കുന്നു. ഓരോ പള്ളിയോടും ചേർന്നു ഒരു ധ്യാനകൗൺസലിംഗ് കേന്ദ്രം ഉണ്ടാകണം. ഈ ആശയം നടപ്പിലാക്കാനാണ് ദുഃഖിതർക്ക് ഗൈഡൻസ് സെന്ററിലെപ്പോലെ സൗജന്യമായി താമസിച്ച് കൗൺസലിംഗ്/ധ്യാനവും കൂടാൻ 10 മുറികളുള്ള താബോർ ധ്യാനകേന്ദ്രവും ഹെൽപ്പ്ലൈനും നന്ദൻകോട് പള്ളിയോടു ചേർന്ന് തുടങ്ങിയത്. 10 പേർ പണിയിച്ചതാണ്, അതിൽ ഒന്ന് ഉമ്മൻ ചാണ്ടിയുടെ ഭവനമാണ്.

ഒരു ഗൃഹസ്ഥനായിരിക്കെ തന്നെ ദൈവമാർഗ്ഗത്തിലൂടെ സഞ്ചരിച്ച എനിക്ക് ജീവിതത്തിന്റെ സായാഹ്നത്തിലാണ് സഭ പൗരോഹിത്യം നൽകിയത്. ഇതും ദൈവത്തിന്റെ ഇടപെടലാണെന്ന് ഞാൻ വിശ്വസിക്കുന്നു. 1993-ൽ പ. ബാവാ തിരുമേനി ഹൃദയശസ്ത്രക്രിയയ്ക്കു അമേരിക്കയിൽ ആയിരുന്നപ്പോൾ അദ്ദേഹത്തിനുണ്ടായ ഉൾപ്രേരണയാണ് 5-2-93-ലെ കല്പന. സഭയിൽ കൂടുതൽ പരിഷ്കരണങ്ങൾക്കു ശ്രമിച്ചാൽ സഭയിൽ കൂടുതൽ ശത്രുക്കളെ സമ്പാദിക്കേണ്ടതായി വന്നേക്കാം. അതിനാൽ പൗരോഹിത്യജീവിതത്തിലെ എന്റെ പ്രവർത്തനശൈലിക്ക് ഞാൻ മാറ്റം

വരുത്തേണ്ടിവന്നു. ധ്യാനം, കൗൺസിലിങ്ങ്, ജീവകാരുണ്യപ്രവർത്തന ങ്ങൾ എന്നിവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടു പോകുന്നു.

ഈ പ്രായത്തിലും അച്ചന് എങ്ങനെയാണ് ആത്മീയതയും സാമൂ ഹ്യസേവനവും കുടുംബവും വിഘാതമില്ലാതെ മുന്നോട്ടു കൊണ്ടു പോകാൻ കഴിയുന്നതെന്ന് പലരും എന്നോടു ചോദിക്കാറുണ്ട്. ആത്മീ യജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് ബാല്യത്തിൽതന്നെ നയിച്ച സ്ലീബാ ദാസനെയും നിസ്വാർത്ഥമായ പ്രവർത്തനശൈലിയിലൂടെ ഉദാത്തമായ മാതൃക കാണിച്ചുതന്ന, പാവങ്ങളുടെ ഇടയൻ മാർ ഒസ്താത്തിയോസ് തിരുമേനിയെയും മോറാൻ മാർ മാത്യൂസ് ദ്വിതീയൻ ബാവായെയും ആദർ ശങ്ങളിൽ എങ്ങനെ ഉറച്ചുനിൽക്കാമെന്ന് പഠിപ്പിച്ച മാതാപിതാക്കളേയും കഴിഞ്ഞ് ലളിതജീവിതം നയിച്ച പത്രോസ് മാർ ഒസ്താത്തിയോസ് തിരു മേനിയേയുമാണ് ഞാൻ ജീവിതത്തിൽ മാതൃകയാക്കിയത്. അവരുടെ സ്വാധീനത്താൽ രൂപപ്പെട്ടതാണ് എന്റെ പ്രവർത്തനശൈലി. അതിനാൽ എനിക്ക് എന്നെ തെല്ലും സംശയമില്ല. മറ്റുള്ളവർ എന്നെ വിശ്വസിക്കാ നുള്ള കാരണവും അതുതന്നെയാവാം. ആ വിശ്വാസമാണ് എന്നെ കൂടു തൽ കർമ്മനിരതനാക്കുന്നത്. ആരുടേയും സാമ്പത്തികസഹായമോ പ്രതിഫലമോ ഞാൻ സ്വീകരിച്ചിട്ടില്ല. വ്യക്തിപരമായി ഞാൻ ഭയന്നു മടിച്ചു മാറിനിന്നു. അവസാനം 1997-ൽ വഴങ്ങി അനുസരിച്ചു. പട്ടം ഏറ്റു.

ഫാ. എം. വി. ജോർജ് മെത്രാച്ചനായി 1976-ൽ വന്നപ്പോൾ സിക്ക് എയ്ഡ് ഫൗണ്ടേഷന്റെ ഔപചാരിക ഉദ്ഘാടനം 27-6-1976-ൽ മന്ത്രിമാരു ടെയും ഡോക്ടർമാരുടെയും സാന്നിധ്യത്തിൽ നടത്തി. അന്ന് എൻ. കെ. ബാലകൃഷ്ണനായിരുന്നു ആരോഗ്യമന്ത്രി. കോട്ടയം റീജന്റെ ഉത്ഘാ ടനം 10-10-70-ലും മന്ത്രി നടത്തി.

മരുന്നില്ലാത്തതുകൊണ്ട് ഒരു രോഗിയും മരിക്കരുതെന്ന കാര്യം മിക്ക വാറും എല്ലാ മെഡിക്കൽ കോളജുകളിലെയും ഡോക്ടർമാരെ അറി യിച്ചു. കോട്ടയം മെഡിക്കൽ കോളജിൽ ഡോ. കെ. പി. പൗലോസ്, ഡോ. എൽസി ഫിലിപ്പ്, ഡോ. കെ. സി. മാമ്മൻ കോലഞ്ചേരി, ഡോ. ജേക്കബ് പുല്ലോലിക്കൽ, ഡോ. ജോസഫ് കങ്ങഴ തുടങ്ങിയവരായിരുന്നു ഈ പ്രസ്ഥാനവുമായി കൂടുതൽ സഹകരിച്ചവർ. ഇവർ ഈ വിവരം കോട്ടയത്തുള്ള എല്ലാ ഡോക്ടർമാരെയും അറിയിച്ചിരുന്നു.

കേരളം മുഴുവൻ എം.എ.എഫ്., എസ്.എ.എഫ്. ശാഖകൾ ഉണ്ട്. ശാഖ കൾ ചികിത്സയ്ക്കു എത്ര രൂപ ചിലവാക്കിയാലും കുറഞ്ഞതു അത്രയും രൂപ കൂടി കേന്ദ്രം തിരുവനന്തപുരത്തു നിന്നും നൽകുമായിരുന്നു. ഇപ്പോൾ തിരുവനന്തപുരത്തു വിശക്കുന്ന എല്ലാവർക്കും - അർഹിക്കുന്ന എല്ലാവർക്കും - ആഹാരം കൊടുക്കുന്നു. 2013 മുതൽ തിരുവനന്തപു

രത്തു എത്തുന്ന സകല യാചകരേയും പുനരധിവസിപ്പിച്ച് മൂന്നു നേരവും ഭക്ഷണം നൽകുന്ന ചുമതല സിറ്റി കോർപ്പറേഷന്റെ നിർബന്ധത്താൽ ഏറ്റെടുത്തു സൗജന്യമായി നടത്തുന്നു. ഓർത്തഡോക്സ് സഭയുടെ ബാനറിലാണ് നടത്തുന്നത്. സർക്കാരിൽ നിന്നോ സഭയിൽ നിന്നോ സഹായം വാങ്ങിയിട്ടില്ല. സാധാരണക്കാർ നൽകുന്ന സംഭാവനകൊണ്ടു മാത്രമാണ് ഈ സ്നേഹഭോജനം പദ്ധതി വിജയകരമായി നടക്കുന്നത്. വിശക്കുന്ന എല്ലാവർക്കും സ്നേഹഭോജനം നൽകുന്നു.

മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഹാർട്ട് ഓപ്പറേഷൻ സമയത്തു 16-6-1993-ൽ രൂപംകൊണ്ടതാണ് സേവ് എ ഹാർട്ട് ഫൗണ്ടേഷൻ (S.H.F). 1993-ൽ പുതുപ്പാടിയിലെ തോമസ് അച്ചൻ കിഡ്നി രോഗബാധിതനായപ്പോൾ തുടങ്ങിയതാണ്. സേവ് എ കിഡ്നി ഫൗണ്ടേഷൻ (S.K.F). ഇതു രണ്ടും എസ്.എ.എഫ്. ന്റെ കണക്കിലും റിപ്പോർട്ടിലുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രത്യേകം പ്രത്യേകം രജിസ്റ്റർ ചെയ്തിട്ടില്ല.

പ. മാത്യൂസ് പ്രഥമനും ദ്വിതീയനും എല്ലാ വിശേഷ വാർഷിക സമ്മേളനങ്ങളിലും നേതൃത്വം നൽകുമായിരുന്നു. ജനങ്ങളുടെ ആവേശവും സഹകരണവും ബോധ്യപ്പെട്ടപ്പോൾ മാത്യൂസ് പ്രഥമൻ ബാവാ 1979 ഫെബ്രുവരിയിൽ കൂടിയ സുന്നഹദോസ് തീരുമാനപ്രകാരം ഈ പ്രസ്ഥാനങ്ങൾക്കു അംഗീകാരം നൽകി ഏറ്റെടുത്തു. ആയിരമായിരം രോഗികളെയും പെൺകുട്ടികളെയും സഹായിച്ചതുകൂടാതെ സർക്കാരും, സഭയും, ഇടവകകളും മറ്റ് സ്ഥാപനങ്ങളും ഈ ആശയം ഏറ്റെടുത്തു. എസ്. എ. എഫിന്റെ മെഡിക്കൽ ക്യാമ്പിനു വരുന്ന ഡോക്ടേഴ്സിനു സ്പെഷൽ ലീവ് സർക്കാർ നൽകിയിരുന്നു. അതാണ് ഇതിന്റെ വിജയം. ഇപ്പോൾ നാനാജാതിമതസ്ഥരും ഇതു ഏറ്റെടുത്തു അവരവർ തന്നെ ഭംഗിയായി നടത്തുന്നുണ്ട്. പല ആശുപത്രികളിലും എസ്.എ.എഫിനു സൗജന്യ ബഡ്ഡുകൾ ഉണ്ട്.

## 'കാരുണ്യ' പ്രസ്ഥാനങ്ങൾ

24-8-1986-ൽ "എം.എ.എഫ്. - എസ്.എ.എഫ്. സെന്റർ" എന്ന പേരിലാണ് തറക്കല്ലിട്ട് പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി കാരുണ്യ തുടങ്ങിയത്. ഇതിനു 16 സെന്റ് സ്ഥലം ന്യായമായ വിലയ്ക്കു തന്നത് മാർത്തോമ്മാ സഭയിലെ ഒരു അംഗമാണ്. എന്റെ വീട്ടിലെ മുറിയിൽ 1965-ൽ ആരംഭിച്ചിട്ട് എം.ജി.ഒ.സി.എസ്.എം. സെന്റർ 1977-ൽ തുടങ്ങിയപ്പോൾ ഗൈഡൻസ് അങ്ങോട്ടു മാറ്റിയെങ്കിലും പല കാരണങ്ങളാൽ അവിടെ രോഗികളെയും കൂട്ടിനു വരുന്നവരേയും താമസിപ്പിക്കുന്നതിൽ അസൗകര്യങ്ങൾ ഉണ്ടായപ്പോൾ മെഡിക്കൽ കോളജിനടുത്ത് ഉള്ളൂരിൽ 3 സെന്റ് സ്ഥലം നോക്കിനടന്നു വിഷമിച്ചു. അപ്പോഴാണ് ഒരാൾ പറഞ്ഞു

കേട്ട് ഇപ്പോഴത്തെ സെന്റർ നിൽക്കുന്ന 16 സെന്റ് സ്ഥലം കണ്ടെത്തിയത്. സ്ഥലം ഉടമയായ ഡാനിയേൽ ഇടുക്കുളയും കുടുംബവും സൗദിയിലാണ്. ഒരു മകനേ ഉള്ളൂ. തിരുവനന്തപുരത്തു പഠിക്കുന്നു. സ്വന്തമായി വീടു വയ്ക്കാൻ വാങ്ങിയതാണ് ഈ 16 സെന്റ്.

ഞാൻ ആ സ്ഥലത്ത് എത്തിയപ്പോൾ എന്റെ അന്തരംഗം എന്നോടു പറഞ്ഞു, "ഇതു നിന്റേതാണ്.' 3 സെന്റ് നോക്കിനടക്കുന്ന എനിക്ക് 16 സെന്റോ? ധൈര്യംപൂണ്ടു സ്ഥലം ഉടമയെ കണ്ടു സംസാരിച്ചു. സ്ഥലം എനിക്കു തരണമെന്നു ആവശ്യപ്പെട്ടു. അദ്ദേഹം ലോകത്തില്ലാത്ത ആവശ്യങ്ങളും വിലയും പറഞ്ഞു. ഞാൻ ദൈവശബ്ദം വിശ്വസിച്ചിട്ട് എസ്.എ.എഫ്., എം.എ.എഫ്. മുതലായ പ്രസ്ഥാനങ്ങളുടെ തുടക്കം സംബന്ധിച്ചും ഗൈഡൻസ് സെന്റർ തുടങ്ങിയാൽ ഭാവിയിൽ ഇവിടെ നടത്താൻ പോകുന്ന സേവനങ്ങളും വിവരിച്ചിട്ട്, "ഈ വസ്തു ഞാൻ വാങ്ങിയിരിക്കുന്നു". പക്ഷേ, നാളെ ഞാൻ വരുമ്പോൾ അങ്ങ് പറയുന്ന വിലയ്ക്ക്, ഇന്നു ആവശ്യപ്പെട്ട വിലയല്ല; ദൈവം അങ്ങയോടു ഈ രാത്രി സംസാരിക്കും." ഈ സ്ഥലം എനിക്കു തന്നതായി പറഞ്ഞു കഴിഞ്ഞു. രാത്രിയിൽ ഞാനും മുട്ടിപ്പായി പ്രാർത്ഥിച്ചു.

അന്ന് ഇങ്ങനൊരു സ്ഥാപനം ഞാൻ തുടങ്ങിയാൽ 50,000 രൂപ തരാമെന്ന് ഇലഞ്ഞിക്കലെ ഇ. യു. ജേക്കബ് (ട്ര്യൂട്ടേഴ്സ് ലെയിൻ, തിരുവനന്തപുരം) ഉറപ്പു തന്നിരുന്നു. തെക്കൻ കേരളത്തിലെ പാലവിള ഓർത്തഡോക്സ് മിഷന്റെ പ്രസിഡന്റ് (O.M.F) അദ്ദേഹവും ഞാൻ സെക്രട്ടറിയും ആയിരുന്നു. ഗൈഡൻസ് സെന്ററിൽ അദ്ദേഹമാണ് ചാപ്പലും പണിയിച്ചത്. എല്ലാ ഞായറാഴ്ചയും രോഗികൾക്കായി അവിടെ വി. കുർബ്ബാനയും ഉണ്ടായിരിക്കുമെന്നു അദ്ദേഹത്തിനു വാക്കും കൊടുത്തിരുന്നു.

പിറ്റേദിവസം വസ്തുഉടമയെ കാണാൻ പോകുന്നതിനു മുമ്പ് അന്ന് ദീയസ്കോറോസ് തിരുമേനിയുടെ ശെമ്മാശനായിരുന്ന സാം ശെമ്മാശ്ശനെ കൂടി കൂട്ടിക്കൊണ്ടുപോയി, സാക്ഷിയായിരിക്കാൻ (അദ്ദേഹം ഇന്നു ഒരു മെത്രാച്ചനാണ്). ഇല്ലെങ്കിൽ കക്ഷി പിൻവാങ്ങിയെന്നു പറഞ്ഞേക്കാം. ഞങ്ങൾ അദ്ദേഹത്തെ കണ്ടഉടനെ വസ്തുവിന്റെ പ്രമാണം അദ്ദേഹം തന്നു. അതിൽ വാങ്ങിയ വില ഉണ്ട്. അതു മതി. ഭാര്യ ഗ്രേസ് ഇടുക്കുളയും ഭർത്താവും അതിൽ 49,000 രൂപ വീതം സംഭാവന കഴിച്ചിട്ട് തന്നാൽ മതി എന്നും പറഞ്ഞു. ദൈവത്തിനു സ്തുതി. ബാക്കി രൂപ എങ്ങനെ പെട്ടെന്ന് ഉണ്ടാക്കി എന്നു ഞാൻ വിവരിക്കുന്നില്ല (പി. എഫ്. ലോൺ, മകളെ കെട്ടിക്കാൻ സ്വരൂപിച്ച പണം തുടങ്ങിയവ പെട്ടെന്നു കൊടുത്തു). പിന്നീട് ആവശ്യത്തിനു സംഭാവന ലഭിച്ചു. എന്റെ ജീവിതത്തിൽ ഒന്നിനും സംഭാവനയോ, പിരിവോ ഒരു വ്യക്തിയോടും നേരിട്ട് ചോദിച്ചിട്ടില്ല.

സ്ഥലം കിട്ടുമെന്നുറപ്പായപ്പോൾ പ്ലാനിംഗ് ബോർഡ് ചെയർമാനായിരുന്ന കെ. ടി. ചാണ്ടിസാറിനെ കൂട്ടിക്കൊണ്ട് ഡോ. വല്ല്യത്താനേയും (ഡയറക്ടർ, ശ്രീചിത്തിര മെഡിക്കൽ സെന്റർ), ഡോ. കൃഷ്ണൻ നായരേയും (മെഡിക്കൽ കോളജ്, കാൻസർ വിഭാഗം) കണ്ടു. ഗൈഡൻസ് സെന്ററിന്റെ രൂപരേഖ ഒസ്താത്തിയോസ് തിരുമേനിയുമായി ആലോചിച്ചു തയ്യാറാക്കി. അപ്പോഴേക്കും എം.എ.എഫ്., എസ്.എ.എഫ്. സഭ 1979 മുതൽ ഏറ്റെടുത്തതുകൊണ്ട്, ഒരു പ്രൊജക്ട് തയ്യാറാക്കി മാനേജിംഗ് കമ്മിറ്റിക്കു സമർപ്പിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു.

അതനുസരിച്ചു മാനേജിംഗ് കമ്മിറ്റിയിൽ ഞാൻ പ്രോജക്ട് സമർപ്പിച്ചു. തിരുമേനിയുടെ കല്പനപ്രകാരം ഇവിടെ നടത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് അനുവാദം ചോദിച്ചിരുന്നു. 1. Hospital Guidance 2. Spiritual Guidance 3. Counselling Guidance 4. Marriage Guidance 5. Employment Guidance 6. Education Guidance 7. Old age Guidance 8. Public Relation Centres. ഞാൻ ഒരു വ്യാഴവട്ടക്കാലം മാനേജിംഗ് കമ്മിറ്റിയംഗമായിരുന്ന ആളാണ്. പക്ഷേ മാനേജിംഗ് കമ്മിറ്റി അതു നിഷ്കരുണം തിരസ്കരിച്ചു. സൗജന്യമായി രോഗികളേയും കൂട്ടിരിപ്പുകാരേയും താമസിപ്പിക്കാനും എല്ലാവർക്കും സൗജന്യ ആഹാരം കൊടുക്കാനും സർക്കാരിനുപോലും സാധിക്കയില്ല എന്നു പറഞ്ഞു.

ഇതിന്റെ മറുപടിയായി ഞാൻ പറഞ്ഞു, 1979-ൽ എം.എ.എഫ്., എസ്.എ.എഫ്. സഭ ഏറ്റെടുത്തു. അത് ആരും ആവശ്യപ്പെട്ടിട്ടല്ല. ഇപ്പോൾ സ്ഥലം വാങ്ങി ഗൈഡൻസ് സെന്ററിനു കെട്ടിടം ഉണ്ടാക്കിയാൽ അതു തുടങ്ങിയവരുടെ പേരിൽ നിന്നു പിന്നീട് പ്രമാണങ്ങൾ മാറ്റാൻ സാധ്യമല്ല. സഭയ്ക്കു വേണമോ വേണ്ടയോ എന്നു ഇപ്പോൾ തീരുമാനിക്കണം. ഇതു സ്വർഗ്ഗം അംഗീകരിച്ച പദ്ധതിയാണ്. വേണ്ടെങ്കിൽ വേറെ പ്രസ്ഥാനങ്ങളുമായി ചേർന്നു തിരുവനന്തപുരത്തു നടത്തും. അപ്പോൾ അദ്ധ്യക്ഷത വഹിച്ച മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി, അടുത്ത സുന്നഹദോസു കൂടുന്നതുവരെ കാത്തുനിൽക്കാൻ കൽപിച്ചു. വേറെ തുടങ്ങരുതെന്നും കൽപിച്ചു.

സുന്നഹദോസിൽ എന്നെ വിളിപ്പിച്ചു. വളരെ നേരത്തെ ചർച്ചകൾക്കു ശേഷം സുന്നഹദോസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്താൻ മാത്യൂസ് പ്രഥമൻ ബാവാ അനുവാദം തന്നു. ഹോസ്പിറ്റൽ ഗൈഡൻസ് ഉടനെ നടത്താൻ സുന്നഹദോസ് അനുവദിച്ചു. അതുകൊണ്ടാണ് ഒസ്താത്തിയോസ് തിരുമേനിയുടെ പേരിൽ "മാർ ഒസ്താത്തിയോസ് കൗൺസലിംഗ് സെന്റർ"പിന്നീട് പ്രത്യേക കെട്ടിടത്തിൽ തുടങ്ങിയത്. പരുമലയിൽനിന്നും അക്കൗണ്ടിൽ ഒരു ലക്ഷം രൂപ തന്നു. ഇനിയും ഒന്നും ചോദിക്കരുതെന്നും വ്യവസ്ഥയും പറഞ്ഞു. ഇതുവരെ ഒന്നും ചോദിച്ചിട്ടില്ല.

അത്യാസന്നരോഗികളെ താമസിപ്പിക്കാൻ വിശ്രാന്തി ഭവനു ഒരു ഏക്കർ 20 സെന്റ് സ്ഥലം വാങ്ങിയ സമയത്തു മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി ഒരു ലക്ഷം രൂപ തന്നു. 11-12-93-ൽ അങ്ങനെ മൊത്തം രണ്ടു ലക്ഷം രൂപ മാത്രം. ഇന്ന് എത്ര കോടിയുടെ ആസ്തി സഭയുടെ പേരിൽ ഉണ്ട്. ഏകദേശം 150 പേരെ അവിടെ താമസിപ്പിക്കുന്നു.

ഇന്ന് സഭ എവിടെയെല്ലാം ഗൈഡൻസ് സെന്റർ തുടങ്ങി? അന്നു മാനേജിംഗ് കമ്മറ്റി തള്ളിപ്പറഞ്ഞതല്ലേ? കോട്ടയത്തും മറ്റും 'കാരുണ്യ നിലയം' എന്ന പേരിൽ തന്നെ സെന്റർ തുടങ്ങി. നെയ്യാറ്റിൻകരയിൽ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ സഹോദരീപുത്രിയുടെ സ്ഥലം എസ്.എ.എഫ്., എം.എ.എഫ്. നല്ലവണ്ണം നടക്കുന്നതു കണ്ട് എന്നെ വിളിച്ചു ഒരു പ്രസ്ഥാനം അവിടെയും തുടങ്ങാൻ ഏൽപിച്ചത് മിഷൻ ബോർഡിൽ കൂടി ബ്രദർ സ്റ്റാൻലിയെ തീരെ ചെറുപ്പത്തിൽത്തന്നെ ഞാൻ കൊണ്ടുപോയി അവരോടുകൂടി നെയ്യാറ്റിൻകര താമസിക്കാൻ ഏർപ്പാടാക്കി. വേണ്ടതെല്ലാം ചെയ്തു. സെന്റ് തോമസ് ഓർത്തഡോക്സ് മിഷൻ സെന്റർ ബാലഭവൻ പ്രവർത്തിക്കുന്നു. സ്റ്റാൻലിയേയും, കാരുണ്യയിലെ അബ്രഹാമിനെയും സഭ പിന്നീട് പട്ടം കൊടുത്തു വൈദികരാക്കി.

ഒരു കാര്യം കൂടി വിട്ടുപോയത് എഴുതി നിർത്തട്ടെ. എം.എ.എഫ്., എസ്.എ.എഫ്. സെന്ററിനു 16 സെന്റ് സ്ഥലം വാങ്ങി കെട്ടിടംപണി പുരോഗമിച്ചപ്പോൾ ഈ പ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസനത്തിനു ലഭിക്കേണ്ട വരുമാനങ്ങളാണ് തട്ടിഎടുക്കുന്നത് എന്നു പറഞ്ഞ് തിരുവനന്തപുരം ഭദ്രാസനത്തിലെ ചില ചുമതലക്കാർ പ്രശ്നം ഉണ്ടാക്കി. ഞാൻ ഉടനെ പനയമ്പാല ബാലഭവനിൽ പോയി ബഹു. ജോൺസി അച്ചനെ (മാർ ക്രിസോസ്റ്റമോസ്) മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അനുവാദത്തോടെ ഇവിടേക്കു കൊണ്ടുവന്നത്. അദ്ദേഹം സ്തുത്യർഹമായി നേതൃത്വം നൽകുന്നു. പിന്നീട് കാരുണ്യയ്ക്കും ഗൈഡൻസ് സെന്ററിനും വിശ്രാന്തി ഭവനും വേണ്ടി അദ്ദേഹമാണ് ലക്ഷക്കണക്കിനു പണം ഉണ്ടാക്കിയതും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതും.



**- ഫാ. ഡോ. ടി. ജെ. അലക്സാണ്ടർ**

# നല്ലില: എം. വി. ജോർജ്ജ് അച്ചന്റെ സെന്റ് പോൾസ് ഗ്രാമം

*“മറ്റുള്ളവർ എന്നെ സ്നേഹിക്കുമ്പോൾ ദൈവമാണ് എന്നെ സ്നേഹിക്കുന്നതെന്നും; ഞാൻ മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ ദൈവത്തെയാണ് സ്നേഹിക്കുന്നതെന്നും; ഞാൻ മറ്റുള്ളവരെ വെറുക്കുമ്പോൾ ദൈവം വേദനിക്കുന്നുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു”*

– ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

ഭാരതത്തിന്റെ അപ്പോസ്തോലനും കർത്താവിനെ കണ്ടും തൊട്ടും അറിഞ്ഞ് ഉറച്ചു വിശ്വസിച്ചവനുമായ സെന്റ് തോമസിനാൽ സ്ഥാപിതമായ സഭയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യം പേറുന്ന തെക്കൻ കേരളത്തിലെ ഒരു ഗ്രാമമാണ് നല്ലില. ‘നല്ല – എല’ എന്ന അർത്ഥത്തിൽ ‘നല്ലേല’ എന്നാണ് ഈ സ്ഥലം പഴയകാലത്ത് അറിയപ്പെട്ടിരുന്നത്. മലങ്കരസഭയിലെ തന്നെ ഒരു പുരാതന ക്രിസ്ത്യൻ കേന്ദ്രമാണ് നല്ലില. ജനസംഖ്യയുടെ 95% വും വിവിധ വിഭാഗക്കാരായ ക്രിസ്ത്യാനികൾ. അതിൽ 70% വും ഓർത്തഡോക്സ് വിശ്വാസികളും. കൊല്ലം ഭദ്രാസനത്തിൽപ്പെട്ടതും പരിശുദ്ധ പരുമല തിരുമേനിയുടെ പാദസ്പർശത്താൽ അനുഗൃഹീതവുമായ നല്ലിലയുടെ ആത്മീയ വളർച്ചയിൽ എം. വി. ജോർജ്  അച്ചൻ എന്ന ഒസ്താത്തിയോസ് തിരുമേനി വഹിച്ച പങ്ക് വളരെ വലുതാണ്.

തിരുമേനി എം. വി. ജോർജ്ജ് അച്ചനായിരുന്ന കാലത്ത് ഓടിനടന്ന് സുവിശേഷം പ്രഘോഷിക്കുമ്പോൾ തന്നെ നല്ലിലയിലും അതിന്റെ വെളിച്ചം കടന്നുവന്നു. വചനവേദികളിൽ വിശ്വാസത്തിന്റെ കൊടുങ്കാറ്റും ആവേശവുമായിരുന്നു ആ പ്രൗഢഗംഭീര ശബ്ദധ്വനി. ഒന്നുമില്ലാത്തവരായി ആരുമുണ്ടാകരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ഉള്ളത് എല്ലാവർക്കുമായി പങ്കുവെയ്ക്കുകയും ചെയ്ത ആ സുവിശേഷ വിപ്ലവകാരി 1953–ൽ മാവേലിക്കരയിൽ ഒരു വാടകമുറിയിൽ ആരംഭിച്ച ‘സുവിശേഷാലയം’ എന്ന പ്രാർത്ഥനാലയം പിന്നീട് 1958–ൽ ‘സെന്റ് പോൾസ് സുവിശേഷ സംഘം’ ആയി മാറ്റിയതോടെ മലങ്കരയിൽ ആകമാനം പ്രത്യേകിച്ച് തെക്കൻ കേരളത്തിൽ സുവിശേഷദീപ്തി നിറഞ്ഞു ഒഴുകി തുടങ്ങി. സെന്റ് പോൾസ് സുവിശേഷ സംഘം തുടങ്ങിയ 1958–ൽ തന്നെ തന്റെ ശക്തികേന്ദ്രമായിരുന്ന നല്ലിലയിലും അതിന്റെ വിത്തു പാകി. എം. വി. ജോർജ്ജ് അച്ചൻ പ്രസിഡന്റും, വിളയിൽ വി. കെ. ഡാനിയേൽ അച്ചൻ യൂണിറ്റ് പ്രസിഡന്റും, ജോൺ വി. നല്ലില വൈസ് പ്രസിഡന്റുമായി നല്ലില യൂണിറ്റ് ആരംഭിച്ചു. ഒപ്പം ഒരു നല്ല ടീമും.

തിരുമേനി തന്നെ ഒരിക്കൽ പറഞ്ഞ വാചകമാണ് ഈ ലേഖനത്തിന്റെ ശീർഷകം. അത്ര ശക്തമായിരുന്നു നല്ലില കേന്ദ്രീകരിച്ചുള്ള സെന്റ് പോൾസ് സുവിശേഷസംഘത്തിന്റെ വളർച്ച. സുവിശേഷ സംഘം നേതൃത്വം നൽകി നടത്തിവന്നിരുന്ന 'നല്ലില കൺവൻഷൻ' 1988-ൽ സഭ സെന്റ് പോൾസ് സുവിശേഷസംഘം പിരിച്ചുവിടുന്നതുവരെയും മുട ങ്ങാതെ തുടർന്നു. 1960-ൽ കുണ്ടറ, നല്ലില യൂണിറ്റുകൾ ഏകോപിപ്പിച്ച് 'കുണ്ടറ ഡിസ്ട്രിക്ട് സുവിശേഷസംഘം' രൂപീകരിച്ചു. 1964 മുതൽ നല്ലില, കുണ്ടറ പ്രദേശങ്ങളോടൊപ്പം പെരുമ്പുഴ, മുഖത്തല, കുരീപ്പള്ളി എന്നീ യൂണിറ്റുകളെ കൂട്ടിച്ചേർത്ത് കുണ്ടറ ഡിസ്ട്രിക്ട് സുവിശേഷ സംഘം വികസിപ്പിച്ചു. തുടർന്ന് കൊല്ലം ഭദ്രാസനത്തിലെ ഒരു വലിയ ഉണർവ്വ് പ്രസ്ഥാനമായി ഈ സുവിശേഷസംഘം വളർന്നു. ഇടവകകൾ, ഭവനങ്ങൾ, ജംഗ്ഷനുകൾ തുടങ്ങി എല്ലായിടത്തും എം. വി. ജോർജ്ജ ച്ചന്റെ പ്രസംഗം കേൾക്കാൻ ആളുകൾ സഭാവ്യത്യാസമെന്യേ വന്നി രുന്നു.

ഒരിക്കൽ കുണ്ടറ ജംഗ്ഷന് അടുത്ത് തിരുമേനി ഒരു വെളിപ്രസംഗം നടത്തി (അക്കാലത്ത് പരസ്യയോഗത്തിന് വെളിപ്രസംഗം എന്നാണ് ഇവി ടുത്തുകാർ പറഞ്ഞിരുന്നത്). കടകൾക്ക് കച്ചവടത്തിന് ബുദ്ധിമുട്ടുണ്ടാ കുമെന്നും, കടകളില്ലാത്ത സ്ഥലത്തേക്ക് യോഗം മാറ്റണമെന്നും കടയു ടമകൾ ആവശ്യപ്പെട്ടു. ആദ്യം ക്രമീകരിച്ച സ്ഥലത്തുനിന്നു മാറ്റി സ്വൽപ്പം അകലെ തിരുമേനി പ്രസംഗം ആരംഭിച്ചു. പ്രസംഗം തുടങ്ങി 5 മിനിറ്റ് കഴിഞ്ഞപ്പോഴേക്കും നേരത്തെ ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞ വിവിധ മതസ്ഥരായ കടയുടമകൾ കടകൾ അടച്ച് തിരുമേനിയുടെ പ്രസംഗം കേൾക്കാൻ എത്തി. അതിൽ ഒരാൾ ചോദിക്കുകയും ചെയ്തു, 'ഇതൊരു ക്രിസ്തീയ ബിഷപ്പ് തന്നെയോ?' എന്ന്. 'ത്രിയേക ദൈവം എല്ലാവർക്കും ദൈവം, ഹിന്ദുവിനും മുസൽമാനും ക്രിസ്ത്യാനിക്കും എല്ലാം ശ്രീയാർന്ന ദൈവം' എന്ന് തിരുമേനി തന്നെ പാടിയത് പ്രവൃത്തിയിലൂടെ അദ്ദേഹം കാണിക്കുകയും മനസ്സിലാക്കി തരികയും ചെയ്തു.

അദ്ദേഹം മെത്രാപ്പോലീത്താ ആകുന്നതിനു മുമ്പ് അതായത് 1970-കളിൽ ഞാൻ ബാലനായിരുന്ന കാലത്ത് എം. വി. ജോർജ്ജച്ചനും, ചേപ്പാട്ടുകാരനായ ഒരു ജോർജ് സാറും, ദീർഘകാലം മിഷൻ ബോർ ഡിന്റെ സെക്രട്ടറിയായും ഇപ്പോഴും ഐനാംസിന്റെ കോ. ഓർഡിനേറ്റ റുമായിരിക്കുന്ന പ്രൊഫ. ഡി. മാത്യു സാറും കൂടി എന്റെ കുടുംബവീട്ടിൽ വരികയും എന്നെ കൈയിൽ ചേർത്തുപിടിച്ചു കൂടെക്കൂട്ടി അടുത്ത വീടു കളിൽ ഭവനസന്ദർശനം നടത്തുകയും ചെയ്യുമായിരുന്ന എം. വി. ജോർ ജ്ജച്ചൻ എക്കാലത്തെയും എന്റെ മായാത്ത ഓർമ്മയാണ്. സെന്റ് പോൾസ് സുവിശേഷസംഘത്തിന്റെ നല്ലിലയിലെ സ്ഥാപക നേതാക്ക

ളിൽ ഒരാളായ എന്റെ അമ്മാച്ചനായ ജോൺ വി. നല്ലിലയുമായുള്ള ബന്ധമായിരുന്നു എന്റെ കുടുംബവീട്ടിൽ അച്ചൻ പല പ്രാവശ്യം കടന്നുവരാൻ ഇടയാക്കിയത്. തിരുമേനിയെപ്പോലെ നല്ലിലയിൽ പലപ്പോഴും സെന്റ് പോൾസ് സുവിശേഷ സംഘവുമായി ബന്ധപ്പെട്ട് കടന്നുവന്നിട്ടുള്ള അകാലത്തിൽ പൊലിഞ്ഞ് കർത്തൃസന്നിധിയിലേക്ക് കടന്നുപോയ എം. ജി. പോൾ അച്ചനെയും ഓർമ്മിക്കുന്നു. ഇവിടുത്തെ സുവിശേഷസംഘം സ്ഥാപകനേതാക്കളിൽ ഒരാളാണ് വിളയിൽ വടക്കേതിൽ മത്തായിച്ചൻ. 90 വയസ്സ് കഴിഞ്ഞെങ്കിലും ഇപ്പോഴും ഒരു പ്രാർത്ഥനാ ഗ്രൂപ്പിന്റെ വൈസ് പ്രസിഡന്റായി അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു.

എം. വി. ജോർജ്ജച്ചനും പിന്നീടു തിരുമേനിയും എപ്പോഴും ബിസ്സിയായിരുന്നു. വെറും ബിസ്സിയല്ല, വേഗം കൂടിയ ബിസ്സി. നടക്കുന്നതും അമിതവേഗത്തിൽ. ചിലപ്പോൾ പറയുന്നതും വളരെ സ്പീഡിലായിരിക്കും. ആ ജീവിതശൈലി തന്നെ വേഗത്തിൽ. ഉള്ള സമയംകൊണ്ട് പലതും ചെയ്തു തീർക്കാനുള്ള വ്യഗ്രത. ദിവസത്തിന് 24 മണിക്കൂർ പോരാ എന്നു തോന്നിയിരുന്നു.

തിരുമേനിയും തിരുമേനി തെളിച്ച മാർഗ്ഗദീപവും ഇന്നും നല്ലിലക്കാർക്ക് പ്രചോദനമാണ്. 1988-ൽ സെന്റ് പോൾസ് സുവിശേഷ സംഘം പിരിച്ചുവിട്ടെങ്കിലും ആ വീര്യവും ഊർജ്ജവും ആത്മീയ ഉണർവ്വും ഇന്നും ഇവിടെ കെടാതെ നിൽക്കുന്നു. ഇവിടെ അടുത്തടുത്തു രണ്ട് വലിയ ഓർത്തഡോക്സ് പള്ളികളുണ്ട്. രണ്ടിടത്തും കൂടി ആയിരത്തോളം കുടുംബങ്ങളും. 15 പ്രാർത്ഥനാ ഗ്രൂപ്പുകൾ എല്ലാ ഞായറാഴ്ചയും നടന്നുവരുന്നു. സുവിശേഷ സംഘത്തിൽ നിന്നു ലഭിച്ച ആത്മീയ പ്രചോദനം മൂലം നല്ലിലയിലെ രണ്ട് ഓർത്തഡോക്സ് ഇടവകകളിൽ നിന്നുമായി 15 പേർ വൈദികവൃത്തി സ്വീകരിച്ചു എന്നതും അഭിമാനാർഹമാണ്. ഐനാംസ് നല്ല നിലയിൽ പ്രവർത്തിക്കുന്നു.

സാമൂഹ്യനീതിയുടെ പ്രവാചകനായ ആത്മീയ വിപ്ലവകാരിയായിരുന്നു നല്ലിലക്കാർക്ക് ഒസ്താത്തിയോസ് തിരുമേനി. സത്യസുവിശേഷത്തിന്റെ മാർഗ്ഗദർശിയായ മിഷനറിവീരൻ, വേദശാസ്ത്ര പണ്ഡിതൻ, മനുഷ്യസ്നേഹിയായ എഴുത്തുകാരൻ, സംഘാടകൻ, കാരുണ്യത്തിന്റെ കാവൽഭടൻ, സാമൂഹികനീതിയുടെ വക്താവ്, പ്രതിബദ്ധതയുടെ പ്രചാരകൻ തുടങ്ങി ജീവിക്കുന്ന ഒരു സുവിശേഷം തന്നെയായിരുന്നു തിരുമേനി. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശമായിരുന്നു ആ ജീവിതം. പങ്കുവെയ്ക്കലിന്റെ പ്രവാചകനായ മെത്രാപ്പോലീത്താ അശരണരുടെയും നിരാലംബരുടെയും അത്താണിയായിരുന്നു. മറ്റുള്ളവരുടെ ഇല്ലായ്മകളിൽ സഹായിക്കാൻ കഴിയാത്തവന് ക്രിസ്ത്യാ

നിയായിരിക്കാൻ അർഹതയില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. ഭാരതത്തിന്റെ 'മിഷണറി ബിഷപ്പ്' എന്നറിയപ്പെട്ട തിരുമേനി സഭയും വിശ്വാസവും കച്ച വടവത്ക്കരിക്കുന്നതിനെതിരെ ശക്തമായി നിലകൊണ്ടു. ഉള്ളവന്റെ കൈയിൽനിന്നു പിടിച്ചുവാങ്ങി ഇല്ലാത്തവനു കൊടുക്കുന്ന കായംകുളം കൊച്ചുണ്ണിയാണ് ഒസ്താത്തിയോസ് എന്ന് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഒരിക്കൽ വിശേഷിപ്പിച്ചു.

അദ്വൈത സ്നേഹം, ത്രിത്വസ്നേഹം, നിർമ്മനുഷ്യത്വം തുടങ്ങിയ നിരവധി നൂതനാശയങ്ങൾ ചിന്തയ്ക്കും വിശകലനത്തിനുമായി തിരു മേനി ലോകത്തിനു നൽകി. ഒരു സമയത്ത് തിരുമേനിയുടെ ചിന്തകൾ 'ഒസ്താത്തിയോസിസം' എന്ന ഒരു പുതിയ 'ഇസം' ആയിപ്പോലും ചിത്രീ കരിക്കപ്പെട്ടു.

വേദപുസ്തകവും വചനവും – അതിന് എല്ലാറ്റിനും ഉപരി തിരുമേനി പ്രാധാന്യം കല്പിച്ചിരുന്നു. "വചനം ഉടുമ്പുപോലെ നമ്മെ പിടിക്കണം" എന്ന് തിരുമേനി എപ്പോഴും പറയുമായിരുന്നു. പ്രവാചകതുല്യമായിരുന്നു തിരുമേനിയുടെ വാക്കുകൾ. സുവിശേഷത്തിൽ വിശ്വസിപ്പിൻ, സ്നേഹ ത്തിൽ വളരുവിൻ, ഐക്യത്തിൽ മുന്നോട്ടു പോകുവിൻ, പാവങ്ങളെ മറ ക്കാതിരിക്കുവിൻ എന്നിങ്ങനെ നീളുന്നു ആ മധുരമൊഴികൾ.

മരണം പോലും പാവങ്ങളുടേതാക്കി മാറ്റിയ പാവങ്ങളുടെ പടത്തല വൻ ജീവൻ വെടിയുംമുമ്പ് പറഞ്ഞ വാചകങ്ങൾ മനുഷ്യ മനസ്സുകൾക്ക് പുത്തൻ അനുഭവമായിരുന്നു. "എന്റെ വിയോഗവേളയിൽ ശോശപ്പയും പുഷ്പങ്ങളും വാങ്ങിക്കൊണ്ടു വരരുത്. അതിന്റെ പണം വസ്ത്രമായോ സംഭാവനയായോ തന്നാൽ മതി. അത് പാവങ്ങൾക്ക് കൊടുക്കുവാൻ കഴിയുമല്ലോ. ഇന്ത്യയുടെ പല പ്രദേശങ്ങളിലും ഉടുതുണിക്ക് മറുതുണി ഇല്ലാതെ കഴിയുന്ന അനേകരുണ്ട്. അവർക്കുവേണ്ടി നിങ്ങളുടെ പേരിൽ അത് നൽകും. എത്രകാലം ജീവിച്ചു എന്നതിലല്ല; ജീവിച്ചിരിക്കുമ്പോൾ എന്തു നന്മ ചെയ്തു എന്നതിനാണ് പ്രാധാന്യം." ഒസ്താത്തിയോസ് തിരുമേനിക്കല്ലാതെ മറ്റാർക്കു പറയാൻ കഴിയും ഇങ്ങനെ.

പങ്കിടുന്ന സ്നേഹം ദൈവികമായ സേവനമാണെന്ന ഒരു പുതിയ മാനദണ്ഡവും ഒസ്താത്തിയോസ് തിരുമേനി നൽകിയിരുന്നു. ആളുകളെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിലൂടെ അത് ചെറുതായാൽ പ്പോലും വളരെ വിലപ്പെട്ടതാണെന്ന് തിരുമേനി നമ്മെ മനസ്സിലാക്കി ത്തന്നു. നാം നമ്മുടെ സേവനമനോഭാവത്തെ നിസ്വാർത്ഥമായ സേവന ചൈതന്യത്തിൽ മറ്റുള്ളവർക്ക് അതായത് ദരിദ്രർക്കും അനാഥർക്കും നന്മ ചെയ്യുന്നതിലൂടെ പരിപോഷിപ്പിച്ചെടുക്കാം എന്ന് അദ്ദേഹം പഠിപ്പിച്ചു. ചിലർക്ക് ആഹാരമായിട്ടോ, അല്ലെങ്കിൽ വസ്ത്രമായിട്ടോ അതുമല്ലെങ്കിൽ

വൈദ്യസഹായമായിട്ടോ, വിദ്യാഭ്യാസ സഹായമായിട്ടോ മറ്റ് ചിലർക്ക് ഒറ്റപ്പെടലിന് ഒരു ആശ്വാസമായിട്ടോ, മദ്യപന്മാർക്കു കൗൺസിലിംഗായിട്ടോ എന്തു തന്നെയായാലും എങ്ങനെയായാലും സാഹചര്യമനുസരിച്ച് പങ്കുവെയ്ക്കുക.

ആർക്കാണോ സഹായം ആവശ്യമുള്ളത് അവരുടെ പദവിയോ ജാതിയോ മതമോ നോക്കാതെ അവരുടെ ക്ഷേമത്തിനുവേണ്ടി സ്വന്തം ബുദ്ധിയും, മനസ്സും, ഹൃദയവും, കരങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ജോലിയാണ് സേവനം. തിരികെ യാതൊന്നും പ്രതീക്ഷിക്കാതെ നിസ്വാർത്ഥമായി നൽകുന്ന ഒരു പ്രക്രിയ – അതാണ് പങ്കുവെയ്ക്കലിൽ അധിഷ്ഠിതമായ സേവനം. നാം വിലമതിക്കുന്ന എല്ലാറ്റിന്റെയും പരസ്പര കൈമാറ്റവും പങ്കുവെയ്ക്കലിന്റെ ഭാഗമാണ്. നമ്മുടെ ബുദ്ധിപരമായ കഴിവുകളും, മറ്റ് വസ്തുക്കളും ഈ പങ്കുവെയ്ക്കലിന്റെ ഭാഗമാക്കാം. യാതൊന്നും തിരികെ പകരമായി പ്രതീക്ഷിക്കാത്ത പങ്കുവെയ്ക്കൽ അതാണ് തിരുമേനി നമ്മെ ഓർമ്മിപ്പിക്കുന്ന യഥാർത്ഥ പങ്കുവെയ്ക്കലിന്റെ മിഷൻ ഭാവം. ദൈവത്തിന്റെ നന്മയിൽ പങ്കാളികളാകുവാൻ അത് നമ്മെ സഹായിക്കും.

“എല്ലാ നന്മകളുടെയും കൊടുമുടിയും കിരീടവും സഹോദര തുല്യമായ സ്നേഹമാണ്” എന്ന് എഡ്വിൻ മാർക്കം പറയുന്നു. നമ്മുടെ പിതാവ് സ്വർഗ്ഗസ്ഥനായ ദൈവമായതിനാൽ നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്. ദൈവത്തിന്റെ ഛായയിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ നമ്മിൽ ദൈവികത്വത്തിന്റെ ഒരംശം ഉണ്ട്. നമുക്കെല്ലാം പൊതുവായ ഒരു മനുഷ്യസ്വഭാവമുണ്ട്. ഒരേ മനുഷ്യകുടുംബത്തിൽപ്പെട്ടവരാണ് നാം. നിലനിൽപ്പിനും ജീവിതത്തിനും വേണ്ടി പരസ്പരം ആശ്രയിക്കത്തക്ക രീതിയിലാണ് മനുഷ്യസൃഷ്ടി ദൈവം ക്രമീകരിച്ചിരിക്കുന്നത്. ഇനിയും സ്വയംപര്യാപ്തത നേടാനാകാത്ത മനുഷ്യന് പരസഹായമില്ലാതെ ജീവിക്കാൻ കഴിയില്ല. അതിനാൽ പരസ്പരാശ്രയത്വം അനിവാര്യമാണ്. ആരോ വെട്ടിയൊരുക്കിയ വഴിയിലൂടെയേ മറ്റൊരാൾക്ക് നടക്കാൻ കഴിയൂ. മനുഷ്യന് ഉറങ്ങാൻ തല്പം പണിയാൻ മരപ്പണിക്കാരൻ വേണം. അന്നം വിളയിക്കാൻ കർഷകൻ വേണം. മനുഷ്യൻ പരസ്പരം സ്നേഹിച്ചും സഹകരിച്ചും പങ്കുവെച്ചും ആശ്രയിച്ചും ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചിരുന്നു. അതായിരിക്കാം ഈ ലോകത്ത് ഉള്ളവനും ഇല്ലാത്തവനും എന്ന് രണ്ട് തരക്കാർ സൃഷ്ടിക്കപ്പെടാൻ കാരണം. ഉള്ളവൻ ഇല്ലാത്തവനുവേണ്ടി മാറ്റിവെയ്ക്കണമെന്നത് യഹോവയുടെ ന്യായപ്രമാണമായിരുന്നു. “നിങ്ങളുടെ നിലത്തിലെ വിള നിങ്ങൾ കൊയ്യുമ്പോൾ വയലിന്റെ അരികു ചേർത്ത് കൊയ്യരുത്. നിന്റെ കൊയ്ത്തിൽ കാലാപെറുക്കയും അരുത്. നിന്റെ മുന്തിരിത്തോട്ടത്തിൽ വീണു കിടക്കുന്ന

പഴം പെറുക്കയും അരുത്. അവയെ ദരിദ്രനും പരദേശിക്കും വിട്ടേക്കണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു" (ലേവ്യ 19:9, 10). തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്ന പങ്കുവെയ്ക്കൽ ഇതാണ്. അതു തന്നെയാണ് ഒസ്താത്തിയോസ് തിരുമേനി നമ്മെ ഉദ്ബോധിപ്പിക്കുന്നതും.

ഒസ്താത്തിയോസ് തിരുമേനി ഞങ്ങൾക്ക് 'എം. വി. ജോർജ്ജച്ചൻ തിരുമേനി'യാണ് (പല പ്രായമുള്ളവരും ഇപ്പോഴും അങ്ങനെയാണ് പറയുന്നത്). സ്നേഹത്തിന്റെ അപ്പോസ്തോലനും സാമൂഹ്യ പ്രതിബദ്ധതയുടെ പ്രവാചകനുമായിരുന്നു തിരുമേനി. മലങ്കരസഭയുടെ അഭിമാനമായ സ്നേഹതേജസ്സും, മലങ്കരസഭാരത്നവുമായ ആ താപസശ്രേഷ്ഠൻ 2012 ഫെബ്രുവരി 16-ന് നിത്യതയിലേക്ക് പ്രവേശിച്ചുവെങ്കിലും ഇന്നും മാർഗ്ഗദർശിയാണ് ആ പുണ്യാത്മാവ്.

*"ജീവിതം ആനന്ദം മാത്രമാണെന്ന് സ്വപ്നം കണ്ടു ഞാൻ ഉറങ്ങി; ജീവിതം സ്നേഹമാണെന്നു കണ്ടുകൊണ്ട് ഞാൻ ഉണർന്നു; ഞാൻ സേവനം ചെയ്യുകയും സേവനമാണ് ആനന്ദം എന്ന് ഗ്രഹിക്കുകയും ചെയ്തു"* - ടാഗോർ

**- ജോസ് പി. റ്റി. നല്ലില**



# യാച്ചാരം: വരണ്ട മരുഭൂമിയിൽ പച്ചവിരിച്ച ഒരു സുവിശേഷവയൽ

ആധുനിക ഇസ്രായേൽ രാജ്യം 1948-ൽ സ്ഥാപിക്കപ്പെട്ടപ്പോൾ ലോകമെങ്ങും ചിതറിപ്പാർത്തിരുന്ന ദേശാഭിമാനികളായ യഹൂദന്മാർ തങ്ങളുടെ സ്വന്തനാട്ടിലേക്കു "പ്രാക്കളെപ്പോലെ പറന്നെത്തി" ശക്തമായ ഒരു രാഷ്ട്രം പടുത്തുയർത്തി. യോർദ്ദാൻ നദിയിൽ അണകെട്ടി വെള്ളം മേലോട്ടൊഴുക്കി ഇസ്രായേലിലെ വിശാലമായ നെഗവ് മരുഭൂമിയെ അക്ഷരാർത്ഥത്തിൽ മലർവാടിയാക്കി മാറ്റി. ഏതാണ്ട് ഇതുപോലെയാണു ലോകാരംഭം മുതൽ ഒരു മരുപ്രദേശമായി കിടന്ന യാച്ചാരം പ്രദേശത്തെ മൂന്നു ദശാബ്ദം മുമ്പ്, സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം സ്ഥാപിച്ചു സ്ഥലത്തെ വിളഭൂമിയാക്കി മാറ്റുകയും കുഷ്ഠരോഗികളുടെ കുഷ്ഠം ബാധിക്കാത്ത കുട്ടികളെ ദൈവസ്നേഹസ്പർശനത്താൽ എടുത്തു വളർത്തി അവരെ ഉത്തമജീവിതത്തിന്റെ മുഖ്യധാരയിലേക്കു കടത്തിവിടുകയും ചെയ്തപ്പോൾ യാച്ചാരം ബാലഗ്രാം മലങ്കരസഭയുടെ മിഷൻ ബോർഡിന്റെ കൊടിക്കപ്പലായിത്തീരുകയുമാണുണ്ടായത്. മണലാരണ്യത്തിലെ മരുപ്പച്ചപോലെ സ്ഥിതിചെയ്യുന്ന യാച്ചാരത്തെ നൂറേക്കർ സ്ഥലത്തിന്റെ നടുവിലെ വറ്റാത്ത കുളം ബാലഗ്രാമിനെ സംബന്ധിച്ചിടത്തോളം ഏദൻതോട്ടത്തിന്റെ നടുവിൽ നിലകൊള്ളുന്ന ജീവവൃക്ഷത്തിനു സമാനമാണ്. ഈ കുളത്തിലെ വെള്ളമാണു ആശ്രമത്തിന്റെ ജീവനാഡിയിലൂടെ ഒഴുകുന്നത്. ഈ വെള്ളം നെൽവയലുകളെ പച്ചപരവതാനികണക്കെ ഹരിതഭംഗികൊണ്ട് അഭിഷേകം ചെയ്യുന്ന കന്നുകാലികളും കോഴികളും കച്ചിത്തുറുവും കാലാകളിൽ പൊഴിഞ്ഞുവീഴുന്ന നെൽമണികളും ഭക്ഷിച്ചു വേണ്ടത്ര പാലും മുട്ടയും കുട്ടികൾക്കും നാട്ടുകാർക്കും ലോഭമെന്യേ നൽകുന്നു. പണ്ടു മണലാരണ്യം, ഇന്നു മലർവാടി. ദൈവത്തിൻ മനമാരു കണ്ടു!!

മഹാനഗരമായ ഹൈദ്രബാദിൽ അന്നു നാഗാർജുന സാഗറിലേക്കു നീണ്ടുകിടക്കുന്ന റോഡിന്റെ 50-ാം കിലോമീറ്ററിലാണു യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഭവനം സ്ഥിതിചെയ്യുന്നത്. മലങ്കരസഭയുടെ ശിശുക്ഷേമ ബോർഡിന്റെ ചുമതലയിൽ 1985-ൽ ആരംഭിച്ച ബാലഗ്രാം ആ ജൂൺ മാസം മുതൽ സെക്കന്ദ്രബാദിലെ ഒരു വാടകക്കെട്ടിടത്തിലാണു പ്രവർത്തനം ആരംഭിച്ചത്.

1977-ൽ ഭാരതത്തിൽ ആഞ്ഞടിച്ച ചുഴലിക്കാറ്റ് ആന്ധ്രയിൽ ലക്ഷക്കണക്കിനു ആളുകളെ ഭവനരഹിതരാക്കുകയും ഒട്ടധികം പേരുടെ ജീവൻ അപഹരിക്കുകയും ചെയ്തു. ഈ അവസരത്തിൽ മലങ്കരസഭ രണ്ടു

ഗ്രാമങ്ങൾ ഏറ്റെടുക്കുകയും സാധുക്കൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുകയും ചെയ്തു. അതിന് അഹോരാത്രം കഷ്ടപ്പെട്ടത് സഭയിലെ മിഷൻ പ്രവർത്തനരംഗത്തെ മുൻപന്തിയിൽ നിന്നിരുന്നവരാണ്. മിഷൻ എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം പ്രവർത്തനത്തിലൂടെ കാണിച്ചുകൊടുക്കാൻ സാധിച്ചു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും, ഫാ. കെ. ഐ. ഫിലിപ്പും (ഇന്നത്തെ ഫിലിപ്പ് റമ്പാച്ചൻ) മറ്റും ആയിരുന്നു ദുരിതാശ്വാസ പ്രവർത്തനം ഏറ്റെടുത്തത്. ഉള്ളവരിൽ നിന്നു വാങ്ങി ഇല്ലാത്തവന് കൊടുക്കുക എന്നുള്ള തിരുമേനിയുടെ ചിന്ത പ്രവൃത്തിരൂപത്തിൽ വന്നപ്പോൾ ദുരന്തനിവാരണ പ്രവർത്തനം വൻ വിജയത്തിൽ എത്തി.

മുതലാളിത്തത്തിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നുവെന്നും ജനാധിപത്യസോഷ്യലിസം താമസിയാതെതന്നെ തൽസ്ഥാനം കൈയടക്കുമെന്നും തിരുമേനി പറഞ്ഞുകൊണ്ടിരുന്നു. തിരുമേനിയുടെ പ്രസ്താവന പ്രവാചകശബ്ദമാണെന്നു യാച്ചാരം തെളിയിച്ചു.

സൈക്ക്ളോൺ ദുരിതാശ്വാസ പ്രവർത്തനം 1980-ൽ പൂർത്തിയാക്കിയപ്പോൾ സ്ഥിരമായ ഒരു സേവനപ്രവർത്തനം ആന്ധ്രായിൽ ഉണ്ടാകണമെന്ന് അതിന് നേതൃത്വം നൽകിയവർ ആഗ്രഹിച്ചു. അതിൻപ്രകാരം ഒസ്താത്തിയോസ് തിരുമേനിയും, സഖറിയാസ് മാർ ദീവന്നാസിയോസ് തിരുമേനിയും പുതിയ വേലയ്ക്കുള്ള ആഗ്രഹം വേണ്ടപ്പെട്ടവരെ അറിയിച്ചു. അതിനനുസരിച്ചു സ്ഥിരമായ വേലയ്ക്ക് ആവശ്യമുള്ള സ്ഥലം ഗവണ്മെന്റിൽ നിന്നും നൽകാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. 1982-ൽ കൃഷ്ണാ ഡിസ്ട്രിക്റ്റിലെ ന്യൂസ്വിസ് എന്ന സ്ഥലത്ത് 100 ഏക്കർ സ്ഥലം കമ്മിറ്റിക്കാർ കാണുകയും പ്രാരംഭ സർവ്വെ നടത്തുകയും ചെയ്തു. എങ്കിലും വനംവകുപ്പിൽ നിന്നു ചില തടസ്സങ്ങൾ ഉണ്ടായതിന്റെ പേരിൽ സ്ഥലം കൈവശം കിട്ടിയില്ല. തുടർന്നു തക്കതായ സ്ഥലം കണ്ടുപിടിക്കാൻ അന്തരിച്ച ഫാ. ജോസഫ് വെണ്ടറപ്പിള്ളിയും ഡോ. തോമസ് മാണിയും മറ്റും ശ്രമിച്ചു.



കുമാർ

ഈ പരിതസ്ഥിതിയിൽ മറ്റ് പോംവഴികൾ ആരായുകയും പല സ്ഥലങ്ങൾ സന്ദർശിക്കുകയും ഭൂമി കാണുകയും അവസാനം നാഗാർജുന സാഗർ റൂട്ടിൽ യാച്ചാരത്ത് റോഡിന്റെ ഇരുവശങ്ങളിലായി 20 ഏക്കർ ഭൂമി വാങ്ങുകയുമാണുണ്ടായത്. ഇതു വാങ്ങാൻ കൂടുതൽ സഹായിച്ചത് കഴിഞ്ഞവർഷം കാല

യവനികയ്ക്കുള്ളിൽ മറഞ്ഞ പരുമലഭവനം കുമാർ എന്ന മലയാളി ആയിരുന്നു. അങ്ങനെ ആ സ്ഥലം വാങ്ങി. ചില തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും സാമ്പത്തികക്ലേശങ്ങൾ വന്നിട്ടും കഷ്ടപ്പാടുകൾ സഹിച്ചു ഹൈദരബാദിൽ താമസിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനം കെ. ഐ. ഫിലിപ്പച്ചന്റെ നേതൃത്വത്തിൽ തുടരുകയും ചെയ്തു.

## സ്ഥാപനത്തിന്റെ ഉദ്ദേശ്യം

മലങ്കരസഭയ്ക്ക് ഇതുവരെ ചെയ്യുവാൻ സാധിക്കാത്ത ഒരു വലിയ പ്രസ്ഥാനത്തിനാണു ഈ പ്രവർത്തനത്തിലൂടെ തുടക്കമിട്ടത്. 2000 വർഷം പഴക്കമുള്ള സഭയ്ക്കു കർത്താവിന്റെ സ്നേഹവും, സേവനവും മറ്റുള്ളവർക്ക് കൊടുക്കാനായില്ല. സഭ സഭയ്ക്കുള്ളിലും പള്ളിയ്ക്കുള്ളിലും മാത്രം നിലനിന്നു. വിജാതീയ മിഷൻ രംഗത്ത് ഒരു കൊടുങ്കാറ്റുകണക്കെ പ്രവർത്തിച്ച കാലംചെയ്ത പത്രോസ് മാർ ഒസ്താത്തിയോസും ബഥനിയിലെ അലക്സിയോസ് മാർ തേവോദോസ്യോസും സഭാപ്രവർത്തനങ്ങൾ കേരളത്തിന് അകത്തും പുറത്തും തുടങ്ങിവച്ചപ്പോൾ ഇതുപോലെ ഒരു പ്രസ്ഥാനത്തിന് അവർ അടിസ്ഥാനമിടുകയായിരുന്നു എന്നു പലർക്കും ഭാവന ചെയ്യാൻപോലും ആയില്ല.

കർത്താവ് കൂടുതൽ സ്നേഹിക്കുകയും കൂടുതൽ പേർക്ക് സൗഖ്യം കൊടുക്കുകയും ചെയ്തത് കുഷ്ഠരോഗികൾക്ക് ആയിരുന്നു. “എനിക്ക് മനസ്സ് ഉണ്ട് നീ ശുദ്ധനാകുക” എന്ന് കല്പിച്ച കർത്താവ് ആ സ്നേഹം സഭാടിസ്ഥാനത്തിൽ മറ്റുള്ളവർക്ക് പകർന്ന് നൽകുവാൻ കുഷ്ഠരോഗികളുടെ കുഷ്ഠം ഇല്ലാത്ത കുഞ്ഞുങ്ങൾക്കുവേണ്ടി ഈ പ്രസ്ഥാനം ഇവിടെ രൂപംകൊണ്ടു. അനേകംപേരുടെ അത്താണിയായി ഈ സ്ഥാപനം ഇവിടെ നല്ല നിലയിൽ തുടരുന്നു. ഇതിനെല്ലാം നേതൃത്വം നൽകിയ ഒസ്താത്തിയോസ് തിരുമേനിയും ഫിലിപ്പ് റമ്പാച്ചനും ജോഷാ അച്ചനും (ഇപ്പോൾ സിൽവാനോസ് റമ്പാച്ചൻ), തോമസ് കുട്ടി അച്ചനും ജോർജ് മോടിയിൽ കോർഎപ്പിസ്കോപ്പാ അച്ചനും ഫാ. എം. എം. ഏബ്രഹാമും ആരംഭകാലത്ത് ഉണ്ടായിരുന്ന മറ്റ് എല്ലാ പ്രവർത്തകരും സഭയുടെ ആദരം അർഹിക്കുന്നു.

## ഇപ്പോഴത്തെ പ്രവർത്തനം

**1. ബാലഗ്രാം:-** 1985-ൽ ആരംഭിച്ച ഈ സ്ഥാപനം ഒട്ടധികം കുട്ടികൾക്ക് സംരക്ഷണവും വിദ്യാഭ്യാസവും നൽകി അവരുടെ ജീവിതത്തിന് താങ്ങും തണലും ആകുവാൻ സാധിച്ചു. ഇവിടെ സംരക്ഷിക്കപ്പെട്ട അനവധി പേർ എൻജിനീയറിംഗ് രംഗത്തും മെഡിക്കൽ രംഗത്തും അവരവരുടെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. ആദ്യകാലം മുതലുള്ള എല്ലാ കുട്ടി

കളും അവരുടെ ഭാവിജീവിതം കരുപിടിപ്പിച്ചു. ഇപ്പോൾ ഈ സ്ഥാപന ത്തിന്റെ 100-ൽപരം കുഞ്ഞുങ്ങൾ എൽ.കെ.ജി. ക്ലാസ്സ് മുതൽ എഞ്ചിനി യറിംഗ് വരെ പഠിക്കുന്നു. കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ ഇതിന്റെ ആരംഭം മുതൽ ഡയറക്ടറായി മേൽനോട്ടം വഹിക്കുന്നു. ഇപ്പോൾ മാനേജർ ഫാ. തോമസ് വറുഗീസ് (ബിജു അച്ചൻ) ആണ്. ജോസ് ആന്റ് ഓമന, ലിജു വർഗീസ്, അജിൻ തുടങ്ങിയവർ പ്രവർത്തകരാണ്. ബാലഗ്രാമിനു വേണ്ട കൈത്താങ്ങൽ നൽകുന്ന ഹൈദ്രബാദ്, സെക്കന്ദ്രബാദ് എന്നിവിടങ്ങ ളിലെ നാല് ഇടവക അംഗങ്ങളേയും വൈദികരേയും പ്രത്യേകം ഈ അവസരത്തിൽ ഓർക്കുന്നു.

ബാലഗ്രാമിന്റെ ആരംഭം മുതൽ ഇവിടുത്തെ ആവശ്യത്തിനുവേണ്ട പാലും കൃഷിക്കുവേണ്ട ചാണകവും ലഭിക്കുന്നതിന് സ്ഥാപിച്ച ഡയറി ഫാം ഭംഗിയായി നടന്നുവരുന്നു. ബാലഗ്രാമിനോട് ചേർന്ന് വേറെ മൂന്ന് സ്ഥാപനങ്ങൾ കൂടി ഈ പ്രദേശത്ത് തുടങ്ങുവാനും സാധിച്ചു.

**2. കണ്ണാശുപത്രി**

ആദ്യം ഒരു ജനറൽ ആശുപത്രി തുടങ്ങി എങ്കിലും അത് വേണ്ട രീതിയിൽ പുരോഗമിച്ചില്ല. തുടർന്ന് ഐസക് തോമസ്, ഡോ. മോഹൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ L. V. Prasad Eye Institute, ഹൈദ്രബാ ദിന്റെ മേൽനോട്ടത്തിൽ 1999 ഡിസംബറിൽ ഒരു കണ്ണാശുപത്രി തുടങ്ങു ന്നതിനുള്ള നടപടികൾ തുടങ്ങി. അത് 2000-ൽ പൂർത്തീകരിക്കുവാനും 2001-ൽ ജൂലൈ 10-ന് ഓപ്പറേഷൻ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിച്ചു. ഒന്നര ദശാബ്ദമായി ഈ പ്രദേശത്ത് ഹോസ്പിറ്റലിന്റെ സേവനം മറ്റുള്ളവർക്ക് പ്രയോജനപ്രദമായ രീതിയിൽ കാഴ്ചവെയ്ക്കു വാൻ സാധിച്ചു. Operation Eye sight Universal (OEU) കാനഡായുടെ മേൽനോട്ടത്തിൽ വില്ലേജ് കമ്മ്യൂണിറ്റി പ്രോഗ്രാം ഏറ്റെടുത്ത് നടത്തുന്നു. ഈ പ്രദേശത്തെ അഞ്ച് പഞ്ചായത്തുകളിലെ കണ്ണുരോഗികളെ ഹോസ് പിറ്റലിൽ കൊണ്ടുവരികയും ഓരോ വില്ലേജും പൂർണ്ണമായും അന്ധരി ല്ലാത്ത ഗ്രാമങ്ങളാക്കി തീർക്കുകയും ചെയ്തു. കർത്താവ് അന്ധന് കാഴ്ച കൊടുത്തതുപോലെ ആശുപത്രി മുഖേന അനേകർക്ക് കാഴ്ച തിരിച്ച് നൽകുവാൻ സാധിക്കുന്നു. അതിന് നേതൃത്വം നൽകുന്ന ഐസക്ക് തോമസ്, ജിജി തോമസ്, ഡോ. രവി കുമാർ എന്നിവരുടെയും മറ്റ് എല്ലാ സ്റ്റാഫിന്റെയും പ്രയത്നം വളരെ വിലമതിക്കപ്പെട്ടതാണ്. ഈ ആശു പത്രി മുഖാന്തരം ഈ ബാലഗ്രാമിനും ഈ പ്രദേശത്ത് കൂടുതൽ സൽ പേര് ലഭിച്ചിട്ടുണ്ട്. സാമ്പത്തികനേട്ടം അല്ല ഇതിന്റെ ലക്ഷ്യം. സേവനം മാത്രം. തന്നിമിത്തം പ്രവർത്തനം ശോഭനം.

### 3. പ്രത്യാശാ ഭവൻ

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പുതിയ പ്രോജക്റ്റായി യാച്ചാരത്തു ഒരു വൃദ്ധസംരക്ഷണ കേന്ദ്രം തുടങ്ങുവാൻ പ്രവർത്തകർ ആഗ്രഹിക്കുകയും വേണ്ട പണം സുവനീർ പ്രസിദ്ധീകരിച്ചും മറ്റും സ്വരൂപിക്കുകയും ഒരു കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയും ചെയ്തു. ആരോരും ഇല്ലാത്ത 15 പുരുഷന്മാരെ ഇവിടെ താമസിപ്പിക്കുവാൻ സാധിക്കുന്നു. ഇതിനോടകം മൂന്നു പേർ മരിച്ചു. ഇപ്പോൾ അന്തേവാസികളായി ആറ് പേർ ഉണ്ട്. അലക്സ് ഡി. മാത്യു (ബാലഗ്രാം ട്രഷറാർ) ഇതിന്റെ ആരംഭപ്രവർത്തനത്തിന് നേതൃത്വം നൽകി. തിരുമേനി കാലംചെയ്തു എങ്കിലും തിരുമേനിയുടെ ശാശ്വതസ്മരണയ്ക്കായി ഈ സ്ഥാപനം നല്ല രീതിയിൽ തുടരുന്നു.

### 4. പബ്ലിക് സ്കൂൾ

ബാലഗ്രാമിന്റെ ചരിത്രത്തിൽ ആദ്യമായി ഈ പ്രദേശത്ത് ബാലഗ്രാമിനോട് ചേർന്ന് ഒരു സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങുന്നതിന് സാധിച്ചു. ബാലഗ്രാമിലും ബാലഗ്രാമിന് പുറത്തുള്ള വില്ലേജിലും ഉള്ള 100-ൽപരം കുഞ്ഞുങ്ങൾ നഴ്സറി മുതൽ നാലു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നു. കേരളത്തിൽ നിന്നുള്ളവരെ കൂടാതെ മറ്റു അദ്ധ്യാപകരും ഇതിന് നേതൃത്വം നൽകുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ മൂലം ഈ പ്രദേശം വളർന്നു വികസിക്കും. അതു സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളതായിത്തീരും. സ്കൂളിനുവേണ്ടി ഇനിയും കെട്ടിടവും, ക്ലാസ്സ്മുറിയും ഉണ്ടാകേണ്ടതുണ്ട്.

ഈ സ്ഥാപനത്തിന് തുടക്കം കുറിച്ച കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ഒസ്താത്തിയോസ് തിരുമേനിയും പി. എം. തോമസ് റമ്പാച്ചനും മറ്റും ഞങ്ങളുടെ ഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. ഇവരുടെ പ്രാർത്ഥന ഈ സ്ഥാപനത്തിനും അതിന്റെ വളർച്ചയ്ക്കും കോട്ടയാണ്. അതുപോലെ തന്നെ സർവ്വവ്യാപിയായ ഫിലിപ്പ് റമ്പാച്ചന്റെ പ്രായം, ആരോഗ്യം എന്നിവ വിസ്മരിച്ചുകൊണ്ടുള്ള സന്ദർശന മേൽനോട്ടങ്ങൾ ഞങ്ങൾക്കെന്നും പ്രചോദനം പ്രദാനം ചെയ്യുന്നു.



**- ഫാ. തോമസ് വറുഗീസ്**

# തല ചായിക്കാൻ ഇടം കിട്ടാഞ്ഞ സന്യാസി കണ്ട സ്ഥലമെല്ലാം പെട്ടെന്നു പാട്ടിലാക്കി

1985 ജൂൺ. പുതുപ്പാടി സെന്റ് പോൾസ് ബാലഗ്രാമിൽ നിന്നു കെ. ഐ. ഫിലിപ്പ് അച്ചൻ (ഇന്നു റമ്പാച്ചൻ) മഹാനഗരമായ ഹൈദരബാദിൽ എത്തുന്നു. എങ്ങോട്ടു പോകണമെന്നു തിട്ടമില്ല. പ്രയാസങ്ങൾ വരുമ്പോൾ ദൈവത്തെ തേടുന്ന മനുഷ്യരെപ്പോലെ അച്ചൻ സെന്റ് ഗ്രീഗോറിയോസ് ദൈവാലയത്തിൽ അഭയം തേടി. അവിടെ ചെന്നപ്പോൾ വികാരി അച്ചനുമില്ല, കൊച്ചമ്മയുമില്ല, കിച്ചനുമില്ല, കൊച്ചുങ്ങളുമില്ല, പൂച്ചയുമില്ല, ഒച്ചയുമില്ല. കൊച്ചു പാഴ്സനേജിൽ താമസിക്കാൻ ഒട്ടും സൗകര്യവും ഇല്ല.

വിവരം അറിഞ്ഞു ഞാൻ എച്ച്.എ.എൽ. ഓഫീസിൽ നിന്നു ബസ്സിൽ മൂന്നു മണിക്കു പള്ളിയിൽ ചെന്നപ്പോൾ രണ്ടര മണി കഴിഞ്ഞിട്ടും ഫിലിപ്പച്ചൻ ഉപവാസം നിറുത്താതെ ധ്യാനനിരതനായി നിൽക്കുന്നു. പള്ളിയും പാഴ്സനേജും കള്ളന്മാരെ ഭയന്നായിരിക്കും പൂട്ടിക്കിടക്കുന്നു. സന്യാസിയാണെങ്കിലും വല്ല ബോധിവൃക്ഷച്ചുവട്ടിലും കിടത്തിയാൽ പോരല്ലോ. അവിടെ മരം പോലുമില്ല. ഞാൻ മറിടപ്പള്ളിയിലെ ബഥേൽ എന്നു പേരുള്ള എന്റെ കൊച്ചുവീട്ടിലേക്കു അച്ചനെ കൂട്ടിക്കൊണ്ടു പോയി. രണ്ടാഴ്ച അങ്ങനെ ഫിലിപ്പച്ചൻ കാര്യമായ അല്ലലില്ലാതെ കഴിഞ്ഞു കൂടി. സത്യം പറഞ്ഞാൽ കൊച്ചു മനുഷ്യരായ എനിക്കും അമ്മയ്ക്കും എന്റെ ഭാര്യ മീനടംകാരി അന്നമ്മയ്ക്കും ദീനബാലജന സംരക്ഷകനായ അച്ചനെ "ഇല്ലിതിൻമീതെ വിരുന്നുകാരൻ" എന്നു കവി പറയുന്നതു പോലെയുള്ള മനോഭാവത്തോടെയേ കാണാൻ കഴിഞ്ഞുള്ളു. രണ്ടാഴ്ചത്തെ താമസത്തിനുശേഷം സന്യാസിക്കു കൂടുതൽ ഏകാന്തതയും സൗകര്യങ്ങളുമുള്ള ഒരു സമീപ വാടകവീട്ടിലേക്കു ഫിലിപ്പച്ചൻ മാറി, മാറ്റിയതല്ല.

ഒരു മാസം കഴിഞ്ഞ് അച്ചൻ നാട്ടിലേക്കു പോകുന്നതിനു മുമ്പ് പല പല സ്ഥലങ്ങൾ സന്ദർശിച്ചു. ആടുവളർത്തുന്നവർ ധാരാളമുള്ള ഒരു സ്ഥലമായ യാച്ചാരം നമ്മുടെ "ആട്ടിൻകുട്ടികളെപ്പോലെ ചാടിക്കളിക്കുന്ന' അനാഥക്കുട്ടികളെ പോറ്റുന്ന ദൈവദാസന് ഏറെ ഇഷ്ടപ്പെട്ടു. പലരും സ്ഥലം നല്ലതല്ലെന്നു പറഞ്ഞു. എന്നാൽ കാലേബിനേപ്പോലെ അച്ചൻ നിലകൊണ്ടു. യാച്ചാരം, അച്ചനെ കീഴടക്കി; അല്ല അച്ചൻ യാച്ചാരത്തെ വെട്ടിപ്പിടിച്ചു. സ്ഥലം വാങ്ങാനുള്ള അച്ചാരം കൊടുക്കാൻ പോലും കാശി

ല്ലെങ്കിലും ഫിലിപ്പച്ചനു തീറാധാരം എഴുതാൻ ഏറെ തിടുക്കമായി. ആടു വളർത്തുന്ന സഹോദരന്മാരായ രണ്ടു ആട്ടിടയന്മാരിൽ നിന്നു 20 ഏക്കർ (8 + 12) വാങ്ങാൻ തീരുമാനിച്ചു. ഹൈദരബാദിൽനിന്നു നാഗർജു സാഗറിലേക്കുള്ള രാജവീഥിയുടെ 50 കിലോമീറ്റർ എന്നു കാണിക്കുന്ന കുറ്റി നിൽക്കുന്ന സ്ഥലം. ഏതാണ്ടു മരുഭൂപ്രദേശത്തിന്റെ പ്രതീതി. 101 രൂപ അഡ്വാൻസ് നൽകി കരാർ ഉറപ്പിച്ചു. അത്രയും തുക എങ്ങനെയോ ഒപ്പിച്ചു.

ബാക്കി പണം നല്ലവരായ വല്ലവരുടെയും പോക്കറ്റിലാണ്! എങ്കിലും രണ്ടു മാസത്തിനകം മിഷൻബോർഡ് അധികാരികൾ അതും ശേഖരിക്കുമെന്നും സ്വപ്നം യാഥാർത്ഥ്യമാകുമെന്നും വിശ്വസിച്ചുകൊണ്ട് പണം നൽകാമെന്നും ഏറ്റു. മാറഡപ്പള്ളിയിൽ തന്നെ ഫിലിപ്പച്ചൻ തിരിച്ചു വരുമ്പോൾ താമസിക്കാനായി ഒരു വാടകവീടും ഏർപ്പാടു ചെയ്തു. തിരിച്ചു വന്നപ്പോൾ ബ്രദർമാരായ തോമസുകുട്ടിയും സണ്ണിയും കൂടെ ഉണ്ടായിരുന്നു. കുക്കിങ്ങിനും മറ്റും വേണ്ട പാത്രങ്ങളും ഉണ്ണാനുള്ള പിഞ്ഞാണവും മറ്റും എന്റെ വീട്ടിൽനിന്നുതന്നെ നൽകി. അവ അലമാരയിൽ വിശ്രമിക്കുകയായിരുന്നു. പല സുഹൃത്തുക്കൾ കസേരയും കട്ടിലും അലമാരയും മറ്റും സമ്മാനിച്ചു. ഒരു മാസത്തിനുള്ളിൽ എല്ലാ വീട്ടുപകരണങ്ങളും കൊണ്ടു വാടകവീടു നിറഞ്ഞു എന്നു പറയാം. ഈ വീട് എന്റെ വീടിന്റെ എതിർവശത്തായിരുന്നതിനാൽ ഭക്ഷണക്രമീകരണ കാര്യങ്ങളിൽ എന്റെ സ്നേഹനിധിയായ അമ്മയും മരുന്നു സംബന്ധിച്ച കാര്യത്തിൽ പ്രിയ ഭാര്യയും വളരെയധികം സഹായിച്ചതായി ഓർക്കുന്നു.

ബാക്കിപണം നൽകാമെന്നു പറഞ്ഞ സമയം അല്പം വൈകി എങ്കിലും ആധാരം എഴുതി പണം കൊടുക്കാനായി നാട്ടിൽ നിന്നു ഫാ. കെ. വി. സാമുവൽ (ചന്ദനപ്പള്ളി) വന്നു. ഹൈദരബാദുപള്ളി വികാരിയായിരുന്ന ഫാ. ഫിലിപ്പോസ് ചെമ്പോത്ര, ഫാ. കെ. ഐ. ഫിലിപ്പ്, പി. കെ. ഇട്ടൂപ്പ് എന്നിവരും ഞാനും ഇബ്രാഹിം പട്ടണത്തു ചെന്നു. ഈ സമയത്ത് ഈയിടെ അന്തരിച്ച പഴയ പരുമല ഭവനം കുമാറും, ആട്ടിടയ സഹോദരന്മാരും ഇബ്രഹിം പട്ടണത്തെ രജിസ്റ്റർ കച്ചേരിയിൽ എത്തി ഇരുപതേക്കർ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്തി കൈവശത്തിലാക്കി. പണം പിരിച്ച് ബാക്കി 80 ഏക്കർ കൂടി പെട്ടെന്നു റമ്പാച്ചൻ പാട്ടിലാക്കി. എന്റെ വീടു പണിയാൻ സഹായിച്ച കുപ്പു സാമിയും, വിനോദ് മേസ്തരിയും ഞാനും പിറ്റേദിവസം യാച്ചാരത്തു ചെന്നു. കെ. ഐ. ഫിലിപ്പച്ചന്റെ ഹിതംപോലുള്ള ഒരു കെട്ടിടത്തിന്റെ പ്ലാൻ കുപ്പുസാമി തയ്യാറാക്കി. ഇന്നു യാച്ചാരത്തു കാണുന്ന ആസ്ബസ്റ്റോസ് ഷെഡ്ഡാണു ആദ്യം നിർമ്മിച്ചത്. ഫാ. ഫിലിപ്പോസ് ചെമ്പോത്രയാണു ഷെഡ്ഡിനു തറക്കല്ലിട്ടത്. മുൻ എയർ ഫോഴ്സ് ഉദ്യോഗസ്ഥനും പരുമല പീടികയിൽ കുടുംബാംഗവുമായ

ജേക്കബ് മാത്യുവും എന്നോടൊപ്പം ചേർന്നു. ഞങ്ങൾ ഇരുവരും 51 ദിവസം കൊണ്ടു ഷെഡ്ഡുപണി തീർത്തു. എന്നും സെക്കണ്ടറബാദിൽ നിന്നു മൂന്നു വണ്ടികൾ മാറിക്കയറിയാണ് ഞങ്ങൾ യാച്ചാരത്തു ചെന്നു പണികൾക്ക് നേതൃത്വം നൽകിയത്. ബ്രദർ തോമസുകുട്ടിയും ഞങ്ങ ളുടെ വലിയ സഹായിയായിരുന്നു. ഇതിനിടയിൽ കെ. ഐ. ഫിലിപ്പ ച്ചനും ബ്രദേഴ്സും സെക്കണ്ടറബാദിൽ താമസം തുടങ്ങിയിട്ടു 365 ദിവസം കടന്നുപോയി. വൈകാതെ ഷെഡ്ഡിന്റെ കൂദാശ നടത്തി അവിടേക്കു താമസം മാറ്റി. മല്ലപ്പള്ളി സ്വദേശിയായ ഫ്രാൻസിസ് ഈപ്പൻ എന്ന വിശ്വ സ്തനായ ഒരാളെയും യാച്ചാരത്തെ ബാലഭവനു കൂട്ടാളിയായി കിട്ടി.

ഒരു നിസ്വാർത്ഥ സേവകനായിരുന്ന കുപ്പുസാമി പ്രധാന കെട്ടിട ത്തിന്റെ പ്ലാൻ വരച്ചു. വിനോദ് മേസ്തരിയും ടീമും ചേർന്നു പണി നട ത്തിവരുന്നതിനു മുമ്പ് പഞ്ചായത്തിന്റെ അനുവാദം നേടി. കെട്ടിടത്തിന്റെ ഒന്നാംനില തീരുംവരെ വിനോദ് മേസ്തരിയും സഹായികളും ദിവസം 50 കിലോമീറ്റർ ദൂരം താണ്ടി യാച്ചാരത്തു വന്ന് ഉത്സാഹപൂർവ്വം പണി നടത്തി. ഇന്നു കുപ്പുസാമിയും വിനോദു മേസ്തരിയും ഇല്ലെങ്കിലും അവ രുടെ അറിയപ്പെടാത്ത സ്മാരകമെന്ന നിലയിലും യാച്ചാരം ബാലഗ്രാ മിലെ ആദ്യകെട്ടിടം തല ഉയർത്തി നിലകൊള്ളുന്നതിൽ ഞാൻ തെല്ല് അഭിമാനഭരിതനാണ്.

**- തൊമ്മി ചെറിയാൻ, സെക്കണ്ടറബാദ്**





**മാമ്മൻ ഏബ്രഹാം**
(പ്രഥമ യാച്ചാരം ട്രഷറർ)

# ആന്ധ്രയിലേക്കുള്ള ആഹ്വാനം: തിരിഞ്ഞുനോക്കുമ്പോൾ ആത്മസന്തോഷം

ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുന്നതിനും സർവ്വരേയും ദൈവരാജ്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള ശ്രമത്തിനിടയിൽ തന്റെ സഹായത്തിനുവേണ്ടി ഉന്നത വിദ്യാഭ്യാസമുള്ളവരെയും വിദ്യാധനം തീരെ കുറഞ്ഞ അദ്ധ്വാനശീലരായ മീൻപിടിത്തക്കാരെയും വിളിച്ചു തന്നോടൊപ്പം കൂട്ടിയ യേശുക്രിസ്തുവിനെപ്പോലെ, മലങ്കരസഭയുടെ സുവിശേഷ പ്രവർത്തന വയലിലെ കൊയ്ത്തിനുവേണ്ടി ഫാ. എം. വി. ജോർജ് (പിന്നീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) സാമാന്യ വിദ്യാഭ്യാസവും സമർപ്പണജീവിതവുമുള്ള ഒട്ടധികം ചെറുപ്പക്കാരെ അര നൂറ്റാണ്ട് മുമ്പ് തെരഞ്ഞെടുത്തതുകൊണ്ടാണു നമ്മുടെ മിഷൻ പ്രവർത്തനം ഇത്രയധികം വളർന്നതെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ആന്ധ്രയിൽ 1977-ൽ ആഞ്ഞടിച്ച കൊടുങ്കാറ്റുമൂലം അര ലക്ഷം പേർ മരിച്ചു. ലക്ഷത്തിൽപ്പരം കന്നുകാലികൾ ചത്തു. പത്തു ലക്ഷം ഭവനങ്ങൾ തറപറ്റി. കൂടാതെ പട്ടിണിയും രോഗവുമെല്ലാം ലോകമനസ്സാക്ഷിയെ പിടിച്ചു കുലുക്കി. ദുരന്തനിവാരണ പ്രവർത്തനം മൂലം വളരെയധികം സഹായം എത്തിക്കാൻ സാധിച്ചു.

ഈ രംഗത്തു മലങ്കരസഭയും അതിന്റേതായ ഒരു ചെറിയ പങ്കു വഹിച്ചപ്പോൾ ആന്ധ്രയിൽ രണ്ടു ഗ്രാമങ്ങൾക്കു പുതിയ മുഖഛായ ലഭിച്ചു. 200 ഭവനങ്ങളും ഏതാനും സ്കൂളുകളും കമ്മ്യൂണിറ്റി സെന്ററുകളും മറ്റും സഭാടിസ്ഥാനത്തിൽ ശേഖരിച്ച ഫണ്ടുകൊണ്ടു നിർമ്മിക്കാൻ സാധിച്ചു. എല്ലാ പ്രവർത്തനങ്ങളുടെയും ശക്തികേന്ദ്രം ഗീവർഗീസ് മാർ ഒസ്താത്തിയോസും ദുരന്തനിവാരണ സമരരംഗത്തെ ക്യാപ്റ്റനായ കെ. ഐ. ഫിലിപ്പ് റമ്പാനും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ച ഒരുപറ്റം അറിയപ്പെടുന്ന സഭാസ്നേഹികളും അജ്ഞാതരായ ഏതാനും ദൈവമക്കളുമായിരുന്നു.

വിദൂരമായ ആന്ധ്രയുടെ പുനരുദ്ധാരണത്തിനു ശ്രമിക്കുന്നതിൽ ഭേദം കേരളത്തിൽ തന്നെ എന്തെങ്കിലും ചെയ്യുന്നതല്ലേ നല്ലതെന്നുപദേശിച്ച സഭാസ്നേഹികളും കുറവല്ലായിരുന്നു. എന്നാൽ മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാസ് മാർ ദീവന്നാസ്യോസും വടക്കേ ഇന്ത്യയിൽ കാര്യക്ഷമമായി സുവിശേഷ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന സ്തേഫാനോസ് മാർ തേവോദോസിയോസും ആന്ധ്രയിലെ

പ്രവർത്തനങ്ങൾക്കു ശക്തമായ പിന്തുണ നൽകിയെന്ന കാര്യം എടുത്തു പറയേണ്ടതുണ്ട്.

ഇങ്ങനെയിരിക്കെ മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ് ഞാൻ കൽക്കട്ടയിൽ നിന്നു കോട്ടയത്തു വന്നു പുതിയ ജോലി സ്വീകരിക്കുകയും സഭാസംബന്ധമായ ചില കമ്മിറ്റികളിൽ സേവനം ചെയ്ത ശേഷം കുറച്ചുനാൾ കമ്മിറ്റികളിൽ നിന്നു വിട്ടുനിന്നു വിശ്രമിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ അവസരത്തിൽ കൽക്കട്ടയിലെ ഞങ്ങളുടെ മുൻ വികാരിയും സ്നേഹവാത്സല്യങ്ങളുടെ പ്രതീകവും എന്റെ ഒരു ആരാധക വൈദികനുമായ ഫാ. എം. വി. ജോർജ് ഞങ്ങളുടെ വീട്ടിൽ വരികയും, ആന്ധ്രയിലെ സ്ഥിതിഗതികൾ വിവരിക്കുകയും ചെയ്തു. സൈക്ലോൺ ഫണ്ടു ശേഖരണം സംബന്ധിച്ച ഒരു കമ്മിറ്റിയിൽ ഇരിക്കണമെന്നു പറഞ്ഞു. ഞാൻ വിസമ്മതം പ്രകടിപ്പിച്ചപ്പോൾ ഈ പാവപ്പെട്ട മെത്രാച്ചന്റെ കൂടെ വരാൻ മടിയാണല്ലേ? മറ്റു വല്ല പ്രശസ്ത തിരുമേനിമാരുള്ള കമ്മിറ്റികളിൽ പ്രവർത്തിക്കാൻ നിനക്കു മടിയില്ല. അല്ലേ? ഈ ചോദ്യം ചോദിക്കുമ്പോൾ എന്റെ ചാരത്തു നിന്ന ഭാര്യയും പ്രമേഹത്തിന്റെ പ്രഹരമേറ്റ തിരുമേനിയുടെ നേത്രദ്വയ സൂക്ഷിപ്പുകാരിൽ ഒരാളുമായ ഡോ. ഏവിസ് ഈപ്പൻ എന്നെ ഒന്നു ചെറുതായി തോണ്ടിയിട്ട് ചെല്ലാമെന്നു പറയാൻ പറഞ്ഞു. അങ്ങനെയാണു ദൈവനിയോഗമെന്നു പറയട്ടെ, ഞാൻ ആന്ധ്രാ സൈക്ലോൺ ഫണ്ടു കമ്മിറ്റിയിലും പിന്നീടു രൂപവൽക്കരിച്ച ശിശുക്ഷേമ കമ്മിറ്റിയിലും അംഗമാകുന്നത്.

എന്നോടൊപ്പം ഉണ്ടായിരുന്ന ഊർജ്ജസ്വലരായ പല യുവാക്കളിൽ ഫാ. ജോസഫ് വെണ്ടറപ്പള്ളിയും തട്ടുങ്കൽ ഡോ. തോമസ് മാണിയും മെത്രാച്ചനെപ്പോലെ അക്കര കടന്നതിൽ ഇക്കരയിൽ നിലകൊള്ളുന്ന എനിക്ക് വലിയ ദുഃഖമുണ്ട്. ചെറുപ്പം ചെറുതാകാത്ത പ്രൊഫ. കെ. സി. ജോർജ് ഇന്നും ആന്ധ്രയിലുള്ള യാച്ചാരത്തെ സേവനപ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സാഹത്തോടെ നീങ്ങുന്നതിൽ വളരെ സന്തോഷവുമുണ്ട്.

ആന്ധ്രയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നാം പൂർത്തിയാക്കിയപ്പോൾ ഗണ്യമായ ഒരു തുക മിച്ചം വന്നു. ആ പണംകൊണ്ട് അവിടെത്തന്നെ ജീവകാരുണ്യപ്രവർത്തനം നടത്തണമെന്നു ആഭ്യന്തരമന്ത്രി ജനാർദ്ദൻ റെഡ്ഡിയും ഒസ്താത്തിയോസ് തിരുമേനിയും ശഠിച്ചപ്പോൾ രൂപം കൊണ്ടതാണ് യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഭവനും പള്ളിയും ആശുപത്രിയും മറ്റും. വൈകാതെ സൈക്ലോൺ ഫണ്ട് ശിശുക്ഷേമ സമിതി ഫണ്ടായി രൂപംപ്രാപിച്ചു. പലപ്പോഴും കമ്മിറ്റി കൂടുന്നതു കോട്ടയത്തെ സോഫിയാ സെന്ററിൽ വച്ചായിരുന്നു. സൗകര്യം കിട്ടുമ്പോ

ഴെല്ലാം ഒസ്താത്തിയോസ് തിരുമേനി യാച്ചാരത്തു എത്തും. നാഗാർജുന സാഗറിലേക്കുള്ള യാത്രാസൗകര്യം കുറവുള്ള വഴിയായിരുന്നതിനാൽ ചിലപ്പോൾ കച്ചിലോറിയിലും മറ്റും മെത്രാച്ചൻ 50 കിലോമീറ്റർ സഞ്ച രിച്ച് എത്തിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ വലിയ നോമ്പിലെ രണ്ടാം ഞായ റാഴ്ചയായ കുഷ്ഠരോഗികളുടെ ഞായറാഴ്ച നടന്നുവരുന്ന യാച്ചാരം വാർഷികത്തിൽ മിക്ക വർഷവും പങ്കെടുത്തു വന്നു. കഴിഞ്ഞ പ്രാവശ്യം ചെന്നപ്പോൾ യാച്ചാരം ഇത്രമാത്രം വളർന്നു കണ്ടതിൽ ദൈവത്തെ ഏറെ സ്തുതിക്കുകയും നിർവചിക്കാനാവാത്ത ആത്മാഭിമാനവും ആത്മ സന്തോഷവും ഉണ്ടാകുകയും ചെയ്തു. എല്ലാ ത്തിനും കാരണം ആ ‘സഭാരത്ന’ത്തിന്റെ അട ങ്ങാത്ത ആഗ്രഹവും ദൈവാത്മപ്രേരിതമായ ആഹ്വാനവും തന്നെ. എന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്ന യാച്ചാരത്തിനു നന്മകളുടെ പൂക്കാലം ആശംസിക്കുന്നതിൽ ഏറെ സന്തോഷം.



**– കെ. സി. ഈപ്പൻ, കണ്ടത്തിൽ**




**ആന്ധ്രയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽ കിയതിന്റെ ആദരസൂചകമായി ലഭിച്ച പ്രശസ്തിഫലകവുമായി കെ. ഐ. ഫിലിപ്പ് റമ്പാച്ചനും ഫാ. ജോസഫ് വെണ്ടപ്പള്ളിയും.**

# ദുരന്തനിവാരണ പ്രവർത്തനം സഭയുടെ നല്ല നീക്കം

ആന്ധ്രയിൽ 1979 സെപ്റ്റംബറിൽ കൊടുങ്കാറ്റും വൻമഴയും വെള്ളപ്പൊക്കവും കടലാക്രമണവും മൂലം ശതക്കണക്കിനാളുകൾ മരിക്കുകയും സഹസ്രക്കണക്കിനു വീടുകൾ നിലംപതിക്കുകയും മറ്റും ചെയ്തപ്പോൾ പുനരുദ്ധാരണപ്രവർത്തനങ്ങളോട് മലങ്കരസഭ രചനാത്മകമായി പ്രതികരിച്ചു. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസും ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു നാശനഷ്ടങ്ങൾ നേരിട്ടു കണ്ടു. തുടർന്ന് സഭ ഗണ്യമായ തുക ശേഖരിച്ചു ഒരു പുനരധിവാസ പദ്ധതി നടപ്പാക്കണമെന്നു തീരുമാനിക്കുകയും ഗീവറുഗീസ് മാർ ഒസ്താത്തിയോസിനെ പ്രവർത്തനച്ചുമതല ഏൽപ്പിക്കുകയുമാണുണ്ടായത്. കൂടാതെ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ ആന്ധ്രയിലെ പ്രവർത്തനങ്ങൾക്കായി മാർ ഒസ്താത്തിയോസ് അദ്ധ്യക്ഷനായി ഒരു ശിശുക്ഷേമബോർഡും രൂപവൽക്കരിച്ചു. രണ്ടു ഗ്രാമങ്ങളിൽ 80 വീടുകളും കമ്മ്യൂണിറ്റി ഹാളും മറ്റു ചില സൗകര്യങ്ങളും ക്രമീകരിക്കാൻ ഈ ശിശുക്ഷേമബോർഡ് നിശ്ചയിച്ചു. ഈ ബോർഡിന്റെ കമ്മിറ്റിയിൽ കോട്ടയത്തു നിന്നു ഡോ. തോമസ് മാണി തട്ടുങ്കൽ, കെ. സി. ഈപ്പൻ കണ്ടത്തിൽ (സെക്രട്ടറി), കെ. സി. ജോർജ് (ട്രഷറർ) എന്നിവരും ഉൾപ്പെട്ടിരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ നേതൃത്വം നൽകിയ കെ. ഐ. ഫിലിപ്പ് അച്ചന്റെ കീഴിലായിരുന്നു ഞങ്ങളുടെ പ്രവർത്തനം. കമ്മിറ്റിയിൽ ആദ്യംമുതലേ അത്യുത്സാഹത്തോടെ പ്രവർത്തിച്ച ഫാ. ജോസഫ് വെണ്ടറപ്പള്ളിയും, ഡോ. തോമസ് മാണിയും ഏതാനും വർഷം കഴിഞ്ഞ് അന്തരിച്ചു.

ദുരിതനിവാരണ പ്രവർത്തനങ്ങൾക്കായി സഭാംഗങ്ങളിൽ നിന്നും, ഞങ്ങൾ വിദ്യാലയങ്ങൾ സന്ദർശിച്ചു കുട്ടികളിൽ നിന്നും ഗണ്യമായ ഒരു തുക ശേഖരിച്ചു. കൂടാതെ ഒസ്താത്തിയോസ് തിരുമേനിയുടെ കണ്ണുകളും വാക്കുകളും അക്രൈസ്തവരുടെ സഹതാപവും സഹായവും നേടാൻ സഹായിച്ചു. പ്രവർത്തനപുരോഗതി കണ്ട ഫിലിപ്പച്ചൻ കെ. സി. ഈപ്പനേയും, ഡോ. മാണിയേയും എന്നെയും സേവനരംഗത്തെ ത്രിമൂർത്തികൾ എന്നാണു അന്നു വിശേഷിപ്പിച്ചത്. ചൈൽഡ് വെൽഫെയർ ബോർഡ് ഓഫീസ് സെക്രട്ടറിയായിരുന്നതു ഇന്നു അമേരിക്കയിലെ ടാമ്പ ഗ്രീഗോറിയോസ് പള്ളി വികാരിയായിരിക്കുന്ന ഓണക്കൂർ വാളനടിയിൽ ജോർജ് പൗലൂസാണ്.

1979-ൽ മച്ചിലിപട്ടണത്തു പണിതീർന്ന ഭവനങ്ങളുടെ താക്കോൽ

ഗവർണറായിരുന്ന കെ. സി. ഏബ്രഹാമും, അന്നത്തെ ആഭ്യന്തരമന്ത്രി ജനാർദ്ദന റെഡ്ഡിയും ചേർന്നാണു ഗുണഭോക്താക്കൾക്കു നൽകിയത്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ ഫാ. കെ. ഐ. ഫിലിപ്പിനു കെ. സി. ഏബ്രഹാം വളരെയധികം പിന്തുണ നൽകി. തന്മൂലം സർക്കാർ സഹായങ്ങൾ വൈകാതെ ലഭിച്ചു. മദ്രാസ് ഭദ്രാസനാധിപനായിരുന്ന സഖറിയാസ് മാർ ദീവന്നാസ്യോസും ഗണ്യമായ സഹായങ്ങൾ നൽകി.

സഭയുടെ ആന്ധ്രാ ദുരന്തനിവാരണ പ്രവർത്തനത്തിനുശേഷം അധികം വന്ന രണ്ടു ലക്ഷം രൂപ കൊണ്ടാണു ആന്ധ്രയിലെ തന്നെ യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഭവനം ആരംഭിച്ചത്. തുടർന്നു പള്ളിയും കണ്ണാശുപത്രിയും വൃദ്ധഭവനവും, വിദ്യാലയവും മറ്റും സ്ഥാപിതമായി. ബന്ധപ്പെട്ട എല്ലാവരുടെയും സഹായസഹകരണങ്ങൾ മൂലം യാച്ചാരം ബാലഗ്രാം സഭയുടെ ബാഹ്യകേരള കാരുണ്യപ്രവർത്തനത്തിന്റെ കൊടിക്കപ്പലായി ഉയർന്നു എന്നതിൽ സഭയ്ക്കും മിഷൻ ബോർഡിനും അഭിമാനിക്കാനുള്ള അവസരം സർവ്വേശ്വരൻ പ്രദാനം ചെയ്തു. ഞങ്ങൾ വർഷംതോറും യാച്ചാരം വാർഷികദിനത്തിൽ (വലിയനോമ്പിലെ രണ്ടാം ഞായറാഴ്ച) പങ്കെടുത്ത് ദൈവത്തിനു നന്ദി പ്രകടിപ്പിക്കാറുണ്ട്.

**– പ്രൊഫ. കെ. സി. ജോർജ്, കാക്കരോത്ത്**





**ഡോ. തോമസ് മാണി**

# ഒറീസ്സയിലെ കലഹണ്ടി; നമ്മുടെ കേരളത്തിലെ ആദ്യകാല 'അട്ടപ്പാടി'

**മൺകലത്തിന്റെ നാട്**

ഭാരതത്തിൽ ഈ നൂറ്റാണ്ടിൽ ഏറ്റവുമധികം പട്ടിണിമരണം നടന്ന സ്ഥലം. ഇന്നും സ്ഥിതി വ്യത്യസ്തമല്ല. പട്ടിണിയും, ദാരിദ്ര്യവും, അരാജകത്വവും മുഖമുദ്രയായിരിക്കുന്ന കലഹണ്ടിയിലേക്ക് ഭാരത സർക്കാർ ഐ.എ.എസുകാരനായ പാമ്പാടി സ്വദേശി പി. എച്ച്. കുര്യനെ സബ് കലക്ടറായി നിയമിച്ചു. കലഹണ്ടിയിൽ വന്ന് കാര്യങ്ങൾ നേരിട്ടു കണ്ടപ്പോൾ കലവറയിൽ കഞ്ഞിക്കലം ഉണ്ട്; പക്ഷേ കാലിക്കലമാണ്. തിന്നാനും ഇല്ല, കുടിക്കാനുമില്ല, ഉടുക്കാനുമില്ലാത്ത ഒരു പറ്റം ജനങ്ങൾ. ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും ഇരുണ്ട താഴ്വരകൾ കണ്ടപ്പോൾ കുര്യൻ അന്തംവിട്ടു.

അദ്ദേഹം ഓർത്തഡോക്സ് മിഷനറിവീരനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനെ മിഷൻ വേലയ്ക്കായി കലഹണ്ടിയിലേയ്ക്ക് ക്ഷണിച്ചു. നമ്മുടെ സഭ കലഹണ്ടിയിൽ ഈ പാവങ്ങൾക്കുവേണ്ടി എന്തെങ്കിലും ഉപകാരപ്രദമായ വേല ചെയ്യണം. മനുഷ്യസ്നേഹിയും കരുണക്കടലും സാധുജനസംരക്ഷകനുമായ മാർ ഒസ്താത്തിയോസ് 1994 ഡിസംബറിൽ കലഹണ്ടിയിൽ പാഞ്ഞെത്തി. സഹായിയായി ഒപ്പം പുതുപ്പാടി ആശ്രമത്തിലെ കെ. ഐ. ഫിലിപ്പച്ചനും ഉണ്ട്.

കലഹണ്ടിയിൽ വന്ന് ഒരു കുഗ്രാമത്തിലേയ്ക്ക് കുര്യനും ഒന്നിച്ചുള്ള യാത്ര. ഒരു ഗ്രാമത്തിൽ ചെന്നിറങ്ങി. ഒരു പിഞ്ചുകുഞ്ഞു ചികിത്സ കിട്ടാതെ മരിച്ചു കിടക്കുന്നു. കണ്ടമാത്രയിൽ മാർ ഒസ്താത്തിയോസ് "ഞാൻ ഇവിടെ ഒരു ആശുപത്രി തുടങ്ങും" എന്നുറച്ചു പറഞ്ഞു. അങ്ങനെ നൊർളയിലെ ഗോവർദ്ധൻപൂർ എന്ന സ്ഥലത്ത് 1994 ഡിസംബറിൽ തന്നെ ഒരു പശുത്തൊഴുത്തു വാടകയ്ക്ക് എടുത്ത് അധികം വൈകാതെ ഒരു ക്ലിനിക് ആരംഭിച്ചു. ആദ്യത്തെ ഡോക്ടർ തിരുവല്ലാക്കാരൻ വെല്ലൂർ മെഡിക്കൽ കോളജിൽ നിന്നു പഠിച്ചിറങ്ങിയ ഡോ. ബിജു. രോഗികളുടെ തിരക്കു കാരണം വിശ്രമം ഇല്ലാതെ ജോലി ചെയ്തു. തന്റെ ബോണ്ടുകാലം കഴിഞ്ഞു നാട്ടിലേക്കു പോയി. ഇതിനിടയിൽ കലഹണ്ടിയിലുള്ള ഓർത്തഡോക്സുകാർ പണപ്പിരിവ് നടത്തി നൊർളയിൽ ഗോവർദ്ധൻപൂരിൽ 4 ഏക്കർ സ്ഥലം വാങ്ങി. അവിടെ ക്ലിനിക്കിനായി

കെട്ടിടം പണിതു. ദുബായിലുള്ള സണ്ണി അദ്ദേഹത്തിന്റെ മക്കളുടെ പേരിൽ വേണ്ട പണം നൽകി. അങ്ങനെ നല്ല കെട്ടിടം പണിതീർത്ത ശേഷം ഡീക്കൻ എം. ഡി. ഗീവർഗ്ഗീസ് പുതുപ്പാടി ആശ്രമത്തിൽ നിന്നു അവിടെ വന്ന് താമസമായി. ബോണ്ടുകാലത്തേക്കു വന്ന ഡോ. ബിജു അവിടെ ഭംഗിയായി ക്ലിനിക് നടത്തിപ്പോന്നു. ഇതേസമയം തന്നെ ഒരു നല്ല ആശുപത്രി നിർമ്മിക്കുവാൻ സഭാസ്നേഹികളുടെ സഹായത്താൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും, വന്ദ്യ ഫിലിപ്പ് റമ്പാച്ചന്റെയും അക്ഷീണപരിശ്രമഫലമായി ഭവാനിപട്നയ്ക്ക് അടുത്ത് ഉദിത്നാരായൺപൂരിൽ 36 ഏക്കർ സ്ഥലം ആശുപത്രിക്കും ബാലഭവനുമായി വാങ്ങി. ഗീവറുഗീസ് ശെമ്മാശന്റെ നേതൃത്വത്തിൽ ആദ്യകെട്ടിടത്തിന്റെ പണി ആരംഭിച്ചു. ഫിലിപ്പച്ചൻ അമേരിക്കയിൽ പോയി പിരിവ് നടത്തി ഉദിത്നാരായൺപൂരിലെ ആശുപത്രിയുടെയും ബാലഗ്രാമിന്റെയും പണികൾ പൂർത്തിയാക്കി. ഡോ. സുജിത് വറുഗീസ് ഹോസ്പിറ്റലിന്റെ ചുമതല ഏറ്റെടുത്തു. നഴ്സുമാർ, എക്സ്റേ, ലാബ് സ്റ്റാഫ് എല്ലാംകൂടി 10 അംഗങ്ങൾ. ആശുപത്രി പ്രവർത്തനവും ഗ്രാമ സന്ദർശനവും പെട്ടെന്ന് പുരോഗമിച്ചു. രോഗികളുടെ എണ്ണം കൂടി, ഡോക്ടറുടെ പേരും പ്രശസ്തിയും ബി.എം.പി. ആശുപത്രിയുടെ പേരും, കീർത്തിയും, കലഹണ്ടി ജില്ലയിലും മറ്റ് ജില്ലകളിലും എത്തി. രണ്ടര വർഷത്തെ സേവനത്തിനു ശേഷം എം. ഡി. ഗീവർഗ്ഗീസ് അച്ചൻ സ്ഥലം മാറി നാട്ടിലേയ്ക്ക് പോയി. ഫാ. സി. ജെ. ജോഷ്വാ പുതുപ്പാടി ആശ്രമത്തിൽ നിന്നു വന്നു ആശുപത്രി മാനേജരായും, ബാലഭവൻ അധികാരിയായും ചുമതല ഏറ്റു. ഓർത്തഡോക്സ് വിശ്വാസത്തിൽ വളർന്ന് സഭയുടെ സഹായത്താൽ പഠിച്ച് ബോണ്ടുകാലത്ത് ജോലി ചെയ്യാൻ വന്ന ഡോക്ടർ പ്രശസ്തനായി.

വൈകാതെ ഡോക്ടറും ഫാ. ജോഷ്വായും തമ്മിൽ ആശുപത്രി നടത്തിപ്പ് സംബന്ധിച്ച് ഭിന്നത ഉണ്ടായി. ഡോക്ടർ സേവനം നിർത്തി നാട്ടിലേയ്ക്കു പോയി. തൽക്കാലം ഡോക്ടർ ഇല്ലാതെ വിഷമിക്കുന്ന ബി.എം.പി. ആശുപത്രിയിൽ ഒറീസയിൽ നിന്നും രണ്ട്, മൂന്ന് ഡോക്ടർമാരെ നിയമിച്ചു. എന്നാൽ രോഗികളുടെ വരവ് കുറഞ്ഞു. മലയാളി ഡോക്ടർ ഉള്ളപ്പോൾ ദിവസം 150-180 രോഗികൾ വന്നിരുന്നു. ഒറീസാക്കാർ ആയപ്പോൾ പത്തും ഇരുപതും അതിൽ കുറഞ്ഞും രോഗികളായി. 40 കിടക്ക ഉള്ള ആശുപത്രിയിൽ രോഗികൾ ഇല്ലാതെ വന്നു. സ്റ്റാഫ് വെറുതെ ഇരിക്കുവാൻ തുടങ്ങി. ആശുപത്രി എങ്ങനെ മുന്നോട്ട് പോകും എന്ന ചിന്തയിൽ ഈ പിന്നോക്ക പ്രദേശത്തു നിന്നും മെഡിസിനു പോകാൻ താൽപര്യം ഉള്ള ഒരു പയ്യനെ കണ്ടെത്തി സ്ഥാപനത്തിൽ നിന്നു പഠിപ്പിച്ചു. പഠനം കഴിഞ്ഞ് ഒരു മാസം മാത്രം ഇവിടെ സേവനം

ചെയ്തു. വേറെ ജോലി ലഭിച്ചപ്പോൾ ബോണ്ടുകാലം പോലും തികയ്ക്കാതെ അദ്ദേഹവും പോയി. എന്നാൽ പ്രശസ്തി ആർജ്ജിച്ചിരുന്ന കാലഘട്ടത്തിൽ സാറ്റലൈറ്റ് ആശുപത്രികൾ കലഹണ്ടിയുടെ വിവിധ ഭാഗങ്ങളിൽ തുടങ്ങാനായി മാർ ഒസ്താത്തിയോസ് തിരുമേനിയിലൂടെ ഡോ. ബി. ബിച്ച്. വാരിയർ നൽകിയ സംഭാവന സ്വീകരിച്ച് കലഹണ്ടിയുടെ വിവിധ ഭാഗങ്ങളിൽ ബംഗാൾ സർവ്വീസ് സൊസൈറ്റി നടത്തിക്കൊണ്ടിരുന്ന കെട്ടിടങ്ങളും, സ്ഥലവും 17 ലക്ഷം രൂപയ്ക്ക് വാങ്ങി (അട്ടാംഗുഡ, അംജോർ, ബൺഗാവ്). അവിടെയും സാറ്റലൈറ്റ് ആശുപത്രികൾ പ്രവർത്തനം നടത്തി. ചികിത്സ ലഭിക്കാതെയും, നടവഴി പോലും ഇല്ലാതെയും വനാന്തരങ്ങളിൽ ഉള്ളവർക്കു ഈ പ്രസ്ഥാനം ആശ്വാസമായിരുന്നു. ചികിത്സ കിട്ടാതെയുള്ള മരണവും, മലേറിയാ മരണവും, പ്രസവാനന്തര മരണവും ഇവിടെ നിത്യസംഭവങ്ങളാണ്. ഇന്നും സ്ഥിതിക്കു മാറ്റമില്ല. കലഹണ്ടിയിലെ കുഗ്രാമങ്ങളിലേയ്ക്ക് ചെല്ലുമ്പോൾ കാണുന്ന മനുഷ്യന്റെ അവസ്ഥ ചിന്തിക്കാനാവാത്ത നിലയിൽ വളരെ ദയനീയമാണ്. ഇതു കണ്ട സ്ഥാപനത്തിന്റെ പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ വാങ്ങിയ കെട്ടിടങ്ങളിൽ അനാഥർ, ആദിവാസികൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനു ബാലഭവനങ്ങളും ആരംഭിച്ചു.

ഡോക്ടർ ഇല്ലാതെയുള്ള ആശുപത്രികളിൽ ഏകദേശം 8-10 സ്റ്റാഫ് ഉണ്ട്. ഇവർക്ക് ശമ്പളം നൽകണം. ഏകദേശം മൂന്നു വർഷക്കാലം സേവനം ചെയ്ത ബഹു. ജോഷ്വാ അച്ചൻ സ്ഥലംമാറ്റം വാങ്ങി നാട്ടിലേയ്ക്ക് പോകാൻ സന്നദ്ധനായിരിക്കുമ്പോഴാണ് യാച്ചാരം ബാലഗ്രാമിൽ 18 വർഷത്തെ സേവനത്തിനുശേഷം ഫാ. ജി. തോമസുകുട്ടിയെ യാച്ചാരത്തു നിന്ന് കലഹണ്ടിയിലേയ്ക്ക് അയയ്ക്കുന്നത്. കലഹണ്ടിയിൽ വന്ന് ചുമതല ഏറ്റ അച്ചനോട് മാനേജർ ഒരു ചോദ്യം ചോദിച്ചു. "ഈ വെള്ളാനയെ ഒന്നു കൊന്നുതരാമോ?" തോമസുകുട്ടി അച്ചൻ പറഞ്ഞു, "അച്ചൻ പേടിക്കേണ്ട. മൂന്നു മാസത്തിനകം ശരിയാക്കിത്തരാം." രോഗികളില്ലാതെ, ഇരിക്കുന്ന രണ്ടു ഡോക്ടർമാരും 8-10 സ്റ്റാഫും. ശമ്പളം കൊടുക്കാൻ കാശില്ല. പ്രതിമാസം 62,000 രൂപ വേണം. ആശുപത്രിയിൽ നിന്നു കിട്ടുന്നത് വെറും 20,000 രൂപ.

### ബാലഭവനങ്ങൾ

കാര്യങ്ങൾ ശരിക്കു മനസ്സിലാക്കിയ തോമസ് അച്ചൻ ഡോക്ടർമാരെയും സ്റ്റാഫിനെയും പറഞ്ഞുവിട്ടു. കലഹണ്ടിയുടെ വിവിധ ഭാഗങ്ങളിലെ ഗ്രാമങ്ങൾ സന്ദർശിച്ചു. വിദ്യാഭ്യാസ സൗകര്യം ഇല്ലാതെയും, ഉടുതുണിക്ക് മറുതുണി ഇല്ലാതെയും ചികിത്സ ലഭിക്കാതെയും കഴിയുന്ന ഗ്രാമവാസികളുടെ മക്കളെ വിവിധ സെന്ററുകളിൽ വളർത്തുവാൻ

തുടങ്ങി. അങ്ങനെ ആശുപത്രി പ്രവർത്തനം നിർത്തി ബാലഭവനങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു.

ബഹു. ജോഷ്വാ അച്ചന്റെ നേതൃത്വത്തിൽ അട്ടാംഗുഡയിലും, ബി.എം.പി. യിലും അനാഥക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നുണ്ടായിരുന്നു. കൂടാതെ അക്ഷരജ്ഞാനമില്ലാത്ത ആദിവാസി ഗ്രാമങ്ങളിൽ അക്ഷരദീപം തെളിച്ചു. നാൽപതോളം ഗ്രാമങ്ങളിൽ വിദ്യാദാന പരിപാടി തുടങ്ങി. ഒരു ഗ്രാമത്തിൽ നമ്മൾ വാങ്ങിയിരുന്ന സ്ഥലത്തെ തടികൾ ശേഖരിച്ചിട്ടിരുന്നു. അവിടുത്തെ വിളവ് എടുക്കാൻ ട്രാക്ടറുമായി ചെന്ന ജോഷ്വാ അച്ചനെ ആദിവാസികൾ തടഞ്ഞുവെച്ചു. സാധനങ്ങൾ കൊണ്ടുപോകണമെങ്കിൽ അവർ ചോദിക്കുന്ന പണം നൽകണം എന്നു പറഞ്ഞു. അച്ചൻ പണം നൽകത്തില്ല. “എന്റെ സ്ഥലത്തെ സാമാനങ്ങൾ കൊണ്ടുപോകുന്നതിന് നിങ്ങൾക്ക് പണം തരില്ല” എന്നായി. തർക്കം മൂത്തു. അവർ അച്ചനെ അടിക്കാനും, തള്ളാനും തുടങ്ങി. ഒരു മനുഷ്യൻ മണ്ണെണ്ണ കൊണ്ടുവന്നു അച്ചന്റെ ദേഹത്ത് ഒഴിച്ച് കത്തിക്കുവാൻ ശ്രമിച്ചു. ദൈവകൃപ എന്നു പറയട്ടെ, ഒരു മുതിർന്ന മനുഷ്യന് കനിവു തോന്നി. “പൊയ്ക്കോ, മേലിൽ ഇങ്ങോട്ട് വന്നേക്കരുത്.” അങ്ങനെ അച്ചൻ രക്ഷപ്പെട്ട് പോന്നു. പിന്നീട് നാലു വർഷക്കാലം അവിടേയ്ക്ക് ആരും തിരിഞ്ഞുനോക്കിയില്ല. കെട്ടിടങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു. നാട്ടുകാർ സ്ഥലം കൈയേറി.

വർഷങ്ങൾ പിന്നിട്ടപ്പോൾ അട്ടാംഗുഡയിലും ബി.എം.പി. യിലുമായി ആദിവാസികളുടെയും, അനാഥരുടെയും കുഞ്ഞുങ്ങളെ ചിട്ടയായും ഭംഗിയായും വളർത്തുന്നത് ജനത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. നമ്മുടെ സേവനത്തെ അവർ അംഗീകരിക്കാൻ തുടങ്ങി. ഇത് മതപരിവർത്തനമല്ല, മനുഷ്യപരിവർത്തനമാണ് ലക്ഷ്യം എന്ന് അവർ കണ്ടറിഞ്ഞു. തോമസുകുട്ടി അച്ചന്റെ നേതൃത്വത്തിൽ ഡീക്കൻ എൽദോ ഏലിയാസ്, രാജു വറുഗീസ്, ബ്രദർ രാജു വട്ടിയാനിക്കൽ, ബ്രദർ റോയി പത്തനാപുരം എന്നിവരും വിവിധ ബാലഭവനങ്ങളുടെ ചുമതലകൾ നോക്കിവന്നു. ബി.എം.പി. ആശുപത്രി കെട്ടിടത്തിൽ കൂടുതൽ കുട്ടികളെ പാർപ്പിക്കുവാൻ തീരുമാനമായി. എന്നാൽ പ്രവർത്തകരുടെ പരിമിതിയും, സാമ്പത്തികക്ലേശവും ഒന്നിച്ചുവന്നു. ഓർത്തഡോക്സ് സഭാവിശ്വാസികൾ ആരും ഇല്ലാത്ത കലഹണ്ടിയിൽ വന്ന് വേല ചെയ്യുവാൻ മിഷനറിമാരോ, വൈദികരോ സന്നദ്ധരല്ലാതെയായി. എം.റ്റി.സി. പഠനം കഴിഞ്ഞ് ആശുപത്രി സ്റ്റാഫായി ഇവിടെ പ്രവർത്തിച്ച ബ്രദേഴ്സ് പട്ടം ഏൽക്കുവാനും ഉപരിപഠനത്തിനുമായി നാട്ടിലേയ്ക്ക് പോയി. എന്നാൽ സ്ഥാപനത്തിന്റെ ആരംഭം മുതൽ ഇവിടെ സേവനം ചെയ്യുന്ന ദാമോദർ പ്രധാനും കുടുംബവും തോമസുകുട്ടി അച്ചനും മാത്രം പ്രവർത്തനത്തിന് ശേഷിച്ചു. വിവിധ സെന്ററുകളിലായി 80-ൽപരം കുട്ടികളെ പാർപ്പിച്ച് വളർത്തുന്നുണ്ട്. കൂടാതെ

ഓർത്തഡോക്സ് സഭാപ്രവർത്തകരുടെ പരിമിതി കാരണം അംജോർ, ബൻഗാവ്, നൊർള മാർത്തോമ്മാ സഭാ സുവിശേഷകനായ അഡ്വ. സൈറോസിനെ ഏല്പിച്ചു. അദ്ദേഹം പ്രാദേശിക പ്രവർത്തകരെ വച്ച് കുഞ്ഞുങ്ങളെ വളർത്തുവാൻ ശ്രമിച്ചു. എന്നാൽ കുട്ടികൾക്ക് യഥാവിധി പരിരക്ഷണം ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കിയ തോമസുകുട്ടി അച്ചൻ ബി.എം.പി. മിഷന്റെ പേര് കളങ്കപ്പെടുന്നു എന്ന് അറിഞ്ഞ ഉടനെ സൈറ സിനോട് പ്രവർത്തനം നിർത്തുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം പ്രാദേ ശിക പ്രവർത്തകരുടെ രീതി മനസ്സിലാക്കുകയും നമ്മുടെ ആഗ്രഹ പ്രകാരം കുട്ടികളെ പറഞ്ഞുവിട്ട് സ്ഥാപനം തിരികെ ഏല്പിക്കുകയും ചെയ്തു.

### 2008-ൽ ക്രൈസ്തവവിരുദ്ധ കലാപം

ഒറീസയിലെ കന്തമാലിൽ ഒരു ഹിന്ദു സന്യാസിയെ തീവ്രവാദികൾ വധിച്ചു. കൊന്നത് ക്രിസ്ത്യാനികൾ ആണെന്നാരോപിച്ച് ഒറീസയിലെ ക്രിസ്ത്യാനികളെ സമൂലം നശിപ്പിക്കുവാൻ ഒരു പറ്റം ആളുകൾ കച്ച കെട്ടി ഇറങ്ങി. പല ക്രിസ്തീയ സ്ഥാപനങ്ങളും നശിപ്പിച്ചു. ദേവാലയ ങ്ങൾ തകർത്തു. അനാഥാലയങ്ങൾ അഗ്നിക്ക് ഇരയാക്കി. കന്യാസ്ത്രീ കളെയും വൈദികരെയും വലിച്ചിഴച്ചു, നഗ്നരാക്കി നടത്തി. വലിയ ക്രിസ്തീയ പീഡനം അഴിച്ചുവിട്ടപ്പോൾ നമ്മുടെ സ്ഥാപനത്തിലും പ്രത്യേ കാൽ അട്ടാംഗുഡ സെന്ററിൽ 13 കുഞ്ഞുങ്ങളും, ഒരു വാർഡനും, കുക്കു മായി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് മതതീവ്രവാദികൾ കയറി വാർഡന്റെ തല അടിച്ചുപൊട്ടിച്ചു. കൈകൾ അടിച്ചൊടിച്ചു. ബോധം നഷ്ടപ്പെട്ട പൈതലിനെ ഉപേക്ഷിച്ചശേഷം അവർ പുറത്തുപോയി. കുഞ്ഞുങ്ങൾ പേടിച്ച് നാനാഭാഗത്തേക്കും ചിതറി ഓടി. അല്പസമയം കഴിഞ്ഞ് ബോധം വീണ്ടുകിട്ടി പോക്കറ്റിൽ നിന്ന് ഫോൺ എടുത്ത് തന്റെ ഒപ്പം ഉണ്ടായി രുന്ന മൂത്ത സഹോദരനെ വിളിച്ച് വിവരം പറഞ്ഞു. എത്രയും പെട്ടെന്ന് കലക്ടർ ദ്വാര ലംബോധർ പ്രധാനെ അറിയിച്ചശേഷം ഹോസ്പിറ്റലിൽ എത്തിക്കുവാൻ സാധിച്ചു. കലാപം വർദ്ധിച്ചപ്പോൾ പോലീസുകാർ, "ഫാദർ രക്ഷപ്പെട്ടുകൊൾക. ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കില്ല" എന്ന് അറിയിച്ചതനുസരിച്ച് കലക്ടറെ വിവരം അറിയിക്കുകയും ഞങ്ങളെ നാട്ടിലേക്ക് പോകാനുള്ള തീവണ്ടിസ്റ്റേഷനിൽ പോലീസ് അകമ്പടി യോടെ എത്തിക്കുകയും ചെയ്തു. അന്നത്തെ കലഹണ്ടി കലക്ടർ ആയിരുന്ന ആർ. എസ്. ഗോപാലനോട് എത്ര നന്ദി പറഞ്ഞാലും മതി യാകില്ല. എൺപതു കുഞ്ഞുങ്ങൾ താമസിച്ചിരുന്ന ഈ സ്ഥാപനത്തിൽ 5 ദിവസം ഞങ്ങൾ പുറത്തിറങ്ങാതെ മുറിക്കുള്ളിൽ പാർത്തു. കഴിവതും വേഗം കുഞ്ഞുങ്ങളെ അവരുടെ ഭവനങ്ങളിലേയ്ക്ക് പറഞ്ഞയച്ചു. ഞങ്ങൾ നാട്ടിലേയ്ക്ക് പോകുമ്പോൾ ശേഷിച്ച 20 കുഞ്ഞുങ്ങളെ

കലക്ടറെ ഏല്പിച്ചു. "ഫാദർ ധൈര്യമായി പൊയ്ക്കോളൂ. ഇവിടെ ശാന്തം ആകുമ്പോൾ ഞാൻ തിരിച്ചു വിളിക്കും. ഇവിടെ വന്ന് ജോലി ചെയ്യണം" എന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അങ്ങനെ 2008 നവംബർ 18-ന് കലക്ടർ വിളിച്ചു, "ഫാദർ കലഹണ്ടിയിൽ ഒരു കുഴപ്പവുമില്ല, വന്ന് വേല ചെയ്യാം." നവംബർ 20-നു ഞാൻ വന്നു. പ്രധാൻ കുടുംബം അവരുടെ ദേശമായ ബാലേശറിൽ നിന്നു തിരിച്ച് എത്തി.

## കലഹണ്ടിയുടെ യഥാർത്ഥ മുഖം

ഇന്നും മനുഷ്യവാസം ഉള്ളിടത്ത് വഴികൾ ആയിട്ടില്ല. ആദിവാസികളിൽ അധികപങ്കിനും വിദ്യാഭ്യാസം ഇല്ല. 100-ഉം 200-ഉം കുടുംബങ്ങൾ താമസിക്കുന്നിടത്ത് ഒരു പെൺകുട്ടിപോലും പത്താം ക്ലാസ്സ് ജയിച്ചതായി കണ്ടിട്ടില്ല. പട്ടിണിമരണവും, ചികിത്സ ലഭിക്കാത്തതിനാലുള്ള മരണവും, പ്രസവാനന്തര മരണവും, ദാരിദ്ര്യവും അനുഭവിക്കുന്ന അനേകംപേർ ഇന്നും ഈ നാട്ടിൽ ഉണ്ട്. മിക്ക ഗ്രാമങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. നിരന്തരം ഗ്രാമസന്ദർശനം നടത്തുകയും, ജനങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുകയും ചെയ്യുന്ന എനിക്ക് 2003 മെയ് മാസത്തിൽ ഇവിടെ വന്ന് ചുമതല എടുത്തതു മുതൽ നാളിതുവരെ നൂറുകണക്കിന് ഗ്രാമങ്ങൾ സന്ദർശിക്കാൻ സാധിച്ചിട്ടുണ്ട്. മനുഷ്യന്റെ ദുരിതങ്ങളും കഷ്ടതകൾ നിറഞ്ഞ ജീവിത പരിതസ്ഥിതിയും നേരിൽ കാണുമ്പോൾ ഇനിയും എന്തെങ്കിലും ഇവിടെ ചെയ്തേ തീരൂ എന്ന വാഞ്ഛയാണ് എന്നെ ഇവിടെ പിടിച്ചുനിർത്തുന്നത്.

## കലഹണ്ടിയിലെ ഇന്നത്തെ പ്രവർത്തനമേഖലകൾ

1. ആദിവാസികളും, അനാഥരും, നിരാലംബരുമായി 80-ൽപരം കുട്ടികളെ പരിരക്ഷിച്ചിരുന്ന സ്ഥാപനത്തിൽ നിന്നു ജെ. ജെ. ആക്ട് പ്രകാരം ഒറീസയിലെ മറ്റ് ജില്ലകളിൽ നിന്നുള്ള കുട്ടികളെ അവരവരുടെ സ്ഥലത്തേക്ക് വിടേണ്ടിവന്നു. ഇപ്പോൾ കലഹണ്ടി ജില്ലയിൽ നിന്നു മാത്രമുള്ള 26 കുഞ്ഞുങ്ങൾ സ്ഥാപനത്തിൽ താമസിച്ചു വളരുന്നു. അവരുടെ ഉന്നതിക്ക് എല്ലാ സഹായങ്ങളും സ്ഥാപനം ചെയ്തുവരുന്നു.

2. സ്ഥാപനം നിലനിൽക്കുന്ന കംതാനാ പഞ്ചായത്തിലെ 36 വിധവമാരുടെ മക്കളായി ഒന്നു മുതൽ പത്തു വരെ പഠിക്കുന്ന 46 കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസത്തിനായി എല്ലാ ചിലവുകളും, സൗകര്യങ്ങളും ചെയ്തു വരുന്നു.

3. സ്ഥാപനത്തിനടുത്തും അകലത്തുമായി തയ്യൽ പഠിക്കുവാൻ താല്പര്യം ഉള്ള പെൺകുട്ടികൾക്കായി സൗജന്യ തയ്യൽ ക്ലാസുകൾ നടത്തിവരുന്നു. രണ്ട് ബാച്ച് കഴിഞ്ഞു. മൂന്നാം ബാച്ച് പഠനം തുടരുന്നു.

4. തയ്യൽ പഠനം കഴിഞ്ഞ് തയ്യൽ മിഷൻ പോലും വാങ്ങുവാൻ വിഷമിക്കുന്ന സ്ത്രീകൾക്ക് തയ്യൽ മിഷൻ വാങ്ങി നൽകുന്നു.

5. 10-ാം ക്ലാസ്സ് വരെ പഠനം കഴിഞ്ഞ് ഉപരിപഠനത്തിന് നിവർത്തിയില്ലാതെ നിൽക്കുന്ന സമർത്ഥരായ കുട്ടികൾക്ക് ഉന്നതപഠനത്തിനായി കൈത്താങ്ങൽ നൽകുന്നുണ്ട്.

6. രോഗികളും, പീഡിതരുമായി, സമാധാനം ഇല്ലാതെ മാനസിക അസ്വസ്ഥത അനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, കൗൺസലിംഗ് നൽകി വരികയും ചെയ്യുന്നു.

7. ഉടുതുണിക്ക് മറുതുണി ഇല്ലാതെ ഗ്രാമത്തിലും വനാന്തരത്തിലും നിവസിക്കുന്നവർക്ക് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മനുഷ്യസ്നേഹികളായ സഭാമക്കൾ ശേഖരിച്ച് അയച്ചുതരുന്ന പഴയതും പുതിയതുമായ വസ്ത്രങ്ങൾ എത്തിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

8. നിരന്തരമായി ഗ്രാമങ്ങൾ സന്ദർശിക്കുന്നു. വിദ്യാഭ്യാസമില്ലാതെ ഉൾഗ്രാമങ്ങളിൽ താമസിക്കുന്നവരുടെ മക്കളെ സ്കൂളിൽ വിടേണ്ടതിന്റെ ആവശ്യകത, ശുചിത്വം, രോഗം വന്നാൽ മരുന്ന് ഉപയോഗിക്കണം എന്നിവ സംബന്ധിച്ചു ബോധവൽക്കരണം നടത്തുന്നു. കുഞ്ഞുങ്ങളെ ഇതുപോലെ ഉള്ള അനാഥാലയങ്ങളിൽ വിട്ട് വളർത്തുവാനും പഠിപ്പിക്കുവാനും ഗ്രാമീണരെ ഉപദേശിക്കുന്നു.

9. സാധുക്കളും, നിരാലംബരുമായ സ്കൂൾ കുട്ടികളെ കണ്ടെത്തി ബാഗ്, നോട്ട്ബുക്ക്, കുട, പേന, പെൻസിൽ തുടങ്ങിയവ നൽകിവരുന്നു.

കലഹണ്ടി ഡവലപ്മെന്റ് പ്രൊജക്ടിന്റെയും ബി.എം.പി. ബാലഗ്രാമിന്റെയും പ്രവർത്തനങ്ങൾ പലരും നേരിൽ കാണുന്നു. പ്രാർത്ഥനയുടെ മഹത്വം മണത്തറിഞ്ഞും, അനേകർ പ്രാർത്ഥനയ്ക്കും ആശ്വാസത്തിനുമായി സ്ഥാപനം സന്ദർശിക്കുകയും ആരാധനയിൽ സംബന്ധിക്കുകയും ചെയ്യുന്നു.

## ഇനിയും കടന്നു ചെല്ലേണ്ടതായ മേഖലകൾ

1. കലഹണ്ടിയിലെ അനേകം ഗ്രാമങ്ങൾ ഇന്നും വിദ്യാവെളിച്ചം ലഭിക്കാതെയും മെഡിക്കൽ സൗകര്യങ്ങൾ ഇല്ലാതെയും വലയുന്നു. ഏത് ഗ്രാമത്തിൽ ചെന്നാലും പറയുന്നത് “സാർ, നിങ്ങളുടെ ആശുപത്രി ഒന്ന് തുറക്കൂ” എന്നാണ്. 42 ശതമാനം മാത്രം അക്ഷരജ്ഞാനം എത്തിയിരിക്കുന്ന ഒറീസയിൽ ഇനിയും ധാരാളംപേർ അക്ഷരജ്ഞാനം പ്രാപിപ്പാനുണ്ട്. നമ്മുടെ സഭയ്ക്ക് എന്തു ചെയ്യുവാൻ സാധിക്കും എന്ന ഒരു ചോദ്യചിഹ്നം ബാക്കി നിൽക്കുന്നു.

2. ചികിത്സ ലഭിക്കാത്ത ഗ്രാമങ്ങളിൽ ഒരു സഞ്ചരിക്കുന്ന ആശുപത്രി സൗകര്യം എങ്കിലും ഒരുക്കി അത്യാവശ്യ ചികിത്സ നടത്തുന്നു എങ്കിൽ കുറെ ജീവൻ രക്ഷിക്കാം എന്ന് ആശിക്കുന്നു.

3. അഡ്വ. സൈറോസ് കെ.ഡി.എം. പ്രൊജക്ടിന്റെ വിവിധ ശാഖകളിൽ പ്രവർത്തിക്കുമ്പോൾ ഒരു ഗ്രാമത്തിൽ എത്തി നിങ്ങളുടെ കുഞ്ഞുങ്ങളെ ഞങ്ങളുടെ കൂടെ വിട്ടാൽ അവരെ പഠിപ്പിക്കാം, ഭക്ഷണം നൽകാം, വളർത്തി വലുതാക്കാം എന്നിത്യാദി കാര്യങ്ങൾ പറഞ്ഞിട്ട് അദ്ദേഹം ഒരു വാചകം കൂട്ടിച്ചേർത്തു. ഇത് ഞങ്ങൾ യേശുക്രിസ്തുവിന്റെ സ്നേഹത്തിലൂടെയാണ് ചെയ്യുന്നത് എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തോട് അവർ പറഞ്ഞു "സാർ, ഞങ്ങൾ ഇങ്ങനെ ഒരു ദൈവത്തെക്കുറിച്ച് കേട്ടിട്ടേയില്ല."

ഭാരതം മുഴുവനും സുവിശേഷീകരിക്കണം എന്ന ദൗത്യം പ. തോമാശ്ലീഹാ ഓർത്തഡോക്സ് സഭാമക്കളെ (പാരമ്പര്യം പറയുന്ന പൗരാണിക സഭാമക്കളെ) ഭാരതത്തിലെ ആദിമസഭയെന്ന് അഭിമാനം കൊള്ളുന്ന ആദ്യസഭയുടെ മക്കളെ ഈ ദൗത്യം ഏൽപിച്ചിട്ടില്ലയോ? ഏറ്റെടുക്കാൻ പറ്റുകയില്ലയോ? യേശുക്രിസ്തുവിനെ ഘോഷിക്കണ്ടയോ എന്നുള്ള ചിന്തകൾ മനസ്സിൽ ഉതിർന്നു വരുന്നു. നമ്മുടെ പൂർവ്വപിതാക്കൾ ഏല്പിച്ച ദൗത്യം നിർവ്വഹിക്കുവാൻ യേശുക്രിസ്തുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്ത മനുഷ്യക്കോലങ്ങൾ ഈ ഭാരതത്തിൽ ഇന്നും ജീവിക്കുന്നു എന്ന ബോധം ഓർത്തഡോക്സ് സഭയ്ക്ക് എന്നുണ്ടാകും എന്ന് ചോദിക്കട്ടെ.

4. ഭക്ഷണവും, കുടിവെള്ളവും, ഉടുതുണിയും ഇല്ലാതെ വലയുന്ന വനവാസികൾ ഇന്ന് ഈ കലഹണ്ടിയിൽ ഉണ്ട്. അവർക്കുവേണ്ടി സഭയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

5. നന്ദിയില്ലാത്തവരും, ക്രൂരരുമായ മനുഷ്യരാണ് കലഹണ്ടിക്കാർ എന്ന് അവിടെ സേവനം ചെയ്യുന്ന ഏതു അന്യസംസ്ഥാനക്കാരോട് ചോദിച്ചാലും പറയും. അവരെ മനുഷ്യരാക്കി തീർക്കാനും നന്മ ചെയ്യുന്നവരാക്കി തീർക്കാനും നമുക്ക് കടമയുണ്ട്. ഇതു പറയാൻ കാരണം ഈ സ്ഥാപനത്തിന്റെ സഹായത്താൽ പത്താം ക്ലാസ് വരെയെങ്കിലും പഠിച്ച ഏകദേശം 50–ൽപരം കുട്ടികൾ പുറത്തുപോയി. ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപെന്ററി എന്നിവ പഠിപ്പിച്ചു വിട്ടു. തുലോം ചുരുക്കം വ്യക്തികൾ മാത്രമാണ് വല്ലപ്പോഴും ഒന്ന് തിരിഞ്ഞുനോക്കുന്നത്. കിട്ടണം, കിട്ടണം എന്ന ആശ മാത്രമേ ഇവർക്ക് ഉള്ളു. കൊടുക്കാനും ഇവരെ പഠിപ്പിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നു. നമ്മുടെ ഇവിടുത്തെ സേവനം കണ്ട്, കുഞ്ഞുങ്ങളുടെ ചിട്ടയായ ജീവിതരീതിയും ജീവിത സന്ധാരണവും കണ്ട് കലഹണ്ടിവാസികളായ ചുരുക്കം ചില വ്യക്തികൾ എങ്കിലും

അല്പമായി ഈ സ്ഥാപനത്തെ സഹായിക്കുവാൻ മുന്നോട്ടു വരുന്നു എന്നുള്ളത് സന്തോഷകരമാണ്. അനേകരെ രൂപാന്തരപ്പെടുത്താൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കലഹണ്ടിയിലെ കാലിക്കലം മാറി നിറഞ്ഞ കലമായി അതിൽ നിന്നും അനേകർക്ക് ജീവജലം ഒഴുക്കിക്കൊടുക്കുന്ന കലങ്ങളായി ഈ ദേശത്തെ നിറയ്ക്കുവാൻ ബഹു. പി. എച്ച്. കുര്യന്റെയും മനുഷ്യസ്നേഹിയും ദരിദ്രരോട് കരുണയുള്ളവനും, ദരിദ്രർക്കുവേണ്ടി വാദിച്ചും, കലഹിച്ചും, പ്രസംഗിച്ചും, പ്രവർത്തിച്ചും കാണിച്ച വലിയ പിതാവിന്റെ, സഭാരത്നം മാർ ഒസ്താത്തിയോസിന്റെയും അന്ത്യാഭിലാഷം നിർവ്വഹിക്കുവാൻ കൊന്നുകളയുന്ന പെൺകുട്ടികൾക്ക് ജീവൻ നൽകുവാൻ, തന്റെ കബറിങ്കൽ വരുന്ന തുണികളും, പണവും കലഹണ്ടിയിലെ ദരിദ്രർക്ക് നൽകുവാൻ പിതാവ് ആജ്ഞാപിച്ചു. അന്ത്യകാലത്ത്, എത്രമാത്രം പ്രായോഗികതലത്തിൽ എത്തിക്കുന്നു എന്ന് സഭാഅധികാരികൾ തിരിഞ്ഞ് ചിന്തിക്കുക.

കാലം ചെയ്യുന്നതിന് മുമ്പ് ഒരു വർഷത്തിന് ഇടയ്ക്ക് മൂന്നു പ്രാവശ്യവും മാവേലിക്കരയിൽ വച്ച് പിതാവിനെ കണ്ടപ്പോൾ പേരു വിളിച്ച് 'തോമസുകുട്ടി അച്ചാ കലഹണ്ടി വിട്ടു പോകരുതേ' എന്ന ആജ്ഞയായിരുന്നു നൽകിയത്. ആവുന്നത്രയും, ആയുസ്സും, ആരോഗ്യവും ഉള്ളിടത്തോളം പിതാവിന്റെ ആജ്ഞ നിവർത്തിക്കാൻ ദൈവം ശക്തി നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സാധുജനസേവനം, സഭയുടെ ലക്ഷ്യമാക്കാൻ നമുക്ക് ശ്രമിക്കാം. ദരിദ്രകോടികളെ ഉദ്ധരിക്കാം, ഭിന്നതകൾ മറക്കാം, സഭ ഒന്നാകാം, ഭാരതം മുഴുവനും യേശുവിന്റെ നാമം ഘോഷിക്കട്ടെ, ദൈവത്തെ മഹത്വപ്പെടുത്തുന്നു.

### പെൺകുഞ്ഞുങ്ങളെ കൊല്ലുന്ന നാട്

ഒറീസായിലെ നയാഗഡ് ജില്ലയിൽ നിന്നും പത്രത്തിൽ വന്ന ഒരു വാർത്ത. ഒരു മനുഷ്യൻ കണ്ടത്തിന്റെ വരമ്പിലൂടെ നടന്നുപോകുമ്പോൾ ഒരു കുഞ്ഞിന്റെ കാല് ചെളിയിൽ പൊന്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ചെന്ന് അത് വലിച്ച് എടുത്തു. മൂന്നു മാസത്തിനുള്ളിൽ പ്രായം ഉള്ള പെൺകുഞ്ഞ്. ചുറ്റും നോക്കിയപ്പോൾ 6 പെൺകുഞ്ഞുങ്ങളുടെ ജഡം അതേ കണ്ടത്തിൽ. അദ്ദേഹം പോലീസിനെ വിവരം അറിയിച്ചു. പോലീസുകാർ വന്ന് അന്വേഷിച്ചപ്പോൾ 51 പെൺകുഞ്ഞുങ്ങളുടെ ജഡം അതേ വില്ലേജിൽ ഒരു കിണറ്റിൽ നിന്നു കിട്ടി. ഒറിയാ പേപ്പറിൽ വന്ന ഈ വാർത്ത മനുഷ്യസ്നേഹിയായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ അറിയിച്ചപ്പോൾ ഒറീസയിൽ പെൺകുട്ടികൾക്കുവേണ്ടി നാം വല്ലതും ചെയ്യണം എന്ന് അവസാന ശ്വാസം വലിക്കുന്നതു വരെയും തന്നോടു കൂടെയുള്ളവരോടും, കൂടെ പാർക്കുന്നവരോടും, സഭയിലെ

കോൺവെന്റ് അംഗങ്ങളോടും ഘോഷിച്ച തിരുമേനി കിഴക്കമ്പലം കോൺവെന്റിലെ സിസ്റ്റർ ദീനയോട് പ്രത്യേകം പറഞ്ഞു. കുറച്ചു കാലത്തേക്ക് (8 മാസം) രണ്ട് സിസ്റ്റേഴ്സിനെ അയച്ചു. അവർ പ്രവർത്തിക്കും എന്ന് കരുതി വലിയ പിതാവ് MTCF International President Dr. Sajan George-നോട് വിവരങ്ങൾ അറിയിച്ചു. അദ്ദേഹം പെൺകുട്ടികളെ പാർപ്പിക്കുന്നതിനായി കെട്ടിടം പണിയുവാൻ സഹായിക്കാം എന്ന് വാഗ്ദാനം ചെയ്തു. ആദ്യ ഗഡുവായി 14 ലക്ഷം രൂപാ നൽകി. അതുകൊണ്ട് ആദ്യ കെട്ടിടത്തിന്റെ പണി തീർത്തു. ഇന്നും പ്രവർത്തകരെ കാത്തിരിക്കുന്നു. ആർ പോകും, ആർ വരും, ആർദ്രതാനിർഭരമായ മനസ്സ് ഉള്ള കന്യാസ്ത്രീകൾ ഉണ്ടോ എന്ന് കാണുവാൻ വലിയ പിതാവിന്റെ ആത്മാവ് ഇന്നും വിളിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ആർ വിളി കേൾക്കും. ഈ ക്രൂശ് ആർ വഹിക്കും, ഏത് കോൺവെന്റിലെ കന്യാസ്ത്രീകൾ മുന്നോട്ടു വരും. നന്മ ചെയ്യുവാൻ ധാരാളം അവസരങ്ങൾ ഉണ്ട്. ഭാരതോദ്ധാരണം ഓരോ ഇന്ത്യൻ പൗരന്റെയും ധർമ്മമാണ്.

ആഡംബരത്തിലും, ധനാർജ്ജനത്വത്തിലും, സുഖലോലുപതയിലും ജീവിക്കുന്ന കേരളീയന് ഇനി യേശുവിനെ കേൾക്കേണ്ട. യേശുവിന്റെ സ്നേഹം അറിഞ്ഞിട്ടില്ലാത്ത വിജാതീയരുടെ ഇടയിലേക്ക് ആർ പോകും, ആർ ഘോഷിക്കും. ആ ദൈവിക സ്നേഹം ആർക്ക് പകരാം എന്ന് ഈ നൂറ്റാണ്ടിലും ഓർത്തഡോക്സ് സഭ ഓർക്കണം എന്നു പ്രാർത്ഥിക്കുന്നു.



**ഫാ. തോമസുകുട്ടി**

# തുംകൂറിലെ ദയാ ഭവൻ: എയ്ഡ്സ് രോഗ തേരോട്ടത്തിനു കടിഞ്ഞാണിടുന്നു

വിഭിന്ന മലകളിൽനിന്ന് ഉത്ഭവിച്ചു ഒരേ ലക്ഷ്യസ്ഥാനത്തേക്കു പായുന്ന പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും ഏതാനും മൈൽ സമാന്തരമായി ഒഴുകി വീയപുരത്തുവെച്ചു ഒന്നിച്ചു ചേർന്ന് വേമ്പ നാട്ടുകായലിൽ ലയിക്കുന്നതുപോലെ മിഷൻബോർഡു പ്രസിഡന്റ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസും ഡോ. യൂഹാനോൻ മാർ ക്രിസോ സ്റ്റമോസും കെ. ഐ. ഫിലിപ്പ് റമ്പാച്ചനും ഒരു എയ്ഡ്സ് രോഗാശു പത്രി സ്ഥാപനത്തിനുവേണ്ടി ഒരേസമയം പല സ്ഥലങ്ങളിൽ ഇരുന്നു പ്രാർത്ഥിക്കുന്നു, സ്വപ്നം കാണുന്നു, ചിന്തിക്കുന്നു. സ്വപ്നവ്യാഖ്യാതാ ക്കൾക്കു അർത്ഥം പറയാനാവാത്ത ഒരു സ്വപ്നയാഥാർത്ഥ്യമാണ് ഒന്നര ദശാബ്ദം മുമ്പ് 2003-ൽ കർണാടകയിലെ തുംകൂർ ജില്ലയിൽപ്പെട്ട കുനി ഗലിൽ കൂമ്പെടുത്ത മാർ ഗ്രീഗോറിയോസ് ദയാ ഭവൻ എന്നു ആലങ്കാ രികമായി വിവരിക്കുന്നതിൽ തെറ്റില്ല.

ധാരാളം പണവും പ്രയത്നവും ആളും ഭൂമിയും വേണ്ടിവരുന്ന ഈ ഒരു വൻ പദ്ധതിയെപ്പറ്റി ചിലരെല്ലാം ആശങ്ക പ്രകടിപ്പിച്ചു എങ്കിലും എയ്ഡ്സ് രോഗികളുടെ എയ്ഡ്സില്ലാത്ത കുഞ്ഞുങ്ങൾക്കുവേണ്ടി ഒരു ബാലഭവനും അവരുടെ മാതാപിതാക്കളെ ചികിത്സിച്ചു പുനരധിവസി പ്പിക്കുന്നതിനുവേണ്ടി ഒരു ആശുപത്രിയും സ്ഥാപിക്കാനും എയ്ഡ്സ് രോഗബാധിതരുള്ള തുംകൂർ മേഖലയിൽ വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ നടപ്പാക്കി കുതിര കണക്കെ കുതിക്കുന്ന രോഗത്തിനു കടി ഞ്ഞാണിടാനും മിഷൻബോർഡ് തീരുമാനിച്ചപ്പോൾ ഇന്ന് അഖിലഭാരത പ്രശസ്തി ആർജ്ജിച്ച ഒരു എയ്ഡ്സ് ആതുരാലയം രൂപംകൊള്ളുമെന്നു പ്രവർത്തകരും നാട്ടുകാരും വിമർശകരും സ്വപ്നേപി ചിന്തിച്ചിരുന്നില്ല. ആ ദുഃഖിതരുടെ ദൈവിക സ്നേഹാലയങ്ങളായ ദയാ ഭവനും അനുബ ന്ധസ്ഥാപനങ്ങളും അനേകരുടെ പ്രാർത്ഥനകളും പ്രയത്നങ്ങളും കൈ തുറന്നുള്ള സംഭാവനകളും സേവനങ്ങളും ഒന്നിച്ചു കൂടിയപ്പോൾ രൂപം കൊണ്ടതാണ്. അതിന്റെ ചരിത്രം ആരെയും ത്രസിപ്പിക്കും; വിസ്മയ ഭരിതരാക്കും.

**രോഗം വരുന്ന വഴി**

അധാർമ്മിക ജീവിതംകൊണ്ടും ബ്ലഡ്ബാങ്കിൽ നിന്നു അധമന്മാർ

നൽകുന്ന രോഗാണുക്കൾ ഉള്ള രക്തം അറിയാതെ രോഗി സ്വീകരിക്കുന്നതുകൊണ്ടുമാണ് സാധാരണഗതിയിൽ ഇന്നും പ്രതിരോധ മരുന്നില്ലാത്ത എയ്ഡ്സ് രോഗം പിടികൂടുന്നത്. ധാർമ്മിക ജീവിതത്തിന്റെ ലക്ഷ്മണരേഖ കടന്നും മദ്യവും കഞ്ചാവും മറ്റു ലഹരിവസ്തുക്കളും കഴിച്ചും വൈകൃതമായ ലൈംഗിക അരാജകത്വത്തിന്റെ ചതിക്കുഴികളിൽ പതിക്കുന്നവർക്കാണ് പലപ്പോഴും എയ്ഡ്സ് രോഗം വരുന്നത്.

"എന്തുവന്നാലുമെനിക്കാസ്വദിക്കണം
മുന്തിരിച്ചാറുപോലുള്ളൊരീജീവിതം" എന്നു ചിന്തിക്കുന്ന യുവാക്കളാണ് ആരോടും പരസ്യമായി പറയാൻ മടിക്കുന്ന ഈ മാരകരോഗത്തിന്റെ വിളനിലം. സ്വാഭാവികഭോഗത്തെ നിരാകരിച്ചു വികൃതമാക്കുകയും പരസ്പരം അവലക്ഷണമായി പെരുമാറുകയും ചെയ്ത എയ്ഡ്സ് രോഗികൾ സോദോമിൽ സുലഭമായിരുന്നതിനാലാണ് ദൈവം അവരെ അഗ്നിയും ഗന്ധകവും ഇറക്കി ചുട്ടുനശിപ്പിച്ചതെന്നു ചില വേദപണ്ഡിതന്മാർ സമർത്ഥിക്കുന്നു. എല്ലാ തിന്മകളുടെയും നഴ്സറിയും കൊള്ളാവുന്ന പത്തുപേരുപോലും ഇല്ലാതിരുന്ന വൻ നഗരവും ആയിരുന്ന സോദോമിലെ ഏറ്റവും ചെറിയ പാപം

"വസതിമതിൽ വഴിയരികു കയ്യാല എന്നിവ
വായിച്ചു കൂടാത്ത വാക്കാൽ നിറഞ്ഞുപോൽ" എന്നാണു മഹാകവി കെ. വി. സൈമൺ പ്രശസ്തമായ തന്റെ വേദവിഹാരത്തിൽ പറയുന്നത്.

സോദോമിൽ ദൈവകോപത്തിന്റെ തീയും ഗന്ധകവും പൊഴിഞ്ഞപ്പോഴത്തെ സ്ഥിതിയും "സോദോം ദഹനം" എന്ന ഭാഗത്തു കവി വിവരിക്കുന്നു. ഏതാനും വരികൾ മാത്രം കാണുക.

അജിര (മുറ്റം) മതിൽ നിന്നവർ തിണ്ണയിൽ കേറിനാൽ
ഉപരിനില കൊണ്ടവർ തട്ടിന്നു കീഴിലായ്
അതു അഫലമാംവിധൗ ജീവരക്ഷാർത്ഥമായ്
നിലവറ കടന്നിരുന്നഗ്നേയ പീഡയാൽ.

ഇതെല്ലാം ചെയ്തിട്ടും തീ എല്ലാവരെയും ദഹിപ്പിച്ചു. എയ്ഡ്സ് രോഗവും ഇതേ രീതിയിൽ മനുഷ്യരെ ഭസ്മമാക്കുമെന്നു സാരം.

വൻനഗരമായ ബാംഗ്ലൂരിൽ നിന്നു 75 കിലോമീറ്റർ അകലെ പ്രകൃതിസുന്ദരവും കൃഷിപ്രധാനവുമായ കുനിഗൽ പ്രദേശത്തു ദയാ ഭവനും ആശുപത്രിയും ആരംഭിക്കുന്നതിനുവേണ്ട പത്തേക്കർ സ്ഥലം കുറഞ്ഞ വിലയ്ക്കു നൽകിയത് ബാംഗ്ലൂരിലെ ഒരു വലിയ വ്യവസായിയും സഭാസ്നേഹിയുമായ കെ. കെ മാത്തുക്കുട്ടി വൈദ്യനാണ്. പത്തേക്കർ സ്ഥലത്തെ രണ്ടായി വിഭജിച്ചുകൊണ്ട് നടുവിലൂടെ ബാംഗ്ലൂരിലേക്കുള്ള

പ്രധാന റോഡ് കടന്നുപോകുന്നു. ഈ സ്ഥലം നേരത്തെ വാങ്ങിയ മാത്യു വൈദ്യൻ ആയിരങ്ങൾ മുടക്കി കോക്കനട്ടു ബോർഡിന്റെ ഉപദേശാനുസരണം മികച്ചയിനം തെങ്ങുകൾ നട്ടും നനച്ചും വളമിട്ടും നല്ല കായ്ഫലമായപ്പോഴാണു മിഷൻബോർഡിനു കുറഞ്ഞ വിലയ്ക്കു നൽകിയതെന്നും ഓർക്കണം. സ്ഥലത്തിന്റെ ഒരു പകുതിയിൽ രോഗമില്ലാത്ത കുട്ടികൾ താമസിക്കുന്ന ദയാ ഭവനും മറ്റേ പകുതിയിൽ രോഗികളെ കിടത്തിയും അല്ലാതെയും ചികിത്സിക്കുന്ന ആശുപത്രി സമുച്ചയവുമാണു സ്ഥിതിചെയ്യുന്നത്. ഇന്നും സഹസ്രക്കണക്കിനു നാളികേരം ലഭിക്കുന്നു. തേങ്ങ മല പോലെ കൂട്ടിയിട്ടിരിക്കുന്നു. തെങ്ങിൻതോപ്പിനിടയിൽ എല്ലാത്തരം കൃഷികളും ചെയ്തുവരുന്നു. വേണ്ടത്ര വെള്ളവും വെയിലും ഭക്ഷണവും അഭയവും ലഭിക്കുന്ന ദയാ ഭവൻ ദൈവിക ദയയുടെ നിലയ്ക്കാത്ത ഒരു കേന്ദ്രമാണെന്നു അവിടം സന്ദർശിച്ചിട്ടുള്ള എല്ലാവരും തലകുലുക്കി സമ്മതിക്കും.

മിഷൻബോർഡിന്റെ കീഴിലും “ഒരു കൊച്ചു മനുഷ്യനായ” ഫാ. ജിനേഷ് വർക്കി എന്ന വലിയ വൈദികന്റെ മേൽനോട്ടത്തിലും അനുദിനം പുരോഗമിക്കുന്ന ദയാ ഭവനും ആതുരാലയവും സഭാമിഷൻ ബോർഡിന്റെ ഇന്നത്തെ ഏറ്റവും വലിയ സേവനകേന്ദ്രമാണെന്നു സാഭിമാനം എടുത്തു പറയാനാവും.

### ദയാ ഭവൻ

കർണാടകയിലെ, തുംകൂർ ജില്ലയിലെ കുനിഗൽ താലൂക്കിൽ 2003-ൽ എച്ച്.ഐ.വി. രോഗബാധിതരായ മാതാപിതാക്കളുടെ 5 ആൺകുട്ടികളെ എടുത്തു സംരക്ഷിച്ചുകൊണ്ടാണ് ഈ സ്ഥാപനത്തിന്റെ തുടക്കം. ഇന്ന് ഇവിടെ യു.കെ.ജി. മുതൽ എൻജിനീയറിംഗ്, ബി.ഡി.എസ്., ഡോക്ടറേറ്റ് ഇൻ ഫാർമസി, നഴ്സിംഗ് എന്നീ തലങ്ങളിൽ യോഗ്യതാ പരീക്ഷയിലൂടെ പ്രവേശനം നേടിയവരുമായ 55 വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നു.

### ദയാതീരം

എച്ച്.ഐ.വി. പോസിറ്റീവ് ആയ കുട്ടികൾക്കായി ആരംഭിച്ച ഈ സംരംഭത്തിൽ ഇപ്പോൾ 14 കുട്ടികൾ താമസിച്ചു പഠിക്കുന്നു.

### ദയാ ഭവൻ വളരുന്നു

രോഗബാധിതരായ മാതാപിതാക്കളുടെ പെൺമക്കളുടെ വിദ്യാഭ്യാസ സഹായം ഉദ്ദേശിച്ചുകൊണ്ട് തുടങ്ങിയ പ്രോഗ്രാമിൽ ഇപ്പോൾ 263 പെൺകുട്ടികൾക്ക് സഹായം നൽകിവരുന്നു.

## ദയാസ്പർശ ആശുപത്രി

ദയാഭവൻ കുനിഗലിൽ ആരംഭിക്കുകയും പിന്നീട് 2004-ൽ തുംകൂറിൽ ഗവണ്മെന്റ് നൽകിയ സ്ഥലത്തേക്കു മാറ്റപ്പെടുകയും ചെയ്ത 35 കിടക്കകളോടുകൂടിയ എച്ച്.ഐ.വി. സംരക്ഷണകേന്ദ്രത്തിൽ പ്രതിവർഷം രണ്ടായിരത്തോളം രോഗികൾക്കു ഭക്ഷണം, മരുന്ന് എന്നിവ കൂടാതെ അവർക്കു വേണ്ട ശാരീരികവും മനശാസ്ത്രപരവുമായ പല സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

## ദയാ ഭവൻ മെഡിക്കൽ മിഷൻ ആശുപത്രി

ദയാ ഭവന്റെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ട് മനസ്സിലാക്കിയ Mother Theresa Children Foundation President ആയ Dr. Sajan അകാലത്തിൽ പൊലിഞ്ഞ തന്റെ പ്രിയ മകളുടെ ഓർമ്മയ്ക്കായി ഗ്രാമത്തിലുള്ളവർക്കായി General OPD, NICU, ICU, Minor & Major OT, Dialysis Unit തുടങ്ങിയ എല്ലാ സൗകര്യങ്ങളോടുകൂടിയതും ആയിരം ചതുരശ്രയടിയുള്ളതുമായ ഒരു മിഷൻ ആശുപത്രി നിർമ്മിച്ചു നൽകുകയും വളരെ ഭംഗിയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

## ബോധവൽക്കരണം

രോഗികളുടെ ശാരീരികവും മാനസികവുമായ വ്യക്തിത്വ വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് മൂന്നു ദിവസത്തെ പ്രത്യേക പരിപാടി എല്ലാ വർഷവും ദയാ ഭവനിൽ നടത്തിവരുന്നു.

## ദയാദീപ്തി

എച്ച്.ഐ.വി. രോഗികളുടെ പ്രതിമാസ കൂട്ടായ്മയായ ഈ പ്രോഗ്രാമിൽ വൈദ്യപരിശോധനയും ഔഷധപ്രയോഗവും നടന്നുവരുന്നു.

## സഹയാത്ര

എച്ച്.ഐ.വി., എയ്ഡ്സ് രോഗത്തെക്കുറിച്ച് ശരിയായ ബോധവൽക്കരണം ഉണ്ടാകുന്നതിനും അതിലൂടെ എച്ച്.ഐ.വി. എന്ന രോഗത്തോടുള്ള ഭയം തുടച്ചു മാറ്റുന്നതിനും Medical, Nursing and Lab Technician Students കളുടെ ഇടയിൽ ഈ പ്രോഗ്രാം നടന്നു വരുന്നു.

## ലോക എയ്ഡ്സ് ദിനം

ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിനു സമൂഹത്തിൽ നിന്നു എച്ച്.ഐ.വി., എയ്ഡ്സ് രോഗത്തോടുള്ള ഭയം തുടച്ചുനീക്കുന്നതിനായി സ്കൂൾ, കോളജ്, വിദ്യാർത്ഥികളും കൂടാതെ ഗവണ്മെന്റ് സ്ഥാപനങ്ങളും ചേർന്ന് എല്ലാ വർഷവും ലോക എയ്ഡ്സ് ദിനം ആചരിച്ചു വരുന്നു.

## ടി ബി ബോധനവും പരിശോധനയും

ഭീകരവും എന്നാൽ ചികിത്സിച്ചു ഭേദമാക്കാൻ കഴിയുന്നതുമായ ക്ഷയ രോഗത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി തുടങ്ങിയ ഈ പ്രോഗ്രാമനുസരിച്ചു പ്രതിമാസം 250 വീടുകൾ സന്ദർശിച്ചു ക്ലാസ്സ് എടുക്കുന്നു. ആവശ്യമെങ്കിൽ കഫ പരിശോധനയും ചികിത്സയും നൽകും.

## വൃക്കരോഗനിർണ്ണയം

നിശ്ശബ്ദമായി കീഴടക്കുന്ന വൃക്കരോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന ഈ പ്രോഗ്രാം തുംകൂറിലെ വിവിധ ഗ്രാമങ്ങളിലും ബാംഗ്ലൂരിലെ പള്ളികളിലും നടത്തിവരുന്നു. രക്തവും മൂത്രവും മറ്റും പരിശോധിച്ചു രോഗം നിർണ്ണയിക്കും. രോഗികൾക്ക് ആവശ്യമായ സഹായവും നൽകുന്നു.

## രക്തദാനമിഷൻ

വളരെയധികം എച്ച്.ഐ.വി. രോഗികൾ രക്തരാഹിത്യം മൂലം മരിക്കുന്നു. ഈ വസ്തുത മനസ്സിലാക്കിയ ദയാഭവൻ ടീമിന്റെ മറ്റൊരു സംരംഭമാണ് ഇത്. ഈ പ്രോഗ്രാമിൽ കോളജ്, ഫാക്ടറി തലങ്ങളിൽ രക്തദാന ക്യാമ്പുകൾ നടത്തുകയും, അർഹിക്കുന്നവർക്ക് രക്തം എത്തിച്ചു നൽകുകയും ചെയ്യുന്നു. പ്രതിമാസം 50-75 രോഗികൾക്ക് രക്തം പ്രദാനം ചെയ്യുന്നുണ്ട്.

## ഭാവിപരിപാടികൾ

1. ഹെബ്ബൂർ പഞ്ചായത്തിൽ നിന്നു ലഭിച്ച സ്ഥലത്ത് വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതയ്ക്കെതിരെ പ്രവർത്തിക്കുവാനായി ഒരു കൗൺസലിംഗ് കേന്ദ്രത്തിനു തറക്കല്ലിട്ടു കഴിഞ്ഞു.

2. എച്ച്.ഐ.വി., എയ്ഡ്സ് കുട്ടികൾക്കായി മാത്രം എല്ലാവിധ സൗകര്യങ്ങളോടുകൂടിയ പുനരധിവാസകേന്ദ്രം.

3. ശുദ്ധമായ ജലം എല്ലാവർക്കും ഒരുപോലെ ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ ജലവിതരണ പദ്ധതി തുടങ്ങുന്നു.

ദയാഭവന്റെ എല്ലാ വളർച്ചയെയും പിൻതുണച്ചുകൊണ്ട് കോട്ടയം, നാഗ്പൂർ, തിരുവനന്തപുരം കണ്ണൻമൂല മുതലായ വൈദിക സെമിനാരി വിദ്യാർത്ഥികളുടെ പ്രത്യേക ഫീൽഡുവർക്ക് സേവനം പ്രശംസനീയമാണ്.

കർണാടകയിലെ തുംകൂർ, മംഗലാപുരം തുടങ്ങിയ പല ജില്ലകളിലെ 20 കോളജുകളിൽ ദയാഭവന്റെ ഫീൽഡുവർക്ക് സെന്ററുകൾ ഉണ്ട്.

കർണാടക ഗവണ്മെന്റിന്റെ പ്രശംസയ്ക്കും അവാർഡിനും പല തവണ അർഹമായ ദയാഭവൻ ഭാരതത്തിനു, മലങ്കരസഭ നൽകിയിരിക്കുന്ന സ്വർഗ്ഗസമാനമായ ഒരു വലിയ സമ്മാനമാണ്. കഴിഞ്ഞ വർഷം മുൻ കർണാടക മുഖ്യമന്ത്രി കുമാരസ്വാമി, ദയാഭവൻ ആശുപത്രിക്കു പത്തു ലക്ഷത്തിൽപ്പരം രൂപ വിലയുള്ള ഒരു വാഹനം സമ്മാനിച്ചു. നാലു വർഷം മുമ്പ് ദയാഭവനിൽ വച്ചു നടത്തപ്പെട്ട ഐനാംസ് വാർഷിക സമ്മേളനം സ്ഥാപനത്തിലെ കുട്ടികളുടെ സഞ്ചാരാവശ്യം അറിഞ്ഞു പത്തു ലക്ഷം രൂപ വിലയുള്ള വാൻ സംഭാവന ചെയ്തു.

സർവ്വോപരി അനുപമമായ ഈ ആശുപത്രിയുടെ വിവിധ സേവനങ്ങളെയും നേതൃത്വം വഹിക്കുന്ന ഫാ. ജിനേഷ് വർക്കിയുടെ ത്യാഗനിർഭരമായ പ്രവർത്തനങ്ങളെയും മുൻനിറുത്തി അര ലക്ഷം രൂപായുടെ കാഷ് അവാർഡും പ്രശംസാപത്രവും ഗൾഫുനാടുകളിലെ സംഭാവനകൾ നൽകിയിട്ടു മൂന്നു മാസമേ ആയിട്ടുള്ളു. ദയാഭവൻ ഇന്നു മിഷൻ ബോർഡിന്റെ സന്തോഷവും കിരീടവുമാണെന്നു തറപ്പിച്ചു പറയുന്നതിൽ വളരെ സംതൃപ്തിയുണ്ട്.

കുട്ടികളുടെ ഇടയിലും സമൂഹത്തിലും ചെയ്യുന്ന മഹത്തായ സേവനങ്ങളെ മുൻനിർത്തി ദയാ ഭവൻ മാനേജരായ ഫാ. ജിനേഷ് വർക്കിക്കു ബ്രിട്ടനിലെ പ്രശസ്തമായ മദർ തെരേസാ ചിൽഡ്രൻസ് ഫൗണ്ടേഷന്റെ 2013-ലെ "സെൽഫിലസ് കോൺട്രിബ്യൂട്ടർ" അവാർഡു സമ്മാനിക്കപ്പെട്ടു. കഴിഞ്ഞ വർഷത്തെ (2015) ദുബായ് സെന്റ് തോമസ് കത്തീഡ്രൽ, സാമൂഹ്യസേവനങ്ങൾ സംബന്ധിച്ചു "പ്രകീർത്തിക്കപ്പെടാത്ത വീരനു" നൽകുന്ന പ. ദിദിമോസ് ഒന്നാമൻ കാതോലിക്കാ ബാവാ സ്മാരക അവാർഡും (അര ലക്ഷം രൂപ) ഫാ. ജിനേഷ് വർക്കിയ്ക്കു സമ്മാനിച്ചു.



**ഫാ. ജിനേഷ് വർക്കി**



**ദയാ ഭവൻ**



**ദയാ ഭവൻ ആശുപത്രി**



**ദയാ ഭവനിലെ ഏതാനും കുഞ്ഞുങ്ങൾ**

# കാരുണ്യം ഗിരിമുകളിൽ എത്തിയപ്പോൾ രൂപംകൊണ്ട ആശ്രമവും ബാലഭവനവും

കൂരിരുട്ടിന്റെ കണ്ണീർ താഴ്‌വരയിൽ അറിവും ആഹാരവും ആശയുമറ്റ് ആരോരുമില്ലാതെ ഇരുണ്ട ഭാവി മാത്രം മുന്നിൽ കണ്ടു അലഞ്ഞു തിരിഞ്ഞുനടന്ന ഒരു പറ്റം കുഞ്ഞുങ്ങളെ ദൈവസ്നേഹം സ്പർശിച്ച മനുഷ്യസ്നേഹികളായ ഏതാനും ആളുകൾ കണ്ടെത്തി അവരെ കാരുണ്യത്തിന്റെ കൊടുമുടിയിൽ എത്തിച്ചു വളർത്തിയെടുത്തതിന്റെ ത്യാഗനിർഭരമായ കഥ പറയുന്ന ഒരു മഹത്തായ സ്ഥാപനമാണു പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ പുണ്യനാമത്തിൽ കറുകച്ചാലിനടുത്തുള്ള പനയമ്പാലയിൽ ആരംഭിച്ചിരിക്കുന്ന എം.ജി.ഡി.എം. ആശ്രമവും ബാലഭവനവും. ചുറ്റും വൃക്ഷലതാദികളും വാഴകളും മുറ്റം വരെ റബർ മരങ്ങളും തണലിന്റെ കുടപിടിച്ചുനിൽക്കുന്ന ഒരു കുന്നിന്റെ നെറുകയിലാണു കരുണഗിരി എന്ന അന്വർത്ഥമായ നാമം ധരിച്ചുകൊണ്ടു നിലകൊള്ളുന്ന ബാലഭവനം. മല്ലപ്പള്ളി തിരുമേനിയെന്ന അപരനാമത്തിൽ അറിയപ്പെടുന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെ കുടുംബഭവനവുമായി ഏതാനും കിലോമീറ്റർ മാത്രം അകലെ ഫലപുഷ്ടിയുള്ള എട്ടേക്കർ സ്ഥലത്താണു ആശ്രമവും ബാലഭവനവും ഇരട്ടകളെപ്പോലെ സ്ഥിതി ചെയ്യുന്നത്.

അന്താരാഷ്ട്ര ശിശുവർഷത്തോടനുബന്ധിച്ചു 1980 മാർച്ചിൽ വാങ്ങിയ എട്ടേക്കർ സ്ഥലത്തു സ്നേഹത്തിന്റെ പ്രതിരൂപമായ മാർ ഒസ്താത്തിയോസ് തിരുമേനിയും കെ. ഐ. ഫിലിപ്പ് റമ്പാനും ചേർന്ന് ആരംഭിച്ച എം.ജി.ഡി.എം. ആശ്രമം & ബാലഭവനിലെ ആദ്യകെട്ടിടത്തിന്റെ ശിലാസ്ഥാപനം 1980 ജൂലൈ 6-നു സഭയുടെ പരമാദ്ധ്യക്ഷൻ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നിർവഹിച്ചു. പൊതുയോഗത്തിൽ വച്ച് ബാവാ ഈ മനോഹരമായ കുന്നിൻ പ്രദേശത്തിന് 'കരുണഗിരി' എന്ന പേരും ഇട്ടു. ബാലഭവന്റെ പ്രവർത്തനോദ്ഘാടനം 1981 ഫെബ്രുവരി 22-നു പ. കാതോലിക്കാ ബാവാ തന്നെ 4 കുട്ടികളെ സ്വീകരിച്ചുകൊണ്ടാണു നിർവഹിച്ചത്. ഇപ്പോൾ പാവപ്പെട്ട 45 കുഞ്ഞുങ്ങൾ (രണ്ടാം ക്ലാസ്സ് മുതൽ ഡിഗ്രി തലം വരെ) ഇവിടെ താമസിച്ച് പഠിക്കുന്നു. ബാലഭവന്റെ സന്തോഷവും കിരീടവുമായ 350-ൽ പരം കുട്ടികളെ പഠിപ്പിച്ചു. അവരെ വിവിധ നിലകളിൽ ആത്മാഭിമാനത്തോടെയും, ആത്മവിശ്വാസത്തോടെയും ജീവിക്കുവാൻ സഹായിച്ചിട്ടുണ്ട്. മനോഹരമായ കാനനപുഷ്പങ്ങളായും ആഴിയുടെ അടിത്തട്ടിൽ ആരും കാണാതെ കിടക്കുന്ന രത്നങ്ങളായും കഴിഞ്ഞ കുട്ടികൾ ഇന്നു പൊതുജീവിതസരണിയിൽ സുഗന്ധം പരത്തുന്നു.

നിരണം ഭദ്രാസന മെത്രാപ്പോലീത്തായും മിഷൻ ബോർഡ് പ്രസിഡന്റുമായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പ്രസിഡന്റായും, ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം ട്രഷററായും, ഫാ. ജോബ് മാത്യു മാനേജരായും, ഫാ. ജിനേഷ് കെ. വർക്കി സെക്രട്ടറിയായും പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഫാ. ജോൺസൺ ആശ്രമത്തിൽ താമസിച്ചുകൊണ്ടു വേണ്ട നേതൃത്വം നൽകുന്നു.

**- ഫാ. ജോബ് മാത്യു**

# കൗമാരം കടന്നിരിക്കുന്ന സെന്റ് ജോർജ്ജ് ബാലികാഗ്രാം

നിർധന കുടുംബത്തിൽ ജനിച്ചു ബാലാരിഷ്ടതകളിലൂടെ കടന്നുവന്ന ഒരു ബാലിക, വേണ്ട സംരക്ഷണവും വിദ്യാഭ്യാസവും ലഭിച്ചു രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടപ്പോൾ യഥാർത്ഥ സൗന്ദര്യത്തിന്റെ ഘടകങ്ങളായ സൗമ്യതയും വിനയവും സേവനാസക്തിയും ഉൾക്കൊണ്ടു സർവർക്കും പ്രിയങ്കരിയായി ശോഭിക്കുന്ന ഒരു തരുണീമണിയായി തീർന്നതുപോലെയാണ് ചെറിയതോതിൽ ആരംഭിച്ച പൂനെയിലെ സെന്റ് ജോർജ് ബാലികാഗ്രാമിന്റെ അഭിമാനാർഹമായ വളർച്ചയെന്നു പറഞ്ഞാൽ തർക്കിക്കാനാളുണ്ടാവില്ല. ഒരു വലിയ മനുഷ്യസ്നേഹിയും ഇന്ത്യ മുഴുവൻ ക്രിസ്തുവിനുവേണ്ടി വെട്ടിപ്പിടിക്കാൻ ലക്ഷ്യംവെച്ച സുവിശേഷ - ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രതീകവുമായ സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ മഹത്തായ ഒരു ദർശനമാണ് പൂനെയിലെ ദേഹു റോഡിൽ പൂവണിഞ്ഞതെന്നു തറപ്പിച്ചു പറയട്ടെ.

1991-ൽ തിരുമേനിയും ഫാ. ജോസഫ് വെണ്ടറപ്പള്ളിയും കൂടി പൂനെ ദേഹു റോഡ് സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ എത്തിയപ്പോൾ ബാലികാഗ്രാം സ്ഥാപനം സംബന്ധിച്ച ആഗ്രഹം അച്ചന്മാരെ അറിയിച്ചു. പിന്നീട് ദേഹു റോഡ് സെന്റ് ഗ്രീഗോറിയോസ് ഇടവകാംഗവും ചേപ്പാട് സ്വദേശിയും ദീർഘകാലമായി ദേഹു റോഡ് നിവാസിയുമായ കന്നിലേത്ത് തോമസ് ജോർജും കുടുംബവും വിലപിടിപ്പുള്ള രണ്ടേക്കർ നഗരഭൂമി ദാനമായി നൽകിയപ്പോൾ തിരുമേനിയുടെ ആഗ്രഹം സഫലമായി. രണ്ടേക്കർ കൂടി വിലയ്ക്കു വാങ്ങി 1993 ജനുവരി ഏഴിനു സ്ഥലം മലങ്കരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്തു.

തിരുമേനിയുടെ വലംകൈയായി ഇന്നും പ്രവർത്തനം തുടരുന്ന വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാൻ ഇന്ത്യയിലെങ്ങുമുള്ള തന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നതിനിടയിൽ ഈ സ്ഥാപനത്തിന്റെ ചുമതലയും ഏറ്റെടുത്തു. 1993 സെപ്റ്റംബറിൽ തിരുമേനിയോടൊപ്പം സിസ്റ്റർ സൂസന്നയും സിസ്റ്റർ എലിസബത്തും ദേഹു റോഡിൽ വന്ന് ഒരാഴ്ചക്കാലം താമസിക്കുകയും അപ്പോൾ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ചെയ്തു. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് പ്രസിഡണ്ടും ബോംബെ ഭദ്രാസനാധിപൻ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് വൈസ് പ്രസിഡണ്ടും, കെ. ഐ. ഫിലിപ്പ് റമ്പാൻ സെക്രട്ടറിയും, മാത്യു ഡി. മാത്യു ട്രഷററും പൂനെയിലെ എല്ലാ ഓർത്തഡോക്സ് പള്ളി വികാരിമാരും ഈ പ്രദേശത്തെ

ഏതാനും പ്രമുഖ വ്യക്തികളും അംഗങ്ങളായി ചേർന്ന് സെന്റ് ജോർജ് ബാലികാഗ്രാം എന്ന ചാരിറ്റി ട്രസ്റ്റ് രജിസ്റ്റർ ചെയ്തു.

തുടർന്ന് ഫിലിപ്പ് റമ്പാച്ചൻ ദേഹു റോഡ് സെന്റ് ഗ്രീഗോറിയോസ് പള്ളിവക ചെറിയ മുറിയിൽ താമസിച്ചുകൊണ്ട് പുതിയ സ്ഥലത്ത് ഒരു ആസ്ബസ്റ്റോസ് ഷെഡ് പണിത് അവിടെ താമസിച്ചു. വൈകാതെ പുതിയ കെട്ടിടത്തിന് തെയോഫിലോസ് തിരുമേനി കല്ലിട്ട് പണി ആരംഭിച്ചു. മാവേലിക്കര എം.റ്റി.സി. യിൽ നിന്ന് പഠനം പൂർത്തിയാക്കിയ ഉണ്ണി (മാത്യു കെ. പോൾ), കെ. എം. ജോർജ്ജുകുട്ടി എന്നിവർ റമ്പാച്ചന്റെ സഹായികളായി എത്തി. പ്രഥമ കെട്ടിടത്തിന്റെ പണി തീർത്തു. 1995 ഏപ്രിൽ ആദ്യം പുതുപ്പാടി സെന്റ് പോൾസ് കോൺവെന്റ് സുപ്പീരിയർ സൂസന്ന, സിസ്റ്റർമാരായ എലിസബത്ത്, മോണിക്ക, ജാൻസി എന്നിവർ ദേഹു റോഡിൽ എത്തി. ബോംബെ ഭദ്രാസനാധിപനായിരുന്ന ഡോ. തെയോഫിലോസ് തിരുമേനി പുതിയ കെട്ടിടത്തിന്റെ കൂദാശ നടത്തി. 1995 ഏപ്രിൽ 23-നു (സെന്റ് ജോർജ് ദിനം) ബോംബെ ഉല്ലാസ് നഗറിലെ ലെപ്രസി കോളനിയിൽ നിന്ന് 4 പെൺകുട്ടികളെ സ്വീകരിച്ചുകൊണ്ട് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. മുകളിൽ പറഞ്ഞ സിസ്റ്റേഴ്സിന്റെ സംരക്ഷണത്തിൽ പ്രവർത്തനം തുടർന്നു. ബാലികാഭവന്റെ ഉദ്ദേശ്യലക്ഷ്യം കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത പെൺകുഞ്ഞുങ്ങളെ മാതാപിതാക്കളിൽ നിന്നു മാറ്റിപാർപ്പിച്ച് അവർക്ക് വേണ്ട വിദ്യാഭ്യാസവും പരിചരണവും നല്ല ജീവിതവും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ്.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഇന്നുവരെ 168 കുഞ്ഞുങ്ങൾ ബാലികാഭവന്റെ സംരക്ഷണത്തിൽ വളർന്നു. ഇപ്പോൾ 50 കുട്ടികൾ താമസിച്ച് പഠിക്കുന്നു. ബാലികാഗ്രാമിന്റെ സന്തോഷവും കിരീടവും നിലകൊള്ളുന്നത് ഇവിടുത്തെ കുട്ടികളുടെ വളർച്ചയിലും ഉയർച്ചയിലുമാണ്. നാല് കുട്ടികൾ ബി.എസ്.സി. നേഴ്സിംഗ് കഴിഞ്ഞ് വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നു. നാല് കുട്ടികൾ നഴ്സിംഗ് പഠിക്കുന്നു. ഒരു കുട്ടി വിഷൻ ടെക്നീഷനായി ഹൈദ്രബാദിലെ എൽ.വി. പ്രസാദ് ഐ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്യുന്നു. ഒരു കുട്ടി ടി.ടി.സി. കഴിഞ്ഞ് നമ്മുടെ സ്കൂളിൽ പഠിപ്പിക്കുന്നു. അഞ്ചു യുവതികളുടെ വിവാഹം കഴിഞ്ഞു. അതിൽ രണ്ടു പേരുടെ വിവാഹം പൂർണ്ണമായി നമ്മുടെ ചുമതലയിൽ ആയിരുന്നു. ഒരു കുട്ടിയുടെ വിവാഹച്ചെലവ് ബെഹറിൻ പള്ളിയിലെ സ്ത്രീസമാജം വഹിച്ചു. മറ്റൊരു കുട്ടിയുടെ വിവാഹം ബോംബെ ഭദ്രാസനത്തിലെ ദാദർ പള്ളിക്കാരും നടത്തി. ഇവർക്ക് ഒരു വീട് പൂനെയിലെ എല്ലാ പള്ളിക്കാരും സഭാസ്നേഹികളും ചേർന്ന് വാങ്ങി നൽകി. എട്ട് കുട്ടികൾ വിവിധ സ്ഥലങ്ങളിൽ ഹയർ

സെക്കണ്ടറിയിലും ബാക്കി കുഞ്ഞുങ്ങൾ നേഴ്സറി മുതൽ 10 വരെ ക്ലാസ്സുകളിലും സ്കൂളിൽതന്നെ പഠിക്കുന്നു. ചിലർ പത്താം ക്ലാസ്സിനുശേഷം പഠനം നിർത്തുകയും ചെറിയ ജോലികൾ ചെയ്ത് ഉപജീവനം കഴിക്കുകയും ചെയ്തു വരുന്നു.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സെന്റ് പോൾസ് ആശ്രമത്തിലെ അംഗങ്ങളുടെയും സെന്റ് പോൾസ് കോൺവെന്റിലെ അംഗങ്ങളുടെയും സംയുക്ത മേൽനോട്ടത്തിലാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ ചുമതലയിലാണ് എല്ലാ പ്രവർത്തനങ്ങളും. തിരുമേനി കാലംചെയ്യുന്നതുവരെ അദ്ദേഹം പ്രസിഡണ്ട് സ്ഥാനം വഹിച്ചിരുന്നു. ബോംബെ ഭദ്രാസനാധിപൻ ഗീവർഗ്ഗീസ് മാർ കൂറിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നിവരുടെ നേതൃത്വവും അനുഗ്രഹാശിസ്സുകളും, ബോംബെ ഭദ്രാസനത്തിലെ എല്ലാ പള്ളികളുടെയും വൈദികരുടെയും വിശ്വാസികളുടെയും ദേഹുറോഡ് പ്രദേശവാസികളുടെയും മറ്റ് നാനാജാതി മതസ്ഥരുടെയും ഹൈന്ദവ മന്ദിരങ്ങളുടെയും തമിഴ് സംഘടനകളുടെയും പൂർണ്ണ സഹായസഹകരണവും ഈ സ്ഥാപനത്തിന്റെ വളർച്ചയുടെ പിന്നിലെ ബലിഷ്ഠമായ തൂണുകളാണ്.

ബാലികാഗ്രാമിനു ഇപ്പോൾ നാല് ഏക്കർ സ്ഥലവും കുട്ടികൾക്ക് താമസിക്കുന്നതിന് വേണ്ട 20 മുറികളോടുകൂടിയ ഒരു ഇരുനിലക്കെട്ടിടവും അതിനോടു ചേർന്ന് ചാപ്പലും വളരെ വിശാലമായ മെസ്സ് ഹാളും ആധുനിക സൗകര്യങ്ങളോടുകൂടിയ കിച്ചണും തിരുമേനിമാർക്കും, വൈദികർക്കും, മറ്റും താമസിക്കുവാൻ രണ്ടുനിലയിൽ ഒരു ഗസ്റ്റ് ഹൗസും ജീവനക്കാർക്ക് താമസിക്കുവാനുള്ള കെട്ടിടവും ഉണ്ട്. കൃഷി യോഗ്യമായ സ്ഥലത്ത് എല്ലാവിധ കൃഷിയും ചെയ്യുന്നു. കൂടാതെ പത്തു പശുക്കളോടുകൂടിയ ഒരു ഡയറിഫാമും ഗോബർ ഗ്യാസ് പ്ലാന്റും ഉണ്ട്.

ഇതിന്റെ ആരംഭം മുതൽ സിസ്റ്റർമാരായ സോഫിയ, മോണിക്ക, ഷീബ, റേച്ചൽ തുടങ്ങിയവരും മാനേജർമാരായി ഫാ. ജി. ജോൺ, ഫാ. പോൾ മാത്യു, ഫാ. ജേക്കബ്, വെരി. റവ. ജോർജ് മോടിയിൽ റമ്പാൻ, വെരി. റവ. സിൽവാനിയോസ് റമ്പാൻ, ഫാ. തോമസ് ജോൺ എന്നിവരും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. 2011 ഏപ്രിൽ മുതൽ സിസ്റ്റർ എലിസബത്ത് മാനേജരായും സിസ്റ്റർ ക്രിസ്റ്റീന, സിസ്റ്റർ എൽസ എന്നിവർ വാർഡന്മാരായും സേവനം ചെയ്യുന്നു. തുടക്കം മുതൽ ഇന്നുവരെയും ഡയറക്ടറും സെക്രട്ടറിയുമായി കെ. ഐ. ഫിലിപ്പ് റമ്പാനും ട്രഷറാറായി മാത്യു ഡി. മാത്യുവും കമ്മിറ്റിയുടെ സഹായത്തോടെ മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നുണ്ട്.

## സെന്റ് ജോർജ് ഇംഗ്ലീഷ് സ്കൂൾ

ബാലികാഗ്രാമിന്റെ ചുമതലയിലുള്ള സെന്റ് ജോർജ് ഇംഗ്ലീഷ് സ്കൂൾ വളരെ ഭംഗിയായും നല്ല നിലയിലും പ്രവർത്തിച്ചു വരുന്നു. മൂന്നു നില കളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ 24 ക്ലാസ്സ് മുറികൾ ഉണ്ട്. കൂടാതെ ഓഫീസ് കോംപ്ലക്സ്, രണ്ട് കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സയൻസ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഓരോ ക്ലാസ്സിലും സൗണ്ട് സിസ്റ്റം, സി. സി. ക്യാമറ എല്ലാ പ്രധാന സ്ഥലങ്ങളിലും, വിശാലമായ പ്ലേ ഗ്രൗണ്ട്, ബാസ്കറ്റ് ബോൾ കോർട്ട് എന്നിവയുമുണ്ട്. അഞ്ചാം തവണയും എസ്.എസ്.സി. ക്ക് 100 ശതമാനം വിജയം നേടി. ഇതെല്ലാം സ്കൂളിന്റെ നിലവാരം കൂട്ടുന്നു.

ബാലികാഗ്രാം കുട്ടികൾക്കായി തുടങ്ങിയ സ്കൂളിൽ ഇപ്പോൾ 1100 കുട്ടികളും 40 സ്റ്റാഫും ഉണ്ട്. ഫീസ് ഇളവോടുകൂടി നല്ല വിദ്യാഭ്യാസം നൽകുന്നു. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും കുട്ടികൾ പരി ശീലനം നേടുന്നു. സ്കൗട്ട്, ഗൈഡ്സ് എന്നീ സംഘടനകളും പരിശീ ലനം കിട്ടിയ ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ഇന്ന് ഇത് ദേഹു റോഡിലെ ഏറ്റവും മികച്ച നിലവാരമുള്ള സ്കൂൾ ആയി ഉയർന്ന തിൽ അഭിമാനമുണ്ട്.

മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ചിന്തയിൽ സ്കൂൾ എന്ന ആശയം ഒരിക്കലും ഇടംപിടിച്ചിരുന്നില്ല. എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ മറ്റു സ്കൂളുകളിൽ പഠിക്കുന്നതിൽ അവരുടെ മാതാപിതാക്കൾ വിസ മ്മതം കാണിച്ചപ്പോൾ മാത്രമാണ് ഇങ്ങനെയൊരു സ്കൂൾ തുടങ്ങുവാൻ തിരുമേനി അനുവദിച്ചത്. സ്കൂൾ കമ്മിറ്റി, പ്രിൻസിപ്പൽ, മാനേജ്മെന്റ് ഇവരുടെ കൂട്ടായ പ്രവർത്തനവും മാതാപിതാക്കളുടെ നല്ല സഹകര ണവും സ്കൂളിനെ ഉത്തരോത്തരം പുരോഗതിയിലേക്ക് നയിക്കുവാൻ സഹായിക്കുന്നു.

നാളിതുവരെ എല്ലാ കാര്യങ്ങളിലും സഹായിക്കുകയും സഹകരിക്കു കയും പ്രാർത്ഥിക്കുകയും സന്ദർശനംകൊണ്ട് അനുഗ്രഹിക്കുകയും ചെയ്യുന്ന തിരുമേനിമാർ, റമ്പാച്ചന്മാർ, വൈദികശ്രേഷ്ഠന്മാർ, കന്യാസ്ത്രീ കൾ, സഭാവിശ്വാസികൾ, നാനാജാതി മതസ്ഥർ എന്നിവരുടെ സേവന ങ്ങൾ പ്രശംസാർഹമാണ്. മുൻകാല പ്രവർത്തകരുടെ കഷ്ടപ്പാടുകൾ നിരവധിയാണ്. അധികം ആരും അറിയാതെ അനേകായിരങ്ങളുടെ പ്രാർ ത്ഥനയും സ്നേഹവും ദൈവിക കൃപാവരങ്ങളുമാണ് ഈ സ്ഥാപനത്തെ വിജയസോപാനത്തിന്റെ പടികൾ കയറാൻ സഹായിച്ചതെന്നു നന്ദി യോടെ അറിയിക്കുന്നത് അഭിമാനപൂർവ്വമാണ്.

**– സിസ്റ്റർ എലിസബത്ത്**

**(മാനേജർ)**

# നാംസ് സ്നേഹസദൻ: സേവനം, കരുണ, സംരക്ഷണം എന്നിവയുടെ ത്രിവേണീസംഗമം

ദൈവനിവാസ കേന്ദ്രമെന്നു കരുതപ്പെടുന്ന മലകളിൽ നിന്ന് ആദ്യം ഒരു ഒലിപ്പ് ആരംഭിച്ചശേഷം അത് ഓലിയായും അരുവിയായും ജന സമൂഹത്തിനൊട്ടാകെ പ്രതിഫലേച്ഛ കൂടാതെ ശുദ്ധജലം പ്രദാനം ചെയ്യുന്ന നദിയായും രൂപംകൊള്ളുന്നതു പോലെയാണ് ചെറിയതോതിൽ മഹാനഗരമായ ബാംഗ്ലൂരിൽ ആരംഭിച്ചു പ്രവർത്തകരുടെ പ്രതീക്ഷകൾക്കതീതമായി സേവനരംഗത്തു പ്രശോഭിക്കുന്ന നാംസ് സ്നേഹസദന്റെ ജനനവും വളർച്ചയുമെന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. സ്വാർത്ഥത തൊട്ടു തേച്ചിട്ടില്ലാത്ത ഏതാനും പ്രവർത്തകരും അവർക്ക് കൈത്താങ്ങൽ നൽകാൻ ഒരുക്കമുള്ള ഒരു പറ്റം മഹാമനസ്കരായ സഭാസ്നേഹികളുമുണ്ടെങ്കിൽ ഏതു നല്ല പ്രസ്ഥാനവും എന്നും ഉയരങ്ങളിലേക്കായിരിക്കും വളരുന്നത്. ഈ വസ്തുതയുടെ പ്രത്യക്ഷോദാഹരണമാണ് നാംസ് സ്നേഹസദന്റെ ഉയർച്ചയും അനുപമ സേവന പ്രവർത്തനങ്ങളും.

1989-ലെ കഷ്ടാനുഭവ ആഴ്ച. രംഗം ബാംഗ്ലൂരിലെ ജലഹള്ളി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി. നാംസിന്റെ (നാഷണൽ അസോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസ്) സ്ഥാപക സെക്രട്ടറിയും ഒരു പ്രമുഖ കൺവൻഷൻ പ്രസംഗകനുമായ പ്രൊഫ. ഡി. മാത്യു ചെയ്ത പ്രഭാഷണമദ്ധ്യേ നാംസിന്റെ പ്രവർത്തനങ്ങളും വിശദീകരിച്ചു. അപ്പോഴാണ് ഇടവകക്കാർ ഇങ്ങനെയുള്ള ഒരു സംഘടനയെപ്പറ്റി ആദ്യമായി കേൾക്കുന്നത്. പ്രൊഫ. മാത്യുവിന്റെ നിർദ്ദേശാനുസരണം, ആ കൊല്ലം ഡിസംബർ 9-നു പരുമലയിൽ ചേർന്ന നാംസിന്റെ 9-ാം വാർഷികത്തിൽ ബാംഗ്ലൂരിൽ നിന്നു എൻ. എം. അച്ചൻകുഞ്ഞ് പങ്കെടുത്തു. പിന്നീട് 1991 മെയ് മാസം മാവേലിക്കരയിൽ നടന്ന നാംസ് കോൺഫ്രൻസിൽ എൻ. എം. അച്ചൻകുഞ്ഞിനു പുറമെ ടി. വി. വറുഗീസും സംബന്ധിച്ചു. പ്രസ്തുത യോഗത്തിൽ, അടുത്ത സമ്മേളനം ബാംഗ്ലൂരിൽ വച്ചു നടത്താമെന്നു ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർദ്ദേശിച്ചു. എനിക്കും വറുഗീസിനും മറ്റുള്ളവരോട് ആലോചിക്കാതെ ഒരു തീരുമാനത്തിൽ എത്താനാവില്ലെന്നും ബാംഗ്ലൂരിൽ ചെന്ന് വൈദികരോടും മറ്റും ആലോചിച്ചു തീരുമാനം അറിയിക്കാമെന്നും ഞങ്ങൾ പറഞ്ഞു. ഞങ്ങൾ തിരിച്ചു ചെന്നു വൈദികരോടും തൽപരരായ ഏതാനും സുഹൃത്തുക്ക

ളോടും ആലോചിക്കുകയും അവരെല്ലാം നാംസിന്റെ 12-ാമതു കോൺഫ്രൻസ് ബാംഗ്ലൂർ വിദ്യാഭവനിൽ വച്ചു നടത്താൻ പച്ചക്കൊടി കാട്ടുകയും ചെയ്തു.

### പന്ത്രണ്ടാം സമ്മേളനം

1991 ഒക്ടോബർ 18 മുതൽ 20 വരെ വിദ്യാ ഭവനിൽ നടത്തപ്പെട്ട ദ്വിദിന കോൺഫറൻസ് തികച്ചും വിജയകരമായിരുന്നു. ബാംഗ്ലൂർ ഓർത്തഡോക്സ് കമ്മ്യൂണിറ്റിയുടെ സമ്പൂർണ്ണ സഹകരണമാണു ക്യാമ്പിന്റെ വിജയത്തിന്റെ അടിസ്ഥാനം. കേരളത്തിൽ നിന്നു 80 പേർ ഉൾപ്പെടെ 150 പേർ സംബന്ധിച്ച സമ്മേളനാന്ത്യത്തിൽ ബാംഗ്ലൂർ നാംസ് ശാഖ മാർ ഒസ്താത്തിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുകയും എൻ. എം. അച്ചൻകുഞ്ഞിനെ യൂണിറ്റ് സെക്രട്ടറിയായി നിയോഗിക്കുകയും ചെയ്തു.

### പ്രഥമ യോഗം

ബാംഗ്ലൂർ യൂണിറ്റിന്റെ പ്രഥമ സമ്മേളനം 1991 ഡിസംബർ 15-നു ഞായറാഴ്ച ആണ് യു.റ്റി.സി. (യുണൈറ്റഡ് തിയോളജിക്കൽ കോളജ്) യിൽ പഠിച്ചുകൊണ്ടിരുന്ന ഫാ. ഒ. തോമസിന്റെ (ഇന്നു കോട്ടയം സെമിനാരി പ്രിൻസിപ്പൽ) അദ്ധ്യക്ഷതയിൽ കൂടുകയും 21 പേർ പങ്കെടുക്കുകയും ഉണ്ടായി. മാസംതോറും രണ്ടാം ഞായറാഴ്ച യോഗം കൂടി സ്റ്റഡിക്ലാസ്സ് നടത്തുവാനും തീരുമാനിച്ചു. തുടർന്നു മാസംതോറുമുള്ള യോഗങ്ങൾ രക്ഷാധികാരിയായ ഫാ. ഒ. തോമസിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിലുള്ള വിവിധ പള്ളികളിൽ വച്ചു മാറി മാറി നടത്തപ്പെട്ടു. ഫാ. ഒ. തോമസ് പഠനം കഴിഞ്ഞു തിരിച്ചു നാട്ടിൽ പോയപ്പോൾ യു.റ്റി.സി. യിൽ പഠിക്കാൻ വന്ന ഫാ. സാബു കുറിയാക്കോസ് (ഇപ്പോൾ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, അടൂർ ഭദ്രാസനം) നാംസ് യൂണിറ്റിന്റെ രക്ഷാധികാരിയായിത്തീർന്നു.

ഒരു വർഷത്തെ മീറ്റിംഗുകളുടെ ഫലമായി ഒരു വാർഷിക ധ്യാനം നടത്താനും ബാംഗ്ലൂർ ഓർത്തഡോക്സ് കൺവൻഷൻ ആരംഭിക്കാനും നിശ്ചയിച്ചു. ഇതനുസരിച്ചു പ്രഥമ ധ്യാനയോഗം 1993 മാർച്ച് 24-നു ജലഹള്ളിയിലുള്ള കളത്തൂർ ഫാമിൽ വച്ചു നടത്തി. ഇതിൽ 21 നാംസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും വിവിധ പള്ളികളിൽ നിന്നുള്ള അംഗങ്ങളും സംബന്ധിച്ചിരുന്നു. ഫാ. ഒ. തോമസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ പ്രഥമ ധ്യാനയോഗം അനുഗ്രഹപ്രദമായിരുന്നു. തുടർന്നും വാർഷിക ധ്യാനയോഗങ്ങൾ നടന്നു.

## ബ്രഹ്മവാർ സമ്മേളനം

ബാംഗ്ലൂർ യൂണിറ്റിലെ ചില അംഗങ്ങൾ ബ്രഹ്മവാർ മിഷൻ സന്ദർശിച്ചപ്പോൾ അവിടെയുള്ള ഇടവകാംഗങ്ങൾക്കു നാട്ടിലുള്ള സഭാംഗങ്ങളുമായി ഇടപഴകാനും സമ്പർക്കം പുലർത്താനും സാധിക്കുന്നില്ലെന്നുള്ള ഒരു സ്ഥിതിവിശേഷമുണ്ടെന്നു മനസ്സിലായി. അങ്ങനെയിരിക്കെ അവിടെ നാംസിന്റെ ഒരു കോൺഫറൻസ് നടത്തിയാൽ നന്നായിരിക്കുമെന്ന ചിന്ത ഉണ്ടായി. ഈ വസ്തുത അന്നവിടത്തെ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചിരുന്ന റവ. ഡോ. എൻ. ജെ. തോമസ് റമ്പാച്ചനുമായി (പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിന്റെ പ്രിൻസിപ്പലായിരുന്ന തോമസ് റമ്പാച്ചൻ കഴിഞ്ഞ വർഷം അന്തരിച്ചു) പങ്കിട്ടപ്പോൾ ആ നിർദ്ദേശത്തെ അദ്ദേഹം സസന്തോഷം സ്വീകരിച്ചു. വൈകാതെ ബാംഗ്ലൂർ യൂണിറ്റ് നാംസ് സെക്രട്ടറി പ്രൊഫ. ഡി. മാത്യുവുമായി ആലോചിച്ചു ബാംഗ്ലൂർ നാംസ് യൂണിറ്റിന്റെ പരിപൂർണ്ണ സഹകരണത്തോടെ 1993 മെയ് 12-14 വരെ ബ്രഹ്മവാറിൽ വച്ചു നടത്തിയ സമ്മേളനം വളരെ ഫലപ്രദമായിരുന്നു. റമ്പാച്ചന്റെ നേതൃത്വത്തിൽ ഒരു ടീം സമ്മേളനത്തിന്റെ പിന്നിൽ ശക്തമായി പ്രവർത്തിച്ചു. മൂന്നു മെത്രാപ്പോലീത്താമാർ ഉൾപ്പെടെ 110 പേർ കോൺഫറൻസിൽ സംബന്ധിച്ചു. നമ്മുടെ ഒരു ബിഷപ്പിനെയെങ്കിലും കാണാനാവും എന്നാഗ്രഹിച്ച ബ്രഹ്മവാർ ഇടവക മൂന്നു പേരെ കണ്ടു കൂടുതൽ സന്തോഷിച്ചു.

## ബാംഗ്ലൂർ കൺവൻഷൻ

അന്ന് ബാംഗ്ലൂരിൽ ഉണ്ടായിരുന്ന ഏഴ് ഇടവകകളിലായി ചിതറിക്കിടന്ന ഓർത്തഡോക്സ് കമ്മ്യൂണിറ്റിയെ ഒരാത്മീയ കുടക്കീഴിൽ കൊണ്ടുവരാൻ നാംസ് യൂണിറ്റ് ആരംഭിച്ച ബാംഗ്ലൂർ ഓർത്തഡോക്സ് കൺവൻഷൻ 1993 ഒക്ടോബർ 27 മുതൽ 30 വരെ ജലഹള്ളി സെന്റ് മേരീസ് പള്ളിയിൽ നടന്നപ്പോൾ ഈ വചനഘോഷണം പ്രതീക്ഷാതീതമായി പെട്ടെന്നു വളരുമെന്നാരും കരുതിയിരുന്നില്ല. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഫാ. ഒ. തോമസ്, പ്രൊഫ. ഡി. മാത്യു എന്നിവരായിരുന്നു പ്രഥമ പ്രസംഗകർ.

പന്ത്രണ്ട് വർഷം നാംസ് യൂണിറ്റു ദശാംശം ശേഖരിച്ചു സ്വന്തം ചെലവിൽ വിവിധ പള്ളികളിൽ മുടക്കം കൂടാതെ നടത്തിവന്ന കൺവൻഷൻ ബാംഗ്ലൂരിലെ 10 പള്ളികൾ (മൂന്നു പള്ളികൾ ഇതിനിടയിൽ രൂപംകൊണ്ടു) ഒന്നിച്ചു ചേർന്ന് മെൽത്തോ എന്ന പേരിൽ വർദ്ധിതവീര്യത്തോടെ ആരംഭിച്ചപ്പോൾ പ്രത്യേകം യോഗം നടത്തേണ്ടതില്ലെന്നു തീരുമാനിക്കുകയും മെൽത്തോയ്ക്കു പരിപൂർണ്ണ പിന്തുണ നൽകുകയുമാണുണ്ടായത്.

## പാട്ടുപുസ്തകം

നാംസ് യൂണിറ്റു കൺവൻഷൻ നടത്തിവന്നപ്പോൾ അതോടനുബന്ധിച്ചു 'കൺവൻഷൻ ഗീതങ്ങൾ' എന്ന ഒരു പാട്ടുപുസ്തകം ഇറക്കിയിരുന്നു. ഇതിൽ മലയാളം പാട്ടുകൾ മംഗ്ലീഷിലും ചേർത്തിരുന്നതിനാൽ മലയാളം അറിഞ്ഞു കൂടാത്തവർക്കും പ്രയോജനപ്പെട്ടു. 1993-ൽ പാട്ടുപുസ്തകത്തിന്റെ ഒന്നാം പതിപ്പ് ഇറക്കി. തുടർന്ന് 2005 വരെ പാട്ടുപുസ്തകം പരിഷ്കരിച്ച് ഓരോ വർഷവും പ്രസിദ്ധപ്പെടുത്തി. നാംസിന്റെ ആഭിമുഖ്യത്തിലുള്ള പ്രത്യേക കൺവൻഷൻ നിറുത്തിയപ്പോൾ പൊതുജനങ്ങളുടെ ആവശ്യപ്രകാരം 2011-ൽ "നിത്യസ്തുതി" എന്ന പേരിൽ ആറാം പതിപ്പും പ്രസിദ്ധീകരിച്ചു. ഈ പാട്ടുപുസ്തകം ഇന്ത്യയിലും അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലും നമ്മുടെ സഭാംഗങ്ങൾ ഉപയോഗിച്ചുവരുന്നതിൽ സംതൃപ്തിയുണ്ട്.

## സ്നേഹസദൻ

ബാംഗ്ലൂരിൽ 1993-ൽ നടന്ന പ്രഥമ കൺവൻഷനിൽ വച്ചു രൂപം കൊണ്ട ഒരാശയമാണ് നാംസ് സ്നേഹസദൻ എന്ന സ്ഥാപനം. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ നിർദ്ദേശാനുസരണം നാംസ് ബാംഗ്ലൂർ യൂണിറ്റിന്റെ പ്രവൃത്തിമേഖലയിൽ ഒരു ബാലഭവൻ തുടങ്ങാൻ തീരുമാനിക്കുകയും കെ. കെ. മാത്തുക്കുട്ടി വൈദ്യൻ കൺവീനറായി ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ചെയ്തു.

1994 ജൂലൈ മാസത്തിൽ നാംസ് സ്നേഹസദൻ എന്ന പേരിൽ ഒരു ട്രസ്റ്റുണ്ടാക്കി. പ. കാതോലിക്കാബാവാ ട്രസ്റ്റിന്റെ പേട്രനായും മിഷൻ ബോർഡ് പ്രസിഡന്റു തന്നെ പ്രസിഡന്റായും 21 നാംസ് യൂണിറ്റ് അംഗങ്ങൾ ട്രസ്റ്റികളായും ട്രസ്റ്റ് രജിസ്റ്റർ ചെയ്തു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി തികഞ്ഞ സഭാസ്നേഹിയും വ്യവസായിയുമായ മാത്തുക്കുട്ടി വൈദ്യൻ ബാംഗ്ലൂരിലുള്ള വാഡരഹള്ളിയിലെ തന്റെ വക രണ്ടേമുക്കാൽ ഏക്കർ സ്ഥലം സസന്തോഷം സംഭാവന ചെയ്തപ്പോൾ സ്നേഹസദൻ വളർച്ചയുടെ ഒരു പുതിയ ഘട്ടത്തിൽ പ്രവേശിച്ചു.

കെ. കെ. മാത്തുക്കുട്ടി വൈദ്യൻ സംഭാവനയായി നൽകിയ സ്ഥലത്തെ ചെറിയ കെട്ടിടം 1994 ഡിസംബർ 25-ന് തിരുപ്പിറവി ദിനത്തിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പ്രതിഷ്ഠിച്ചു. രണ്ടാഴ്ച കഴിഞ്ഞ് 1995 ജനുവരി 6-നു ആദ്യ ബാച്ച് കുട്ടികളെ സ്നേഹസദൻ ഉൾക്കൊണ്ടു. സമൂഹത്തിലെ പാവപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ ഒട്ടധികം കുട്ടികളെ ദൈവസ്നേഹത്താൽ പ്രേരിതരായി കുറെയെല്ലാം സഹായിക്കാൻ സാധിച്ചതുകൊണ്ടാവാം എളിയ തോതിൽ

ആരംഭിച്ച സ്നേഹസദൻ ഇന്ന് ഇത്രമാത്രം വളർന്നതെന്നു പ്രവർത്തകർ വിശ്വസിക്കുന്നു. ഇതിനകം ഇവിടെ താമസിച്ചു പഠിച്ച ആദ്യ ബാച്ചിലെ പല കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കി ജോലി നേടി നല്ല നിലയിൽ ജീവിക്കുന്നുണ്ട്. ഇപ്പോൾ സ്നേഹസദനിൽ 50-ൽപരം കുട്ടികളുണ്ട്. പല വിദ്യാർത്ഥികൾ ഇതിനടുത്ത കോൺവെന്റ് സ്കൂളിൽ ഒന്നു മുതൽ ഒൻപതു വരെയുള്ള സ്റ്റാന്റേർഡുകളിൽ പഠിക്കുന്നു. ചിലർ ഐ. ടി. വിദ്യാർത്ഥികളാണ്. മലബാറിൽ നേരത്തെ 20 പള്ളികൾ സ്ഥാപിച്ചശേഷം ഇവിടെ എത്തി സ്നേഹസദന്റെ ചാപ്ലയിനായി സേവനം നടത്തിയിരുന്ന ഫാ. എം. എം. ഏബ്രഹാം വർഷങ്ങളായി ഈ മാതൃകാ സ്ഥാപനത്തിന്റെ ആത്മീയ ഗുരുവായി നിലകൊണ്ടു. ഫാ. ഏബ്രഹാം നവംബർ നാലിനു അന്തരിച്ചു.

സ്നേഹസദന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കെ. കെ. മാത്തുക്കുട്ടി വൈദ്യൻ രണ്ടേമുക്കാൽ ഏക്കർ സ്ഥലം 2006 നവംബർ 30-നു മലങ്കര ഓർത്തഡോക്സ് സഭയുടെ പ. കാതോലിക്കാബാവായുടെ പേരിൽ പ്രമാണം രജിസ്റ്റർ ചെയ്തു കൊടുത്തു. രജിസ്ട്രേഷനും ദാന ആധാരത്തിനും വേണ്ടി ആറര ലക്ഷം രൂപ വേണ്ടിവന്നു. ഈ ഭാരിച്ച തുക സ്നേഹസദൻ ഫണ്ടിൽ നിന്നാണു ചെലവാക്കിയത്. സ്നേഹസദന്റെ വിവിധ പദ്ധതികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനു വേണ്ടി 2007 ഏപ്രിൽ 1-നു സ്നേഹസദൻ ട്രസ്റ്റ് മലങ്കര ഓർത്തഡോക്സ് ചർച്ച് മിഷൻ ബോർഡിന് ഈ സ്ഥാപനം കൈമാറി.

### വൃദ്ധസംരക്ഷണ ഭവനം

ആധുനിക ജീവിതശൈലി, അധാർമ്മിക ചുറ്റുപാടുകൾ, മൂല്യശോഷണം, അണുകുടുംബ സംവിധാനം, ആദ്ധ്യാത്മിക അധഃപതനം മുതലായവ മൂലം പ്രായംചെന്നവരുടെ ജീവിതം പല കുടുംബങ്ങളിലും ദുസ്സഹമായിത്തീർന്നിട്ടുണ്ട്. തങ്ങളുടെ നല്ല കാലം മക്കൾക്കും സ്വന്തക്കാർക്കുംവേണ്ടി ചെലവഴിച്ച വൃദ്ധജനങ്ങൾ ഇന്നു പ്രിയപ്പെട്ടവരാൽ നിർദ്ദയം അവഗണിക്കപ്പെടുന്ന ദയനീയ കാഴ്ചയാണു ചുറ്റും കാണുന്നത്. സമൂഹത്താൽ തള്ളപ്പെട്ട ഇവരുടെ ദുസ്ഥിതി സ്നേഹസദൻ ട്രസ്റ്റികളുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. പാവപ്പെട്ടവരെ സസന്തോഷം സംരക്ഷിച്ച സ്നേഹസദൻ സുഹൃത്തുക്കളുടെ 13 വർഷത്തെ പിന്തുണയും സഹായവും അനാഥരായ വൃദ്ധരെക്കൂടി കരുതുന്നതിനും പ്രവർത്തകർക്ക് ഒരു കൈത്താങ്ങലായി എന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. 2006 നവംബർ 26-നു പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് ആശീർവദിച്ച വൃദ്ധഭവന്റെ അടിസ്ഥാനശില സ്നേഹസദൻ വളപ്പിൽ വർക്കിംഗ് പ്രസിഡന്റായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

മെത്രാപ്പോലീത്താ പ്രതിഷ്ഠിച്ചപ്പോൾ ഒരു വലിയ സ്വപ്നത്തിന്റെ സാക്ഷാൽക്കാരാരംഭമായിരുന്നു അത്. ജാതിമതഭാഷാ ഭേദമെന്യേ അർഹരായ വൃദ്ധർക്ക് ആവശ്യമായ അഭയവും ഭക്ഷണവും നൽകി അവരുടെ ജീവിത സായാഹ്നം ആവുംവിധം സന്തോഷപ്രദമാക്കാനാണ് പ്രവർത്തകർ ആഗ്രഹിക്കുന്നത്. ഇതിനകം 80 ലക്ഷം രൂപാ ചെലവാക്കി അതിവേഗം നിർമ്മാണം പൂർത്തിയാക്കിയതും പതിനായിരം ചതുരശ്ര അടി സൗകര്യമുള്ളതുമായ പുതിയ ഇരുനിലമന്ദിരത്തിൽ ഓഫീസ്, ഡിസ്പെൻസറി, ഗസ്റ്റ് റൂം മുതലായവയ്ക്ക് പുറമേ പ്രായമുള്ള 25 പേർക്ക് താമസിക്കാൻ സൗകര്യമുണ്ട്. ഈ വൃദ്ധഭവന്റെ കൂദാശയും ഉദ്ഘാടനവും 2010 ജനുവരി 24-നു നടത്തി. ഇപ്പോൾ ഏഴു പുരുഷന്മാരും നാല് സ്ത്രീകളും ഇവിടെ താമസിക്കുന്നു.

അഭ്യുദയകാംക്ഷികളുടെ അനുസ്യൂതമായ സഹായത്താലാണ് സ്നേഹസദന്റെ പ്രവർത്തനങ്ങൾ വിഘ്നം കൂടാതെ വളർന്നുകൊണ്ടിരിക്കുന്നത്. ഗവണ്മെന്റിന്റെ പിന്തുണയൊന്നുമില്ലാതെ പുരോഗമിക്കുന്ന സ്നേഹസദനു സ്നേഹിതരിൽ നിന്നു പണമായും സാധനങ്ങളായുമാണ് സഹായം ലഭിക്കുന്നത്. തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജന്മദിനം, വിവാഹദിനം, ചരമവാർഷിക ദിനം മുതലായ അവസരങ്ങളിൽ സ്നേഹസദനിൽ വിശിഷ്ട ഭോജ്യങ്ങൾ സഹിതം സദ്യ നൽകാൻ പലരും പേരും പണവും നൽകി ക്യൂ നിൽക്കുന്നു. കൂടാതെ ഒരു കുട്ടിയെ ഒരു വർഷം സംരക്ഷിക്കുന്നതിനു വേണ്ട 6000 രൂപായും പലരും നൽകുന്നുണ്ട്.

2009 ഒക്ടോബറിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി 14 സീറ്റുള്ള ഒരു ടാറ്റാ വിംഗർ വാൻ, ബാങ്ക് ലോൺ മുഖേന വാങ്ങിയതിനാൽ കുട്ടികൾ എല്ലാം വളരെ സന്തോഷവാന്മാരാണ്. സ്നേഹസദന്റെ വളർച്ചാചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണിത്.

പുതിയ കെട്ടിടത്തിലേക്കു കുട്ടികൾ മാറിയപ്പോൾ കിളി വിട്ട കൂടുപോലെ നിലകൊണ്ട പഴയ കെട്ടിടത്തിലെ ഒരു മുറിയിൽ സമീപവാസികളായ സ്ത്രീകൾക്കുവേണ്ടി തയ്യൽ പരിശീലനക്ലാസ്സ് ആരംഭിക്കാൻ കഴിഞ്ഞു. പല ബാച്ചുകൾ പരിശീലനം പൂർത്തിയാക്കിപ്പോയി. സ്വന്തമായി തയ്യൽയന്ത്രങ്ങൾ വാങ്ങാൻ കഴിവില്ലാത്ത ഏതാനുംപേർക്കു തയ്യൽ മെഷീൻ വാങ്ങി നൽകാനും സാധിച്ചു.


ഫാ. എം. എം. ഏബ്രഹാം

ബാംഗ്ലൂർ നാംസ് ശാഖ രൂപവൽക്കരിച്ച ശേഷം അതിന്റെ ആഭിമുഖ്യത്തിൽ മൂന്നു നാംസ് കോൺഫറൻസുകൾ ഭംഗിയായി നടത്താൻ സാധിച്ചതിൽ അത്യധികം ചാരിതാർത്ഥ്യമുണ്ട്.

**– എൻ. എം. അച്ചൻകുഞ്ഞ്**




**ട്രിനിറ്റി ചാരിറ്റബിൾ സ്കൂൾ**



**സ്നേഹസദന്റെ വൃദ്ധഭവനം**

# യഥാർത്ഥ ശാന്തിതീരമെത്തുന്നതിനു മുമ്പുള്ള ജീവിതസായാഹ്ന സംരക്ഷണകേന്ദ്രം

ഭാഗ്യസ്മരണാർഹനായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ പാവനനാമത്തിൽ ആരംഭിച്ച മാർ ഒസ്താത്തിയോസ് ഷെയറിംഗ് ട്രസ്റ്റിന്റെ കീഴിൽ, മദർ തെരേസയുടെ 100-ാം ജന്മദിനമായ 2010 ആഗസ്റ്റ് 27-നു പ്രവർത്തനമാരംഭിച്ച ഒരു ധർമ്മസ്ഥാപനമാണ് ശാന്തിതീരം. മരണാസന്നരായ നിർധന അർബുദ രോഗികൾക്കും, അശരണരും നിരാലംബരുമായ വൃദ്ധർക്കും ജാതി-മത ഭേദമെന്യേ സാന്ത്വനവും സംരക്ഷണവും നൽകുന്ന ഈ സ്ഥാപനം സഹൃദയരും ദാനശീലരുമായ പുലിയൂർ പാലയ്ക്കാമണ്ണിൽ സണ്ണിയും ലില്ലിക്കുട്ടിയും സംഭാവനയായിത്തന്ന 5 ഏക്കറിലാണ് സ്ഥിതിചെയ്യുന്നത്. റിപ്പോർട്ട് വർഷത്തിൽ 42 പേർക്ക് ഇവിടെ അഭയം നൽകി.

ചെങ്ങന്നൂർ-പരുമല റൂട്ടിൽ കല്ലാശ്ശേരി ജംഗ്ഷനിൽ നിന്ന് അര കിലോമീറ്റർ തെക്ക് മാറി വയലേലകളാൽ പരിസേവിതവും പ്രകൃതിസുന്ദരമായ അന്തരീക്ഷത്തിലാണു ശാന്തിതീരം സ്ഥിതിചെയ്യുന്നത്. സാമ്പത്തികക്ലേശങ്ങൾ, പ്രായാധിക്യം എന്നിവകൊണ്ടു വീടുകളിൽ ബുദ്ധിമുട്ടുന്നവർ, എല്ലാവരുമുണ്ടായിട്ടും ആരുമില്ലാതെ ഉപേക്ഷിക്കപ്പെടുന്നവർ, വാർദ്ധക്യത്തിൽ ഒറ്റപ്പെടുന്നവർ, പ്രതികൂല സാഹചര്യങ്ങളിൽ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടേണ്ടിവരുന്നവർ, ആശുപത്രി വരാന്തകൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഉപേക്ഷിക്കപ്പെട്ടവർ മുതലായ 35 പേർ ഇപ്പോൾ ഇവിടെയുണ്ട്. രണ്ട് വാർഡുകളും, പ്രവർത്തകർക്കുള്ള ഔട്ട്ഹൗസും, മനോഹരമായ ചാപ്പലും, മെസ്ഹാളും അടങ്ങുന്ന സ്ഥാപനത്തിൽ കൂടുതൽ അന്തേവാസികളെ ഉൾക്കൊള്ളാനായി പുതിയ കെട്ടിടം ഉയരേണ്ടിയിരിക്കുന്നു.

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്മരണയ്ക്കായി അദ്ദേഹം കാലം ചെയ്തതിന്റെ 40-ാം ദിവസം (2012 മാർച്ച് 27) ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്ത് തുടക്കം കുറിച്ച "ഭോജനപദ്ധതി" ആയിരങ്ങൾക്ക് ആശ്വാസം പകരുന്നു. ദിവസവും വൈകിട്ട് ചെങ്ങന്നൂർ ഗവണ്മെന്റ് ആശുപത്രിയിൽ എത്തിക്കുന്ന ഭക്ഷണം 6-നും 7.30-നും മദ്ധ്യേ വരുന്ന നിർദ്ധനരായ 150-ഓളം രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും നൽകുന്നു. ഓരോ ദിവസവും മനുഷ്യസ്നേഹികൾ അവരുടെ പ്രിയപ്പെട്ടവരുടെ ജന്മദിനം,

വിവാഹവാർഷികം, ഓർമ്മദിനം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ശാന്തിതീരത്തു വന്ന് അന്തേവാസികളോടൊപ്പം പ്രാർത്ഥനയിലും, ഭക്ഷണമേശയിലും പങ്കുചേരുന്നു.

സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ നാമത്തിലുള്ള ചാപ്പലിൽ ശനിയാഴ്ചകളിലും, പ്രത്യേകാവസരങ്ങളിലും രാവിലെ ഏഴിനു വി. കുർബ്ബാന നടത്തിവരുന്നു.

തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ ഭദ്രാസനം), ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് (നിരണം ഭദ്രാസനം, പ്രസിഡന്റ്), ഡോ. യൂഹാനോൻ മാർ തേവോദോറോസ് (കൊട്ടാരക്കര-പുനലൂർ ഭദ്രാസനം) എന്നിവരും ഫാ. അലക്സാണ്ടർ ഏബ്രഹാം (ട്രഷറാർ), ഫാ. മത്തായി കുന്നിൽ (കോ-ഓർഡിനേറ്റർ), ഫാ. യൂഹാനോൻ (മാനേജർ), ഫാ. ഗീവർഗീസ് ദാനിയേൽ (അസി. മാനേജർ) എന്നിവരും സണ്ണി, ലില്ലിക്കുട്ടി എന്നിവരും നേതൃത്വം നൽകുന്ന സ്ഥാപനത്തിൽ ഫാ. യൂഹാനോൻ, ഫാ. ഗീവർഗീസ് ഡാനിയേൽ, സിസ്റ്റർമാരായ റിബേക്ക, മോണിക്ക, റെയ്ച്ചൽ, ശൈനോ, ഹന്ന എന്നിവരും ബ്രദർ ഷിബിൻ തോമസ് വർഗീസ്, ബ്രദർ സിബി ഗീവർഗീസ്, ബ്രദർ അഖിൽ, ബ്രദർ റ്റിജോ, ജേക്കബ് ഏബ്രഹാം, റോസമ്മ, കുഞ്ഞമ്മ എന്നിവരും പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

പരുമല മാർ ഗ്രീഗോറിയോസ് ആശുപത്രി, ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ വിവിധ ദേവാലയങ്ങളിലെ യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗം, സ്ത്രീസമാജം, കുടുംബയോഗങ്ങൾ എന്നിവയും ഇവിടെ വച്ചു നടത്താറുണ്ട്.

# തിരമാലകൾ കണക്കെ വരുന്ന രോഗികൾക്കു ആലപ്പുഴയിൽ ഒരു കാരുണ്യതീരം

തിരമാലകൾ കണക്കെ നിലയ്ക്കാതെ അനുദിനം വളരുന്ന മിക്ക രോഗങ്ങളുടെയും നഴ്സറിയായ ആലപ്പുഴ ജില്ലയിലെ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തുന്ന നിർദ്ധനരായ രോഗികൾക്കും വിശിഷ്യ കാൻസർ രോഗികൾക്കും സഹായികൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സൗജന്യമായി താമസവും ഭക്ഷണവും നൽകുന്ന ഒരു ദൈവിക സ്നേഹസരോവരമാണ് വണ്ടാനം മാർ ഗ്രീഗോറിയോസ് കാരുണ്യതീരം ഗൈഡൻസ് സെന്റർ എന്നു വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയുടെ അണുപോലുമില്ല. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ പ്രധാന ഭാഗമായിരുന്നല്ലോ രോഗികളെ സുഖപ്പെടുത്തുക എന്നത്. വിവിധ നിലകളിൽ സഭ ഏറ്റെടുത്ത് നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമാണ് വണ്ടാനം ഗൈഡൻസ് സെന്റർ.

ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തറക്കല്ലിട്ട് നിർമ്മാണം ആരംഭിച്ച് 2012–ൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം ആലപ്പുഴയിൽ ചികിത്സയ്ക്കായെത്തുന്ന ഒട്ടധികം പേർക്കു അഭയം നൽകിവരുന്നു. രോഗികളും സഹായികളുമായി വിവിധ ദേശങ്ങളിൽ നിന്നും ചികിത്സയ്ക്കെത്തുന്നവർ ജാതിമതഭേദമെന്യേ സ്ഥാപനത്തിൽ കടന്നുവന്ന് താമസ–ഭക്ഷണ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. മെഡിക്കൽ കോളജ് കാൻസർ വിഭാഗത്തിലെ ഡോക്ടർമാരും സാമൂഹ്യപ്രവർത്തകരും രോഗികളെ സ്ഥാപനത്തിലേക്ക് അയച്ച് സേവനങ്ങൾ കൂടുതൽപേർക്ക് ലഭ്യമാക്കുവാൻ സഹായിക്കുന്നുമുണ്ട്. കീമോതെറാപ്പി, റേഡിയേഷൻ തുടങ്ങിയ ചികിത്സകൾ ചെയ്യുന്നവർക്ക് വിശ്രമിക്കത്തക്കവണ്ണം ശാന്തമായ അന്തരീക്ഷം ഇവിടെ സുലഭം. അഭയം തേടിയെത്തുന്നവർക്ക് അത്താഴവും നൽകിവരുന്നു.

കേരളത്തിലെ മിക്ക കാൻസർ ചികിത്സാകേന്ദ്രങ്ങളോടും ചേർന്ന് സഭ ഗൈഡൻസ് സെന്ററുകൾ നടത്തിവരുന്നു.

ഈ ഗൈഡൻസ് സെന്ററിന്റെ ചരിത്രം സംബന്ധിച്ചു ആദ്യ റിപ്പോർട്ടിൽ പ്രസിഡന്റായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഇങ്ങനെ എഴുതുന്നു:

“രണ്ടു പതിറ്റാണ്ടു തിരുവനന്തപുരം കാരുണ്യാ ഗൈഡൻസ് സെന്ററിന്റെ ഒരു എളിയ പ്രവർത്തകനായിരുന്ന എനിക്കു ഗൈഡൻസ് സെന്റർ ശുശ്രൂഷയുടെ മഹത്വവും വ്യാപ്തിയും നല്ലവണ്ണം ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആ കാലഘട്ടത്തിൽ ടി സ്ഥാപനത്തിന്റെ ഒരു ശാഖ ആലപ്പുഴ മെഡിക്കൽ കോളജിനോടു ചേർന്നുണ്ടാകുവാൻ ആഗ്രഹിക്കുകയും ചെറിയ ശ്രമങ്ങൾ നടത്തുകയും ചെയ്തു. പക്ഷേ, എല്ലാത്തിനും ഒരു സമയമുണ്ടല്ലോ. ആ ആഗ്രഹം സഫലമാക്കിത്തന്ന ദൈവകൃപയെ സ്തുതിക്കുന്നു.

നിരണം ഭദ്രാസനത്തിലെ പ്രധാന ഇടവകകളിൽ ഒന്നായ ആലപ്പുഴ സെന്റ് തോമസ് ഇടവകയെ ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി ദൈവം ഉപയോഗിച്ചു. ഇടവകയുടെ നവതി സമ്മാനമാണ് ഗൈഡൻസ് സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം. കെട്ടിടനിർമ്മാണത്തിനായി ഇടവകാംഗങ്ങളായ പലർ ആത്മാർത്ഥമായി സഹകരിച്ചു. അന്നത്തെ വികാരിയായിരുന്ന കെ. സി. സ്കറിയാ അച്ചൻ നൽകിയ നേതൃത്വം ശ്രദ്ധേയമാണ്. ഇപ്പോഴത്തെ വികാരി തോമസ് വർഗീസ് അച്ചന്റെ ഉത്സാഹവും സ്മരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ആദ്യ സംഭാവന നൽകിയ ജേക്കബിനെ വിസ്മരിക്കുന്നില്ല. കെട്ടിടനിർമ്മാണത്തിനു ത്യാഗോജ്വലമായ ചുമതല വഹിച്ചത് കെ. ഒ. പൗലോസും കൂടെ സഹായിച്ചത് ബാബു തോമസുമാണ്. ഗണ്യമായ സംഭാവന നൽകിയ പലരുണ്ട്. പേരുകൾ പരാമർശിക്കുന്നതവർക്കിഷ്ടമല്ലാത്തതിനാൽ അതിനു മുതിരുന്നില്ല. യാതൊരു രേഖയുമില്ലാതെ ഭീമമായ തുക വായ്പയായി തന്നവരുണ്ട്. വായ്പ തന്ന തുക സംഭാവന ആക്കിയവരുമുണ്ട്. എല്ലാവരുടേയും സ്നേഹ സഹായ സഹകരണങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

അഭയം തേടി എത്തുന്നവർക്ക് അത്താഴം നൽകിവരുന്നു. ഉച്ചഭക്ഷണവും കൊടുത്താൽ കൊള്ളാമെന്നാഗ്രഹിക്കുന്നു. ആശുപത്രി അടുത്താണെങ്കിലും അവിടെവരെ നടന്നുപോകാൻ പ്രയാസപ്പെടുന്നവർക്കായി ഒരു ചെറിയ വാഹനം ഉണ്ടായാൽ നല്ലതെന്ന ചിന്തയുണ്ട്. ഒന്നുമില്ലായ്മയിൽ നിന്ന് ഇത്രത്തോളം നടത്തിയ ദൈവം അതും അതിന്റെ സമയത്തു നൽകുമെന്നു പ്രത്യാശിക്കുന്നു.

പനയമ്പാല കരുണഗിരി ആശ്രമാംഗമായ വി. ജോൺസൺ അച്ചനാണ് കോ-ഓർഡിനേറ്റർ. പാമ്പാടി-വെള്ളൂരിൽ മിഷൻ ബോർഡിന്റെ ചുമതലയിൽ ബുദ്ധിയുടെ വികാസം പ്രാപിക്കാത്ത അംഗവൈകല്യമുള്ളവർക്കായി ഒരു പുനരധിവാസകേന്ദ്രത്തിന്റെ പണികൾ ആരംഭിച്ചു. ആയതിന്റെ ചുമതല കൂടി അച്ചൻ നിർവഹിക്കുന്നു. ഇവിടുത്തെ പ്രവർ

ത്തനങ്ങളിൽ മാവേലിക്കര സെന്റ് പോൾസ് എം.റ്റി.സി. യിലെ ത്രിവ ത്സര കോഴ്സ് പാസ്സായ ബ്രദർ മാത്യു സി. ജോസഫും, പ്രീ. സെമിനാ രിയനായ റോബിൻ വർഗീസും സഹായിക്കുന്നു.

ആലപ്പുഴ വഴിച്ചേരി സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ നവതി ആഘോഷപദ്ധതിയുടെ ഭാഗമായി ഗൈഡൻസ് സ്ഥാപനത്തിനു വേണ്ട സ്ഥലം വാങ്ങി നൽകുകയും കെട്ടിടനിർമ്മാണത്തിനായി ഇടവ കാംഗങ്ങൾ നേതൃത്വം നൽകുകയും വൻ തുക സംഭാവന നൽകുകയും ചെയ്തപ്പോൾ മെത്രാപ്പോലീത്തായുടെ സ്വപ്നം പൂവണിയുകയായിരുന്നു. 2010 മാർച്ച് 7-നു ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് ശിലാസ്ഥാ പനം നിർവഹിച്ചു. 2011 നവംബർ മാസം 27-ാം തീയതി പ. ബസേലി യോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ കെട്ടിടം കൂദാശ ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. നാട്ടിലും വിദേശത്തുമുള്ള ഇടവകക ളുടെയും സഭാംഗങ്ങളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും കൈതു റന്നുള്ള സഹായസഹകരണങ്ങളുമാണ് ലക്ഷ്യം സാധിക്കാൻ സഹാ യിച്ചത്.

വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന സെന്ററിൽ റിസപ്ഷൻ, ഓഫീസ്, പ്രവർത്തകർക്കും രോഗി കൾക്കുമായി 30 മുറികൾ, 4 വാർഡുകൾ, അടുക്കള, ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന മൂന്നുനില കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തി ക്കുന്നത്. പ്രാർത്ഥനയ്ക്കായി ഒരു തുറന്ന ചാപ്പലും ഉണ്ട്. 100 പേർക്ക് ഒരേസമയം താമസിക്കാവുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഒന്നര ക്കോടിയിലധികം രൂപ ചെലവായി. വർഷംതോറും 350-ൽപരം രോഗി കളും അവരുടെ സഹായികളുമായി 700-ൽ അധികം ആളുകൾക്കു സ്ഥാപനത്തിലെ സേവനങ്ങൾ ലഭിക്കുന്നു. ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ധർമ്മസ്ഥാപനം (No. A 77/ 10) ഒരു ഭരണസമിതിയുടെ മേൽനോട്ടത്തിലാണു പ്രവർത്തിക്കുന്നത്.



**കാരുണ്യ തീര ഭവനം**

# ബംഗാൾ ഉൾക്കടലിനെ ഉൾപുളകം കൊള്ളിക്കുന്ന ആൻഡമാൻ ബാലഭവനത്തിന്റെ ആഹ്വാനം

നമ്മുടെ ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഖിലഭാരത വീക്ഷണം വേണമെന്നും എല്ലാ സംസ്ഥാനങ്ങളിലും സഭയുടേതായ മിഷൻകേന്ദ്രങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകണമെന്നും ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി പ്രാർത്ഥനാപൂർവ്വം ആഗ്രഹിക്കുകയും സ്വപ്നം കാണുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലഘട്ടത്തിൽ ആയതിനുവേണ്ടി അത്യധ്വാനം ചെയ്തു. മിഷൻ പ്രവർത്തനങ്ങൾക്കായി പ്രസംഗിക്കുകയും എഴുതുകയും മാത്രമല്ല മിഷൻ ബോർഡും മിഷൻ ട്രെയിനിംഗ് സെന്ററും, ആശ്രമങ്ങളും, അനാഥാലയങ്ങളു, ആശുപത്രികളും സ്ഥാപിക്കുകയും ചെയ്തു. വൈദികരേയും, സിസ്റ്റേഴ്സിനേയും, മിഷനറിമാരേയും അദ്ദേഹം പരിശീലിപ്പിച്ചശേഷം അയച്ചു. ഇന്ന് 10 സംസ്ഥാനങ്ങളിലായി സഭയുടെ മിഷൻ പ്രവർത്തനങ്ങൾ അന്യൂനം നടന്നുവരുന്നു.

**ആൻഡമാൻ സന്ദർശനം**

ഭാരതത്തിന്റെ ഭാഗമായ ആൻഡമാൻ ദ്വീപ് സമൂഹങ്ങളിലേക്ക് 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ധാരാളം സ്വാതന്ത്ര്യസമരപോരാളികളെ ശിക്ഷാനടപടിയുടെ ഭാഗമായി ബ്രിട്ടീഷുകാർ നാടുകടത്തിയിരുന്നു. 1950-കളിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ദ്വീപിലേക്ക് ഒട്ടധികം ആളുകളെ സർക്കാർ തന്നെ ക്ഷണിച്ചു. ഇപ്രകാരം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ശാന്തസുന്ദരവും പ്രകൃതിരമണീയവുമായ സരോവരസമുച്ചയത്താൽ പരിസേവിതമായ ദ്വീപുകളിലേക്ക് ആളുകൾ എത്തിച്ചേർന്നു. ആ കൂട്ടത്തിൽ കേരളത്തിൽനിന്നുള്ള നമ്മുടെ സഭാംഗങ്ങളുമുണ്ടായിരുന്നു.

പ്രാരാബ്ദങ്ങൾ മാത്രം കൈമുതലായ ആ കാലത്ത് നമ്മുടെ വിശ്വാസികളുടെ ആഗ്രഹപ്രകാരം 1964-ൽ ഏറെ ക്ലേശങ്ങൾ സഹിച്ച് ഒരാഴ്ച നീണ്ട കപ്പൽയാത്രയ്ക്കുശേഷം ആശ്വാസദൂതുമായി ഫാ. എം. വി. ജോർജ് എത്തി. ജനങ്ങൾ അദ്ദേഹത്തെ ഒരു ദൈവദൂതനെപ്പോലെ സ്വീകരിച്ചു. ആളുകളെ കൂട്ടിവരുത്തി സുവിശേഷപ്രസംഗങ്ങൾ നടത്തി. ജാതി മതഭേദമെന്യേ ഒട്ടധികംപേർ അദ്ദേഹത്തിന്റെ സാന്നിധ്യത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹവും, സന്ദേശവും ഉൾക്കൊണ്ടു. ധാരാളം

കുട്ടികൾ മാമോദീസായും വി. കുമ്പസാരവും, കൂദാശകളും സ്വീകരിച്ചു. വിവിധ ദ്വീപുകൾ സന്ദർശിച്ച് ദേവാലയങ്ങൾ സ്ഥാപിച്ചു. അവിടങ്ങളിൽ ചുമതലക്കാരെ നിയമിച്ചു. പ്രധാനമായും ബേട്ടാപ്പൂർ, രംഗത്ത്, പോർട്ട് ബ്ളയർ, മായാബന്തർ, ലോംഗ് ഐലണ്ട് എന്നിവിടങ്ങളിലാണ് പള്ളികൾ ആരംഭിച്ചത്. ഇവയെല്ലാം ഇന്നും നല്ല നിലയിൽ മദ്രാസ് ഭദ്രാസനത്തിന്റെ കീഴിൽ വികസിച്ചുവരുന്നു. ഇങ്ങനെ സുവിശേഷവയൽ ഒരുക്കി നല്ല വിത്ത് വിതച്ച് അദ്ദേഹം തിരികെ നാട്ടിൽ എത്തി. സുവിശേഷ പ്രവർത്തനങ്ങൾക്കായി സർക്കാർ പിന്നീട് ബേട്ടാപ്പൂരിൽ 5 ഏക്കർ സ്ഥലം അദ്ദേഹത്തിന്റെ പേരിൽ സഭയ്ക്ക് നൽകുകയുണ്ടായി. ഇവിടെയാണു ആൻഡമാൻ മിഷന്റെ ആരംഭം. ഒസ്താത്തിയോസ് തിരുമേനി അവിടം കൊണ്ട് തന്റെ പ്രവർത്തനം അവസാനിപ്പിച്ചില്ല. തന്റെ ശിഷ്യനും പുതുപ്പാടി ആശ്രമാംഗവുമായ പി. എം. തോമസ് അച്ചനെ തുടർപ്രവർത്തനങ്ങൾക്കായി ബാഹ്യകേരള മെത്രാപ്പോലീത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസിന്റെ അനുമതിയോടെ ആൻഡമാൻസിലേക്ക് അയച്ചു.

## മിഷന്റെ രണ്ടാം ഘട്ടം

1965 ജൂലൈ മാസത്തിൽ ആൻഡമാൻസിൽ പി. എം. തോമസ് അച്ചൻ എത്തിയതോടെ പോർട്ട് ബ്ളയറിലെ പ്രഥമ ഇടവകയുടെ ആരംഭം കുറിച്ചു. ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ട് സി.എൻ.ഐ. പള്ളിയിലെ ആരാധനയ്ക്ക് ശേഷം ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുവാൻ അവസരം ലഭിച്ചു. ഇത് 11 മണിക്ക് തുടങ്ങി 2 മണിയോടുകൂടി ആയിരുന്നു അവസാനിച്ചിരുന്നത്. പിന്നീട് ഒന്നര വർഷത്തിനുശേഷം ഹാഡോ എന്ന സ്ഥലത്ത് ഒരു ചെറിയ കെട്ടിടവും സ്ഥലവും വാങ്ങിക്കുവാനും അവിടെ സെന്റ് പോളിന്റെ നാമത്തിൽ പള്ളി സ്ഥാപിക്കുവാനും ഇടയായി. ഇക്കാലയളവിൽ ബഹു. അച്ചൻ ഏറെ ത്യാഗം ചെയ്താണ് സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. യാത്രാക്ലേശവും സാമ്പത്തിക പരാധീനതകളും, കാലാവസ്ഥയും ഒക്കെ പ്രതികൂല ഘടകങ്ങൾ ആയിരുന്നെങ്കിലും, അച്ചന്റെ അടിയുറച്ച വിശ്വാസവും, ഭക്തിയും, വിശ്വാസികളുടെ പരസ്പര സ്നേഹവും, കൂട്ടായ്മയും ത്യാഗനിർഭരമായ പ്രവർത്തനങ്ങളും ഒത്തുചേർന്നപ്പോൾ അനുഗൃഹീതമായ ഒരു ഇടവക പുരോഗതിയിലേക്കും, ആത്മീയ ഔന്നത്യത്തിലേക്കും, സാക്ഷ്യം വഹിച്ചു വളർന്നു. ഇന്ന് ഈ ദേവാലയം പുരോഗതി പ്രാപിച്ച് ബസാറിലേക്ക് മാറ്റിസ്ഥാപിച്ച് സെന്റ് മേരീസ് കത്തീഡ്രലായി ഉയർത്തപ്പെടുകയും, ഇതിന്റെ കീഴിൽ 2 ഹയർസെക്കണ്ടറി സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 2 വൈദികരും ഇന്ന് ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്.

നാല് വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം നാട്ടിൽ തിരിച്ചെത്തി. അന്നു മുതൽ അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു സെന്റ് പോൾസ് ആശ്രമത്തിന്റെ ഒരു ശാഖയും, മിഷൻ സെന്ററും ആൻഡമാൻസിൽ ഉണ്ടാകണമെന്നത്. കാരണം, അദ്ദേഹം ചിന്തിച്ചത് ചുറ്റും കഷ്ടത അനുഭവിച്ച് ജീവിക്കുന്ന ജനങ്ങളെക്കുറിച്ചായിരുന്നു. യാത്രാക്ലേശം സഹിച്ച് ബോട്ട് മാർഗ്ഗം മറ്റു ദ്വീപുകളിലും എത്തിയാണു വി. കുർബാന അർപ്പിച്ചു വന്നത്. വിശ്വാസികൾക്ക് അദ്ദേഹത്തിന്റെ സാന്നിധ്യവും, ക്ലാസ്സുകളും, പ്രസംഗങ്ങളും, ഭക്തിദായകവും, ആശ്വാസപ്രദവും ആയിരുന്നുവെന്ന് മുൻതലമുറയിൽപ്പെട്ടവർ ഇന്നും സാക്ഷിക്കുന്നു. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി വയൽ ഒരുക്കി വിത്തു വിതച്ചതായ ഈ നല്ല നിലത്ത് സഭയുടെ കൗദാശിക ജീവിതം നൂറുമേനി വിളഞ്ഞു.

50 വർഷങ്ങൾക്ക് മുമ്പ് പ്രധാന ഇടവകയുടെ സ്ഥാപനവും, വളർച്ചയും, സഭാംഗങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യുക എന്ന ദൗത്യമായിരുന്നു നടന്നത്.

### ആശ്രമവും, മിഷൻസെന്ററും

ഒസ്താത്തിയോസ് തിരുമേനിയുടെ അന്ത്യകാലാഭിലാഷങ്ങളിലൊന്നായിരുന്നു ആൻഡമാൻസിൽ അഗതികളുടെ ക്ഷേമത്തിനായി ഒരു മിഷൻ സെന്റർ സ്ഥാപിക്കുക എന്നുള്ളത്. ഈ അഭിലാഷം രോഗക്കിടക്കയിലായിരുന്നപ്പോഴെല്ലാം സ്വശിഷ്യന്മാരോടും, സഹപ്രവർത്തകരോടും, മെത്രാപ്പോലീത്താമാരോടും പ്രത്യേകിച്ച് മദ്രാസ് ഭദ്രാസനാധിപനോടും ഒക്കെ ഓർമ്മിപ്പിച്ചിരുന്നു. “മക്കളെ നിങ്ങൾ ദരിദ്രരെ മറന്നുപോകരുത്; സഭയുടെ ദൗത്യം തുടരണം” എന്ന വാക്കുകൾ അഗതികളുടെ സംരക്ഷകനായ തിരുമേനി ആവർത്തിക്കുമായിരുന്നു.

മിഷൻബോർഡിന്റെ ഡയറക്ടറും, പുതുപ്പാടി ആശ്രമസുപ്പീരിയറുമായ വന്ദ്യ കെ. ഐ. പിലിപ്പ് റമ്പാച്ചൻ പൗരോഹിത്യ സുവർണ്ണ ജൂബിലിയിലേക്ക് പ്രവേശിച്ചപ്പോൾ ഭാരതത്തിലെ വിവിധ ഭാഗങ്ങളിലും വിദേശരാജ്യങ്ങളിൽ ചിലയിടത്തും അദ്ദേഹത്തിന് അവാർഡ് നൽകിയും, ആശംസകൾ നേർന്നും സമ്മേളനങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനങ്ങളിലെല്ലാം വന്ദ്യ റമ്പാച്ചൻ പൊന്നാടയും, ബൊക്കെയും നിരസിച്ച് അഭിവന്ദ്യ വലിയ തിരുമേനിയുടെ അന്ത്യാഭിലാഷപൂർത്തീകരണത്തിനായി ആഹ്വാനം ചെയ്തു. ഇപ്രകാരം ആൻഡമാൻസ് മിഷനുവേണ്ടി ചെറുതും, വലുതുമായ സംഭാവനകൾ സ്വീകരിച്ചു. അതോടൊപ്പം നാംസ് അംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണവും, മിഷൻബോർഡിന്റെ കൈത്താങ്ങലും, ഉദാരമതികളുടെ സഹായവും ചേർത്ത് 70 ലക്ഷം രൂപയ്ക്ക് 2013-ൽ ആൻഡമാൻസിൽ രണ്ടര ഏക്കർ സ്ഥലം വാങ്ങുവാൻ

ദൈവം ഇടയാക്കി. ആയതിനുവേണ്ടി വാർദ്ധക്യവും രോഗങ്ങളും വക വെയ്ക്കാതെ വന്ദ്യ റമ്പാച്ചൻ അത്യധ്വാനം ചെയ്തു.

അഭിവന്ദ്യ തിരുമേനിയുടെ ഒന്നാം ഓർമ്മപ്പെരുന്നാളിന് ശേഷം 2013–ൽ പുതുപ്പാടി ആശ്രമാംഗമായ ഫാ. സിബി തോമസിനെ തുടർ പ്രവർത്ത നങ്ങൾക്കായി നിയമിച്ചു. സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർ ത്തിയാക്കുകയും 2014 മാർച്ചിൽ ഒരു വാടകവീട് എടുത്ത് ആൻഡമാൻ സിലെ കാലിക്കറ്റ് എന്ന സ്ഥലത്ത് താമസിച്ച് പ്രവർത്തനം ആരംഭിക്കു കയും ഉണ്ടായി. മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഇവിടെ എത്തുകയും ആശ്രമകെട്ടിടത്തിന്റെ കല്ലി ടീൽ 2014 ഏപ്രിൽ 2–നു നിർവഹിക്കുകയും ചെയ്തു.

ദൈവത്തിന്റെ വലിയ കൃപയാൽ 2014 ഒക്ടോബർ 18–നു പണി പൂർ ത്തീകരിച്ച ആശ്രമകെട്ടിടത്തിന്റെ കൂദാശ, മദ്രാസ് ഭദ്രാസന മെത്രാപ്പോ ലീത്താ ദീയസ്ക്കോറോസ് തിരുമേനി, ആശ്രമ വിസിറ്റർ ബിഷപ്പ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനി എന്നിവരുടെ മുഖ്യകാർ മ്മികത്വത്തിൽ നടത്തി. തദവസരത്തിൽ കെ. ഐ. ഫിലിപ്പ് റമ്പാച്ചനും വൈദികശ്രേഷ്ഠരും കത്തീഡ്രൽ ഇടവകാംഗങ്ങളും സന്നിഹിതരായി രുന്നു. ഈ കാലയളവിൽ അനുഭവിച്ച ദൈവാനുഗ്രഹങ്ങളും, വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയും ഏറെ വലിയ ശക്തിയായിരുന്നു. അതോ ടൊപ്പം എന്നോടുകൂടെ പ്രവർത്തിച്ച പൂനെ സ്വദേശിയായ ഡി. തങ്കച്ചൻ, മുറികൾ സ്പോൺസർ ചെയ്തവർ എന്നിവരെ നന്ദിപൂർവ്വം ദൈവസന്നി ധിയിൽ സമർപ്പിക്കുന്നു. നാലു മുറികളും, ഒരു പ്രാർത്ഥനാഹാളും, കിച്ചണും ഉൾപ്പെടുന്നതാണ് കെട്ടിടം. കടബാധ്യതകൾ ബാക്കിയുണ്ടാ യിരുന്നെങ്കിലും ദൈവാനുഗ്രഹത്താൽ അത് വീട്ടുവാൻ സാധിച്ചു.

ഇതോടൊപ്പം കത്തീഡ്രൽ ഇടവകാംഗമായ കേണൽ കെ. വി. ചെറി യാൻ തന്റെ മാതാപിതാക്കളുടെ സ്നേഹസ്മരണയ്ക്കായി ആശ്രമ ത്തോട് ചേർന്ന് റോഡരികിൽ മനോഹരമായ ഒരു കുരിശിൻതൊട്ടിയും നിർമ്മിച്ചു നൽകി. ഇതും തദവസരത്തിൽ കൂദാശ ചെയ്ത് സമർപ്പിച്ചു. ഈ കുടുംബത്തേയും, ആശ്രമനിർമ്മാണാവസരത്തിൽ വിവിധ സാധ നങ്ങൾ, ഫർണിച്ചർ തുടങ്ങിയവ സംഭാവന ചെയ്തവരേയും നന്ദിയോടെ സ്മരിക്കുന്നു.

### ബാലഭവൻ നിർമ്മാണം

ആൻഡമാൻ വികസനത്തിന്റെ പാതയിലാണെങ്കിലും ദരിദ്രജനങ്ങൾ ഇന്നും ഇവിടെ തിങ്ങിപ്പാർക്കുന്നുണ്ട്. മത്സ്യബന്ധനക്കാർ, തൊഴിലാളി കൾ, ആദിവാസി, ഗോത്രവർഗ്ഗക്കാർ മുതലായ ധാരാളം ആളുകൾ കഷ്ട

തയിൽ കഴിയുന്നുണ്ട്. സ്ഥിരതാമസത്തിന് ഇടമില്ലാത്തതുകൊണ്ട് ഇത്തരം ആളുകൾക്ക് ഭവനമോ, ഇവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യമോ ഇല്ല. ഗവണ്മെന്റ് വിവിധ പദ്ധതികൾക്കായി ധാരാളം പണം ചിലവഴിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം പലപ്പോഴും കിട്ടാറില്ല. ഈ സാഹചര്യത്തിലാണ് അവരുടെ കുഞ്ഞുങ്ങൾക്കായി ഒരു ബാല ഭവനം ആരംഭിക്കുവാൻ പരിശ്രമം തുടങ്ങിയത്. ഇന്നുള്ള കെട്ടിടത്തിന്റെ മുകളിൽ മൂന്നു ഹാളുകൾ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ പണക്കുറവു മൂലം പണി ഇഴഞ്ഞുനീങ്ങുകയാണ്. വരുന്ന ഏപ്രിലിൽ പൂർത്തീകരിച്ച് കുഞ്ഞുങ്ങളെ പ്രവേശിപ്പിക്കണമെന്ന് ആഗ്രഹിച്ച് പണി തുടരുന്നു. പണി പൂർത്തിയാക്കാൻ ഉദ്ദേശം 30 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. താൽപര്യമുള്ളവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി മുറികൾ സ്പോൺസർ ചെയ്താൽ നന്നായിരുന്നു. ഇതോടൊപ്പം പ്രവർത്തകരുടെ കുറവും വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. ലേഖകൻ ഏകനായി താമസിക്കുന്നതിനാൽ വി. കുർബാന അർപ്പിക്കാനോ ധൂപപ്രാർത്ഥനകൾ നടത്താനോ കഴിയുന്നില്ല. ഇവിടെനിന്നു 18 കിലോമീറ്റർ അകലെയാണ് കത്തീഡ്രൽ. പല സന്ദർഭങ്ങളിലും അവിടെവരെ പോയി ആരാധനകളിൽ സംബന്ധിക്കുവാൻ വാഹനസൗകര്യം ലഭ്യമല്ല. ആരെങ്കിലും ഈ സ്ഥാപനത്തിനായി ഒരു വാഹനം നൽകിയെങ്കിൽ എന്നാഗ്രഹിക്കുകയാണ്.

തെരുവോരങ്ങളിൽ കഴിയുന്ന ഉപേക്ഷിക്കപ്പെട്ടവർക്ക് വേണ്ടിയും, വാർദ്ധക്യത്തിലും, ഏകാന്തതയിലും കഴിയുന്നവർക്കു വേണ്ടിയും ഒരു ആശ്രയകേന്ദ്രം വൈകാതെ തുടങ്ങണമെന്ന് ആഗ്രഹിക്കുന്നു. ആയതിന് സാമ്പത്തികശേഷിയുള്ള പള്ളികളോ, വ്യക്തികളോ മുന്നോട്ടു വരുമെന്നും ആശിക്കുകയാണ്.

## ആൻഡമാൻസ് ഇന്ന്

മലങ്കരസഭയ്ക്ക് ഇന്ന് ഒരു കത്തീഡ്രലും മറ്റ് ദ്വീപുകളിലായി 7 ചെറിയ പള്ളികളും, സ്കൂളുകളും ഉണ്ട്. എന്നാൽ ആദ്യകാലങ്ങളിൽ വന്ന പലരും ജോലിയിൽ നിന്ന് വിരമിച്ച് നാട്ടിലേയ്ക്ക് പോകുന്നതിനാൽ സഭാംഗങ്ങളുടെ എണ്ണം ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. പുതിയ തലമുറയിൽപെട്ട പലരും മറ്റു സ്ഥലങ്ങളിലേക്ക് ജോലി തേടിപ്പോകുകയും ചെയ്യുന്നു.

ചരിത്രപരമായും, ഭൂമിശാസ്ത്രപരമായും ഉള്ള പ്രത്യേകതകൾ കൊണ്ട് ധാരാളം ആളുകൾ ഈ ദ്വീപുകൾ സന്ദർശിക്കാൻ എത്താറുണ്ട്. വിദേശ വിനോദസഞ്ചാരികളേയും, ആഭ്യന്തരസഞ്ചാരികളേയും ഒരുപോലെ ആകർഷിക്കുന്ന ടൂറിസം കേന്ദ്രമാണിത്. സുന്ദരമായ കടലോര

ങ്ങളും, പ്രകൃതിസുന്ദരമായ കാനനങ്ങളും, സ്വാതന്ത്ര്യ സ്മരണകൾ പേറുന്ന സെല്ലുലാർ ജയിലും, മറ്റ് സ്മാരകങ്ങളും ഇവിടത്തെ പ്രത്യേക തകളാണ്. ഇവിടെ മലങ്കരസഭയുടേതായ മഹത്വമേറിയ മിഷൻപ്രവർ ത്തനം മുന്നോട്ടുകൊണ്ടുപോകേണ്ടത് ഒഴിച്ചുകൂടാനാവാത്ത നമ്മുടെ ചുമ തലയാണ്. ആയതിന് സഭയുടേതായ കൂടുതൽ ശ്രദ്ധയും, സഭാംഗങ്ങ ളുടെ വർദ്ധിച്ച സഹകരണവും ഉണ്ടായേ തീരൂ. ഇവിടെ നട്ടിരിക്കുന്ന ഈ മുന്തിരിച്ചെടി വാടാതെയും ഉണങ്ങാതെയും നട്ടുനനച്ച് വളർത്തി ഫലം എടുക്കാൻ ഏവരും പ്രാർത്ഥിക്കണം. കഴിവുള്ളവർ ദ്വീപ് സന്ദർശി ക്കണം. ഇവിടെ വന്ന് താമസിച്ച് പ്രവർത്തിക്കാൻ മനസ്സുള്ള ചെറുപ്പ ക്കാരെ മിഷൻ ബോർഡ് സഹർഷം സ്വാഗതം ചെയ്യും.

**– ഫാ. സി. സി. തോമസ്**

# ലോകത്തിന്റെ മേൽപുരയായ നേപ്പാളിലും ഭവനനിർമ്മാണം

ഭൂലോകത്തിന്റെ മേൽപ്പുര എന്നും സ്വർഗ്ഗകവാടത്തോടുരുമ്മി നിൽക്കുന്ന രമ്യാരാമം എന്നും വിശേഷിപ്പിക്കപ്പെടുന്ന പ്രമുഖ ആഗോള ടൂറിസ്റ്റുകേന്ദ്രമായ നേപ്പാളിൽ 2015 ഏപ്രിൽ 26-നുണ്ടായ വൻ ഭൂകമ്പത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ ഭവനരഹിതരായി എന്നു കേൾക്കുമ്പോൾ അവിടത്തെ നാശനഷ്ടങ്ങളുടെ തീവ്രത ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയുമല്ലോ. ലോകരാഷ്ട്രങ്ങളും പല ദുരന്തനിവാരണ സംഘടനകളും സഹായങ്ങളുമായി ഓടിയെത്തിയപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയും അതിന്റേതായ പങ്കുവഹിച്ചതിൽ സംതൃപ്തിയുണ്ട്. പ. കാതോലിക്കാ ബാവായുടെ കല്പനപ്രകാരം സഭയുടെ മിഷൻ ബോർഡും ഐക്കൺ ചാരിറ്റീസും കൂട്ടായി സമാഹരിച്ച തുക കൊണ്ട് നേപ്പാളിലെ Dolakha ജില്ലയിലെ ജെറിൽ മുനിസിപ്പാലിറ്റിയിൽപെട്ട Pattitar (പറ്റിറ്റാർ) ഗ്രാമത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ട സഹായ പദ്ധതിക്കു രൂപംകൊടുത്തു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി നേപ്പാളിലെ LUTHERAN WORLD FEDERATION എന്ന അന്തർദ്ദേശീയ ഏജൻസിയുമായി യോജിച്ചു പ്രവർത്തനത്തിനു ആരംഭം കുറിച്ചു. നേപ്പാൾ ഗവണ്മെന്റിന്റെ രാജ്യനയപ്രകാരം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ നിലവിലുള്ള തദ്ദേശ ഏജൻസികളിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളു. അതനുസരിച്ച് HURADEC, NEPAL എന്ന ഏജൻസി മുഖേനയാണ് മലങ്കരസഭ ഈ ദൗത്യം ഏറ്റെടുത്തത്.

ഈ പദ്ധതിക്കായി 55 ലക്ഷം രൂപ ഇതുവരെ ലഭ്യമായിട്ടുണ്ട്. 1000 കുടുംബങ്ങൾക്ക് താൽക്കാലിക വാസത്തിനായുള്ള പ്ലാസ്റ്റിക് ടെന്റും, കമ്പിളി പുതപ്പും 50 ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള സഹായത്തിനു പുറമെ, ടോയ്‌ലറ്റ്, ജലവിതരണം, സ്കൂൾകെട്ടിടം ഇവയുടെ നിർമ്മാണത്തിനാവശ്യമായ തുകയും ഇതിലുൾപ്പെട്ടിട്ടുണ്ട്. ഇതിനോടകം 40,000 ഡോളർ ഐക്കൺ ചാരിറ്റീസ് വഴി LWF-നു കൈമാറിയിട്ടുണ്ട്.



അടുത്ത മെയ് മാസത്തോടുകൂടി മലങ്കരസഭയുടെ ഈ സഹായപ്രവർത്തനം പൂർത്തീകരിക്കാമെ

ന്നാണ് പ്രതീക്ഷ. ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കാനും, ഇതുവരെയുള്ള പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കാനുമായി 2015 നവംബർ 18-20 ദിവസങ്ങളിൽ മിഷൻ ബോർഡ് പ്രസിഡണ്ട് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, സഹപ്രസിഡന്റ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നീ മെത്രാപ്പോലീത്താമാരും പ്രൊജക്ട് അഡ്വൈസർ കെ. ജി. മത്തായിക്കുട്ടിയും (കരിക്കം, കൊട്ടാരക്കര) ഒരുമിച്ച് നേപ്പാൾ സന്ദർശിച്ചു.

പ്രോജക്ട് പാർട്ട്നേഴ്സായി ഞങ്ങൾ ചർച്ചകൾ നടത്തുകയും ഏറ്റെടുത്ത ഗ്രാമപ്രദേശങ്ങൾ സന്ദർശിച്ച് അവിടെയുള്ള കമ്മ്യൂണിറ്റിയുമായി സംസാരിക്കുകയും സ്ഥിതിവിവരങ്ങൾ ആരായുകയും മനസ്സിലാക്കുകയും ചെയ്തു.

പറ്റിറ്റാർ ഗ്രാമത്തിൽ 50 ദലിത് കുടുംബങ്ങളാണുള്ളത്. സ്കൂൾ കെട്ടിടം, ജലവിതരണപദ്ധതി ഇവയുടെ ഉപഭോക്താക്കൾ പറ്റിറ്റാർ ഗ്രാമം കൂടാതെ അയൽഗ്രാമങ്ങളായ Upper geril-ലും Lower geril-ലും ഉൾപ്പെടെ 217 കുടുംബങ്ങൾ ഉൾപ്പെടും. ഈ പദ്ധതിയുടെ പുരോഗതി അനുസരിച്ച് ബാക്കി തുകയായ 45,000 ഡോളർ രണ്ടു ഗഡുക്കളായി കൊടുക്കുന്നതാണ്. മറ്റു രാജ്യങ്ങളെ സഹായിക്കാനുള്ള മലങ്കരസഭയുടെ ഈ കാൽവെയ്പ് നേപ്പാളിലെ ആളുകൾ വളരെ സ്നേഹത്തോടും ബഹുമാനത്തോടും സ്വീകരിക്കുകയും, സഭയെ ആദരപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു. ക്രിസ്തീയ ദൗത്യം പ്രസംഗത്തിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെയും ശക്തമായി നിറവേറ്റുവാനും മലങ്കരസഭയ്ക്കു ചുമതലയുണ്ടെന്നുള്ള ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ കാഴ്ചപ്പാട് അദ്ദേഹത്തിന്റെ കാലശേഷവും സഭ വർദ്ധിത താൽപര്യത്തോടും ഉത്സാഹത്തോടും കണക്കിലെടുക്കുന്നതിൽ സന്തോഷിക്കുകയാണ്.

## ഉത്തരാഖണ്ഡ് പുനരധിവാസപദ്ധതി

2013 ജൂൺ 16-ന് ഉത്തരാഖണ്ഡിൽ ഉണ്ടായ മഹാ പ്രളയത്തിനുശേഷം മലങ്കരസഭ രുദ്രപ്രയാഗ് ജില്ലയിലെ ഗവ്നിഗ്രാമം പുനരധിവാസപദ്ധതി ഏറ്റെടുത്തു നടത്തി. മിഷൻ ബോർഡ്, ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയത്. 150 ലക്ഷം രൂപയുടെ പദ്ധതിക്ക് രൂപംകൊടുത്ത് നടപ്പിലാക്കാൻ ആരംഭിച്ചു. എന്നാൽ 50 ലക്ഷത്തോളം രൂപ മാത്രം ലഭ്യമായതിനാൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട ഒരു സ്ഥിതിവിശേഷമാണുണ്ടായത്.

2013 നവംബറിൽ ആരംഭിച്ച പദ്ധതിയുടെ തറക്കല്ല് വടക്കിന്റെ പരുമല എന്നറിയപ്പെടുന്ന ഡൽഹി ജനക്പുരി പള്ളിയിൽ വെച്ച് പരിശുദ്ധ

കാതോലിക്കാ ബാവാ പ്രാർത്ഥിച്ച് പദ്ധതി കോ-ഓർഡിനേറ്ററായ എനിക്കു നൽകി. തദവസരത്തിൽ ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ചെന്നൈ ഭദ്രാസനാധിപൻ യൂഹാനോൻ മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലീത്താമാരും, ഒട്ടധികം വൈദികരും സന്നിഹിതരായിരുന്നു.

പൂർണ്ണമായി ഒഴുകിപ്പോയ 32 വീടുകൾ പുനർനിർമ്മിക്കുന്നതിനും, 10 ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും ആവശ്യമായ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്തു. ഒരു പുതിയ അംഗൻവാടി സെന്ററിന്റെ നിർമ്മാണവും പൂർത്തീകരിച്ചു.

2014 ഒക്ടോബർ 22-ാം തീയതി പൂർത്തീകരിച്ച ഭവനങ്ങളുടെയും, അംഗൻവാടിയുടെയും പ്രതിഷ്ഠാകർമ്മം നടത്തി. മിഷൻ ബോർഡ് ചെയർമാൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡൽഹി ഓർത്തഡോക്സ് സെന്റർ മാനേജർ വെരി. റവ. എം. എസ്. സ്കറിയാ റമ്പാൻ എന്നിവരും ഡൽഹി ഭദ്രാസനത്തിലെ പല വൈദികരും അവൈദികരും സംബന്ധിച്ചു. ചുരുങ്ങിയ ചിലവിൽ പരിചയസമ്പന്നതയോടെ കൈകാര്യം ചെയ്ത് പൂർത്തീകരിച്ച ഈ പദ്ധതി, യു.എൻ. ഏജൻസി, സംസ്ഥാന ജില്ലാ അധികാരികൾ എന്നിവരുടെ പ്രശംസയ്ക്ക് പാത്രമാകുകയും, ഓർത്തഡോക്സ് സഭയുടെ ഈ പദ്ധതിയെ ഒരു നല്ല മാതൃകയായി അംഗീകരിക്കുകയും ചെയ്തതിൽ സന്തോഷമുണ്ട്.

**- കെ. ജി. മത്തായിക്കുട്ടി**



**ഉത്തരാഖണ്ഡ് പ്രൊജക്ടിന്റെ അടിസ്ഥാനശില പ. കാതോലിക്കാ ബാവാ ആശീർവദിച്ച് കെ. ജി. മത്തായികുട്ടിയെ ഏല്പിക്കുന്നു.**

# മൗണ്ട് ഒലിവറ്റ് മോസിം സെന്റർ: ബുദ്ധിവികാസം കുറഞ്ഞവരെ പുനരധിവസിപ്പിക്കുന്ന കേന്ദ്രം

സേവനത്തിന്റെ പൊൻതൂവലുകൾ കൊണ്ടു നെയ്തെടുത്ത മലങ്കര സഭാ മിഷൻ ബോർഡിന്റെ കിരീടത്തിലെ ഒരു തങ്കപ്പൊട്ടായി കോട്ടയത്തിനു സമീപത്തെ അരീപ്പറമ്പിലെ ഒരു ചെറുകുന്നിൽ രൂപംകൊണ്ടിരിക്കുന്ന 'മൗണ്ട് ഒലിവറ്റ് മോസിം സെന്റർ' എന്നു പറയുന്നതിൽ ഏറെ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. ബാംഗ്ലൂരിലെ തൂംകൂർ മുതൽ ആൻഡമാൻസ് വരെ വ്യാപിച്ചു കിടക്കുന്ന മിഷൻ ബോർഡിന്റെ വളക്കൂറുള്ള പ്രവർത്തന വയലിൽ, പൂർണ്ണമായി ബുദ്ധിവികാസം പ്രാപിക്കാത്തവരെ സംരക്ഷിക്കാൻവേണ്ടി നൂറു മേനി വിളയാൻ കഴിവുള്ള ഇത്തരം ഒരു വിത്തു വിതക്കുന്നത് ഇതാദ്യമാണ്.

മിഷൻബോർഡിന്റെ അത്യന്താധുനിക സംരംഭമായ മൗണ്ട് ഒലിവറ്റ് മോസിം സെന്റർ, സഭാരത്നം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെയും തന്റെ ആത്മീയ സഹോദരനായ പുറകുളത്ത് ഈപ്പൻ കോർഎപ്പിസ്കോപ്പായുടെയും സ്മരണയ്ക്കായി ഫാ. ഡോ. കെ. എം. ജോർജിന്റെ സഹോദരൻ കെ. ഇ. ഏബ്രഹാം പരിശുദ്ധ സഭയ്ക്ക് സംഭാവന ചെയ്ത സ്ഥലത്താണ് മാർ ഒസ്താത്തിയോസ് ആൻഡ് കോർഎപ്പിസ്കോപ്പാ ഈപ്പൻ മെമ്മോറിയൽ എന്നു പേരിൽ ആരംഭിച്ചിരിക്കുന്നത്.

ബുദ്ധിവികാസം പൂർണ്ണമായി പ്രാപിക്കാത്തവരുടെ പുനരധിവാസത്തിനുള്ള ഈ സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെ പണി ഏതാണ്ടു പൂർത്തിയായി. സാധാരണനിലയിൽ ബുദ്ധിവികസിക്കാത്തവരും അംഗവൈകല്യമുള്ളവരുമായ ആളുകളെ ആജീവനാന്തം സംരക്ഷിക്കുന്ന കേന്ദ്രമായിട്ടാണു ഇതു വിഭാവനം ചെയ്തിരിക്കുന്നത്. നന്മകൾ നിറഞ്ഞതും ഗ്രാമീണസൗന്ദര്യം തൊഴുതുനിൽക്കുന്നതുമായ അരീപ്പറമ്പിലെ ഒരു കുന്നിൻപുറത്താണ് മൗണ്ട് ഒലിവറ്റ് തല ഉയർത്തി നിലകൊള്ളുന്നത്. ഒന്നര ഏക്കറിൽ നിറഞ്ഞുനിന്നു പരിലസിക്കുന്ന ഒലിവറ്റ് മൗണ്ട് നമ്മുടെ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രതീകമാണെന്നു വിശേഷിപ്പിക്കട്ടെ.

പ. ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ ബാവാ തിരുമേനി 2013 ഡിസംബർ ഒന്നാം തീയതി മൂന്നു മണിക്കു ഈ സ്ഥാപനത്തിന്റെ അടിസ്ഥാന ശിലയിട്ടു. മിഷൻബോർഡ് പ്രസിഡണ്ട് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നിവർ സഹ

കാർമ്മികരായിരുന്നു. ഒട്ടധികം വൈദികരും സഭാവിശ്വാസികളും, രാഷ്ട്രീയ നേതാക്കന്മാരും നാട്ടുകാരും ചടങ്ങിൽ സംബന്ധിച്ചു. ഏതാണ്ട് 13350 ചതുരശ്ര അടിയുള്ള പ്രത്യേക താമസമുറികൾ, ഭക്ഷണശാല, അടുക്കള, പ്രവൃത്തിസ്ഥലങ്ങൾ എന്നിവ ചേർന്നുള്ള കെട്ടിടമാണ് ഇവിടെ ഉയർന്നിരിക്കുന്നത്. ആദ്യഘട്ട പണിക്കു മാത്രം ഒന്നരക്കോടി രൂപാ വേണ്ടി വന്നു.

സൗദി അറേബ്യയിലെ സെന്റ് തോമസ് കോൺഗ്രിഗേഷൻ 15 ലക്ഷം രൂപാ ആദ്യ ഗഡുവായി നൽകി. പല വ്യക്തികളും ഇടവകകളും സംഘ ടനകളും ഉത്സാഹപൂർവ്വം സഹായിച്ചു വരുന്നു.

## അരീപ്പറമ്പും പുറകുളത്ത് ഭവനവും

ദൈവഭയമുള്ളവരും സമ്പന്നരും, സാധാരണക്കാരും, പാവപ്പെട്ടവരും, ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ മാവേലി നാടുവാണ കാലത്തെപ്പോലെ ജീവിക്കുന്ന ഒരു നല്ല സ്ഥലമാണ് അരീപ്പറമ്പ്. പൊന്നു വിളയിക്കുന്ന അരീപ്പറമ്പിലെ കന്നിമണ്ണിൽ വൻതോതിൽ കൃഷിചെയ്തും കന്നുകാലികളെ വളർത്തിയും വിഷസ്പർശമില്ലാത്ത വിളകളും പാലും ആഹരിച്ചു ജനങ്ങൾ നാടിനെ സമ്പൽസമൃദ്ധിയുടെ പര്യായമാക്കിയിരി ക്കുന്നു.

അരീപ്പറമ്പിലെ പാറാമറ്റത്ത് കന്നുകുഴി ഭവനത്തിൽ 1942-ൽ ജനി ക്കാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. തിരുവിതാംകോട് പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കൂട്ടുങ്കൽ കെ. വി. ഗീവറുഗീസ് റമ്പാച്ചന്റെ മൂത്ത സഹോദരൻ കെ. വി. മത്തായിയാണ് എന്റെ വല്യപ്പ ച്ചൻ. പാറാമറ്റത്ത് സ്കറിയായുടെ സഹോദരിയായ കുഞ്ഞുപെണ്ണെന്ന ശോശാമ്മയാണ് എന്റെ വല്യമ്മ. എല്ലാ വേനൽ അവധിക്കാലത്തും ഞാൻ അരീപ്പറമ്പിലെ പാറാമറ്റം, കന്നുകുഴി ഭവനത്തിൽ എത്തുമായിരുന്നു. മധുരസ്മരണകൾ നിറഞ്ഞുനിൽക്കുന്ന കാലഘട്ടം. അരീപ്പറമ്പ് അന്നും ഇന്നും എനിക്ക് പ്രിയങ്കരമായ ഗ്രാമമാണ്.

## പുറകുളത്ത് ഭവനവും ഈപ്പൻ കോർഎപ്പിസ്കോപ്പായും

17-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കോട്ടയം ജില്ലയിലെ ഒരു രമ്യ ഭൂവിഭാഗമായ രാമപുരം ഗ്രാമത്തിൽനിന്ന് അമയന്നൂരിലേക്ക് കുടിയേ റിയ പ്രശസ്തമായ തേമ്പള്ളിൽ കുടുംബമാണ് ഈപ്പൻ അച്ചന്റെ മൂല ഭവനം. 1917 ജൂൺ 26-നു കുരുവിള ഈപ്പന്റെയും, അന്നമ്മയുടെയും ആറാമത്തെ മകനായി കുഞ്ഞൂഞ്ഞച്ചൻ എന്ന ഈപ്പൻ ഉത്രം നാളിൽ ജനിച്ചു. മണർകാട് സെന്റ് മേരീസ് പള്ളിയിൽ 1917 ജൂലൈ 12-ന് പ്രശ സ്തനായ വട്ടക്കുന്നേൽ കുര്യൻ കത്തനാർ കുട്ടിയെ മാമോദീസാ മുക്കി.

ദൈവഭക്തരായിരുന്ന മാതാപിതാക്കളുടെയും മൂത്ത സഹോദരങ്ങളുടെയും, പരിലാളനയിൽ വളർന്നു വന്ന ഈപ്പന്റെ ജീവിതത്തിൽ സഭാസ്നേഹവും, ജ്ഞാനവും നിറയുവാൻ തുടങ്ങിയപ്പോൾ ഒരു വൈദികൻ വളരുകയായിരുന്നു.

അരീപ്പറമ്പ് ഗവ. പ്രൈമറി സ്കൂൾ, പുതുപ്പള്ളി മിഡിൽ സ്കൂൾ, കോട്ടയം എം.ഡി. ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പുതുപ്പള്ളി സ്കൂളിലെ പഠനകാലത്താണ് ഈപ്പനു വൈദികശുശ്രൂഷയ്ക്കായി ദൈവവിളി ലഭിച്ചത്. വടക്കൻമണ്ണൂർ പള്ളി സ്ഥാപനകാലം മുതൽ വികാരിയായിരുന്ന വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ പിൻഗാമിയായി ഇടവകയിൽപ്പെട്ട ഒരാളെത്തന്നെ വേണമെന്നത് ഇടവകാംഗങ്ങളുടെ ഒരു ചിരകാലാഭിലാഷമായിരുന്നു. അങ്ങനെ 1930 ജൂലൈ 20-നു എം. ഇ. ഈപ്പൻ ഇടവകയ്ക്കു വേണ്ടി പട്ടംകെട്ടാൻ തെരഞ്ഞെടുക്കപ്പെട്ടു. 1930 ഓഗസ്റ്റ് 3-നു എം. ഇ. ഈപ്പൻ പാമ്പാടി ദയറായിൽ വച്ച് കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു.

ഈപ്പൻ ശെമ്മാശൻ വൈദികജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ "മലങ്കരസഭയുടെ ഗമാലിയേൽ" എന്നറിയപ്പെട്ടിരുന്ന ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാന്റെ സമീപത്തും അദ്ദേഹം സ്ഥാപിച്ചതും പിന്നീട് പെറ്റി വൈദിക സെമിനാരി എന്നറിയപ്പെട്ടിരുന്ന മാങ്ങാനം എബനേസർ ദയറായിലും ചെന്നെത്തി.

എസ്.എസ്.എൽ.സി. പാസ്സായശേഷം ഉപരിപഠനത്തിനായി തെരഞ്ഞെടുത്തത് പുരാതന പ്രശസ്തമായ സി.എം.എസ്. കോളജായിരുന്നു. ഈപ്പൻ ശെമ്മാശൻ ചരിത്രം, ആധുനിക ചരിത്രം, ലോജിക് എന്നിവ പഠിപ്പിക്കുന്ന മൂന്നാം ഗ്രൂപ്പിൽ ചേർന്നു. എം.ഡി. ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് പഠനം പൂർത്തിയാക്കിയശേഷം വിവാഹ ജീവിതത്തിൽ പ്രവേശിച്ചു. അച്ചന്റെ സഹധർമ്മിണി തിരുവാതുക്കൽ ജോൺ സാറിന്റെ പുത്രിയാണ്. കൊച്ചമ്മയുടെ സഹോദരൻ തോമസ് ടി. ജോൺ ഇപ്പോൾ സഭാ വർക്കിംഗ് കമ്മിറ്റി മെമ്പറാണ്.

40 വർഷം വടക്കൻമണ്ണൂർ പള്ളി വികാരിയായിരുന്നു. എട്ടു ദശാബ്ദകാലത്തെ അതിധന്യമായ ജീവിതത്തിനുശേഷം അദ്ദേഹം അന്തരിച്ചു.

### പുറകുളത്ത് ഫാ. ഡോ. കെ. എം. ജോർജ്

ലോകത്തിന് പ്രകാശം പരത്തിയ എം. ഇ. ഈപ്പൻ കോർഎപ്പിസ്കോപ്പായുടെ സഹോദരപുത്രനാണ് ഫാ. ഡോ. കെ. എം. ജോർജ്. വിശ്വപ്രസിദ്ധനായ പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ അരുമ ശിഷ്യനാണ് ജോർജ് അച്ചൻ. ഓർത്തഡോക്സ് വൈദികസെമിനാരി മുൻ പ്രിൻസി

പ്പൽ എന്ന നിലയിൽ മാത്രമല്ല ലോകം അറിയുന്ന ഒരു പ്രമുഖ ദൈവ ശാസ്ത്ര പണ്ഡിതൻ കൂടിയാണദ്ദേഹം. അദ്ദേഹത്തിന്റെ സഹപാഠിയെന്ന നിലയിൽ സി.എം.എസ്. കോളജിൽ പഠിക്കാൻ എനിക്കും ഭാഗ്യം ലഭിച്ചു.

**കെ. ഇ. ഏബ്രഹാം**

പുറകുളത്ത് എം. ഇ. ഈപ്പൻ കോർഎപ്പിസ്കോപ്പായുടെ സഹോ ദരപുത്രനും, ഫാ. ഡോ. കെ. എം. ജോർജിന്റെ സഹോദരനുമായ ഏബ്ര ഹാമാണ് ഈ വലിയ സ്ഥാപനം ആരംഭിക്കുന്നതിനുള്ള ഒന്നര ഏക്കർ ദാനമായി നൽകിയത്. അദ്ദേഹത്തിന്റെ മഹാമനസ്കതയെ ഓർത്ത ഡോക്സ് സഭ ആദരപൂർവ്വമാണ് വീക്ഷിക്കുന്നത്. താൻ സ്നേഹിക്കു കയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഗീവറുഗീസ് മാർ ഒസ്താത്തി യോസിന്റെയും, തന്റെ പിതൃസഹോദരനായ എം. ഇ. ഈപ്പൻ കോർഎപ്പി സ്കോപ്പായുടെയും സ്മരണയ്ക്കായിട്ടാണ് സ്ഥലം നൽകിയത്. ബുദ്ധി വികാസം പൂർണ്ണമായി പ്രാപിക്കാത്തവരും അംഗശേഷിയില്ലാത്തവരുമായ കുഞ്ഞുങ്ങൾക്ക് ആശ്വാസം കൊടുക്കുവാനും അവരുടെ പുനരധിവാസ ത്തിനുമായിട്ടാണ് ഈ സ്ഥാപനം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. MOCEM Mount OLIVET -ന്റെ പണി പൂർത്തിയായി ആ സ്ഥാപനം ഉയരുമ്പോൾ ഏബ്രഹാമിന്റെ ചിരകാല സ്വപ്നം പൂവണിയുകയാണ്.

**ഐനാംസും മോസിം സെന്ററും**

സഭയുടെ സുവിശേഷരംഗത്ത് ഒരു നിറസാന്നിധ്യമായിത്തീർന്നിരിക്കു ന്നതും 1984-ൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ആരംഭിച്ച തുമായ ഒരു സുവിശേഷ കൂട്ടായ്മയാണല്ലോ ഐനാംസ്. പ്രാരംഭകാലത്ത് ഇതൊരു സുവിശേഷ പഠനസംഘം മാത്രം ആയിരുന്നു. ക്രമേണ പഠന ത്തോടൊപ്പം പങ്കിടീൽ (study & serve) പരിശീലിച്ചു. മിഷൻ പ്രവർത്ത നങ്ങളിലും നാംസ് സജീവമായി. ദൈവരാജ്യ വ്യവസ്ഥിതിയുടെ പിറവി യാണ് ഐനാംസിന്റെ ആത്യന്തിക ലക്ഷ്യം. ക്രിസ്തീയ മൂല്യങ്ങളെ നെഞ്ചോടടുപ്പിക്കുമ്പോഴാണ് അത് സാദ്ധ്യമാകുന്നത്. അമേരിക്ക, ഓസ് ട്രേലിയ, ദുബായ്, ലണ്ടൻ മുതലായ സ്ഥലങ്ങളിലും നാംസിന്റെ യൂണി റ്റുകൾ ആരംഭിച്ചതോടെ നാംസ് ഇന്റർനാഷണൽ അസോസിയേഷൻ ഫോർ മിഷൻ സ്റ്റഡീസായി മാറി (INAMS). ഐനാംസിന്റെ ശിക്ഷണ ബോധവും, സാഹോദര്യ ഭാവവും സംഘബോധവുമാണ് പ്രവർത്തന ങ്ങളെ മികവുറ്റതാക്കുന്നത്. അറിവിൽ നിന്ന് അനുഭവത്തിലേക്ക് കട ക്കുമ്പോഴാണ് നമ്മുടെ ലക്ഷ്യം സഫലീകൃതമാകുന്നത്. "മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കുവാനാണ്. ശുശ്രൂഷിക്കപ്പെടുവാനല്ല." സഭയുടെ സുവിശേഷപ്രവർത്തനങ്ങളിൽ മിഷൻ ബോർഡിന് കീഴിൽ ഒരു കൈത്താങ്ങായി ഐനാംസ് പ്രവർത്തിക്കുന്നു. ഓരോ വർഷവും മൂന്നു

കോൺഫ്രൻസുകൾ മൂന്നു മിഷൻ കേന്ദ്രങ്ങളിൽ നടക്കുന്നുണ്ട്. ഐനാം സിൽ കൂടി കണ്ണുനീരുള്ളവന്റെ ദുഃഖം ഒപ്പുവാൻ കഴിയുന്നുണ്ട് എന്ന് ഒസ്താത്തിയോസ് തിരുമേനി പറയുമായിരുന്നു.

നിരണം ഭദ്രാസനാധിപനും മിഷൻ ബോർഡ് പ്രസിഡന്റുമായി പ്രവർത്തിക്കുന്ന ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ആണ് ഐനാംസിന്റെ പ്രസിഡന്റ്. മൗണ്ട് ഒലിവറ്റ് മോസിം സെന്ററിന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നതും മാർ ക്രിസോസ്റ്റമോസ് തന്നെയാണ്. ഐനാംസിന്റെ സാന്നിദ്ധ്യം ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായിക്കും. ഫാ. ജോൺസനാണ് സ്ഥാപനത്തിന്റെ മാനേജർ.

കരുണയുടെ തൂവൽസ്പർശവുമായി സഭയിലുടനീളം ഓടിനടന്നു പ്രവർത്തിക്കുന്ന കെ. ഐ. ഫിലിപ്പ് റമ്പാച്ചനെ മറക്കുവാൻ സാദ്ധ്യമല്ലല്ലോ. ഒസ്താത്തിയോസ് തിരുമേനി തെളിയിച്ചു തന്ന ആ ദീപം കൂടുതൽ പ്രകാശിപ്പിച്ചു ഇന്നും സൂക്ഷിക്കുന്നത് വന്ദ്യ ഫിലിപ്പ് റമ്പാച്ചനിലൂടെ ആണ്. ആൻഡമാൻസിൽ ആരംഭിച്ചിരിക്കുന്ന ജീവകാരുണ്യ പ്രസ്ഥാനത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തിരിക്കുന്നത് ഫിലിപ്പ് റമ്പാച്ചനാണ്. പുതുപ്പാടി ബാലഗ്രാം തുടങ്ങി എത്രയെത്ര ബാലഭവനങ്ങളിൽ അദ്ദേഹം ഓടിഎത്താറുണ്ട്.

ഈ സ്ഥാപനം മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പ്രവർത്തനരംഗത്തെ ഉന്നതമായ പ്രസ്ഥാനമായി വളരുവാൻ പ്രാർത്ഥിച്ചുകൊണ്ട്, ദൈവകരുണയ്ക്കായി യാചിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു നീങ്ങാം.

## INAMS മണർകാട് യൂണിറ്റ്

മറ്റുള്ളവരെ കരുതണമെന്നുള്ള കർത്താവിന്റെ തിരുവചനം ശിരസ്സാവഹിച്ച രണ്ട് വ്യക്തികളായിരുന്നു INAMS സ്ഥാപകൻ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും തന്റെ ആത്മമിത്രമായ പുറകുളത്ത് എം. ഇ. ഈപ്പൻ കോർഎപ്പിസ്കോപ്പായും. ഈ ചെറിയവരിൽ ഒരുവനു ഒരു പാത്രം വെള്ളം കൊടുത്താൻ അതിനു പ്രതിഫലം ലഭിക്കാതെ പോകയില്ല എന്ന തിരുവചനം നെഞ്ചിലേറ്റിയ ചുരുക്കം ചിലരുടെ മനസ്സിൽ കുടികൊണ്ട ആശയസാക്ഷാത്കാരമായിട്ടാണ് മണർകാട് ഗ്രൂപ്പിൽപ്പെട്ട പള്ളികളുടെ ആഭിമുഖ്യത്തിൽ രണ്ടു വർഷം മുമ്പ് INAMS ന്റെ ഈ യൂണിറ്റ് ജീവകാരുണ്യരംഗത്ത് പ്രകാശം പരത്തിയ പുരോഹിത ശ്രേഷ്ഠനായ പുറകുളത്ത് വല്യച്ചന്റെ പതിമൂന്നാം ചരമദിനമായ 21-09-2013-ൽ ആരംഭം കുറിച്ചത്.

### പ്രവർത്തനങ്ങൾ

വടക്കൻമണ്ണൂർ പള്ളിയുടെ പുറകുളം കുരിശിൻതൊട്ടിയിൽ വച്ച് എല്ലാ രണ്ടാം ശനിയാഴ്ചകളിലും 4 മുതൽ 5 വരെ യോഗങ്ങൾ നടന്നു വരുന്നു. പ്രാർത്ഥന, പാട്ട്, വേദവായന, തിരുവചനധ്യാനം, ചർച്ച എന്നിവയ്ക്കുശേഷം, ഏറ്റവും പാവപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി അവർക്ക് അരി ഒഴിച്ചുള്ള ഭക്ഷ്യസാധനക്കിറ്റ് മാസംതോറും നൽകിവരുന്നു. കഴിഞ്ഞ വർഷം 13 കുടുംബങ്ങൾക്ക് കൊടുത്തു. ഇതിനുള്ള ചെലവ് നിർവഹിക്കുന്നത് സഹൃദയർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ കൊണ്ടാണ്. INAMS വേദിയായ പുറകുളം കുരിശിൻതൊട്ടിക്ക് സമീപം സഭാ മിഷൻ ബോർഡ് ഏറ്റെടുത്ത് നടപ്പാക്കുന്ന ഏറ്റവും പുതിയ സംരംഭമാണ് Mar Osthathios and Cor-Episcopa Eapen Memmorial Centre for Disabled House (MOCEM House, Mount Olivet, Purakulam, Vellore P. O. Pampady).

സാധാരണനിലയിൽ ബുദ്ധിവികാസം പ്രാപിക്കാത്തവരെയും അംഗവൈകല്യമുള്ളവരെയും ആജീവനാന്തം സംരക്ഷിക്കുവാനുള്ള കേന്ദ്രമായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ഫാ. ഡോ. കെ. എം. ജോർജിന്റെ ജ്യേഷ്ഠൻ പുറകുളത്ത് കെ. ഇ. ഏബ്രഹാം ഒന്നര ഏക്കറോളം സ്ഥലം ഈ കേന്ദ്രത്തിനായി സഭയ്ക്ക് സമർപ്പിച്ചു. സ്ഥാപനത്തിന്റെ അടിസ്ഥാനശില 2013 ഡിസംബർ 1-നു പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്ഥാപിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നിവർ സഹകാർമ്മികരായിരുന്നു. കെട്ടിടംപണി പെട്ടെന്നു പൂർത്തിയായി വരുന്നു. ഫാ. വി. ജോൺസൺ മാനേജരായി സേവനമനുഷ്ഠിക്കുന്നു. നിർമ്മാണം പൂർത്തിയാക്കുമ്പോൾ ശുശ്രൂഷയ്ക്കായുള്ള മറ്റ് സജ്ജീകരണങ്ങളും ഒരുക്കേണ്ടിയിരിക്കുന്നു INAMS യൂണിറ്റ് പ്രസിഡന്റായി ഫാ. എ. വി. വറുഗീസും വൈസ് പ്രസിഡന്റായി കെ. പി. കുരുവിളയും സെക്രട്ടറിയായി വി. എം. മാത്യുവും ജോയിന്റ് സെക്രട്ടറിയായി ശ്രീമതി സുജ ബിജുവും ട്രഷററായി എം. കുറിയാക്കോസും 2013-14, 2014-15 വർഷം സേവനമനുഷ്ഠിച്ചു. 2015-16 വർഷം സെക്രട്ടറിയായി വി. എം. മാത്യുവും ജോയിന്റ് സെക്രട്ടറിയായി ശ്രീമതി സുധ ഈപ്പനും, ട്രഷററായി പി. സി. ഈപ്പനും സേവനം അനുഷ്ഠിച്ചു വരുന്നു.



**- പ്രൊഫ. ടി. എം. മാത്യു തൈക്കടവിൽ**

# സ്തേഫാനോസ് മാർ തേവോദോസിയോസിന്റെ ദർശനവും ദൗത്യവും

സാധാരണക്കാരനായി ജനിച്ച് സ്വന്തം പരിശ്രമം കൊണ്ട് ജീവിച്ച് അസാധാരണമായത് ദൈവത്തിനുവേണ്ടി നേടിയ അതുല്യനായ വലിയ പിതാവും, ദാർശനിക മിഷനറിയുമായിരുന്നു മലങ്കര ഓർത്തഡോക്സ് സഭയിലെ കാലംചെയ്ത സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ.

മലങ്കരസഭയ്ക്ക് ഒരു അഖില ഭാരതവീക്ഷണം നൽകി ഭാരതസഭയാക്കി ഉയർത്തുവാൻ ശ്രമിച്ചവരിൽ അഗ്രഗണ്യനാണ് തേവോദോസിയോസ് തിരുമേനി. അഖിലഭാരതവീക്ഷണമുണ്ടാവാൻ നിരന്തരം പ്രാർത്ഥിച്ച ഗീവറുഗീസ് മാർ ഒസ്താത്തിയോസ് വലിയ മെത്രാപ്പോലീത്തായും, ഇന്ത്യൻ ഓർത്തഡോക്സ് സഭയെക്കുറിച്ച് ആധികാരികമായി പറഞ്ഞ മഹാപണ്ഡിതനായ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും തേവോദോസിയോസ് തിരുമേനിക്ക് പ്രചോദനമായിരുന്നു.

നിരൂപകനും എഴുത്തുകാരനുമായ പോൾ മണലിന്റെ അഭിപ്രായത്തിൽ "സ്വന്തം സഭയേക്കാൾ കൂടുതൽ ഭദ്രാസനത്തെ സ്നേഹിക്കുന്നവരും, ഭദ്രാസനത്തെക്കാൾ തന്നെത്തന്നെ സ്നേഹിക്കുന്നവരും" ഇന്നുണ്ട്. പെറ്റമ്മയേക്കാൾ മലങ്കരസഭയെ സ്നേഹിച്ച വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ മാനസപുത്രനായ ശിഷ്യന് സർവ്വസ്വവും മലങ്കരസഭയായിരുന്നു; എന്നു മാത്രമല്ല, താൻ തന്നെ മലങ്കരസഭയുടേതാണെന്ന ചിന്തയായിരുന്നു എപ്പോഴും.

**ജീവചരിത്രം**

മാർ തേവോദോസിയോസിന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ദർശനങ്ങൾ വെളിവാക്കുവാൻ ഉപകരിക്കും. 1924 ഒക്ടോബർ രണ്ടിന് ജനനം. മഹാത്മാഗാന്ധിജിയുടെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജന്മദിനം. ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നു പറഞ്ഞ ഗാന്ധിജിയെ അനുകരിച്ച് ഗ്രാമോദ്ധാരണം മിഷനായി മാർ തേവോദോസിയോസ് സ്വീകരിച്ചു. ക്രിസ്തുവിന്റെ പടയാളികളായ ക്രിസ്ത്യാനികൾ നല്ല കൃഷിക്കാരാകണമെന്ന് സ്വജീവിതത്തിൽ കാണിച്ചുകൊടുത്ത യഥാർത്ഥ ഭാരതീയനായിരുന്നു മാർ തേവോദോസിയോസ്. ഒക്ടോബർ രണ്ടിന് ജനിച്ച ബാലൻ അതേ ദിവസം ജനിച്ച രണ്ട് വലിയ മഹാന്മാരുടെ ദർശനങ്ങളെ



സ്വീകരിച്ച് സേവനദൗത്യമെന്ന മുൾക്കിരീട മണിഞ്ഞ ദൈവിക സമ്മാനമായി മലങ്കരസഭയ്ക്കു ലഭിച്ചു.

കോട്ടയം ജില്ലയിലെ പാത്താമുട്ടം ഗ്രാമത്തിൽ കൃഷീവല കുടുംബത്തിൽ കർഷക ബാലനായി ജീവിതമാരംഭിച്ച കെ. കെ. പുന്നൂസ്, മലയാളം ഹയർ പാസ്സായതിനു ശേഷം ടി.ടി.സി. പഠിച്ചു പാസ്സായി. വയസ്സ് 18 മാത്രം. അതിന് വളരെ മുമ്പുതന്നെ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ശിക്ഷണത്തിൽ അൾത്താര ബാലനായിരുന്നു. ടി.ടി.സി. പാസ്സായപ്പോൾ അവിവാഹിത പുരോഹിതനായി ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ വന്ദ്യ റമ്പാച്ചൻ ആവശ്യപ്പെട്ടു. യുവാവായ പുന്നായിക്ക് ഈ നിർദ്ദേശം സ്വീകരിക്കുവാൻ രണ്ടു പ്രാവശ്യം ആലോചിക്കേണ്ടി വന്നില്ല.

അന്ന് പാത്താമുട്ടത്തുണ്ടായിരുന്ന രണ്ട് പുരോഹിതന്മാരിൽ ഒന്ന് റമ്പാച്ചനും, രണ്ടാമൻ പള്ളിയടിയിൽ പീലിപ്പോസ് അച്ചനും ആയിരുന്നു. രണ്ടു പേരും സർവ്വകലാശാല ബിരുദധാരികൾ. രണ്ടുപേരും ധനസ്ഥിതിയിൽ മോശമല്ലാത്തവർ. ജീവസന്ധാരണത്തിന് മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടേണ്ടി വരുന്ന വിദ്യാഭ്യാസമില്ലാത്ത ഒരു പുരോഹിതനാവാൻ തയ്യാറല്ല എന്ന നിലപാട് റമ്പാച്ചനെ അറിയിച്ചു. ശ്ലാഘനീയമായ തീരുമാനമെങ്കിലും റമ്പാച്ചന്റെ മറുപടി യുവാവായ പുന്നായിക്ക് എന്നും മാർഗ്ഗദർശനമായി. “തന്റെ ജീവിതം തികഞ്ഞ ആത്മാർത്ഥതയോടെ ദൈവത്തിന് സമർപ്പിക്കുന്ന വ്യക്തി ദൈവത്തിന്റെ വകയാകും, ദൈവം അവനെ പരിപാലിക്കും. ആവശ്യമായത് വിശ്വാസമാണ്, സർവ്വശക്തനിലുള്ള പൂർണ്ണമായ ശരണമാണ്”. ഈ ഉപദേശത്തോടുകൂടി എസ്.എസ്.എൽ.സി. ക്കു പഠിക്കുവാൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേരണമെന്നും ഉപദേശിച്ചു.

അഞ്ചു രൂപാ ഫീസായി കൊടുക്കുവാൻ അന്നത്തെ ഒരു സാധാരണ കുടുംബത്തിന് പ്രയാസമായിരുന്നുവെങ്കിലും പുന്നായിയുടെ പിതാവും മൂത്ത സഹോദരനും വലിയ ത്യാഗത്തിന് തയ്യാറായി. ചിങ്ങവനത്തുള്ള കക്കുഴി സെന്റ് തോമസ് സ്കൂളിൽ പഠിച്ച് 1946-ൽ എസ്.എസ്.എൽ.സി. പാസ്സായി. വയസ്സ് 22. വലിയ ബാവായെന്ന് അറിയപ്പെട്ട ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. കയ്യാലാത്ത് കുടുംബം കുറിച്ചിയിൽനിന്ന്, ബാവായുടെ നാട്ടിൽ

നിന്നുമാണ് അയൽഗ്രാമമായ പാത്താമുട്ടത്ത് വന്നത്. എങ്കിലും ആകാരസൗഷ്ഠവത്തിൽ ആകൃഷ്ടനായ ബാവാതിരുമേനി ചോദിച്ചുപോയി, നീ കുന്നംകുളത്തുകാരനാണോ? (കുന്നംകുളത്തുകാർ നല്ല നിറമുള്ള വരാണെന്നു വ്യംഗ്യം). മറ്റൊരു ചോദ്യം ആദ്യമേ ചോദിച്ചു, "നിന്റെ പേരെന്താണ്?" മറുപടി, "പുന്നൂസ്." "നീയും കാതോലിക്കായാകുമോ" പെട്ടെന്നായിരുന്നു ആത്മഗതം. ബാവാതിരുമേനിയുടെയും ആദ്യപേര് പുന്നൂസ് എന്നായിരുന്നു. അതൊരനുഗ്രഹ വചസ്സായിരുന്നു. കാതോലിക്കായായി ല്ലെങ്കിലും മെത്രാപ്പോലീത്തായാകുവാൻ സാധിച്ച അനുഗ്രഹവാക്കുകൾ. 1947-ൽ ബാവാതിരുമേനി തന്നെ കശ്ശീശാപട്ടവും നൽകി.

അച്ചനായശേഷം ആദ്യം പാച്ചിറ താബോർ പള്ളിയിലും, പിന്നീട് പള്ളം സെന്റ് പോൾസ് പള്ളിയിലും വികാരിയായി. ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് നല്ല ഇടയനായി ആടുകളെ മേയിച്ച കൊച്ചച്ചനെ എല്ലാവരും സ്നേഹബഹുമാനങ്ങളോടെ കരുതിയിരുന്നു. എങ്കിലും യൂണിവേഴ്സിറ്റി ഡിഗ്രി എന്ന ആഗ്രഹം അച്ചൻ ഉപേക്ഷിച്ചില്ല. പള്ളത്തെ ധനാഢ്യനായ ഒരു സഭാസ്നേഹി അച്ചന്റെ ആഗ്രഹമറിഞ്ഞ് കോട്ടയം സി.എം.എസ്. കോളജ് പ്രിൻസിപ്പലിന് അച്ചനെ പരിചയപ്പെടുത്തുകയും അഡ്മിഷനുവേണ്ടി ശുപാർശ നടത്തുകയും ചെയ്തു. അതിന്റെ അടുത്തദിവസം തന്നെ കോളജിൽ ചെല്ലുവാൻ പ്രിൻസിപ്പൽ ആവശ്യപ്പെട്ടു, അഡ്മിഷനും വാഗ്ദാനം ചെയ്യപ്പെട്ടു.

രാവിലെ എട്ടു മണിക്കുതന്നെ അച്ചൻ പ്രിൻസിപ്പലിന്റെ ഓഫീസിനു മുമ്പിലെത്തി. താൻ വന്നവിവരം പ്രിൻസിപ്പലിനെ അറിയിച്ചു. നാലു മണി വരെ ഇരുന്നിട്ടും പ്രിൻസിപ്പൽ വിളിപ്പിച്ചില്ല. അന്ന് പുന്നൂസച്ചൻ മനസ്സിൽ കരുതി, പഠിക്കാനാഗ്രഹിക്കുന്നവർക്ക് അവസരം ഉണ്ടാകണം. ആ ആഗ്രഹം ജീവിതത്തിൽ പ്രാവർത്തികമാക്കിയത് നൂറുകണക്കിന് ബാലവാടികൾ, 27 ഒന്നാംകിട സ്കൂളുകൾ, ബിരുദാനന്തരബിരുദം വരെയുള്ള ഒരു ആർട്ട്സ് ആൻഡ് സയൻസ് കോളജ്, ഒരു ബി.എഡ്. കോളജ്, ഒരു എൻജിനീയറിംഗ് കോളജ്, ഒരു വൈദിക സെമിനാരി എന്നിവ സ്ഥാപിച്ച് പരിപോഷിപ്പിച്ചതിലൂടെയാണ്.

വന്ദ്യ പത്രോസ് റമ്പാച്ചന്റെ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) മലങ്കരസഭാ മാസികയിലൂടെയുള്ള ആഹ്വാനം ആ സമയത്ത് ഉണ്ടായി. ബ്രിട്ടീഷുകാർ വടക്കേ ഇന്ത്യയിൽ ഉപേക്ഷിച്ചുപോയ പള്ളികൾ ഏറ്റെടുത്ത് നടത്തുവാൻ സമർപ്പണബോധമുള്ള പട്ടക്കാർ മുമ്പോട്ടു വരണം. അങ്ങനെ പോകുന്നവർക്ക് അവിടെയുള്ള ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളും ഉപയോഗപ്പെടുത്താമെന്ന് ആ ലേഖനത്തിലുണ്ടായിരുന്നു. ആ ഭാഗം പുന്നൂസച്ചന് ഏറ്റം ആകർഷകമായി. 1952 ഏപ്രിൽ ഒന്നിന്

അച്ചൻ ജബൽപൂരിലെത്തി. ജബൽപ്പൂരിലെ ഗാരിസൺ പള്ളിയും അത് നിന്ന അഞ്ചേക്കർ സ്ഥലവും ഏറ്റെടുത്തു. താമസിക്കുവാൻ സൗകര്യ മില്ല. ഫർണിച്ചറുകളൊന്നുമേയില്ല. ഇതൊന്നും അച്ചന് തടസ്സമായില്ല. മദ്ബഹായ്ക്കു വശത്തായി ഉണ്ടായിരുന്ന വരാന്ത മറച്ച് മുറിയാക്കി. വെളി ച്ചത്തിന് റാന്തൽവിളക്ക്. തോട്ടിവേല സ്വയം ചെയ്തു. ഇന്റർമീഡിയറ്റ് കോഴ്സ് പഠിച്ചു പാസ്സായി. 1956-ൽ ബി.എ. (ഹിസ്റ്ററി) പാസ്സായി. ലിയോ നാർഡ് വൈദിക കോളജിൽ വൈദികവിദ്യാഭ്യാസം ആരംഭിച്ചു. മെതേ ഡിസ്റ്റ് സഭയുടെ വകയാണ് കോളജ്. എം. വി. ജോർജച്ചനും, കെ. എം. അലക്സാണ്ടറച്ചനും സീനിയർ വിദ്യാർത്ഥികൾ. പ്രൊട്ടസ്റ്റന്റു സെമിനാരി വിദ്യാഭ്യാസം വേണ്ടെന്ന് സഭ ആവശ്യപ്പെട്ടപ്പോൾ അനുസരിച്ചു. മഹാ കോശൽ വിദ്യാലയത്തിൽ എം.എ. ഹിസ്റ്ററി പഠനം ആരംഭിച്ചു. 1958-ൽ എം.എ. പാസ്സായി.

വന്ദ്യ കുറിയാക്കോസച്ചൻ ആ വർഷം നിര്യാതനായി. പുന്നൂസച്ചൻ പാത്താമുട്ടം സ്ലീബാ പള്ളിയുടെ വികാരിയായി. അധികം താമസിയാതെ ബോംബെ ദാദർ പള്ളിയിലേക്ക്. 1961 വരെ അവിടെ. പിന്നീട് മലയ, സിംഗ പ്പൂരിലേക്ക്. അവിടെയിരിക്കുമ്പോൾ 1965-ൽ ന്യൂയോർക്കിലേക്കു പോകു വാൻ അഭിവന്ദ്യ കൂറിലോസ് തിരുമേനി (പ. മാത്യൂസ് ദ്വിതീയൻ ബാവാ) അവസരമുണ്ടാക്കി. ഒരിക്കൽ നിർത്തിയ വേദപഠനം പുനരാരംഭിച്ചു. മൂന്നു വർഷം പഠിച്ചു നേടേണ്ടിയ ബി.ഡി. ഡിഗ്രി ഒരു വർഷം കൊണ്ട് നേടിയ അനന്യസാധാരണമായ പ്രതിബദ്ധതയും കഠിനാദ്ധ്വാനവും കൈമുത ലായ വിദ്യാർത്ഥി. അതോടൊപ്പം വന്ദ്യ കുറിയാക്കോസ് റമ്പാനിൽ നിന്നു നേടിയ സുറിയാനി ഭാഷാ പ്രാവീണ്യം, അടിസ്ഥാന വേദ മതജ്ഞാനം, 18 വർഷത്തെ ഇടവകഭരണ പരിചയം ഇവയെല്ലാം ഒരു വർഷംകൊണ്ട് ബി.ഡി. ലഭിക്കുവാൻ സഹായിച്ചു. യേൽ യൂണിവേഴ്സിറ്റി കാമ്പസിൽ തന്നെയുള്ള ബർക്കിലി ഡിവിനിറ്റിയിൽനിന്ന് വേദശാസ്ത്രത്തിൽ ബിരു ദാനന്തരബിരുദമായ എസ്.ടി.എം. സമ്പാദിച്ചു. ബി.ഡി. ബിരുദം നൽകിയ ജനറൽ തിയോളജിക്കൽ സെമിനാരി തന്നെ മെത്രാപ്പോലീത്തായ്ക്ക് ഡോക്ടറേറ്റ് ഡിഗ്രിയും നൽകി. എം.എ., ബി.ഡി., എസ്.ടി.എം. ഡിഗ്രി കളും ഡോക്ടറേറ്റും ലഭിച്ച അപൂർവ്വം മെത്രാപ്പോലീത്തന്മാരുടെ നിര യിലേക്ക് മാർ തേവോദോസിയോസും ഉയർത്തപ്പെട്ടു. ഇന്റർമീഡിയറ്റ് അഡ്മിഷനുവേണ്ടി 8 മണിക്കൂർ ഒരു പ്രിൻസിപ്പലിന്റെ ഓഫീസ് വാതിൽ ക്കൽ ഇരുന്ന് മുഷിഞ്ഞ് നിരാശനായി മടങ്ങിയ വ്യക്തിയെ ദൈവം ഉയർ ത്തിയവിധം അത്ഭുതം.

1967-ൽ ബഹറിനിൽ വികാരിയായി. ദോഹ, അബുദാബി, ദുബായി കോൺഗ്രിഗേഷനുകളെയും പുന്നൂസച്ചൻ ആ സമയത്ത് സഹായിച്ചി രുന്നു. 1972-ൽ പൗരോഹിത്യത്തിന്റെ 25 വർഷം പൂർത്തിയാക്കിയ

ജൂബിലേറിയൻ അച്ചന് 48 വയസ്സ്. 1952-ൽ ജബൽപൂരിലായിരുന്നപ്പോൾ പല പ്രാവശ്യം സന്ദർശിച്ച മാർത്തോമ്മാ സഭയുടെ സീഹോറാ ആശ്രമം പുന്നൂസച്ചന്റെ മനസ്സിൽ രഹസ്യമായി സ്ഥിതിചെയ്തിരുന്നത് പൊടുന്ന നവെ ജീവൻ പ്രാപിച്ചു. അതുപോലൊരാശ്രമം മലങ്കരസഭയ്ക്കില്ലാ എന്ന തിൽ മനസ്സ് നൊമ്പരപ്പെട്ടു. ദൈവനിയോഗംപോലെ എം. വി. ജോർജ ച്ചൻ, 1972 ജൂലൈ മൂന്നിലെ സെന്റ് തോമസ് ദിനത്തിൽ ഭിലായിൽ, മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി ആരംഭിച്ച മിഷൻ സെന്റ റിന്റെ ചുമതല ഏറ്റെടുക്കുവാൻ പുന്നൂസച്ചനെ വിളിച്ചു. 1972 ഒക്ടോബ റിൽ മിഷൻകേന്ദ്രത്തിന്റെ ഡയറക്ടറായും ഭിലായി എം.ജി.ഒ. കത്തീ ഡ്രലിന്റെ വികാരിയായും പുന്നൂസച്ചൻ ചുമതലയേറ്റു.

1974 ഒക്ടോബർ 2, പുന്നൂസച്ചന്റെ 50-ാം ജന്മദിനം. മലങ്കര ഓർത്ത ഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ നിരണത്ത് ചേർന്നു. അഞ്ചുപേരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ഫാ. എം. വി. ജോർജ്, ഫാ. പോൾ വർഗീസ്, ഫാ. കെ. സി. തോമസ്, ഫാ. പി. വി. ജോസഫ് എന്നീ അച്ചന്മാരുടെ കൂടെ ഫാ. കെ. കെ. പുന്നൂസ് അച്ചനും. 1975 ഫെബ്രുവരി 15-ന് റമ്പാനായി. ഫെബ്രുവരി 16-ന് ഫാ. പുന്നൂസ്, തേവോദോസിയോസ് എന്ന നാമത്തിൽ വാഴിക്കപ്പെട്ടു. അധികം താമസിയാതെ മദ്രാസ് ഭദ്രാ സനത്തിന്റെ ചുമതല. 1978-ൽ കൽക്കട്ടാ ഭദ്രാസനം രൂപവൽക്കരിച്ച പ്പോൾ, ആ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. 2008 നവംബർ 5-ന് സ്വർഗ്ഗീയ ഗൃഹത്തിലേക്ക് മാറ്റപ്പെടുന്നതുവരെ കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്തായായി ഫലവത്തായ അജപാലനം.

### ദർശനത്തിന്റെ ഫലമായ ആശ്രമം

**a) സ്വകീയ മിഷൻ:** മിഷൻ ദൈവത്തിന്റേതാണ്. ആ മിഷനെക്കുറിച്ച് മലങ്കരസഭയിൽ ഒരു അടിസ്ഥാനദർശനം നൽകിയത് പരിശുദ്ധനായ പരുമല തിരുമേനിയാണ്. ആ മിഷനുതന്നെ പ്രത്യേകമായൊരു ദിശയിൽ, ദലിതരുടെയിടയിൽ കേന്ദ്രീകരിച്ചത് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ആയിരുന്നു. മിഷനെക്കുറിച്ചുള്ള അവബോധം മലങ്കരസഭ യിൽ വളർത്തിയത് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. മലങ്കരസഭയ്ക്ക് സ്വകീയമായൊരു മിഷൻ ദർശനം നൽകിയത് സ്തേഫാ നോസ് മാർ തേവോദോസിയോസ് തിരുമേനി. എല്ലാ വിഭാഗത്തിൽപ്പെട്ട ഭാരതീയരുടെയും സമ്പൂർണ്ണ വികസനമാണ് ഓർത്തഡോക്സ് മിഷ നെന്ന് പ്രവൃത്തിയിലൂടെ കാണിച്ചുതന്ന പിതാവായിരുന്നു അദ്ദേഹം. ഇതൊരു അഭിനവ മിഷൻ ദർശനമായിരുന്നു. ഈ മിഷൻ ആരാധന യോട് ബന്ധപ്പെട്ടതാണ്. ഇതാണ് ആരാധനയ്ക്ക് ശേഷമുള്ള ആരാധന

യെന്ന് വേദചിന്തകൾ വെളിപ്പെടുത്തിയത്. ഇതുതന്നെയാണ് അൾത്താരയിലെ ആരാധനയ്ക്കുശേഷം സമാധാനത്തോടെ പോയി മരുഭൂമിയിൽ ചെയ്യേണ്ട ആരാധന. ഓർത്തഡോക്സ് സഭ പൂർണ്ണമായും ആരാധിക്കുന്ന സഭയാകുന്നത് മരുഭൂമിയിലെ ആരാധനയോടു കൂടിയാണ്. ഈ ദർശനമാണ് ഒന്നാം നൂറ്റാണ്ടിലാരംഭിച്ച മലങ്കര ഓർത്തഡോക്സ് സഭയായി വളരുവാൻ സാഹചര്യം സൃഷ്ടിച്ചത്.

**b) ധ്യാനാത്മക മിഷൻ:** മാർ തേവോദോസിയോസ് പ്രവൃത്തിപഥത്തിലാക്കിയ മിഷൻ നിശ്ശബ്ദ സുവിശേഷ ദൗത്യമായിരുന്നു. തിരുമേനിയുടെ സുവിശേഷവേല കൺവൻഷൻ പ്രസംഗങ്ങളിലൂന്നിയതല്ലായിരുന്നു. രോഗശാന്തിയോ, സുഭിക്ഷതയോ, ആകർഷകമായ മറ്റെന്തെങ്കിലുമോ വാഗ്ദാനം ചെയ്യുന്നതല്ലായിരുന്നു. പ്രഘോഷണത്തിൽ കൂടി സഭയെ വളർത്തുവാൻ ശ്രമിക്കുന്നതല്ലായിരുന്നു. മനഃപരിവർത്തനത്തിനല്ലാതെ മതഃപരിവർത്തനം അജണ്ടയിലെങ്ങുമില്ലായിരുന്നു. ഭീതി ജനിപ്പിക്കത്തക്കവിധം ദൈവകോപത്തെ പർവ്വതീകരിച്ചില്ല. സഹതാപത്തിൽ നിന്നുയരുന്ന സഹായങ്ങളും നൽകിയില്ല.

**c) സമ്പൂർണ്ണ മിഷൻ:** മാർ തേവോദോസിയോസ് മിഷൻ പ്രവർത്തനം മനുഷ്യന്റെ സമ്പൂർണ്ണ വികസനം, ഒരു ഗ്രാമത്തിന്റെ മുഴുവൻ പുരോഗതി, ഒരു പ്രദേശം മുഴുവന്റെയും വികസനം, ഇടവകയുടെ മാത്രമല്ല ഇടവക ഉൾപ്പെടുന്ന എല്ലാ സ്ഥലങ്ങളുടെയും ആളുകളുടെയും അഭിവൃദ്ധി, ഘടനയിലും, സമ്പത്തിലും, സാമൂഹികബന്ധങ്ങളിലും, ആദ്ധ്യാത്മികതലങ്ങളിലും നേടുന്നതിനുവേണ്ടിയുള്ളതാണ്. അഭിവൃദ്ധിക്കു സഹായിക്കുന്നതെല്ലാം, കൃഷി, കന്നുകാലി വളർത്തൽ, മീൻവളർത്തൽ, തൊഴിൽ പരിശീലനം, കുടിൽ വ്യവസായങ്ങൾ, വൈദ്യസഹായകേന്ദ്രങ്ങൾ, സ്കൂളുകൾ, കോളജുകൾ എന്നിവയെല്ലാം ആരാധനയോടൊപ്പം സ്ഥാനം നൽകി പരിപോഷിപ്പിക്കേണ്ട പ്രവർത്തനങ്ങളായിരുന്നു അദ്ദേഹത്തിന്. തിരുമേനിയോട് പലപ്പോഴും പലരും ചോദിച്ച ഒരു ചോദ്യമുണ്ട്. "കൃഷിയും മിഷനും തമ്മിലെന്തു ബന്ധം?" മറുപടി, "ഓരോ ഇന്ത്യൻ പൗരനും സ്വന്തം കൈകൊണ്ടദ്ധ്വാനിച്ച്, അവനവനും അതോടുകൂടി കുറച്ചൊക്കെ മറ്റുള്ളവർക്കും ആവശ്യമുള്ളത് ഉൽപ്പാദിപ്പിക്കാമെങ്കിൽ പട്ടിണി ഇല്ലാത്ത ഒരു രാജ്യമായി, സ്വയംപര്യാപ്തമായ രാജ്യമായി ഭാരതം തീരും." ഈ ആശയം ശരിയായി വ്യാഖ്യാനിച്ച് വിപുലീകരിച്ചാൽ മേൽപ്പറഞ്ഞ എല്ലാ മേഖലകളും, നമ്മെ എത്തിക്കുന്നത് സമ്പൂർണ്ണ മിഷൻ എന്ന ആശയത്തിലാണ്.

### അദ്ധ്വാനിച്ചു ജീവിക്കണം

വൈദികനാക്കുവാനുള്ള ആഹ്വാനം വന്ദ്യ കുറിയാക്കോസ് റമ്പാനിൽ നിന്നുണ്ടായപ്പോൾ ഉന്നയിച്ച ഒരു നിലപാട് നേരത്തെ ഉദ്ധരിച്ചത്, മറ്റു

ള്ളവരുടെ കരുണയിൽ ജീവിക്കുന്ന പുരോഹിതനാകുവാൻ സാധ്യമല്ല എന്നതാണല്ലോ. ജീവസന്ധാരണത്തിന് പുരോഹിതർ വിശ്വാസികളെ ഭാരപ്പെടുത്തരുത്. സ്വന്തം കൈകൊണ്ടദ്ധ്വാനിച്ചു ജീവിക്കണം. ഇത് പൗലൂസ് ശ്ലീഹായുടെ മാതൃകയാണ്. ആ അർത്ഥത്തിൽ തേവോദോസിയോസ് അഭിനവ പൗലൂസ് ശ്ലീഹായായിരുന്നു. ഭിലായി മിഷനിലേക്ക് ലഭിച്ചിരുന്ന സംഭാവനകളെല്ലാം വിശ്വാസികളുടെ വിയർപ്പിന്റെ ഫലമെന്ന് അദ്ധ്വാനത്തിന്റെ മഹത്വമറിഞ്ഞ ഈ വലിയ പിതാവ് കരുതിയിരുന്നു. ആ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കു മാത്രം അതിലൊരു പൈസ പോലും സ്വന്ത ആവശ്യത്തിനുപയോഗിക്കുകയില്ല എന്ന് ആ പിതാവിന് നിർബ്ബന്ധമുണ്ടായിരുന്നു. സ്വന്ത അദ്ധ്വാനംകൊണ്ടു കൂടി വളർന്നു ഫലം പുറപ്പെടുവിച്ചു നിൽക്കുന്ന ചെടികളായിരുന്നു ഈ പിതാവിന് ഏറ്റവും ആനന്ദകരം. അതുകൊണ്ടായിരിക്കാം അദ്ദേഹം ദൈവത്തെ ഉപമിച്ചത്, സ്വന്തം സൃഷ്ടി വളർന്നു ഫലം പുറപ്പെടുവിച്ചു നിൽക്കുന്നതു കാണുവാൻ എല്ലാ സായംസന്ധ്യകളിലും തോട്ടത്തിലേക്കു വരുന്ന കർഷകനോട് ആയിരുന്നു. സമ്പൂർണ്ണ മിഷൻ എന്ന ആശയം പൂരിപ്പിക്കുന്ന വലിയ കർഷകനായിരുന്നു മാർ തേവോദോസിയോസ്.

**d) സന്യാസ സമൂഹങ്ങളുടെ വീടുകളാണ് മിഷൻ കേന്ദ്രങ്ങൾ:** പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, അനാഥരുടെ, രോഗികളുടെ വാസസ്ഥലങ്ങളെയാണല്ലോ മിഷൻ കേന്ദ്രങ്ങളായി പരിഗണിക്കുന്നത്. ഇങ്ങനെയുള്ള കേന്ദ്രങ്ങളിൽ ശമ്പളം കൊടുത്ത് മിഷൻ പ്രവർത്തകരെ നിയമിക്കാമെന്നും, അവരിൽക്കൂടി അർത്ഥവത്തായ മിഷൻ പ്രവർത്തനങ്ങൾ തുടരാമെന്നും തേവോദോസിയോസ് തിരുമേനി വിശ്വസിച്ചിരുന്നില്ല. സന്നദ്ധരായി വരുന്ന, സമർപ്പിക്കപ്പെട്ട സന്യാസികളും സന്യാസിനികളും സഭയിലുണ്ടാകണം. ആശ്രമങ്ങളുണ്ടാകണം. സഭയും മിഷൻബോർഡും ഇങ്ങനെയുള്ള ആശ്രമങ്ങൾ വളർത്തണം. തേവോദോസിയോസ് ആശയങ്ങളുടെ സാക്ഷാത്ക്കാരത്തിനായി സ്ഥാപിക്കപ്പെട്ടതാണ് ഭിലായി സെന്റ് തോമസ് ആശ്രമം.

**e) മിഷൻ പരിശീലനകേന്ദ്രങ്ങൾ:** സന്യാസികളോ സന്യാസിനികളോ ആകുവാൻ സാധിക്കാത്ത, മിഷനിൽ താൽപര്യമുള്ളവരെ പരിശീലിപ്പിക്കുവാൻ തേവോദോസിയോസ് തിരുമേനി ഒരു മിഷൻ പരിശീലനകേന്ദ്രം ആരംഭിച്ചു ഒരു വർഷം കഴിഞ്ഞപ്പോൾ വിദ്യാർത്ഥികളുടെ അഭാവം മൂലം അത് നിർത്തേണ്ടി വന്നു. സഭയുടെ തണുത്ത സമീപനത്തെയാണ് തിരുമേനി അതിന് ഒരു കാരണമായി ചൂണ്ടിക്കാട്ടിയത്. സ്ഥിതിഗതികൾ മാറുമെന്നും, സഭ ശരിയായി പ്രതികരിക്കുമെന്നും തിരുമേനി എക്കാലവും വിശ്വസിച്ചിരുന്നു. പാത്താമുട്ടത്ത് പണിത കെട്ടിടവും ഈ ഉദ്ദേശ്യത്തിലായിരുന്നു. തിരുമേനിയുടെ ശുഭാപ്തി വിശ്വാസം വിളിച്ചു

പറയുന്ന വാക്കുകൾ. “ഞാൻ കൂട് കെട്ടിയിടുന്നു. എപ്പോഴെങ്കിലും പക്ഷികൾ വന്ന് ചേക്കേറുമെന്ന വിശ്വാസത്തിൽ.” മിഷനിൽ താൽപര്യമുള്ളവരെ പരിശീലിപ്പിച്ച് പുരോഹിതന്മാരാക്കുവാനാണ് പിന്നീട് വൈദികസെമിനാരി ഭിലായിയിൽ ആരംഭിച്ചത്. ആ സെമിനാരി ഭംഗിയായി നാഗപ്പൂരിൽ നടക്കുന്നുവെങ്കിലും മിഷനറിമാരുടെ പരിശീലനകേന്ദ്രമായി അത് മാറിയോ എന്നതിൽ ആ പിതാവിന്റെ ആത്മാവ് ഇന്നും സംശയിക്കുന്നുണ്ടാവാം.

## f) ഗ്രാമീണ മിഷൻ:

സ്വാതന്ത്ര്യം ലഭിച്ച ഇന്ത്യയിൽ നിന്നു വിദേശമിഷനറിമാർ സ്ഥലം വിടുവാൻ തുടങ്ങി. ആംഗ്ലിക്കൻ സഭയുടെ പല പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും നേതൃത്വം നൽകാൻ ആളില്ലാതായി. അക്കൂട്ടത്തിൽ അനാഥമായതാണ് മക്കോഡിയ മിഷൻ. 1904-ൽ ആരംഭിച്ചതാണ് ഈ മിഷൻ. ആരംഭത്തിൽ ക്ലാർക്ക് എന്ന മിഷനറിയും ഭാര്യയും ആയിരുന്നു മിഷന്റെ ചുമതല. മദ്ധ്യപ്രദേശിലെ ഇറ്റാർസിയിൽ നിന്നും 25 കിലോമീറ്റർ വടക്കായി സ്ഥിതിചെയ്യുന്ന 112 കുഗ്രാമങ്ങളുടെ സമുച്ചയമായിരുന്നു മക്കോഡിയ. ഇതിൽ 70 വില്ലേജുകളിൽ മിഷനറിമാർ പ്രവർത്തിച്ചു. ഒരു ലക്ഷത്തോളം ആദിവാസികൾ. എല്ലാവരും ദരിദ്രർ, അജ്ഞർ. 1912-ൽ വിദേശ മിഷനറിമാർ ചേർന്ന് ഫ്രണ്ട്സ് മിഷൻ സ്ഥാപിച്ച് ഈ ഗ്രാമങ്ങളിലെ പ്രവർത്തനം തുടങ്ങി. ഒരു മെഡിക്കൽ ഡോക്ടർ കൂടി ഈ സംഘത്തിൽ വന്നുചേർന്നു. ഫ്രണ്ട്സ് മിഷൻ പ്രവർത്തകരാണ് ഇന്ത്യ വിട്ടുപോയത്. 850 കൂട്ടുകുടുംബങ്ങളിൽ അവർ പ്രവർത്തിച്ചു. 250 കൂട്ടുകുടുംബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ഈ ക്രിസ്ത്യാനികളും ഇതോടെ അനാഥരായി. 1986-ൽ ഭിലായി മിഷൻ മക്കോഡിയ മിഷൻ കേന്ദ്രവും അതിനോടു ചേർന്ന ആറേക്കർ സ്ഥലവും വാങ്ങി. ആദ്യം 30 ഗ്രാമങ്ങളിൽ പ്രവർത്തനമാരംഭിച്ചു. ഒരു ക്ലിനിക്കും ആരംഭിച്ചു. നൂറുകണക്കിനാളുകൾക്ക് ദിവസവും ചികിത്സ നൽകി. മരുന്നുകൾ വില വാങ്ങാതെ നൽകി. ഗ്രാമങ്ങളിൽ ബാലവാടികൾ, തയ്യൽ സ്കൂളുകൾ, കുടിൽ വ്യവസായങ്ങൾ, ഗ്രാമീണർക്കുവേണ്ടി സഹകരണസംഘങ്ങൾ, മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം എന്നിങ്ങനെ ഗ്രാമീണരുടെ സമഗ്രവികസനത്തിനായിരുന്നു ഈ മിഷൻ പ്രവർത്തിച്ചത്. 1993-ൽ കാളവണ്ടിയിൽ സഞ്ചരിച്ച് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മക്കോഡിയ സന്ദർശിച്ചു. 2001-ൽ INAMS സമ്മേളനം ഭിലായിൽ നടന്നപ്പോൾ മക്കോഡിയ മിഷൻ കേന്ദ്രം തിരുമേനിയും നാംസ് അംഗങ്ങളും തേവോദോസിയോസ് തിരുമേനിയോടൊപ്പം സന്ദർശിച്ചു. അന്ന് ജീപ്പിൽ യാത്ര ചെയ്യുവാൻ തക്ക പുരോഗതി ഉണ്ടായി. 1986-ൽ ഏഷ്യയിലെ ഏറ്റവും കൂടിയ മാതൃ-ശിശു മരണനിരക്കുണ്ടായിരുന്ന സ്ഥലമായിരുന്നു മക്കോഡിയ. 76%. 2001-ൽ

അതു 36% ആയി കുറഞ്ഞിരുന്നു. 2008 ആയപ്പോൾ നൂറിലധികം ഗ്രാമങ്ങളിൽ മക്കോഡിയ മിഷൻ പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നു. 73 സ്വയം സഹായസംഘങ്ങൾ ഉണ്ടായി.

ഗ്രാമീണ മിഷൻ മക്കോഡിയായിൽ മാത്രമായി ചുരുങ്ങിയില്ല. ഝാർഖണ്ഡിലെ ബൊക്കാറോയിക്കടുത്ത് ഏകദേശം 4000 ആദിവാസികൾ താമസിക്കുന്ന ഗ്രാമങ്ങളിലും ഭിലായി മിഷൻ പ്രവർത്തനം വ്യാപിപ്പിച്ചു. 350 കുട്ടികളും 9 അദ്ധ്യാപകരും പ്രവർത്തിക്കുന്ന സ്കൂൾ ആരംഭിച്ചു. ഏഴാം ക്ലാസ്സുവരെ പഠിക്കുവാൻ സൗകര്യം. കുട്ടികൾക്ക് യൂണിഫോം, പഠന സാമഗ്രികൾ, പുസ്തകങ്ങൾ എല്ലാം സൗജന്യം. ബൊക്കാറോ എം.ജി.എം. സ്കൂൾ ആണ് അതിന്റെ ചെലവുകൾ വഹിച്ചത്. ഏഴാം ക്ലാസ്സ് കഴിയുന്നവർക്ക് എം.ജി.എം. സ്കൂളിൽ +2 വരെ സൗജന്യ വിദ്യാഭ്യാസം.

ഛത്തീസ്ഗഢ് സംസ്ഥാനത്തെ ബസ്തർ പ്രദേശം നക്സലൈറ്റുകളാൽ കുപ്രസിദ്ധമാണല്ലോ. അവിടെയും ആദിവാസി ഗ്രാമങ്ങളിൽ ബാലവാടികൾ, പോഷകാഹാര വിതരണം, വൈദ്യസഹായം, തയ്യൽ പരിശീലനകേന്ദ്രം എന്നിവയിലൂടെ ട്രൈബൽ മിഷൻ പ്രൊജക്ട് പ്രവർത്തിച്ചു. മദ്ധ്യപ്രദേശിലെ ബഗ്ഡോണാ ഗ്രാമം, ജബൽപൂരിനടുത്തുള്ള സമത്പിഥരിയാ ഗ്രാമം എന്നിവയും ഭിലായി മിഷന്റെ ഗ്രാമീണ മിഷനിൽ ഉൾപ്പെട്ടിരുന്നു.

**g) മിഷൻ സർവ്വജനത്തിനും:** വൈവിധ്യം നിറഞ്ഞ ഭാരതത്തിൽ മിഷൻ എല്ലാവർക്കുംവേണ്ടി എന്നതായിരുന്നു തേവോദോസിയോസിന്റെ ആഹ്വാനം. മതത്തിന്റെ ചട്ടക്കൂട്ടിൽ ഭക്തിയുടെ ദന്തഗോപുരത്തിൽ കഴിഞ്ഞില്ല മാർ തേവോദോസിയോസ്. ഭിലായിലേക്ക് കേരളത്തിൽ നിന്ന് ഒരു ട്രെയിൻ കേരളീയരുടെ നീറുന്ന പ്രശ്നമായിരുന്നു. അത് നേടുന്നതിനുവേണ്ടി യോഗം നടത്തുവാനും, ജാഥ നടത്തുവാനും, സത്യഗ്രഹത്തിന് നേതൃത്വം നൽകുവാനും തിരുമേനിയായിരുന്നു മുന്നിൽ. അതുകൊണ്ട് ഉത്തരഭാരതത്തിൽ ഭിലായിലും, ബൊക്കാറോയിലും, റൂർക്കലയിലും, റായിഷ്യരിലും, ജബൽപ്പൂരിലും മാർ തേവോദോസിയോസ് ഓർത്തഡോക്സ് ബിഷപ്പായിരുന്നില്ല. സർവ്വജനത്തിന്റെയും ഈ ലോകത്തിലെ വലിയ പിതാവ് ആയിരുന്നു.



**– പ്രൊഫ. കെ. സി. മാണി**

(സെക്രട്ടറി, മലങ്കരസഭാ മിഷൻബോർഡ്)

# കെ. ഐ. ഫിലിപ്പ് റമ്പാൻ: മലങ്കരസഭയുടെ ആധുനിക നഥനിയേൽ

ഇന്നത്തെ മലങ്കരസഭയ്ക്കും അതിന്റെ ദൗത്യനിർവഹണ രംഗത്തെ നിന്ദയും മാന്ദ്യവും വലിയ ഒരളവിൽ അകറ്റിയ മിഷൻ ബോർഡിനും ദൈവം നൽകിയ ഒരു വലിയ ദാനമാണു പേരുകേൾപ്പിക്കാത്ത ഒരു കുഗ്രാമമായ വയലത്തലയിലെ കരിമ്പനേത്തു പീലിപ്പോസ് ഇട്ടിയുടെ മൂത്ത കുട്ടിയായ കെ. ഐ. ഫിലിപ്പ് റമ്പാനെന്നു വിശേഷിപ്പിച്ചാൽ അതിനെ ചോദ്യം ചെയ്യാൻ അദ്ദേഹത്തോടെതിർപ്പുള്ള ആരെങ്കിലും (ഉണ്ടെങ്കിൽ) മുന്നോട്ടു വരാൻ സാധ്യതയില്ല. ഒരു സാധാരണ ഉത്തമ ക്രൈസ്തവ കുടുംബത്തിലെ മാതാപിതാക്കളെപ്പോലെ നമ്മുടെ റമ്പാച്ചനും കയറിഇറങ്ങേണ്ട നല്ല കാലത്ത് കോളജ് ഒന്നും കണ്ടിട്ടേയില്ല. എട്ടൊമ്പതു ദശാബ്ദം മുമ്പ് കാറും ബസ്സും കോളജും ഒക്കെ കാണണ മെങ്കിൽ കോട്ടയത്തോ തിരുവനന്തപുരത്തോ ചെല്ലണം. ബസ്സും തീവ ണ്ടിയും ഇല്ലാത്ത കാലത്ത് അത് എങ്ങനെ നടക്കും. പിന്നെ മിഷൻ രംഗത്തു വന്നു നല്ല മനുഷ്യരുള്ള നാടുകളിലൂടെ സഞ്ചരിച്ചു. അനുഭവ ശതങ്ങളിൽ നിന്നു അറിവു സമ്പാദിച്ച ശേഷം 43-ാം വയസ്സിൽ കെയ്റോ യിൽ ഉപരിപഠനം നടത്താൻ ഒരു സുവർണ്ണാവസരം ലഭിച്ചു. നേരത്തെ കാര്യമായി എന്തെങ്കിലും പഠിച്ചിട്ടു വേണ്ടേ ആകാശസഞ്ചാരം നടത്തി ഉപരിപഠനം നടത്താൻ!

ഇങ്ങനെ വേഷവും മാറി മറ്റുള്ളവർ ഏൽപിച്ച കാശുകൊണ്ടു കീശയും നിറച്ചിരിക്കുമ്പോൾ ഇതാ വരുന്നു ആന്ധ്രയിൽ കൊടുങ്കാറ്റു വിതച്ച വൻ പ്രകൃതിക്ഷോഭവും ദുരിതക്കയങ്ങളും. “താൻ കെയ്റോയി ലേക്കു പോയി ഇനി ഒന്നും പഠിച്ചിട്ടു കാര്യമില്ല. തന്നെ ആന്ധ്രയിൽ ആവശ്യമാണെന്നു” ഒരു അശരീരി. യാത്രാരേഖകളും പാസ്പോർട്ടും വിസായും പുത്തൻ കുപ്പായങ്ങളുമെല്ലാം യാത്രയ്ക്കുവേണ്ടി വാങ്ങിയ പുതിയ പെട്ടിയിൽ വച്ചു സീൽ ചെയ്തശേഷം റമ്പാച്ചൻ ഹൈദരബാ ദിൽ നിന്നു ചരക്കുലോറിയിൽ കയറിപ്പിടിച്ചു മച്ചിലി പട്ടണത്ത് എത്തി ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മുഴുകി. അതു കഴിഞ്ഞപ്പോൾ കുഷ്ഠ രോഗികളുടെ കുഷ്ഠമില്ലാത്ത ആൺകുട്ടികൾക്കുവേണ്ടി യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമും സ്ഥാപിച്ചു. ഇന്നു കോഴിക്കോടു പുതു പ്പാടി മുതൽ നേപ്പാളിലെ കാഡ്മണ്ഠു വരെയും തുംകൂർ മുതൽ ആൻഡ മാൻസു വരെയും വ്യാപിച്ചു കിടക്കുന്ന ബാല-വൃദ്ധജന ഭവനങ്ങളും

ആതുരാലയങ്ങളും ഉൾക്കൊള്ളുന്ന ഒരു വലിയ ദൈവരാജ്യത്തിന്റെ മാർപ്പാപ്പയാണു പണ്ടത്തെ "ഇട്ടിക്കുഞ്ഞ്" (ഇട്ടിയുടെ കുഞ്ഞ്) എന്നു പറയുന്നതാവും ഏറെ ശരി (സ്കോളർഷിപ്പുപയോഗിച്ചു എത്രയോ പേർ പഠിച്ചു. പലരും ബിരുദം നേടി ഒന്നും ചെയ്യാതിരിക്കുന്നു.).

ഇത്രയുമായപ്പോഴാണു ഒരു വൃദ്ധന്റെ പ്രാർത്ഥനയായ 71-ാം സങ്കീർത്തനത്തിലെ "ഞാൻ പലർക്കും ഒരത്ഭുതം ആയിരിക്കുന്നു; നീ എന്റെ ബലമുള്ള സങ്കേതമാകുന്നു. എന്റെ വായ് നിന്റെ സ്തുതികൊണ്ടും ഇടവിടാതെ നിന്റെ പ്രശംസകൊണ്ടും നിറഞ്ഞിരിക്കുന്നു. വാർദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കുകയുമരുതേ" എന്ന ഭാഗം തന്നെക്കുറിച്ചാണെന്നു റമ്പാച്ചൻ തിരിച്ചറിയുന്നത് (തനിക്കുവേണ്ടി മാത്രം ജീവിക്കുന്നവർ വെറും ചെറിയ മനുഷ്യർ. ദൈവരാജ്യത്തിനുവേണ്ടി കർമ്മരംഗങ്ങളിൽ കഴിയുന്നവർ എത്രയോ വലിയവർ എന്ന തത്വം ഇവിടെ പ്രസക്തമാണ്.).

എസ്.എസ്.എൽ.സി. 1955-ൽ പാസ്സായതിനുശേഷം പ്രാരബ്ധവും പ്രയാസങ്ങളും മാറ്റുന്നതിനുവേണ്ടി ഒരു ജോലി തേടി അലയുന്ന കാലത്ത് സ്വന്തം ഇടവകയിൽ നടത്തപ്പെട്ട കൺവൻഷൻ യോഗത്തിൽ എം. വി. ജോർജ്ജ് ശെമ്മാശന്റെ, പാറമടകളെ പിളർക്കുന്ന തമരുകൾ അടിച്ചു സൃഷ്ടിച്ച ആത്മിക വെടിയുണ്ടകൾ ഹൃദയങ്ങളിൽ തറച്ചു. ചെറുപ്പം മുതലെ അനാഥസംരക്ഷണ പ്രധാനമായ സേവനത്തിൽ അതിരറ്റ താൽപര്യം പ്രകടിപ്പിച്ച വയലത്തല കരിമ്പനേത്ത് ഫീലിപ്പോസ് ഇട്ടിയുടെയും ഏലിയാമ്മയുടെയും മൂത്തപുത്രനായി 1934 സെപ്റ്റംബർ 20-ന് ഭൂജാതനായ ജോയിക്കുട്ടിക്ക് പിന്നെ മറ്റൊന്നും ചിന്തിക്കേണ്ടി വന്നില്ല. അങ്ങനെ കർത്താവിന്റെ മുന്തിരിത്തോപ്പിലെ പണിക്കാരനായി സ്വയം സമർപ്പിച്ചു.

മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയത്തിൽ അംഗത്വം സ്വീകരിച്ചതിനുശേഷം അന്നു മുതൽ ഫിലിപ്പ് റമ്പാച്ചന്റെ ജൈത്രയാത്ര ഈ 83-ാം വയസ്സിലും അദ്ദേഹം തുടരുന്നു. സ്വപിതാവായ അബ്രഹാമിന്റെ കരംഗ്രഹിച്ചു വിശ്വാസത്തോടെ നടന്നുപോയ ഇസഹാക്കിനെപ്പോലെ, ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിന്റെ കൈപിടിച്ചുകൊണ്ടാണ് ജോയിക്കുട്ടി വയലത്തല മുതൽ മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം വരെ നടന്നുപോയത്. അന്നത്തെ വൻമഴ മൂലം നനഞ്ഞു രാത്രിയോടുകൂടിയേ സുവിശേഷാലയത്തിൽ എത്താൻ കഴിഞ്ഞുള്ളു. അന്ന് അതിന്റെ ചാർജ്ജ് വഹിച്ചിരുന്നത് പി. എം. തോമസ് അച്ചനായിരുന്നു. അച്ചൻ സുവിശേഷാലയത്തിന്റെ യഥാർത്ഥ ചിത്രം വരച്ചുകാട്ടി ജോയിക്കുട്ടിയെ വേദനിപ്പിച്ചു. ഇവിടെ പട്ടിണിയാണ്, മൂന്നു നേരം

കഴിക്കാൻ ആഹാരം ഇല്ല, പട്ടിണി കിടക്കാമെങ്കിൽ മാത്രം നിന്നാൽ മതി. അല്ലെങ്കിൽ രാവിലെ തന്നെ തിരിച്ചുപോകാം. കലപ്പയ്ക്ക് കൈവെച്ച തിനുശേഷം തിരിഞ്ഞു നോക്കുന്ന സ്വഭാവം കരിമ്പനേത്ത് കുടുംബ ക്കാർക്ക് ഇല്ലാത്തതുകൊണ്ട് ജോയിക്കുട്ടി ഇപ്രകാരം മറുപടി പറഞ്ഞു. “ഒന്നിച്ച് പാടാനും പ്രാർത്ഥിക്കാനുമുള്ള സൗകര്യം ഇവിടെ ഉണ്ടെങ്കിൽ ആ പട്ടിണി എനിക്കിഷ്ടമാണ്.”

ജോയിക്കുട്ടി വൈദികനായശേഷം ആദ്യത്തെ ഇടവക വികാരിയായി ഭിലായിക്ക് പോയി. അവിടെ വികാരിസ്ഥാനം ഏറ്റെടുത്തതു മുതലുള്ള സംഭവവികാസങ്ങൾ മുമ്പ് പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളിൽ ഉള്ള തിനാൽ അത് ആവർത്തിക്കുന്നില്ല. തോമസ് അച്ചൻ ആൻഡമാൻസിൽ പ്രവർത്തിക്കാൻ പോയതുകൊണ്ട് പുതുപ്പാടി ബാലഭവനത്തിന്റെ ചുമ തല ഫിലിപ്പ് അച്ചനു ഏറ്റെടുക്കേണ്ടി വന്നു. അന്നുമുതൽ വ്യത്യസ്ത മായവിധം വിശുദ്ധ സഭയുടെ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരി ക്കുന്ന ഫിലിപ്പ് റമ്പാച്ചനെപ്പറ്റി വിവരിക്കാൻ എന്റെ പേന അശക്തമാ ണ്. ഇന്നു റമ്പാച്ചൻ 9 സംസ്ഥാനങ്ങളിൽ പറന്നെത്തി ശക്തിയോടെ പ്രവർത്തിക്കുന്നു. അതിന്റെ കാരണങ്ങൾ 1. സഹപ്രവർത്തകരോടുള്ള അതുല്യ സ്നേഹം 2. സുവിശേഷവാഞ്ഛ, 3. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവരോടുള്ള ദീനാനുകമ്പ 4. സഭയ്ക്ക് വേണ്ടി എന്തെ ങ്കിലും നല്ലതു ചെയ്യണമെന്നുള്ള അതിയായ മോഹം. 5. നിസ്വാർത്ഥത യോടു കൂടിയുള്ള സേവനപ്രവർത്തനം. 6. കാര്യവിചാരകത്വത്തിലൂടെ യുള്ള മുൻ ചിന്ത. 7. വിശ്രമം ഇല്ലാത്ത പരിശ്രമം 8. ഏറ്റെടുത്ത കാര്യ ങ്ങൾ ഭംഗിയോടെ ചെയ്തു തീർക്കുവാനുള്ള ഇച്ഛ. 9. എല്ലാവരേയും യോജിപ്പിച്ചുകൊണ്ടുപോകുന്ന അസാധാരണ കഴിവ് 10. പ്രശ്നങ്ങൾ ബുദ്ധിപൂർവ്വം പരിഹരിക്കാനുള്ള പ്രത്യേക സിദ്ധി. 11. വ്യക്തികളെ സുവി ശേഷവേലയിലേയ്ക്ക് ആകർഷിക്കുവാനുള്ള കഴിവ്. 12. മിഷൻവേലയി ലുള്ള സത്യസന്ധത തുടങ്ങിയ സ്വഭാവവിശേഷങ്ങൾ ഫിലിപ്പ് റമ്പാ ച്ചന്റെ മിഷൻ പ്രവർത്തനശൈലിയിൽ ഉണ്ട്.

ഒരു ബ്രഹ്മചാരി അനുഷ്ഠിക്കേണ്ട എല്ലാ നിഷ്ഠകളും ഞാൻ റമ്പാ ച്ചനിൽ കാണുന്നു. എന്റെ 30 വർഷത്തെ പരിചയത്തിനിടയിൽ എനിക്ക് ഈ സൽസ്വഭാവഗുണങ്ങൾ നേരിട്ടു കാണാൻ സാധിച്ചിട്ടുണ്ട്. 1. ജീവി തത്തോടുള്ള സത്യസന്ധത. 2. കൃത്യനിഷ്ഠ. 3. പ്രാർത്ഥനാനിഷ്ഠ. 4. മോഹവിരക്തി. 5. ഭക്ഷണവിരക്തി. 6. കോപരാഹിത്യം. 7. ദൃഢവിശ്വാസം. 8. ദൃഢപ്രതിജ്ഞ. 9. ദൃഢനിശ്ചയം. 10. സ്നേഹാനുകമ്പ മുതലായ എല്ലാം ജീവിതത്തിൽ ഞാൻ ദർശിക്കുന്നു.

ആന്ധ്രായിലെ മച്ചലി പട്ടണത്തിലെ 1977-ലെ ദുരിതാശ്വാസ പ്രവർത്ത

നത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കുഷ്ഠരോഗികൾക്കുവേണ്ടി പ്രവർത്തിക്കാൻ ഇറങ്ങിത്തിരിച്ചതിന്റെ പ്രധാന കാരണം പുതുപ്പാടി സെന്റ് പോൾസ് ബാലഭവൻ അമരക്കാരനായി പി. എം. തോമസ് അച്ചൻ നയിക്കുമ്പോൾ അതേ അമരക്കാരനായ ഫിലിപ്പ് അച്ചന്റെ ചെറുപ്പം മുത ലുള്ള മനസ്സിന്റെ ആഗ്രഹവും ആന്ധ്രായുടെ ചേരിപ്രദേശങ്ങളിൽ കണ്ട കുഷ്ഠരോഗത്തിന്റെ ഭീകരതയുമാണ്. സഭ ഒരിക്കലും ഇറങ്ങി പ്രവർത്തി ക്കാൻ തയാറാകാത്ത ഒരു മേഖല. സഭയ്ക്ക് ദരിദ്രരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനം തീരെ ഇല്ലാത്ത കാലം. ഫിലിപ്പ് റമ്പാച്ചനെ ചില പിതാക്കന്മാർ ഈ സാഹസിക മിഷൻ പ്രവർത്തനത്തിൽ നിന്ന് പിന്തി രിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ധൈര്യപൂർവ്വം ഏലിയാവിന്റെ കൈപിടിച്ച് കുഷ്ഠരോഗികൾക്കുവേണ്ടിയുള്ള മിഷൻ ഏറ്റെടുക്കാൻ റമ്പാച്ചൻ യാച്ചാ രത്ത് എത്തി.

യാച്ചാരം ബാലഗ്രാമിന്റെ വളർച്ചയ്ക്ക് സഭാമക്കളുടെ കൈത്താങ്ങും കരുതലും ഫിലിപ്പ് റമ്പാച്ചൻ മനസ്സിലാക്കിയപ്പോൾ കൂടുതൽ പ്രവർത്തി ക്കാനുള്ള കരുത്തും ധൈര്യവും റമ്പാച്ചനിൽ വന്നുചേർന്നു. അതിന്റെ ഫലമായി ഇന്ന് ഈ സഭയ്ക്ക് അഭിമാനിക്കാവുന്ന രീതിയിൽ ആയിരം കോടിയിൽപരം രൂപായുടെ സ്വത്തും 9 സംസ്ഥാനങ്ങളിൽ മിഷൻ വേലയും ചാരിറ്റിപ്രവർത്തനവും നടക്കുന്നു. അതുകൊണ്ടാണ് മാർത്തോമ്മാ സഭയുടെ ജോസഫ് മാർ ഐറേനിയോസ് മെത്രാപ്പോ ലീത്താ യാച്ചാരം ബാലഗ്രാം സന്ദർശിച്ചപ്പോൾ ഫിലിപ്പ് അച്ചനെപ്പോലെ 10 ഫിലിപ്പ് അച്ചന്മാർ ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ടായിരുന്നുവെങ്കിൽ ഭാരതം മുഴുവൻ ഓർത്തഡോക്സ് സഭ വളർന്നു പന്തലിക്കുമായിരുന്നു എന്നു പറഞ്ഞത്. ഇത് ഒരു യാഥാർത്ഥ്യമല്ലേ? സഭാപിതാക്കന്മാർ ത്യാഗ പൂർവ്വം പ്രവർത്തിച്ചാലേ സഭ വളരുകയുള്ളു. അല്ലെങ്കിൽ കാലക്രമ ത്തിൽ ശക്തി ക്ഷയിച്ചു പൊതുജീവിത രംഗത്തുനിന്നു മറഞ്ഞുപോകും.

ഓർത്തഡോക്സ് സഭയിൽ പുതിയ തലമുറ ജനിക്കുന്നതിനേക്കാൾ കൂടുതൽ സഭാമക്കൾ മറ്റുള്ള സഭയിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്നതു കൊണ്ടും ജനനസംഖ്യ കുറയുന്നതുകൊണ്ടും ഓരോ വർഷവും സഭ യുടെ അംഗസംഖ്യയും കുറഞ്ഞു വരുന്നു. സഭാപിതാക്കന്മാർ കാര്യ മായി ചിന്തിക്കേണ്ട വസ്തുതയാണിത്. പെരുനാളും, കൂദാശയും, കല്യാ ണവും നടത്താനല്ല തോമാശ്ലീഹാ ഇന്ത്യയിൽ വന്നത്. കർത്താവിന്റെ സുവിശേഷം അറിയിക്കാനാണ്. ആ സുവിശേഷം ഓർത്തഡോക്സ് സഭയ്ക്ക് ഇല്ലെങ്കിൽ സഭ നിർജീവമാകും.

### 1. സഹപ്രവർത്തകരോടുള്ള സ്നേഹം

യുദ്ധം ജയിക്കുന്നതിനുവേണ്ടി പകൽക്കാലം മുഴുവൻ മോശയുടെ

കൈകൾക്കു യോശുവായും കാലേബും സ്വന്തം തോളിൽ താങ്ങ് കൊടുത്ത് കൈകൾ ഉയർത്തിപ്പിടിച്ചതുപോലെ പുതുപ്പാടി ആശ്രമത്തിലെ എല്ലാ വൈദികരും ബ്രദേഴ്സും ഫിലിപ്പ് റമ്പാച്ചന്റെ കൈകൾക്ക് കൈത്താങ്ങ് കൊടുക്കുന്നതുകൊണ്ടാണ് ഈ വിജയം. അവരിൽ പ്രധാനികൾ ജോർജ് മോടിയിൽ കോറെപ്പിസ്കോപ്പാ റമ്പാച്ചൻ, സിൽവാനോസ് റമ്പാച്ചൻ, തെയോഫാൻ റമ്പാച്ചൻ, തോമസുകുട്ടി അച്ചൻ, ബിജു അച്ചൻ, രാജു അച്ചൻ തുടങ്ങിയവരാണ്. ഇവരെല്ലാം ജീവനെ വെടിഞ്ഞും സുഖലോലുപതയും ആർഭാട ജീവിതവും വെടിഞ്ഞും സർവ്വസംഗപരിത്യാഗികളായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അവരുടെ വളർച്ചയിലും തളർച്ചയിലും അവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ടാണ് മറ്റുള്ള ആശ്രമങ്ങളെക്കാൾ പുതുപ്പാടി ആശ്രമം മുൻപന്തിയിൽ വളരുന്നതും സഹപ്രവർത്തകർ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതും ആശ്രമത്തിന്റെ നേതൃത്വത്തിൽ പല പ്രസ്ഥാനങ്ങൾ വളരുന്നതും റമ്പാച്ചന്റെ ഈ സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ്.

### 2. സുവിശേഷവാഞ്ഛ

ഓരോ സ്ഥാപനം തുടങ്ങുമ്പോൾ തന്നെ അടുത്തത് എന്താവണം എന്ന ചിന്തയാണ് ഫിലിപ്പ് റമ്പാച്ചനെ ഭരിക്കുന്നത്. ആരും കടന്നു ചെല്ലാത്ത മേഖലയിലേയ്ക്കാണ് റമ്പാച്ചന്റെ ചിന്ത പോകുന്നത്. അതിനുള്ള ഉദാഹരണമാണ് കുഷ്ഠരോഗികൾക്കുവേണ്ടിയും എയ്ഡ്സ് രോഗികൾക്കുവേണ്ടിയും പ്രസ്ഥാനങ്ങൾ ആരംഭിച്ചത്. റമ്പാച്ചൻ ഇപ്പോൾ ചിന്തിക്കുന്നത് അന്ധന്മാർക്കുവേണ്ടി ഒരു പ്രസ്ഥാനം തുടങ്ങണമെന്നാണ്. നമ്മുടെ വലിയനോമ്പിൽ ഗർബോ സണ്ടേ ആചരിക്കുന്നതുപോലെ വലിയ നോമ്പിലെ ആറാം ഞായറാഴ്ച ഒരു അന്ധൻ ഞായറാഴ്ചയായി ആചരിക്കണമെന്ന് വലിയ ആഗ്രഹം റമ്പാച്ചനിൽ ഉണ്ട്. അതിനുള്ള സ്ഥലവും പ്രവർത്തകരെയും കിട്ടാത്തതുകൊണ്ടാണ് ഇതുവരെയും നടക്കാഞ്ഞത്. ഏലിയാവിന്റെ കൈകൾക്ക് ശക്തി കൊടുത്ത ദൈവം ഇതിനും വേണ്ട ശക്തി റമ്പാച്ചനു നൽകുമെന്ന് വിശ്വസിക്കുന്നു.

### 3. സമൂഹത്തിൽ കഷ്ടപ്പെടുന്നവരോടുള്ള ദയാനുകമ്പ

ഫിലിപ്പ് റമ്പാച്ചൻ പൂനെയിലെ ബാലികാഗ്രാമിൽ നിന്ന് കേരളത്തിലേയ്ക്ക് ഒരുനാൾ തീവണ്ടി യാത്ര ചെയ്യുമ്പോൾ മന്ത്രാലയം റെയിൽവേ സ്റ്റേഷനിൽ വെച്ച് ഭിക്ഷയെടുക്കുന്നവരും തീവണ്ടിയുടെ തറ തുടച്ചു വൃത്തിയാക്കി ഭിക്ഷ ചോദിക്കുന്നതുമായ മൂന്നാല് കൊച്ചുകുട്ടികൾ റമ്പാച്ചന്റെ അരികിൽ വന്ന് ഭിക്ഷ ചോദിച്ചു. ആര് ഭിക്ഷ ചോദിച്ചാലും ഭിക്ഷ കൊടുക്കുന്ന റമ്പാച്ചൻ ഈ കുട്ടികൾക്ക് ഭിക്ഷ കൊടുക്കാതെ അവരെ

അരികിൽ ഇരുത്തി പാട്ട് പാടിപ്പിക്കുകയും കഥകൾ പറഞ്ഞുകൊടുക്കുകയും അവർക്ക് ഭക്ഷണം വാങ്ങി നൽകുകയും ചെയ്തു. അടുത്ത സ്റ്റേഷൻ വന്നപ്പോൾ ആ കുട്ടികൾ ഇറങ്ങിപ്പോയി. അവരുടെ മാതാപിതാക്കളെയും പരിചയക്കാരെയും കൂട്ടിക്കൊണ്ടുവന്ന് റമ്പാച്ചനെ പരിചയപ്പെടുത്തി സ്നേഹസംഭാഷണം തുടങ്ങി. അത് ഫിലിപ്പ് റമ്പാച്ചന് വലിയൊരു അനുഭവം ആയിരുന്നു. ഇതെല്ലാം നിരീക്ഷിച്ചുകൊണ്ടിരുന്ന ഒരുന്നത വ്യക്തി റമ്പാച്ചന്റെ അരികിൽ വന്നിരിക്കുകയും റമ്പാച്ചനെപ്പറ്റി കൂടുതൽ കാര്യങ്ങൾ ചോദിച്ചു അറിയുകയും ചെയ്തു. അദ്ദേഹം അവസാനം റമ്പാച്ചനോട് ഇപ്രകാരം പറഞ്ഞു. “ധാരാളം യാത്രകൾ അദ്ദേഹം ചെയ്തിട്ടുണ്ട്. ഒരിക്കൽപ്പോലും ഭിക്ഷക്കാരായ കുട്ടികളെ വിളിച്ച് അരികിൽ ഇരുത്തി താലോലിക്കുകയും ലാളിക്കുകയും ചെയ്യുന്നത് കണ്ടിട്ടില്ല. ഫാദർ ഒരു മഹനീയ വ്യക്തിത്വത്തിന്റെ ഉടമയും ദൈവിക ചൈതന്യത്തിന്റെ പ്രതീകവുമായ ഒരു വലിയ വ്യക്തിയാണെന്ന് ഞാൻ മനസ്സിലാക്കുന്നു.”

ഇതുപോലെ യാച്ചാരം ബാലഗ്രാമിനുവേണ്ടി ആരംഭകാലത്ത് കൂലിവേല ചെയ്ത രണ്ട് വ്യക്തികളായ രാമലു, ലക്ഷ്മൺ എന്നിവരെപ്പറ്റി പറയട്ടെ. ഇവർക്ക് സുഖമില്ലെന്ന് അറിഞ്ഞപ്പോൾ റമ്പാച്ചൻ അവരുടെ ഗ്രാമത്തിൽ പോയി അവരെ സന്ദർശിച്ചു. ഈ അടുത്ത കാലത്ത് ഇവർ റമ്പാച്ചനെ കണ്ടപ്പോൾ ഓടിവന്ന് റമ്പാച്ചന്റെ കാലിൽ കെട്ടിപ്പിടിക്കുകയും മതിമറന്നുള്ള സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. അവർ ചുറ്റും ഉള്ള അയൽവാസികളോട് ഇപ്രകാരം പറഞ്ഞു. “ഞങ്ങളുടെ ദൈവം വീട്ടിൽ വന്നു. ഈ ഫാദർ ദേവതുല്യനാണ്. 30 കൊല്ലങ്ങൾക്ക് മുമ്പ് ഞങ്ങൾക്ക് ആഹാരവും, പണവും, തുണിയും എല്ലാം തന്ന് സഹായിച്ച വലിയ മനുഷ്യനാണ്.” സ്വർഗ്ഗം താണിറങ്ങി വരുന്ന ഒരു അനുഭവം. ആ സമയത്ത് ഈ ലേഖകനും അരികിൽ ഉണ്ടായിരുന്നു.

### 4. സഭയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യണം

ഉപരിപഠനത്തിന് കെയ്റോയിലേക്ക് പോകാൻ തയാറെടുക്കുമ്പോഴാണ് ആന്ധ്രായുടെ തീരപ്രദേശത്ത് 1977-ൽ കൊടുങ്കാറ്റുനാശം വിതച്ചത്. ആയിരങ്ങൾ മരിച്ചു. ആ പ്രദേശത്ത് സഭ ആതുരസേവനം നടത്തുവാൻ തീരുമാനിച്ചു. പഠനത്തേക്കാൾ ആതുരസേവനം ആണ് കർത്താവിന്റെ രാജ്യത്ത് വലുത് എന്ന് മനസ്സിലാക്കിയ ഫിലിപ്പ് റമ്പാച്ചൻ കെയ്റോയിലേയ്ക്കുള്ള യാത്ര വേണ്ടെന്ന് വച്ച് മച്ചലി പട്ടണത്തിലേക്ക് യാത്ര തിരിച്ചു. അന്നു തുടങ്ങിയ പ്രവർത്തനങ്ങൾ സഭാ മിഷൻ പ്രസ്ഥാനവുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇന്ന് സഭയിൽ പുരോഹിതസ്ഥാനം ഏൽക്കുന്ന ചില വൈദികർ സ്വന്തം താൽപര്യങ്ങൾക്കും, സ്ഥാന

മാനങ്ങൾക്കും, അവിവാഹിതനെങ്കിൽ മെത്രാപ്പോലീത്താ സ്ഥാനത്തിനും വേണ്ടിയാണു ഈ സ്ഥാനങ്ങളിലേക്കു കടന്നുവരുന്നത്. ഇവിടെയാണു ഫിലിപ്പ് റമ്പാച്ചൻ മറ്റുള്ള വൈദികരിൽ നിന്ന് വ്യത്യസ്തനാകുന്നത്. 1985 ജൂൺ മുതൽ ഒരു നിഴൽപോലെ റമ്പാച്ചനോടൊപ്പം സഞ്ചരിച്ചിട്ടുള്ള ഈ ലേഖകന് റമ്പാച്ചനെപ്പറ്റി വളരെ അടുത്ത് അറിയാവുന്നതുകൊണ്ടാണ് ഇത്ര സുതാര്യമായി സംഭവങ്ങൾ വിശദീകരിക്കുന്നത്. ഫിലിപ്പ് റമ്പാച്ചന്റെ സ്നേഹിതർ മിഷൻവേലയ്ക്കുവേണ്ടി കോടികൾ ആണ് കൊടുത്തിട്ടുള്ളത്. അതിൽനിന്ന് ഒരു രൂപാ പോലും സ്വന്തം കാര്യത്തിന് ചെലവഴിക്കുകയില്ല. ബാലഗ്രാം കാര്യങ്ങൾക്കുവേണ്ടി റമ്പാച്ചനോടൊപ്പം പോയാൽ ഒരു ഗ്ലാസ്സ് നാരങ്ങാവെള്ളം പോലും വാങ്ങിത്തരാൻ റമ്പാച്ചൻ മടിക്കും. കാരണം പണം റമ്പാച്ചന്റേതല്ല. അതിൽ ഞാൻ പരിഭവിക്കാറുമില്ല. റമ്പാച്ചന്റെ സത്യസന്ധതയിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. കോടികൾ ഒരു ബാങ്ക് കാഷ്യറെപ്പോലെ കൊടുക്കുന്ന റമ്പാച്ചൻ ഒരിക്കൽ പൂനാ സെന്റ് ജോർജ് ബാലികാഗ്രാമിൽ നിന്ന് യാച്ചാരത്തേക്ക് പോകുന്നതിനുവേണ്ടി ട്രെയിനിൽ റിസർവേഷൻ ടിക്കറ്റ് എടുത്തു. എന്നാൽ വെയിറ്റിംഗ് ലിസ്റ്റ് ആയതിനാൽ ട്രെയിനിൽ സ്ലീപ്പർ ബർത്ത് ലഭിച്ചില്ല. ടോയ്ലറ്റിന്റെ സൈഡിൽ ന്യൂസ്പേപ്പർ വിരിച്ച് (ഇന്നത്തെ ചില പത്രങ്ങൾ അതിനേ കൊള്ളുകയുള്ളു) തറയിൽ കിടന്നുറങ്ങി നേരം വെളുപ്പിച്ചു. റമ്പാച്ചന് വേണമായിരുന്നുയെങ്കിൽ എയർ ടിക്കറ്റ് എടുത്ത് സുഖമായി പോകാമായിരുന്നു. ഓരോരുത്തരും കൊടുക്കുന്ന പണത്തിന്റെ മൂല്യം മനസ്സിലാക്കിയതുകൊണ്ടാണ് സുഖജീവിതം നയിക്കാത്തതും ഈ ലോകജീവിതത്തിൽ ഒന്നും ഇല്ലാത്തവനായി ഫിലിപ്പ് റമ്പാച്ചൻ മാറിയതും.

### 5. നിസ്വാർത്ഥ പ്രവർത്തനം

എല്ലാം സ്വന്തമായി പേര് എടുക്കാനുള്ള മോഹവും സഭയ്ക്ക് ബാദ്ധ്യത ഉണ്ടാക്കാനുള്ള വേലയുമായാണ് റമ്പാച്ചൻ ചെയ്യുന്നതെന്നു ചിലർ ദുർവ്യാഖ്യാനം ചെയ്യുമ്പോഴും വന്ദ്യ റമ്പാച്ചൻ നിസംഗതയോടെ കേട്ടുനിൽക്കും. ഈ അടുത്ത സമയത്ത് ഒരു വ്യക്തി രൂക്ഷമായി റമ്പാച്ചനെ നിന്ദ്യമായ വാക്കുകൾകൊണ്ട് അഭിഷേകം ചെയ്തു. ഒന്നും പ്രതികരിക്കാതെ, പീലാത്തോസിന്റെ മുമ്പിൽ യേശു സ്വീകരിച്ച പാതയാണ് ഫിലിപ്പ് റമ്പാച്ചൻ ഇങ്ങനെയുള്ള സമയങ്ങളിൽ മാതൃകയായി സ്വീകരിക്കുന്നത്.

### 6. വിശ്രമം ഇല്ലാത്ത പരിശ്രമം

1956 ജൂലൈ 2-നു വീട്ടിൽ നിന്ന് ഇറങ്ങിയ നാൾ മുതൽ ഇന്നയോളം വിശ്രമം എന്തെന്ന് അറിയാത്ത ഫിലിപ്പ് റമ്പാച്ചൻ 9 സംസ്ഥാനങ്ങളിലെ

പ്രസ്ഥാനങ്ങൾ ഭംഗിയാംവണ്ണം നടത്തുന്നതു കാണുമ്പോൾ മനസ്സിലാക്കാം റമ്പാച്ചന്റെ പരിശ്രമം എത്ര വലുതാണെന്ന്. ഇതിനുവേണ്ടി യാത്ര ചെയ്യുന്ന തീവണ്ടി യാത്രതന്നെ വലിയൊരു സാഹസികപ്രവൃത്തിയാണ്. ഓരോ പ്രസ്ഥാനത്തിന്റെ വർഷംതോറുമുള്ള പ്രോഗ്രാമിന്റെ കാര്യങ്ങളെപ്പറ്റി മാസങ്ങൾക്കു മുമ്പ് തന്നെ ചിന്തിച്ച് തീരുമാനമെടുക്കും. ആ പ്രോഗ്രാം തീരുന്നതുവരെ പ്രവർത്തനനിരതനായിരിക്കും. റമ്പാച്ചൻ വിശ്രമം എടുക്കുന്നത് രോഗിയായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോഴാണ്. റമ്പാച്ചന്റെ ഏറ്റവും വലിയ പ്രത്യേകത പ്രാർത്ഥിക്കാൻ നിൽക്കുമ്പോഴും വി. കുർബാന സമയത്തും അല്ലാതെ രാത്രിയുടെ ഏത് യാമത്തിൽപ്പോലും സെൽഫോണിൽ റമ്പാച്ചനെ വിളിച്ചാൽ രണ്ട് മൂന്ന് റിംഗിനുള്ളിൽ ഫോൺ അറ്റൻഡ് ചെയ്യും, കാര്യം അന്വേഷിക്കും.

### 7. എല്ലാം ഭംഗിയോടെ ചെയ്യാനുള്ള വ്യഗ്രത

ഫിലിപ്പ് റമ്പാച്ചൻ ആദ്യമായി ഏറ്റെടുത്ത ആതുരസേവനമാണ് മച്ചലിപട്ടണത്തെ പ്രളയദുരിത പ്രവർത്തനം. ഒറീസാ, ഗുജറാത്ത്, ഉത്തരകാശിയിലെ ഋഷികേശ് തുടങ്ങിയ പ്രദേശങ്ങളിൽ സഭയുടെ മിഷൻപ്രവർത്തനത്തിനു നേതൃത്വം വഹിച്ചത് ഫിലിപ്പ് റമ്പാച്ചൻ ആണ്. ഇവിടെയെല്ലാം സത്യസന്ധതയോടെ പ്രവർത്തിച്ചതിന്റെ അംഗീകാരവും സർട്ടിഫിക്കറ്റും ഗവണ്മെന്റ് തലത്തിൽ റമ്പാച്ചന് ലഭിച്ചിട്ടുണ്ട്. അങ്ങനെ ആദ്യം കിട്ടിയ അവാർഡ് ആണ് ആന്ധ്രായുടെ മുഖ്യമന്ത്രിയായിരുന്ന വിജയഭാസ്കര റെഡ്ഡിയിൽ നിന്ന് ലഭിച്ചത്. റമ്പാച്ചന്റെ ഒരു പ്രവർത്തനവും പരാജയപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് ബാംഗ്ലൂരിൽ സഭാമക്കൾ ചേർന്ന് രൂപീകരിച്ച സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ട്രിനിറ്റി സ്കൂളും സ്നേഹസദൻ നടത്തുന്ന വൃദ്ധഭവനവും ഫിലിപ്പ് റമ്പാച്ചനെ ഏൽപിക്കാൻ അതിന്റെ ഭരണസമിതികൾ തയ്യാറായത്.

### 9. എല്ലാവരേയും യോജിപ്പിച്ചു കൊണ്ടുപോകാനുള്ള കഴിവ്

വ്യത്യസ്ത കുടുംബ പശ്ചാത്തലത്തിൽ നിന്ന് വന്നുചേർന്നവർ ആണ് പുതുപ്പാടി ആശ്രമത്തിലെ ആശ്രമാംഗങ്ങൾ. ഇവരെല്ലാം ഓരോ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുന്നവരാണ്. ഓരോ പ്രസ്ഥാനത്തിലും പല പ്രശ്നങ്ങൾ ഉണ്ടാകാം. ഉണ്ടായാൽ അത് പരിഹരിക്കാനുള്ള കഴിവ് ഫിലിപ്പ് റമ്പാച്ചനുണ്ട്. റമ്പാച്ചനോടൊപ്പം ആര് പ്രവർത്തിച്ചാലും അവർ ഇണങ്ങിയാലും പിണങ്ങിയാലും റമ്പാച്ചൻ അവരോട് പിണങ്ങുകയില്ല. യാച്ചാരം ബാലഗ്രാമിന്റെ ആരംഭകാലത്ത് ഒരു സഭാ മാനേജിംഗ് കമ്മിറ്റി അംഗം റമ്പാച്ചന് എതിരേ ഒരു മെമ്മോറാണ്ടവുമായി പരിശുദ്ധ ബാവായെ കാണാൻ പോയി. അദ്ദേഹം തിരികെ വന്നപ്പോൾ ഈ വിവരം അറിഞ്ഞ റമ്പാച്ചൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി പ്രാർത്ഥിച്ചു. അതുപോലെ

മറ്റൊരു സ്നേഹിതൻ മേലിൽ എന്റെ വീട്ടിൽ കയറിപ്പോകരുതെന്ന് രേഖാമൂലം റമ്പാച്ചനെ അറിയിച്ചു. കത്ത് കിട്ടിയ പിറ്റേദിവസം എന്നെയും കൂട്ടിക്കൊണ്ട് ആ സ്നേഹിതന്റെ വീട്ടിൽ പോയി. ഇത് എന്തിനാണെന്ന് ചോദിച്ചപ്പോൾ എന്നോട് റമ്പാച്ചൻ പറഞ്ഞത്, “യേശു സ്നേഹിപ്പാനാണ് പഠിപ്പിച്ചത്, വെറുക്കാനല്ല.” ഞാൻ അവരുടെ തെറ്റുകളെ ക്ഷമിച്ച് അവരെ സ്നേഹിക്കുന്നില്ലായെങ്കിൽ ഈ ധരിച്ച കുപ്പായത്തിന് എന്ത് വില. പറന്നു പോകുന്ന കാക്കയെപ്പോലും ഒരിക്കൽ ആവശ്യം വരും. ഈ തത്വമാണ് ഫിലിപ്പ് റമ്പാച്ചന്റേത്. പുതുപുത്തൻ വീടിനെ അനുഗ്രഹിച്ചു അത്താഴം കഴിച്ചു. പത്തു പുത്തനുമായിട്ടാണ് റമ്പാച്ചൻ മടങ്ങിയത്.

### 9. പ്രശ്നപരിഹാരശേഷി

ഫിലിപ്പ് റമ്പാച്ചൻ പുതുപ്പാടി ആശ്രമത്തിന്റെ മാനേജരായിരിക്കുന്ന കാലം. പി. എം. തോമസച്ചൻ ആൻഡമാൻസിലെ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ആ കാലയളവിൽ പുതുപ്പാടി ആശ്രമത്തിലെ ഒരു ബ്രദർ മാവേലിക്കര സെന്റ് പോൾസിൽ സുവിശേഷവേലയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്ത് ഒരു കുറ്റം ചെയ്തു. ഈ വിവരം അറിഞ്ഞ ഒസ്താത്തിയോസ് തിരുമേനി ഫിലിപ്പ് അച്ചനെ വിവരം അറിയിച്ചു. ആ ബ്രദറിനെ ആശ്രമത്തിൽ നിന്ന് പുറത്താക്കാനുള്ള കത്തും അയച്ചുകൊടുത്തു. വളരെ ചെറുപ്പം ആയിരുന്ന ഫിലിപ്പ് അച്ചൻ തന്റെ ഗുരുവിന് ഇപ്രകാരം മറുപടി എഴുതി. ബ്രദർ ചെയ്ത കുറ്റത്തിന്റെ പ്രായശ്ചിത്തം ഏറ്റെടുത്ത് ഒരാഴ്ച ബ്രദറിനുവേണ്ടി ഞാൻ ഉപവസിച്ച് പ്രാർത്ഥിക്കുകയാണ്. ശിക്ഷിച്ച് പറഞ്ഞുവിടുന്നതിനേക്കാൾ നല്ലത് മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് ആണ് നല്ലതെന്ന് ഗുരുവിനെ അറിയിച്ചപ്പോൾ തിരുമേനിയും റമ്പാച്ചന്റെ ആ മറുപടിയിൽ വളരെ സന്തോഷവാനായി. തിരുമേനിക്ക് ഇങ്ങനെയൊരു ചിന്ത വന്നില്ലല്ലോയെന്ന് ഫിലിപ്പ് അച്ചനോട് പറയുകയും അച്ചനോടൊപ്പം തിരുമേനിയും ഒരാഴ്ച ഉപവസിക്കുകയും ചെയ്തു. അങ്ങനെ ഒരു വലിയ പ്രശ്നം ബുദ്ധിപൂർവ്വം റമ്പാച്ചൻ പരിഹരിച്ചു. അതുപോലെ യാച്ചാരത്തെ ജീപ്പ് ഇടിച്ച് ഹൈദരബാദ് സിറ്റിയിൽ വച്ച് ഒരു വൃദ്ധസ്ത്രീ മരിക്കാൻ കാരണമായി. ആ വൃദ്ധ ദൂരെനിന്ന് ജീപ്പ് കണ്ടിട്ടും കുറുകെ കടക്കാതെ ജീപ്പ് അടുത്തു വന്നപ്പോൾ റോഡിന് കുറുകെ ചാടി. അങ്ങനെയാണ് അപകടം സംഭവിച്ചത്. ഇതിന് ദൃക്സാക്ഷികൾ ഉണ്ടായിട്ടും തെറ്റ് വാഹനഉടമസ്ഥന്റെ പേരിൽ കേസ് ചാർജ് ചെയ്തു. നിർഭാഗ്യവശാൽ വണ്ടിയുടെ ഇൻഷുറൻസ് കാലാവധി ഒരാഴ്ച മുമ്പ് കഴിഞ്ഞിരുന്നു. അത് പുതുക്കാൻ സാധിച്ചില്ല. അതുകൊണ്ട് കേസിനുപോയാൽ ഗുരുതരമെന്ന് മനസ്സിലാക്കിയ റമ്പാച്ചൻ വൃദ്ധയുടെ മക്കളുമായി സ്വീകാര്യമായ ഒരു ഒത്തുതീർപ്പുണ്ടാക്കി പ്രശ്നം പരിഹരിച്ചു.

## 10. വ്യക്തികളെ ആകർഷിക്കാനുള്ള കഴിവ്

ഫിലിപ്പ് റമ്പാച്ചന് ഓർത്തഡോക്സ് സഭയിലും പുറത്തുമായി ആയിരക്കണക്കിന് ആളുകളുമായി വ്യക്തിപരമായ സ്നേഹബന്ധം ഉണ്ട്. ഇത്രയും വ്യക്തിപരമായ സ്നേഹബന്ധം പുലർത്തുന്ന ഓരോ സ്നേഹിതനും റമ്പാച്ചനെ ഏതെങ്കിലുംതരത്തിൽ സഹായിച്ചുകൊണ്ടിരിക്കും. സ്നേഹിതരുടെ കഴിവുകൾ മനസ്സിലാക്കി അത് അനുസരിച്ച് അവരെ റമ്പാച്ചൻ ആദായപ്പെടുത്തും. അതുകൊണ്ടാണ് റമ്പാച്ചൻ ആരെയും വെറുക്കാത്തത്. മിഷൻവേലയിൽ താൽപര്യം ഉള്ള സഭാമക്കൾ ഉണ്ടെങ്കിൽ അവർക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കും. അങ്ങനെ മിഷൻവേലയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടുപിടിക്കുന്നതിനുവേണ്ടിയാണ് കോട്ടയത്ത് തിരുവാതുക്കൽ എന്ന സ്ഥലത്ത് സിൽവാനോസ് റമ്പാച്ചന്റെ നേതൃത്വത്തിൽ സെന്റ് പോൾസ് ബാലഭവൻ ആരംഭിച്ചിരിക്കുന്നത്. ഇപ്പോൾ അവിടെ 10 കുട്ടികൾ കോളജിൽ പഠിക്കുന്നുണ്ട്. 10-ാം ക്ലാസ്സ് കഴിഞ്ഞവരും കോളജ് തലത്തിൽ പഠിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരും സഭാമക്കളുമായവരുടെ കുട്ടികൾക്ക് ആണ് അവിടെ പ്രവേശനം.

## 11. മിഷൻവേലയിലുള്ള സത്യസന്ധത

ഫിലിപ്പ് റമ്പാച്ചന്റെ ആദ്യത്തെ മിഷൻപ്രവർത്തനം മച്ചലി പട്ടണത്തെ ദുരിതാശ്വാസ പ്രദേശമായിരുന്നുയെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. അവിടെ സഭ ഏറ്റെടുത്ത ദൗത്യം രണ്ട് ഗ്രാമങ്ങൾ പുനരുദ്ധരിച്ച് വീടുകൾ പണിത് കൊടുക്കുകയെന്നതായിരുന്നു. അതിനുവേണ്ടിയാണ് ഫിലിപ്പ് അച്ചൻ അതിന്റെ നേതൃത്വം ഏറ്റെടുത്ത് അവിടെ ചെന്നത്. അവിടുത്തെ പണിയെല്ലാം പൂർത്തീകരിച്ച് ഗവണ്മെന്റിന് കൈമാറി. അതിന്റെ സർട്ടിഫിക്കറ്റും ലഭിച്ചു. അതിന്റെ വരവ് ചിലവ് കണക്കുകൾ സഭയെ ഏൽപിക്കണം. കണക്കുകൾ പരിശോധിച്ചപ്പോൾ 2500 രൂപായുടെ കുറവ് ഉണ്ട്. അതിന്റെ കണക്കുമായി ബന്ധപ്പെട്ട വ്യക്തി തിരിമറി നടത്തിയതിന്റെ പേരിലാണ് ഈ കുറവ് സംഭവിച്ചത്. ഉത്തരവാദിത്വം റമ്പാച്ചന് ആയിരുന്നതിനാൽ ഈ കുറവ് നികത്തുന്നതിനുവേണ്ടി സ്വന്തം പിതാവിൽ നിന്ന് 2500 രൂപ കടം വാങ്ങി പ്രശ്നം പരിഹരിച്ചു. ഈ സത്യസന്ധതയും ആത്മാർത്ഥതയും കൊണ്ടാണ് 1977 മുതൽ 2016 ജനുവരി വരെ ഏതാണ്ട് 25 അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തിയതും. വന്ദ്യ ഫിലിപ്പ് റമ്പാച്ചന്റെ ജീവചരിത്രവും റമ്പാച്ചൻ ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുടെ ചരിത്രവും പലർ എഴുതിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് കെ. വി. മാമ്മൻ എഴുതിയ *സ്നേഹത്തിന്റെ പാളങ്ങളിൽ* എന്നതാണ്. കൂടാതെ റമ്പാച്ചനെപ്പറ്റി മൂന്ന് ഭാഷകളിൽ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശരീരവും ആത്മാവും

എന്നപോലെ സുവിശേഷവും അനാഥസേവനവും ഒരുപോലെ നിർവഹിച്ച് മുമ്പോട്ടുപോകുന്നതിൽ ഫിലിപ്പ് റമ്പാച്ചന്റെ അസാദ്ധ്യകഴിവിനെപ്പറ്റി പ്രശംസിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഈ ലേഖനം വായിക്കുന്നവർ റമ്പാച്ചന്റെ ആയുസ്സിനും ആരോഗ്യത്തിനു വേണ്ടിയും പ്രാർത്ഥിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ ജീവിക്കുന്ന ഒരു കരവും ശബ്ദവുമായ ഫിലിപ്പ് റമ്പാച്ചന്റെ പാദാരവിന്ദങ്ങളിൽ സ്നേഹത്തിന്റെ ആയിരമായിരം റോസാപുഷ്പങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

**– കെ. ജി. അലക്സാണ്ടർ, ചന്ദനപ്പള്ളി**





**പ. ദിദിമോസ് പ്രഥമൻ ബാവായും മാർ ഒസ്താത്തിയോസും**



**പ. പൗലോസ് രണ്ടാമൻ ബാവായും മാർ ഒസ്താത്തിയോസും**


THERE BE LIGHT
മാതൃഭൂമി



# നാംസ് പ്രസ്ഥാനത്തിന്റെ ഉദയവും ഉയർച്ചയും

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു മിഷൻ സൊസൈറ്റിയും മിഷൻ ബോർഡും ഉണ്ടായത് 1980-ലാണ്. ഭാഗ്യസ്മരണാർഹനായ ഗീവ റുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെയാണ് മിഷൻ ബോർഡിന്റെ പ്രഥമ പ്രസിഡണ്ടായി സുന്നഹദോസ് നിയോഗിച്ചത്. 1981 മുതൽ തിരു മേനി പ്രസിഡണ്ട് സ്ഥാനം ഒഴിയുന്ന 2011 വരെ മിഷൻ സൊസൈറ്റി യുടെ ട്രഷററായി പ്രവർത്തിക്കാനുള്ള മഹാഭാഗ്യം ദൈവം എനിക്കു തന്നു. ഓരോ വിശ്വാസിയും ഒരു മിഷനറിയാണെന്നും, മിഷനറി പ്രവർ ത്തനം ഓരോരുത്തരുടെയും കടമയാണെന്നും ഒസ്താത്തിയോസ് തിരു മേനി ജനങ്ങളെ പ്രബോധിപ്പിച്ചു. തിരുമേനിയുടെ നിർദ്ദേശപ്രകാരം ഒരു ധ്യാനയോഗത്തിൽ പങ്കെടുക്കാൻ സുവിശേഷപ്രവർത്തനത്തിൽ താല്പ ര്യമുള്ള നൂറു പേർക്ക് കത്തയച്ചു. 1984 ഡിസംബർ 26 മുതൽ 28 വരെ മൂന്നു ദിവസം കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിൽ വച്ച് നടത്തുന്ന ധ്യാനയോഗത്തിൽ സംബന്ധിക്കണമെന്നായിരുന്നു കത്തിന്റെ ചുരുക്കം. അതനുസരിച്ച് 74 പേർ ധ്യാനയോഗത്തിൽ സംബ ന്ധിച്ചു. അനുഗ്രഹപ്രദമായ സമ്മേളനത്തിന്റെ സമാപനദിവസം വൈകിട്ട് 5 മണിക്ക് ബിഷപ്പ് പെക്കൻഹാം വാൽഷ് തിരുമേനിയുടെ കബറിനു ചുറ്റും എല്ലാവരും കൈ കോർത്തു നിന്നുകൊണ്ട് “ജീവിച്ചാലും മരി ച്ചാലും ദൈവം മാത്രം മതിയെനിക്ക്” എന്ന പാട്ടു പാടി, തങ്ങളെത്തന്നെ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. അഭിവന്ദ്യ തിരുമേനി ഈ പ്രസ്ഥാ നത്തിന് National Association for Mission Studies (NAMS) എന്നാണ് പേരെന്നും ഇതിന്റെ സെക്രട്ടറി ഡി. മാത്യു ആണെന്നും പ്രഖ്യാപിച്ചു. അങ്ങനെ മിഷൻ പഠനത്തിനായുള്ള ദേശീയ കൂട്ടായ്മ ഓർത്തഡോക്സ് സഭയിൽ രൂപംകൊണ്ടു.

ദൈവത്തിന്റെ വലിയ കൃപയാൽ ഈ പ്രസ്ഥാനം വേഗം വളർന്നു വികസിച്ചു. ആദ്യത്തെ സമ്മേളനത്തിൽ തിരുമേനിയുടെ താല്പര്യ പ്രകാരം പങ്കെടുപ്പിച്ച മൂന്ന് വൈദികസെമിനാരി വിദ്യാർത്ഥികൾ ഇന്നും അതിന്റെ നേതൃനിരയിലുണ്ട്. അവർ മൂന്നുപേരും വൈദികസെമിനാരി പ്രിൻസിപ്പൽമാരായി എന്നത് ഒരു ദൈവനിയോഗം തന്നെ. അവർ ഒ. തോമസച്ചൻ, ഫാ. റെജി മാത്യു, ഫാ. ബിജേഷ് ഫിലിപ്പ് എന്നിവരാണ്.

2009 ഡിസംബർ 28-ന് കോയമ്പത്തൂർ ക്രിസ്തുശിഷ്യ ആശ്രമത്തിൽ വച്ചുതന്നെ ഇരുപത്തഞ്ചാം വാർഷികം നടന്നു. 25 വർഷം അതിന്റെ സെക്രട്ടറിയായി പ്രവർത്തിപ്പാൻ എന്നെ ദൈവം ഉപയോഗിച്ചു എന്നത്

നന്ദിയോടെ ഓർക്കുന്നു. ഓർത്തഡോക്സ് സഭയുടെ മിഷൻ കേന്ദ്രങ്ങൾ എല്ലാം സന്ദർശിക്കുന്നതിനും പലയിടത്തും സമ്മേളനങ്ങൾ നടത്തുന്നതിനും സാധിച്ചു. ഒസ്താത്തിയോസ് തിരുമേനിയുടെ പുസ്തകങ്ങൾ തന്നെ പല സമ്മേളനങ്ങളിലും പഠനവിഷയമായിരുന്നു. തിരുമേനിയുടെ സാന്നിധ്യവും പ്രാർത്ഥനയും ശക്തമായ പ്രബോധനങ്ങളും ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് മുഖ്യ കാരണമായി.

വളരെ ലളിതമായ മൂന്നു കാര്യങ്ങൾ മാത്രമേ തിരുമേനി ആവശ്യപ്പെട്ടുള്ളു. ഒന്നാമതായി, എല്ലാ ദിവസവും കൃത്യസമയത്ത് സഭയ്ക്കുവേണ്ടിയും, മിഷൻ പ്രവർത്തനത്തിനുവേണ്ടിയും എല്ലാ കുടുംബങ്ങളിലും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തണം. രണ്ടാമതായി, വരുമാനത്തിന്റെ ദശാംശം കൃത്യമായി മാറ്റിവെച്ച് ദൈവവേലയ്ക്കായി കൊടുക്കണം. മൂന്നാമത്, മുടങ്ങാതെ സമ്മേളനങ്ങളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം. ഇത് ഒരു കുടുംബകൂട്ടായ്മയായി വളർന്നു. അന്യോന്യം സ്നേഹിക്കാനും, സഹകരിക്കാനും ഓർത്ത് പ്രാർത്ഥിക്കുവാനും എല്ലാവരും ശ്രദ്ധിക്കുന്നു.

'ലോകത്തിന്റെ അറ്റത്തോളം നിങ്ങൾ എന്റെ സാക്ഷികൾ ആകണം' എന്ന കർത്താവിന്റെ നിയോഗം ഗൗരവമായി കണക്കിലെടുത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്ക് വെളിയിൽ വിശുദ്ധനാട്ടിലും സമ്മേളനങ്ങൾ നടത്തുവാൻ ദൈവം സഹായിച്ചു. സമ്മേളനങ്ങളെ അടിസ്ഥാനപ്പെടുത്തി 'സമാധാനത്താലെ പോകുക', 'സുവിശേഷകന്റെ പ്രവൃത്തി ചെയ്യുക', 'നീതിശാസ്ത്രം' എന്ന് മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. വിശുദ്ധനാട്ടിലെ സമ്മേളനം 9 ദിവസം ആയിരുന്നു. 35 ആളുകൾ പങ്കെടുത്തു. അതിന്റെ ശേഷം പ്രസിദ്ധീകരിച്ച "The Foot Prints" എന്ന പുസ്തകം (തിരുവല്ല സി.എസ്.എസ്. പ്രസിദ്ധീകരിച്ചു) ഇന്നും വിശുദ്ധനാട് സന്ദർശിക്കുന്ന ധാരാളംപേർ ഇത് ഉപയോഗിക്കുന്നുണ്ട്. ബ്രഹ്മവാറിൽ ഒരു സമ്മേളനവും അതിന്റെ ശേഷം, ഗോവയിൽ ഒരു സമ്മേളനവും നടന്നു. അതിന്റെ ഫലമായിട്ടാണ് "അൽവാറീസ് മാർ യൂലിയോസ് ഗോവയിലെ രക്തസാക്ഷി" എന്ന പുസ്തകം പ്രസിദ്ധീകരിക്കാൻ ഇടയായത്. നാംസ് മീറ്റിംഗുകളിൽ ക്ലാസ്സ് എടുക്കുന്നതിനുവേണ്ടി "പ്രസംഗ സഹായി" എന്ന പേരിൽ ഒരു പുസ്തകത്തിന്റെ മൂന്ന് വാല്യം പ്രസിദ്ധീകരിച്ചു. അത് പല യൂണിറ്റുകൾ അനുഗ്രഹപ്രദമായി ഉപയോഗിച്ചു.

2006 മെയ് മാസത്തിൽ ബാംഗ്ലൂർ ദയാ ഭവനിൽ നടന്ന കോൺഫ്രൻസിൽ ഒരു പുതിയ പരിപാടി ആരംഭിച്ചു. നാംസ് സമ്മേളനത്തിന്റെ സമാപനത്തിൽ ദയാ ഭവന്റെ ഉദ്ഘാടനം നടക്കുകയാണ്. എന്നാൽ ദയാ

ഭവന് സ്വന്തമായി ഒരു ആംബുലൻസ് ഇല്ലാത്തതുകൊണ്ട്, മന്ത്രി ഉദ്ഘാടനത്തിന് സംബന്ധിക്കുകയില്ല എന്നറിയിച്ചു. ഉടനെതന്നെ ആംബുലൻസ് വാങ്ങുന്നതിന് മൂന്നേമുക്കാൽ ലക്ഷം രൂപാ കൊടുക്കണമെന്നും, അത് നാംസ് അംഗങ്ങൾ മാസം 100 രൂപാ വീതം തവണകളായി അടയ്ക്കാമെന്നും തീരുമാനിച്ചു. ഉടനെതന്നെ ആംബുലൻസ് വാങ്ങുന്നതിനും മന്ത്രി വന്ന് ഉദ്ഘാടനം നടത്തുന്നതിനും ദൈവം സഹായിച്ചു. ആ പദ്ധതിക്ക് തിരുമേനി കൊടുത്ത പേരാണ് "Monthly Investment for Mission Organization" (MIFMO). എല്ലാ അംഗങ്ങളും നന്നായി സഹകരിച്ചു. രണ്ടു വർഷത്തിനു മുമ്പ് തന്നെ ആ കടം വീട്ടി. പിന്നീട് ഏകദേശം പതിനഞ്ചു ലക്ഷം രൂപാ 'MIFMO'യിൽ നിന്നും പിരിഞ്ഞു കിട്ടി. പല ആതുരസേവന സ്ഥാപനങ്ങളെയും സഹായിക്കാനും ആൻഡമാൻസ് മിഷന്റെ പ്രവർത്തനത്തിനും ഈ തുക സഹായിച്ചു. ഇപ്പോൾ കുറേക്കൂടി ഉത്സാഹമായി ഈ പ്രതിമാസ പിരിവ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

വരുന്ന തലമുറയെ മുന്നിൽ കണ്ടുകൊണ്ട് തിരുമേനി ആരംഭിച്ച ജൂണിയർ നാംസിന്റെ പ്രവർത്തനവും അനുഗ്രഹപ്രദമായി വളർന്നു. 10 മുതൽ 15 വയസ്സു വരെയുള്ള ബാലികാബാലന്മാരെ പങ്കെടുപ്പിക്കുന്ന വാർഷിക സമ്മേളനങ്ങൾ ഇപ്പോൾ പല സ്ഥലത്തും നടക്കുന്നുണ്ട്. ബാലികാബാലന്മാരെ പാട്ട്, പ്രാർത്ഥന, ആരാധന, വേദപുസ്തകം എന്നിവയെക്കുറിച്ച് പഠിപ്പിക്കുവാനും ചിട്ടയായ ഒരു ജീവിതക്രമം പരിശീലിപ്പിക്കുവാനും, നന്നായി കുമ്പസാരിക്കുവാനും ഒരുക്കത്തോടെ വിശുദ്ധ കുർബാന അനുഭവിക്കുവാനും പരിശീലിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും നാംസ് പ്രസ്ഥാനത്തെക്കുറിച്ചും പഠിക്കുന്നതുകൊണ്ട് ഭാവിയിൽ അവർ സഭയുടെ നല്ല മക്കളായി വളരാൻ അവരെ സഹായിക്കുന്നു. ജൂണിയർ നാംസിന്റെ പ്രവർത്തനം കുറെ കേന്ദ്രങ്ങളിൽ കൂടി നടത്തുവാൻ ആലോചിച്ചുകൊണ്ടിരിക്കുന്നു.

ഭാരതത്തിന്റെ പല ഭാഗത്തുമുള്ള ഓർത്തഡോക്സ് സഭയുടെ ആതുര - അനാഥ സേവനകേന്ദ്രങ്ങളെ സഹായിക്കുവാൻ നാംസ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മാത്രമല്ല അവിടെ ആവശ്യമുള്ള പ്രവർത്തകരെ കണ്ടെത്തുവാനും പ്രാർത്ഥിക്കുകയും സഹായിക്കുകയും വേണം.

നാംസിലെ ഓരോ യൂണിറ്റിലും ആതുരസേവന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആ പ്രദേശത്തുള്ള ദാരിദ്ര്യത്തിലും രോഗത്തിലും കഴിയുന്ന സാധുക്കളെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ മരുന്നുകളും ഭക്ഷണസാധനങ്ങളും വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള

MGRC യിൽ നടക്കുന്ന ക്ഷേമപദ്ധതിയാണ് പലരും മാതൃകയായി സ്വീകരിച്ചത്. ആറ് ഗ്രാമത്തിലായി 230 അശരണരായ രോഗികളെ കണ്ടുപിടിച്ച് പ്രത്യേകിച്ചും അംഗവൈകല്യമുള്ളവരെ ആശുപത്രിയിൽ കൊണ്ടുപോയി കാണിച്ച് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ വാങ്ങി കൊടുക്കുകയും അവർക്ക് തുടർ ചികിത്സ നടത്തുകയും ചെയ്യുന്നു. പട്ടിണിയിൽ കഴിയുന്ന 40 ഭവനങ്ങളിൽ ഭക്ഷണം പാകംചെയ്യാനുള്ള സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നു. വലിയ സാമ്പത്തിക ബുദ്ധിമുട്ടിലുള്ളവരും പഠിക്കാൻ സമർത്ഥരുമായ 120 കുട്ടികളുടെ മുഴുവൻ വിദ്യാഭ്യാസ ചിലവും വഹിക്കുന്നു. അവരവരുടെ സാമ്പത്തികശേഷിയനുസരിച്ച് ഓരോ യൂണിറ്റിലും പ്രവർത്തനങ്ങൾ ക്രമീകരിച്ചു ദൈവസ്നേഹം എന്തെന്ന് മറ്റുള്ളവർക്കു കാണിച്ചുകൊടുക്കണം.

'ഈ ചെറിയവരിൽ ഒരുവന് ചെയ്തത് എനിക്ക് ചെയ്തത്' എന്ന കർത്താവിന്റെ കല്പന നന്നായി മനസ്സിലാക്കി സമൂഹത്തിലെ ചെറിയവരെ, അവഗണിക്കപ്പെട്ടവരെ, ആരും സഹായത്തിന് ഇല്ലാത്തവരെ കണ്ടുപിടിച്ച് അവരെ സഹായിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. സ്നേഹത്തിന്റെ പങ്കിടീൽ ദൈനംദിനജീവിതത്തിൽ പ്രായോഗികമായി നാം കാണിക്കണം എന്നാണല്ലോ ദീർഘകാലം ഒസ്താത്തിയോസ് തിരുമേനി നമ്മെ പഠിപ്പിച്ചത്. ഇതു ഫലപ്രാപ്തിയിൽ എത്തുമ്പോൾ തിരുമേനിയുടെ ആത്മാവ് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷിക്കും.

മീറ്റിംഗുകൾ കാര്യമായി നടത്തുകയും, ദൈനംദിനമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന മുടക്കം കൂടാതെ നിർവഹിക്കുകയും ദശാംശം മാറ്റിവച്ച് മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുമ്പോൾ നമുക്ക് അതിൽനിന്ന് ലഭിക്കുന്ന ആത്മസന്തോഷം അവർണനീയമാണ്. നാംസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി മുന്നേറുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഭാഗ്യസ്മരണാർഹനായ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രാർത്ഥന എന്നും നമുക്ക് തുണയായിരിക്കട്ടെ.

**– പ്രൊഫ. ഡി. മാത്യു**



# ഐ നാംസ്
# സുവിശേഷത്തിന്റെ സഹബദ്ധർ

2016 പുതുവർഷപ്പുലരി സ്തോഭജനകമായ വാർത്തകളുമായാണ് വന്നണഞ്ഞത്.

മതം മനുഷ്യനൊരു വിനയാകുന്ന വർത്തമാനകാലം. മതസൗഹൃദ ത്തിന്റെ സംഗമ ഭൂമിയായ ഭാരതം, ആക്രമണാത്മക മതാത്മകതയ്ക്ക് വഴിമാറുന്ന ഹൃദയഭേദകമായ കാഴ്ച. ഒരു പുറത്ത്, ഇസ്ലാമിക സ്റ്റേറ്റ് ഭീകരർ ലോകമെമ്പാടും ഹിംസ വിതറുന്നു. മറുപുറത്ത്, വർഗ്ഗീയ ധ്രുവീ കരണത്തിന്റെ രാഷ്ട്രീയ ഫോർമുലകൾ, ആക്രമണാത്മക ഹിന്ദുത്വ ത്തിന് കോപ്പുകൂട്ടുന്നു. ഇനിയൊരു നൊമ്പരംകൂടിയുണ്ട് -തന്ത്രപ്രധാ നമായ പത്താൻകോട് വ്യോമസേനാ താവളത്തിന്റെ രഹസ്യങ്ങൾ പാക് ഭീകര സംഘടനയ്ക്കു കൈമാറിയത് ഒരു മലയാളി ഓഫീസർ (കെ. കെ. രഞ്ജിത്ത്) ആണ്. ഭീകരന്റെ മൃതദേഹത്തിലെ ഗ്രനേഡ് നിർവീ ര്യമാക്കുമ്പോഴുണ്ടായ ഉഗ്രസ്ഫോടനത്തിൽ ജീവൻ ഹോമിച്ചതും ഒരു മലയാളി ഓഫീസറാണ്. ദേശീയ സുരക്ഷാ സേനയിലെ ഒരു മല യാളി ഇ.കെ. നിരഞ്ജൻ. മനുഷ്യസ്നേഹവും രാജ്യസ്നേഹവും പൊയ്പോയ കാലം. കാണപ്പെട്ട സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവൻ, കാണ പ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കും. ഒരു സങ്കടക്കടലിലാണ്, ഇന്ന്, ഇന്ത്യാമഹാരാജ്യം.

ഇത്തരുണത്തിൽ, വിശ്വമാനവികതയുടെ, സ്നേഹത്തിന്റെ, സാഹോ ദര്യത്തിന്റെ, അഹിംസയുടെ മൂല്യങ്ങളുണർത്തി, മതങ്ങൾക്കും പ്രത്യ യശാസ്ത്രങ്ങൾക്കും അതീതമായി മനുഷ്യബന്ധങ്ങളെ മാനിക്കുന്ന, സ്നേഹം പങ്കുവെക്കുന്ന. ഐ നാംസിന്റെ 'പങ്കുവയ്ക്കലിന്റെ കഥ' അത്യ ന്തം ഹൃദയാവർജ്ജകമാണ്.

**നാംസിന്റെ ഒന്നാം ഘട്ടം:** നാംസിന്റെ സുവിശേഷത്തിന്റെ കഥ, രണ്ട് ഘട്ടങ്ങളായി നമുക്ക് കാണാം. ഒന്നാം ഘട്ടം മിഷൻ പഠനം. ഇത് ഒരു ബോധവൽക്കരണ കാലമായിരുന്നു. 'പാവങ്ങളുടെ അപ്പൊസ്ത ലൻ' എന്നറിയപ്പെടുന്ന ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് (1984) നട്ടുനനച്ച് വളർത്തിയ ഒരത്മായ-സ്നേഹ സുവിശേഷ കുടുംബക്കൂട്ടാ യ്മയാണ് 'ഐ നാംസ്.' **സർവ്വ സൃഷ്ടിക്കും സ്നേഹം, സദ് വാർത്ത എന്നതാണ് നാംസിന്റെ ലക്ഷ്യം.** രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഭൂമി യിൽ ജീവിച്ച യേശുക്രിസ്തു പുലർത്തിയ 'ഉപാധിയില്ലാത്ത സ്നേഹം (unconditional love) സമസൃഷ്ടങ്ങൾക്ക് **പങ്കുവയ്ക്കുന്നതാണ് നാംസിന്റെ മാർഗ്ഗം.**

ഒന്നാം ഘട്ടത്തിൽ നാംസ് മുഖ്യമായും **ഒരു പഠന കൂട്ടായ്മ ആയി രുന്നു** (Study group). സുവിശേഷത്തിന്റെ മർമ്മം തേടിയുള്ള യാത്ര യായിരുന്നു, ഈ കാലം. ഇതുവരെ, സഭയുടെ വിവിധ മിഷൻ കേന്ദ്ര ങ്ങളിൽ അരങ്ങേറിയ 64 ഐ നാംസ് കോൺഫറൻസുകളിലും, മിഷൻ ആയിരുന്നു പഠന വിഷയം.

സമീപകാലത്ത് ഫ്രാൻസിസ് മാർപാപ്പ, ക്രിസ്തീയ സഭയോടായി വിപ്ലവാത്മകമായ ഒരു ആഹ്വാനം നടത്തി 'മതപരിവർത്തനം അവസാ നിപ്പിക്കൂ..' ഈ ആഹ്വാനം മൂന്നു പതിറ്റാണ്ട് മുമ്പെങ്കിലും മാർ ഒസ്താ ത്തിയോസ് വിളംബരം ചെയ്തു: "മതപരിവർത്തനമല്ല; മനപരിവർത്ത നമാണ്" സുവിശേഷത്തിന്റെ അകപ്പൊരുൾ. "മതബഹുലത നില നിൽക്കുന്ന ഭാരതത്തിൽ, ക്രിസ്തുവിന്റെ സ്നേഹം പങ്കിടുന്നതാണ് മിഷൻ." എല്ലാവരും സ്നേഹത്തോടെ വസിക്കുന്ന ദൈവരാജ്യവ്യവസ്ഥി തിയാണ് അതിന്റെ ആത്യന്തിക ലക്ഷ്യം. സമകാലിക സമൂഹത്തിന് ക്രിസ്തുസ്നേഹത്തിലധിഷ്ഠിതമായ ഒരു പുതിയ മിഷൻ ദർശനം നൽകുകയായിരുന്നു അദ്ദേഹം. **സാമൂഹികസേവനത്തിൽ അധിഷ്ഠി തമായ ഒരു മിഷൻ ദർശനം**.

ഈ ആത്മാന്വേഷണപാതയിൽ, മാർ ഓസ്താത്തിയോസിന്റെ 64 ഗ്രന്ഥങ്ങളാണ് പിറന്നു വീണത്. New Life in old Church (1963), Theology of Earliest Society (1979), Sin of Being Rich in a Poor World (2003), Sharing God & Sharing World (1999), ദൈവം ഉണ്ടെന്ന് തെളി യിക്കാമോ? (1968), സുവിശേഷവും സ്ഥിതിസമത്വവും (1989), വർഗ്ഗ രഹിത സമൂഹം (1990), മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം (1999) ഈ കൃതികളെല്ലാം, ക്രിസ്തു അനുഷ്ഠിച്ച സുവിശേ ഷത്തിന്റെ മർമ്മം തേടിയുള്ള അന്വേഷണമായിരുന്നു. ഈ ഗ്രന്ഥങ്ങളാ യിരുന്നു കോൺഫ്രൻസിന്റെ പഠന പാഠങ്ങൾ. സ്നേഹത്തിന്റെ ഏക മതം എന്ന പുസ്തകത്തിന്റെ പുറംചട്ടയിലെ ചിത്രങ്ങൾ വിപ്ലവകരമാണ്.

2012 ഫെബ്രുവരി 16-ന് അഭി. ഒസ്താത്തിയോസ് പിതൃസന്നിധിയി ലേക്ക് മടക്കയാത്രയായി. നിത്യതയിൽ ലയിച്ചു. അദ്ദേഹത്തിന്റെ ശിഷ്യർ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാൻ എന്നിവർ ഈ പാത യിൽ ഐ നാംസിന്റെ സാരഥികളായ് അതിനെ നയിക്കുന്നു. 94 വർഷത്തെ അദ്ദേഹത്തിന്റെ ജീവിതം ഒരു സത്യാന്വേഷണ പരീക്ഷണ മായിരുന്നു. കാവി ധരിച്ച ഈ സന്ന്യസ്തന്റെ പരീക്ഷണശാല തന്റെ ആശ്രമവും, മലങ്കരസഭയുടെ സുവിശേഷരംഗവുമായിരുന്നു. താൻ പ്രസംഗിച്ചതും എഴുതിയതുമെല്ലാം അദ്ദേഹം പ്രാവർത്തികമാക്കി.

ദേശമെമ്പാടും അദ്ദേഹം ബാല-ബാലികാ ഭവനങ്ങൾ ഉയർത്തി. അനാഥരായ കുട്ടികളെ ദത്തെടുത്തു വളർത്തി. അവർക്ക് വിദ്യഭ്യാസം നൽകി സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ ഡോക്ടേഴ്സ്, എൻജിനിയേഴ്സ്, ടീച്ചേഴ്സ്, ഫാർമേഴ്സ് ആയി അവരിന്നു പുലരുന്നു. പ്രായമായി നിരാലംബരായി കഴിഞ്ഞ വൃദ്ധജനങ്ങൾക്കായി അദ്ദേഹം ഭവനങ്ങൾ ഒരുക്കി. എയ്ഡ്സ് രോഗികളെ, കുഷ്ഠരോഗികളെ, ആദിവാസികളെ കുടിയിരുത്തി. അനേകം സാമൂഹികക്ഷേമ കേന്ദ്രങ്ങളുയർത്തി. അശരണർക്കായി അദ്ദേഹം ഉയർത്തിയ ആശ്രയകേന്ദ്രങ്ങൾ, മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ കേന്ദ്രങ്ങളായി പരിലസിക്കുന്നു.

**നാംസിന്റെ രണ്ടാം ഘട്ടം:** ഈ വന്ദ്യപിതാവ്, ബാക്കിവച്ചുപോയ സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ് ഐ നാംസിന്റെ കർമ്മ പദ്ധതികൾ. ജീവിതത്തിന്റെ അന്ത്യനാളുകളിലും പുതിയ പദ്ധതികൾ സ്വപ്നം കണ്ട ദാർശനികനാണ് മാർ ഒസ്താത്തിയോസ്.

അഗതികളെ കുടിപാർപ്പിക്കാനും (പുനരധിവാസം) ബദ്ധരെ വിടുവിക്കാനും, സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ 'പങ്കുവയ്ക്കുന്ന ഒരു സമൂഹം, ആദിമസഭയിലെന്നപോലെ സൃഷ്ടിക്കാനും ഒരു പുരുഷായുസ് മുഴുവൻ യത്നിച്ച സന്ന്യസ്തനാണ് അദ്ദേഹം. 2011 സെപ്തംബർ മാസത്തിൽ മരണം പടിവാതിലിൽ വന്നു മുട്ടിവിളിക്കുമ്പോഴും – നാംസിന്റെ ഒരു ആലോചനായോഗം നടത്താനദ്ദേഹം ശ്രമിച്ചു. "ഇനി, ഐ നാംസ്അതിന്റെ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കണം" എന്നദ്ദേഹം നിഷ്കർഷിച്ചു. മാർ ഒസ്താത്തിയോസിന്റെ നിർദ്ദേശപ്രകാരം സുവിശേഷത്തിന്റെ ജീവകാരുണ്യ സേവന പാതയിൽ ഐ നാംസ് പ്രതിഷ്ഠിക്കപ്പെട്ടു. ഐ നാംസ് മിഷന്റെ കർമ്മ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. കൂടുതൽ കുടുംബങ്ങളെ ദത്തെടുത്തു. വിദ്യാഭ്യാസ, പാർപ്പിട, ജീവകാരുണ്യ സന്നാഹങ്ങളൊരുക്കി പ്രവർത്തനപന്ഥാവിലായി. ഒരു വർഷത്തിൽ രണ്ടുതവണ (ക്രിസ്തുമസ് സ്നേഹക്കൂട്ടായ്മ, മിഡ് സമ്മർ സ്നേഹക്കൂട്ടായ്മ) ഈ പദ്ധതികളുടെ സ്വീകർത്താക്കളെ നമ്മുടെ മിഷൻ കേന്ദ്രങ്ങളിലോ, പള്ളിയിടങ്ങളിലോ കൂട്ടിവരുത്തി സ്നേഹ സംവാദങ്ങളൊരുക്കി. കാലം കഴിയുംതോറും അവരുടെ കൂടുതൽ ആവശ്യങ്ങളിൽ സഹായമെത്തിക്കുന്ന വൈവിദ്ധ്യമുള്ള പുതുപദ്ധതികൾ ആവിഷ്കരിച്ചു. ഈ പദ്ധതികളുടെ ബോധവത്കരണകാലം (ഒന്നാം ഘട്ടം) പിന്നിട്ട് ഐ നാംസ് പ്രവർത്തന മേഖലയിലേക്ക് കടന്നു. കർമ്മ മേഖലയിൽ ഐ നാംസ് ആധാരവാക്യമായി സ്വീകരിച്ചിട്ടുള്ളത് 'എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷിപ്പാൻ തന്നു...' (വി. മത്തായി 25:35)'പിന്നാമ്പുറങ്ങളിലെ ഇരുളടഞ്ഞ വീഥികളിൽ കഴിയുന്ന സമസൃഷ്ടങ്ങൾക്കു പ്രത്യാശയുടെ തിരിനാളമായിത്തീരണം. തങ്ങളാൽ

കഴിയുന്ന സഹായങ്ങൾ എത്തിക്കണം. പങ്കുവയ്പിന്റെ പ്രചാരകരാകണം.

എല്ലാവരും ഒന്നിച്ചുവസിക്കുന്ന ആശ്രയസങ്കേതങ്ങൾ (സായാഹ്നഭവനങ്ങൾ) ഉയർത്തുന്ന ബൃഹത് പദ്ധതികളല്ല നാംസ് വിഭാവനം ചെയ്യുന്നത്. അവരുടെ എളിയ പാർപ്പിടങ്ങളിൽ അവരെ പുനരധിവസിപ്പിക്കുന്ന, അവർക്ക് സഹായം എത്തിച്ചുകൊടുക്കുന്ന, Domestic Rehabilitation Programme ആണ് വിവക്ഷിക്കുന്നത്. ഈ പുനരധിവാസത്തിന് 'അൻപു സ്നേഹകൂട്ടായ്മ' എന്നു നമുക്ക് വിളിക്കാം.

ഇതിൻപ്രകാരം നാളിതുവരെ, സുവിശേഷരംഗത്ത് വൈവിധ്യമുള്ള 15 പദ്ധതികളാണ്, വിവിധ യൂണിറ്റുകൾ (അവരവരുടെ ഇടങ്ങളിൽ) നാടെമ്പാടും നടത്തി വരുന്നത്.

i. അന്നം പ്രോജക്ട് (ഭക്ഷ്യം പങ്കുവെയ്ക്കുന്ന പദ്ധതി)
ii. അതിജീവനം (ചെറിയ തൊഴിലുകൾ, സ്ഥിര വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിച്ച് നല്കുന്നത്)
iii. വിദ്യ (ദത്തെടുത്ത ഭവനങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം)
iv. പെൻഷൻ പദ്ധതി (വരുമാനമില്ലാത്തവർക്ക് ചെറിയ സ്ഥിര വരുമാനം)
v. പാർപ്പിടം പദ്ധതി ( വീടുകൾ നിർമ്മിച്ചു നല്കുന്നു)
vi. മംഗല്യം (വിവാഹ സഹായം)
vii. സൗഖ്യം (രോഗികൾക്ക് ചികിത്സ)
viii. സ്നേഹവെളിച്ചം (വൈദ്യുതി കണക്ഷൻ)
ix. സല്ലാപം/ ഫോൺ മിനിട്രി
x. മോചനം (ലഹരി വിമുക്തി)
xi. സുവിശേഷം/ട്രാക്സ്
xii. ദശാംശം: ദൈവത്തിനുള്ളത്
xiii. MIFMO / JMF (ജൂബിലി മെമ്മോറിയൽ ഫണ്ട്)
xiv. ജൂനിയർ നാംസ്
xv. അൻപ്: സ്നേഹകൂട്ടായ്മ

ഐ നാംസിന്റെ ഈദൃശ സഹായ കർമ്മപദ്ധതികളിലേക്കുള്ള ഒരു എത്തിനോട്ടമാണ് ഇവിടെ പ്രസക്തം. ഓരോ പദ്ധതിയിലുമായി, വിവിധ ഐ നാംസ് യൂണിറ്റുകളുടെ ജീവകാരുണ്യ സഹായം ലഭിക്കുന്ന (അൻപ് സ്നേഹക്കൂട്ടായ്മയിൽ അംഗങ്ങളായ) ഈരണ്ടു കുടുംബങ്ങളുടെ കഥ പറഞ്ഞുപോവുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**i . അന്നം പ്രോജക്ട്:** (നിത്യരോഗികളായവർക്ക് പ്രതിമാസം ഭക്ഷ്യം പങ്കുവയ്ക്കുന്ന പദ്ധതി)

വിശക്കുന്നവന്റെ മുന്നിൽ 'അപ്പം' ആയാണ് ദൈവം പ്രത്യക്ഷമാകുന്നത്. **പാമ്പാടി നാംസ് യൂണിറ്റ് ഏറ്റവും ഒടുവിൽ ദത്തെടുത്ത (Adopted) ഭവനമാണ്, രാജമ്മയുടേത്.** അഞ്ചു മക്കളുടെ മാതാവാണ് രാജമ്മ. ഭർത്താവ് ഒരു ഗവമെന്റ് ഉദ്യോഗസ്ഥനായിരുന്നു 10000 രൂപ പെൻഷൻ ലഭിച്ചിരുന്ന ആൾ. ഒന്നിനുപുറമേ ഒന്നായി രാജമ്മയുടെ 3 പെൺമക്കളും മനോരോഗികളായി. കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സ തേടുന്നു. ചികിത്സിക്കുന്ന ഡോക്ടറുടെ ശുപാർശ മൂലമാണ് നാംസ് അംഗങ്ങൾ രാജമ്മയുടെ ഭവനം സന്ദർശിച്ചത്.

മൂത്തമകൾ രോഗലക്ഷണമൊന്നും ഇല്ലാതിരുന്ന കാലത്ത്, കൊട്ടും കുരവയുമില്ലാതെ മംഗല്യവതിയായി. അമ്മയാകുന്നതിനുള്ള ഒരുക്കനാളിൽ, അവളും രോഗലക്ഷണങ്ങൾ പ്രകടമാക്കി. അതേത്തുടർന്നുണ്ടായ പ്രശ്നങ്ങളിൽ, അവളുടെ ഭർത്താവ് വിവാഹമോചനത്തിനായി കോടതിയുടെ സഹായം തേടിയിരിക്കുകയാണ്. അവരുടെ ദാമ്പത്യ വല്ലരിയിൽ ഒരു പുഷ്പം വിരിഞ്ഞു. അവളിപ്പോൾ L.K.G-ൽ പഠിക്കുന്നു. രാജമ്മയുടെ രണ്ടാമത്തെ മകളും 35 വയസ്സ് പിന്നിട്ട് വീട്ടിൽ കഴിയുന്നു. മൂന്നാമത്തെ രോഗിണിയായ പുത്രിയും (29) രാജമ്മയോടൊപ്പമുണ്ട്. ഇളയ പുത്രൻ (30) എറണാകുളത്തൊരു സ്ഥാപനത്തിൽ ജീവനക്കാരനാണ്. 2 മാസത്തിലൊരിക്കൽ വീട്ടിലെത്തും. കിട്ടുന്ന ശമ്പളം പൂർണ്ണമായും അമ്മയെ ഏൽപ്പിക്കും. അങ്ങനെയവരുടെ ജീവിതം മുന്നോട്ടു പോകുമ്പോൾ, അശനിപാതംപോലെ ഒരു ദരന്തം അവർക്കു ഭവിച്ചു.

കഴിഞ്ഞ 7 മാസമായി ഗൃഹനാഥൻ വീടുവിട്ടിറങ്ങിയിട്ട്. എവിടെ എന്ന് ആർക്കും അറിയില്ല. വഴക്കും പിണക്കവുമായി കഴിഞ്ഞ അദ്ദേഹം, ജീവിച്ചിരിപ്പുണ്ടോ എന്നുപോലും അറിയാത്ത അവസ്ഥ. ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ തന്നെ വിധവയായി ജീവിക്കുന്ന വീട്ടമ്മ. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പദ്ധതിയിൽ ഒരപേക്ഷകൊടുത്തു. ഭർത്താവിന്റെ ഫാമിലി പെൻഷനെങ്കിലും തങ്ങൾക്കു ലഭിച്ചിരുന്നെങ്കിൽ. നിയമത്തിന്റെ നൂലാമാലകൾ ആ ശ്രമവും പാഴാക്കി. അദ്ദേഹത്തെ തേടിപ്പിടിക്കാൻ ഐനാംസ് ശ്രമമാരംഭിച്ചിട്ടുണ്ട്. 'അൻപ് സ്നേഹ കൂട്ടായ്മ'യിൽ പങ്കെടുക്കാൻ പുതുപ്പള്ളിപള്ളി ഓഡിറ്റോറിയത്തിൽ എത്തുമ്പോഴും രാജമ്മയോടൊപ്പം യൗവനയുക്തരായ പുത്രിമാരും ഉണ്ടായിരുന്നു. സുന്ദരിമാരായ പുത്രിമാരുടെ സുരക്ഷിതത്വമാണ് അമ്മയുടെ ഉത്കണ്ഠ.

മോടിയായി വേഷം ധരിച്ച അമ്മയും മകളും നാംസിന്റെ ഭക്ഷ്യസഹായ കിറ്റുമായി നടന്നകലുന്നത് നിർന്നിമേഷരായി ഞങ്ങൾ നോക്കി

നിന്നു. അമ്മയുടെ കാലശേഷവും, ദൈവം, മക്കൾക്കു തുണയാകുമായിരിക്കും... മനുഷ്യബുദ്ധിക്ക് അതീതമാണ് ദൈവനിയോഗങ്ങൾ.

**അന്നം പ്രോജക്ടിലെ രണ്ടാമത്തെ സഹോദരൻ ബിനോയ് (39) എന്ന വലിയ മനുഷ്യനെ ആരും മറക്കാറായിട്ടില്ല.** വാകത്താനത്തുകാരൻ ബിനോയ്, ഭാര്യയും രണ്ടു പിഞ്ചു മക്കളുമൊത്ത് പുതുവർഷപ്പുലരിയിൽ, പള്ളി പിരിഞ്ഞ് വീട്ടിലേക്കു ബസ്സിൽ മടങ്ങുകയായിരുന്നു. ഒരു വഴിപോക്കൻ അപകടത്തിൽപെട്ട്, ചോരയിൽ കുളിച്ച്, മരണത്തോടു മല്ലിട്ടു തെരുവോരത്തിൽ കിടക്കുന്നു. സ്വന്തം സുരക്ഷയും സുഖവും മാത്രം വലുതെന്നു കരുതുന്ന ചെറിയ മനുഷ്യരാണ് കടന്നു പോയവരൊക്കെ.

ബിനോയിയുടെ മനസ്സലിഞ്ഞു. അയാൾ ഒരു നല്ല സമരിറ്റനായി. തന്റെ കുടുംബത്തെ തനിയെ നിർബന്ധിച്ച് വീട്ടിലേക്കു പറഞ്ഞയച്ചു. എതിരെ വന്ന ഓരോ വാഹനത്തിനും അയാൾ കൈ കാണിച്ചു. ആരും നിർത്തുന്നില്ല. സമയം പിന്നിട്ടു. ഒരു ജീപ്പ് വന്നു നിന്നു. മാരകമായി പരുക്കേറ്റ സഹോദരനെ, ബിനോയ് വാരിക്കോരി വാഹനത്തിലാക്കി. വാഹനം അതിവേഗത്തിൽ കോട്ടയം മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിലേക്ക് പാഞ്ഞു. മൂക്കറ്റം മദ്യപിച്ചിരുന്ന ജീപ്പ് ഡ്രൈവർ, മറ്റൊരു അപകടത്തിലേക്കാണ് പാഞ്ഞു കയറിയത്. ജീപ്പിലിരുന്ന ബിനോയിയും, പരുക്കേറ്റു ആശുപത്രിയിലേക്ക് കൊണ്ടുപോയ സഹയാത്രികനും തൽക്ഷണം മരണം പുൽകി. വിധവയായിത്തീർന്ന സുനിതയും പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന രണ്ട് മക്കളും ഒത്ത് പഞ്ചായത്തു വച്ചുനൽകിയ വീട്ടിൽ, ജീവിതം വഴിമുട്ടിക്കഴിയുന്നു. അവരുടെ മാതാപിതാക്കളും, അർദ്ധപ്പട്ടിണിയിൽ, അവരോടൊപ്പമുണ്ട്. സാന്ത്വന വചനങ്ങളെല്ലാം അവരുടെ ഗദ്ഗദങ്ങളിൽ മുങ്ങിപ്പോയി.

ജനുവരി മാസത്തിലെ ഭക്ഷ്യപലവ്യഞ്ജന കിറ്റുമായി കോട്ടയം ഐനാംസ് വോളണ്ടിയേഴ്സ് അവരുടെ ഭവനത്തിലെത്തുമ്പോഴും സുനിതയുടെ തേങ്ങലുകൾ ഉയർന്നു. ഞങ്ങൾ കിറ്റു നൽകി തിരിഞ്ഞു നടക്കുമ്പോൾ, പിതാവിന്റെ വേർപാടിന്റെ ആഴം അറിയാത്ത കുട്ടികൾ രണ്ടുപേരും, ഉമ്മറത്ത് വാഹനമോടിച്ച് കളിക്കുന്നുണ്ടായിരുന്നു.

“വിശക്കുന്നവന്റെ മുന്നിൽ അപ്പമായും... രോഗിയുടെ മുന്നിൽ ഔഷധമായും.. നിരക്ഷരന്റെ മുന്നിൽ അക്ഷരമായും... അനാഥന്റെ മുന്നിൽ ആശ്രയമായും അവതരിക്കാനാണ് ക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നത്...” മാർ ഒസ്താത്തിയോസിന്റെ വചനങ്ങൾ ഞങ്ങളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങി.

ഐ നാംസ് കോട്ടയം യൂണിറ്റിന്റെ ‘അന്നം പദ്ധതി’യിൽ മാത്രം,

**അയലത്തുള്ള 80 നിർധന സഹോദരങ്ങൾ**ക്കാണ് അവരുടെ പാർപ്പിട ങ്ങളിൽ ഞങ്ങൾ സഹായം എത്തിക്കുന്നത്. മറ്റിടങ്ങളിലും, സമാനമായി ഭക്ഷ്യ-ധാന്യ കിറ്റുകൾ, വിവിധ യൂണിറ്റുകൾ വിതരണം ചെയ്യുന്നു.

ബറോഡ യൂണിറ്റിലെ മറുനാടൻ മലയാളികൾ പ്രതിമാസ മീറ്റിം ഗുകൾ ഓരോ സംഘാംഗത്തിന്റെ ഭവനത്തിലാണ് കൂടുക. മീറ്റിംഗിനു ശേഷം ആ ഭവനത്തിന്റെ ദശാംശമായി, മാസത്തിലൊരു ദിനം (രണ്ടാം ഞായർ), 100 ഭക്ഷണപ്പൊതികളാണ് തയ്യാറാക്കുന്നത്. ചേരി പ്രദേശ ങ്ങളിലെത്തി പട്ടിണി പാവങ്ങൾക്കു അവ വിതരണം ചെയ്യുന്നു. ബറോഡ തെരുവോരത്തിൽ കിറ്റിനു വേണ്ടി തിരക്കു കൂട്ടുന്നവരുടെ ചിത്രങ്ങൾ ഐ നാംസിന്റെ വാട്ട്സ് ആപ്പിൽ കാണാം. തെന്മല, മാവേലിക്കര യൂണി റ്റുകൾ സമീപ ഗവ. ഹോസ്പിറ്റലിൽ പ്രതിവാരം ഭക്ഷണം നല്കുന്നു. അഹമ്മദാബാദ് ഐ നാംസ് യൂണിറ്റ്, ഭദ്രാസനാധിപൻ മാർ യൂലി യോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഫുഡ് പാക്കറ്റ് വിതരണം നടത്തി വരുന്നു. വിശാഖപട്ടണം ഐ നാംസ് യൂണിറ്റ് ക്രിസ്തുമസ് പുലരിയിൽ, തെരുവോരങ്ങളിലും ചോരികളിലും കഴിയുന്ന 150 കുട്ടി കൾക്ക് കേക്കും, കിറ്റും നൽകുന്ന ചിത്രം വാട്സ് ആപ്പിൽ കാണുക.

### ii. അതിജീവനം (സ്വയം സഹായ പദ്ധതി)

ഐ നാംസിന്റെ ഒരു സ്വയംതൊഴിൽ/സ്വയം സഹായ പദ്ധതിയാണ് അതിജീവനം. ഇതും മലങ്കര സഭയുടെ മിഷൻ ദർശനത്തോടു തൊട്ടു രുമ്മി നിൽക്കുന്ന ഒരു പദ്ധതിയാണ്. മാർ ഒസ്താത്തിയോസ് പറയുമാ യിരുന്നു: "ഒരു ചൂണ്ട വാങ്ങി കൊടുക്കൂ; എന്നും മത്സ്യം പിടിച്ചു നൽ കാതെ..." തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവർക്ക് ഒരു തൊഴിൽ നല്കു ന്നതാണ്, എന്നും സഹായമെത്തിക്കുന്നതിനേക്കാൾ ഉത്തമം. പങ്കുവ യ്ക്കലിന്റെ, ഈ പുതിയപാഠം: 'ഒരു ഉപജീവനമാർഗ്ഗം നല്കുന്നതാണ്, നിത്യസഹായങ്ങളെക്കാൾ പ്രധാനം'.

**പൊൻപള്ളി വഴിയിലെ ബാബു,** പതിറ്റാണ്ടുകൾ മുൻപ് കളത്തിപ്പ ടികവലയിലെ ഒരു കയറ്റിറക്കു തൊഴിലാളിയായിരുന്നു. കവല റൗഡി യായിരുന്ന അദ്ദേഹം 'ബറ്റാലിയൻ ബാബു' എന്ന അപരനാമത്തിലാ ണറിയപ്പെട്ടിരുന്നത്.

പേമാരി ചൊരിയുന്ന ഒരു സായംസന്ധ്യ. മദ്യപിച്ച് ഉന്മത്തനായി പുലഭ്യം പറഞ്ഞുകൊണ്ടയാൾ കെ.കെ റോഡിലെ ബസ്സുകൾ തടഞ്ഞിട്ടു. റൗഡിഫീസ് പിരിക്കുകയാണ്, കളത്തിപ്പടിക്കവലയിൽ. ഒരു അടി വസ്ത്രം മാത്രമാണ് വേഷം. അടുത്തുള്ള കടകൾ ഓരോന്നായി, തട്ടി വലിച്ചിട്ടു. പോലീസ് വന്നെത്തി. അയാൾ ഇരുട്ടിലേയ്ക്ക് ഓടിമറഞ്ഞു.

കാലം കടന്നുപോയി. അത് ആർക്കുവേണ്ടിയും കാത്തുനിന്നില്ല. ബാബുവിന്റെ കോലം കീഴ്മേൽ മറിഞ്ഞു. ഒരു വിവാഹം കഴിക്കാൻപോലും അയാൾ മറന്നുപോയോ? എന്തോ?

പതിറ്റാണ്ടുകൾക്കുശേഷം പാലിയേറ്റീവ് കെയർ നല്കുന്ന പുതുപ്പള്ളി ചാരിറ്റബിൾ ക്ലബ്ബ് രാധാകൃഷ്ണൻ ചേട്ടന്റെ കൂടെയാണ് ഞങ്ങൾ രോഗാതുരനായ ബാബുവിനെ കാണാനെത്തിയത്. വാതിലുകൾ അടച്ചിട്ട ഒരു കുഞ്ഞു വീടിന്റെ തിണ്ണയിൽ, പഴകി ദ്രവിച്ച് ഒരു കയർ കട്ടിലിൽ നിസ്സഹായനായി, ഒരു കാലിന്റെ ചലനശേഷി നഷ്ടപ്പെട്ട്, ബാബു കിടക്കുന്നു. അയാളെ പരിചരിക്കാൻ, സമീപത്ത്, വയോവൃദ്ധയായ അമ്മ, പട്ടിണി കോലംപോലെ കിടക്കുന്നുണ്ട്.

നാംസ് കോട്ടയം യൂണിറ്റ് അയാളെ ദത്തെടുത്തു. പട്ടിണി അകറ്റാൻ ആഹാരക്കിറ്റ് അയാൾക്കും അമ്മയ്ക്കും നൽകിത്തുടങ്ങി. പാലിയേറ്റീവ് കെയർ ശശിധരൻ ഡോക്ടറുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവന്നു. ഭക്ഷണവും ഔഷധവും, ബാബുവിന് താമസിക്കാതെ അത്യാവശ്യ ആരോഗ്യം നല്കി. വൈകാതെ നാംസിന്റെ 'അതിജിവനം' പദ്ധതിയിലേക്കയാളെ മാറ്റി. രാധാകൃഷ്ണൻ ചേട്ടന്റെ നേതൃത്വത്തിൽ ഞങ്ങൾ ഫണ്ട് ശേഖരിച്ചു, ബാബുവിന് ആ വീട്ടുമുറ്റത്ത് ഒരു 'മുറുക്കാൻ കട' ഇട്ടുകൊടുത്തു. ആദ്യകാലങ്ങളിൽ കട സ്വയംപര്യാപ്തതയിൽ തുടർന്നു. വരുമാനംകൊണ്ട് ബാബുവും അമ്മയും പുലർന്നു.

ഇപ്പോൾ കച്ചവടം ക്ഷീണിച്ചിട്ടുണ്ട്. ബാബു മുഷിഞ്ഞ വേഷത്തിലാണ് കടയിൽ കച്ചവടത്തിനിരിക്കുന്നത്. റീഹാബിലിറ്റേഷനുള്ള ശ്രമത്തിലാണു ഞങ്ങൾ. ബാബുവിനും അമ്മയ്ക്കും ഭക്ഷണക്കിറ്റു പ്രതിമാസം നല്കുന്നുണ്ട്. വസ്ത്രക്കിറ്റും നല്കുന്നു. ക്രിസ്തുവിന്റെ നിരുപാധിക സ്നേഹം എന്തെന്നറിഞ്ഞ ബാബു നാംസിനോടു ചേർന്ന് നില്ക്കുന്നു. ജനുവരിമാസത്തിലെ കിറ്റുകൊടുക്കാൻ ചെന്നപ്പോഴും, വിഷാദഗ്രസ്തനാണങ്കിലും, ദൈവത്തിന്റെ അതിരറ്റ കൃപയോർത്തപ്പോൾ അയാളുടെ നയനങ്ങൾ സജലമായി.

**അതിജീവനം പദ്ധതിയിൽ നാംസിന്റെ പ്രശംസ പിടിച്ചുപറ്റിയ മറ്റൊരു ധീര വനിതയാണ് സുലേഖ (48) പനച്ചിക്കാട്.** കഴിഞ്ഞ വർഷം മാർച്ച് 23-നാണ് ഐ നാംസിന്റെ മൂന്നു വോളണ്ടിയേഴ്സ് അവരുടെ ഭവനത്തിൽ സ്നേഹാന്വേഷണത്തിനെത്തിയത്. അന്ന് അവരുടെ ഭർത്താവ് (മദ്യപൻ) ആത്മഹത്യ ചെയ്തിട്ട് മൂന്നു ആഴ്ചകൾ പിന്നിട്ടതേ ആയുള്ളൂ.

ഇതിനിടയിൽ സുലേഖയ്ക്ക് ബ്രസ്റ്റ് കാൻസറാണെന്നു കണ്ടെത്തി.

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ കീമോ കഴിഞ്ഞു. റേഡിയേഷൻ തുടങ്ങണമായിരുന്നു. തലയിലെ മുടിമുഴുവൻ കൊഴിഞ്ഞ് കറുത്ത തുണികെട്ടി അവർ രണ്ടു മക്കളോടൊപ്പം വീട്ടിൽ കഴിയുകയായിരുന്നു. മൂത്തമകൾ XI ലും, ഇളയ മകൻ VI ലും പഠിക്കുന്നു. 9 സെന്റ് സ്ഥലവും ആസ്ബസ്റ്റോസ് ഷീറ്റിട്ട ഒരു ചെറിയ വീടും സ്വന്തമായുണ്ടായിരുന്നു.

താമസിയാതെ വേറൊരു സത്യംകൂടി അവർ തിരിച്ചറിഞ്ഞു. അവരുടെ രോഗാതുരമായ ഒരു ബ്രസ്റ്റ് എടുത്തുമാറ്റിയെങ്കിലും, രോഗം കക്ഷത്തിലേക്കും വ്യാപിച്ചു കഴിഞ്ഞിരുന്നു. പ്രതിസന്ധികളെ അവർ ധീരമായി നേരിട്ടു. പുതുപ്പള്ളി ചാരിറ്റബിൾ ക്ലബ്ബും ഐ നാംസ് കോട്ടയം യൂണിറ്റും പാലിയേറ്റീവും പണവും, കിറ്റും നല്കി അവരെ സഹായിച്ചു. ചികിത്സ പൂർത്തിയായി. അവർ രോഗവിമുക്തയായി.

മുഖ്യമന്ത്രിയുടെ പ്രത്യേക ശുപാർശപ്രകാരം കോട്ടയം കളക്ടറേറ്റിൽ അവർക്കൊരു ക്ലാസ് ഫോർ ജോലി തരപ്പെട്ടു. സ്വന്തം വരുമാനത്തിൽ സന്തുഷ്ടയായി സുലേഖയും മക്കളും സ്വന്തം കാലിൽ നിന്ന് ജീവിക്കാൻ ധൈര്യംകാട്ടി. സഹായങ്ങൾ അർഹരായ മറ്റുള്ളവർക്കു നല്കിക്കോളാൻ അവർ നാംസിന് അനുമതി നല്കി.

കഴിഞ്ഞ ഇടവേളയിൽ, അയലത്തെ ഒരു മരണ വീട്ടിൽ സുലേഖയുമായി കണ്ടുമുട്ടിയപ്പോൾ അവർ നന്ദി പ്രകടിപ്പിച്ചു. താല്കാലിക ജോലി നഷ്ടപ്പെടുകയോ, വീണ്ടും പ്രതിസന്ധിയിലാവുകയോ ചെയ്താൽ, വീണ്ടും സഹായഹസ്തം നീട്ടണമെന്നു അവർ ഞങ്ങളെ ഓർമ്മിപ്പിച്ചു. മക്കൾ സ്കൂളിൽനിന്നെത്താൻ സമയമായതുകൊണ്ടവർ ദ്രുതഗതിയിൽ വീട്ടിലേക്കു നടന്നുനീങ്ങി. സാധാരണ ജീവിതത്തിലേക്ക് പുനഃപ്രതിഷ്ഠിക്കപ്പെട്ട സുലേഖയെയും, മക്കളെയും കൃപാവരങ്ങളിൽ പൊതിഞ്ഞ്, സന്തുഷ്ടമായ സമാധാനപൂർണ്ണമായ ഒരു ഭാവി നല്കാൻ, മക്കളുടെ കാലത്തെങ്കിലും അവരുടെ കഷ്ടതകൾക്കൊരു അന്ത്യം വരാൻ, ഞങ്ങൾ മുട്ടിപ്പായി പ്രാർത്ഥിച്ചു.

**iii. വിദ്യ (വിദ്യാഭ്യാസ സഹായ പദ്ധതി)**

INAMS ദത്തെടുക്കുന്ന ഭവനങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്ന പദ്ധതിയാണ് 'വിദ്യ'. നാംസ് ജന്മം എടുക്കുന്നതിനും മുമ്പുതന്നെ, മാർ ഒസ്താത്തിയോസ് സമാരംഭിച്ച ഒരു പദ്ധതിയാണ് PEAK (Promoting Education for All Kids). ഭാരത്തിലെ സർവ്വ കുഞ്ഞുങ്ങളും വിദ്യനേടി, സംസ്കാര ചിത്തരായി ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ഭാഗഭാക്കുകളാകുന്നത് അദ്ദേഹം സ്വപ്നം കണ്ടിരുന്നു.

മാർ ഒസ്താത്തിയോസ് ആരംഭിച്ച ബാല- ബാലികാ ഭവനങ്ങളിൽ നിറയെ അഭ്യസ്ത വിദ്യരാണ്.

പുതുപ്പാടി ബാലഭവനിലെ രണ്ടു കുട്ടികൾ, പോണ്ടിച്ചേരി മെഡിക്കൽ കോളജിൽനിന്നും M.B.B.S പഠനം പൂർത്തിയാക്കി ബാലഭവനിൽ കഴിയുന്നു. യാച്ചാരം ബാല ഭവനിലെ രണ്ട് കുട്ടികൾക്ക് (കുഷ്ഠരോഗികളുടെ രോഗമില്ലാത്തെ കുട്ടികളെ പുലർത്തുന്ന ആന്ധ്രയിലെ കേന്ദ്രം) M.B.B.S അഡ്മിഷൻ തരപ്പെട്ടത്, വന്ദ്യ ഫിലിപ്പ് റമ്പാച്ചന്റെ ഉത്സാഹത്തിലായിരുന്നു. Engineering, M.B.A, M.A/MSC പാസ്സായ എത്രയെത്ര ബാലന്മാരും ബാലികമാരും, സന്തുഷ്ട ജീവിതം നയിക്കുന്നു. മാർ ഓസ്താത്തിയോസിന്റെ ഈ മിഷൻ ദർശനത്തോട് തോളുരുമ്മി, നാംസ് ആരംഭിച്ച പദ്ധതിയാണ് വിദ്യ. ദേശമെമ്പാടുമുള്ള വിവിധ യൂണിറ്റുകൾ വിദ്യാർത്ഥികളെ ദത്തെടുത്ത് വിദ്യ പകരുന്നു.

**ഈ പദ്ധതിയിൽ, മുരുകനാണ് ഐ നാംസിന്റെ ആദ്യ അതിഥി.** മുരുകൻ തെരുവിന്റെ ഒരു പുത്രനായിരുന്നു. തിരുനക്കര ക്ഷേത്ര വഴിയിൽ വികൃതികൾ കാട്ടി, അവൻ ജനശ്രദ്ധ പിടിച്ചുപറ്റി. അവന്റെ അമ്മയും ഏക സഹോദരി ലക്ഷ്മിയും തെക്കുംഗോപുര വീഥിയിലായിരുന്നു വാസം. അതിനടുത്തു പാർത്തിരുന്ന ഒരു നാംസ് കുടുംബം അവനുമായി ചങ്ങാത്തത്തിലായി. തിരുനക്കര ഗവ. മോഡൽ സ്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ അവനൊരു വികൃതിയിൽ കുടുങ്ങി. ഭാരത് ഹോസ്പിറ്റലിന്റെ സമീപത്ത് പാർക്ക് ചെയ്തിരുന്ന ഒരു ജീപ്പിന്റെ ഗിയർ തട്ടി ന്യൂട്ടറിലാക്കി. കുതിച്ചുപാഞ്ഞ ജീപ്പ്, അധികം അപകടങ്ങൾ സൃഷ്ടിക്കാതെ തെരുവോരത്ത് ഇടിച്ചുനിന്നു. ഒരിക്കൽ ഒരു പോലീസ് കോൺസ്റ്റബിൾ തെരുവിൽ വച്ച് അവനെ ചൂരൽ വടികൊണ്ടടിക്കുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു.

മുരുകനറിയാതെ, അവനെ നാംസ് ദത്തെടുത്തു. വിദ്യാപദ്ധതിയിൽ അംഗമാക്കി. അവന് സയൻസിനും, സോഷ്യൽസ്റ്റഡീസിനും, മാത്സിനുമൊക്കെ 'റിമെഡിയൽ ക്ലാസുകൾ' നല്കി. സ്നേഹലാളനകളൊന്നും മുരുകന്റെ കുസൃതികൾക്ക് തടയിട്ടില്ല.

ഒരിക്കൽ ദയനീയമായ ഒരു കാഴ്ച കണ്ടു. മുരുകൻ, ബലമുള്ള ഒരു ഈർക്കിലിത്തുമ്പിൽ ചക്ക അരക്കു പിടിപ്പിച്ച്, തിരുനക്കര ക്ഷേത്രത്തിന്റെ ഭണ്ഡാരപ്പെട്ടിയിൽനിന്നും കറൻസി നോട്ടുകൾ മോഷ്ടിച്ചെടുക്കുന്നു.

മെല്ലെ മുരുകൻ നാംസ് കുടുംബത്തോട് ഇണങ്ങി. ഇതുവഴി പഠനത്തിൽ അവൻ കാട്ടിയ മികവ് ഗവ. മോഡൽ സ്കൂൾ അദ്ധ്യാപകരെ

സന്തോഷിപ്പിച്ചു. അവൻ 10-ാം ക്ലാസ്സിൽ എത്തുമ്പോഴേക്കും സംഘാംഗങ്ങൾ അവന്റെ രക്ഷാകർത്താക്കളായി മാറി. സാമാന്യം നല്ല മാർക്കോടെ അവൻ പത്താം ക്ലാസ് പാസ്സായി. 11-ാം ക്ലാസ്സിലേക്ക്, ആ സ്കൂളിൽ തന്നെ അവന് പ്രവേശനം ലഭിച്ചു. വഴിയോരത്തെ തെരുവുവെളിച്ചത്തിലിരുന്നവൻ ഉറക്കെ വായിച്ചു പഠിച്ചു. മാതൃഭൂമി പത്രത്തിൽ ഈ കൗതുകകരമായ ചിത്രം പ്രസിദ്ധീകരിച്ചു. 12-ാം ക്ലാസ്സ് പാസ്സായ മുരുകന് B.Com പഠിക്കണം. ഡൊണേഷൻ ഇല്ലാതെ മുരുകന് മാനേജ്മെന്റ് ക്വോട്ടയിൽ ആര് അഡ്മിഷൻ നല്കും? നാംസ് കുടുംബം മുരുകനോട് ചേർന്നുനിന്നു. മാതൃഭൂമി പത്രത്തിൽ അച്ചടിച്ചുവന്ന അവന്റെ കഥ വെട്ടിയെടുത്ത് അന്നത്തെ കാതോലിക്ക ബാവാ തിരുമേനിയ്ക്ക് ഒരു അപേക്ഷ നല്കി. തടസ്സങ്ങൾ ഒന്നൊന്നായി മാറിക്കിട്ടി. മുരുകന് ബസേലിയോസ് കോളജിൽ B.Com-ന് അഡ്മിഷൻ തരപ്പെട്ടു. പ. ദിദിമോസ് ബാവ തിരുമേനിയുടെ കല്പനപ്രകാരം, പഠനവും കന്റീനിലെ ഉച്ചഭക്ഷണവുംമെല്ലാം അവന് സൗജന്യമായി ലഭിച്ചു. പക്ഷെ, വികൃതികൾ അവനെ കൈ വിട്ടിരുന്നില്ല. ഒരു യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉത്തരക്കടലാസിൽ മുരുകൻ വികൃതികളെഴുതി; മാനസികനില തെറ്റിയവനെപ്പോലെ. അവന്റെ അദ്ധ്യാപകർ അവിടെയും ഇടപെട്ട് പ്രശ്നം തീർത്തു. മുരുകൻ B.Com പാസ്സായി പുറത്തുവന്നു. M.Com നുള്ള അഡ്മിഷനും ബസേലിയോസ് കോളജിൽ പഴയതുപോലെ തരപ്പെട്ടു. നാംസിന്റെ സഹായത്തോടെ മുരുകൻ M.Com സെക്കൻഡ് ക്ലാസ്സിൽ പാസ്സായി.

മുരുകൻ INAMSന്റെ 54-ാമത് കോൺഫ്രൻസ് 2011 ഒക്ടോബർ 5, 6 തീയതികളിൽ ഒറീസയിലെ കലഹണ്ടി ആദിവാസി ബാലഭവനിൽ നടക്കുമ്പോൾ ക്യാമ്പിൽ സംബന്ധിച്ച് നടത്തിയ പ്രസ്താവന ഇന്നും മറക്കാറായിട്ടില്ല: "ഞാൻ ജോലി ലഭിച്ച് സമ്പന്നനാകുമ്പോൾ, എന്നെപ്പോലെയുള്ള അനേകരെ പഠിപ്പിച്ചു വലുതാക്കും."

അമ്മയും അപ്പനും അകാലത്തിൽ നഷ്ടപ്പെട്ടുപോയ **നിധി, ഐനാംസ് 'വിദ്യ' പദ്ധതി 2011-ൽ ദത്തെടുത്ത മറ്റൊരു മുത്താണ്**. സ്കൂൾ ബസ്സിന്റെ ഡ്രൈവറായി റിട്ടയർ ചെയ്ത വരുമാനമില്ലാത്ത ഗ്രാന്റ് പേരന്റ്സിന്റെ കൂടെയാണവൾ. ഇപ്പോൾ 10-ാം ക്ലാസ്സിൽ ഒരു C.B.S.E റസിഡൻഷ്യൽ സ്കൂളിൽ പഠനം തുടരുന്നു. കുടുംബത്തിന് പ്രതിമാസം 5000 രൂപ സഹായധനമായി, ഒരു കോട്ടയം നാംസ് അംഗം നല്കുന്നു. പഠിക്കാൻ മിടുക്കിയായ അവൾ, എല്ലാവരുടെയും കണ്ണിലുണ്ണിയായി കഴിയുന്നു. പണം ഓരോ മാസവും 5-ാം തീയതിയ്ക്ക് മുൻപായി നിധിയുടെ ബാങ്ക് അക്കൗണ്ടിൽ, കോട്ടയം നാംസ് യൂണിറ്റ് കഴിഞ്ഞ 3 വർഷമായി നിക്ഷേപിക്കുന്നു. പെൺ കരുത്തിന്റെ ഒരു പുതിയ മുഖമായി അവൾ

വളർന്നു വലുതാകട്ടെ. തന്നെപ്പോലെയുള്ള അനേകം നിരാലംബർക്ക് ഭാവിയിൽ അവൾ തുണയാകട്ടെ.

2015, INAMS 'വിദ്യ' പദ്ധതിയുടെ ഒരു പൂക്കാലമായിരുന്നു. **ആദ്യ സഹായത്തിനായി അഭ്യർത്ഥിച്ചത് തിരുവാർപ്പിലുള്ള ഒരു ബീനാ ഗിരീഷ് (41) എന്ന കടുത്ത കാൻസർ രോഗിയായ വീട്ടമ്മയായിരുന്നു.** അവരുടെ ഭർത്താവ് ബ്രെയിൻ റ്റ്യൂമർ ബാധിച്ച് ഏഴു വർഷം മുൻപ് മരണത്തിനു കീഴടങ്ങി. ഇവർക്കു രണ്ടു പെൺമക്കളുണ്ട് ഗ്രീഷ്മ (18), രേഷ്മ (16) പഞ്ചായത്ത് വച്ചുകൊടുത്ത ഒരു വീട്ടിൽ പകുതി പട്ടിണിയുമായി ഭർത്താവിന്റെ അമ്മയുമൊത്ത്, വീടിന്റെ ചാർത്തിൽ കഴിയുന്നു. നാംസ് കോട്ടയം യൂണിറ്റ് അവർക്കു ഭക്ഷണക്കിറ്റു നല്കുന്നു. വീട്ടമ്മയായ ബീനയുടെ ഒരു ബ്രസ്റ്റ് നീക്കം ചെയ്തു. ചികിത്സകൾ തുടർന്നു. താമസിയാതെ ബീനയ്ക്ക് കാൻസർ സെക്കന്ററി ആരംഭിച്ചു. മുടിയും, പുരികവുംകൂടി കൊഴിഞ്ഞ് തളർച്ചയിലായി കഴിഞ്ഞ ബീനയ്ക്ക് പക്ഷെ വിശ്രമിക്കാൻ ഇടമുണ്ടായിരുന്നില്ല. മൂത്തമകൾ 12-ാം ക്ലാസ്സ് പൂർത്തിയാക്കി. അവളെ നേഴ്സിങ്ങിന് അയയ്ക്കണം. പല വാതിലുകളിലും അവൾ മുട്ടി വിളിച്ചു. തുറക്കാത്ത വാതിലുകൾ. ചികിത്സയ്ക്കിടയിൽ ഒരു കൂട്ടുകാരിയെയും കൂട്ടി ഒരപേക്ഷയുമായി കോട്ടയം നാംസ് യൂണിറ്റിന്റെ പ്രതിമാസ യോഗത്തിലും വന്നെത്തി.

"Trials can be God's road to Triumph" എന്നൊരു മൊഴിയുണ്ട്. പഴമൊഴി, പലപ്പോഴും കാലത്തിന്റെ അടയാളങ്ങളാണ്. ചികിത്സയുടെ സഹനങ്ങളിലും ബീനയ്ക്ക് ഒരപേക്ഷയായിരുന്നു: 12-ാം ക്ലാസ്സ് കഴിഞ്ഞിറങ്ങിയ തന്റെ പുത്രിയെ നേഴ്സിങ്ങിന് ചേർക്കണം. തമിഴ്നാട്ടിലെ ഒരു നേഴ്സിങ് കോളജിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഫീസ് നല്കാൻ നിവൃത്തിയില്ല. 26000 രൂപ ആദ്യ ഫീസ് കെട്ടണം.

കോട്ടയം നാംസിന്റെ 'വിദ്യ' പദ്ധതിയിൽ ഗ്രീഷ്മ ഗിരീഷിനെ അംഗമാക്കി. ഫീസടച്ചു. അവളുടെ ഒന്നാം വർഷ പഠനം തുടരുന്നു. സ്വർഗ്ഗം വീണു കിട്ടിയ സന്തോഷമായിരുന്നു, ബീനയുടെ തളർന്ന നയനങ്ങളിൽ. രണ്ടാമത്തെ മകൾ 10-ാം ക്ലാസ്സിൽ പഠിക്കുന്നു. ബീന കീമോ പൂർത്തിയാക്കി, കോട്ടയം മെഡിക്കൽ കോളജിൽ റേഡിയേഷൻ തുടങ്ങിയിരിക്കുന്നു.

**ഇനി, മിടുമിടുക്കിയായ ബിൻസിയുടെ കഥ കേട്ടോളൂ.** എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' നേടി അവൾ എം.ഡി സ്കൂളിൽ നിന്നും 12-ാം ക്ലാസ്സ് കടന്നു വന്നു. സ്കൂൾ ബസ്സിന്റെ ഡ്രൈവറായ അവളുടെ പപ്പാ ഒരു വാഹനാപടത്തിൽ കാലുകൾക്ക് സ്വാധീനം നഷ്ടപ്പെട്ട് കവലയിൽ ലോട്ടറി ടിക്കറ്റ് വില്ക്കുന്നു. അമ്മ, സമ്പന്ന കുടുംബങ്ങളിൽ വീട്ടുജോലി

ചെയ്ത് മൂന്ന് കുട്ടികളെ പുലർത്തുന്നു. നേഴ്സിങ്ങിന് ടെസ്റ്റുകൾ എഴുതി ബിൻസിക്ക് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ആദ്യം സ്വാശ്രയ വിഭാഗത്തിൽ പ്രവേശനം ലഭിച്ചു. ആദ്യഫീസ് 54000 രൂപ (ഒന്നാം വർഷം) കോളജിലടക്കണം. നാംസ് പാമ്പാടി യൂണിറ്റ്, 'പാമ്പാടി തിരുമേനി വിദ്യാഭ്യാസ സഹായനിധിയിൽ' അവൾക്കൊരു ഇടം കണ്ടെത്തി. അവളുടെ പഠനം തുടരുന്നു. ഓരോ മാസവും 2000 രൂപയിലധികം ഹോസ്റ്റൽ ഫീസ് അടക്കണം. നാംസിന്റെ Monthly Meet-ൽ അവൾ സഹായാഭ്യർത്ഥന യുമായി ഇന്ന് എത്തും.

സഭയുടെ **ബാല-ബാലിക ഭവനങ്ങളിൽ റിമെഡിയൽ ക്ലാസ്സുകൾ** നടത്തി, കുട്ടികളെ പഠനത്തിൽ ബലപ്പെടുത്തുന്നത് നാംസിന്റെ പ്രതി വർഷ പ്രോഗ്രാമാണ്. സമ്പത്തിന്റെ ദശാംശം മാത്രമല്ല- സമയത്തിന്റെ - താലന്തുകളുടെ- ദൈവം നമുക്ക് ദാനമായി നൽകിയ എല്ലാത്തിന്റെയും ദശാംശം പങ്കുവെയ്ക്കണമെന്ന് മാർ ഒസ്താത്തിയോസ് പഠിപ്പിച്ചിരുന്നു. ചുങ്കത്തറ യൂണിറ്റ്, പത്തനംതിട്ട യൂണിറ്റ്, കോട്ടയം യൂണിറ്റ് എന്നിവട ങ്ങളിലെ റിട്ടയർഡ് ടീച്ചേഴ്സ്, പുതുപ്പാടി ബാലഭവനിലെത്തി കുട്ടികളെ പഠിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കി. ചുങ്കത്തറ യൂണിറ്റിലെ ബേബി സാർ ഒരുപറ്റം സയൻസ് / മാത്സ് ടീച്ചേഴ്സിനെയുംകൊണ്ട് അതി രാവിലെ പുതുപ്പാടി ബാലഭവനിലെത്തി സായംസന്ധ്യവരെ അവർ സയൻസ് പഠിപ്പിച്ചു. കൂടെ ഉണ്ടായിരുന്ന ഞങ്ങൾ, മറ്റു വിഷയങ്ങളും പഠിപ്പിച്ചു. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ബാലഭവനു കളിലെ കുട്ടികളെ (ഓണപ്പരീക്ഷ, ക്രിസ്തുമസ് പരീക്ഷ, സമ്മർ പരീ ക്ഷ) പരീക്ഷയ്ക്ക് തയ്യാറാക്കുന്ന കാഴ്ച ഹൃദ്യമാണ്. പന്ത്രണ്ട് ക്ലാസ്സിലെ കുട്ടികളെ പന്ത്രണ്ട് ഇടങ്ങളിൽ ഇരുത്തി ഓരോ അദ്ധ്യാപ കനും മാറി മാറി ഓരോ വിഷയവും, ഓരോ ക്ലാസ്സിലെ കുട്ടികളെ പഠി പ്പിക്കും. പാഠം ശരിക്ക് ഹൃദിസ്ഥമാകുമ്പോൾ കുട്ടികളുടെ മുഖത്തെ ആഹ്ളാദം വർണ്ണാനാതീതമാണ്. പനയമ്പാല ബാലഭവനിലെ കുട്ടിക ളും ഇതുപോലെ അവരുടെ സംശയങ്ങളൊക്കെ നിവർത്തിവരുത്തി പഠി ക്കുന്ന കാഴ്ച നിസ്തുലമാണ്.

**മാർ ഒസ്താത്തിയോസ് യൗവനക്കാരുടെ ഒരു നിതാന്ത മിത്രമാ യിരുന്നു.** അവർക്കദ്ദേഹം എന്നും ഒരു ഹരമായിരുന്നു. അദ്ദേഹം ചെന്നെ ത്തുന്ന ഇടങ്ങളിലെല്ലാം യൗവനക്കാർ അദ്ദേഹത്തെ വട്ടമിട്ടു. അവർ ഒരാ യിരം ചോദ്യങ്ങൾകൊണ്ടദ്ദേഹത്തെ ഉണർത്തി. അവരുമായി അദ്ദേഹം സംവദിച്ചു. അദ്ദേഹത്തിന്റെ പല രചനകളും അവരുടെ ചോദ്യശര ങ്ങൾക്കും അന്വേഷണങ്ങൾക്കുമുള്ള മറുപടിയായിരുന്നു. 'ദൈവമു ണ്ടെന്നു തെളിയിക്കാമോ? '(1968). Talk to Modern Youth' (1972), 'Forty Questions Answerred' (1977), 'മൂന്നു വിശ്വാസ സത്യങ്ങൾ' (1956),

'ദൈവവിളി' (1979) 'രക്ഷ ക്രിസ്തുവിൽ മാത്രമോ' (1980), 'ക്രിസ്തീയ രക്ഷാ സിദ്ധാന്തത്തിന് ഒരു പുനർ വായന' (2004). അദ്ദേഹം ആരംഭിച്ച **രണ്ടാഴ്ചക്കാല മിഡ് സമ്മർ ബൈബിൾ ക്ലാസ്സ്** ഇന്നും അഭംഗം തുടരുന്നു. കോളജ് വിദ്യാർത്ഥികളാണതിൽ പങ്കെടുക്കുന്നത്. മലങ്കര സഭയിലെ ഒട്ടുമുക്കാൽ വൈദികരും ഈ വേദപഠനക്ലാസിലൂടെ കടന്നുവന്നവരാണ്.

അദ്ദേഹം തുടക്കം കുറിച്ച, രണ്ടാഴ്ച നീണ്ടു നിൽക്കുന്ന സമ്മർ വെക്കേഷൻ ബൈബിൾക്ലാസും പഞ്ചദിന ജൂനിയർ നാംസ് കോൺഫറൻസും കൗമാരക്കാർക്കുള്ളതാണ്. ഈ ക്യാമ്പുകളിൽ മുഴുവൻ ദിനവും, നിർബന്ധമായും അദ്ദേഹം സാന്നിധ്യം നല്കി. ചോദ്യപ്പെട്ടിയിൽ കുട്ടികൾ നിക്ഷേപിക്കുന്ന മൂല്യമുള്ള ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം അന്നുതന്നെ യുക്തിസഹമായും, ശാസ്ത്രീയമായും ഉത്തരം നല്കുമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കുട്ടികളെ വിശ്വാസ സത്യങ്ങളിൽ ഉറപ്പിച്ചു നിർത്തി. അകലത്തിൽ വസിക്കുന്ന കുട്ടികൾ കത്തുകളിലൂടെ ഉന്നയിക്കുന്ന സംശയങ്ങൾക്കദ്ദേഹം, മടക്കത്തപാലിൽ തന്നെ പോസ്റ്റ് കാർഡുകളിൽ മറുപടി എഴുതിയിരുന്നു. കുട്ടികളുടെ മനസ്സും മനഃശാസ്ത്രവും അദ്ദേഹത്തിന് മനഃപാഠമായിരുന്നു. മാർ ഓസ്താത്തിയോസ് ഉരുവിട്ട ഒരു മന്ത്രമുണ്ട് "Catch them Young", മുതിർന്നവർ അവരുടെ ഇടുങ്ങിയ ചിന്തകളിലൂടെ പലപ്പോഴും ഉറച്ച തീവ്രവാദികൾ/ നിർബന്ധ ബുദ്ധികൾ ആയിരിക്കും. അവരെ ദൈവരാജ്യ ചിന്തകളിലേക്ക് മടക്കിക്കൊണ്ടു വരുന്നത് ക്ഷിപ്രസാദ്ധ്യമല്ല. കുട്ടികളെ മെനഞ്ഞെടുക്കുന്നതാണ് മുഖ്യം. അവരിലെ ഈശ്വരസ്വരൂപം ഉണർത്തുന്നത് എളുപ്പമാണ്, എന്നദ്ദേഹം വിശ്വസിച്ചിരുന്നു. അദ്ദേഹം തുടക്കം കുറിച്ച അനേകം ബാല-ബാലിക മന്ദിരങ്ങൾ ഇതിനു നിദാനങ്ങളാണ്. തെരുവുകളിൽനിന്നും അദ്ദേഹം കണ്ടെടുത്ത മാണിക്യങ്ങളാണ് ഈ മന്ദിരങ്ങളിലെ അന്തേവാസികൾ. കോട്ടയം ബാലമന്ദിരം, രാഷ്ട്രത്തിനദ്ദേഹം സമർപ്പിക്കുമ്പോൾ, സ്മരണികയായി ഇറക്കിയ ഗ്രന്ഥം "മലങ്കരയുടെ സ്നേഹപൂർവ്വം" അദ്ധ്യായം ഒൻപത് കാണുക. പുതുപ്പടി ബാലഭവന്റെ (സുവർണ്ണ ജൂബിലി വേളയിൽ) പൂർവ്വ വാസികൾ എഴുതിയ സാക്ഷ്യങ്ങളാണവ.

മാർ ഒസ്ത്താത്തിയോസും (ഇഴക്കടവ് ജോർജ്ജുകുട്ടി) കുട്ടികളുമായുള്ള അടുപ്പം ആരംഭിക്കുന്നത് 1950-കൾക്ക് മുൻപാണ്. ഒരു ശരത് കാല സായാഹ്നം. എം. വി. ജോർജ്ജ് ശെമ്മാശ്ശൻ എന്ന യുവാവ് ഒരു കൺവെൻഷൻ പ്രസംഗത്തിനായി ചെറുകോൽ ഗ്രാമത്തിലെ വിജനമായ തെരുവിലൂടെ ഒരു സൈക്കിളിൽ സഞ്ചരിക്കുകയായിരുന്നു. വഴിയോരത്ത് ഹൃദയഭേദകമായ ഒരു കാഴ്ച അദ്ദേഹം കണ്ടു. ഏതോ അമ്മ

ഉപേക്ഷിച്ചുപോയ ഒരു ചോരക്കുഞ്ഞിനെ - അനാഥ ശിശുവിനെ - ഒരു പറ്റം കാക്കകളിട്ട് കൊത്തിപ്പറിക്കുന്നു. ജോർജ്ജുകുട്ടിയുടെ ആത്മനൊമ്പരം അണപൊട്ടിയൊഴുകി. അന്നദ്ദേഹം എടുത്ത തീരുമാനമാണ്: 'ക്ഷണിക്കപ്പെടാത്ത അതിഥികളായി ഈ മണ്ണിൽ പിറക്കുന്ന അനാഥ ബാല്യങ്ങൾക്കും അഭയസ്ഥാനങ്ങളുണ്ടാകണം. അവർക്കും ക്രിസ്തു വാഗ്ദാനം ചെയ്ത നിരുപാധിക സ്നേഹം ലഭിക്കണം.' ആ സ്നേഹത്തിന്റെ ആവിഷ്ക്കാരങ്ങളാണ്, അദ്ദേഹം ആരംഭിച്ച അനേകം ബാല-ബാലിക മന്ദിരങ്ങൾ. ഈ സ്നേഹ മന്ദിരങ്ങളൊന്നും, ഇന്നും ഗവ. ഗ്രാന്റ് പോലും സ്വീകരിക്കാതെ, സ്വയം പ്രവർത്തിക്കുന്ന സദനങ്ങളാണ്. മുഴുവൻ കുട്ടികളെയും വിദ്യാസമ്പന്നരാക്കാൻ അദ്ദേഹം ആരംഭിച്ച പദ്ധതിയാണ് 'PEAK'. അദ്ദേഹത്തിന്റെ കാലശേഷം, തന്റെ ശിഷ്യരിന്നും ഇതു നോക്കിനടത്തുന്നു. ഐ നാംസും, അവരുടെ വിദ്യാ പദ്ധതിയും അതിന്റെ പിൻതുടർച്ചയാണ്. അതിന്റെ പിൻമുറക്കാരാണ്.

### iv. പെൻഷൻ പദ്ധതി

മാർ ഒസ്താത്തിയോസ് 'പങ്കിടലിന്റെ ഒരു പ്രചാരകനായിരുന്നു.' പങ്കുവെയ്ക്കാത്ത ധനവാൻ ഒരു മനുഷ്യനല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ക്രിസ്തുകാട്ടിയ വിശ്വമാനവികതയിൽ അദ്ദേഹം ഉറച്ചുനിന്നു. ജാതിമതവർഗ്ഗവർണ്ണങ്ങൾക്കതീതമായി, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവർക്കായി ഒട്ടനവധി സ്ഥാപനങ്ങളും നൂതന പദ്ധതികളും അദ്ദേഹം സൃഷ്ടിച്ചെടുത്തു. വിവിധ മതത്തിൽപ്പെട്ടവർ അവിടവിടങ്ങളിൽ സ്നേഹത്തോടെ സഹവസിച്ചു. അത് കണ്ട, മതസൗഹൃദത്തിന്റെ പാട്ടുകാരനായ മാർ ഒസ്താത്തിയോസ് രചിച്ച ഒരു ഗാനമുണ്ട്:

"ത്രീയേക ദൈവം എല്ലാവർക്കും ദൈവം/ ഹിന്ദുവിനും മുസൽമാനും ക്രിസ്ത്യാനിക്കും

ശ്രീയാർന്ന ദൈവം സ്നേഹാബ്ദിതന്നെ/ നിത്യസത്യസ്നേഹരൂപി"

ജീവിതം വഴിമുട്ടിനില്ക്കുന്ന 9 നിർധന കുടുംബങ്ങളെ ദത്തെടുത്ത്, അവർക്ക് അത്യാവശ്യ ഉപജീവനത്തിനുള്ള തുക പെൻഷൻ നല്കി സംരക്ഷിക്കുന്ന പദ്ധതി പത്തനംതിട്ട യൂണിറ്റ് വിജയകരമായി നടത്തുന്നു. ചികിത്സാ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നു. കാരാശേരി മിഷൻ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കാൻ ധനസഹായം നൽകി, വിവിധ പദ്ധതികളുമായി പത്തനംതിട്ട യൂണിറ്റ് മുന്നിലുണ്ട്. ബറോഡ യൂണിറ്റാണ് പെൻഷൻ സഹായ പദ്ധതി ആദ്യം ആരംഭിച്ചതെന്നാണ് എന്റെ ഓർമ്മ. ഒരു നിർധന യുവാവിന് അവന്റെ കുടുംബം പോറ്റാൻ കഴിയാതെ വന്ന സന്ദർഭത്തിൽ, 18 മാസം, അവനെ താങ്ങി നിർത്തി, 2000 രൂപയ്ക്കൊരു വാടക വീടെടുത്ത്, 3000 രൂപ അവരുടെ

ദൈനംദിന ജീവിതച്ചെലവിനായി, പ്രതിമാസം 5000 രൂപ നല്കുന്ന സംഭവമാണ് എന്റെ ഓർമ്മയിൽ. ഇപ്പോഴും 2 കുടുംബങ്ങളെ ദത്തെടുത്ത് 5000 രൂപ വീതം പ്രതിമാസം അവർക്കു പെൻഷൻ കൊടുത്തു വരുന്നു.

**INAMS പെൻഷൻ പദ്ധതിയിൽ, ഓർമ്മയിൽ ഓടി എത്തുന്നത് റാന്നി യൂണിറ്റ് ദത്തെടുത്ത എച്ച്. ഐ.വി രോഗി ഗോപിയുടെ (36) കരളലിയിക്കുന്ന കഥയാണ്.**

അത് ഓഗസ്റ്റിലെ ഒരു ദുഃഖ ഞായർ ആയിരുന്നു. ദേവലോകം അരമന സമുച്ചയത്തിലെ മാനവശേഷി വിഭാഗത്തിൽ , (വിപാസനയിൽ) ഡോ. സിബി തരകന്റെ ഫോൺ തുടരെ ശബ്ദിച്ചുകൊണ്ടിരുന്നു. ഫോണിന്റെ അങ്ങേ തലയ്ക്കൽ, അങ്ങാടി തെരുവിലെ ഹതഭാഗ്യവാനായ ഒരു യുവാവായിരുന്നു. ലക്ഷംവീട് കോളനിയിലാണ് താമസം, സ്നേഹസമ്പന്നയായ ഭാര്യയും, രണ്ടു പെൺമക്കളും അടങ്ങിയ കുടംബം. ജീവിതം വഴിമുട്ടി നില്ക്കുന്നു.

ഗോപി പറഞ്ഞു തുടങ്ങി: “കൂട്ട ആത്മഹത്യ നിശ്ചയിച്ചുറച്ച് ഒരു രാത്രി, ഉറങ്ങുന്ന ഇളയ മകളെ എന്റെ തോളിലിട്ട്, മൂത്ത മകളെ എന്റെ ഭാര്യയും എടുത്ത് അടുത്തുള്ള റെയിൽവേ ട്രാക്കിലേക്ക് ഞങ്ങൾ നടന്നു. ട്രെയിൻ വരുന്നതും കാത്ത് നിൽക്കുമ്പോൾ തോളിൽ കിടന്ന ഇളയ മകൾ ഉണർന്ന് കരയാൻ തുടങ്ങി. ദുഃഖിതയായ എന്റെ ഭാര്യ പറഞ്ഞു: ഈ പിഞ്ചു കുഞ്ഞിനെ എങ്ങനെ ഹോമിക്കും. അടുത്തുള്ള ഏതെങ്കിലും വീടിന്റെ വരാന്തയിൽ ഉറക്കിക്കിടത്തിയിട്ട് നമുക്ക് മടങ്ങി വരാം. ആ യാത്ര ഒരു നിമിത്തമായി. സങ്കട കടലിലായിരുന്ന ഞങ്ങൾ ജീവിതം അവസാനിപ്പിക്കുന്നത് തല്ക്കാലം വേണ്ടന്നുവച്ചു. കുഞ്ഞുങ്ങളെ എങ്ങനെയും ഒരു നിലയിൽ എത്തിക്കുംവരെ ജീവിക്കണം.

പക്ഷെ, പ്രതിസന്ധികൾ ഒന്നിനു പിന്നാലെ ഒന്നായി ഓടി എത്തികൊണ്ടിരുന്നു. എയ്ഡ്സ് രോഗിയാണ് താനെന്ന് ആരെയും അറിയിക്കാതെ, ആഴ്ചയിൽ രണ്ടു ദിവസം ഞാൻ കൂലിപ്പണിക്കു പോകും. എന്റെ ഭാര്യ ഇത്തിരി അകലെ ഒരു സമ്പന്ന വീട്ടിൽ പരിചാരികയാണ്. ഇങ്ങനെ കണ്ണീരും ദുഃഖവുമായി ഞങ്ങൾ ജീവിച്ചുവന്നു. ഒരു സായം സന്ധ്യയിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽനിന്ന് സബ് ഇൻസ്പെക്ടറും, ഒരു കോൺസ്റ്റബിളും ഞങ്ങളുടെ സമീപത്തുള്ള നാല്ക്കവലയിലെത്തി. പോലീസ് ജീപ്പ് നിർത്തി സബ് ഇൻസ്പെക്ടർ ആക്രോശിച്ചു: ‘ആരാടാ എച്ച്. ഐ.വി പേഷ്യന്റ് ഗോപി? എവിടെ താമസിക്കുന്നു?’

വാർത്ത കാട്ടുതീ പോലെ നാടെങ്ങും പരന്നു. ആളുകൾ കൂട്ടം കൂട്ടമായി രഹസ്യം പറയുന്നു. പിറ്റെ പ്രഭാതത്തിൽ ഞങ്ങളുടെ വീടിനുനേരെ കല്ലേറുണ്ടായി. കിണറ്റിൽനിന്നു വെള്ളം കോരാൻപോലും അയലത്തെ

ആളുകൾ സമ്മതിക്കാതായി. ജീവിതം വീണ്ടും വഴിമുട്ടി. ആത്മഹത്യ യല്ലാതെ മറ്റുമാർഗ്ഗമില്ല."

സിബി തരകൻ നാംസ് അംഗമാണ്. ഞങ്ങൾ നാംസ് അംഗങ്ങൾ, ഡോ. സിബി യോടൊത്ത് അങ്ങാടി തെരുവിലെ ലക്ഷംവീടു കോളനി യിലെത്തി. ഗോപി കാപ്പിയും പലഹാരവുമൊരുക്കി ഞങ്ങളെ കാത്തിരി ക്കുന്നുണ്ടായിരുന്നു. അവരുടെ കണ്ണീരിൽ കുതിർന്ന കഥ, ഞങ്ങൾ നിറ മിഴികളുമായി കേട്ടിരുന്നു. ഗോപിയുടെ ഭാര്യയുടെ അപേക്ഷ ഇതായി രുന്നു. ഇപ്പോൾ നാട്ടിലാരും അവരെ ഒരു പണിക്കും വിളിക്കാതെയായി. മുഴുപ്പട്ടിണിയാണ്. ഇനി ഒരാഗ്രഹം മാത്രം മക്കളെ എങ്ങനെയും നേഴ് സിങ് പഠിപ്പിക്കണം. മൂത്തമകൾ മിലിട്ടറി നേഴ്സ് ആയാൽ മതി. അവൾ കുടുംബം നോക്കി നടത്തും. അതുവരെ പട്ടിണി അകറ്റി അവരെ വളർത്തണം.

രോഗത്തിന്റെ ഗൗരവമൊന്നും അറിയാത്ത കുഞ്ഞുങ്ങൾ അപ്പനെ കെട്ടിപ്പിടിച്ച് കൂടെ ഉണ്ടായിരുന്നു. അവർ കഥ പറഞ്ഞവസാനിപ്പിച്ചു: "മൂവായിരം രൂപ ഒരു മാസം ലഭിച്ചാൽ ഞങ്ങൾ ക്ഷേമമായി മക്കളെ പോറ്റി പഠിപ്പിച്ച്കൊള്ളാം."

കോഴഞ്ചേരി നാംസ് യൂണിറ്റ് ഗോപിയുടെ കുടുംബത്തെ ദത്തെ ടുത്തു. അന്നു മുതൽ പ്രതിമാസം 3000 രൂപ, മാസത്തിന്റെ ആദ്യ ആഴ്ച യിൽ ഗോപിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും. പക്ഷെ ഒന്നൊ ന്നായി ദൗർഭാഗ്യം അവരെ വേട്ടയാടി. നാംസ് അവരോടൊപ്പം നിന്നു. കടം വീട്ടാൻ വീണ്ടും 12000 രൂപ അവർക്കു നല്കി. താമസിയാതെ ഗോപിയുടെ സ്നേഹസമ്പന്നയായ ഭാര്യ രോഗശയ്യയിലായി. അവരുടെ 'യൂട്രസ് റീമൂവൽ' ശസ്ത്രക്രിയ അടുത്തുള്ള പ്രൈവറ്റ് ആശുപത്രി യിൽ നടത്തി. 3 മാസത്തെ റസ്റ്റിലാണവർ. ഗോപിക്കും ഭാര്യ രാധയ്ക്കും മുന്നിൽ ഒരേയൊരു സ്വപ്നമാണ്; മക്കളെ പഠിപ്പിച്ച് മിടുക്കരാക്കണം. ഗോപിയും കുടുംബവും നാംസ് യൂണിറ്റിൽ ഇടയ്ക്കിടയ്ക്ക് എത്താറുണ്ട്. ഓണവും ക്രിസ്തുമസും നാംസ് അംഗങ്ങളുടെ വീട്ടിൽ ഒത്തൊരുമിച്ച് ആഹാരം കഴിക്കും. ഗോപിയുടെ ചികിത്സ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെ 'ഉഷസ്' കേന്ദ്രത്തിലാണ്. ഗോപിയെപ്പോലെ ആയിരം എച്ച്.ഐ.വി. രോഗികളാണ് അവിടെ ചികിത്സ തേടുന്നത്.

കേരളത്തിലെ വിവിധ ഗവ.ഹോസ്പിറ്റലുകളിൽ ഗോപിയെപ്പോലെ ചികിത്സ തേടുന്ന അനേകം രോഗികളുണ്ട്. **എച്ച്.ഐ.വിക്കാർക്ക് ആശ്ര യസങ്കേതമൊരുക്കാൻ** 'സഭയുടെ സുവിശേഷത്തിന്റെ കൂട്ടുവേലക്കാ രനും', മാർ ഒസ്താത്തിയോസിന്റെ ഇഷ്ടശിഷ്യനുമായ വന്ദ്യ ഫിലിപ്പ് റമ്പാച്ചന്റെ നേതൃത്വത്തിൽ കഠിനാദ്ധ്വാനം ആരംഭിച്ചു കഴിഞ്ഞു. താമ

സിയാതെ; 'കുണിഗലിലെ ദയാ ഭവൻ' പോലെ കേരളത്തിലും ഒരു കേന്ദ്രം ഉയരട്ടെ. മാർ ഒസ്താത്തിയോസിന്റെ പൂർത്തീകരിക്കാത്ത സ്വപ്നങ്ങൾ നമുക്കു നിറവേറ്റാം.

കോട്ടയം നാംസ് ദത്തെടുത്ത്, മാർ ഏലിയാകത്തീഡ്രൽ പെൻഷൻ നല്കുന്ന മറ്റൊരു കുടുംബത്തിന്റെ ദുഃഖകഥകൂടി പങ്കുവെയ്ക്കാം. **കൃശഗാത്രനായ ഗോപാലകൃഷ്ണൻ ഒരു ലോഡിങ് തൊഴിലാളിയായിരുന്നു.** ഒരു അശുഭദിനം, 70 കിലോ തൂക്കമുള്ള ഒരു അരിച്ചാക്ക് ലോറിയിൽ നിന്നു തലയിൽ പേറി, അയാൾ റേഷൻകടയിലെ കവാടം കടക്കുകയായിരുന്നു. കടയുടെ, തട്ടി ഉയർത്തി കൊളുത്തുന്ന കൊളുത്തിൽ, അരിചാക്ക് ഉടക്കി. കടയുടെ വാതിൽക്കൽ റേഷൻവാങ്ങാൻ അനേകരുണ്ട്. അവർക്ക് അപകടം സംഭവിക്കാതിരിക്കാൻ ഗോപാലകൃഷ്ണൻ ചാക്ക് പിന്നിലേക്ക് മറിക്കാൻ നോക്കി. ഓടയിൽ അടിച്ച് വീണ്, മുകളിൽ അരിച്ചാക്കും പതിച്ചു. നട്ടെല്ലു തകർന്ന ഗോപാലകൃഷ്ണൻ 19 വർഷമായി കിടന്ന കിടപ്പിലാണ്. സ്നേഹസമ്പന്നയായ ഭാര്യ ഓമന, ഗോപാലകൃഷ്ണനെ ശുശ്രൂഷിക്കുന്നു. പുതുപ്പള്ളി ചാരിറ്റബിൾ ക്ലബ്ബ് ഗോപാലകൃഷ്ണന് പാലിയേറ്റീവ് കെയർ നൽകുന്നു. ഭക്ഷണക്കിറ്റ് നാംസ് നേരത്തെ നൽകുന്നുണ്ടായിരുന്നു.

വിധി വീണ്ടും അവർക്കെതിരായി വിളയാടി. ഗോപാലകൃഷ്ണന്റെ ഏകപുത്രൻ ഒരു സൈനികനായിരുന്നു. ആയുസിന്റെ മദ്ധ്യത്തിൽവച്ച് അവൻ അപകടത്തിൽ മരണപ്പെട്ടു. മകന്റെ ഭാര്യയും രണ്ടു മക്കളും, അവളുടെ വീട്ടിൽ, സൈനികന് സർക്കാർ നല്കുന്ന പെൻഷൻ കൊണ്ടു അവർ പുലരുന്നു.

നാംസ് യൂണിറ്റുകളുടെ പെൻഷൻ പദ്ധതിയിൽ പുലരുന്ന അനേക കുടുംബങ്ങളിനിയുമുണ്ട്. കൊട്ടാരക്കര വടവുകോട് യൂണിറ്റ് ഒരു വിധവയുടെ കുട്ടികൾക്കായി 1 ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ചു, പതിനായിരം രൂപ പെൻഷനും നൽകി വരുന്നു. ഏനാത്ത് യൂണിറ്റ് 18 വിധവകൾക്കു പ്രതിമാസം 500 രൂപാ പെൻഷൻ നല്കുന്നു. വടക്കൻ മേഖലകളിലെ യൂണിറ്റുകളും പെൻഷൻ പദ്ധതി തുടരുന്നു.

### V. പാർപ്പിടം പദ്ധതി

അടുത്തകാലത്ത് കേരളത്തിൽ നടന്ന ഒരു സർവ്വേയിൽ വെളിപ്പെട്ട വിവരം ഉത്കണ്ഠാകുലമാണ്. മലയാളക്കരയിൽ 40% കുടുംബങ്ങൾക്ക് രാപാർക്കാൻ സ്വന്തമായി ഇടമില്ല. ഐ നാംസ് പാർപ്പിടം പദ്ധതിക്കു തുടക്കം കുറിച്ചു.

പുത്തൂർ യൂണിറ്റ് ബാബു ഉമ്മന്റെ (കൊല്ലം) നേതൃത്വത്തിൽ 5 വീടു

കൾ പാർപ്പിടമില്ലാത്തവർക്കു നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയിൽ ആദ്യത്തെ ഭവനം പണിപൂർത്തിയായി കിടക്കുന്നു. രണ്ടാമത്തെ പാർപ്പിടം പണി ഉടൻ തുടങ്ങും. തിരുവനന്തപുരം യൂണിറ്റ് ഓരോ വർഷവും പാർപ്പിട നിർമ്മാണം തുടരുന്നു. കോത്തല യൂണിറ്റ് അനാഥ യായി തീർന്ന ഒരു സ്ത്രീയുടെ കുടുംബത്തിന് വീടും സ്ഥലവും വാങ്ങി കൊടുത്തതിന് 5½ ലക്ഷം രൂപ ചെലവഴിച്ചു. പാമ്പാടി യൂണിറ്റ്, കുര്യാ ക്കോസ് ഗ്രിഗോറിയോസ് ചാരിറ്റബിൾ സൊസൈറ്റിയുമായി ചേർന്ന് 6½ ലക്ഷം രൂപ ചെലവിൽ, ഒരു വീട് നിർമ്മിച്ചു നല്കി. ഏനാത്ത് യൂണിറ്റ്, 2015-ൽ വീടുവയ്ക്കുന്നതിനായി ഒരു നിർധന കുടുംബത്തിന് 80000/- രൂപ സഹായധനം നല്കി.

**മയിലാടുംകുന്നിലെ (പാത്താമുട്ടം) അശ്വതി ഹതഭാഗ്യയായ മറ്റൊരു വിധവയായിരുന്നു.** കോട്ടയം നാംസിന്റെ സഹായം തേടി അ വൾ 2010-ലെ ഒരു ശിശിരകാല സായാഹ്നത്തിലാണ് എത്തിയത്. ആ കുടുംബത്തെ ദത്തെടുത്ത് ഭക്ഷണ സാധന കിറ്റ് കൊടുത്തുവന്നു. രണ്ട് ആൺമക്കളാണവൾക്ക്. പറക്കപറ്റാത്ത കുട്ടികൾ. ഭർത്താവ് ഒരു മുക്കു ടിയനായിരുന്നു. കരൾ രോഗം ബാധിച്ചയാൾ യൗവന കാലത്തു തന്നെ മരണപ്പെട്ടു. പാർപ്പിടം പദ്ധതിയിൽ അശ്വതി ഒരു അപേക്ഷ നല്കി. നാംസിന്റെ നിബന്ധന അനുസരിച്ച് കോട്ടയം യൂണിറ്റിലെ 3 പേർ അന്വേ ഷണത്തിനായി അവളുടെ കുടിലിലെത്തി. മണ്ണുകൊണ്ട് മെനഞ്ഞ ഒരു വീട്. പഴകി ദ്രവിച്ച കട്ടിളയിൽനിന്നും വിട്ടുനില്ക്കുന്ന മൺഭിത്തികൾ. അടുക്കളപ്പുറം ഇടിഞ്ഞു കിടക്കുന്നു. ഒരു സിൽപ്പോളിൻ കൊണ്ടു മറ ച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ, ഉറക്കത്തിൽ വീടിന്റെ ഭിത്തി ഇടിഞ്ഞ് തന്റെ മക്കൾക്ക് ജീവഹാനി സംഭവിച്ചാലോ എന്നു ഭയന്ന അശ്വതി, തന്റെ മക്കളുടെ കൈപിടിച്ച്, അയൽ വീടുകളുടെ വരാന്തയിലാണ് അന്തിയു റങ്ങിയിരുന്നത്. ഈ വീടിനോടു ചേർന്ന്, നിറം മങ്ങിയ പഴയ സാരി കൊണ്ട് ചുറ്റിമറച്ചിരുന്ന ഒരു മറപ്പുരയാണ് അവരുടെ ടോയിലറ്റ്. അശ്വ തിക്കൊരു പാർപ്പിടം പണിഞ്ഞു നല്കാൻ കോട്ടയം യൂണിറ്റ് അംഗങ്ങ ളിൽനിന്നും ദശാംശം സ്വരൂപിച്ചു. ദൈവത്തിന്റെ അനന്തമായ കൃപ കൂട്ടി നെത്തി. കോൺട്രാക്ടറായ ഒരു നാംസ് അംഗം അദ്ദേഹത്തിന്റെ തൊഴി ലാളികളെ പണിക്കായി വിട്ടു നല്കി. തുടർന്നുള്ള ഒരു മാസം അവിടെ ഉത്സവത്തിന്റെ പ്രതീതിയായിരുന്നു. ഇഷ്ടികയും, മണലും, പാറപ്പൊ ടിയും, സിമന്റും എല്ലാം ഇറക്കുന്ന ചുമട്ടുതൊഴിലാളികൾ, കൂലി കൈപ്പ റ്റാതെ, സൗജന്യമായി സാധനങ്ങൾ ഇറക്കിക്കൊടുത്തു. കരിങ്കല്ലു കൊണ്ട് അടിത്തറ കെട്ടിയിടത്ത്, അയലത്തെ യുവാക്കൾ മണ്ണു നിറച്ചു കൊടുത്തു. തറ നിരപ്പാക്കി. നാംസിന്റെ രണ്ട് അംഗങ്ങളും അശ്വതിയും മക്കളും മെയ്ക്കാടായി നിന്ന് പണി തുടങ്ങി. അരിയും കപ്പയും പലച

രക്കും പച്ചക്കറിയും കയറ്റി ഓരോ നാംസ് അംഗവും ഓരോ ദിവസവും മേസ്തിരിമാരെയും കയറ്റി, 8 മണിക്ക് പണിസ്ഥലത്തെത്തും. അതുവഴി സൈക്കിളിൽ കൊണ്ടുവരുന്ന മീൻകാരനോട് ഒരു കിലോ മത്തി വാങ്ങി അശ്വതി കറിവെയ്ക്കും. അയലത്തെ പാത്രങ്ങൾ വാങ്ങി പണിതീരാത്ത വീട്ടിനുള്ളിലിരുന്ന്, ശ്രമദാനം നല്കുന്നവരും, പണിക്കാരും, നല്ല അയല്ക്കാരും ഒത്തൊരുമിച്ച് ഉച്ച ഭക്ഷണം കഴിക്കും. ഒരു മാതൃകാ കൂട്ടായ്മയായിരുന്നു. 5½ മണിക്ക് പണി കയറി, കാപ്പിയും കപ്പയും കഴിച്ച് ഞങ്ങൾ മടങ്ങിപ്പോരും.

രണ്ട് കൊച്ചു കിടപ്പു മുറികൾ, ഒരു ചെറിയ ഹാൾ, ചെറിയ അടുക്കള, ഒരു ടോയ്ലറ്റ് (വീടിനുള്ളിൽ). അലൂമിനിയം ഷീറ്റുകൊണ്ടു മേല്ക്കൂര മേഞ്ഞു. ഒരു മാസത്തിനുള്ളിൽ വീട് അണിഞ്ഞൊരുങ്ങി. 2014 ഡിസംബർ മാസത്തിൽ ദേവലോകം അരമന ഓഡിറ്റോറിയത്തിൽവച്ചു നടന്ന 'അൻപ് സ്നേഹ കൂട്ടായ്മ'യിൽ അശ്വതിക്ക് താക്കോൽ ദാനം നിർവ്വഹിച്ചു. മോഹൻ ജോസഫച്ചൻ ഗൃഹപ്രവേശന കർമ്മം നിർവ്വഹിച്ചു. ഒരു സ്വർഗ്ഗം കിട്ടിയ വാശിയിൽ അശ്വതിയും മക്കളും നാംസ് പാർപ്പിടത്തിൽ വാണരുളുന്നു.

**അടുത്ത വീടിന്റെ നിർമ്മാണം** മൂന്നു ദിവസങ്ങളക്ക് മുമ്പ് സമാരംഭിച്ചു – **കുമരംകോട് സിനിക്കും മക്കൾക്കും വേണ്ടിയുള്ള പാർപ്പിടം.**

പുതുപ്പള്ളിക്കടുത്ത് കുമരംകോട്, ഒരു കൂട്ടു കുടുംബം, സ്നേഹത്തോടെ പുലരുകയായിരുന്നു. തെളിഞ്ഞ മാനത്തിൽ ഒരു വെള്ളിടി പോലെ, ഒരു ദുരന്തം അവരുടെമേൽ വന്നണഞ്ഞു. ഒരു സായാഹ്നത്തിൽ ഭാര്യയെയും മൂന്നു മക്കളെയും അവളുടെ വീട്ടിലാക്കി, മദ്യത്തിൽ മുങ്ങി വീട്ടിലണഞ്ഞ് ഗൃഹനാഥൻ പുരുയുടെ മോന്തായത്തിൽ ഭാര്യയുടെ ഒരു നൈറ്റികെട്ടി, അതിൽ ജീവനൊടുക്കി. **അങ്ങനെ സിനി (26) ഒരു വിധവയായി.** അവളുടെ മൂന്നു പിഞ്ചുകുഞ്ഞുങ്ങളും അനാഥരായി. കോട്ടയം നാംസ് യൂണിറ്റിനോടു അവളൊരു സഹായാഭ്യർത്ഥന നടത്തി. ഉടൻതന്നെ നാംസ് ഭക്ഷ്യ സാധന കിറ്റ് പദ്ധതിയിൽ അവരെയും ചേർത്തു. അവരുടെ അപേക്ഷ **പ്രകാരം പാർപ്പിടം പദ്ധതിയിൽ ഉൾപ്പെടുത്തി** അവർക്കൊരു കൂര നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. സിനിയുടെ – ദുരനുഭവം കേട്ടവരെല്ലാം ഗദ്ഗതത്തിൽ അലിഞ്ഞു. ക്രിസ്തുവിന്റെ ഉപാധിയില്ലാത്ത സ്നേഹം അവർക്കും പങ്കുവച്ചു. അന്ന് ഞങ്ങൾ ദുഃഖത്തോടെ പടിയിറങ്ങുമ്പോൾ ഒന്നും മനസ്സിലാകാത്ത പിഞ്ചുകുഞ്ഞുങ്ങൾ കോലായിൽ ഓടിക്കളിക്കുന്നുണ്ടായിരുന്നു.

കോട്ടയം നാംസ് യൂണിറ്റ് **ആദ്യത്തെ പാർപ്പിടം പണിതീർത്തു കൊടുത്തത് അനാഥനായ മുരുകനു വേണ്ടിയാണ്.** അവൻ നാംസിന്റെ

വിദ്യാ പദ്ധതിയിൽ ബി.കോം ഒന്നാം വർഷം പഠിക്കുന്ന നാളിൽ അവന്റെ (അമ്മയെ ഉപേക്ഷിച്ചു പോയ) അപ്പന്റെ വീതത്തിലുള്ള ഇടിഞ്ഞു പൊളിഞ്ഞ ഒരു മുറിയിലാണ്, വൈദ്യുതി കണക്ഷൻ പോലുമില്ലാതെ, അവൻ കിടന്നുറങ്ങിയിരുന്നത്. അവന്റെ അപേക്ഷ പ്രകാരം, രണ്ടു മുറികൾ ഷീറ്റിട്ട് ജനൽവച്ച്, ബാത്ത്റൂം ചേർത്തു പണിതു നല്കി.

പക്ഷെ, മുരുകന്റെ പാർപ്പിടം കഥയിൽ ഒരു സങ്കടമുണ്ട് , മുരുകന്റെ അപ്പനും മുരുകനുമായി പിണക്കമായിരുന്നു. ഒരു ദിനം അപ്പനില്ലാത്ത തക്കം നോക്കി, മുരുകന്റെ മുറികളോടു ചേർന്നുള്ള അവന്റെ അപ്പന്റെ വീട് മുരുകൻ പൊളിച്ചു കളഞ്ഞു. കോപം മൂത്ത അപ്പൻ, മുരുകന് നാംസ് ഒരുക്കിക്കൊടുത്ത പാർപ്പിടത്തിന്റെ ഒരു ഭാഗം തകർത്തുകളഞ്ഞു. അതു പുതുക്കി പണിയാൻ അനുവദിക്കാതെ ഉള്ള ഇടത്തിൽ മുരുകൻ അന്തി ഉറങ്ങുന്നു.

**vi. മംഗല്യം പ്രോഗ്രാം (വിവാഹ സഹായ പദ്ധതി)**

**നമിത ഒരു അനാഥാലായത്തിലാണ് വളർന്നത്.** യഥാർത്ഥത്തിൽ അവൾ സനാഥയായിരന്നു. മാതാപിതാക്കളുടെ സാമ്പത്തിക തകർച്ചയായിരുന്നു അവളെ ഒരു ഗേൾസ് ഹോമിലെത്തിച്ചത്. അപ്പൻ ഒരു ചുമട്ടുതൊഴിലാളിയായിരുന്നു. നിഷ്കളങ്കൻ. പക്ഷെ പ്രഭാതം മുതൽ മദ്യപിക്കണം. കിഴക്ക് വെള്ളകീറുംമുമ്പ് ഒരു പെഗ്ഗ് കഴിച്ചെങ്കിലെ അപ്പന്റെ വിറയൽ മാറികിട്ടൂ. എങ്കിലും നാലു മണി പ്രഭാതത്തിലുണർന്ന്, ആഹാരം പാകം ചെയ്ത്, പുത്രന് പൊതികെട്ടി, അപ്പൻ മകനെ സ്കൂളിലയക്കും. നമിതയുടെ അമ്മ നോക്കെത്താത്ത ദൂരത്ത് ഒരിടപ്രഭുവിന്റെ വീട്ടിലെ പരിചാരികയാണ്. മകളുടെ വിവാഹത്തിനുവേണ്ടി എന്തെങ്കിലും ഒന്ന് സമ്പാദിക്കാമെന്ന് കരുതി കാലേക്കൂട്ടി നാടുവിട്ടു, വിമാനം കയറി. അമ്മയുടെയും അപ്പന്റെയും സ്നേഹം കിട്ടാതെ ഗേൾസ് ഹോമിൽ ഒരു 'ഒറ്റയാനെ'പ്പോലെ അവൾ വളർന്നു. ഒരു നോട്ടീ ഗേൾ. വാർഡന്മാരുടെ കണ്ണിലെ കരടായിരുന്നു അവൾ.

നമിതയുടെ മാതാപിതാക്കളുടെ ആഹ്വാനപ്രകാരം കോട്ടയം നാംസ് യൂണിറ്റ് അവളെ (ദത്തെടുത്തു) കൂടെകൂട്ടി. പത്താം ക്ലാസ്സിൽ എത്തുന്നതിനു മുൻപെ, അവളെ ഒരു കത്തോലിക്കാ ഹോസ്റ്റലിലാക്കി, നാംസ് അവൾക്ക് 'റിമെഡിയൽ കോച്ചിങ്ങ്' നല്കി. ഹോസ്റ്റലിൽ അവൾ പലവുരു പ്രശ്നങ്ങൾ സൃഷ്ടിച്ചു. രക്ഷാകർത്തൃസ്ഥാനത്തുള്ള നാംസ് അംഗങ്ങൾ തുടരെ ഹോസ്റ്റൽ കയറി ഇറങ്ങി. പത്താം ക്ലാസ്സിൽനിന്നും പാസ്സാകാൻ മാത്രമുള്ള മാർക്കുവാങ്ങി അവൾ ജയിച്ചു പുറത്തു വന്നു. നമിതയ്ക്ക് XI ക്ലാസ്സിലേക്കുള്ള അഡ്മിഷൻ ഒരു പ്രശ്നമായി. അവൾ പഠിച്ചുവന്ന സ്കൂളിൽ അഡ്മിഷൻ നല്കില്ലെന്ന് പ്രിൻസിപ്പൽ ബലം

പിടിച്ചു. മാനേജ്മെന്റിൽ പരാതി നല്കി. പിന്നിൽനിന്നും, നല്ലവരായ മാനേജ്മെന്റ് പ്രതിനിധികളുടെ ഇടപെടലിൽ, അവൾക്ക് അഡ്മിഷൻ തരപ്പെട്ടു. ഹുമാനിറ്റീസ് ഗ്രൂപ്പ് തെരഞ്ഞെടുത്ത നമിതയ്ക്ക് ട്യൂഷൻ നല്കാൻ നാംസിലെ ലേഡീ പ്രൊഫസേഴ്സ് അവൾ താമസിക്കുന്ന ഹോസ്റ്റലിൽ കയറിയിറങ്ങി.

ഇതിനിടയിൽ ഓണം, ക്രിസ്തുമസ്, മിഡ് സമ്മർ അവധികാലങ്ങളിൽ വീട്ടിൽ വരുന്ന നമിത, ബസ്സിലെ കണ്ടക്ടറുമായി പ്രണയത്തിലായി. 11–ാം ക്ലാസ്സിൽ ഒരു വിഷയത്തിനു തോറ്റു. സപ്ലിമെന്ററി പഠിപ്പിച്ച് പാസ്സായി. 12–ാം ക്ലാസ്സിലായിട്ടും അവളൊരു പ്രോബ്ളം ചൈൽഡ് ആയിരുന്നു. നാംസ് അംഗങ്ങൾ ഓരോ വിഷയവും പഠിപ്പിച്ചിട്ടും, ഇംഗ്ലീഷ് വിഷയത്തിനു അവൾ തോറ്റു. സപ്ലിമെന്ററി എഴുതിച്ച് മധുരയിലെ ഒരു പ്രൈവറ്റ് നേഴ്സിങ് സ്കൂളിൽ അഡ്മിഷൻ തരപ്പെടുത്താൻ യൂണിറ്റംഗങ്ങൾ തിരക്കിട്ടോടി. ഇതിനിടയിലവൾ തന്റെ കമിതാവുമായി ഒളിച്ചോടി. പോലീസ് അന്വേഷിച്ച് പിടികൂടി. ഇനി അവരുടെ വിവാഹം നടത്തുക തന്നെ കാമ്യം, എന്നവരുടെ രക്ഷാകർത്താക്കൾ ഉറച്ചു. ആലോചനയിൽ നാംസ് അംഗങ്ങളും ഭാഗഭാക്കായി. വധുവരന്മാരെ ഒരാഴ്ച നീണ്ടു നില്ക്കുന്ന പ്രീമാരിറ്റൽ കൗൺസിലിങ്ങിനയച്ചു. രണ്ടുപേരും താല്പര്യത്തോടെ കൗൺസിലിങ്ങിനു പോയി. ഒരു ലക്ഷം രൂപ വരന് കല്യാണ ച്ചെലവിനു കൊടുക്കണം. നാലു പവൻ സ്വർണ്ണം വേണം. ആടയാഭരണങ്ങളും പുഷ്പപാദുകങ്ങളും എല്ലാം ദൈവസഹായംകൊണ്ട്, അവളുടെ ആഗ്രഹമനുസരിച്ച് വാങ്ങിക്കൊടുത്തു.

ബ്യൂട്ടീഷൻ വിവാഹത്തിന് ഒരുക്കണമെന്ന് നമിത വാശിപിടിച്ചു. അങ്ങനെ മോടിയായി അണിഞ്ഞൊരുങ്ങി ഒരു സ്വപ്നകന്യകപോലെ നമിത നാംസിന്റെ അലങ്കരിച്ച വാഹനത്തിൽ വിവാഹത്തിനു പുറപ്പെട്ടു. ഒരു ലക്ഷം രൂപ വരനു നല്കാൻ അവളുടെ അമ്മയുടെ യജമാനനെ ഏർപ്പാടാക്കി. വിവാഹത്തിനുശേഷം ഫ്രൈഡ് റൈസ് & ചിക്കൻ. അവരുടെ ഇഷ്ടം നടത്തി. അനുഗ്രഹാശിസുകളോടെ നമിത മാംഗല്യവതിയായി. നമിതയുടെ അമ്മയ്ക്ക്, മകളുടെ വിവാഹത്തിന് സംബന്ധിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ നാലു മാസങ്ങളായി അവൾ അമ്മയാകാനുള്ള ഒരുക്കത്തിലാണ്.

ദൈവം ഏൽപ്പിച്ച ഒരു നിയോഗം പൂർത്തിയായ സാഫല്യത്തോടെ നാംസ് അംഗങ്ങൾ നമിതക്കു തുണയായി. നമിത ഇന്നു സനാഥയാണ്. ഒരു പുതുനാമ്പുകൂടി അവരുടെ കുടുംബ വല്ലരിയിൽ മുളയ്ക്കുന്നു. സ്നേഹം കിട്ടാത്ത നമിത സ്നേഹത്തിൽ പൊതിഞ്ഞ് അവളുടെ കുഞ്ഞിനെ വളർത്താൻ പ്രിയതമനോടൊപ്പം ഒരു പടപ്പുറപ്പാടിലാണ്.

ക്രിസ്തുവിന്റെ ഉപാധിയില്ലാത്ത സ്നേഹം അവരെ അതിനു പ്രാപ്ത രാക്കട്ടെ. ഇതാണ് നാംസിന്റെ നടാടെയുള്ള മംഗല്യ നിർവൃതി.

**ഇനി, മംഗല്യവതിയായ റാഹേലിന്റെ കഥ കൂടി കേൾക്കൂ!**

സൂര്യൻ പടിഞ്ഞാറേ ചെരിവിൽ അസ്തമയത്തിനായി കോപ്പുകൂട്ടു ന്നു. രണ്ടാം ശനിയാഴ്ച 4 മുതൽ 5 മണി വരെയാണ് കോട്ടയം നാംസിന്റെ പ്രതിമാസയോഗം. യോഗം കഴിഞ്ഞിറങ്ങുമ്പോൾ, റാഹേ ലിന്റെ അമ്മയുടെ ഡോക്ടർ, നാംസ് കോട്ടയം യൂണിറ്റംഗങ്ങളോടായി ഒരഭ്യർത്ഥന വച്ചു: “റാഹേലിന്റെ അമ്മയ്ക്ക് കരൾ ചുരുങ്ങുന്ന രോഗ മാണ്. അപ്പൻ പെയിന്റിംഗ് ജോലി ചെയ്ത് കഴിയുന്ന ആൾ. പണിയുള്ള ദിവസങ്ങൾ ചുരുക്കം. ഉള്ള ദിവസങ്ങളിലും പണി കഴിഞ്ഞ് ക്ഷീണം തീർത്ത് അപ്പൻ വീട്ടിലെത്തുമ്പോഴേക്കും കാര്യമായൊന്നും പോക്കറ്റി ലുണ്ടാവില്ല. മഴക്കാലത്തു വെള്ളം കയറുന്ന ഒരു സാധാരണ വീട്ടിൽ കഴിയുന്നു. വളരെ പണിപ്പെട്ടാണവർ റാഹേലിന്റെ ജേഷ്ഠത്തിയെ വിവാഹം കഴിപ്പിച്ചയച്ചത്. ജേഷ്ഠത്തിയ്ക്കായി S.B.T. ബാങ്കിൽ നിന്നെ ടുത്ത ലോണിന്റെ പലിശപോലും അടയ്ക്കാൻ അടുത്തകാലത്തായി അവർക്ക് പറ്റുന്നില്ല. റാഹേലും പുരനിറഞ്ഞുനില്ക്കുന്നു. അഭ്യസ്തവി ദ്യയാണ്. തുച്ഛമായ ശമ്പളം. അവൾക്ക് നല്ലൊരു വിവാഹാലോചന ഉറ ച്ചിട്ടുണ്ട്. സ്വർണ്ണവും, ധനവുമൊന്നും ശരിയായിട്ടില്ല. നാംസിന്റെ സഹായം തേടുന്നു.”

നാംസിന്റെ ചിട്ടപ്രകാരം ഞങ്ങൾ ഭവനം സന്ദർശിച്ച് നിലപാടുകൾ ഉറപ്പിച്ചു. കോട്ടയം യൂണിറ്റ്, പണം കണ്ടെത്താൻ തിരക്കിട്ടു ശ്രമങ്ങൾ നടത്തി. പാമ്പാടി തിരുമേനിയുടെ ചരമകനക ജൂബിലിയുടെ ഭാഗമായി, 50 പെൺകുട്ടികൾക്ക് മംഗല്യമൊരുക്കുന്ന പദ്ധതിയിൽ റാഹേലിനെയും ചേർത്തെടുത്തു. കമ്മറ്റിയുടെ സൗമനസ്യത്തിന് നന്ദിചൊല്ലി പ്രാർ ത്ഥിച്ചു.

50000 രൂപയും 2 പവൻ സ്വർണ്ണവും വിവാഹത്തിനു മുൻപ്തന്നെ റാഹേലിനു കൊടുത്തു. അവൾ വിവാഹിതയായി. ഭർത്താവുമൊത്ത് മധുവിധു പങ്കിടുന്നു. 1 ലക്ഷം രൂപകൂടി ദമ്പതികൾക്ക് കിട്ടും:- പാമ്പാടി തിരുമേനിയുടെ ചരമകനക ജൂബിലി ആഘോഷങ്ങളുടെ സമാപന ത്തിൽ, ദമ്പതികൾ ഒന്നിച്ച് പങ്കെടുക്കുമ്പോൾ.

**vii. സൗഖ്യം പദ്ധതി (രോഗികൾക്കു ചികിത്സ)**

ഭാരതം സ്വതന്ത്രമായിട്ട്, ഏഴു പതിറ്റാണ്ടുകൾ പിന്നിടുകയാണ്. ഒരു സ്വതന്ത്രരാഷ്ട്രത്തിന്റെ, അടിസ്ഥാന പ്രമാണമാണ്: എല്ലാവർക്കും ആരോഗ്യം, ആഹാരം, വസ്ത്രം, പാർപ്പിടം. ഇതൊന്നും അനുഭവച്ചറി

യാൻ കഴിഞ്ഞിട്ടില്ലാത്ത ജനലക്ഷങ്ങൾ തെരുവോരങ്ങളിലും, കടത്തിണ്ണകളിലും, റെയിൽവേ സ്റ്റേഷനുകളിലും അന്തി ഉറങ്ങുന്നു. ഈ അനാഥരെ ദത്തെടുത്ത്, ക്രിസ്തുവിന്റെ ഉപാധിയില്ലാത്ത സ്നേഹം അവർക്കു പങ്കുവച്ച് സമൃദ്ധമായ ജീവിത്തിലേക്കവരെ മടക്കിക്കൊണ്ടുവരാൻ ഒരു ജന്മം മുഴുവൻ സമർപ്പിച്ച ക്രിസ്തുശിഷ്യനാണ്, മാർ ഒസ്താത്തിയോസ്.

1992-ൽ അഭി. ഒസ്താത്തിയോസ് തിരുമേനിക്ക് ഹൃദ്രോഗം അനുഭവപ്പെട്ടു. ഈ നാട്ടിലെ ലക്ഷക്കണക്കിന് ഹൃദ്രോഗികൾക്ക് പ്രാഥമിക ചികിത്സപോലും നല്കാൻ കഴിഞ്ഞിട്ടില്ലാത്ത ഇടത്തിൽ, ഒരു ബൈപാസ് സർജറിക്ക് തനിക്കുവേണ്ടി ലക്ഷങ്ങൾ മുടക്കാൻ അദ്ദേഹം തയ്യാറായില്ല. ശിഷ്യ തുല്യനായ ഡോക്ടർ പ്രസാദ് തോമസ് യു.എസിൽനിന്നും നാട്ടിലെത്തിയ സമയം, അദ്ദേഹം നിർബന്ധപൂർവ്വം തിരുമേനിയെ അമേരിക്കയിലേക്കുകൂട്ടികൊണ്ടുപോയി. സൗജന്യമായി ഓപ്പറേഷൻ നടത്തി മടങ്ങിയെത്തി. തിരുമേനിയെ ശുശ്രൂഷിക്കാൻ കൂടെപ്പോയത് വന്ദ്യ ഫിലിപ്പ് (അച്ചൻ) റമ്പാച്ചനായിരുന്നു. തിരുമേനിയുടെ ചികിത്സയ്ക്കായി ലോകത്തിന്റെ പലയിടങ്ങളിൽനിന്നും ഒഴുകിയെത്തിയ തുകകൊണ്ട് "സേവ് എ ഹാർട്ട് ഫൗണ്ടേഷൻ" പദ്ധതിക്കദ്ദേഹം രൂപം നൽകി. നിർധനരായ ഹൃദ്രോഗികളെ സഹായിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ സൗഖ്യദാനം സ്മരിച്ചുകൊണ്ട് നാട്ടിൽ മടങ്ങിയെത്തിയ തിരുമേനി രചിച്ച ഒരു ക്രിസ്തീയ ഗീതമാണ്:

"യേശുവെ എന്റെ ഹൃദയം, നിന്റെ രാജധാനിയായ് തീരണെ
ആശിഷം നല്കി, കേടുകൾപോക്കി രാജാവായങ്ങു വാഴണേ..."

ഈ സൗഖ്യദാന പദ്ധതിയുടെ ചുവടു പിടിച്ച് ഐ നാംസ് യൂണിറ്റുകൾ, രൂപം കൊടുത്താണ് 'സൗഖ്യം പദ്ധതി'. അതിനുള്ള ഫണ്ട് നല്കിയ സംഘാംഗങ്ങളിൽ അധികംപേരും, ഇങ്ങനെ സൗഖ്യം ലഭിച്ചവരായിരുന്നു. രോഗംബാധിച്ച് സഹായം പ്രതീക്ഷിച്ചു കഴിയുന്നവരെ, ചികിത്സ നല്കി (സൗഖ്യം നല്കി) സമൂഹത്തിൽ പുനഃപ്രതിഷ്ഠിക്കുന്ന പദ്ധതിയാണിത്.

**കോട്ടയം നാംസിന്റെ സൗഖ്യം പദ്ധതിയിൽ ആദ്യം ഇടം കണ്ടെത്തിയത് നെടുമറ്റത്തുള്ള (വാകത്താനം) ആനഅമ്മാവനാണ് (നാരായണ പണിക്കർ).** അവസാനമായി സൗഖ്യം ലഭിച്ച്, സമൃദ്ധമായ ജീവിതത്തിലേക്കു മടങ്ങി എത്തിയത് കുമാര ദാസും.

ഹതഭാഗ്യനായ നാരായണ പണിക്കരും(80) പത്നിയും കഴിഞ്ഞ കുറെ വർഷങ്ങളായി, ഐനാംസ് പരിയാരം യൂണിറ്റ് ദത്തെടുത്ത കുടുംബമാണ്. ഒരു പുരുഷായുസ് മുഴുവൻ, ആനക്കാരനായി ക്ഷേത്രപരിസരങ്ങളിലും, തടിമില്ലുകളിലും, വഴിയോരങ്ങളിലുംമൊക്കെ അദ്ദേഹം, വിവിധ മുതലാളിമാരുടെ ആനകളെ നോക്കി നടത്തി.

പൊക്കം കുറഞ്ഞ്, വെളുത്തു സുന്ദരനായ അമ്മാവൻ, 5 പവന്റെ ഒരു സ്വർണ്ണ മാലയും കഴുത്തിലണിഞ്ഞ്, അർദ്ധ നഗ്നനായി തന്റെ കട ഞ്ഞെടുത്ത ഉടലുംകാട്ടി, ആനക്കൊമ്പിൽ ഇടത്തെ കരവും, വലതു കൈയിൽ ആനത്തോട്ടിയുമായി നടന്നു നീങ്ങുന്ന കാഴ്ച ക്ഷേത്രപരി സരങ്ങളിൽ ഇന്നും ഒരു പഴമൊഴിയാണ്. ആനയെയല്ല, സുന്ദരനായ അമ്മാവനെയാണ് കാണികൾ കണ്ണുനിറയെ കണ്ടിരുന്നത്. ഒരി ക്കൽപോലും തന്റെ ആനകൾ ഇടയാതെ, മദ്യലഹരിയിൽ അവയെ ക്രൂര മായി ശിക്ഷിക്കാതെ, സ്നേഹത്തോടെ ആ ശുശ്രൂഷ അമ്മാവൻ നിർവ്വ ഹിച്ചു.

കാലം ദ്രുതഗതിയിൽ കടന്നു പോയത്, അമ്മാവനോ ആന ഉടമകളോ അറിഞ്ഞില്ല. വാർദ്ധക്യവും ജരാനരകളും അമ്മാവനെ തളർത്തി. നാല് യജമാനന്മാരെ ആനഅമ്മാവൻ സേവിച്ചു. ആരും അദ്ദേഹത്തിന്റെ തകർച്ചയിൽ താങ്ങായില്ല. കഴിഞ്ഞ 10 വർഷമായി അമ്മാവൻ ശയ്യാവ ലംബിയാണ്. പരിയാരം നാംസ് യൂണിറ്റ് ആനഅമ്മാവനെ ദത്തെടുത്തു. ഭക്ഷ്യധാന്യക്കിറ്റു നല്കി തുടങ്ങി. ക്ഷേമമായി കഴിഞ്ഞകൂടിയ അമ്മാ വനെ, ദൗർഭാഗ്യം പിൻതുടർന്നു. സ്ഥൂലഗാത്രനായ അമ്മാവൻ കുളിപ്പു രയിൽ തെറ്റിവീണു വലതുകാൽ രണ്ട് ഇടങ്ങളിൽ ഒടിഞ്ഞു. അമ്മാ വനെ ഞങ്ങൾ ആശുപത്രിയിൽ എത്തിച്ചു. പക്ഷെ അമ്മാവന്റെ ചലന ശേഷി വീണ്ടെടുക്കാൻ വൈദ്യശാസ്ത്രത്തിനായില്ല.

ഒരു സായംസന്ധ്യയിൽ അമ്മാവന്റെ അമ്മായി, തെരുവിലെ പഞ്ചാ യത്ത് ടാപ്പിൽനിന്നും നിറകുടവുമായി വരുമ്പോൾ, വീടിനുമുന്നിലുള്ള ഓടയിൽ വീണു. രണ്ടും കയ്യും ഒടിഞ്ഞു. കൃശഗാത്രയായ അമ്മായിയും ഇന്ന് രോഗശയ്യയിലാണ്. അമ്മാവനെയും അമ്മായിയെയും കൂടെ ഞങ്ങൾ പാമ്പാടി "ആശാകിരൺ" അഭയ ഭവനിലാക്കി. സർവ്വ സന്നാഹ ങ്ങളോടെ രണ്ടു മാസം അവർ ആകാശകിരണിൽ താമസിച്ചു. അവർക്കു ദൈവം മക്കളെയും നല്കിയില്ല. അവരുടെ നല്ല നാളുകളിൽ കൂടെനിന്ന സഹോദരങ്ങളും അവരെ കൈവിട്ടു. അമ്മായിക്കു പൂർണ്ണ സൗഖ്യമായ തോടെ നെടുമറ്റത്ത് വഴിയോരത്തുള്ള അവരുടെ പാർപ്പിടത്തിലേക്ക് മടങ്ങിപ്പോരണമെന്നവർ ശഠിച്ചു. ആശാകിരൺ ആംബുലൻസിൽ തന്നെ അവരെ പാർപ്പിടത്തിലെത്തിച്ചു. നാംസ് നല്കുന്ന ഭക്ഷ്യധാന്യക്കിറ്റും, മാർ ഏലിയാകത്തീഡ്രൽ പ്രതിമാസം നൽകുന്ന 1000 രൂപാ ചികിത്സാ സഹായവും, സർക്കാരു നല്കുന്ന ചെറിയ വാർദ്ധക്യകാല പെൻഷനു മായ്, അവർ സ്വഭവനത്തിൽ സാമാന്യം സന്തോഷമായി കഴിയുന്നു. പരി യാരം നാംസ് യൂണിറ്റ് അവർക്ക് 'അകമ്പടി സേവിക്കുന്നു'.

**സൗഖ്യം പദ്ധതിയിൽ ഒടുവിൽ ഇടം കണ്ടെത്തിയത് കുമാരദാസും**

**(48) കുടുംബവുമാണ്.** ഒരു അന്യദേശ തൊഴിലാളി, അരോഗദൃഢഗാത്രനാണ് കാഴ്ചയിൽ. മാർത്താണ്ഡത്തു നിന്ന് അദ്ദേഹത്തിന്റെ കുടുംബം പതിറ്റാണ്ടുകൾക്ക് മുൻപ് മലയാളക്കരയിലേക്കു കുടിയേറിയതാണ്. കുമാരദാസ് ഒരു റബ്ബർ ടാപ്പിങ് തൊഴിലാളിയാണ്. അദ്ധ്വാനശീലൻ. റബ്ബർതോട്ടം, സ്ലോട്ടർ ടാപ്പിങ്ങിനു കോൺട്രാക്ട് എടുത്ത് അത്യദ്ധ്വാനത്തിലൂടെ സമൃദ്ധമായി കഴിഞ്ഞുവന്നു. ഭാര്യ വിലാസിനി, മൂന്നു മക്കൾ. മൂത്തമകൾ മണർകാട് സെന്റ്. മേരീസ് കോളജിൽ ഡിഗ്രിക്കു പഠിക്കുന്ന ആതിരാ ദാസ്.

മൂന്നു മാസത്തിനു മുമ്പ്, മഴപെയ്യുന്ന ഒരു ദിനം. മേൽക്കൂരയിലെ ചോർച്ച മാറ്റാൻ , ഓട് ഇളക്കിയിടാൻ കുമാരദാസ് വാടക വീടിനുമുകളിൽ കയറി. ദ്രവിച്ചിരുന്ന പട്ടിക ഒടിഞ്ഞ് കുമാരദാസ് നിലംപതിച്ചു. നട്ടെല്ലിന് രണ്ട് പൊട്ടലുണ്ട്. കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സ. ആറു മാസം വിശ്രമം പറഞ്ഞിരിക്കുന്നു. വീടിന്റെ വാടക 3 മാസം കുടിശ്ശിക തീർക്കാനുള്ള പണം (13000 രൂപ) നാംസ് കോട്ടയം യൂണിറ്റു നല്കി. കിറ്റും, ക്ലോത്തും കൊടുത്ത് സഹായിച്ചു നില്ക്കുന്നു. മൂന്നു മാസം തികഞ്ഞപ്പോൾ മെല്ലെ ടാപ്പിങ്ങ് പണിക്കു പോകാനുള്ള പരിശ്രമത്തിലാണ്. X-ray എടുത്ത് ഡോക്ടറെ കണ്ടു. ചെറിയതോതിൽ പണി ചെയ്യാൻ പറ്റുമോ എന്ന് ശ്രമിച്ചുനോക്കാൻ ഡോക്ടർ ഉപദേശിച്ചു. ഐനാംസ് കോട്ടയം യൂണിറ്റിന്റെ 2015 ക്രിസ്തുമസ്സ് സ്നേഹ കൂട്ടായ്മയിൽ കുമാരദാസിന്റെ ഭാര്യയും സംബന്ധിച്ചു. തമിഴ് ബൈബിൾ, പാരായണം ചെയ്ത്, വിലാസിനിയാണ് മിറ്റിങ് തുടക്കം കുറിച്ചത്. ഇടവേളയിൽ അതിമനോഹരമായ ഒരു ക്രിസ്തീയ ഗീതവും അവൾ ആലപിച്ചു. കുടുംബം സ്നേഹത്തോടെ ഒരു പുതുജീവൻ പ്രാപിക്കുന്നു.

രോഗികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി മറ്റ് വിവിധ നാംസ് യൂണിറ്റുകളും നടത്തി വരുന്നു. തിരുവനന്തപുരം യൂണിറ്റ് M.G.R.C യുമായി കൈകോർത്ത് അനേകരോഗികളെ പുനരധിവസിപ്പിക്കുന്നു. പുത്തൂർ യൂണിറ്റ് കാരുണ്യാ മെഡിക്കൽ സ്കീമിൽ രോഗികളെ ആശുപത്രിയിലെത്തിച്ചു സഹായിക്കുന്നു. ഹരിപ്പാട് യൂണിറ്റ് ഒരു കിഡ്നി പേഷ്യന്റിന് 10000 രൂപ സഹായധനം നല്കി വരുന്നു. വൈശാഖ് യൂണിറ്റ് നൂറ് വൃദ്ധജനങ്ങൾക്ക് കാറ്ററാക് ഓപ്പറേഷൻ നിർവ്വഹിച്ച് കാഴ്ച നല്കി.

### viii. സ്നേഹ വെളിച്ചം (വീടുകൾക്ക് വൈദ്യുതി കണക്ഷൻ)

പുത്തൂർ യൂണിറ്റിന്റെ നിസ്തുലമായ ഒരു പദ്ധതിയാണിത്. അവിടുത്തെ ഗ്രാമങ്ങളിൽ വൈദ്യുതി എത്താത്ത ഒൻപതു വീടുകളിൽ, വയറിങ് നടത്തി കറണ്ടു കണക്ഷൻ എത്തിച്ചുകൊടുക്കുന്ന കർമ്മമാണിത്. മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ വായിക്കുയും എഴുതുകയും

ചെയ്തിരുന്ന വിദ്യാർത്ഥികൾക്ക് ഈ സ്നേഹ വെളിച്ചം സുവിശേഷ മായി ഭവിക്കുന്നു.

**ix. സല്ലാപം /ഫോൺമിനിട്രി**

ഏകാകികളായി കഴിയുന്ന വൃദ്ധജനങ്ങൾ, നിത്യരോഗികൾ എന്നി വർക്ക്, അവരുടെ ഭവനങ്ങളിലെത്തി സ്നേഹ കൂട്ടായ്മ പകരുന്ന പദ്ധ തിയാണ് സല്ലാപം. ഓരോ ആഴ്ചയിലും ഒരു ദിനം, ഒരു മണിക്കൂർ, ഓരോ ഏകാന്ത ഭവനത്തിലും നാംസ് അംഗങ്ങൾ പ്രാർത്ഥനയും, നാട്ടു വർത്തമാനങ്ങളുമായി, ധ്യാനിച്ചും, കളിച്ചും രസിച്ചും സമയം പങ്കുവെ യ്ക്കുന്നു. ദൂരത്തിൽ കഴിയുന്ന അൻപ് സഹോദരങ്ങളോട് ഫോണിലാണ് സല്ലാപം.

**കോട്ടയം യൂണിറ്റ് മുറതെറ്റാതെ സന്ദർശിക്കുന്ന ഭവനമാണ് പ്രൊഫ. ഡോ. രാജീവിന്റെ പാർപ്പിടം.** വാർദ്ധക്യം പകർന്നു നൽകിയ ഡിമൻഷ്യ (അൽഷിമേഴ്സ്) മറവിയുടെ കയങ്ങളിൽ പതിക്കാതെ, ഞങ്ങൾ ഓരോ സന്ദർഭത്തിലും ഭൂതകാല സ്മരണകൾ പങ്കിടും. ഓർമ്മ കൾ അദ്ദേഹത്തെ ഉണർത്തുന്നതും, തന്റെ സാർത്ഥകമായ ജീവിത ത്തിന്റെ വിശ്രമകാലമാണ് താൻ നയിക്കുന്നത് എന്നുള്ള കണ്ടെത്തൽ, എന്നും അദ്ദേഹത്തെ പുളകം കൊള്ളിക്കും. അവസാനത്തെ 15 നിമിഷം ഞങ്ങൾ നാലാളും തലകൾ വണങ്ങി പരസ്പരം പ്രാർത്ഥിക്കും. യാത്ര പറഞ്ഞിറങ്ങുമ്പോഴൊക്കെ അദ്ദേഹം ഞങ്ങളെ ഓർമ്മപ്പെടുത്തും: “അടുത്ത ആഴ്ചയിലും വരണം.” അദ്ദേഹത്തിന്റെ പാർപ്പിടത്തിനടുത്ത് പണിയുന്ന പടുകൂറ്റൻ ഫ്ളാറ്റിന്റെ ഓഫീസിൽ കയറി, ശബ്ദനിയ ന്ത്രണം സംബന്ധിച്ച പരാതിയും പറഞ്ഞാണ് ഞങ്ങളുടെ മടക്കയാത്ര.

ശീമോൻ പ്രാവാചകനെപ്പോലെ ദൈവസന്നിദ്ധ്യം അനുഭവിച്ചും, ദൈവമനുഷ്യരുടെ സന്ദർശനം കൊതിച്ചും കഴിയുന്ന **മാമച്ചായന്റെ പാർപ്പിടമാണ് ഞങ്ങളുടെ അടുത്ത സല്ലാപ ഇടം.** തന്റെ സ്വത്തു പങ്കു വച്ചപ്പോഴദ്ദേഹം 4 വീതമായി തിരിച്ചു. 3 വീതം തന്റെ 3 മക്കൾക്ക്, നാലാ മതൊരു വീതം ക്രിസ്തുവിന്റെ മണവാട്ടിയായ, തന്റെ സഭയ്ക്കും. അദ്ദേഹം സഭയ്ക്കു നല്കിയ ഇടത്തിൽ ക്രിസ്തുവിന്റെ സ്നേഹം പങ്കു വയ്ക്കുന്ന ഒരു ബാലഭവൻ ഉയർന്നു. അതിന്റെ വളർച്ചയും തളർച്ചയു മൊക്കെ ഞങ്ങൾ പങ്കുവച്ച്, ഭൂതകാലസ്മരണകളൊക്കെ ഉണർത്തി, ഒരു സമാപന പ്രാർത്ഥനയോടെ, ഗെയിറ്റു കടന്ന് മറയുന്നതുവരെ, മാമ ച്ചായൻ നിർനിമേഷനായി ഞങ്ങളെ നോക്കി നില്ക്കും.

**സല്ലാപം തേടുന്ന മറ്റൊരാൾ യു.ജി.സി. പ്രൊഫസറായിരുന്ന തോമസ് സാറായിരുന്നു.** മൃദു ഭാഷിയായ അദ്ദേഹം ദീർഘനാൾ സല്ലാപം സ്വീകരിച്ചു. നിത്യജീവനു വേണ്ടിയുള്ള ഒരുക്കത്തിലായിരുന്നു

എന്നും. ഒരാഴ്ചയ്ക്ക് മുൻപ് കർത്തൃസന്നിധിയിലേക്ക് മടങ്ങിപ്പോയി - തന്റെ പ്രിയതമയെ തനിച്ചാക്കി.

### x. മോചന (ലഹരിവിരുദ്ധ പദ്ധതി)

പുതുപ്പള്ളി ഐ നാംസ് യൂണിറ്റ് നടത്തിവരുന്ന ഒരു ലഹരി വിമുക്ത പ്രോഗ്രാമാണ് മോചന. അവരുടെ ദേവാലയവുമായി കൂട്ടുചേർന്ന് 35 മദ്യപരെ മദ്യ വിമുക്തരാക്കി സമൃദ്ധമായ ജീവിതത്തിലേക്ക് കൊണ്ടുവന്നു. 'ആൽക്കഹോളിക്ക് അനോണിമസ്' സമ്മേളനം അവർ മുറതെറ്റാതെ നടത്തുന്നു. നല്ലില യൂണിറ്റും ഈ പ്രോഗ്രാമിൽ വ്യാപൃതരാണ്. രണ്ട് യുവാക്കളെ ലഹരി വിരുദ്ധരാക്കിയതിന്റെ വലിയ സന്തോഷത്തിലാണവർ.

### xi. സുവിശേഷം/ട്രാക്സ്

കോട്ടയം യൂണിറ്റിലെ ഒരു അനുഗൃഹീത കുടുംബമാണ് സുവിശേഷ ലഘുലേഖകൾ ഇംഗ്ലീഷിലും, മലയാളത്തിലും തയ്യാറാക്കുന്നത്. മൗലികമായി സഭയുടെ വിശ്വാസങ്ങളിൽ ഉറച്ചുനിന്ന്, നമ്മുടെ വിശ്വാസം സഹോദരങ്ങളെ ബോദ്ധ്യപ്പെടുത്തുന്നു. അഭി. ഒസ്താത്തിയോസ് തിരുമേനി എഴുതിയ വിശ്വാസ പാഠങ്ങൾ ലഘുലേഖകളായി നൽകുന്നു. ഇതര വിഭാഗങ്ങളുടെ വിശ്വാസ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു.

### xii. Tithe Project (ദശാംശ പദ്ധതികൾ)

ഐനാംസ് സഭയുടെ സുവിശേഷ പ്രവർത്തനങ്ങളിൽ ഒരു കൈത്താങ്ങായി ഇന്ന് പ്രവർത്തിക്കുന്നു. ഓരോവർഷത്തിലും മൂന്നു കോൺഫ്രൻസുകളാണ് നടത്തുന്നത്. ഈ മൂന്നു കോൺഫ്രൻസുകളും സഭയുടെ ഏതെങ്കിലും മൂന്ന് മിഷൻ കേന്ദ്രങ്ങളിലാണ് നടക്കുന്നത്.

ഈ കോൺഫ്രൻസുകളിൽ സംഘാംഗങ്ങൾ സ്വരൂപിക്കുന്ന ദശാംശം, ഒരു ഭാഗം കോൺഫ്രൻസ് ചിലവിനങ്ങൾക്കായി സമ്മേളനം നടക്കുന്ന കേന്ദ്രത്തിനു നല്കും. ബാക്കി വരുന്ന തുക മുഴുവനും, പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സഭയുടെ പുതിയ മിഷൻ സംരംഭങ്ങൾക്കു നല്കും.

2006-ൽ ബാംഗ്ലൂർ ഭയാഭവന് ആദ്യത്തെ ആംബുലൻസ് സംഭാവന ചെയ്തത് നാംസാണ്. 2011-ൽ കലഹണ്ടിയിൽ, കോൺഫ്രൻസ് നടന്ന വേളയിൽ 3 ലക്ഷം രൂപ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിലേക്കായി ഐ നാംസ് നൽകി. 2012-ൽ യാച്ചാരം കോൺഫ്രൊൻസിൽ അംഗങ്ങൾ നല്കിയ 4 ലക്ഷം രൂപയിൽ, 3 ലക്ഷം രൂപ ബാലഗ്രാമിനും, 1 ലക്ഷം രൂപ ആൻഡമാൻഡ് മിഷൻ സെന്ററിനും സമ്മാനിച്ചു. 2013-ൽ വീണ്ടും

ദയാ ഭവനിൽ 69-ാമത് കോൺഫ്രൻസ് വേളയിൽ, പുതിയ ജനറേറ്റർ വാങ്ങാനായി 3 ലക്ഷം രൂപ നൽകി. 2014-ൽ പൂന സെന്റ്. ജോർജ് ബാലികാഗ്രാം കോൺഫ്രൻസിൽ, 2 ലക്ഷം രൂപ ബാലികാ ഗ്രാമിന്റെ ചിലവിനങ്ങൾക്കായി നല്കി. 65000 രൂപ ബാലികാ ഗ്രാമിലെ ഒരു പെൺകുട്ടിയുടെ വിവാഹ നിധിയിലേക്കു സംഭാവന ചെയ്തു. കൂടാതെ ബാലികാ ഭവന് ആവശ്യമായ മൈക്ക് സെറ്റ്, കസേരകൾ, സ്കൂൾ ബെൽ തുടങ്ങിയ വസ്തുക്കളും നല്കി. **ആൻഡമാൻസ് മിഷൻ പ്രോജക്ടിനായി ഐ നാംസ്, ആകെ 12 ലക്ഷം രൂപ സംഭാവന ചെയ്തു.** 2015-ൽ നാഗപൂർ സെമിനാരിയിൽ നടന്ന കോൺഫ്രൻസിൽ അംഗങ്ങൾ സ്വരൂപിച്ച 2 ലക്ഷം രൂപ, സെമിനാരിക്ക് ചിലവിനങ്ങളിലേക്ക് നല്കി. 1 ലക്ഷംരൂപയോളം പ്രേരണാ മിഷൻ കേന്ദ്രത്തിനു നല്കി. ബാക്കിവന്ന 2 ലക്ഷം രൂപ, അമയന്നൂർ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കായി പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന 'മോസം' സെന്ററിനു സമ്മാനിച്ചു. ബാംഗ്ലൂർ ദയാഭവൻ കാൻസർ പാലിയേറ്റീവ് കെയർ യൂണിറ്റിനുവേണ്ടി 64 ലക്ഷം രൂപയുടെ ഒരു പുതിയ പ്രോജക്ട്, പ്ലാൻ ചെയ്തു വരുന്നു. ഇതിലേക്ക് ദയാഭവനിൽ നിന്നുള്ള ആഹ്വാന പ്രകാരം യൂഎസ്സിലെ ഫ്ളോറിഡാ, റ്റാംബാ ഐ നാംസ് യൂണിറ്റുകൾ സഹായ ധനം സ്വരൂപിച്ചു കൊണ്ടിരിക്കുകയാണ്.

കോൺഫ്രസുകളിലെ ദശാംശം പദ്ധതി മുകളിൽ സൂചിപ്പിച്ചതു പോലെ സഭയുടെ മിഷൻ കേന്ദ്രങ്ങൾക്കുള്ള സഹായ ധനമാണ്. കൂടാതെ നാംസ് അംഗങ്ങൾ സഭയുടെ പല മിഷൻ കേന്ദ്രങ്ങളിലും ആളും അർത്ഥവുമായി സഹായിക്കുന്നു. ബാംഗ്ലൂർ യൂണിറ്റുകളുടെ കണക്കും ഓഡിറ്റിംങ്ങും അച്ചൻകുഞ്ഞു സാറാണ് ഇന്നും നിർവ്വഹിക്കുന്നത്. കോയമ്പത്തൂർ തടാകം ആശ്രമ ആശപത്രിയുടെ സാരഥി ഏബ്രഹാം ഫിലിപ്പും നാംസ് അംഗമാണ്.

മിഷൻ സൺഡേയിൽ, നാടെമ്പാടുമുള്ള സഭയിലെ പള്ളികളിൽ മിഷൻ സന്ദേശമറിയിക്കുന്നത് നാംസ് അംഗങ്ങളാണ്.

## xiii. MIFMO/JMF

ഇവ കൂടാതെ അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ കാലത്ത്, നാംസ് മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ആരംഭിച്ച ഒരു നിക്ഷേപ പദ്ധതിയാണ് MIFMO. വരുമാനമുള്ള ഓരോ യൂണിറ്റ് അംഗവും, മാസം പ്രതി, 100 രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി നിക്ഷേപിക്കുന്നു. MIFMO സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള കരുതൽ ധനമായി മിഷൻ കേന്ദ്രത്തിൽ (MTC)ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

### xiv. ജൂണിയർ നാംസ് കോൺഫ്രൻസ്

പുതു തലമുറക്കായി സമ്മർ ഹോളിഡേയ്സിൽ ജൂണിയർ നാംസ് കോൺഫ്രൻസുകൾ നാലു കേന്ദ്രങ്ങളിൽ നടത്തുന്നതും ഐ നാംസാണ് (മാവേലിക്കര, തിരുവനന്തപുരം, കോട്ടയം, മലബാർ). ഇളം തലമുറകളെ വിശ്വാസസത്യങ്ങളിൽ ഉറപ്പിച്ചു നിർത്താനുള്ള ശ്രമമാണിത്.

### xv. അൻപ്: ക്രിസ്തുമസ് സ്നേഹ കൂട്ടായ്മ

അൻപ് എന്നാൽ മനസ്സലിവ്/അനുകമ്പ/ സഹാനുഭൂതി/ദൈന്യത എന്നാണ് അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ സൗഖ്യദാന ശുശ്രൂഷകൾക്ക് മുന്നോടിയാകുന്നത്, സ്നേഹത്തിൽനിന്നുയരുന്ന ഈ മനസ്സലിവാണ്. സുവിശേഷത്തിന്റെ ആത്മാവ് മനസ്സലിവാണെന്ന് മാർ ഒസ്താത്തിയോസ് പഠിപ്പിച്ചു. ജീസസ്സ് മിഷന് മൂന്ന് പടികൾ ഉണ്ട്: (1) ദൈവരാജ്യ പ്രഘോഷണം, (2) വിശക്കുന്നവന് അപ്പം, (3) സൗഖ്യദാനം (To Preach, To Heal, To Feed). മിഷനെ, ചാരിറ്റിയിൽനിന്നും വേർതിരിക്കുന്ന സവിശേഷതയാണിത്.

എല്ലാ മതങ്ങളും, പ്രസ്ഥാനങ്ങളും അനുഷ്ഠിക്കുന്ന കർമ്മമാണ് ചാരിറ്റി (ജീവകാരുണ്യ പ്രവർത്തനങ്ങൾ) - അധികമുള്ള സമ്പത്ത് ഇതരനു നൽകുന്നു. **സുവിശേഷത്തെ (മിഷനെ) ചാരിറ്റിയിൽനിന്ന് വേർതിരിക്കുന്ന ഭാവങ്ങളെന്തൊക്കെയാണ്?** (1) സുവിശേഷത്തിന്റെ ഒന്നാമത്തെ മാനം, ഉപാധിയില്ലാത്ത ക്രിസ്തു സ്നേഹമാണ് - അഗപ്പെ. (2) നിരാലംബരായ സഹോദരങ്ങളെ 'അവരുടെ കുറവുകളോടെ' സ്നേഹിക്കാൻ കഴിയുമ്പോളാണ് ചാരിറ്റി സുവിശേഷമാകുന്നത്. ഈ സ്നേഹത്തിൽനിന്ന് ഉയിർകൊള്ളുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളാണ് മിഷൻ - ആരെയും ഉൾകൊള്ളുന്ന സ്നേഹത്തിന്റെ ശൈലി. (3) മിഷൻ ക്രിസ്തുസ്നേഹത്തിന്റെ നിർബന്ധമാണ് - പ്രശസ്തിയോ, പ്രത്യുപകാരമോ അല്ല സുവിശേഷത്തിന്റെ ലക്ഷ്യം. (4) ദൈവത്തിൽനിന്ന് തനിക്ക് ഏറെ ലഭിച്ചു, ലഭിച്ചത് അല്ലാതെ മറ്റൊന്നുമില്ല എന്നുള്ള ചിന്തയാണ്, മറ്റുള്ള സഹോദരങ്ങൾക്ക് കൈ തുറന്ന് നൽകുവാൻ സുവിശേഷകരെ പ്രേരിപ്പിക്കുന്നത്. (5) ഔദാര്യമല്ല, അവർക്ക് (പാവങ്ങൾക്ക്) തങ്ങൾക്ക് അവകാശപ്പെട്ടതാണ് താൻ നൽകുന്നതെന്ന ബോദ്ധ്യമാണ് സുവിശേഷത്തിന്റെ മർമ്മം. ക്രിസ്തുസ്നേഹം നിർബന്ധിക്കുന്നതുമൂലം ഉദാരമായി നൽകുമ്പോളാണ് ചാരിറ്റി പ്രവർത്തനങ്ങൾ, മിഷനറി പ്രവർത്തനങ്ങളാകുന്നത്.

ഐ നാംസിന്റെ വിവിധ യൂണിറ്റുകൾ നടത്തി വരുന്ന സ്നേഹ കാരുണ്യ പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ ഒന്നിപ്പിക്കുന്നതാണ്

'അൻപ് സ്നേഹകൂട്ടായ്മ'യുടെ മുഖ്യ ലക്ഷ്യം. നാംസിന്റെ ജീവകാരുണ്യ സഹായം സ്വീകരിക്കുന്ന സഹോദരങ്ങളും, നാംസ് അംഗങ്ങളും, സഭയുടെ മിഷൻ സാരഥികളും ഒത്തൊരുമിച്ച് ഒരു വേദിയിൽ സമ്മേളിച്ച്, സ്നേഹം പങ്കുവച്ച്, പന്തിഭോജനം കഴിഞ്ഞ് പിരിയുന്നതാണ് അൻപ് സ്നേഹകൂട്ടായ്മ.

2013-ൽ പുതുപ്പള്ളി ഓഡിറ്റോറിയത്തിൽ നടന്ന അൻപ് സമ്മേളനത്തിൽ അഭി. തേവദോറോസ് (മലങ്കര മിഷൻ കോ-പ്രിസഡിന്റ്) തിരുമേനിയുടെ മഹനീയ സാന്നിധ്യം ഉണ്ടായിരുന്നു. എല്ലാവരും ഒന്നിച്ച് ഉച്ച ഭക്ഷണം കഴിച്ച് ക്രിസ്തുമസ് സ്പെഷൽ കിറ്റും സ്വീകരിച്ച്, തിരുമേനിയുടെ അനുഗ്രഹപ്രഭാഷണത്തോടെ സമ്മേളനം സമാപിച്ചു. 2014-ലെ അൻപ് സ്നേഹകൂട്ടായ്മ ദേവലോകം അരമന ഓഡിറ്റോറിയത്തിൽ വന്ദ്യ ഫിലിപ്പ് റമ്പാച്ചന്റെ മഹനീയ സാന്നിധ്യത്തിൽ നടന്നു. പാർപ്പിടം പദ്ധതിയിൽ പണികഴിപ്പിച്ച വീടിന്റെ താക്കോൽ ദാനം അദ്ദേഹമാണ് നിർവ്വഹിച്ചത്. 2015-ൽ അൻപ് സമ്മേളനം പുതുപ്പള്ളി പള്ളി ഓഡിറ്റോറിയത്തിൽ മാർ തേവദോറോസിന്റെ മഹനീയ അദ്ധ്യക്ഷതയിൽ അരങ്ങേറി. ഈ സമ്മോളനത്തിൽ, മിഷനും ചാരിറ്റിയും തമ്മിലുള്ള പ്രകടമായ വ്യത്യാസമായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. (അന്യത്ര കാണുക) സ്നേഹവിരുന്നോടെ സമ്മേളനം പര്യവസാനിച്ചു.

ഈ സമ്മേളനങ്ങളിൽ തിരുവനന്തപുരം, നല്ലില, അടൂർ, പത്തിനതിട്ട, കോട്ടയം, മണർകാട്, പരിയാരം, തോട്ടയ്ക്കാട്, താഴത്തങ്ങാടി, കോത്തല, പാമ്പാടി, കൂരോപ്പട, മലബാർ യൂണിറ്റുകളുടെ പ്രതിനിധികൾ പങ്കെടുത്തു. സ്നേഹകൂട്ടായ്മയിലെ ചലനശേഷി ഇല്ലാത്ത സഹോദരങ്ങളെ അവരുടെ ഭവനങ്ങളിൽ തിരിച്ചെത്തിച്ചു.

**നിത്യതയിൽ/മരണം മാറ്റി പാർപ്പിച്ചവർ**

അൻപ് സ്നേഹകൂട്ടായ്മയിൽ അംഗങ്ങളായിരുന്ന 12 സഹോദരങ്ങൾ ഈ ലോക വ്യഥകളിൽ നിന്ന്, വേദനകളിൽനിന്ന്, ഈ കാലയളവിൽ, നിത്യതയിലേക്ക് മാറ്റപ്പെട്ടു. മരണം മാറ്റി പാർപ്പിച്ച ഈ സഹോദരങ്ങളെ അനുസ്മരിച്ചും അവർക്കുവേണ്ടി പ്രാർത്ഥിച്ചുംകൊണ്ടാണ് 2015-ലെ 'അൻപ്' സമ്മേളനം ആരംഭിച്ചത്.

ആദ്യം മരിച്ച് കടന്ന് പോയത് കുന്നേപറമ്പിൽ മത്തായി- ആലീസ് ദമ്പതികളായിരുന്നു. അവർ ഒറ്റയ്ക്കു പാർത്തിരുന്ന പുതുപ്പള്ളിയിലെ വീട്ടിൽനിന്ന്, നാംസിന്റെ ഇടപടലിൽ, ഏക പുത്രനായ സാബുവിന്റെയൊപ്പം അരീപ്പറമ്പിലേക്ക് മാറ്റി പാർപ്പിച്ചു. മക്കളുടെ സ്നേഹ കരുതലുകൾ സ്വീകരിച്ച്, അവർ രണ്ടുപേരും പിതൃസന്നിധിയിലേക്ക് യാത്രയായി. പി.ആർ. രാജപ്പൻ (വടവാതൂർ), മേരി ജോൺ-ബോൺ കാൻസർ,

രാജു – വദന അർബുദം, ജോൺ പൊങ്ങമ്പാറ, ദേവസ്യ ആനത്താനം, ബിജു കാടമുറി, ഏലിയാമ്മ മക്രോണി, അപ്പച്ചൻ ചാന്നാനിക്കാട്, മാത്യു – കാൻസർ, ദാനിയേൽ, ഏലിയ എന്നീ സഹോരങ്ങളെല്ലാം മൺമറഞ്ഞു. അവസാനം മരണം പുൽകിയത്, കടുത്ത കാൻസർ രോഗത്തിന്റെ കരാളാഹസ്തങ്ങളിൽ എരിഞ്ഞമർന്ന മീൻചിറ (തിരുവാർപ്പ്) ജയ ബിജു (41) ആണ്. മൂന്നു പെൺമക്കളെയും ഭർത്താവിനെയും പിന്നിൽ വിട്ട് അവരും നിത്യയിൽ എത്തി. 4/01/2016–ൽ മൃതശരീരം തിരുവാർപ്പിലുള്ള തറവാട്ടിൽ ദഹിപ്പിച്ചു. നിത്യതയിൽ ദൈവസന്നിധിയിൽ മാലാഖമാരോടൊത്ത് 12 പേരും വാഴുന്നുണ്ടാവും. ആ സുവർണ്ണതീരത്ത് ഒരിക്കൽ നമുക്കും അവരെ കണ്ടുമുട്ടാം

**സമാപനം**

പരസ്യ ശുശ്രൂഷയുടെ സമാപനകാലം. യേശു ഒലിവ് മലയിൽ പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ അവന്റെ ശിഷ്യന്മാർ അരികിലെത്തി. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ, മഹത്വപ്രത്യക്ഷതയുടെ, ന്യായവിധിയുടെ, അടയാളമെന്തായിരിക്കുമെന്ന് അവർ സ്നേഹത്തോടെ ഗുരുവിനോട് ചോദിച്ചു (വി. മത്താ.25). യേശു തിരുവായ് മൊഴിഞ്ഞു: 'എന്റെ ഈ ഏറ്റവും ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കാണ് ചെയ്തിട്ടുള്ളത്...... എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ കാണ്മാൻ വന്നു; ഞാൻ തടവിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു...."

ക്രിസ്തുശിഷ്യനായിരുന്ന മാർ ഒസ്താത്തിയോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു: 'നിന്റെ അറപ്പുരയിൽ ഇന്ന് അധികമായി കൂട്ടിവച്ചിരിക്കുന്ന അന്നം, അയലത്ത് ഇന്ന് പട്ടിണിയായി ഉറങ്ങുന്ന സഹോദരന്റെ അത്താഴമാണ്.' 'ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപമാണ്'....



ഇനി ഒരിക്കൽക്കൂടി.... അൻപ് സ്നേഹക്കൂട്ടായ്മയിലെ ഈ സഹോദരങ്ങളുടെ ഇല്ലായ്മയുടെ, വല്ലായ്മയുടെ കഥയൊന്നുകൂടി വായിക്കൂ....

എന്നിട്ടു പറയൂ.... ഭൂമി സ്നേഹം നിറഞ്ഞ ഒരിടം തന്നെയല്ലേ?

**– പ്രൊഫ. പി. കെ. കുര്യൻ**

# ഐ നാംസിലെ സ്ത്രീ സാന്നിധ്യം

**ആമുഖം**

സ്ത്രീ ശാക്തീകരണത്തിന്റെ അലയൊലികൾ അന്തരീക്ഷത്തിൽ കേൾക്കുന്ന കാലയളവിലാണ് നാം ഇന്നു ജീവിക്കുന്നത്. ശാസ്ത്രവും സാങ്കേതികവിദ്യയും സമ്മാനിച്ച വിസ്മയാവഹമായ വളർച്ച ആസ്വദിക്കുന്ന കാലഘട്ടം. ഭൗതിക വളർച്ചയും സമൃദ്ധിയും ഒരാർത്തി സംസ്കാരത്തിലേക്ക് നമ്മെ നയിക്കുന്നു. ധാർമ്മിക അധഃപതനവും മൂല്യശോഷണവും സമൃദ്ധിയുടെ ഉപോത്പന്നങ്ങളായി തീർന്നിരിക്കുന്നു. ആധുനികതയുടെ വഴുവഴുപ്പിൽ സ്ത്രീത്വത്തിന്റെ സ്വത്വവും മഹത്വവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ശക്തിയില്ലാത്തതിനെ ശക്തീകരിക്കുന്നതാണ് ശക്തീകരണം. സ്ത്രീ ശക്തിയില്ലാത്തവളാണോ? ശക്തികൊണ്ട് വിവക്ഷിക്കുന്നത് ശാരീരിക ബലം മാത്രമല്ലല്ലോ. നമ്മിൽ ഓരോരുത്തരിലും ഉള്ള ദൈവിക അംശമാണ് യഥാർത്ഥത്തിൽ ശക്തി. ഈ ശക്തിയുടെ സ്വയാവബോധവും സമൂഹഅവബോധവുമാണ് സ്ത്രീശക്തീകരണത്തിന്റെ കരണീയപ്രക്രിയ. ഈ ശക്തി ആദ്യ സൃഷ്ടിയായ പുരുഷനിലുമുണ്ട്. അതുകൊണ്ടാണ് പരസ്പര പൂരകമായി, അനുപൂരകങ്ങളായി അന്യോന്യം ഇണയും തുണയുമായി സ്ത്രീ പുരുഷന്മാർ യഹോവയാം ദൈവത്തിൽ ഒന്നാക്കപ്പെട്ടത് എന്ന് വിശുദ്ധ വേദം പഠിപ്പിക്കുന്നു. പൂർവ്വകാലങ്ങളിൽ ഈ ഭേദാഭേദ ചിന്തയൊന്നും ആരുടെയും ഉറക്കം കെടുത്തിയിരുന്നില്ല. ഐനാംസിലെ വനിതാരത്നങ്ങൾ സമത്വവാദത്തിനൊന്നും പുറപ്പെടാതെ, വാദപ്രതിവാദങ്ങളിൽ മുഴുകാതെ പുരുഷന്മാരോട് ചേർന്നുനിന്ന് തങ്ങളുടെ ദൗത്യം നിശ്ശബ്ദമായി നിർവഹിക്കുന്നു.

**ത്രിത്വദർശനം**

സ്ത്രീ ശക്തീകരണത്തിന്റെ ആരവങ്ങൾ കേട്ടുതുടങ്ങിയ ആദ്യകാലയളവിൽ, ഐനാംസ് പിതാവായ മാർ ഒസ്താത്തിയോസിന്റെ പുരുഷ –സ്ത്രീ സമത്വവിചിന്തനം എന്തെന്നു നമുക്ക് ഒന്ന് ശ്രദ്ധിക്കാം. യശഃശരീരനായ ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ സ്നേഹശാസ്ത്രത്തിലെ പ്രധാന ആറ്റം കുടുംബമാണ്. ത്രിത്വാധിഷ്ഠിതമായ സ്നേഹത്തിന്റെ പ്രത്യക്ഷവത്കരണം. പിതാവ്, പുത്രൻ പരിശുദ്ധ റൂഹ ഇവയുടെ ഊഷ്മള മൂർത്തരൂപം പോലെ, മാതാവും പിതാവും കുഞ്ഞുങ്ങളും ഒന്നാകുന്ന കുടുംബം. മൂന്നു ഘടകങ്ങൾക്കും തുല്യ പ്രാധാന്യം. മൂന്നിനെയും ഏകോപിപ്പിക്കുന്ന ശക്തി സ്നേഹം – അഗാപ്പെ – നിരുപാധിക

സ്നേഹം. ദൈവം ആണും പെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യനെന്നാൽ സ്ത്രീയും പുരുഷനുമാണ്. രണ്ടുപേർക്കും ദൈവികസാദൃശ്യവും പ്രതിച്ഛായയുമാണ്. ദൈവം നൽകിയ ഈ സവിശേഷതകൾ അവരെ അതുല്യരും സഹകാരികളുമാക്കുന്നു. ത്രിത്വത്തിലെ ഏകത്വംപോലെ തന്നെ സഹജമായ സവിശേഷതകൾ നിലനിർത്തിക്കൊണ്ടുതന്നെ തുല്യതയിലും പങ്കാളിത്തത്തിലും സഹകരിക്കേണ്ടവരാണിവർ. ഈ ആളത്തവിശേഷങ്ങൾ കുടുംബജീവിതത്തിൽ യഥാർത്ഥത്തിൽ സ്ത്രീപുരുഷന്മാരെ സഹായിക്കേണ്ടതിനാണ്. പരിശുദ്ധനായ പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നതുപോലെ “ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവവനുമെന്നില്ല, ദാസനും സ്വതന്ത്രനുമെന്നുമില്ല, ആണും പെണ്ണുമെന്നില്ല. (ഗലാ 3:26) കർത്താവിന്റെ ഉൾവിളി ഉൾക്കൊണ്ട് ഈ വചനത്തെ അന്വർത്ഥമാക്കി സർവ്വത്ര സമത്വം വീക്ഷിച്ച് ജീവിച്ച വന്ദ്യ പിതാവ് ഗീവർഗീസ് മാർ ഒസ്താത്തിയോസുമായി സ്ത്രീ സമത്വത്തേക്കുറിച്ചുണ്ടായ സംവാദങ്ങളിൽനിന്നും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽനിന്നും ഉൾക്കൊണ്ട ആശയങ്ങൾ എത്ര ദീപ്തം-എത്ര ഉജ്ജ്വലം - അതോടൊപ്പം സനാതനവും സമകാലികവും - സർവ്വോപരി സഭാവിശ്വാസത്തെ മുറുകെ പുൽകുന്നതും. ചോദ്യശരങ്ങൾക്കുത്തരമായി ആ വിജ്ഞാനസ്രോതസ് അനസ്യൂതം പ്രവഹിക്കുമായിരുന്നു. അദ്ദേഹം ജ്വലിപ്പിച്ച സ്ത്രീസമത്വ ചിന്തകളെ നമുക്ക് താലോലിക്കാം. ഐ നാംസ് അംഗങ്ങളായ സ്ത്രീജനങ്ങൾക്ക് ഈ പിതാവിന്റെ ചിന്തകൾ ആശയും ആവേശവുമായിത്തീരട്ടെ. കാലത്തിന് ബഹുദൂരം മുമ്പെ നടന്ന ആ ദാർശനികനെ കാലം പ്രണമിക്കുന്നു.

**മൂലം യേശുക്രിസ്തു**

ലോകം കണ്ട ഏറ്റം വലിയ വിപ്ലവകാരിയായിരുന്നു യേശുക്രിസ്തു. താൻ ജനിച്ച യഹൂദമതസംസ്കാരത്തിൽ നിലവിലിരുന്ന പല അന്ധവിശ്വാസങ്ങളെയും ജീർണ്ണതകളെയും തച്ചുടക്കാൻ യേശു മുഖാന്തരമായി. ശിക്ഷിക്കുന്ന ദൈവത്തെയല്ല രക്ഷിക്കുന്ന ദൈവത്തെ സർവ്വസൃഷ്ടികൾക്കും അനുഭവയോഗ്യമാക്കി. പ്രതികാരത്തിന്റെ ദൈവത്തെയല്ല സ്നേഹത്താൽ എല്ലാം ക്ഷമിക്കുന്ന ദൈവത്തെ സ്വായത്തമാക്കാൻ അഭ്യസിപ്പിച്ച പരിണത പ്രജ്ഞൻ. ശത്രുവിനെ സ്നേഹിക്കാനും ഒരു കരണത്തടിക്കുന്നവന് മറ്റേതുകൂടി കാണിക്കാനും. ഒരു വസ്ത്രം ചോദിക്കുന്നവന് പുതപ്പുകൂടി കൊടുക്കാനും ഒരു നാഴിക കൂടെ പോകേണ്ടുന്നവനോടൊത്ത് രണ്ടു നാഴിക കൂടെ പോകുവാനും പ്രേരിപ്പിച്ചവൻ. അങ്ങനെ സ്വർഗ്ഗരാജ്യം ഭൂമിയിൽ സൃഷ്ടിക്കാൻ പഠിപ്പിച്ചവന്റെ സ്ത്രീയെക്കുറിച്ചുള്ള കാഴ്ചപ്പാടും എത്ര വ്യത്യസ്തമായിരുന്നുവെന്ന് യേശുവിന്റെ

പ്രഭാഷണങ്ങളും ചെയ്തികളും നമ്മെ പഠിപ്പിക്കുന്നു. മാർ ഒസ്താത്തിയോസ് നയിച്ച പല പഠനക്ലാസുകളിൽനിന്നും വിശുദ്ധ വേദവചനങ്ങളുടെ അകപ്പൊരുൾ അനുഭവവേദ്യമാക്കാൻ ഐനാംസ് അംഗങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ചും സ്ത്രീജനങ്ങൾക്ക്. മുഴുവൻ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെങ്കിലും പലപ്പോഴും ഒരു പുനർവിചിന്തനത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

**മാർ ഒസ്താത്തിയോസിന്റെ സ്ത്രീ ദർശനം**

വിശുദ്ധ വേദപുസ്തം നല്കുന്ന തെളിവുകളും വേദപുസ്തപഠന മനനാദികളിലൂടെ ലഭിച്ച അകപ്പൊരുളുകളും അടങ്ങുന്നതാണ് വന്ദ്യപിതാവിന്റെ സ്ത്രീദർശനം. വേദപുസ്തകം വായിക്കാനും, ഉള്ളത് പങ്കിടാനും പഠിപ്പിച്ച മാതാവിൽനിന്നു ലഭിച്ച അനുഭവപരിജ്ഞാനം ആ പിതാവിന്റെ സ്ത്രീ സങ്കല്പത്തെ പ്രകാശപൂർണ്ണമാക്കി. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമമെന്ന് സ്വാനുഭവത്തിലൂടെ തെളിയിച്ചു. ഐനാംസ് എന്ന അല്മായ സംഘടനയിൽ പുരുഷനോടൊപ്പം സ്ത്രീക്കും സ്ഥാനം നല്കി. അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ സ്ത്രീകളെയും പ്രേരിപ്പിച്ചു. എല്ലാ കോൺഫറൻസുകളിലും പുരുഷന്മാർക്കൊപ്പം സ്ത്രീകളെയും പങ്കെടുപ്പിച്ചു പലപ്പോഴും കോൺഫറൻസുകളിൽ പേപ്പർ പ്രസന്റേഷനുകൾക്ക് സ്ത്രീകൾക്ക് അവസരം നൽകി. ബൈബിൾ കോളജ് അദ്ധ്യാപികയായ സാറായെയും കാതോലിക്കേറ്റ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ. സാറാമ്മ വർഗീസ് എന്നിവരെയും മറ്റും ഓർക്കുന്നു. "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ" സ്ത്രീകൾ ആദരിക്കപ്പെടുന്നിടത്ത് ദേവതകൾ സന്തോഷിക്കും. ഓരോ കോൺഫറൻസിന്റെയും വിജയത്തിന് പ്രധാന കാരണം സ്ത്രീ പങ്കാളിത്തമാണെന്ന് തിരുമേനി ശക്തമായി അഭിപ്രായപ്പെട്ടിരുന്നു. വേദപഠനത്തിന് പെൺകുട്ടികൾക്ക് അവസരം നല്കി എന്നു മാത്രമല്ല, അവരെ പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. വെക്കേഷൻ ബൈബിൾ പഠനകാലത്ത് പെൺകുട്ടികൾക്ക് സദസ്സിന് മുമ്പിൽ വേദപുസ്തകം ഉറക്കെ വായിക്കാൻ അവസരം നല്കാനും, വചനങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കാനും ആ പിതാവ് ശ്രദ്ധിച്ചിരുന്നു. എല്ലാ ദിവസവും സങ്കീർത്തനവും സുവിശേഷവും നിർബന്ധമായും സ്ത്രീകൾ വായിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചു. ഇന്നും പലരും അതനുസരിച്ചുപോരുന്നു. ബാലഭവനോടൊപ്പം ബാലികാഭവനങ്ങളും അദ്ദേഹം പടുത്തുയർത്തി. സന്യസ്തനെങ്കിലും കുടുംബജീവിതത്തോട് പ്രസാദാത്മകമായ ഒരു സമീപനമായിരുന്നു അദ്ദേഹത്തിന്. ദൈവം കനിഞ്ഞ് നൽകുന്ന അനുഗ്രഹങ്ങളെ നിഷേധിക്കാതെ ദൈവോന്മുഖമായി അവയുടെ കാര്യവിചാരകത്വം നിർവഹിക്കാൻ അദ്ദേഹം പ്രേരിപ്പിക്കുമായിരുന്നു. സ്ത്രീകൾ ഒരിക്കലും ബാശാൻ പശുക്കളെപ്പോലെ

'കൊണ്ടുവാ കൊണ്ടുവാ' എന്ന മനോഭാവക്കാരായിരിക്കരുതെന്ന് അദ്ദേഹം നിഷ്കർഷിക്കുമായിരുന്നു. കുഞ്ഞുങ്ങളെ ദൈവാശ്രയ ബോധത്തിലും മനസ്സലിവുള്ളവരായും വളർത്തിയെടുക്കണമന്നും നിർബന്ധിക്കുമായിരുന്നു.

**മാതൃദർശനം**

ശൈശവത്തിൽ ഹൃദയഭിത്തിയിൽ അമ്മമാർ കോറിയിടുന്ന ദൈവവിശ്വാസവും മൂല്യ ബോധവുമാണ് പല മഹത്തുക്കൾക്കും ദിശാബോധം നൽകിയിട്ടുള്ളത്. തിരമേനിയുടെ സംഭാഷണങ്ങളിൽ പലപ്പോഴും മാതൃസ്മൃതി കടന്നുവരുമായിരുന്നു. "വിശുദ്ധ വേദപുസ്തകം ആദ്യം എനിക്കു തന്നത് എന്റെ അമ്മയാണ്. അന്നുമുതൽ ഞാൻ വേദപുസ്തകം ആർത്തിയോടെ വായിക്കുന്നു പഠിക്കുന്നു. അടുപ്പത്തിടാൻ കൊണ്ടുപോകുന്ന അരി വാരി എന്റെ കൈയിൽ തന്നയയ്ക്കുമായിരുന്നു അയലത്തെ പട്ടിണിക്കാരന് കൊടുക്കാൻ. അങ്ങനെ ഞാൻ പങ്കുവെക്കാൻ പഠിച്ചു. പാവങ്ങളോട് എന്റെ അമ്മയ്ക്കുണ്ടായിരുന്ന ദീനാനുകമ്പയാണ്, ചിലപ്പോഴൊക്കെ വേണ്ടത് പ്രവർത്തിക്കാൻ കഴിയാതെ വരുമ്പോൾ എന്നെ അസ്വസ്ഥനാക്കുന്നത്." അങ്ങനെ എത്രയെത്ര ഓർമ്മകൾ മാതൃസംബന്ധിയായി..... കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിലും ലക്ഷ്യബോധത്തിലും അമ്മമാർക്കുള്ള പങ്ക് നിസീമമാണെന്ന് ആ പിതാവ് തറപ്പിച്ചും ഉറപ്പിച്ചും പറയുമായിരുന്നു. സത്യത്തിലും നീതിയിലും വിശുദ്ധിയിലും അടിയുറച്ചുനിന്നുകൊണ്ടുവേണം കുഞ്ഞുങ്ങളെ വളർത്താൻ. മനുഷ്യൻ പലപ്പോഴും സാഹചര്യത്തിന്റെ സൃഷ്ടിയായി തീരാൻ ഇടയുള്ളതുകൊണ്ട് സാഹചര്യം ഒഴിവാക്കി ജീവിക്കാൻ ശ്രമിക്കണം. ആ പിതാവിന്റെ ഭാഷയിൽ പറഞ്ഞാൽ "തെന്നുന്നിടത്ത് ചവിട്ടാതിരിക്കാൻ ശ്രദ്ധിക്കണം." ഇന്നു സാഹചര്യങ്ങൾ വളരെ പ്രതികൂലമാണ്. മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യ ഗുണത്തോടൊപ്പമോ അതിലധികമോ ദോഷങ്ങൾ വരുത്തിവെക്കുന്നു. അതോടൊപ്പം ഉപഭോഗതൃഷ്ണയും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. "ഉള്ളതുകൊണ്ട് ഓണം പോലെ" കഴിഞ്ഞിരുന്ന കാലം കടന്നുപോയി. മാതാപിതാക്കളുടെ ആർത്തി മനോഭാവം അർബുദംപോലെ കുഞ്ഞുങ്ങളെ ബാധിക്കുന്നു. അതുകൊണ്ട് കുടുംബത്തിൽ സ്ത്രീകൾ ജാഗ്രതയുള്ളവരായിരിക്കണം. ആ പിതാവിന്റെ ഉപദേശം എത്ര അർത്ഥവത്താണ്. പലപ്പോൾ കേൾക്കുമ്പോൾ ചിലപ്പോഴെങ്കിലും ഉള്ളിൽ തട്ടാതിരിക്കില്ല. "മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" ആ വന്ദ്യപിതാവിന്റെ വചനശകലങ്ങൾ പലപ്പോഴും കേട്ടിട്ടുള്ളതിന്റെ പരിമളം തീർച്ചയായും ഐനാംസ് അംഗനകളുടെ കുടുംബജീവിതത്തിൽ പ്രതിഫലിക്കാതിരിക്കില്ല.

**യേശുക്രിസ്തുവും സ്ത്രീകളും**

യേശുക്രിസ്തുവിന്റെ കാലത്തെ യഹൂദമത പശ്ചാത്തലത്തിലും പാലസ്തീൻ സമൂഹിക ക്രമത്തിലും സ്ത്രീകൾക്ക് അരക്ഷിതാവസ്ഥയും അവഹേളനവും തമസ്കരണവുമൊക്കെ സഹിക്കേണ്ടിവന്നു. എന്നാൽ യേശുക്രിസ്തു സ്ത്രീക്ക് മാന്യത കല്പിച്ചു നല്കി. സ്ത്രീപുരുഷബന്ധത്തിന് പുത്തൻ പ്രകാശം പകർന്നു. പുരുഷനോടൊപ്പം സ്ത്രീക്കും തുല്യ പങ്കാളിത്തം നൽകി. യഹൂദ, റോമ പാരമ്പര്യങ്ങളിലെ ആൺമേൽക്കോയ്മ സിദ്ധാന്തങ്ങളെയും സ്ത്രീ വിരുദ്ധ സാമൂഹികശാസ്ത്ര വ്യാഖ്യാനങ്ങളെയും യേശു അംഗീകരിച്ചില്ല. “സ്ത്രീ ആയിട്ടും നായ ആയിട്ടും സൃഷ്ടിക്കാത്തതിന് യഹോവയെ സ്തുതിക്കുന്നു” എന്ന് സ്തുതിപ്പോടെയാണല്ലോ യഹൂദന്റെ ദിനാരംഭം തന്നെ. ഇത്തരത്തിലുള്ള യഹൂദ നടപടികളിൽ വിപ്ലവകരമായ സമീപനമായിരുന്നു യേശുവിന്റേത്. “നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ” - കല്ലെറിയാൻ വെമ്പൽ കൊണ്ടുവന്നവരുടെയെല്ലാം അകക്കണ്ണ് തുറപ്പിച്ചു- കല്ലുകൾ അവർ അറിയാതെ കൈകളിൽനിന്ന് ഊർന്ന് താഴെവീണു. യേശുക്രിസ്തു സ്ത്രീക്ക് സംരക്ഷണവും അംഗീകാരവും പകർന്നുനൽകി. വേദപ്രബോധന ശുശ്രൂഷയിൽ സ്ത്രീകൾക്കും മുഖ്യധാരയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് യേശു തെളിയിച്ചു. എത്രയെത്ര സ്ത്രീകളാണ് അവനോട് ചേർന്നുനിന്ന് പ്രാർത്ഥിച്ചത്. യഹൂദന്മാർ അവഗണിച്ചിരുന്നു സ്ത്രീ സമൂഹത്തെ യേശുക്രിസ്തു കൈപിടിച്ചുയർത്തി. പാരമ്പര്യത്തെ അവഗണിച്ചും ലംഘിച്ചും ധാരാളം സ്ത്രീകളെ തന്റെ ശിഷ്യരാക്കി. (ലൂക്കോസ് 8: )

കർത്താവിനെ ആദ്യം മിശിഹ ആയി അംഗീകരിച്ചത് ശമരിയാക്കാരി സ്ത്രീ. അവളുടെ സംഭാഷണം എത്ര ഹൃദ്യം. അവൻ നൽകിയ ജീവജലത്താൽ ആത്മദാഹമടങ്ങിയ അവൾ തന്റെ കുടവും ഗ്രാമവും ഇട്ടെറിഞ്ഞ് നഗരത്തിലേക്ക് ഓടുകയാണ് സുവിശേഷമറിയിക്കാൻ. ആ നഗരത്തിലുള്ളവരെല്ലാം അവൾ മുഖാന്തരം അവനെ രക്ഷകനായി അംഗീകരിച്ചു. അവളങ്ങനെ ആദ്യ സുവിശേഷകയായി. നമുക്ക് ലഭിക്കുന്ന രക്ഷയുടെ അനുഭവം മറ്റുള്ളവർക്കും പങ്കുവെക്കാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ആദ്യഅപ്പൊസ്തല- അയയ്ക്കപ്പെട്ടവൾ മഗ്ദലക്കാരി മറിയം. കർത്താവിന്റെ ഉയർപ്പിന് ആദ്യ സാക്ഷി. പത്രോസ് അടക്കമുള്ള ശിഷ്യരോട് കർത്താവിന്റെ ഉയിർപ്പിനെ ഉദ്ഘോഷിച്ചതും മറിയ തന്നെ. ശിഷ്യരടക്കം എല്ലാവരും ഉപേക്ഷിച്ചുപോയിട്ടും ക്രൂശിന്റെ ചുവട്ടിലോളും അരുമനാഥനെ പിൻപറ്റിയതും, അവന്റെ വാക്കു വിശ്വസിച്ച് മൂന്നാം നാൾ ഇരുട്ടുള്ളപ്പോൾത്തന്നെ സുഗന്ധവർഗ്ഗങ്ങളുമായി കല്ലറയിൽ അവനെ പരതിനടന്നതും മറിയ തന്നെ. ആ മറിയയ്ക്കുതന്നെ ഉയിർപ്പിനുശേഷം അവൻ ആദ്യ ദർശനം നല്കി. ഒന്നും വേണ്ട ‘മറിയെ’ എന്നുള്ള

യേശുവിന്റെ വിളി മാത്രംമതി. 'റബ്ബൂനി' എന്നുള്ള അവളുടെ പ്രതിസ്പന്ദനവും. തീർച്ചയായും സഭയിലോ മറ്റു പ്രസ്ഥാനങ്ങളിലോ ഇല്ലാത്തൊരു സ്ഥാനം ഐനാംസിൽ സ്ത്രീജനങ്ങൾക്കുണ്ട്. മുമ്പ് സൂചിപ്പിച്ചപോലെ കാലത്തിനു മുമ്പേ നടന്ന ആ പിതാവ് തന്റെ ഒസ്യത്തായി വനിതകൾക്ക് കരുതിവെച്ചിരുന്നതാണത്. ദണ്ഡിയാത്രയിൽ ഗാന്ധിജിയെ അനുഗമിച്ച അനുയായി വർഗ്ഗം പോലെ ഐനാംസിന്റെ പ്രാദേശികവും അന്തർദേശികവുമായ കോൺഫറൻസ് യാത്രകളിലും സമ്മേളനങ്ങളിലുമൊക്കെ സ്ത്രീജനങ്ങൾ ആ പിതാവിന്റെ സന്തതസഹചാരികളായിരുന്നു. എന്തിനധികം അദ്ദേഹത്തിന്റെ ഉറക്കം പലപ്പോഴും കെടുത്തിയിരുന്ന 'സനാതനം' 'അദ്വൈതം' എന്നീ പദങ്ങളുടെ നിരുക്തി സബന്ധമായ സംശയങ്ങൾ ഭാഷാധ്യാപികമാരായ ചില സ്ത്രീജനങ്ങളോട് ചോദിക്കാൻപോലും അദ്ദേഹം മടിച്ചിരുന്നില്ല. ഒരിക്കലും അദ്ദേഹത്തിന്റെ സംശയനിവർത്തിവരുത്തുവാൻ അവർക്കു കഴിയുമായിരുന്നുമില്ല. അത്ര വലിയൊരു മഹാമനീഷിയായിരുന്നു അദ്ദേഹം.

**സ്ത്രീ ആദിമസഭയിൽ**

ആദിമസഭയിലും സ്ത്രീകൾക്ക് നല്ല പങ്കാളിത്തമുണ്ടായിരുന്നു. കർത്തൃശുശ്രൂഷയുടെ പിന്തുടർച്ചക്കാരായിരുന്നല്ലോ അവർ. അവർ ഒരുമിച്ചു ചേർന്ന് പ്രാർത്ഥിച്ചുകൊണ്ട് കാത്തിരുന്നുവെന്നും ശിഷ്യന്മാരെല്ലാവരും സ്ത്രീകളോടും അവന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരങ്ങളോടും ചേർന്ന് ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നുവെന്നും അപ്പോസ്തലപ്രവർത്തികൾ 1:14 ൽ നാം വായിക്കുന്നു. ആദിമ സഭാചരിത്രത്തിൽ മൂന്നു തരത്തിലുള്ള പങ്കാളിത്തം സ്ത്രീകൾക്കുണ്ടായിരുന്നു. പ്രബോധനപരം, പ്രാർത്ഥനാപരം, സേവനപരം. മാമ്മോദീസ കൊടുക്കൽ, മൂറോൻ പൂശൽ മുതലായ കൗദാശിക ചുമതലകളും സ്ത്രീകൾ ആദിമ സഭയിൽ നിർവ്വഹിച്ചിരുന്നു. കുടുംബത്തിലെ വിളക്കായിട്ടുള്ള മാതാവിന്റെ പ്രബോധനങ്ങളാണ് പല മഹാന്മാരെയും മഹത്വത്തിലേക്ക് നയിച്ചത്. ഗാന്ധിജിയെ ഉപവാസത്തിന് പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ മാതാവിന്റെ വ്രതാനുഷ്ഠാനങ്ങളാണ്. അഗമ്യഗമനത്തിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചതും മാതൃശാസനങ്ങൾ തന്നെ. ലോക പ്രശസ്ത ദാർശനികനായ പൗലോസ് മാർ ഗ്രിഗോറിയോസിന്റെ അപ്പോസ്തോലിക പിന്തുടർച്ച അദ്ദേഹത്തിന്റെ മാതാവിൽനിന്നായിരുന്നുവെന്ന് അദ്ദേഹം നിസ്സങ്കോചം പ്രസ്താവിച്ചിട്ടുണ്ട്.

ആദിമ പിതാവായ വലിയ മാർ ബസേലിയോസിനെ വിശ്വാസവീരനാക്കിയത് അദ്ദേഹത്തിന്റെ വലിയമ്മ മക്രീനയും മാതാവ് എമിലിയും സഹോദരി മക്രീനയും ചേർന്നാണ്. അമ്മമാരുടെ വിശ്വാസവും വിജ്ഞാ

നവും, വിവേകവും പ്രബോധനങ്ങളും ഇളംതലമുറയെ കരുപ്പിടിപ്പിക്കുന്നു അതുപോലെ കുടുംബത്തിന്റെ ഭദ്രത അമ്മമാരുടെ പ്രാർത്ഥനയിലാണ്. കുഞ്ഞുങ്ങൾക്ക് ബുദ്ധിവികാസത്തോടൊപ്പം വിശ്വാസതീക്ഷണതയും വർദ്ധിപ്പിക്കാൻ മാതാവ് ശ്രദ്ധിക്കണം. ഇന്നത്തെ കുടുംബബന്ധങ്ങളുടെ ഉലച്ചിന് ഒരു പ്രധാന കാരണം മാതാപിതാക്കളുടെ ഇക്കാര്യത്തിലുള്ള അനാസ്ഥ തന്നെ. കാരാഗൃഹത്തിലടയ്ക്കപ്പെട്ട പത്രൊസ്ശ്ലീഹയ്ക്ക് ദൈവം വിടുതൽ കൊടുത്തത് സ്ത്രീകൾ അടക്കമുള്ള സഭയുടെ ഒരുമനപ്പെട്ട പ്രാർത്ഥന കൊണ്ടാണ്. ദൈവസ്വഭാവത്തിലേക്ക് വളരാൻ പ്രാർത്ഥന സാഹായകമാകുന്നു. അതുപോലെതന്നെ സ്ത്രീകളുടെ സേവന ശുശ്രൂഷയും കുടുംബത്തിലും സമൂഹത്തിലും വളരെ പ്രാധാന്യമർഹിക്കുന്നു. ദൈവമാതാവായ കന്യകമറിയാമാണ് ആദ്യ മാർഗ്ഗദർശി. വാർദ്ധക്യത്തിൽ ഗർഭം ധരിച്ച് ശാരീരികമായും മാനസികമായും ക്ലേശം അനുഭവിക്കുന്ന എലിസബത്തിനെ ശുശ്രൂഷിച്ചുകൊണ്ട് 3 മാസം അവളോടൊത്ത് താമസിച്ചു. ആദിമസഭയിലെ സ്ത്രീകൾ ആതുര ശുശ്രൂഷ നിർവ്വഹിച്ചുപോന്നു. മർത്തശ്മുനിയമ്മയെപ്പോലെ വിശ്വാസവീരകളായ അനേകം പരിശുദ്ധസ്ത്രീകൾ കഠിന ത്യാഗം ചെയ്തും ജീവൻ ബലികഴിച്ചും ആദിമസഭയുടെ വളർച്ചയിൽ പങ്കാളികളായി. നാലാം നൂറ്റാണ്ടു വരെ സ്ത്രീകൾക്ക് സഭയിൽ നല്ല സ്ഥാനമുണ്ടായിരുന്നു. അഞ്ചാം ശതകത്തിൽ സന്യാസിമാർ, മെത്രാന്മാർ ആയതോടെ സ്ത്രീക്ക് സ്ഥാനഭ്രംശം വന്നു തുടങ്ങി. സ്ത്രീകളെ പ്രലോഭനമായും പ്രതിബന്ധമായും കാണാൻ തുടങ്ങി. സഭയിൽ അവരുടെ ചുമതലകൾ കുറഞ്ഞുവന്നു. ആദിമസഭയിൽ 'ഉള്ളതെല്ലാം പൊതുവക' എന്ന് എണ്ണി സഭാപ്രവർത്തനങ്ങൾ വ്യാപരിക്കുകയായിരുന്നു പതിവ്. "ലഭിച്ചതല്ലാതെ നമുക്കെന്തുള്ളൂ." അമർത്യാസെന്നിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുമായിരുന്നു ഉല്പാദനത്തിന്റെ കുറവല്ല, വിതരണത്തിന്റെ വൈകല്യമാണ് ദാരിദ്ര്യത്തിന് കാരണം" എന്ന്. ഇന്ന് നമുക്കുള്ളതൊന്നും നമ്മുടേതല്ലെന്നും നമ്മുടെ അത്യാർത്തിയാണ് അപരനെ ദരിദ്രനാക്കുന്നതെന്നും ബോദ്ധ്യം വന്നു കഴിഞ്ഞാൽ പങ്കുവെക്കാതിരിക്കാൻ നമുക്ക് കഴിയുകയില്ല. അങ്ങനെ പങ്കുവെക്കലിന്റെ പ്രണവമന്ത്രം അദ്ദേഹം ഉരുക്കുഴിക്കുമായിരുന്നു. "ഇന്നു നമ്മുടെ അറപ്പുറയിൽ നാളേക്കായി കൂട്ടിവെക്കുന്നത് അയലത്തുള്ള പാവപ്പെട്ടവന്റെ ഇന്നത്തെ അത്താഴമാണ്." "ദരിദ്രലോകത്ത് സമ്പന്നനായിരിക്കുന്നത് പാപം." ഈ മന്ത്രങ്ങളൊക്കെ ഏതൊരു ഐനാംസ് വനിതയുടെ ചിന്തകൾക്കാണ് തീ പിടിപ്പിക്കാത്തത്?

**സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ**

"സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ" എന്ന് വിശുദ്ധ പൗലോസിനെ ഉദ്ധരിച്ചുകൊണ്ട് സംശയങ്ങൾ ചോദിച്ചപ്പോഴും എന്തു വ്യക്തമായും ദൃഢ

മായും അദ്ദേഹം മറുപടി നല്കി. പൗലോസ് കൊരിന്തിലെ സ്ത്രീകളോട് അങ്ങനെ പറയാനുണ്ടായ പ്രത്യേക സാഹചര്യം - അതായത് മാന്യത മറികടക്കുന്നവിധത്തിൽ ആരാധനയിലും മറ്റും പെരുമാറിയതുകൊണ്ടാകാം ആ പ്രത്യേക സാഹചര്യത്തിൽ ഇത്ര കർശനമായി ആ സ്ത്രീകളെ താക്കീതു ചെയ്തത്. സ്ത്രീകൾക്കെതിരെയുള്ള ഒരു പൊതു നിയമമല്ലിത്. സ്വതവേ യഹൂദനായിരുന്ന അദ്ദേഹത്തിന്റെ സ്വകാര്യ വേദശാസ്ത്രമാണത്. അല്ലാതെ യേശുക്രിസ്തുവിന്റേതല്ല. വിശുദ്ധ വേദത്തിൽ മറ്റൊരു ഭാഗത്തും സ്ത്രീകൾ സഭയിൽ സംസാരിക്കുന്നത് വിലക്കുന്നതായി നാം കാണുന്നില്ല. വി. പൗലോസ് ഒരു പ്രത്യേകസാഹചര്യത്തിൽ പറഞ്ഞതിനല്ല, ദൈവപുത്രനായ യേശുക്രിസ്തു പറഞ്ഞതിനാണ് നാം പ്രാധാന്യം കല്പിക്കേണ്ടത്. മാത്രമല്ല വിശുദ്ധ പൗലോസ് തന്നെ മുമ്പു സൂചിപ്പിച്ചതുപോലെ, ഗലാത്ത്യലേഖനത്തിൽ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നവർക്കു തമ്മിൽ ഭേദമൊന്നുമില്ലെന്ന് പ്രസ്താവിക്കുന്നുണ്ടല്ലോ. കൂടാതെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്ന സ്ത്രീകളെ പൗലോസ് ശ്ലീഹാ വന്ദനം ചെയ്യുന്നതായിട്ടും ശുശ്രൂഷക, സഹോദരി, കൂട്ടുവേലക്കാരി, സഹബദ്ധ, അദ്ധ്വാനിച്ചവർ എന്നൊക്കെ എണ്ണുന്നതായും കാണുന്നു. ഇതിൽനിന്നുമൊക്കെ പൗലോസ് ശ്ലീഹ സ്ത്രീകൾക്ക് കൊടുത്തിരുന്ന മാന്യതയാണ് പരാമൃഷ്ടം. സ്ത്രീകളെ ബഹുമാനിക്കുകയും ആവരെ ദൈവരാജ്യപ്രവർത്തനത്തിൽ പങ്കാളികളാക്കുകയും ചെയ്ത യേശുതമ്പുരാനിൽനിന്നും ഉൾക്കൊണ്ട വെളിച്ചമാണ് മറ്റു കാര്യങ്ങളിലെന്നപോലെ സ്ത്രീകളെ കരുതുന്ന കാര്യത്തിലും പൗലോസ് ശ്ലീഹായെ നയിച്ചത്. നിലനിന്നിരുന്ന സംസ്കാരത്തിനും കീഴ്വഴക്കത്തിനും അതീതമായി ഏറെ പുരോഗമനപരമായ കാഴ്ചപ്പാടായിരുന്നു സ്ത്രീത്വത്തിനോട് പൗലോസ് ശ്ലീഹയ്ക്ക് ഉണ്ടായിരുന്നത്. അത് സഭയുടെ വളർച്ചയെത്തന്നെ ഏറെ സഹായിച്ചു. എന്തുതന്നെയായാലും കുടുംബത്തിൽ, സഭയിൽ, സമൂഹത്തിൽ സത്രീകൾക്കുള്ള പങ്ക് അനിഷേധ്യമാണ്.

ഇന്നു വേദപഠനത്തിൽ സ്ത്രീകൾ വളരെയധികം മുന്നോട്ടുവരുന്നുണ്ട്. മറ്റെല്ലാ മേഖലയിലും തന്നെ സ്ത്രീമുന്നേറ്റത്തിന്റെ കാലയളവിലാണ് നാം ഇന്നു ജീവിക്കുന്നത്. പൗരോഹിത്യത്തിനും കൗദാശിക കർമ്മങ്ങൾക്കും അനുമതി ലഭിച്ചില്ലായെങ്കിലും സഭാഗാത്രത്തിൽ സ്ത്രീക്കുള്ള സ്ഥാനം ഉറപ്പിക്കപ്പെടേണ്ടതുതന്നെ. സ്ത്രീക്കു ലഭിച്ച വോട്ടവകാശം അതിനുള്ള ഒരു നാഴികക്കല്ലായി നമുക്കു കരുതാം. (ദൈവാലയങ്ങളിൽ വചനശുശ്രൂഷ നടത്താൻ അനുമതി നൽകാത്ത പുരോഹിതർ സഭയിൽ ഇന്നുമുണ്ട്.) എന്നാൽ എത്രയോ വർഷങ്ങൾക്കുമുമ്പ് ഒസ്താത്തിയോസ് തിരുമേനി നാംസ് അംഗങ്ങളായ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം

ദേവാലയങ്ങളിൽ വിശുദ്ധ കുർബാന മദ്ധ്യേ വചനശുശ്രൂഷയ്ക്ക് അനുമതി നൽകിയിരുന്നു. മിഷൻ സണ്ടേ ദിനങ്ങളിൽ വിവിധ ദേവാലയങ്ങളിൽ ദുത് നല്കാനായി അദ്ദേഹം സ്ത്രീകൾക്ക് കല്പന നല്കിയിരുന്നു. ഐനാംസ് വനിതാ അംഗങ്ങൾക്കു ലഭിച്ച വലിയ ഒരു അവകാശമായി ഇതിനെ കരുതാം.

ആഗോളവൽക്കരണത്തിലും കമ്പോളവൽക്കരണത്തിലും ഉദാരവൽക്കരണത്തിലുമൊക്കെ അകപ്പെട്ട് സ്ത്രീ ഇന്ന് ഒരു ഉപഭോഗവസ്തുവായി തരം താഴ്ത്തപ്പെട്ടിരിക്കുന്നു. അതിനു കൂട്ടുനിൽക്കുന്ന മാധ്യമങ്ങളും സാഹചര്യങ്ങളും. നമ്മുടെ വീടുകളിലെ അമ്മച്ചിമാരെയും വല്യമ്മച്ചിമാരെയും ഒക്കെ ഒന്ന് ഓർത്തുനോക്കിക്കേ. എന്തു കാമ്പും കഴമ്പും ഉള്ളവരായിരുന്നു അവർ. അവർക്ക് മുൻപിൻ തലമുറകളോട് എന്തു പ്രതിബദ്ധതയായിരുന്നു. സമൃദ്ധിയുടെയോ സുഖസൗകര്യങ്ങളുടെയോ മധ്യത്തിലൊന്നുമായിരുന്നില്ല പുതുതലമുറയെ അവർ കരുപ്പിടിപ്പിച്ചെടുത്തത്. എതിർക്കേണ്ടിടത്ത് എതിർത്തും പ്രതികരിക്കേണ്ടിടത്ത് പ്രതികരിച്ചും ക്ഷമിച്ചും സഹിച്ചും നോമ്പ്, ഉപവാസം, പ്രാർത്ഥന ഇവയിൽനിന്നുമൊക്കെ ഊർജ്ജമുൾക്കൊണ്ടും അവർ മുന്നേറി. വസ്ത്രധാരണത്തിലും മറ്റുള്ളവരോടുള്ള ഇടപെടലിലുമൊക്കെ മാന്യത കാത്തു സൂക്ഷിച്ചു. മൂല്യങ്ങളെ മുറുകെ പിടിച്ചു, ധാർമ്മികത കാത്തുസൂക്ഷിച്ചു, മൂല്യങ്ങളെ മുറുകെപ്പിടിച്ചു വിജയം കൈവരിച്ചു.

**ഉപസംഹാരം**

കാലത്തിന്റെ കുത്തൊഴുക്കിൽ നവീകരണരീതികളുടെ അധിനിവേശത്തിൽ പല ചാഞ്ചല്യങ്ങളും സമൂഹത്തിലെന്നപോലെ സ്ത്രീക്കും വന്നുചേർന്നു. കാഴ്ചപ്പാടുകൾക്ക് വ്യതിയാനം സംഭവിച്ചും. സ്ത്രീക്കു മാത്രമല്ല, എല്ലാവർക്കും എല്ലാ രംഗങ്ങളിലും. ഇതു തിരച്ചറിഞ്ഞ് പൂർവ്വാധികം കരുത്താർജ്ജിച്ച് സാഹചര്യത്തിന്റെ സൃഷ്ടിയാകാതെ ജീവിക്കാൻ നമുക്കു കഴിയട്ടെ. "തെന്നുന്നിടത്തു ചവിട്ടാൻ ഇടയാകാതെ നമുക്കു കരുതി ജീവിക്കാം." എത്ര ക്ലേശങ്ങൾ സഹിച്ചാണെങ്കിലും ഐനാംസ് കോൺഫറൻസുകളിൽ ഒരു നിഷ്ഠപോലെ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കെടുക്കുന്നു. ഐനാംസിലെ സ്ത്രീപങ്കാളിത്തം യഥാർത്ഥത്തിൽ ഒരു ശക്തിതന്നെയാണ്. വചനപ്രഘോഷണത്തിലും കാരുണ്യപ്രവർത്തനങ്ങളിലും ദശാംശ സമാഹരണത്തിലുമൊക്കെ നാംസ് അംഗങ്ങൾ വന്ദ്യപിതാവിന്റെ ആശയം ഉൾക്കൊണ്ടുതന്നെ പ്രവർത്തിക്കുന്നു. സമ്പത്തിന്റെ ദശാംശത്തോടൊപ്പം ആരോഗ്യത്തിന്റെയും സമയത്തിന്റെയും താലന്തുകളുടെയും ദശാംശം സമൂഹനന്മയ്ക്കായി മാറ്റിവെയ്ക്കുന്നു. ജീവിതശൈലിയിലും സാരമായ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നു.

ആഡംബരങ്ങൾക്കും ആർഭാടങ്ങൾക്കുമെതിരെ മുഖം തിരിക്കുന്നു. “പാവങ്ങളെ കരുതിക്കൊള്ളണം” എന്ന ആ പിതാവിന്റെ അന്ത്യസന്ദേശം എപ്പോഴും ഓർത്തുകൊണ്ട് ജീവിക്കാൻ ശ്രമിക്കുന്നു. കർത്താവ് നമ്മെ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിത്വം മകളായും ഭാര്യയായും അമ്മയായും അമ്മച്ചിയായും കാലത്തിന്റെ വെല്ലുവിളികൾ ഉൾക്കൊണ്ടുതന്നെ നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. നമുക്കതിനായി പ്രാർത്ഥിക്കാം. പ്രയത്നിക്കാം. യേശുക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ. നിത്യതയിലായി ‘പരമാനന്ദം’ അനുഭവിക്കുന്ന ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് സഹായമായിരിക്കട്ടെ. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഐനാംസിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം വീക്ഷിക്കുന്നുണ്ടാകും. ഐനാംസ് കുടുംബാംഗങ്ങളായ നമുക്ക് നല്ല സാക്ഷികളാകാം.

**– പ്രൊഫ. മേരി കുര്യൻ**



# ഇമ്പം പകർന്നു നൽകുന്ന അൻപ് കൂട്ടായ്മ

ഗൃഹാതുരത്വം സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി പ്രവർത്തിക്കുന്ന കോട്ടയത്തെ അൻപു കൂട്ടായ്മയിലെ ഒരു ഗുണഭോക്താവാണു ഞാൻ. നിരണം ഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് രൂപംകൊടുത്ത ഈ പ്രസ്ഥാനം അശരണരും രോഗികളും അംഗപരിമിതിയുള്ളവരും ആയവരെ പോറ്റിപ്പുലർത്തുകയും അവർക്കുവേണ്ട വസ്ത്രങ്ങൾ നൽകുകയും ചെയ്യുന്നതിനു പുറമേ പാർപ്പിട സൗകര്യവും രോഗികളെ സന്ദർശിച്ചു സാന്ത്വന സേവനവും ഒരുക്കിവരുന്നു.

ആത്മീയമാർഗ്ഗം സേവനത്തിന്റെ പാത കൂടിയാണല്ലോ. തന്നിമിത്തം വിശക്കുന്നവർക്കു അപ്പം കൊടുക്കുക, മുറിവേറ്റവർക്കു വെച്ചുകെട്ടുക, കിടപ്പുരോഗികൾക്കു മരുന്നുനൽകി ജീവൻ രക്ഷിക്കുക എന്നിവകളെ മുൻനിറുത്തിയാണു അൻപ് ഉദയം ചെയ്തിരിക്കുന്നത്. ഈ മഹത്തായ സേവനത്തിൽ ബഹുമാന്യരായ പ്രൊഫ. പി. കെ. കുര്യൻ, പ്രൊഫ. ടി. എം. മാത്യു, നാംസ് സെക്രട്ടറി ജോയി, പുതുപ്പള്ളി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ മുഖ്യ പ്രവർത്തകനായ രാധാകൃഷ്ണൻ, ഡോ. ശശിധരൻ എന്നിവർ മുൻനിരയിൽ നിൽക്കുന്നു. ഒട്ടധികം പ്രമുഖ വനിതകളും ഇവരുടെ പിന്നിൽ നിന്നുകൊണ്ടു കാരുണ്യത്തിന്റെ കൈത്തിരികൾ കത്തിക്കുന്നുണ്ട്. ഇവരുടെ സേവനത്തെ തേനീച്ചകൂട്ടിലേക്കു തേൻ ശേഖരിക്കുന്ന തേനീച്ചകളോടു തുലനം ചെയ്യാമെന്നു തോന്നുന്നു. സർവീസിൽ ഇരിക്കുന്നവരും, റിട്ടയർ ചെയ്തവരും അവരുടെ വരുമാനത്തിന്റെ ഒരംശവും തങ്ങളുടെ മക്കൾ വിദേശത്തുനിന്നയയ്ക്കുന്ന പണത്തിന്റെ ഒരു ഭാഗവും രചനാത്മകമായ ഈ സേവനപ്രവർത്തനങ്ങൾക്കു പരപ്രേരണ കൂടാതെ നൽകുന്നു എന്ന വസ്തുത തികച്ചും അഭിനന്ദനീയമാണ്. ഇവരെല്ലാം തന്നെ ഐനാംസ് പ്രവർത്തകരും പാലിയേറ്റീവ് കെയറിൽ ഉത്സുകരുമാണ്. എല്ലാവരുംതന്നെ നല്ല ശമരിയാക്കാരന്റെ കഥയുടെ ഗുണപാഠം ഹൃദിസ്ഥരാക്കിയവരാണെന്നു ചുരുക്കിപ്പറയട്ടെ.

**സ്നേഹക്കൂട്ടായ്മ**

ദൈവസ്നേഹത്തിന് അതിരുകൾ ഇല്ല. വി. പൗലൂസ് സൂചിപ്പിക്കുന്നു. അതിന്റെ നീളവും, വീതിയും, ആഴവും, ഘനവും അളവറ്റതാണ്. വാകത്താനം വലിയപള്ളിയുടെ കീഴിൽ രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് വീടുവീടാന്തരം ആഴ്ചതോറും കൂടുന്ന ഒരു സായാഹ്നകൂട്ടായ്മ ഉണ്ടായിരുന്നു. പ്രൊഫ. ചെറിയാൻ നേതൃത്വം നൽകിവന്നു. കൂട്ടായ്മയിൽ തൊണ്ണൂറും നൂറും വയസ്സ് ഉള്ളവരും ഉണ്ടായിരുന്നു. കരപ്പാറ പീലിയച്ചന്റെ പ്രായത്തെ

വെല്ലുന്ന ഭക്തി പ്രശംസനീയം. എല്ലാ കൂട്ടായ്മയിലും അപ്പച്ചൻ ഉണ്ടാകും. എന്റെ ആത്മീയ യാത്രയിലെ ബാലാരിഷ്ടതയിൽ ഇവർ എന്റെ ഭവനത്തിലും പല യോഗങ്ങളും നടത്തിയിരുന്നു. ഇന്ന് മുള്ളും ഞെരിഞ്ഞിലും യുവാക്കളെ ഞെരുക്കുമ്പോൾ, അന്നത്തെ കൂട്ടായ്മകൾ ആത്മീയ ഉത്തേജനവും ഉണർവ്വും ഉണ്ടാക്കി എന്ന് ഓർക്കുന്നു. മദ്യ വർജ്ജന പ്രസ്ഥാനവും, ആത്മഹത്യയ്ക്കെതിരായി നടത്തുന്ന ബോധ വൽക്കരണവും നല്ല കൂട്ടായ്മകൾ തന്നെ.

തൃക്കോതമംഗലത്തെ 'തീരം' അറിവും ബുദ്ധിയും ഇല്ലാത്ത ആത്മാ ക്കളുടെ കൂട്ടായ്മയാണ്. സുഹൃത്തും വഴികാട്ടിയുമായി അതിന്റെ സ്ഥാപ കനും മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികനുമായ ബിജേഷ് ഫിലിപ്പ് എന്റെ പ്രായക്കാരനും, സഹപാഠിയും, സുഹൃത്തുമാണ്. ഇദ്ദേഹം ശെമ്മാശനായി ഞാലിയാകുഴി ബസേലിയോസ് ദയറായിൽ ഇരിക്കു മ്പോൾ അവിടുത്തെ ലൈബ്രറിയിൽ നിന്ന് ഓർത്തഡോക്സ് സഭയിലെ ഒരു ചരിത്രകാരനായ കെ. വി. മാമ്മൻ സാറിന്റെയും മറ്റും ഗ്രന്ഥങ്ങൾ വീടുവീടാന്തരം എത്തിക്കുക പതിവായിരുന്നു. വായന കഴിയുമ്പോൾ അതു മടക്കി പുതിയ പുസ്തകം എത്തിക്കുമായിരുന്നു. ഈ കൂട്ടായ്മയും അന്നുമിന്നും സർവ്വശക്തനായ ദൈവത്തിന്റെ കരുതലിനെപ്പറ്റി പല കാര്യ ങ്ങൾ പഠിക്കുവാനും സഹായിച്ചിട്ടുണ്ട്.

കർത്താവിന്റെ കുഞ്ഞുങ്ങൾ ഈ ലോകത്തിൽ വാസം ഉറപ്പിച്ചിരി ക്കുന്നു എങ്കിലും അവർ ഈ ലോകത്തിനുള്ളവർ അല്ല. അതു പ്രവൃ ത്തിയാൽ വെളിപ്പെടുത്തുന്നവരും ദൈവത്തോടുള്ള ഭക്തിപൂണ്ട്, അവനെ അനുസരിക്കുന്നവരും കർത്താവിന്റെ കാൽപാദത്തിൽ ചുവടുറപ്പിക്കുന്നു. അവർ മുഖം ഉയർത്തി ദൈവത്തോടു പ്രാർത്ഥിക്കുന്നവരും തങ്ങളുടെ പാപങ്ങളെ കഴുകിക്കളഞ്ഞു തിരുവചനം അനുസരിക്കുന്നവരും, അതി നോടു ചേർന്നിരുന്നുകൊണ്ട് ഈ ലോകത്തിലെ സകല മ്ലേച്ഛതകളിൽ നിന്നും ഒഴിഞ്ഞിരിക്കുന്നവരുമാകുന്നു.

നിത്യജീവന്റെ അവകാശവും വാഗ്ദത്തങ്ങളും എന്നും ദൈവം നമുക്ക് പരിശുദ്ധാത്മാവിനാൽ സംവരണം ചെയ്തു ഉറപ്പിച്ചിരിക്കുന്നു. അവന്റെ വരവിങ്കൽ അത് അവർക്ക് ലഭിക്കും. ".... ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് യാതൊരു ശിക്ഷാവിധിയും ഇല്ലാ"യെന്ന് (റോമർ. 8:1) ചൂണ്ടി ക്കാണിച്ചിരിക്കുന്നതിന്റെ രഹസ്യം അതാകുന്നു വെളിപ്പെടുത്തുന്നത്.

സഭാപിതാക്കന്മാരെ അനുസരിച്ച് അവരുടെ പാതയിൽത്തന്നെ മുന്നേ റുന്നതാണ് ക്രിസ്തീയ മാതൃക. അതിൽ "അപ്പോസ്തോലനും മഹാ പുരോഹിതനുമായ യേശുക്രിസ്തു" തന്നെ (എബ്രാ. 3:1) യാണ് നായ കൻ. വിശുദ്ധ പത്രോസ് അതു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

**– സാബു ഉതിക്കൽ വാകത്താനം**

# നാംസ് പുത്തൂർ യൂണിറ്റു സാധുവിധവയ്ക്കു പുതുപുത്തൻ വീടു നൽകി

കൊട്ടാരക്കര പുത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി കേന്ദ്രീകരിച്ച് ഒരു വർഷം മുമ്പ് ആരംഭിച്ച ഐനാംസ് ശാഖ മറ്റു യൂണിറ്റുകൾക്കു മാതൃക സൃഷ്ടിച്ചുകൊണ്ട് നിർദ്ധനയും വിധവയും രണ്ടു പെൺമക്കളുമടങ്ങുന്ന ഒരു സാധുകുടുംബത്തിനു നാലര ലക്ഷം രൂപ ചെലവു വരുന്നതും 400 ചതുരശ്രയടി വിസ്തീർണ്ണമുള്ളതും വാർത്തൊരുക്കിയതുമായ ഒരു പുതുപുത്തൻ വീടു നിർമ്മിച്ചു നൽകി അതിമനോഹരമായ ഒരു സേവനം ചെയ്തിരിക്കുന്നു. കൂടാതെ പുത്തൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളുടെ ഭവനം വൈദ്യുതീകരിച്ച് നൽകി. സ്കൂളിൽ നിന്നു ലഭിച്ച ലിസ്റ്റ് അനുസരിച്ച് വിദ്യാർത്ഥികളുടെ ഭവനം INAMS അംഗങ്ങൾ സന്ദർശിച്ചാണു വയറിംഗ് നടത്തി വൈദ്യുതി കണക്ഷൻ നൽകിയത്.

**3. ഫോക്കസ് 2015**

പുത്തൂരും സമീപത്തുമുള്ള 12 ദേവാലയങ്ങളിലെ പത്താംക്ലാസ്സ്, പ്ലസ് ടൂ വിജയിച്ച വിദ്യാർത്ഥികൾക്ക് ശരിയായ കോഴ്സ് തെരഞ്ഞെടുത്ത് ഭാവി ശോഭനമാക്കുന്നതിനുവേണ്ടി നടത്തിയ അർദ്ധദിന കരിയർ ഗൈഡൻസ് ക്ലാസ്സിന് 250 പേർ പങ്കെടുത്തു.

ഇതിനു പുറമേ സെന്റ് ജോർജ്ജ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പാവപ്പെട്ടവരും രോഗബാധിതരുമായ രണ്ടു വിദ്യാർത്ഥികൾക്ക് വൈദ്യസഹായം നൽകി. ഈ വിദ്യാർത്ഥികൾ ആരോഗ്യസ്ഥിതി വീണ്ടെടുത്ത് പഠനം തുടരുന്നു.

**വാർഷിക കോൺഫ്രൻസ് 2015**

പൂനെയിലെ ബാലികാഗ്രാമിൽ കഴിഞ്ഞ വർഷം നടത്തിയ INAMS 61-മത് വാർഷിക കോൺഫ്രൻസിൽ ഈ യൂണിറ്റിൽ നിന്നു ഞാനും ഷാനു ഫിലിപ്പ്, യദീതിയ എന്നിവരും പങ്കെടുത്തു. അഖില മലങ്കര INAMS വാർഷിക റിപ്പോർട്ടിൽ ഈ യൂണിറ്റ് നടപ്പാക്കിയ ദ്യുതി 2015 എന്ന പദ്ധതി കൂടി ഉൾപ്പെടുത്തിയതിൽ യൂണിറ്റിന് അഭിമാനം ഉണ്ട്. കോട്ടയം ദേവലോകത്തുവച്ച് നടത്തിയ INAMS അൻപ് സ്നേഹകൂട്ടായ്മയിൽ യൂണിറ്റിൽ നിന്നു 10 പേർ പങ്കെടുത്തു.

ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് മാവേലിക്കര നടന്ന കോൺഫ്രൻസിലും അംഗങ്ങൾ പങ്കെടുത്തു.

സുവിശേഷീകരണത്തിന്റെയും, മിഷന്റെയും ആവശ്യത്തെപ്പറ്റി സഭാമക്കളെ പഠിപ്പിക്കുവാനും അവ പ്രചരിപ്പിക്കാനുമായി 1984-ൽ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ച INAMS -ന്റെ ഒരു യൂണിറ്റ് പുത്തൂർ ഇടവകയിൽ 2014 ഫെബ്രുവരി 2-നു വിശുദ്ധ കുർബാനയക്ക് ശേഷം വികാരി ഫാ. മാത്യൂസ് റ്റി. ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേന്ദ്ര സെക്രട്ടറി പ്രൊഫ. പി. കെ. കുര്യൻ ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് - ഫാ. ഷാജൻ പി. റ്റി., വൈസ്പ്രസിഡന്റ് - ബാബു ഉമ്മൻ വാറൂർ, കാർമ്മേൽ ഹൗസ്, സെക്രട്ടറി - ജോർജ്ജ് തോമസ് നെല്ലിപ്പിള്ളിൽ. ജോയിന്റ് സെക്രട്ടറി - ആനി സാനു. ട്രഷറർ - എം. രാജൻ വിളയിൽ പടിഞ്ഞാറ്റതിൽ.

സംഘടനയുടെ അംഗങ്ങളായി 30 പേർ പ്രവർത്തിക്കുന്നു. മാസം തോറും രണ്ടാം ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം പാട്ട്, പ്രാർത്ഥന, വേദപുസ്തകവായന എന്നിവ നടത്തുന്നു. ഈ പരിപാടികൾ കർമ്മപദ്ധതികൾക്ക് ഊർജ്ജം പകരുന്നു.

കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കുവാൻ പ്രയത്നിച്ച പ്രസിഡന്റ് ഫാ. ഷാജൻ പി. റ്റി., യൂണിറ്റ് ഭാവവാഹികൾ, അംഗങ്ങൾ എന്നിവരെല്ലാം ഇടവകയ്ക്കു മുതൽകൂട്ടാണെന്നു സാഭിമാനം പറയട്ടെ.

**- ജോർജ്ജ് തോമസ് നെല്ലിപ്പിള്ളിൽ**
(സെക്രട്ടറി)





**വിധവയ്ക്കു നാലര ലക്ഷത്തിന്റെ പുത്തൻ വീട്**

# ആത്മീയജീവിതത്തിന്റെ പ്രചോദനമായി മാറിയ പ്രവാചകശബ്ദം

ഒരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് കേട്ട ഫാ. എം. വി. ജോർജിന്റെ ഒരു കൺവൻഷൻ പ്രസംഗവും കോളജിൽ പഠിക്കുമ്പോൾ നേരിൽ കണ്ട ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ആവേശകരമായ ഒരു പ്രഭാഷണവും പഴയസെമിനാരിയിൽ വച്ചു നടത്തപ്പെട്ട വിദ്യാർത്ഥിപ്രസ്ഥാന വാർഷികത്തിലെ ശക്തമായ ആഹ്വാനവും ദൈവം കാവൽനിൽക്കുന്ന പുതുപ്പാടി ബാലഭവനത്തിനു സമീപത്തുള്ള സ്കൂളിൽ ജോലി ലഭിച്ചതിനെ തുടർന്നു ബാലഭവന സ്ഥാപകനായ തിരുമേനി, പ്രവർത്തകരായ ഫാ. പി. എം. തോമസ്, ഫാ. കെ. ഐ. ഫിലിപ്പ് മുതലായവരുടെ സഭാദൗത്യനിർവഹണ വ്യഗ്രതയും എന്റെ പ്രവാസജീവിതത്തിലും സൽസ്വാധീനം ചെലുത്തി എന്നും അവരുടെ മഹത്തായ സഭാസേവനസരണികളും കാരുണ്യനിർഭരമായ അനാഥസംരക്ഷണ പ്രവർത്തനങ്ങളും ലളിതസുന്ദരമായ ആത്മീയ ജീവിതവും എന്റെയും കുടുംബത്തിന്റെയും പാതയിൽ ഇന്നും ദീപവും പ്രകാശവും ആയി നിലകൊള്ളുന്നു എന്നും സാക്ഷിക്കുന്നതിൽ എന്തെന്നില്ലാത്ത ഒരാത്മസന്തോഷമുണ്ടെന്നു പറയട്ടെ.

പുതുപ്പള്ളിയിൽ നിന്ന് ഏകദേശം മൂന്നു കിലോമീറ്റർ തെക്കോട്ടുമാറി പയ്യപ്പാടി എന്ന നന്മനിറഞ്ഞ നാട്ടിൻപുറത്താണ് ഞങ്ങളുടെ കുറ്റിപ്പുറം കുടുംബവീട്. വടക്ക് പ്രശസ്തമായ മണർകാടു പള്ളിയും തെക്ക് തീർത്ഥാടനകേന്ദ്രമായി മാറിയിരിക്കുന്ന പുതുപ്പള്ളി വലിയപള്ളിയും. അതായത് മലങ്കരസഭയിലെ പ്രധാനപ്പെട്ട രണ്ടു തീർത്ഥാടനകേന്ദ്രങ്ങൾക്ക് നടുവിലാണ് ഓർത്തഡോക്സുകാരായ സുറിയാനിക്കാർ തിങ്ങിപ്പാർക്കുന്ന പയ്യപ്പാടിയും ഞങ്ങളുടെ മാതൃഇടവകയായ വെള്ളുക്കുട്ട സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയും സ്ഥിതിചെയ്യുന്നത്.

ഈ പ്രദേശത്തെ പുരാതന കൺവൻഷൻ, പന്ത്രണ്ട് ശ്ലീഹന്മാരുടെ നാമത്തിൽ സ്ഥിതിചെയ്യുന്ന നിലയ്ക്കൽ ഓർത്തഡോക്സ് പള്ളിയിലാണ് നടത്തിവരുന്നത്. അമേരിക്കയിൽ നിന്നു ഉന്നതബിരുദങ്ങൾ നേടി നാട്ടിൽ തിരിച്ചെത്തിയ ഫാ. എം. വി. ജോർജ്. എം.എ. ബി.ഡി. എസ്.ടി.എം. ആദ്യം പ്രസംഗിച്ചത് നിലയ്ക്കൽ കൺവൻഷനിലാണ്. ഞാൻ വിദ്യാർത്ഥി ആയിരിക്കുമ്പോൾ മുതൽ നിലയ്ക്കൽ കൺവൻഷനിൽ പ്രസംഗിക്കുന്ന എം. വി. ജോർജ്ജച്ചൻ മനസ്സിൽ നിറഞ്ഞു നിന്നിരുന്നു.

കോട്ടയം ബസേലിയസ് കോളജിൽ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ആദ്യമായി നേരിൽ കണ്ടത്. ആവേശം നിറഞ്ഞ പ്രസംഗം; അതിവേഗത്തിലുള്ള സംസാരം; ഇംഗ്ലീഷും മലയാളവും ഒരേപോലെ അനർഗളമായി നാവിൽനിന്ന് ഒഴുകുന്നു. സഹവിദ്യാർത്ഥികളുടെ മദ്ധ്യേ ഓർത്തഡോക്സുകാരനായതിൽ അഭിമാനംകൊണ്ട അനർഘ നിമിഷം! പ്രസംഗവിഷയം ലളിതജീവിതം എന്നതായിരുന്നു. ചോദ്യോത്തരസമയം വന്നപ്പോൾ തുറന്നടിച്ച് ചോദിച്ചു; സ്ലീബാദാസസമൂഹ സ്ഥാപകനായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ ഗീവർഗീസ് മാർ ഒസ്താത്തിയോസിനും ജീവിക്കാൻ സാധിക്കുകയില്ലേ? ഉടനെ ഉത്തരം വന്നു; "അതാണ് ആഗ്രഹം. പക്ഷേ ജനം സമ്മതിക്കുന്നില്ല!"

പഴയസെമിനാരിയിൽ വച്ച് നടന്ന വിദ്യാർത്ഥിപ്രസ്ഥാന വാർഷിക സമ്മേളനത്തിലും ഒസ്താത്തിയോസ് തിരുമേനി പ്രധാന പ്രസംഗകൻ ആയിരുന്നു. അന്ന് തിരുമേനിയെ കൂടുതൽ അടുത്തറിഞ്ഞു. തിരുമേനിയുടെ ജീവിതശൈലി, കാരുണ്യപ്രവർത്തനങ്ങൾ, വ്യക്തിപരമായ കരുതൽ, വിശ്വാസതീക്ഷ്ണത മുതലായവ ഞങ്ങളിൽ വ്യക്തമായ സ്വാധീനം ചെലുത്തി.

എനിക്കു 1980–1981 കാലയളവിൽ അദ്ധ്യാപകനായി പുതുപ്പാടി സ്കൂളിൽ ജോലി ലഭിച്ചു. പുതുപ്പാടി ആശ്രമത്തിന്റെയും ബാലഭവന്റെയും പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുവാൻ സാധിച്ചു. തിരുമേനിമാർ നടത്തുന്ന അനേക ശുശ്രൂഷകളെക്കുറിച്ച് ഈ അവസരത്തിൽ മനസ്സിലാക്കുവാൻ സാധിച്ചു. ബഹു. തോമസ് റമ്പാച്ചനും, ബഹു. ഫിലിപ്പ് റമ്പാച്ചനും അന്ന് വൈദികരായിരുന്നു. കൂടാതെ ചുറുചുറുക്കോടെ ഫാ. എം. ജി. പോളും അവിടെ പ്രവർത്തിച്ചിരുന്നു.

പുതുപ്പാടി സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുന്നതിനും, ബാലഭവന്റെ പ്രതിദിന പ്രവർത്തനങ്ങളിലും ബഹു. വൈദികരോടൊത്ത് സസന്തോഷം പ്രവർത്തിക്കുവാൻ സാധിച്ചു. ബഹു. ഫിലിപ്പ് റമ്പാച്ചനുമായി 1980-ൽ പുതുപ്പാടിയിൽ വച്ച് ആരംഭിച്ച സഹോദരതുല്യമായ ബന്ധം നാലു ദശാബ്ദമായി അഭംഗം തുടരുന്നു. സി.എം.എസ്. കോളജിൽ നിന്നു റിട്ടയർ ചെയ്ത പ്രൊഫ. പി. സി. വറുഗീസ് (എന്റെ ഭാര്യാസഹോദരിയുടെ ഭർത്താവ്) എന്റെ ഗുരുവും, ജ്യേഷ്ഠസഹോദരനുമാണ്. കോട്ടയം പഴയസെമിനാരിക്കടുത്ത് പി. സി. വറുഗീസ് സാറിന്റെ ഭവനത്തിൽ പ്രഭാത സവാരിക്കിടയിൽ ഒസ്താത്തിയോസ് തിരുമേനി സന്ദർശനം നടത്തുമായിരുന്നു. തിരുമേനിയോടുള്ള എന്റെ വ്യക്തിപരമായ ബന്ധം കൂടുതൽ വളർന്നത് ഈ സന്ദർഭത്തിലാണ്. പിന്നീട് ഞാൻ സെമിനാരി

ക്കടുത്ത് വീട് നിർമ്മിച്ചപ്പോൾ ഞങ്ങൾ അവിടെ ഉള്ള സന്ദർഭങ്ങളിൽ തിരുമേനി ഞങ്ങളുടെ ഭവനവും സന്ദർശിച്ചിരുന്നു. ഇതെല്ലാം ദൈവാനുഗ്രഹം ചൊരിഞ്ഞ സന്ദർഭങ്ങളാണ്. ഇന്നും ഇവ ജീവിതത്തിലെ വലിയ ഭാഗ്യാവസരങ്ങളായി ഞങ്ങൾ നെഞ്ചോടു ചേർത്തു നിർത്തുന്നു.

ഞങ്ങളെ സംബന്ധിച്ചിടത്തോളം തിരുമേനി ഇന്നും ഞങ്ങളുടെ കുടുംബത്തിലെ ഒരു പ്രധാന അംഗവും അനുഗ്രഹ ശ്രോതസ്സുമായിട്ടാണ് നില കൊള്ളുന്നത്. എന്റെ മകൻ ജസ്റ്റിന്റെ മാമോദീസായും, എന്റെ മാതാവിന്റെ ശവസംസ്കാരശുശ്രൂഷയും നിർവഹിച്ചത് തിരുമേനിയാണെന്നു നന്ദിപൂർവ്വം സ്മരിക്കുന്നു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും ഇന്നും തിരുമേനി ഞങ്ങളുടെ ഇടയിൽ സജീവ സാന്നിധ്യമാണ്. തിരുമേനിയെക്കുറിച്ചും അദ്ദേഹത്തിന്റെ സേവനകേന്ദ്രങ്ങളെക്കുറിച്ചുമുള്ള ഈ ആധികാരിക ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ഭാഗഭാക്കാകുവാൻ സാധിച്ചത് മഹാഭാഗ്യമായി കരുതിക്കൊണ്ട് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു.

**- രാജു മർക്കോസ്, ഡിട്രോയിറ്റ്**



**രാജുവും കുടുംബവും.**
**നീന, മിസ്സിസ് വിൻസി രാജു, ജസ്റ്റിൻ, ജീനാ**

# “അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ” മാർ ഒസ്താത്തിയോസ്

പ്രസംഗവും പ്രവൃത്തിയും യോജിപ്പിച്ചുകൊണ്ട് അനേകംപേരെ സഭയുടെ മിഷൻ രംഗത്തേക്കും വിവിധ ജീവകാരുണ്യ പ്രവർത്തനമേഖലകളിലേക്കും ആഹ്വാനം ചെയ്തുകൊണ്ടുവരികയും സദ്ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സഭാംഗങ്ങൾക്ക് വിശിഷ്യ യുവലോകത്തിന് എന്നും ഒരു പ്രചോദനകേന്ദ്രമായിരുന്നു. ചെറുപ്രായം മുതൽ അന്ത്യംവരെയും കാപട്യം സ്പർശിക്കാത്ത അദ്ദേഹം വിനയം, മറ്റുള്ളവരോടുള്ള കരുതൽ എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്രിസ്തീയ സ്നേഹം, സാഹോദര്യം എന്നിവയുടെ അടിസ്ഥാനത്തിൽ സഹായം അർഹിക്കുന്ന എല്ലാവരെയും ഏതെങ്കിലുംവിധത്തിൽ അദ്ദേഹം സംരക്ഷിച്ചിട്ടുണ്ട്.

“ഞാൻ ദൈവത്തിനുവേണ്ടി, അനാഥരും അശരണരും ദരിദ്രരുമായ ദൈവമക്കൾക്കുവേണ്ടി ജീവിക്കുന്നു” എന്ന് ഉള്ളുതുറന്നു പറയുവാനുള്ള കൃപ ദൈവം ഈ കർമ്മയോഗിക്കു നൽകി.

സർവാദരണീയനായ തിരുമേനിയിൽ നിന്ന് ആത്മീയ ഊർജ്ജം ഉൾക്കൊണ്ട് വിലപ്പെട്ട സാമൂഹ്യസേവനം ചെയ്തു സൽഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന അനേകർ ഇന്നുണ്ട്.

1962–63 കാലഘട്ടം. എസ്.ബി., അസംപ്ഷൻ കോളജുകളിലെ എം.ജി.ഒ.സി.എസ്.എം. യൂണിറ്റ് സെക്രട്ടറി എന്ന നിലയിൽ പ്രസംഗകരെ ക്ഷണിക്കാൻ പഴയസെമിനാരിയിൽ ഞാൻ ചെല്ലുമായിരുന്നു. അന്നു മുതൽ ഊഷ്മളമായ അനുഗൃഹീതബന്ധം എം. വി. ജോർജ് അച്ചനുമായും റ്റി. ജെ. ജോഷ്വാ അച്ചനുമായും സ്ഥാപിക്കുവാൻ എനിക്കു ഭാഗ്യം ലഭിച്ചു. ഇപ്പോൾ നന്നായി പ്രവർത്തിച്ചു വരുന്ന ആർദ്രതാ ഫെലോഷിപ്പ് ചാരിറ്റി ട്രസ്റ്റ് ആരംഭിച്ചതുൾപ്പെടെയുള്ള എന്റെ എളിയ ദൈവവേലകൾക്ക് ശക്തമായ പ്രചോദനമായി എം. വി. ജോർജ്ജച്ചൻ.

ഇളയ സഹോദരങ്ങളുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമിട്ട് 1966-ൽ സി.എം.എസ്. കോളജിലേക്ക് ലക്ചറർ ജോലിയിൽ മാറിയ ഞാൻ പഴയ സെമിനാരിയുടെ സമീപം ഒരു ചെറിയ വീട് വാടകയ്ക്കെടുത്തു. കോളജിൽ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ചേർന്ന സഹോദരങ്ങൾക്കൊപ്പം

താമസം തുടങ്ങിയ ദിവസം സ്നേഹാർദ്രതയോടെ 'ഇരച്ചു'കയറിവന്ന എം. വി. ജോർജ്ജച്ചന്റെ അനുഗ്രഹാശംസാ പ്രാർത്ഥന എങ്ങനെ മറക്കാനാകും. അന്നു മുതൽ കൂടെക്കൂടെ അച്ചൻ (പിന്നീട് തിരുമേനി) ഞങ്ങളെ സ്നേഹവായ്പോടെ സന്ദർശിക്കുമായിരുന്നു, പ്രാർത്ഥിക്കുമായിരുന്നു. അദ്ദേഹവുമായും ജോഷ്വാച്ചനുമായുള്ള ബന്ധം എനിക്കും എന്റെ പത്തു സഹോദരങ്ങൾക്കും (പിന്നീട് എനിക്ക് ഭാര്യാസഹോദരീഭർത്താവെങ്കിലും സഹോദരതുല്യനായ കുറ്റിപ്പുറത്ത് രാജു മർക്കോസിനും) ആത്മീയതയും ആത്മവിശ്വാസവും ഏറെ പകർന്നുതന്നു. കുടുംബമായിക്കഴിഞ്ഞ് ഭാര്യ ലീലാമ്മയോടും മക്കളോടുമൊപ്പം താമസിക്കുമ്പോഴും ഈ സന്ദർശനം തുടർന്നു. ഈ അവസരങ്ങളിലൊക്കെ എന്നോട് തിരുമേനി പറയും, 'സാർ ഒന്ന് പ്രാർത്ഥിക്ക്.' തുടർന്ന് അദ്ദേഹവും പ്രാർത്ഥിച്ച് അനുഗ്രഹിച്ചയയ്ക്കും. എത്ര വലിയ സ്നേഹം, എത്ര വലിയ വിനയം, എത്ര വലിയ കരുതൽ!

1971-ൽ എരുമേലി പ്രൊപ്പോസ് എസ്റ്റേറ്റിലെ കുന്നിൻനെറുകയിലുള്ള പള്ളിയിൽ വച്ചു നടന്ന ലീലാമ്മയുടെയും എന്റെയും വിവാഹശുശ്രൂഷയിൽ പങ്കെടുക്കാൻ ആദരണീയനായ റ്റി. ജെ. ജോഷ്വാച്ചനോടൊപ്പം യാത്രാക്ലേശം വകവയ്ക്കാതെ എത്തിച്ചേർന്ന എം. വി. ജോർജ്ജച്ചന്റെ അസാധാരണമായ ക്രിസ്തീയ ആത്മാർത്ഥത ഇന്നും ഞങ്ങളെ പുളകംകൊള്ളിക്കുന്നു.

മറ്റു പലരുടെയും അനുഭവം എന്നപോലെ അഭിവന്ദ്യ തിരുമേനിയുമായുള്ള സമ്പർക്കം എനിക്കും ആത്മീയ ശക്തീകരണത്തിനും വർദ്ധിച്ച സാമൂഹ്യപ്രതിബദ്ധതയ്ക്കും ഏറെ ഉപകരിച്ചു.

2002-ൽ ആർദ്രതാ ഫെലോഷിപ്പ് ചാരിറ്റി ട്രസ്റ്റ് തുടങ്ങുവാനും അന്നു മുതൽ പ്രതിവർഷം മുന്നൂറോളം അർഹരായ സഹോദരങ്ങളെ സഹായിക്കുവാനും സാധിക്കുന്നതിന്റെ പിന്നിലും സ്നേഹനിധിയായ തിരുമേനിയുടെ ആത്മീയസ്വാധീനം ഉണ്ട്. തിരുമേനിയിൽ നിന്ന് പ്രചോദനം നേടുകയും ഉറ്റബന്ധം പുലർത്തുകയും ചെയ്യാൻ ഭാഗ്യം ലഭിച്ച എന്റെ ഭാര്യാസഹോദരീഭർത്താവായ കുറ്റിപ്പുറത്ത് രാജു മർക്കോസ് ഈ ഗ്രന്ഥം



സ്പോൺസർ ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ട്. രാജു ആർദ്രതാ ഫെലോഷിപ്പിലൂടെയും മറ്റും ദരിദ്രരുടെ കണ്ണീരൊപ്പാൻ ഏറെ ഉത്സാഹം കാണിക്കുന്നത് തിരുമേനിയുടെ അനുഗൃഹീത സ്വാധീനത്തിന്റെ സത്ഫലമാണെന്നു ഞാൻ വിശ്വസിക്കുന്നു.

**- പ്രൊഫ. പി. സി. വർഗീസ്**

# അന്ത്യ സന്ദേശം

“പാപിയായ എനിക്കു വേണ്ടി പ്രാർത്ഥിക്കണം. സഭയ്ക്കു വേണ്ടിയും പ്രാർത്ഥിക്കണം. സ്വാർത്ഥന്മാരുടെ എണ്ണം കുറയണം. നന്മ ചെയ്യുന്നവരുടെ എണ്ണം കൂടണം. കോടീശ്വരന്മാരെ ആവശ്യ മില്ല. ദരിദ്രന്റേത് പിടിച്ചെടുത്തതാണ് കോടീശ്വരന്റെ കൈയിൽ ഇരിക്കുന്നത്. പാവങ്ങൾക്കു കൊടുക്കാത്തവൻ മനുഷ്യനല്ല, മൃഗ മാണ്. സ്വാർത്ഥന്മാർ മൃഗങ്ങളാണ്; കോടീശ്വരന്മാരും. ആ മൃഗീ യത വെടിഞ്ഞ് സ്നേഹത്തിൽ വളരുമ്പോൾ മനുഷ്യനാകും. സ്നേഹ ത്തിൽ വളരാം. ദൈവം അനുഗ്രഹിക്കട്ടെ.”

**- ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്**

(2011 ഡിസം. 9-ന് 94-ാം ജന്മദിന പ്രഭാഷണത്തിന്റെ അവസാന വാചകങ്ങൾ)